54
8

270

# അനുക്രമണിക.

ACHARYA PALACKAL JEEVASS RANDRAM
LIBRARY
17846
ALWAYE

അദ്ധ്യായം — പേജ്.

1 ചില സ്ഥാനസംജ്ഞകൾ. 1—5

മെത്രാൻ, മെത്രാപ്പോലീത്താ, പ്രിമാത്തുസ്, (എക്സാർക്ക) പാത്രിയർക്കീസ്.

2 പവിത്രാധിപത്യം. 6—11

ശമ്മാശന്മാർ, പട്ടക്കാർ, മെത്രാന്മാർ പട്ടാധികാരം, ഭരണാധികാരം.

3 പരമാധികാരം. 12—28

4 പിൻതുടർച്ച. 28—32

5 അന്ത്യോക്യാസഭ. 32—36

6 ഒന്നാം ശതാബ്ദത്തിൽ അന്ത്യോക്യാ. 37—44

പാത്രിയർക്കീസന്മാർ, വി. അഗ്നാത്തിസ് റോമിലെ വി. ക്ലേമീസ്.

7. രണ്ടാം ശതാബ്ദത്തിൽ അന്ത്യോക്യാ. 44—52

പാത്രിയർക്കീസന്മാർ— പൌരസ്ത്യപാഷണ്ഡികളും മാർപ്പാപ്പായും, പെസഹാ തർക്കവും വിക്ററർ മാർപ്പാപ്പായും.

8. മൂന്നാം ശതാബ്ദത്തിൽ അന്ത്യോക്യാ. 52—64

പാത്രിയർക്കീസന്മാർ—
ഫാബിയോസ്, സമോസത്ത പൌലോസ്. 53
തെർത്തുല്യൻ. 56
ഓറിജൻ. 57
അലക്സാന്ത്രിയായിലെ ദിവന്നാസിയോസ്. 57
റോമ്മായിലെ എസ്റ്റപ്പാനോസ്. 59
കപ്പദോക്കിയായിലെ ഫിർമിലിയൻ. „
റോമ്മായിലെ ലൂക്കീയോസ്. 60
പൌരസ്ത്യപ്രസിദ്ധീകരണങ്ങൾ. 61

9. നാലാം ശതാബ്ദത്തിൽ അന്ത്യോക്യാ. 64—83

അര്യൻ പാഷണ്ഡത. 64

270.54
505

| | | |
|---|---|---|
| | നിക്യാ സൂനഹദോസ് | 65 |
| | ആറാം കാനോനാ. | 68 |
| | ഏഴാം കാനോനാ. | 71 |
| | പെസഹാ ആഘോഷദിവസം. | 72 |
| | അനന്തരസംഭവങ്ങൾ. | 73 |
| | വി. അത്തനാസിസും അദ്ദേഹത്തെപ്പോലെയുള്ളവരും. | 77 |
| | സർദിക്കാ സൂനഹദോസ്. | 80 |
| | അറബി അഥവാ കൽദായ കാനോനകൾ. | 82 |
| 10. | നാലാംശതാബ്ദത്തിൽഅന്ത്യോക്യാ (തുടർച്ച) | 83-90 |
| | 2-ാം സാർവ്വത്രിക സൂനഹദോസ്. | |
| | മൂന്നാം കാനോനാ. | 86 |
| | ബൊസന്തിയായിലെ രണ്ടാം കാനോന. | 87 |
| | അന്ത്യോക്യാ സൂനഹദോസുകൾ. | 88 |
| 11. | അഞ്ചാം ശതാബ്ദത്തിൽ അന്ത്യോക്യാ പാത്രിയർക്കീസന്മാർ. | 90-113 |
| | ബാബേൽ സിംഹാസനം. | 92 |
| | വി. യോഹന്നാൻ ക്രിസോസ്തോമോസ് | 95 |
| | അന്ത്യോക്യായിലെ അലക്സാണ്ടർ. | 96 |
| | നെസ്തോറിയൻ പാഷാണ്ഡത. | 97 |
| | അലക്സാന്ത്രിയായിലെ കൂറിലോസ് | 98 |
| | അന്ത്യോക്യായിലെ യോഹന്നാൻ. | 99 |
| | അപ്പേസൂസ് അഥവാ മൂന്നാം സാർവ്വത്രിക സൂനഹദോസ് (431) | 100 |
| | സൂനഹദോസ് നടപടികൾ രണ്ടാം കൂടി ആലോചന. | 101 |
| | അന്ത്യോക്യായിലെ യോഹന്നാൻ. | 102 |
| | അപ്പേസൂസിലെ വിശ്വാസം. | 105 |
| | വി. കൂറിലോസിന്റെ വിശ്വാസം. | 106 |
| | കെവുപ്രോസ് ദീവ്. | 106 |
| | ഏകസ്വഭാവവാദം. | 107 |
| | തസ്കര സംഘം. | 111 |
| 12. | 5 ാം ശതാബ്ദത്തിൽ അന്ത്യോക്യാ (തുടർച്ച) | 113 132 |
| | കൽക്കിദോനിയ സൂനഹദോസ് 451. | 113 |
| | കൽക്കിദോനിയാ സൂനഹദോസിന് എന്തു വിലയുണ്ട്? | 116 |
| | കൽക്കിദോനിയായിലെ വിശ്വാസം. | 117 |

ഏകസ്വഭാവവാദവും അന്ത്യോക്യാ പാത്രി
യക്കീസന്മാരും. 119
കൽക്കിദോനിയാ സുന്നഹദോസിന്റെശാപം. 120
കൽക്കിദോനിയായും ബൊസന്തിയായും. 121
ഓർശ്ലേം അന്ത്യോക്യാ സിംഹാസനങ്ങൾ. 127
റോമ്മാ അധികാരം. 129

13. കൽക്കിദോനിയായുടെശേഷം അന്ത്യോക്യാ 132–146

ഏകസ്വഭാവവാദികളിൽ അവാന്തരവി
ഭാഗങ്ങൾ. 135
യാക്കോബായക്കാർ. 136
അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസ്. 137
അന്ത്യോക്യാ അത്താദ്ദക്സാപാത്രിയക്കീസ്. 138
അന്ത്യോക്യാ മാറോനായ പാത്രിയക്കീസ്. 141
അന്ത്യോക്യാ ലത്തീൻ പാത്രിയക്കീസ്. 142
അന്ത്യോക്യാ മൽക്കായ പാത്രിയക്കീസന്മാർ. 143
അന്ത്യോക്യാ സുറിയാനി പാത്രിയക്കീസ് 144
ആറ് അന്ത്യോക്യാ പാത്രിയക്കീസന്മാർ. 144
ഒരടിതാഴ്ന്നു. 145

14. അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസും
റീത്തുഭരണവും. 146–162
ഒരു മതാദ്ധ്യക്ഷൻ എന്ന നിലയിൽ യാ
ക്കോബായ പാത്രിയക്കീസിന്റെ നില. 150
* യാക്കോബായ വിശ്വാസത്തിലെ പിശകുകൾ.

15. അന്ത്യോക്യാ മലങ്കരബന്ധം. 162-174

മലങ്കരയും പൂർവ്വീക അന്ത്യോക്യായും.
മലങ്കരസഭയിൽ ഭിന്നത. 165
മാപ്പ്രാപ്പായോടുള്ള ദ്വേഷമല്ല. 166
കേരളത്തിൽ യാക്കോബായ വിശ്വാസം 168
മാർത്തോമ്മാ ഒന്നാമന്റെശേഷം. ”
മാർത്തോമ്മാ ആറാമൻ, അഥവാ ഒന്നാം
ദിവന്നാസിയോസ്. 169
ദിവന്നാസിയോസ് ഒന്നാമന്റെശേഷം. 171
പാത്രിയക്കീസിനെ കൂടാതെ വീണ്ടും ഭരണം. 172
അന്ത്യോക്യായോടടുക്കുന്നു. 172
പ്രോട്ടസ്റ്റന്റുസഖ്യത നിറുത്തലാക്കുന്നു. 173
ഇനിയും അന്ത്യോക്യാ ബന്ധം പ്രാപിച്ചില്ല. 173

16. കേരളത്തിൽ അന്ത്യോക്യാ യാക്കോബായ
പാത്രിയക്കീസ്. 174–193

പാത്രിയക്കീസിന്റെ കക്ഷി തലയുയർത്തുന്നു. 175
പത്രിയക്കീസിന്റെ കക്ഷി പരാജിതരാകുന്നു. 176
പാത്രിയക്കീസിന്റെ കക്ഷി ജയിക്കുന്നു. 176
പഴയ ബാവാ മെത്രാൻകക്ഷികൾ തമ്മിൽ
നടന്ന വ്യവഹാരങ്ങൾ. 178
പുതിയ ബാവാമെത്രാൻകക്ഷികൾ. 179
തുർക്കിസുൽത്താൻ സ്ഥാനഭ്രംശംചെയ്ത അബ്ദുൽ
മ്ശിഹാ. 181
വട്ടിപ്പണം. 182
മാർ ഗീവറുഗീസ് ദിവന്നാസിയോസ്. 184
മെത്രാൻ കക്ഷി മല്പ്രിയാനെ വാഴിക്കുന്നു. 186
അനന്തരസംഭവങ്ങൾ 187
ഉപസംഹാരം. 190
അനുബന്ധം. (ബഥനിപ്രസ്ഥാനം.) 194

# മുഖവുര.

"അന്ത്യോക്യാപാത്രിയക്കീസ്" എന്ന പേരിൽ റവ. ഫാദർ പ്ലാസിഡ്, സി. ഡി. അവർകൾ എഴുതീട്ടുള്ള ഈ പുസ്തകം കേരളത്തിലെ ക്രിസ്ത്യാനികൾക്കു പൊതുവിലും യാക്കോബായ സഹോദരങ്ങൾക്കു പ്രത്യേകിച്ചും വളരെ ഉപകരിക്കുന്നതാണ്. ആദിമകാലങ്ങളിൽ അന്ത്യോക്യാപാത്രിയക്കീസന്മാരും പൌരസ്ത്യസഭയിലെ മററു മേല്പട്ടക്കാരും വിശുദ്ധ പത്രോസിൻെറ പിൻഗാമികളായ റോമ്മാമേല്പട്ടക്കാരോടു എങ്ങിനെ യോജിച്ചിരുന്നുവെന്നും, ഈ യോജിപ്പും ആജ്ഞാനുസരണയും പൌരസ്ത്യദേശങ്ങളിൽ നടക്കുന്ന ആദിമ പൊതു സൂനഹദോസുകളിൽ എങ്ങിനെ പ്രകാശിക്കുന്നുവെന്നും ഈ പുസ്തകത്തിൽ നമുക്കു കാണാം. പിൻകാലങ്ങളിൽ "അന്ത്യോക്യാപാത്രിയക്കീസു" എന്ന നാമത്തോടെ പല കക്ഷി നേതാക്കന്മാരുണ്ടായതും, യാക്കോബായകക്ഷി കത്തോലിക്ക തിരുസഭയാൽ ശപിക്കപ്പെട്ടതും, കടശികാലങ്ങളിൽ യാക്കോബായവിശ്വാസം മലങ്കര സുറിയാനിസഭയിൽ കടന്നുകൂടിയതും മററും ഈ പുസ്തകത്തിൽ വ്യക്തമായി വിവരിക്കപ്പെട്ടിരിക്കുന്നു.

യാക്കോബായ പാത്രിയക്കീസിനു അന്ത്യോക്യാസിംഹാസനത്തോടു യാതൊരു സംബന്ധവുമില്ലായെന്നും, ശ്ലീഹന്മാരിൽ നിന്നുള്ള പിന്തുടർച്ചയ്ക്കു യാതൊരു അവകാശവുമില്ലായെന്നും ഈ പുസ്തകത്തിൻെറ ൧൩-ാം അദ്ധ്യായത്തിൽ സമർത്ഥനായ ഗ്രന്ഥകത്താവ് നല്ല തെളിവുകളോടുകൂടി സ്ഥാപിച്ചിട്ടുണ്ട്. ആകയാൽ കേരളീയരായ നമ്മുടെ യാക്കോബായ സഹോദരന്മാർ "അന്ത്യോക്യാ" എന്ന വെറും നാമംകൊണ്ടു കുറെക്കാലത്തേക്ക് അഭിമാനം നേടിയിരുന്നെങ്കിലും, ഇതു ഇരുട്ടുകൊണ്ടടച്ച ഓട്ടയാണെന്നു ഇനിയെങ്കിലും മനസ്സിലാക്കി നമ്മുടെ പഴയ തറവാട്ടിലേക്കു, "പഴയ കൂററി"ലേക്കു, കത്തോലിക്കാ തിരുസഭയിലേക്കു പിന്തിരിഞ്ഞുവരുവാൻ ഈ പുസ്തകത്തിൻെറ വായന സഹായിക്കുന്നതാണ്.

ഇപ്പോൾ കോർട്ടിൽ കേസിന്മേൽ കേസായി നശിക്കുന്ന നമ്മുടെ യാക്കോബായ സഹോദരങ്ങൾ, പണ്ടു നമ്മുടെ പൂർവ്വന്മാർ— അർക്കിദിയാക്കോനും കൂട്ടരും— കൊച്ചിയിൽവച്ച് പറങ്കി കപ്പിത്താനു അയച്ച എഴുത്തിൽ "പൌലിസ്സുർ അല്ലാത്ത ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ. അദ്ദേഹത്തിനു ഞങ്ങൾ കീഴ്‌വഴങ്ങിക്കൊള്ളാം" എന്നു പറഞ്ഞിട്ടുള്ള വാക്കിനെ അനുസരിച്ചു പ്രവത്തിക്കട്ടെ. ഇപ്പോൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നമുക്കിതാ ഒരു മെത്രാനെ മാത്രമല്ല, ഒരു മെത്രാപ്പോലിത്തായേയും മൂന്നു മെത്രാന്മാരേയും നമ്മിൽ നിന്നു തന്നെ നമുക്കു വാഴിച്ചുതന്ന് ഹൈരാക്കി കൂടെയും സ്ഥാപിച്ചിരിക്കുന്നു. ആകയാൽ ഗ്രന്ഥകത്താവ് ഉദ്ദേശിച്ചിരിക്കുന്ന സദുദ്ദേശം— യാ

ക്കോബായ സഹോദരങ്ങളുടെ മാനസാന്തരം— സാധിച്ചുകാണ്മാൻ ഞാനും ദയാപരനായ സ്വൎഗ്ഗീയ പിതാവിനോടു പ്രാൎത്ഥിച്ചുകൊള്ളുന്നു.

Fr. Alexander C. D., B. P. H. B. D. L. T.

*Mannanam*
*24. 8. 1928.*

---

## രണ്ടാംപതിപ്പിനു മുഖവുര.

ഒന്നാം പതിപ്പിൽ വന്നുപോയ അച്ചടിപിശകുകൾ തിരുത്തുവാൻ ശ്രദ്ധിച്ചിട്ടുള്ളതിനുപുറമെ, പുതുതായി കിട്ടിയ ചില രേഖകളെ അടിസ്ഥാനമാക്കി ചില ഭാഗങ്ങൾ വിശദീകരിക്കുന്നതിനും ഈ പതിപ്പിൽ സാധിച്ചിട്ടുണ്ടു്. അവസാനഭാഗത്തുണ്ടായിരുന്ന ഒന്നു രണ്ടു തെററുകൾ തിരുത്തി തന്ന സഹൃദയന്മാരോടും ഈ അവസരത്തിൽ നന്ദിപ്രദൎശിപ്പിച്ചുകൊള്ളുന്നു.

Placid T. O. C. D.

*Chethipuzhay.*
*25. July 1930.*

ST. ANTONY'S CARMELITE MONASTERY, ALWAYE, TRAVANCORE
RAILWAY STATION, ALWAYE, S. I. RAILWAY, TRAVANCORE

# അന്ത്യോക്യാ പാത്രിയർക്കീസ്.

## ഒന്നാം അദ്ധ്യായം.

### ചില സ്ഥാനസംജ്ഞകൾ.

മ്ശിഹാ ഒരു സഭ സ്ഥാപിച്ചിട്ടുണ്ടെന്നാണ് ക്രിസ്ത്യാനികളെല്ലാവരുടെയും വിശ്വാസം. പ്രസംഗിക്കുവാനും, പഠിപ്പിക്കുവാനും, വിശ്വസിക്കുന്നവർക്കു മാമ്മോദീസാ കൊടുക്കുവാനും മററുമായിരുന്നു ശ്ലീഹന്മാർക്കു മ്ശിഹാ കൊടുത്ത കല്പനകൾ. വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് മ്ശിഹായുടെ പഠനമനുസരിച്ച് അവിടുത്തെ നിയമാനുസരണം ജീവിക്കുന്നവരുടെ ഒരു കൂട്ടമാണ് മ്ശിഹായുടെ സഭ, അഥവാ പള്ളി എന്നു നാം പറയുന്നത്. ഒരു കൂട്ടത്തെ ഭരിച്ചു നടത്തുവാൻ അധികാരമുള്ള ആളുകൾ ആവശ്യമാണല്ലൊ. ഇതുകൊണ്ടാണ് "മെത്രാന്മാരേയും പട്ടക്കാരേയും ആറാം പട്ടക്കാരേയും കൂടാതെ പള്ളിയില്ല." (1) "മെത്രാനേയും പട്ടക്കാരേയും ആറാംപട്ടക്കാരേയും കൂടാതെ യാതൊന്നും ചെയ്യേണ്ടതല്ല." (2) എന്നും മററും അന്ത്യോക്യായിലെ വി. അഗാത്തിയോസ് എഴുതിയിരിക്കുന്നത്. വി. അഗാത്തിയോസ് ശ്ലീഹന്മാരുടെ കാലത്ത് ജീവിച്ചിരുന്ന ഒരു മെത്രാനായിരുന്നതിനാൽ, ശ്ലീഹന്മാരുടെ കാലത്തുതന്നെ ഇടവക (Diocese) വിഭാഗങ്ങളും ഓരോ ഇടവകയിലും ആറാംപട്ടക്കാരും പട്ടക്കാരും അവരുടെ തലവനായി ഒരു മെത്രാനും ഉണ്ടായിരുന്നു എന്നതിന് അദ്ദേഹത്തിൻെറ ലേഖനങ്ങൾ ഉത്തമ ലക്ഷ്യങ്ങളാണ്. ഒരിടവകയിൽ ഒരു മെത്രാൻ മാത്രമേ ഉണ്ടാകാവൂ എന്ന വ്യവസ്ഥയെ നിക്യായിലെ പ്രഥമ സൂനഹദോസു പുതുക്കുക മാത്രമെ ചെയ്തുള്ളു. (3) എന്നാൽ വാർദ്ധക്യമോ അസ്വാസ്ഥ്യമൊ നിമിത്തം രൂപതാമെത്രാന്മാർക്ക് സഹായമെത്രാന്മാരുണ്ടാകുന്നതിനു വിരോധമില്ലായിരുന്നു. മെത്രാന്മാരുടെ ഇടവക വിസ്തീർണ്ണത രാജ്യവിഭാഗങ്ങളെ ഏറെക്കുറെ ആശ്രയിച്ചിരുന്നതായി രേഖകളുണ്ട്.

---

(1) Ad Trall. 3.
(2) Ad Magn. 7.
(3) History of the Catholic Church H. Brueck § 51; Cf. Canon 329 § 1.

ഒരു പ്രദേശത്തു് പ്രധാന നഗരത്തിൽ ഭരണം നടത്തിയിരുന്ന മെത്രാൻെറ പേരായിരുന്നു മെത്രാപ്പോലീത്താ. (Metro-Polis, മാതൃനഗരം) ഒരു പ്രദേശത്തുണ്ടായിരുന്ന ഇടവക മെത്രാന്മാരുടെ നായകനുമായിരുന്നു അദ്ദേഹം. ഉപമെത്രാന്മാരുടെ നിയമനം സ്വീകരിക്കുക, അവരെ അഭിഷേകം ചെയ്യുക, പ്രാദേശിക സൂനഹദോസുകൾ വിളിച്ചുകൂട്ടി അവയിൽ ആദ്ധ്യക്ഷം വഹിക്കുക, ഉപമെത്രാന്മാരുടെ വിധിക്കു വിരോധമായുള്ള അപ്പീൽ സ്വീകരിക്കുക മുതലായ പല കാര്യങ്ങളും മെത്രാപ്പോലീത്താമാരുടെ അധികാരസീമയിൽ പെട്ടിരുന്നതായി പുരാതന കാനോനകൾതന്നെ വിളിച്ചറിയിക്കുന്നുണ്ടു്. (4)

മെത്രാപ്പോലീത്താസ്ഥാനം ശ്ലീഹന്മാർ ഏൎപ്പെടുത്തിയതാണെന്നു വാദിക്കുന്നവർ പലരുണ്ടു്. "പോരായ്മകൾ തീൎക്കുവാനും പട്ടണങ്ങൾതോറും വൈദികന്മാരെ നിയമിക്കുവാനും താങ്കളെ ഞാൻ ക്രേത്തിൽ താമസിപ്പിച്ചു". (5) എന്നു വി. പൌലോസു തെത്തോസിനു എഴുതിയ വാക്യത്തിൽനിന്നു് തെത്തോസു ക്രേത്തിൽ ഒരു മെത്രാപ്പോലിത്തായായിരുന്നെന്നും, മററു പട്ടണങ്ങളിൽ നിയമിതന്മാരാകേണ്ടിയ മെത്രാന്മാരുടെ നായകനായി അദ്ദേഹത്തെ വി. പൌലോസ് അവിടെ താമസിപ്പിച്ചുഎന്നും ഈ അഭിപ്രായക്കാർ വാദിക്കുന്നു. മെത്രാപ്പോലിത്താപദം ശ്ലീഹന്മാരുടെ നിശ്ചയത്തിൽനിന്നുള്ളതല്ല; പ്രാദേശിക വിഭാഗങ്ങളുടെ സാഹചൎയ്യങ്ങൾ നിമിത്തം ഓരോ പ്രദേശങ്ങളിൽ പ്രധാന നഗരത്തിൽ ഭരണം നടത്തിയിരുന്ന മെത്രാന്മാർ സ്വതേതന്നെ മെത്രാപ്പോലിത്താധികാരം പ്രാപിച്ചതാണ് എന്നു വാദിക്കുന്നവരും ഒട്ടും കുറവല്ല. (6) ഏതായാലും പ്രാദേശിക വിഭാഗങ്ങളും മെത്രാപ്പോലീത്താധികാരവും ആദിമകാലം മുതൽതന്നെ തിരുസഭയിൽ ഉണ്ടായിരുന്നു എന്നതു് നിസ്തൎക്കമാണ്. പ്രാദേശിക വിഭാഗങ്ങൾ സംബന്ധിച്ചുള്ള പുരാതന രേഖകളിൽ ഒന്നാണ് നിക്യായിലെ പ്രഥമ സൂനഹദോസിൻെറ നാലാം കാനോനാ. "(ഒരു പ്രദേശത്തു) മെത്രാനെ അഭിഷേകം ചെയ്യുമ്പോൾ അവിടെയുള്ള മെത്രാന്മാർ എല്ലാവരും കൂടണം." (7) 341-ൽ അന്ത്യോക്യായിൽ കൂടിയ ഒരു സൂനഹദോസിൻെറ ഒമ്പതാം കാനോനാ പ്രാദേശിക വിഭാഗങ്ങളെപ്പററി പറയുന്നുണ്ടു്. "പ്രധാന നഗരത്തിലെ മെത്രാൻ പ്രദേശം മുഴുവൻെറയും ഭരണം നിൎവ്വഹിക്കണം. അതിനാൽ വല്ലതും തീരുമാനിക്കുവാനുണ്ടെങ്കിൽ എല്ലാവരും പ്രധാന നഗരത്തിൽ വന്നുചേരണം. ആകയാൽ നമ്മുടെ പിതാക്കന്മാരാൽ നിശ്ചയിക്കപ്പെട്ട നിയമപ്രകാരം അദ്ദേഹത്തിനു സൂനഹദോസു വിശേഷ ബഹു

---

(4) Brueck. Ibid
(5) Epist to Titus, I. 5.
(6) L Berti Compendium Historiae Eccl. Isagoge P. XCII. & XCIII.
(7) Æcumen. Counciis. (Syriac). ܩܢܘ̈ܢܐ ܕܣܘܢܗܕܘ̈ܣ Vol. 1. P. 23.

മാനം കല്പിക്കുന്നു. അദ്ദേഹത്തെ കൂടാതെ മററു മെത്രാന്മാർ പ്രത്യേകമായി ഒന്നും ചെയ്യരുത്." (8)

മെത്രാപ്പോലീത്താമാരുടെമേൽ അധികാരമുണ്ടായിരുന്ന മെത്രാപ്പോലീത്തായെ സൂചിപ്പിക്കുന്ന പദമാണ് പ്രിമാത്തുസ് (Primate). പ്രിമാത്തുസുനാമം പ്രധാനമായി പാശ്ചാത്യദിക്കിൽ പ്രചരിച്ചിരുന്നു. പൌരസ്ത്യദിക്കിൽ അതിനു തുല്യമായ നാമം എക്സാക്ക് (Exarch) എന്നാണ്. (സുറിയാനിക്കാരുടെയിടയിൽ എക്സാക്ക് കാസോലിക്കാ എന്നും അറിയപ്പെട്ടിരുന്നു.) ഈ രണ്ടു അധികാരങ്ങളും ഒന്നുതന്നെ എന്നു തീർച്ച പറഞ്ഞുകൂടാ. (9) (പോൻതുസിലെ) കേസറിയാ, ഹെറാക്ലിയാ, അപ്പേസോസു എന്ന പട്ടണങ്ങളിലെ മെത്രാപ്പോലീത്താമാർ പോൻതുസ്, ത്രാക്കിയാ, ചെറിയ ഏഷ്യാ എന്ന സ്ഥലങ്ങളിലെ എക്സാക്കമാരായിരുന്നു. എക്സാക്കമാരുടെ ശ്രുപതയെ ഉദ്ദേശിച്ചാണ്. "ഹെവുപ്പക്കിയാ" എന്ന് നിക്യാസൂനഹദോസിൻെറ കാനോനാകളിൽ കാണുന്നത്. (10) നാലാം ശതാബ്ദത്തിനു മുമ്പു അപ്പേസോസു, അന്ത്യോക്യാ, അലക്സാന്ത്രിയാ എന്ന സഭകൾക്കു മാത്രമെ പൌരസ്ത്യദിക്കിൽ പ്രാധാന്യമുണ്ടായിരുന്നൊള്ളു എന്നതും പ്രസ്താവ്യമാണ്. എക്സാക്കമാർ സ്ഥാനത്തിൽ പാത്രിയക്കീസുമാരിലും കിഴാണെങ്കിലും പാത്രിയക്കീസു എന്ന നിലയിൽ അവക്കു വേറെ ശ്രേഷ്ഠന്മാർ ഉണ്ടാകണമെന്നില്ല.

റോമ്മാ, അലക്സാന്ത്രിയാ, അന്ത്യോക്യാ എന്ന പട്ടണങ്ങളിലെ മെത്രാന്മാരെ ഉദ്ദേശിച്ചു ആദിമശതകങ്ങളിൽ കൂടെയും ഉപയോഗത്തിലിരുന്ന ഒന്നാണ് പാത്രിയാക്കാ നാമം. പ്രസ്തുതമെത്രാന്മാർ ആരംഭത്തിൽ എക്സാക്ക്മാർ എന്നും വിളിക്കപ്പെട്ടിരുന്നു. അവർ പാത്രിയാക്കാ. നാമധാരികളായപ്പോൾ മാത്രമാണ് പോൻതുസ്, ഹെറാക്ലിയാ, മുതലായ സ്ഥലങ്ങളിൽ എക്സാക്കനാമം പ്രബലപ്പെട്ടത്. പോൻതുസ്, ഹെറാക്ലിയാ, ചെറിയ ഏഷ്യാ എന്നിവക്കു് അലക്സാന്ത്രിയാക്കും അന്ത്യോക്യാക്കും ഉണ്ടായിരുന്ന അധികാരങ്ങൾ തന്നെ നാലാം ശതാബ്ദത്തിലുണ്ടായിരുന്നു. എന്നാൽ ഹെറാക്ലിയായുടെ കിഴ നിന്നിരുന്ന കൊൺസ്റ്റന്തിനോപ്പോളീസ് (Constantinople) (ബോസന്തിയം) ഉയൻവന്നതോടെ അവയുടെ എക്സാക്കസ്ഥാനവും അധികാരവും നാമാവശേഷമായി. (11)

റോമ്മാമെത്രാൻ പാത്രിയക്കീസ് എന്ന നിലയിൽ പാശ്ചാത്യദിക്കു മുഴുവനും ഭരിച്ചിരുന്നു. എജിപ്തിലെ മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയും നായകനായിരുന്നു അലക്സാന്ത്രിയാ മെത്രാൻ അഥവാ പാത്രിയക്കീസ്. അന്ത്യോക്യാ പാത്രിയക്കീസിൻെറ കിഴിൽ സുറിയാ മുഴുവനും ഉൾപ്പെട്ടിരുന്നു. അതിനും പുറമേ ചെറിയ ഏഷ്യയും ഗ്രീസും പൌരസ്ത്യദിക്കിൽ ശേഷിച്ചിരുന്ന മററു സ്ഥലങ്ങളും നാലാം ശതാ

(8) L Berti Compendium Ibid.
(9) Epitome Juris Canonici, Vermeersch S. J. & Creusen S. J. Vol. 1. P. 39-40.
(10) Brueck § 51.
(11) Catholic Encyclopedia, Exarch.

ബ്ദത്തിനു മുമ്പു അന്ത്യോക്യാ അധികാരത്തിൽ ഉൾപ്പെട്ടിരുന്നതായി കാണുന്നു. ദിയോക്ലേസിയൻ ചക്രവർത്തി റോമ്മാസാമ്റാജ്യം മുഴുവനും നാലു വൻപ്രദേശങ്ങളായി വിഭാഗിക്കയുണ്ടായി (Prefectures). ഇത്താലിയാ, ഗാള്ളിയാ, ഇല്ലിറിക്കം, എന്ന മൂന്നു വിഭാഗങ്ങളും പാത്രിയർക്കീസ് എന്ന നിലയിൽ റോമ്മാമെത്രാനു കീഴ്പ്പെട്ടുനിന്നിരുന്നു. നാലാമത്തെ വൻപ്രദേശമായിരുന്ന പൌരസ്ത്യവിഭാഗം (Prefectura Orientalis). ത്രാക്കിയാ, ചെറിയഏഷ്യാ, പോൻതൂസ്, പൌരസ്ത്യരൂപത,(Diocese of the East) എജിപ്ത് ഇവ അഞ്ചും നാലാം വൻപ്രദേശത്തിലെ ഉപവിഭാഗങ്ങളുമായിരുന്നു. എജിപ്ത് മുഴുവനും അലക്സാന്ത്രിയാപാത്രിയർക്കീസിനു അധീനപ്പെട്ടു. പൌരസ്ത്യരൂപത (Diocese of the East) അന്ത്യോക്യാപാത്രിയർക്കീസിനും കിട്ടി. മററു മൂന്നു വിഭാഗങ്ങളും പാത്രിയർക്കാസ്ഥാനങ്ങൾപോലെ അഭിവൃദ്ധിപ്പെട്ടുവരുവാൻ കൊൺസ്റ്റന്തിനോപ്പോളിസു ഒരു നാളും അനുവദിച്ചില്ല. (12)

പാത്രിയാർക്കാസംജ്ഞയുടെ ഉത്ഭവം നിക്യാ സൂനഹദോസിനു മുമ്പാണെങ്കിലും അഞ്ചാം ശതാബ്ദം മുതലാണ് അതു് അലക്സാന്ത്രിയാ, അന്ത്യോക്യാ എന്ന സ്ഥലങ്ങളിലെ മെത്രാന്മാരുടെ ഔദ്യോഗികനാമമായിത്തീർന്നതു്. നിക്യാ സൂനഹദോസിൻെറ ആറാം കാനോനാ അലക്സന്ത്രിയാ അന്ത്യോക്യാ മെത്രാന്മാരുടെ അധികാരസ്വഭാവവും വ്യാപ്തിയും ക്ലിപ്തപ്പെടുത്തിയതല്ലാതെ പാത്രിയാർക്കാസ്ഥാനം അക്കം കൊടുത്തില്ല. അതുപോലെതന്നെ ഏഴാം കാനോനാ ഓർശ്ലേം മെത്രാനു ചില പ്രത്യേക ബഹുമാനങ്ങൾ നൽകുകമാത്രമാണ് ചെയ്തതു്. മേൽപ്രസ്താവിച്ച ആറാം കാനോനായുടെ ചില തർജ്ജമകളിൽ മെത്രാൻ എന്നതിനുപകരം പാത്രിയാർക്ക എന്നു കാണുന്നുണ്ടെങ്കിൽ, നിക്യാ സൂനഹദോസിനു മുമ്പുതന്നെ പാത്രിയാർക്കാ നാമം നടപ്പിലിരുന്നിരുന്നു എന്നതിനു അതൊരുത്തമലക്ഷ്യമാണ്. നിക്യാസൂനഹദോസിൽ പാത്രിയർക്കീസുമാർ നിശ്ചയിക്കപ്പെട്ടു എന്നു് ഒരു വിധത്തിലും അതിൽ നിന്നു തെളിയുന്നില്ല.

നിക്യാ സൂനഹദോസിൻേറതായി പറയപ്പെടുന്ന അറബി കാനോനാകളിൽ കാണുന്ന പാത്രിയാർക്കാപദം സംബന്ധിച്ചും ഇതു തന്നെ പറയേണ്ടിയിരിക്കുന്നു. നിക്യാ സൂനഹദോസിനാൽ നിയമിക്കപ്പെട്ട നാലു പാത്രിയർക്കീസുമാരിൽ ഒരാൾ ഓർശ്ലേം മെത്രാനായിരുന്നു എന്നു ചിലർ പറയുന്നുണ്ട്. പക്ഷെ അതു വാസ്തവമെങ്കിൽ അപ്പേസൂസു കൽക്കിദോനിയാ സൂനഹദോസുകളിൽ വച്ചു് പാത്രിയാർക്കാസ്ഥാനം കിട്ടുവാൻ ഓർശ്ലേം മെത്രാൻ പല വിധത്തിൽ ശ്രമിച്ചതെന്തിനായിരിക്കാം?

പാത്രിയർക്കീസുമാരുടെ അധികാരത്തിൽ പ്രധാനമായി നാലു സംഗതികളാണു അടങ്ങിയിരുന്നതു്: (13)

1. മെത്രാപ്പോലീത്താമാരുടെ നിയമനം സ്ഥിരീകരിച്ചു അവരെ അഭിഷേകം ചെയ്യുക.

---

(12) Cath. Ency. Patriarchate.
(13) Brueck § 51.

2. മെത്രാപ്പോലിത്താമാരുടേയും പ്രാദേശിക സൂനഹദോസുകളുടേയും വിധിക്കെതിരായുള്ള അപ്പീൽ സ്വീകരിക്കുക.

3. സൂനഹദോസുകൾ വിളിച്ചുകൂട്ടി അവയിൽ ആദ്ധ്യക്ഷം വഹിക്കുക.

4. നിയമങ്ങൾ നിമ്മിച്ച് അവയ്ക്കനുസരണം ഭരണം നടത്തുക.

ആരംഭത്തിൽ പാത്രിയക്കീസുമാരുടെ സംഖ്യ മൂന്നമാത്രമായിരുന്നു. കാലാന്തരത്തിൽ ഓർശ്ലേത്തിലും കൊൺസ്റ്റന്തിനോപ്പോളിസിലും (ബൊസന്തിയായിലും) പാത്രിയാക്കാ നാമധാരികളുണ്ടായി. അന്ത്യോക്യാ പാത്രിയക്കീസുമാരുടെ സംഖ്യ ആറായി വദ്ധിച്ചു. അലക്സാന്ത്രിയായിലും ഓർശ്ലേത്തിലും ഈരണ്ടു പാത്രിയക്കീസുമാരുണ്ടായതുപോലെ ബാബേലിലും അമ്മേനിയായിലും സംഭവിച്ചു. അന്ത്യോക്യാക്കും ഓർശ്ലേത്തിനുമുള്ളപോലെ ബൊസന്തിയാക്കും ഒരു ലത്തീൻ പാത്രിയക്കീസുകൂടിയുണ്ട്. പാശ്ചാത്യസഭയിൽ ബഹുമാനസൂചകമായി പല മെത്രാപ്പോലീത്താമാക്കും പാത്രിയക്കാ നാമം കിട്ടിയിട്ടുണ്ടെങ്കിലും തദനുരൂപമായ അധികാരം അവരിലാക്കും ഇന്നില്ല. വെനീസു, ലിസ്ബൺ, ഗോവ മുതലായ സ്ഥലങ്ങളിലെ പാത്രിയക്കീസുമാർ ഒടുവിൽപ്പറഞ്ഞ ഗണത്തിൽപ്പെട്ടവരാണ്. (Patriarchae minores) (14)

ഇത്രയും പറഞ്ഞതിൽനിന്ന് പാത്രിയക്കീസു എന്നതും എക്സാക്ക് എന്നതും മെത്രാപ്പോലീത്താ എന്നതും ഓരോ വിധ അധികാരങ്ങളെ സൂചിപ്പിക്കുന്ന സംജ്ഞകളാണെന്നും പ്രത്യേക പട്ടങ്ങളല്ലെന്നും വിശദമാണല്ലൊ. മെത്രാൻ പട്ടത്തിനു മേലായി വേറെ പട്ടങ്ങളൊന്നമില്ല. 12–ാം ശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയിരുന്ന യോഹന്നാൻ ബർവഹബൂൻ പാത്രിയക്കീസും ഇതു തന്നെ പറയുന്നു. (15)

(14) Cf. Vermeersch & Creusen S. J. O. C. Ibid.
(15) In Exposit. Sacram C 29, art 15 Cod. de Prop. Sharfian (Syriac) P. 4. 11. a tergo.

# രണ്ടാം അദ്ധ്യായം.

## പവിത്രാധിപത്യം.

മെത്രാൻ, പട്ടക്കാർ, ആറാംപട്ടക്കാർ എന്ന മൂന്നു വിധം ആളുകളോടാണ് വി. അഗനാത്തിയോസു വിശ്വാസികളെ ബന്ധിക്കുന്നതു്. അദ്ദേഹം ഉപയോഗിച്ചിരിക്കുന്നതു "എപ്പിസ്കോപ്പോസ്" (Episcopos) "പ്രെസ്ബിത്തെറോസു്" (Presbyteros) "ദിയാക്കോനോസു്" (Diakonos) എന്ന മൂന്നു ഗ്രീക്കുപദങ്ങളാണ്. ഈ മൂന്നുതരം ആളുകൾ പരസ്പരം വ്യത്യാസപ്പെട്ട അധികാരമുള്ളവരാണെന്നും വി. അഗനാത്തിയോസിൻെറ ലേഖനങ്ങൾ എല്ലാം തന്നെ വിളിച്ചറിയിക്കുന്നു. എപ്പിസ്കോപ്പോസിനു "മേൽനോക്കുന്നവൻ" എന്നും, പ്രെസ്ബിത്തെറോസിനു "പ്രായംകൂടിയവൻ" എന്നും, ദിയാക്കോനോസിനു "ശുശ്രൂഷകൻ" എന്നും ആണ് സ്വതേയുള്ള അർത്ഥം. ദിയാക്കോനോസു ശുശ്രൂഷകനാകയാൽ ആ സ്ഥാനം മററു രണ്ടിലും താണതാണെന്നു സ്പഷ്ടമാണല്ലോ. വി. അഗനാത്തിയോസിൻെറ ലേഖനങ്ങളിൽ ഓരോന്നിലും എപ്പിസ്കോപ്പോസിനാണ് പ്രഥമസ്ഥാനവും അധികാരവും. പ്രെസ്ബിത്തെറോസു ദിയക്കോനോസുമാർ അദ്ദേഹത്തിനു കീഴ്പ്പെട്ടും ഇരിക്കുന്നു. പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനുമുള്ള അധികാരങ്ങൾ മുഴുവനായും പ്രധാനമായും എപ്പിസ്കോപ്പോസിൽ സ്ഥിതിചെയ്യുന്നു. 'എല്ലാവരും എപ്പിസ്കോപ്പോസിനു കീഴ്പ്പെട്ടിരിക്കണം' (1) 'ദൈവത്തെപ്പോലെ എപ്പിസ്കോപ്പോസു പള്ളിയിൽ പ്രധാനസ്ഥാനം വഹിക്കുന്നു.' (2) 'എപ്പിസ്കോപ്പോസ് പിതാവായ ദൈവത്തിൻെറ ഒരു ഛായ ആണ്.' (3) 'എപ്പിസ്കോപ്പോസിനെ ബഹുമാനിക്കുന്നവൻ ദൈവത്തെ ബഹുമാനിക്കുന്നു.' (4) 'കൂദാശകളുടെ പരികർമ്മത്തിൽ എപ്പിസ്കോപ്പോസിൻെറ സമ്മതമെങ്കിലും ആവശ്യമാണ്.' (5) എന്നിങ്ങനെയാണ് വി. അഗനാത്തിയോസു എപ്പിസ്കോപ്പോസുമാരെപ്പററി പറയുന്നതു്. 'പ്രെസ്ബിത്തെറോസുമാർ എപ്പിസ്കോപ്പോസിനോടു യോജിക്കണം.' (6) 'എപ്പിസ്കോപ്പോസു ചെറുപ്പമെന്നു കരുതി അവർ അദ്ദേഹത്തെ ഗണ്യമാക്കാതിരിക്കരുതു്.' (7a) എന്നും മററുമുള്ള വാക്യങ്ങളാൽ പ്രെസ്ബിത്തെറോസുമാർ എപ്പിസ്കോപ്പോസിനു കീഴ്പ്പെട്ടിരിക്കുന്നു എന്നും സിദ്ധിക്കുന്നു. പ്രെസ്ബിത്തെറോസു എന്ന വാക്കിൻെറ സ്വതേയുള്ള അർത്ഥം പ്രായംകൂടിയവൻ എന്നാണെങ്കിലും പ്രായം കുറഞ്ഞ എപ്പിസ്കോപ്പോസിനു പ്രെസ്ബിത്തെറോസു കീഴ്പ്പെടണം എന്നു പറ

(1) Ad Smyr. 8.
(2) Ad Magn 6-
(3) Ad Trall 3.
(4) Ad Trall 7.
(5) Ad Smyr 8
(6) Ad Eph. 4.
Ad Polycarp. 5.
(7a) Ad Magn. 3.

ഞ്ഞിരിക്കുന്നതിൽ നിന്നു് ഈ പദങ്ങൾ പ്രായത്തെ അല്ല ഉദ്യോഗത്തെയാണു് സൂചിപ്പിക്കുന്നതെന്നു മനസ്സിലാക്കണം. മെത്രാൻ, പട്ടക്കാരൻ, ആറാം പട്ടക്കാരൻ എന്ന പദങ്ങൾ ഏതാളുകളേയും ഏതധികാരങ്ങളേയും ഇന്നു സൂചിപ്പിക്കുന്നുവോ അതേ ആളുകളേയും അതേ അധികാരങ്ങളേയും തന്നെ എപ്പിസ്കോപ്പോസു, പ്രെസ്ബിത്തെറോസു, ദിയാക്കോനോസു എന്ന പദങ്ങൾ വി. അഗ്നാത്തിയേസിൻെറ കാലത്തും സൂചിപ്പിച്ചിരുന്നു എന്നു അദ്ദേഹത്തിൻെറ ലേഖനങ്ങൾ ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുള്ളവക്കറിയാം. ഈ കാരണത്താലാണു് മെത്രാൻ അപ്പസ്കോപ്പാ എന്നും പട്ടക്കാരൻ പ്രായം കൂടിയവൻ എന്നൎത്ഥമുള്ള കശീശാ എന്നും ആറാം പട്ടക്കാരൻ ശുശ്രൂഷകൻ എന്നൎത്ഥമുള്ള ശമ്മാശ് എന്നും സുറിയാനിഭാഷയിൽ ഇന്നും വിളിക്കപ്പെടുന്നതു്. (7b) അകയാൽ വി. അഗ്നാത്തിയോസു പറയുന്ന എപ്പിസ്കോപ്പോസു, പ്രെസ്ബിത്തെറോസു, ദിയാക്കോനോസു എന്നിവർ നമ്മുടെ മെത്രാന്മാരും, പട്ടക്കാരും, ആറാം പട്ടക്കാരുമാണെന്നു സിദ്ധിക്കുന്നു. ശ്ലീഹന്മാരുടെ കാലത്തുതന്നെ ജീവിച്ചിരുന്ന ഒരാളാണല്ലോ വി. അഗ്നാത്തിയോസു്. അതുകൊണ്ടു മെത്രാൻ ആദിയായ പട്ടങ്ങളും അധികാരങ്ങളും ശ്ലീഹന്മാരുടെ കാലത്തുതന്നെ ഉണ്ടായിരുന്നു എന്നതിൽ തക്കമില്ല. കൂടാതെയും 'മെത്രാനേയും പട്ടക്കാരേയും ആറാം പട്ടക്കാരേയും കൂടാതെ പള്ളിയില്ല' (8) എന്നും വി. അഗ്നാത്തിയോസു പറഞ്ഞിട്ടുണ്ടു്. ശ്ലീഹന്മാരുടെ കാലത്തു പള്ളിയുണ്ടായിരുന്നു എന്നതിൽ രണ്ടുപക്ഷമില്ല. അകയാൽ അന്നു മെത്രാനാദിയായവരും ഉണ്ടായിരുന്നു. വേദപുസ്തകത്തിലും ഇതിനു തെളിവുകളുണ്ടു്.

പുതിയനിയമപ്പുസ്തകത്തിൻെറ ഗ്രീക്കു മൂലപ്രതിയിൽ പല സ്ഥലങ്ങളിലും കാണപ്പെടുന്ന പദങ്ങളാണു് എപ്പിസ്കോപ്പോസു, പ്രെസ്ബിത്തെറോസു ദിയാക്കോനോസു് എന്നവ. മിക്ക സ്ഥലങ്ങളിലും അവയുടെ അൎത്ഥവും തെളിവാണു്. തിമോത്തേയോസിനു വി. പൌലോസു് എഴുതിയ ലേഖനങ്ങൾ പരിശോധിക്കാം. അപ്പേസോസു പള്ളിയുടെ ഭരണം നടത്തുന്നതിനായി വി. പൌലോസു തിമോത്തേയോസിനെ നിശ്ചയിച്ചു് അയച്ചു. "ദൈവേഷ്ടപ്രസാദം" (Grace) ഉളവാക്കുന്ന ഒരു വിശുദ്ധ കൎമ്മം (കൂദാശ) വഴിയാണു തിമോത്തേയോസിൻെറ നിയമനം നടന്നതു്. "എൻെറ 'കൈവെപ്പാൽ' നിന്നിലുണ്ടായ "ദൈവേഷ്ടപ്രസാദ"ത്തെ ത്വരിതമാക്കുക." (9)

അന്യരെ വാഴിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു. "യാതൊരുത്തൻെറമേലും അശ്രദ്ധയായി കൈവെയ്ക്കരുതു്." (10)

---

(7b) സൂക്ഷിച്ചു, കാത്തുപാലിച്ചു, വീക്ഷിച്ചു എന്നെല്ലാം അൎത്ഥമുള്ള "ന്ന്ത്തർ" എന്ന സുറിയാനിധാതുവിൽ നിന്നാണു് മെത്രാൻ പദത്തിൻെറ ഉത്ഭവം. അകയാൽ മെത്രാനും എപ്പിസ്കോപ്പോസും അൎത്ഥത്തിൽ യോജിക്കുന്നു.

(8) Ad Trall 3. (9) 2 Tim. 1, 6. (10) 1 Tim. 5, 22,

(എപ്പിസ്ക്കോപ്പോസു എന്ന നിലയിൽ) തിമോത്തേയോസിൻെറ അധികാരം പ്രെസ്ബിത്തെറോസുമാരുടേതിൽ നിന്നു വ്യത്യസ്തവും അതിനേക്കാൾ ഉയന്നതും ആയിരുന്നു. "നന്നായി ഭരണം നടത്തുന്ന പ്രെസ്ബിത്തെറോസുമാർ ഇരട്ടിയായുള്ള ബഹുമാനത്തിനു യോഗ്യന്മാരായി ഗണിക്കപ്പെടണം." (11) "രണ്ടോ മൂന്നോ സാക്ഷിയില്ലെങ്കിൽ പ്രെസ്ബിത്തെറോസിൻെറ മേലുള്ള കുററാരോപണം സ്വീകരിക്കരുത്." (12)

ഒന്നാം ലേഖനം മൂന്നാം അദ്ധ്യായം എപ്പിസ്ക്കോപ്പോസിനുള്ള അധികാരത്തേയും ഉദ്യോഗങ്ങളേയും പററി പ്രതിപാദിക്കുന്നു. ഈ സ്ഥലങ്ങളിലെല്ലാം പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരണംനടത്തുക എന്ന മൂന്ന് അധികാരങ്ങളാണ് പ്രധാനമായി നാം കാണുന്നതു്. പള്ളിയിൽ വൈദികാധികാരമുണ്ടായിരുന്നെന്നും വൈദികന്മാരിൽ തന്നെ സ്ഥാനവ്യത്യാസമുണ്ടായിരുന്നെന്നും വി. പൌലോസിൻെറ ഈ രണ്ടു ലേഖനങ്ങളിൽ നിന്നു നാം ഗ്രഹിക്കുന്നു. സ്ഥാനവ്യത്യാസങ്ങൾ ഇന്നതിന്നതെന്നു ശ്ലീഹന്മാരുടെ കാലത്തു ജീവിച്ചിരുന്ന വി. അഗ്നാത്തിയോസു തൻെറ ലേഖനങ്ങൾ മുഖേന നമുക്കു കാണിച്ചു തരികയും ചെയ്യുന്നു. വി. അഗ്നാത്തിയോസിൻെറ ലേഖനങ്ങളിൽ കാണുന്ന എപ്പിസ്ക്കോപ്പോസു, പ്രെസ്ബിത്തെറോസു, ദിയാക്കോനോസു ഉദ്യോഗങ്ങൾ തന്നെയാണ് വി. പൌലോസിൻെറ ലേഖനങ്ങളിലും കാണുന്നതെന്നനുമാനിക്കുന്നതിൽ എന്താണ് അബദ്ധം?

ഇതു തന്നെ വേറൊരു വിധത്തിൽ പര്യാലോചിക്കാം. ശ്ലീഹന്മാക്കു സകല അധികാരങ്ങളും കൊടുത്തശേഷം "കണ്ടാലും ലോകാവസാനംവരെ ഞാൻ നിങ്ങളുടെ കൂടെയുണ്ടു്" എന്നു മ്ശിഹാ അവരോടു പറയുകയുണ്ടായി. ശ്ലീഹന്മാർ മരിച്ചുപോയില്ലയോ? ശ്ലീഹന്മാരോടുകൂടെ മ്ശിഹായുടെ പള്ളിക്കവസാനം വന്നോ? മനുഷ്യരക്ഷക്കായല്ലയോ പള്ളി സ്ഥാപിക്കപ്പെട്ടതു്? ശ്ലീഹന്മാരുടെ കാലത്തു് മനുഷ്യരക്ഷയ്ക്കാവശ്യമായിരുന്ന ഉപകരണങ്ങൾ തന്നെ ഇന്നും ആവശ്യമാണ്. അതുകൊണ്ടു "ഞാൻ നിങ്ങളുടെ കൂടെയുണ്ടു്" എന്നു മ്ശിഹാ പറഞ്ഞതിൻെറ അത്ഥം "നിങ്ങളുടേയും നിങ്ങളുടെ പിൻഗാമികളുടേയും കൂടെ ഞാനുണ്ടു്" എന്നാകണം. അതിനാലത്രെ "ലോകാവസാനം വരെ" എന്നുകൂടി അവിടുന്നു ചേർത്തു പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ രക്ഷപെടേണ്ട മനുഷ്യർ ലോകാവസാനംവരെ ഉണ്ടായിരിക്കും. വൈദികവൃത്തി നടത്തി മനുഷ്യരെ രക്ഷിക്കുവാൻ പ്രയത്നിക്കുന്നവർ മെത്രാന്മാരും അവരോടു സഹകരിക്കുന്ന മററു വൈദികരുമാണല്ലോ. മെത്രാൻ പട്ടത്തിനു മേലായി ഇന്നു വേറൊരു പട്ടവും തിരുസഭയിൽ ഇല്ല. തിരുസഭാചരിത്രം മുഴുവനും പരിശോധിച്ചുകൊള്ളുക. മെത്രാൻ പട്ടത്തിനു മേലായി വേറൊരു പട്ടം കാണുകയില്ല. പള്ളിഭരണത്തിനു അവശ്യം വേണ്ടതായി വി. അഗ്നാത്തിയോസ് ചൂണ്ടിക്കാണിക്കുന്ന വൈദികസ്ഥാനങ്ങളിൽ ഏററവും ഉയന്നതു മെത്രാൻെറ

(11) 1 Tim. 5, 17. (12) 1 Tim. 5, 19.

അഥവാ എപ്പിസ്കോപ്പോസിൻെറ സ്ഥാനമാണ്. മ്ശിഹാ തൻെറ ശ്ലീഹന്മാക്ക് എല്ലാ അധികാരങ്ങളും കൊടുത്തതിനാൽ പട്ടങ്ങളിൽ ഏററം ഉയന്ന മെത്രാൻ പട്ടവും അവരിൽനിന്നു പിൻതുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നതല്ലാതെ മററു പ്രകാരമാകുവാൻ പാടില്ല. ശ്ലീഹന്മാർ ലോകം മുഴുവനും പള്ളി സ്ഥാപിക്കേണ്ടവരും ഓരോ സ്ഥലങ്ങളിൽ പള്ളിഭരണത്തിനാവശ്യമുള്ളവരെ നിയമിക്കേണ്ടവരുമായിരുന്നു. ഒരു സ്ഥലത്തുള്ള പള്ളി ഭരിക്കുന്നതിനു അവശ്യം വേണ്ടവരായി വി. അഗ്നാത്തിയോസു നമുക്കു കാണിച്ചുതരുന്നവരിൽ ഏററം ഉയന്ന സ്ഥാനവും അധികാരവും ഉള്ളത് മെത്രാനാണ്. അകയാൽ ശ്ലീഹന്മാർ മെത്രാന്മാരെ വാഴിക്കേണ്ടവരും ആയിരുന്നു. തനിക്കില്ലാത്തത് ഒരുവൻ മറെറാരുത്തനു എങ്ങിനെ കൊടുക്കും? ശ്ലീഹന്മാർ മെത്രാന്മാരെ വാഴിച്ചെങ്കിൽ ശ്ലീഹന്മാരും മെത്രാന്മാരായിരുന്നു. പള്ളിഭരണത്തിനു മെത്രാൻ അവശ്യാവശ്യമാകയാലും ശ്ലീഹന്മാർ പള്ളിഭരണം നടത്തിയിരുന്നവരാകയാലും ശ്ലീഹന്മാർ മെത്രാന്മാരായിരുന്നു എന്നു സിദ്ധിക്കുന്നു. അതേ, ശ്ലീഹന്മാർ മെത്രാന്മാരും നമ്മുടെ മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളുമാകുന്നു. നമ്മുടെ മെത്രാന്മാരുടെ അധികാരങ്ങൾ പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നിതുകളാണ്. ഈ അധികാരങ്ങൾ തന്നെയാണ് ശ്ലീഹന്മാർ ന. ദിവ്യരക്ഷകനിൽ നിന്ന് സ്വീകരിച്ചത്.

"എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ" (13) "എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (14) "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (15) എന്നിത്യാദി വാക്യങ്ങളാൽ പഠിപ്പിക്കുന്നതിനുള്ള അധികാരവും, "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും" "പള്ളിയെ കേൾക്കാത്തവൻ പുറജാതിക്കാരനേയും ചുങ്കക്കാരനേയും പോലെ നിനക്കായിരിക്കട്ടെ" എന്നിത്യാദി വാക്യങ്ങളാൽ ഭരണാധികാരവും "എൻെറ ഓർമ്മക്കായി ഇതു നിങ്ങൾ ചെയ്യുവിൻ" (16) "പിതാവെന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു ... നിങ്ങൾ ആരുടെ എല്ലാം പാപങ്ങൾ വിമോചിക്കുന്നുവോ അവ അവക്കു വിമോചിക്കപ്പെടുന്നു...." (17) എന്നിത്യാദി വാക്യങ്ങളാൽ വിശുദ്ധീകരിക്കുന്നതിനുള്ള അധികാരവും മ്ശിഹാ ശ്ലീഹന്മാക്കു നൽകി.

പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്ന മൂന്നു് അധികാരങ്ങളെ ഭരണാധികാരം (Power of Jurisdiction.) പട്ടാധികാരം (Power of Order) എന്നു രണ്ടധികാരങ്ങളായി തിരിക്കാം. പട്ടാധികാരം അഥവാ മെത്രാൻ പട്ടം എന്ന മട്ടംവച്ചു നോക്കുന്നതായാൽ മെത്രാന്മാരെല്ലാവരും സമന്മാരാണ്. എന്തുകൊണ്ടെന്നാൽ ഒരാൾക്കുള്ള

(13) Math. 28, 19. (14) Mark 16, 15.
(15) Luke 10, 16. (16) Luke 22, 19. (17) John. 20, 21-23.

പട്ടം തന്നെ മററെല്ലാവക്കുമുണ്ട്. എന്നാൽ ഭരണാധികാരത്തിൽ എല്ലാവരും സമന്മാരാണോ? സമാധികാരമുള്ള പലർ കൂടിയാൽ സമുദായ ഭരണം എങ്ങിനെ ശുഭമായി നടക്കും? മ്ശിഹായുടെ പള്ളിയിലുള്ള മെത്രാന്മാരെല്ലാവരും അധികാരത്തിൽ സമന്മാരാണെങ്കിൽ-ഒരാൾ വേറൊരാൾക്കു വഴങ്ങാതെ പൂണ്ണാധികാരം പ്രയോഗിക്കുന്നെങ്കിൽ— മ്ശിഹായുടെ പള്ളി എങ്ങിനെ ഏകമായിരിക്കും? ഒരു പട്ടണത്തോടും, ഒരു രാജ്യത്തോടും, ഒരു ഭവനത്തോടുമാണ് മ്ശിഹാ തൻെറ സഭയെ ഉപമിച്ചിരിക്കുന്നതെന്നും ഈ സന്ദഭ്ത്തിൽ നാം ഓക്കണം.

ശ്ലീഹന്മാർ എല്ലാവരും സവ്വപ്രകാരേണ സമന്മാരായിരുന്നെങ്കിൽ അവരുടെ പിൻഗാമികളായ മെത്രാന്മാരിലും അതേ സമത്വം തന്നെ ഉണ്ടാകുമായിരുന്നു. അങ്ങിനെയെങ്കിൽ മെത്രാൻ, മെത്രാപ്പോലീത്താ' എക്സാക്ക് എന്ന സ്ഥാനസംജ്ഞകളും അധികാരവ്യത്യാസങ്ങളും പുരാതന സഭയിൽ എങ്ങിനെ ഉത്ഭവിച്ചു? ആദിമ ശതാബ്ദങ്ങളിൽ തന്നെയും മെത്രാന്മാരുടെ ഇടയിൽ അധികാരവ്യത്യാസം കാണുന്നുണ്ടെങ്കിൽ അതു ശ്ലീഹന്മാരുടെ ഇടയിൽ അധികാരവ്യത്യാസമുണ്ടായിരുന്നതുകൊണ്ടു മാത്രമാണ്. മെത്രാൻപട്ടമുള്ളവർ എന്ന നിലയിൽ മാത്രം ഗണിക്കപ്പെട്ടാൽ ശ്ലീഹന്മാരെല്ലാവരും സമന്മാരാണെന്നു ആരും വിസമ്മതിക്കയില്ല. എന്നാൽ അവരിൽ ഒരാൾ മററെല്ലാവരുടേയും തലവനായിരുന്നു. വെറും ബഹുമാനസൂചകമായ മുൻസ്ഥാനം മാത്രമല്ല, സാക്ഷാൽ അധികാരസംബന്ധമായ പ്രാമുഖ്യം അഥവാ പരമാധികാരമാണ് വി. പത്രോസു ശ്ലീഹാക്കു നമ്മുടെ ദിവ്യരക്ഷകൻ കല്പിച്ചുകൊടുത്തതു്.

"(ശ്ലീഹന്മാർ) ഓരോരുത്തരും നമ്മുടെ രക്ഷകനിൽ നിന്നു 'കൈവെപ്പു' സ്വീകരിച്ചു. അവരെല്ലാവരും മെത്രാന്മാരാക്കപ്പെട്ടു. എന്നാൽ ഭരണംനടത്തുവാൻ ശെമഓൻ (പത്രോസു) തലവനായി നിയമിക്കപ്പെട്ടു" എന്നു മോസലിലെ യാക്കോബായ മെത്രാപ്പോലീത്തായായിരുന്ന മൂശെബർകേപ്പാ പറയുന്നു. (18)

12-ാം ശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയിരുന്ന യോഹന്നാൻ ബെർവഹബൂൻ പാത്രിയക്കീസിൻെറ വാക്യങ്ങൾ കേട്ടാലും.

"കൈവെപ്പിലും, റൂഹാദക്കുദശായുടെ സ്വീകരണത്തിലും, മെത്രാൻെറ ഉദ്യോഗങ്ങളിലും, പാത്രിയക്കീസുമാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരും സമന്മാരാണ്. പത്രോസും അദ്ദേഹത്തിൻെറ കൂട്ടുകാരായ ശ്ലീഹന്മാരും റൂഹാദക്കുദശായുടെ ദാനങ്ങളും പട്ടസ്ഥാനവും ഒരുപോലെയാണല്ലോ സ്വീകരിച്ചതു്. എന്നാൽ ഭരണം നടത്തേണ്ടതിനായി പത്രോസ് മാത്രം അദ്ദേഹത്തിൻെറ കൂട്ടുകാരുടെ തലവനായി നിയമിക്കപ്പെട്ടു." (19)

(18) De Sacerdotis. Tract. 4. Cap. 6. Cod. de prop P. 124.
(19) In Expos. Sacrament. C. 29. art. 15. cod. de prop sharfian (Syriac) P. 4. 11. a tergo.

യാക്കോബായ പാത്രിയർക്കീസന്മാരുടെയും മെത്രാപ്പോലീത്തന്മാരുടെയും മെത്രാന്മാരുടെയും സാക്ഷ്യങ്ങൾ ഇങ്ങനെ വർദ്ധിപ്പിച്ചുകൊണ്ടു പോകാം. (20) മാറോനായ, അന്ത്യോക്യാ സുറിയാനി, കൽദായ, യാക്കോബായ, നെസ്തോറിയൻ എന്ന സുറിയാനിസഭകളുടെ സാക്ഷ്യങ്ങൾ ഈ വിഷയത്തിൽ സുലഭങ്ങളാണ്. (21) പത്രോസിന്റെ പരമാധികാരം സ്വീകരിക്കാത്ത യൗനായ (ഗ്രീക്കു) സഭക്കാർപോലും ഒരു കാലത്ത് അതു സ്വീകരിച്ചിരുന്നെന്നു അവരുടെ ആരാധനക്രമങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു. പാറ, പള്ളിയുടെ അടിസ്ഥാനം, ഒന്നാമൻ, ശ്ലീഹന്മാരിൽ ഒന്നാമൻ, ശ്ലീഹന്മാരുടെ അദ്ധ്യക്ഷൻ, ശ്ലീഹന്മാരുടെ പ്രഭു, മ്ശിഹായുടെ ഇടയൻ, ശ്ലീഹന്മാരെല്ലാവരേയും പാലിക്കുന്നവൻ, ശ്ലീഹന്മാരുടെ ഗുരു എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകളാണ് യൌനായ റഷ്യൻ ആരാധന ക്രമം വി. പത്രോസിനു ഇന്നും കല്പിക്കുന്നത്. (22) ഈഗുപ്തായ, അർമ്മേനിയൻ, കൂശായ (Abyssinian) സഭകളുടേയും വിശ്വാസം ഇതിൽ നിന്നു വ്യത്യാസപ്പെട്ടതല്ലായിരുന്നു. അപ്രേം, ബസേലീസ്, ക്രിസോസ്തോമ്മോസ്, ഗ്രിഗോരിയോസ്, അത്തനാസിയോസ് ആദിയായ പൌരസ്ത്യ പിതാക്കന്മാരും പത്രോസിനു പരമാധികാരമുണ്ടായിരുന്നെന്നു ഐകകണ്ഠ്യേന പഠിപ്പിക്കുന്നു. അംബ്രോസീസ് അഗുസ്തീനോസ്, ഈറാനിമ്മോസ്, ഗ്രിഗോരിയോസ്, മുതലായ പാശ്ചാത്യപിതാക്കന്മാർ ഈ വിഷയത്തിൽ പൌരസ്ത്യരോടു യോജിക്കുന്നു. (23) പിതാക്കന്മാരിൽ ചിലർ പത്രോസിന്റെ പരമാധികാരം നിഷേധിച്ചിരുന്നു എന്നു പറയുന്നവരുടെ ആധാരം ആ സിദ്ധന്മാരുടെ പ്രബന്ധങ്ങളിൽ നിന്ന് തലയും വാലും നുള്ളിക്കളഞ്ഞോ, ഇടക്കു നിന്നു ചില ഭാഗങ്ങൾ കുത്തിക്കളഞ്ഞോ, മുമ്പും പിമ്പും നില്ക്കുന്ന വാക്യങ്ങളുമായുള്ള ബന്ധം വേർപെടുത്തിയോ എടുത്തു കാണിക്കുന്ന ചില വാക്യശകലങ്ങളാണെന്നു നിശ്ശങ്കം പറഞ്ഞുകൊള്ളുന്നു. ഇവയോരോന്നിനേയും പററി വിസ്തരിച്ചു പറയണമെന്നു കരുതുന്നില്ല. പത്രോസിന്റെ പരമാധികാരസംബന്ധമായുള്ള ഇത്ര പുരാതനവും ഇത്ര സാർവ്വത്രികവും ഇത്ര സംശയരഹിതവുമായ വിശ്വാസത്തിന്റെ കാരണത്തെപ്പററി മാത്രമേ ഇവിടെ കുറെ പറയണമെന്നുദ്ദേശിക്കുന്നൊള്ളു. വേദപുസ്തകം തന്നെ ആ കാരണം നമുക്കു കാണിച്ചു തരുന്നു.

---

(20) Cf. The Tradition of the Syriac Church of Antioch concerning the Primacy & Prerogatives of St. Peter and his Successors, C. B. Benni.
(21) C. B. Benni O. C.
(22) The Primacy of St. Peter demonstrated from the Liturgy of the Graeco-Russian Church–Rev C. Tondini de Quarengle.
(23) Cf. തിരുസിംഹാസനാദരവ്.

# മൂന്നാം അദ്ധ്യായം.

## പരമാധികാരം.

ഒരു പള്ളി പണിയുവാൻ മ്ശിഹാ ഭൂമിയിലേക്ക വന്നു. 'ഞാൻ എൻെറ പള്ളി പണിയും'. (1) ഭോഷനു തുല്യം അങ്ങുന്ന് മണൽപ്പുറത്തു അതു പണിയുകയില്ല. (2) പാറമേൽ വീട്ട പണുത ബുദ്ധിമാനേപ്പോലെ മാത്രമേ അങ്ങുന്നു പ്രവൎത്തിക്കയുള്ളൂ. (3) ഒരു പാറ കണ്ടെത്തി അതിന്മേൽ അങ്ങുന്നു പണി നടത്തും. ശെമഓനെ കണ്ടു മുട്ടിയപ്പോൾ പാറ എന്നു അയാൾക്ക പേരു കൊടുക്കമെന്നു മ്ശിഹാ വാഗ്ദാനം ചെയ്തു. (4) വാഗ്ദത്തപ്രകാരം ശെമഓനു പാറയെന്നു പേരു കൊടുത്തു. (5)

ക്രൈസ്തവ വിശ്വാസത്തിൻെറ അടിസ്ഥാനമാണ് മ്ശിഹായുടെ ദൈവത്വം. മ്ശിഹാ ദൈവമാണെന്നു യഹൂദന്മാർ മനസ്സിലാക്കിയില്ല. പത്രോസാകട്ടെ ആ പരമസത്യം മനസ്സിലാക്കുക മാത്രമല്ല അനുസരിച്ചു പറകകൂടെ ചെയ്തു. "നി മ്ശിഹാ ആകുന്നു ജീവനുള്ള ദൈവത്തിൻെറ പുത്രൻ..."— യോഗ്യതക്ക തക്ക പ്രതിഫലം പ്രാപിക്കുവാൻ പത്രോസിനു അവകാശമുണ്ട്. ആകയാൽ മ്ശിഹായുടെ തുടൎന്നുള്ള വാഗ്ദാനം പ്രസ്തുത വാക്യങ്ങളോടു അൎത്ഥത്തിൽ തുല്യതയുള്ള വാക്യങ്ങളിലായിരിക്കും എന്നതു നിസ്തൎക്കമാണ്. അങ്ങിനെയുള്ള വാക്യങ്ങൾ നീയും മ്ശിഹാ ആകുന്നു എന്നുള്ള അൎത്ഥം ജനിപ്പിക്കുന്നവയാകണം. അതെ, പത്രോസു വേറൊരു മ്ശിഹാ അഥവാ മ്ശിഹായുടെ പ്രതിപുരുഷൻ ആകുന്നു. "നി പാറ—പേത്രോസ്—പേത്രൂസ്— ആകുന്നു" എന്നു തുടങ്ങിയുള്ള വാക്യങ്ങളുടെ അൎത്ഥം നി മ്ശിഹായുടെ പ്രതിപുരുഷനാകുന്നു എന്നാണ്.

മ്ശിഹാ ദൈവപുത്രനാണെന്നു ദൈവ വെളിപാടാൽ പത്രോസ് അറിഞ്ഞ് അതു് അനുസരിച്ചു പറഞ്ഞപ്പോൾ പത്രോസിൻെറ വിശ്വാസത്തിന് മ്ശിഹാ സമ്മാനം പറഞ്ഞൊത്തു. (6) "ഞാനും നിന്നോടു പറയുന്നു. നി പാറയാകുന്നു. (കേപ്പാ) ഈ പാറമേൽ (കേപ്പാ) ഞാൻ എൻെറ പള്ളി പണിയും."

എൻെറ പള്ളി, എന്നല്ലാതെ എൻെറ പള്ളികൾ, എന്ന് കൎത്താവു പറഞ്ഞിട്ടില്ല. ആ ഏകപള്ളി പാറയായ പത്രോസിന്മേലാണ് പണിയുവാനുദ്ദേശിക്കുന്നതു്. പത്രോസ് അതിൻെറ അടിത്തറയാണ്. അതിനെ മുഴുവൻ താങ്ങുന്ന പാറയുമാണ്. പള്ളി മുഴുവനും അടിത്തറയായ പത്രോസിന്മേലാണ് ഉറച്ചു നിൽക്കേണ്ടതു്. പള്ളി ഒന്നേയുള്ളൂ. മററു ശ്ലീഹന്മാരും ആ പള്ളിയിൽ പെട്ടവരാകാതെ നിവൃ

---

(1) Math. 16. 18.
(2) Luke 6. 49.
(3) Luke 6. 48.
(4) John. 1. 42.
(5) Mark. 3, 16.
(6) Math. 16, 16.

ത്തിയില്ല. ആ പള്ളി മുഴുവനും അതിൻെറ അടിത്തറയായ പത്രോസിന്മേൽ ഉറച്ചുനില്ക്കുന്നതിനാൽ അതിൽപ്പെട്ടവരെല്ലാവരും—ആരായാലും, ഏതധികാരമുള്ളവരായാലും—എല്ലാവരും—മററു ശ്ലീഹന്മാർ കൂടെയും—പത്രോസിന്മേൽ ഉറച്ചു നില്ക്കുന്നു. അടിത്തറ കെട്ടിടത്തിൻെറ വിവിധഭാഗങ്ങളെ ഒന്നായി യോജിപ്പിച്ചു കെട്ടിടത്തിനു മുഴുവനും ഐക്യവും ഉറപ്പും കൊടുക്കുന്നതുപോലെ പത്രോസു പള്ളിക്കും അതിൽപെട്ടവർക്കെല്ലാവർക്കും— മററു ശ്ലീഹന്മാർക്കും- ഐക്യവും ഉറപ്പും കൊടുക്കുന്നു. അധികാരത്തിൽ പത്രോസ് എല്ലാവരിലും മേലെപ്പെട്ടവനല്ലെങ്കിൽ ഐക്യവും ഉറപ്പും വരുത്തേണ്ട അടിത്തറ എങ്ങിനെ പത്രോസായിരിക്കും? ഒരു സമുദായത്തിൽ ഐക്യവും ജീവനും ഉറപ്പും പാലിക്കുന്നതു് അതിൻെറ അടിത്തറ അഥവാ നേതാവും നിയന്ത്രകനുമായ സമുദായത്തലവനല്ലയോ?

മേലുദ്ധരിച്ച വേദവാക്യത്തിലെ ഓരോ വാക്കുകളും പത്രോസിനെമാത്രമേ സൂചിപ്പിക്കുന്നൊള്ളു. നീ, യോനായുടെ പുത്രൻ, നിന്നോടു, എന്നിങ്ങനെ വേദപുസ്തകം ഈ സന്ദർഭത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ പത്രോസിനെ ഉദ്ദേശിച്ചുമാത്രമുള്ളവയാണ്. നമ്മുടെ കർത്താവിൻെറ മനസ്സിൽ പത്രോസിൻെറ വിശ്വാസം മാത്രമേയുണ്ടായിരുന്നുള്ളു എന്നോ, പാറ എന്നു പറഞ്ഞപ്പോൾ ആദ്യം പത്രോസിനേയും, രണ്ടാമതു തന്നെത്തന്നെയും മ്ശിഹാ ചൂണ്ടിക്കാണിച്ചെന്നോ ഉള്ള വ്യാഖ്യാനങ്ങൾ എങ്ങിനെ ഉണ്ടായെന്നു മനസ്സിലാകുന്നില്ല. പത്രോസിൻെറ വിശ്വാസം കാരണത്താലാണ് പത്രോസിൻെറമേൽത്തന്നെ പള്ളി പണിയുമെന്നു മ്ശിഹാ വാഗ്ദത്തം ചെയ്തതു് എന്നു എല്ലാവർക്കും സമ്മതമാണ്. പാറ എന്നതു പത്രോസല്ലാതെ പത്രോസ് ഏററുപറഞ്ഞ വിശ്വാസമാണെങ്കിൽ 'നീ പാറയാകുന്നു' എന്ന് എന്തുകൊണ്ടു മ്ശിഹാ പറഞ്ഞു? നിൻെറ വിശ്വാസം പാറയാകുന്നു എന്നു പറയേണ്ടിയിരുന്നു. പക്ഷേ അങ്ങിനെ അവിടുന്നു പറഞ്ഞില്ല. നീ പാറയാകുന്നു. എന്നതിൽ 'പാറ' വിശ്വാസമാണെങ്കിൽ പത്രോസു വിശ്വാസമാകുന്നു എന്നു സിദ്ധിക്കുന്നു. വിശ്വാസത്തിന്മേലാണ് പള്ളി പണുതിരിക്കുന്നതെങ്കിൽ പത്രോസിൻെറമേൽ തന്നെയെന്നും സിദ്ധിക്കുന്നു.

ഈ സന്ദർഭത്തിൽ മ്ശിഹാ പത്രോസിനെത്തന്നെയാണ് ഉദ്ദേശിച്ചതെന്ന് പിന്നീടു പറഞ്ഞ വാക്യങ്ങളിലും തെളിവുണ്ട്. അവയിലും നിനക്കു, നീ, എന്നിങ്ങനെയുള്ള പദങ്ങൾ പത്രോസിനെ മാത്രം ഉദ്ദേശിച്ച് അവിടുന്ന് ഉപയോഗിച്ചിരിക്കുന്നു.

"നീ പേത്രോസ്സ് ആകുന്നു. ഈ പേത്രാമേൽ" എന്നാണ് ഗ്രീക്കുവേദപുസ്തകം പറയുന്നതു്. എന്നാൽ, പേത്രായിൽനിന്ന് അർത്ഥവ്യത്യാസമുള്ള ഒരു പദമല്ല പേത്രോസ് എന്നു നാം മനസ്സിലാക്കണം. രണ്ടിനും പാറ എന്നാണർത്ഥം. പേത്രാ സ്ത്രീലിംഗമാകയാൽ പുരുഷനായ ശെമഓനോടു ചേർത്തു പറയുകയിൽ ഗ്രീക്കുശൈലിപ്രകാരം പേത്രോസ് എന്ന പുല്ലിംഗരൂപം ഉപയോഗിച്ചിരിക്കുന്നെന്നു മാത്രമേയൊള്ളു. മ്ശിഹാ സംസാരിച്ച സുറിയാനി ഭാഷയിലാകട്ടെ രണ്ടു സ്ഥലത്തും പാറ

എന്നർത്ഥമുള്ള കേപ്പാ എന്ന തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതു്. 'പേത്രോസ്' 'പേത്രാ'യിൽനിന്നു അർത്ഥവ്യത്യാസമുള്ള ഒരു പദമാണെങ്കിൽ ഈ പേത്രാമേൽ എന്ന വാക്യവും 'നീ പേത്രോസ്...' എന്ന വാക്യവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുവരും.

പത്രോസനുസരിച്ചുപറഞ്ഞ വിശ്വാസം തനിച്ചെടുത്തുകൊണ്ടു്, "ഈ പാറമേൽ" എന്നതിൻെറ അർത്ഥം "ഈ വിശ്വാസത്തിന്മേൽ" എന്നത്രെ എന്നു വ്യാഖ്യാനിച്ചുകൂടാ. മ്ശിഹാ പത്രോസിനോടു യാതൊരു സമ്മാനവും പറഞ്ഞൊത്തില്ല എന്നായിരിക്കും പ്രസ്തുത വ്യാഖ്യാനത്തിൽനിന്നുള്ള തെററായ അനുമാനം. ഇതുമല്ല, "നീ പാറയാകുന്നു" എന്നതിൻെറ അർത്ഥം "നീ വിശ്വാസം തന്നെയാകുന്നു" എന്നും മനസ്സിലാക്കേണ്ടിവരും. പത്രോസിൻെറ വിശ്വാസം കാരണമാണ് പത്രോസിൻെറമേൽ പള്ളി പണിയുമെന്നു മ്ശിഹാ വാഗ്ദത്തം ചെയ്തതെന്നു് ആരും നിഷേധിക്കുകയില്ല. ഈ അർത്ഥത്തിൽ, അതായതു് "പത്രോസിൻെറ വിശ്വാസം വെള്ളത്തിൻെറ മീതെ നടന്നു" എന്നു പറയുന്നിടത്തു് "വിശ്വാസം കാരണം പത്രോസ് വെള്ളത്തിൻെറ മീതെ നടന്നു" എന്ന് എപ്രകാരം നാം മനസ്സിലാക്കുന്നുവോ, അപ്രകാരംതന്നെ "പത്രോസിൻെറ വിശ്വാസത്തിന്മേൽ പള്ളി പണിതിരിക്കുന്നു" എന്നു പറയുകയിൽ "വിശ്വാസം കാരണത്താൽ പത്രോസിൻെറമേൽ പള്ളി പണിതിരിക്കുന്നു" എന്നു പിതാക്കന്മാരിൽ ചിലർ മനസ്സിലാക്കുന്നുണ്ടു്. ഇങ്ങനെ മനസ്സിലാക്കുന്ന പിതാക്കന്മാർ തന്നെയും "ഈ പാറമേൽ" എന്നതിന് "പത്രോസിൻെറമേൽ" എന്നുള്ള അർത്ഥം സ്വീകരിക്കാത്തവരല്ല. അതിനാൽ പിതാക്കന്മാർ പത്രോസിൻെറ വിശ്വാസം മാത്രം മനസ്സിലാക്കി എന്നു പറയുന്നവരുടെ വ്യാഖ്യാനം അബദ്ധമാണെന്നു സിദ്ധിക്കുന്നു.

"ഈ പാറമേൽ ഞാൻ എൻെറ പള്ളി പണിയും" എന്നു പറഞ്ഞപ്പോൾ തനിക്കുള്ള പാറ എന്ന നാമവും പള്ളിയുടെ അടിത്തറ ആയിരിക്കുക എന്ന തൻെറ ഉദ്യോഗവും മ്ശിഹാ ഉപേക്ഷിച്ചില്ല. പത്രോസിനെ തൻെറ പ്രതിപുരുഷനാക്കുക മാത്രമാണ് അവിടുന്നു ചെയ്തതു്. ഈ കാരണത്താലത്രെ തൻെറ നാമവും ഉദ്യോഗവും അവിടുന്നു പത്രോസിനു കല്പിച്ചുകൊടുത്തതു്. ഒരു രാജാവ് ഒരാളെ തൻെറ പ്രതിപുരുഷനാക്കി എന്ന കാരണത്താൽ രാജാധികാരവും നാമവും അദ്ദേഹത്തിനു നഷ്ടീഭവിക്കുമോ? ഇതുനിമിത്തം പിതാക്കന്മാരിൽ ചിലർ മ്ശിഹാ ആയ പാറമേൽ പള്ളി പണിതിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു്. പക്ഷെ "ഈ പാറമേൽ" എന്നു പറഞ്ഞ അവസരത്തിൽ മ്ശിഹാ സ്വയം ചൂണ്ടിക്കാണിച്ചു എന്നുള്ള വ്യാഖ്യാനം സ്വീകാര്യമല്ല. "നീ പാറയാകുന്നു" എന്നു പറഞ്ഞുകൊണ്ടു് മുമ്പേതന്നെ പത്രോസിനു കൊടുത്തിരുന്ന സ്ഥാനപ്പേരു് മ്ശിഹാ ഈ സന്ദർഭത്തിൽ ഉറപ്പിച്ചുകൊടുത്തതു് അനാവശ്യമായിപ്പോയെന്നും, തൻെറ ദൈവത്വം അനുസരിച്ചു പറഞ്ഞതിന് മ്ശിഹാ യാതൊരു സമ്മാനവും പത്രോസിനു കൊടുത്തില്ലെന്നും, അവിടുന്ന് ഈ സന്ദർഭത്തിൽ ചെയ്യുന്ന വാഗ്ദാനം അർത്ഥശൂ

ന്യമാണെന്നും, മുമ്പും പിമ്പും നില്ക്കുന്ന വാക്യങ്ങൾ തമ്മിൽ യാതൊരു ബന്ധമില്ലെന്നും മററുമുള്ള തെററായ അനുമാനങ്ങളിലേക്കുള്ള വഴി തുറക്കുകയത്രെ പ്രസ്തുത വ്യാഖ്യാനം ചെയ്യുന്നത്. പത്രോസനുസരിച്ചു പറഞ്ഞ വിശ്വാസം തനിച്ചെടുത്ത് അതിന്മേൽ പള്ളി പണിയുന്നവരോടും ഈ സമാധാനം തന്നെ പറയാം.

"പാറ എന്ന പദത്താൽ പത്രോസല്ല മ്ശിഹായാണ് സൂചിപ്പിക്കപ്പെടുന്നതെങ്കിൽ നീ പാറയാകുന്നു: ഈ പാറമേൽ...' എന്ന വാക്യങ്ങൾ തമ്മിൽ എന്തു ബന്ധമാണുള്ളത്? മ്ശിഹാ പത്രോസിനു എന്തു സമ്മാനമാണ് കൊടുത്തത്? ചക്രവത്തി ഒരു മാന്യനോട് 'നീ ഒരു മാന്യനാകുന്നു' എന്നു പറഞ്ഞശേഷം (വേറൊരാളെ ചൂണ്ടിക്കാണിച്ചുകൊണ്ട്) 'ഇവനെ ഞാൻ മാന്യനാക്കി, ഇവനു ഞാൻ സമ്മാനം കൊടുക്കും' എന്നു പറയുന്നതായാൽ അത് ഈ വ്യാഖ്യാനത്തിനു തുല്യമായിരിക്കും" എന്ന് ഒരു പ്രസിദ്ധ പ്രോട്ടസ്റ്റൻറുകാരനായ മിഖായേൽ പറയുന്നു. Cf. Passaglia, De Praerogativis B. Petri.

"നീ പാറയാകുന്നു എന്നും ഈ പാറമേൽ ഞാൻ എൻെറ പള്ളി പണിയുമെന്നും... ഞാനും നിന്നോടു പറയുന്നു." എന്നിങ്ങനെയാണ് മ്ശിഹായുടെ വാക്യങ്ങൾ തർജ്ജമചെയ്യേണ്ടതെന്നും അറിഞ്ഞിരിക്കട്ടെ. "ഈ പാറ" മ്ശിഹായാണെങ്കിൽ "ഞാൻ എൻെറ പള്ളി പണിയും" എന്ന് ഭാവികാലമായി മ്ശിഹാ സംസാരിച്ചത് എന്തിനായിരിക്കാം?

നീ— നിനക്ക് — എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽനിന്ന് ഈ സന്ദർഭത്തിൽ മ്ശിഹാ പത്രോസിനെമാത്രമേ ഉദ്ദേശിച്ചുള്ളു എന്നു തെളിയുന്നു. പത്രോസിനോട് ആഘോഷമായ വാഗ്ദത്തം ചെയ്യുന്ന ഒരവസരമാണ് ഇതെന്നും, ആ വാഗ്ദത്തം പത്രോസിൻെറ "ഏററുപറച്ചിലി"നു ഒരു സമ്മാനമായിട്ടാണെന്നും, ആ കാരണത്താൽ ഈരത്ഥമുള്ളതോ തെളിവില്ലാത്തതോ ആയ ഭാഷ, നിത്യസത്യവും സർവ്വജ്ഞാനിയുമായ മ്ശിഹാ ഉപയോഗിക്കുകയില്ലെന്നും മനസ്സിലാക്കിയാൽ മേൽപ്പറഞ്ഞ വ്യാഖ്യാനങ്ങൾ നിരത്ഥകങ്ങളെന്നു കാണാവുന്നതാണ്. പത്രോസിനു പാറ എന്നു പേരു കൊടുത്തശേഷം— ആ പേരുതന്നെ ഒരിക്കൽക്കൂടി ഉറപ്പിച്ചുകൊടുത്ത ഉടനെതന്നെ— "ഈ പാറമേൽ" എന്നു പറയുകയിൽ മ്ശിഹാ പത്രോസിൻെറ വിശ്വാസംമാത്രം മനസ്സിൽ ഉദ്ദേശിച്ചെന്നോ, സ്വയം ചൂണ്ടിക്കാണിച്ചെന്നോ വിചാരിക്കുകതന്നെ അസാദ്ധ്യം. പിതാക്കന്മാർ ഈ വിധം പഠിപ്പിക്കുന്നു എന്നു ശഠിക്കുക പിതാക്കന്മാരെ ഭോഷന്മാരാക്കുകതന്നെയാണ്. പിതാക്കന്മാർ പാറ എന്ന പദത്തിനു സ്വതേയുള്ള അത്ഥം ഒരിക്കലും നിഷേധിച്ചിട്ടില്ല. വിരോധികളുടെ അഭിപ്രായപ്രകാരമുള്ള വ്യാഖ്യാനങ്ങൾ അതിനു സങ്കല്പിച്ചിട്ടുമില്ല. പാറയ്ക്കു സ്വതേയുള്ള വ്യാഖ്യാനത്തിൽനിന്നു പിതാക്കന്മാർ വ്യതിചലിക്കുന്നതു ഏതത്ഥത്തിലാണെന്നും, മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

"ശ്ലീഹന്മാരായ അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്ന" എന്നു വി. പൌലോസു പറഞ്ഞിരിക്കുന്നതിനാൽ പത്രോസിനു യാതൊരു വിശേഷതയുമില്ലെന്നു ചിലർ വാദിക്കുന്നുണ്ട്. "ഉദ്യോഗസ്ഥന്മാരുടെ മേൽ സ്ഥാപിതമായ ഭരണം" എന്നു പറഞ്ഞാൽ "ഒരുദ്യോഗസ്ഥനു മറെറാരുദ്യോഗസ്ഥൻെറമേൽ അധികാരമില്ല" എന്നു സിദ്ധിക്കുന്നുണ്ടോ എന്നാണ് ഈ കൂട്ടരോടു ചോദിക്കുവാനുള്ളതു്. കൂടാതെയും ശ്ലീഹന്മാരെ 'അടിസ്ഥാന' (foundation) മായാണ്, വി. പൌലോസു് കരുതുന്നതു്. പത്രോസാകട്ടെ അടിത്തറ (bed rock) യാണ്. അടിത്തറയിൽ അടിസ്ഥാനമിട്ടശേഷമാണല്ലൊ കെട്ടിടം പണിയുന്നതു്. അടിസ്ഥാനമാകട്ടെ അടിത്തറയിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്നു. "ശ്ലീഹന്മാരുടെ അടിസ്ഥാനം" എന്നു് വി. പൌലോസ് പറയുന്നതിനു വിരോധികൾ സങ്കല്പിക്കുന്ന ഏക അത്ഥം വാദത്തിനു വേണ്ടി സ്വീകരിച്ചുകൊണ്ടാണ് ഇത്രയും പ്രസ്താവിച്ചതു്. നിവ്യന്മാരിൽ തുടങ്ങി ശ്ലീഹന്മാരിൽ അവസാനിച്ച പള്ളിയുടെ ആരംഭവും അവസാനവും തമ്മിൽ യോജിപ്പിക്കുന്നതു് പ്രധാന മൂലക്കല്ലായ മ്ശിഹാ ആണെന്നുമാത്രം വി. പൌലോസു് ഈ സന്ദർഭത്തിൽ പഠിപ്പിക്കുന്നു. (Eph. 2. 19. 20.) മ്ശിഹായെ ഉദ്ദേശിച്ചു മൂലക്കല്ലെന്നും ശ്ലീഹന്മാരെ ഉദ്ദേശിച്ച് അടിസ്ഥാനമെന്നും ഉള്ള പ്രയോഗങ്ങൾ, മ്ശിഹായേയും പത്രോസിനേയും ഉദ്ദേശിച്ച് പാറ എന്നുള്ള പ്രയോഗത്തിൽനിന്നു വളരെ വ്യത്യാസപ്പെട്ടവയാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

2. മ്ശിഹാ വീണ്ടും പറഞ്ഞു: "സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ ഞാൻ നിനക്കു തരും" വീടിൻെറ താക്കോൽ ആരുടെ കൈവശമോ, അവനു വീട്ടിലുള്ള എല്ലാത്തിന്മേലും അധികാരമുണ്ട്. താക്കോൽക്കാരനു വീട്ടിൽ പൂണ്ണാധികാരമാണുള്ളതു്. വേറെ വല്ലവക്കും വല്ല അധികാരവുമുണ്ടെങ്കിൽ അതു താക്കോൽക്കാരനെ ആശ്രയിച്ചുള്ളതും അവനിൽ സ്ഥിതി ചെയ്യുന്നതും ആകുവാനെ പാടുള്ളൂ. മററു ശ്ലീഹന്മാരുടെ അധികാരം പത്രോസിനെ ആശ്രയിച്ചു നില്ക്കുന്നു. എന്തുകൊണ്ടെന്നാൽ പത്രോസാണ് താക്കോൽക്കാരൻ.

3. മ്ശിഹാ തുടന്നുപറഞ്ഞു. "ഭൂമിയിൽ നീ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും. ഭൂമിയിൽ നീ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും."

വി. പത്രോസിനു മ്ശിഹാ സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ കൊടുക്കുമെന്നു പറഞ്ഞ ശേഷമാണ് ഈ വാക്യങ്ങൾ അരുൾ ചെയ്തതു്. ആകയാൽ താക്കോലുകളുടെ അധികാരപ്രയോഗമാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നതിൽ സംശയിപ്പാനിടയില്ല. കഴിഞ്ഞ ലക്കത്തിൽ പറഞ്ഞ സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകളാൽ മ്ശിഹാ പ്രധാനമായി ഉദ്ദേശിക്കുന്ന സ്വർഗ്ഗരാജ്യം ഭൂമിയിൽ പത്രോസിൻെറ മേൽ താൻ സ്ഥാപിക്കുവാനിരുന്ന ഏക പള്ളിയാണെന്നു ഹേതുവാദികൾ (Rationalists) പോലും സമ്മതിക്കുന്നു. എന്തുകൊണ്ടെന്നാൽ താക്കോ

ല്ലകളുടെ അധികാരം (കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം) ഭൂമിയിലാണ് പ്രയോഗിക്കേണ്ടതു്. "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം" എന്നല്ലയോ മ്ശിഹാ പറയുന്നതു്. ഭൂമിയിൽ അധികാരം പ്രയോഗിക്കുവാൻ അധികാരസൂചകങ്ങളായ താക്കോലുകൾ കൊടുത്തുകൊണ്ടു "നിനക്കു സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ ഞാൻ തരും" എന്നു മ്ശിഹാ പറയുന്നതിൽ നിന്നു സ്വർഗ്ഗരാജ്യം ഭൂമിയിലുള്ള ഒരു സ്ഥാപനം അഥവാ വിശുദ്ധ പള്ളിയാണെന്നു വിശദമാകുന്നു. സ്വർഗ്ഗരാജ്യം ഗോതമ്പും കളയും വളരുന്ന വയലിനോടു തുല്യമാണെന്നു പറഞ്ഞിരിക്കുന്നിടത്തു് സ്വർഗ്ഗരാജ്യം ഭൂമിയിലുള്ള പള്ളിയെ എപ്രകാരം സൂചിപ്പിക്കുന്നുവോ, അപ്രകാരം ഇവിടെയും അതുതന്നെ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ കളയുണ്ടാവാനിടയില്ലല്ലൊ.

കെട്ടുന്നതിനും അഴിക്കുന്നതിനും അഥവാ ഭരണം നടത്തുന്നതിനുള്ള പൂർണ്ണാധികാരം പള്ളി മുഴുവൻെറ മേലും പത്രോസിനു ഈ വാക്യങ്ങളാൽ സിദ്ധിച്ചു. കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം താക്കോൽക്കാരനായ പത്രോസിൻ തലയിൽ എന്നപോലെയും ഉല്പത്തിസ്ഥാനത്തെന്നപോലെയും സ്ഥിതി ചെയ്യുന്നു. കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം മററു ശ്ലീഹന്മാർക്കും മ്ശിഹാ കൊടുത്തിട്ടുണ്ടു. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും." (7) എന്നു മ്ശിഹാ അരുൾച്ചെയ്തതു് ശ്ലീഹന്മാരെല്ലാവരോടുമായിരുന്നു. എന്നാൽ പത്രോസിനു പ്രസ്തുത അധികാരം കൊടുത്തതു് അദ്ദേഹത്തെ പള്ളിയുടെ അടിത്തറയും താക്കോൽക്കാരനുമാക്കിയ ശേഷമാണെന്നു വിസ്മരിക്കരുതു്. അടിത്തറയും താക്കോൽക്കാരനുമായ ശ്ലീഹായ്ക്കു കൊടുത്ത അധികാരം തന്നെ മേലുദ്ധരിച്ച വാക്യങ്ങളാൽ മററു ശ്ലീഹന്മാർക്കും മ്ശിഹാ കൊടുത്തെങ്കിൽ ഒരാളെ അടിത്തറയും താക്കോൽക്കാരനുമാക്കിയതെന്തിനു്? അടിത്തറയും താക്കോൽക്കാരനും എന്ന നിലയിൽ പത്രോസിനു് അധികാരം—പരമാധികാരം— കൊടുക്കുമെന്നു വാഗ്ദത്തം ചെയ്ത മ്ശിഹാ, അതെ അധികാരം തന്നെ മററു ശ്ലീഹന്മാർക്കും കൊടുക്കുമെന്നു വാഗ്ദത്തം ചെയ്തെങ്കിൽ അവിടുന്നു പത്രോസിനോടു ചെയ്ത വാഗ്ദത്തം ലംഘിച്ചില്ലയോ? തൻെറ ദൈവത്വത്തിൽ പത്രോസു പ്രദർശിപ്പിച്ച വിശ്വാസത്തിനു് പ്രതിഫലമായി പത്രോസിനോടു ചെയ്ത വാഗ്ദത്തത്തെ ദൈവമായ മ്ശിഹാ ലംഘിച്ചില്ലയൊ? ഈവക കുററങ്ങൾ അങ്ങേയുടെ മേൽ ആരോപിക്കുവാൻ ഈദൃശന്മാർ സന്നദ്ധന്മാരല്ല. മ്ശിഹായെ കുററക്കാരനാക്കുവാൻ മനസ്സില്ലെങ്കിൽ താഴെപ്പറയുന്ന അനുമാനങ്ങൾ സ്വീകരിക്കണം.

"നിങ്ങൾ... കെട്ടുന്നതെല്ലാം..." എന്നു മ്ശിഹാ അരുൾചെയ്തപ്പോൾ ശ്ലീഹന്മാർ ഓരോരുത്തരും ആ വാക്യങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന അധികാരം സ്വീകരിച്ചു. എന്നാൽ ഒരു ശ്ലീഹാ മറെറാരു ശ്ലീ

(7) Math. 16, 17-19.

ഹായുടെമേൽ യാതൊരധികാരവും പ്രാപിച്ചില്ല. മററു ശ്ലീഹന്മാർ എല്ലാവരും നില്ക്കവെ, അവരും ഉൾപ്പെട്ടിരുന്ന ഏക പള്ളിയുടെ അടിത്തറയും താക്കോൽക്കാരനും എന്ന നിലയിൽ പത്രോസിനോടു മാത്രം "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം" എന്നു മ്ശിഹാ അരുൾചെയ്തതിനാൽ അവിടുന്നു പത്രോസിനു മററു ശ്ലീഹന്മാരുടെമേലും അധികാരം കൊടുത്തു. അടിത്തറയും താക്കോൽക്കാരനും പത്രോസു മാത്രമാണെന്നു ഇവിടെയും നാം ഓൎക്കണം. പത്രോസിനോടു യോജിച്ചു പ്രവൎത്തിക്കുമ്പോൾ പത്രോസിൻെറ ഒരുമിച്ചു ശ്ലീഹന്മാരെല്ലാവൎക്കും പ്രാപിക്കാവുന്ന അധികാരം പത്രോസിനു തനിച്ചുതന്നെയുണ്ടായിരിക്കുന്നു. കൂടാതെയും വിവാദവാക്യങ്ങൾ തമ്മിൽ ബാഹ്യരൂപത്തിലല്ലാതെ കാൎയ്യസാരത്തിൽ തുല്യതയില്ലെന്നു സാഹചൎയ്യങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

മേലുദ്ധരിച്ച വേദവാക്യങ്ങൾ ബന്ധിച്ച് സുറിയാനിസഭയുടെ മകുടാലങ്കാരമായ മാർ അപ്രേം (373-ൽ മരിച്ചു) പറയുന്നതു കേട്ടാലും: "ശെമഓനേ, എൻെറ ശിഷ്യാ, നിന്നെ ഞാൻ വിശുദ്ധ പള്ളിയുടെ അടിസ്ഥാനമാക്കി. മുമ്പേതന്നെ നിന്നെ ഞാൻ പാറ എന്നു വിളിച്ചു. എന്തുകൊണ്ടെന്നാൽ പള്ളി മുഴുവനും നീ താങ്ങും. ഭൂമിയിൽ എനിക്കായി പള്ളി പണിയുന്നവരുടെ എല്ലാവരുടേയും മേൽനോട്ടക്കാരനാണു നീ. അവർ എന്തെങ്കിലും തെററിച്ചു പണുതാൽ അടിസ്ഥാനമായ നീ അവരെ ശാസിക്കണം. എൻെറ പഠനം എവിടെ നിന്നു വരുന്നുവോ ആ ഉറവ നീയത്രെ. നീ എൻെറ ശിഷ്യന്മാരുടെ തലയാകുന്നു. നീ വഴിയായി എല്ലാ ജാതികളേയും ഞാൻ കുടിപ്പിക്കും. ഞാൻ ധാരാളമായി കൊടുക്കാറുള്ള ആ രക്ഷണീയ മാധുൎയ്യം നിൻേറതാണ്. എൻെറ സ്ഥാപനത്തിൻ കടിഞ്ഞൂൽ പുത്രനാകുവാനും എൻെറ നിധികളുടെ അവകാശിയാക്കപ്പെടുവാനും ഞാൻ നിന്നെ തിരിഞ്ഞെടുത്തു. എൻെറ രാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തന്നു. കണ്ടാലും, എൻെറ സമസ്ത നിധികൾമേലും നിന്നെ ഞാൻ അധികാരപ്പെടുത്തി." (8)

ആഘോഷമായ ഈ വാഗ്ദാനം കഴിഞ്ഞ ഉടനെ തന്നെ പത്രോസു തൻെറ പ്രതിപുരുഷനാണെന്ന് മ്ശിഹാ പിന്നെയും വെളിപ്പെടുത്തി. (9) മററു ശ്ലീഹന്മാരും അറിയത്തക്കവണ്ണം ഒരു അത്ഭുത പ്രവൎത്തനത്താലാണ് മ്ശിഹാ ഇതു സാധിച്ചതു്. ക്പ്പർണഹോമിൽ വച്ചു 'നിങ്ങളുടെ ഗുരു തലക്കാണം തന്നില്ലല്ലൊ' എന്നു തലക്കാണം പിരിക്കുന്നവർ പത്രോസിനോടു പറഞ്ഞു. പത്രോസതിനു സമ്മതിക്കുകയും ചെയ്തു. തലക്കാണം കൊടുക്കുവാൻ കടമയില്ലായിരുന്നെങ്കിലും മ്ശിഹാ പത്രോസിനോടു പറഞ്ഞു: "അന്യൎക്കു ഇടൎച്ച വരാതിരുന്നുകൊള്ളട്ടെ. നീ

(8) Sermones in Hebedom. S. 4, 1. Enchridion Patristicum• Journel S. J. No. 706.

(9) Math. 17, 23. sqq.

പോയി ചൂണ്ടലിട്ട ആദ്യം കിട്ടുന്ന മത്സ്യത്തിൻെറ വായ് തുറന്ന അതിൽ കാണുന്ന എസ്റ്റേറാ നാണയം എനിക്കും നിനക്കുമായി കൊടുത്തേക്ക." തലക്കാണം പിരിക്കുവാൻ വന്നവർ മ്ശിഹായിൽ നിന്ന മാത്രമേ അതാവശ്യപ്പെട്ടൊള്ളു. എന്നാൽ "ഒരു എസ്റ്റേറാ എനിക്കും നിനക്കുമായി കൊടുക്ക" എന്ന മ്ശിഹാ പത്രോസിനോടു കല്പിച്ചു. മററു വാക്കായി പറഞ്ഞാൽ "നീ എൻെറ പ്രതിപുരുഷൻ (Alter Ego) ആകയാൽ നമ്മൾ രണ്ടാളും ഒന്നുതന്നെയാണ്. എനിയ്ക്കായി കൊടുക്കേണ്ട തലക്കാണത്തിൻെറ കൂടെ നിനക്കായിക്കൂടെ നീ കൊടുത്തേക്ക." ഈ കാരണത്താലത്രേ മ്ശിഹായ്ക്കു പററുന്ന രൂപകാൎത്ഥനാമങ്ങൾ അവിടുന്നു പത്രോസിനും കല്പിച്ചു കൊടുത്തതു്. അവിടുന്നു പാറയാണ്, അവിടത്തെ പ്രതിപുരുഷനായ പത്രോസ് അവിടത്തേക്കുള്ള അധികാരം തന്നെയുള്ളവനാകയാൽ പത്രോസിനേയും അവിടുന്നു പാറ എന്ന നാമകരണം ചെയ്തു. അപ്രകാരം തന്നെ പത്രോസിനെ താക്കോൽക്കാരനുമാക്കി. "ഞാൻ നല്ല ഇടയനാകുന്നു" (10) എന്ന അവിടുന്നു അരുൾചെയ്തതിനൊപ്പിച്ചു "നീ എൻെറ ആടുകളെ എനിക്കായി മേയിക്കുക" (11) എന്ന പത്രോസിനോടും പറഞ്ഞ് പത്രോസിനേയും ഇടയനാക്കി.

മ്ശിഹായുടെ ദൈവത്വത്തിലുള്ള വിശ്വാസമനുസരിച്ചു പറഞ്ഞതിനു സമ്മാനമായി പത്രോസിൻെറ മേൽ പള്ളി പണിയുമെന്നും അദ്ദേഹത്തിന് താക്കോലുകളും, കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരങ്ങളും കൊടുക്കുമെന്നുമാണ് മ്ശിഹായുടെ വാഗ്ദത്തം. ഈ സമ്മാനത്തിനു പത്രോസു യോഗ്യനായ ശേഷമാണ് വാഗ്ദത്തം നടന്നതു്. പത്രോസിൻെറ മേൽ പള്ളി പണിയും എന്നും മററും മ്ശിഹാ തീൎത്തു പറകതന്നെ ചെയ്തു. സമ്മാനത്തിനുള്ള യോഗ്യത സമ്പാദിച്ചു കഴിഞ്ഞയുടനെ വാഗ്ദത്തവും നടന്നു. ആകയാൽ മററെന്തെല്ലാം സംഭവിച്ചാലും ഈ വാഗ്ദത്തം നിറവേറേണ്ട കടമ മ്ശിഹായ്ക്കുണ്ട്. അവിടുന്നു അതു് നിറവേററുകയും ചെയ്തും.

4. തൻെറ പീഡാനുഭവത്തിനു മുമ്പുതന്നെ മ്ശിഹാ പരമാധികാരസംബന്ധമായ ഉദ്യോഗത്തിനു പത്രോസിനെ നിയമിച്ചു.

"ശെമഓനേ, ശെമഓനേ, കണ്ടാലും, ഗോതമ്പുപോലെ വേൎതിരിച്ചു കളവാൻ പിശാചു നിങ്ങളെ അന്വേഷിച്ചു. എന്നാൽ നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കായി പ്രാൎത്ഥിച്ചു. നീയോ എന്നാൽ ഒരു സമയത്തു നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക" (12)

പള്ളിയുടെ അടിത്തറയും താക്കോൽക്കാരനുമായ പത്രോസിനെ മററു ശ്ലീഹന്മാരുമടങ്ങിയ പള്ളിയുടെ തലവൻ എന്നു കരുതിയാ

(10) Joh. 10, 11. (11) Joh. 21. 15-17.
(12) Luke. 22, 31-32.

ണ് മ്ശിഹാ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചത്. 'നിങ്ങളെ വേർതിരിച്ചു കളയുവാൻ' എന്ന വാചകത്തിൽ ശ്ലീഹന്മാരെല്ലാവരേയും മ്ശിഹാ ഉൾപ്പെടുത്തി. മററു ശ്ലീഹന്മാരെല്ലാവരും പത്രോസിന്റെ സഹോദരന്മാരാണെന്നു പ്രത്യേകം പറയേണ്ട അവശ്യവുമില്ലല്ലോ. എന്നാൽ പത്രോസിന്റെ മാത്രം വിശ്വാസം ക്ഷയിക്കരുതെന്നു കരുതി മ്ശിഹാ പ്രാർത്ഥന നടത്തി. അതെന്തിനായിരുന്നു? സ്വസഹോദരന്മാരെ ഉറപ്പിക്കുന്നതിനുള്ള ശക്തി പത്രോസിനു കിട്ടുന്നതിനായിരുന്നു. "നീ നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" അതെ, "നിന്റെ സഹോദരന്മാരായ ശ്ലീഹന്മാരേയും നീയാണ് ഉറപ്പിക്കേണ്ടത്." ഇതത്രേ പരമാധികാരം.

"നീയോ എന്നാൽ ഒരു സമയത്തു നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്നതിനു പകരം "നീ മാനസാന്തരപ്പെട്ട ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്നാണ് കാണുന്നത്. "അത്തു് ബസ്‌വൻ എസ്സൻ ഉശറർ ലാഹൈക്ക്" എന്നുള്ളേടത്ത് സുറിയാനി ശൈലിപ്രകാരം 'എസ്സൻ ഉശറർ' മാനസാന്തരം സൂചിപ്പിക്കണമെന്നില്ല. ഗ്രീക്ക് ലത്തീൻഭാഷകൾ സംബന്ധിച്ചും ഈ സന്ദർഭത്തിൽ ഇതുതന്നെ പറയാം. ന. കർത്താവിന്റെ സംസാരഭാഷ സുറിയാനിയായിരുന്നതുകൊണ്ടുമാണ് "നീയോ എന്നാൽ..." എന്നിങ്ങനെ തർജ്ജമചെയ്തത്. "മാനസാന്തരപ്പെട്ട ശേഷം" എന്നു സുറിയാനിക്കാരും തർജ്ജമ ചെയ്യാറുണ്ട്. എങ്ങിനെയായാലും പരമാധികാരത്തിനു യാതൊരു ഹാനിയും തട്ടുകയില്ല. "നീ നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക" എന്നാണ് പത്രോസിനു കിട്ടിയിരിക്കുന്ന കല്പന. അതു് മാനസാന്തരപ്പെട്ട ശേഷവും ആകരുതോ? മാനസാന്തരപ്പെട്ട ശേഷം എന്നുതന്നെയാണ് മ്ശിഹാ ഉദ്ദേശിച്ചതെങ്കിൽ ഈ അനുമാനം കുറെക്കൂടി ശക്തിപ്രാപിക്കുകയാണ് ചെയ്യുന്നത്.

"മാനസാന്തരപ്പെട്ട ശേഷം" എന്നു മനസ്സിലാക്കിക്കൊണ്ടു പ്രസ്തുത വാക്യങ്ങളിൽ പരമാധികാരം കണ്ടെത്തുന്നവരിൽ ഒരാളാണ് എട്ടാം ശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയിരുന്ന ഗീവറുഗീസ് പാത്രിയർക്കീസ്. അദ്ദേഹം ഇങ്ങനെ പറയുന്നു. "അദ്ദേഹത്തോടു പറയപ്പെട്ടു" "മാനസാന്തരപ്പെട്ടു നിന്റെ സഹോദരന്മാരെ നീ ഉറപ്പിക്കുക." അതായതു് മാനസാന്തരശേഷം അസ്ഥിതിയിൽ നിൽക്കണം എന്നു തന്നെയല്ല, തന്റെ കൂട്ടുകാരുടെ ഗുരുവും തലവനും കൂടി ആകണം എന്നത്രെ. അതുമല്ലാ അദ്ദേഹം എല്ലാ മനുഷ്യരുടെയും ഗുരുവും ആകണം. മനുഷ്യരുടെ ഗുരുക്കളെയും പ്രബോധകന്മാരെയും അദ്ദേഹം ഉറപ്പിക്കണം. (13)

മോസലിലെ യാക്കോബായ മെത്രാപ്പോലീത്തയായിരുന്ന മൂശെ ബർകേപ്പായും ഇതുതന്നെ പറയുന്നു. "പത്രോസു അപലപിച്ചു. അപലാപത്തെ ആണയാൽ ഉറപ്പിച്ചു. എന്നാൽ തന്റെ ശ്ലീഹാസ്ഥാന

(13) Cod Vat. (Syriac) 154 p. 224.

മോ തൻെറ സഹോദരന്മാരുടെ മേൽ ഉണ്ടായിരുന്ന പരമാധികാരമോ അദ്ദേഹം നഷ്ടപ്പെടുത്തിയില്ല. . . . . മാനസാന്തരപ്പെട്ടശേഷം നിൻെറ സഹോദരന്മാരെ നീ ഉറപ്പിക്കുക. പാപിയായ നിന്നോടു കാട്ടപ്പെട്ട ആ കാരുണ്യം ക്ഷീണമുള്ളവരും തെററിപ്പോകുന്നവരുമായ നിൻെറ സഹോദരങ്ങളോടു നീയും കാണിക്കുക". (14)

5. പത്രോസിനോടു ചെയ്തിരുന്ന വാഗ്ദത്തം തൻെറ ഉത്ഥാനത്തിൻെറ ശേഷം മ്ശിഹാ അക്ഷരാർത്ഥം നിറവേററി.

മററു ശ്ലീഹാന്മാരെക്കാൾ അധികമായിതന്നെ സ്നേഹിക്കുന്നുണ്ടോ എന്നു മൂന്നു പ്രാവശ്യം മ്ശിഹാ പത്രോസിനോടു ചോദിച്ചു. മൂന്നുപ്രാവശ്യവും "ഉവ്വ്" എന്നു് പത്രോസു ഉത്തരം പറഞ്ഞു. "നീ എൻെറ കുഞ്ഞാടുകളെ എനിക്കായി മേയിക്കുക" "നീ എൻെറ ആടുകളെ എനിക്കായി മേയിക്കുക" "നീ എൻെറ ആടുകളെ എനിക്കായി മേയിക്കുക" എന്നു് മൂന്നു പ്രാവശ്യം മ്ശിഹാ പത്രോസിനോടു ആജ്ഞാപിച്ചു. (15) അതിൻെറ ശേഷം "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞുകൊണ്ടു മ്ശിഹാ പത്രോസിനെ തൻെറ പിന്നാലെ കുറെ നടത്തി. (16) പത്രോസിൻെറ മരണം ഏതുവിധം സംഭവിക്കുമെന്നു വെളിപ്പെടുത്തപ്പെടുകയും ചെയ്തു.

ഈ കല്പനകൾ പത്രോസിനെമാത്രം ഉദ്ദേശിച്ചായിരുന്നു എന്നു സ്പഷ്ടമാണ്. മററു ശ്ലീഹന്മാരേക്കാൾ കൂടുതൽ മ്ശിഹായെ താൻ സ്നേഹിക്കുന്നുണ്ടെന്നു പത്രോസു പറഞ്ഞയുടനെയാണ് അദ്ദേഹത്തിനു മ്ശിഹായുടെ ആടുകളെ മേയിക്കുന്നതിനുള്ള ഉദ്യോഗം കിട്ടിയതു്. നോക്കുക, മററു ശ്ലീഹന്മാരും അവിടെയുണ്ടായിരുന്നു. മ്ശിഹായുടെ പള്ളിയിൽപെട്ടവരെല്ലാം—മററു ശ്ലീഹന്മാർകൂടെയും—മ്ശിഹായുടെ ആടുകളല്ലയോ? അവരെ എല്ലാവരേയും മേയിക്കുവാൻ അഥവാ വിശ്വാസസന്മാർഗ്ഗസംബന്ധമായ ഭക്ഷണപാനങ്ങളാൽ എല്ലാവരേയും പോഷിപ്പിക്കുന്നതിനും വഴിതെററി നടക്കുന്ന ആടുകളെ ഇടയൻ ശിക്ഷിക്കുന്നതുപോലെ ആവശ്യമുണ്ടെങ്കിൽ കുററക്കാരെ ശിക്ഷിക്കുന്നതിനും മ്ശിഹാ പത്രോസിനു അധികാരം കൊടുത്തു—പരമാധികാരം. മ്ശിഹാ തൻെറ വാഗ്ദാനം നിറവേററി. എല്ലാവരെയും— മററു ശ്ലീഹന്മാരെക്കൂടെയും-ഭരിക്കുന്നതിനുള്ള അധികാരം പത്രോസു പ്രാപിച്ചു. അവരെക്കാൾ അധികമായി പത്രോസു മ്ശിഹായെ സ്നേഹിക്കുകയും ചെയ്തിരുന്നു. പത്രോസു തന്നെപ്പോലെ തന്നെയുള്ളവൻ അഥവാ തൻെറ പ്രതിപുരുഷൻ- Alter Ego- എന്നു മ്ശിഹാ വീണ്ടും വെളിപ്പെടുത്തി. എന്തുകൊണ്ടെന്നാൽ "എൻെറ ആടുകളെ എനിക്കായി നീ മേയിക്കുക" എന്നാണു് മ്ശിഹാ അരുൾചെയ്തതു്.

(14) De Sacerdotio. V. C. 1.
Cod. De Prop. Sharfian (Syriac) p. 112.
(15) Joh. 21, 15-17. (16) Joh. 21, 18-22.

"ഈ ആടോ, ആ ആടോ, മാത്രമല്ല, എന്റെ ആടുകൾ; ഇതിനെയോ അതിനെയോ ഇതുകളേയോ അതുകളേയോ മാത്രമല്ല, എന്റെ ആടുകളെ അഥവാ എന്റെ ആടുകളെ എല്ലാം" എന്നാണു അവിടുന്നു പറയുന്നതിന്റെ അർത്ഥം. അവിടുത്തെ ആടുകളെ പത്രോസ് എന്തു ചെയ്യണം? മേയിക്കണം. "എന്റെ ആടുകളെ" അതായതു് "അവ എന്റേതു തന്നെയാണ്: നിന്നെ ഇടയനാക്കിയെങ്കിലും എന്റെ ഇടയസ്ഥാനം ഞാൻ ഉപേക്ഷിച്ചിട്ടില്ല: ആടുകൾ ഇപ്പോഴും എന്റേതു തന്നെ: പക്ഷേ അവയെ നീ എനിക്കായി മേയിക്കണം. നീ എന്റെ പ്രതിപുരുഷനാണ് - Alter Ego-: എന്റെ ആടുകൾ തന്നെ നിന്റേതും ആയിരിക്കട്ടെ: എന്റെ തലക്കാണത്തിന്റെക്കൂടെ നിന്റേതും ഞാൻ കൊടുത്തില്ലയോ: ആടുകളെ മേയിക്കുക എന്ന എന്റെ ജോലി എനിക്കായി നീ നടത്തുക". ഈ അധികാരത്തിൽ എല്ലാവരും മററു ശ്ലീഹന്മാർ കൂടെയും ഉൾപ്പെട്ടിട്ടുണ്ടെന്നു സ്പഷ്ടമല്ലയോ? അവരും നിൽക്കവേ ആണല്ലോ ഈ അധികാരം പത്രോസു പ്രാപിച്ചതു്. അതും അവരെക്കാൾ അധികമായി മ്ശിഹായെ താൻ സ്നേഹിക്കുന്നു എന്നു പത്രോസു പരസ്യപ്പെടുത്തിയതിനു ശേഷമത്രെ.

മൂന്നു പ്രാവശ്യം മ്ശിഹായെ അപലപിച്ചതിങ്കൽ നഷ്ടപ്പെട്ടുപോയ ശ്ലീഹാസ്ഥാനത്തേക്കു പത്രോസു വീണ്ടും ഉയർത്തപ്പെടുകയാണുണ്ടായതെന്നു ഈ സംഭവം സംബന്ധിച്ച് ചിലർ പറയുന്നുണ്ടു്. അതു സ്വീകാര്യമല്ല. അപലാപത്താൽ പത്രോസു ശ്ലീഹാ സ്ഥാനം നഷ്ടപ്പെടുത്തി എന്നു പറയുക അബദ്ധമാണ്. എന്നാൽ വാദത്തിനു വേണ്ടി അതു സമ്മതിക്കാം. വിരോധികളുടെ അഭിപ്രായത്തിനു അതിൽനിന്നു യാതൊരു തെളിവും കിട്ടുകയില്ല. എന്തുകൊണ്ടെന്നാൽ ഈ സംഭവത്തിനു കുറെ ദിവസങ്ങൾ മുമ്പ (ഉത്ഥാനത്തിനു ശേഷം) വി. തോമ്മാ ഒഴികെയുള്ള ശ്ലീഹന്മാർ എല്ലാവരുംകൂടി ഇരിക്കയിൽ മ്ശിഹാ അവർക്കു കാണപ്പെട്ടു അവരോടു ഇങ്ങനെ അരുൾചെയ്തു. ... "പിതാവെന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു..." (17) 'അയക്കപ്പെടുന്നവൻ' എന്നർത്ഥമുള്ള ശ്ലീഹാസ്ഥാനം അപലാപത്താൽ പത്രോസു നഷ്ടപ്പെടുത്തിയെങ്കിൽ (വാസ്തവത്തിൽ നഷ്ടപ്പെടുത്തിയില്ല) "പിതാവെന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" എന്നു മ്ശിഹാ പറഞ്ഞ അവസരത്തിൽ അദ്ദേഹം അതു വീണ്ടും പ്രാപിച്ചിട്ടുണ്ടു്. ഈ സംഭവം നടന്നതു് "നീ എന്റെ ആടുകളെ എനിക്കായി മേയിക്കുക" എന്നു പറഞ്ഞതിനു കുറെ ദിവസം മുമ്പാകയാൽ ആടുകളെ മേയിക്കുവാൻ കൊടുത്ത കല്പനയാൽ പത്രോസിനെ ശ്ലീഹാസ്ഥാനത്തേക്കു വീണ്ടും മ്ശിഹാ ഉയർത്തുകയാണു ചെയ്തതു് എന്നു പറഞ്ഞുകൂടാ. ഒരു പക്ഷെ അങ്ങനെ ആയിരുന്നെന്നു വാദത്തിനു വേണ്ടി ഒന്നുകൂടി സമ്മതിച്ചാൽ എന്താണ് ദൂഷ്യം? പത്രോസിനു മുമ്പ കിട്ടിയ ശ്ലീഹാസ്ഥാനം എങ്ങിനെയുള്ളതായിരുന്നു? പള്ളിയുടെ അടിത്തറയും

---

(17) Joh. 20, 21.

താക്കോൽക്കാരനുമല്ലായിരുന്നോ അദ്ദേഹം? ആ നിലയിൽ തന്റെ സഹോദരന്മാരെ ഉറപ്പിക്കുന്നതിനുള്ള അധികാരവും പത്രോസ് പ്രാപിച്ചിട്ടില്ലായിരുന്നോ? ആ സ്ഥാനത്തേക്കു വീണ്ടും അദ്ദേഹം ഉയർത്തപ്പെട്ടെങ്കിൽ മ്ശിഹാ തന്റെ വാഗ്ദത്തം അക്ഷരാർത്ഥം നിറവേററിയെന്നതിൽ എന്തു സംശയമാണുള്ളത്?

ശ്ലീഹന്മാരെല്ലാവരും നില്ക്കവെ, "ഇവരെക്കാൾ കൂടുതൽ നീസ്നേഹിക്കുന്നുവോ" എന്നും "ഉവ്വ്" എന്ന ഉത്തരത്തിന്റെശേഷം "നീഎന്റെ ആടുകളെ എനിക്കായി മേയിക്കുക" എന്നും ഉള്ള വാക്യങ്ങളാൽ മ്ശിഹാ പത്രോസിനു പരമാധികാരം കൊടുത്തു എന്നതു വലിയ വ്യാഖ്യാനമൊന്നും കൂടാതെ സാധാരണന്മാർക്കുപോലും ഗ്രഹിക്കത്തക്ക ഒരു സത്യമാകയാൽ കൂടുതലായി ഒന്നും പറയുവാൻ കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ "കൂടുതൽ സ്നേഹിക്കുന്നുണ്ടോ" എന്നു ചോദിച്ചശേഷം "ആടുകളെ മേയിക്കു"വാൻ അധികാരം കൊടുത്തതിൽ നിന്ന് ആടുകളെ മേയിക്കുവാൻ പത്രോസു പ്രാപിച്ച അധികാരം മററുള്ളവരുടേതിൽ കൂടുതലായിരുന്നു എന്നു സിദ്ധിക്കുന്നു.

'എമറൈ'– 'എർബൈ,– ന്ക്കാവാസ്'– എന്ന മൂന്നു പദങ്ങൾ ഈ സന്ദർഭത്തിൽ മ്ശിഹാ ഉപയോഗിച്ചതായി സുറിയാനി വേദപുസ്തകത്തിൽ കാണുന്നു. 'എമറൈ'ക്കു എന്റെ കുഞ്ഞാടുകൾ എന്നും, 'എർബൈ'ക്കു എന്റെ ആടുകളെന്നും, മുട്ടാടുകളെന്നും, 'ന്ക്കാവാസി'നു എന്റെ ആടുകളെന്നും, പെണ്ണാടുകളെന്നും അർത്ഥമുണ്ട്. ലത്തീൻ, ഇംഗ്ലീഷ് മുതലായ തർജ്ജമകളിൽ കുഞ്ഞാടുകൾ, ആടുകൾ എന്ന പദങ്ങൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. വാക്കുകൾ ഏതെല്ലാമെങ്കിലും ആയിക്കൊള്ളട്ടെ. മ്ശീഹായുടെ പള്ളിയിൽപ്പെട്ടവരെല്ലാം മ്ശീഹായുടെ ആടുകളാകയാൽ ഏതു സ്ഥാനക്കാരായാലും സ്ഥിതിക്കാരായാലും പത്രോസിന്റെ ഭരണത്തിൽ ഉൾപ്പെടാതെ നിവൃത്തിയില്ല. സുറിയാനി വേദപുസ്തകത്തിലെ വാക്കുകൾ ഈ അനുമാനത്തെ സ്ഥിരീകരിക്കുക മാത്രമേ ചെയ്യുന്നൊള്ളു. അമിദായിലെ യാക്കോബായ മെത്രാനായിരുന്ന ദിവന്നാസിയോസു ബർസലീബിയുടെ വാക്യങ്ങൾ കേട്ടാലും:–

'എമറൈ' എന്ന പദത്താൽ നിർമ്മലരും ശാന്തരുമായ ശിശുക്കളേയും, "എർബൈ"യാൽ പുരുഷന്മാരെയും, "ന്ക്കാവാസി"നാൽ സ്ത്രീകളേയും മ്ശിഹാ സൂചിപ്പിച്ചു. അപ്രകാരംതന്നെ 'കണ്ടാലും ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെ (എമറെ) എന്നപോലെ' നിങ്ങളെ ഞാൻ അയക്കുന്നു എന്ന വാക്യപ്രകാരം 'എമറൈ' പദത്താൽ ശ്ലീഹന്മാരെയും അവിടുന്നു സൂചിപ്പിക്കുകയുണ്ടായി. അതായതു, നീ എന്നെ സ്നേഹിക്കുന്നെങ്കിൽ നിന്റെ സഹോദരന്മാരായ ശ്ലീഹന്മാരെ കാത്തുസൂക്ഷിക്കുക; 'എർബൈ' 'ന്ക്കാവാസു'കളാൽ അവിടുന്നു രാജാക്കന്മാരെയും ധനികന്മാരെയും സൂചിപ്പിക്കുന്നു." (18)

---

(18) Comment in Joan. Cod: Vatic (Syriac) 289. p. 260.

6. ഇതുവരെ പറഞ്ഞവ മുമ്പിൽ വച്ചുകൊണ്ട് പുതിയ നിയമം മുഴവനും ഒന്ന പരിശോധിക്കാം.

ശ്ലീഹന്മാരുടെ നാമപ്പട്ടികകളിലെല്ലാം പത്രോസിൻെറ നാമം ഒന്നാമത്തേതാണ്. (19) ശ്ലീഹന്മാരിൽ ഒന്നാമൻ പത്രോസാണെന്ന വി. മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. നവീന നാമം പത്രോസു മാത്രമേ അഘോഷപൂർവ്വം സ്വീകരിച്ചൊള്ളു. (20) പത്രോസു സ്വീകരിച്ച പാറ എന്ന നാമം അദ്ദേഹത്തിൻെറ സ്വഭാവത്തോടോ ചരിത്രത്തോടോ യോജിക്കുന്നില്ല. അകയാൽ അതു് അദ്ദേഹത്തിൻെറ ഉദ്യോഗത്തെ സൂചിപ്പിക്കുന്നതാകണം. പത്രോസു തന്നെ രൂപകാൎത്ഥത്തിൽ ഇതു മ്ശിഹായിക്കു കൊള്ളിക്കുന്ന എന്നും പ്രസ്താവ്യമാണ്. (21) മ്ശിഹായുടെ ദൈവത്വം അനുസരിച്ച് പറയുന്നതിൽ ഒന്നാമനാണ് പത്രോസ്. അതു സംഭവിച്ചതു് ദൈവികവെളിപാടാലുമാണ്. അതു കാരണം പ്രത്യേകവാഗ്ദാനങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. "ഈ പാറമേൽ ഞാൻ എൻെറ പള്ളി പണിയും" "സ്വൎഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും." ഒരു പ്രത്യേകവെളിപാടാൽ ദൈവിക ജ്ഞാനം സിദ്ധിച്ചതായി പത്രോസിനോടു മാത്രമേ മ്ശിഹാ പറയുന്നൊള്ളു. (22) ശ്ലീഹന്മാരുടെ പേക്കായി പത്രോസു പറയുന്ന "നീ ദൈവപുത്രനായ മ്ശിഹാ ആണെന്ന ഞങ്ങൾ വിശ്വസിക്കയും അറിയുകയും ചെയ്യുന്നു." (23) മ്ശിഹായുടെ പ്രതിപുരുഷനായി ലോകം പത്രോസിനെ കരുതുന്നു. ഇപ്രകാരം തന്നെ മ്ശിഹായും അദ്ദേഹത്തെ കരുതുന്നു. എന്തുകൊണ്ടെന്നാൽ തലക്കാണം കൊടുത്ത വിഷയത്തിൽ പത്രോസിനെ തന്നോടു ഒരു അത്ഭുത സംഭവത്താൽ മ്ശിഹാ യോജിപ്പിച്ചു. (24) പന്ത്രണ്ടുപേൎക്കുമായി "ഞങ്ങൾ ആരുടെ പക്കൽപോകും? നീ ദൈവപുത്രനായ മ്ശിഹാ ആണെന്ന ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു" എന്ന പറഞ്ഞതു പത്രോസത്രെ. (25) പത്രോസിൻെറ തോണിയാണ് മ്ശിഹായുടെ പ്രസംഗപീഠം. അത്ഭുതകരമായ മീൻപിടുത്തവും അതിൻെറ വ്യാഖ്യാനവും ഇതിൻെറ തുടർച്ചയാണ്. (26) മററുള്ളവരെ അപേക്ഷിച്ച് പത്രോസു മ്ശിഹായുടെ പ്രാൎത്ഥനക്കു പ്രത്യേകവിധം വിഷയമായി: "നിങ്ങളെ വേർതിരിക്കുവാൻ പിശാച് അന്വേഷിച്ചു...ഞാൻ നിനക്കായി പ്രാൎത്ഥിച്ചിട്ടുണ്ട്." അദ്ദേഹമാണ് മററവരുടെ ആധാരം: "നീ നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക". മൂന്നു പ്രാവശ്യം അപലപിച്ചെങ്കിലും പത്രോസിൻെറ വിശ്വാസം ക്ഷയിച്ചില്ല. അപലാപത്തിൽ വിശ്വസ്തതക്കല്ലാതെ (fidelity) വിശ്വാസത്തിനു (Faith) ഹാനി തട്ടിയില്ല. എന്തുകൊണ്ടെന്നാൽ വിശ്വാസം ക്ഷയിക്കാതിരിപ്പാൻ മ്ശിഹാ പ്രത്യേക

---

(19) Math. 10, 2. Mark 3, 16. Luke 6, 14. Acts 1, 13.
(20) Joh. 1, 42. (21) 1 Pet. 2, 4.
(22) Math. 16, 16. sqq. (23) Joh. 6, 70
(24) Math. 17, 23. sqq.
(25) Joh. 6, 69-70. (26) Luke 5, 1-3.

വിധം പ്രാൎത്ഥിച്ചിട്ടുണ്ടായിരുന്നു. (27) കാരണം, അദ്ദേഹം സ്വസഹോദരന്മാരെക്കൂടെയും ഉറപ്പിക്കേണ്ടവനായിരുന്നു.

മ്ശിഹായുടെ മൂന്നു പ്രത്യേക സ്നേഹിതന്മാരിൽ ഒന്നാമനാണ് പത്രോസ്. ഇതു വേദപുസ്തകത്തിൽ പലപ്രാവശ്യം നാം കാണുന്നുമുണ്ട്. (28) മററുള്ളവരിൽ നിന്നു വ്യത്യാസപ്പെട്ടവനായാണ് പത്രോസു വേദപുസ്തകത്തിൽ പ്രത്യക്ഷനാകുന്നതു്. "ശെമഓനും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നവരും" എന്നിങ്ങനെ നാം പല കുറി വായിക്കുന്നു. (29) ശത്രുക്കൾ മ്ശിഹായെ പിടിക്കുവാൻ വന്നപ്പോൾ വാളെടുത്തു വെട്ടിയതു പത്രോസായിരുന്നു. (30) മ്ശിഹായെ മൂന്നു പ്രാവശ്യം അപലപിച്ചെങ്കിലും അവിടത്തെ പീഡാനുഭവങ്ങളിൽ പത്രോസു സമീപെയുണ്ടായിരുന്നു. (31) മ്ശിഹായെ അപലപിക്കുന്നതിനുള്ള നിൎഭാഗ്യം പത്രോസിനുണ്ടായെങ്കിലും മ്ശിഹാ തന്റെ പ്രിയ ശിഷ്യനെ ആ സമയത്തും മറന്നില്ല. അവിടുന്നു പത്രോസിനെ ഒന്നു കടാക്ഷിക്കയുണ്ടായി. പത്രോസു പൂൎണ്ണമായി പശ്ചാത്തപിക്കയും ചെയ്തു. (32) പ്രായം കൂടിയവനെങ്കിലും പുനരുത്ഥാനത്തിങ്കൽ ഓടിയെത്തി മ്ശിഹായുടെ കല്ലറയിൽ പ്രവേശിച്ചവരിൽ ഒന്നാമനത്രെ പത്രോസ്. (33) മററവരുടെ തലവനും അവൎക്കു പകരമുള്ളവനുമായി ദൈവദൂതൻ പത്രോസിനെ ചൂണ്ടിക്കാണിച്ചു. (34) "സത്യമായും കൎത്താവു ഉയിൎത്തു ശെമഓനു കാണപ്പെട്ടു" എന്നു മററു ശ്ലീഹന്മാരും അവരുടെ കൂടെയുണ്ടായിരുന്നവരും പറഞ്ഞിരുന്നു. (35) മീൻ പിടിക്കുവാൻ മററു ശ്ലീഹന്മാരെ പത്രോസു കൂട്ടിക്കൊണ്ടുപോകുന്നു. ഇതിൽ ഒരു വലിയ രൂപകാൎത്ഥമുണ്ട്. (36) ഈശോയെ സമീപിക്കുവാൻ കടലിൽ ചാടിയതു പത്രോസുമാത്രം. (37) പത്രോസു മററു ശ്ലീഹന്മാരെക്കാൾ കൂടുതലായി മ്ശിഹായെ സ്നേഹിച്ചിരുന്നു. (38) നല്ല ഇടയന്റെ പ്രതിപുരുഷനായി മൂന്നുപ്രാവശ്യം പ്രത്യേകനിയമനം പത്രോസിനു മാത്രമേ സിദ്ധിച്ചൊള്ളു. പത്രോസിന്റെ മരണം എപ്രകാരമുള്ളതായിരിക്കുമെന്നു മ്ശിഹാ മുമ്പുകൂട്ടി അറിയിച്ചു. (39) യൂദായുടെ സ്ഥാനത്തു വേറൊരാളെ നിയമിക്കുന്നതിൽ ഒന്നാമനും കാരണഭൂതനും പത്രോസല്ലാതെ മററാരുമല്ല. (40) പരിശുദ്ധാരൂപി വേദപുസ്തകത്തിൽ പ്രവചിച്ചിരിക്കുന്നതു് യൂദായുടെ വിഴ്ച്ചയും മത്തിയായുടെ നിയമനവും വഴിയായി നിറ

(27) Luke 22. 31-32.
(28) Math. 17, 1; 26, 37-40. Mark 5, 37; 14, 37.
(29) Mark 1, 36. Acts 2 37; 5, 29 &c.
(30) Joh. 18, 10. (31) Joh. 18, 16.
(32) Luke 22, 61-62. (33) Luke 24, 12. Joh. 20, 6.
(34) Mark 16, 7, (35) Luke 24, 34. (36) Joh. 21, 2-3.
(37) Joh. 21, 7. (39) Joh. Ibid.
(38) Joh. 21, 15. sq. (40) Acts. 1, 15. sqq.

വേററി എന്നു മററുശ്ലീഹന്മാരെ അറിയിച്ചതും പത്രോസുതന്നെ. (41) പന്തക്കൊസ്തേദിവസം ഒന്നാമതായി പ്രസംഗിച്ചതും മനുഷ്യരെ സ്വർഗ്ഗത്തിലേക്കു ക്ഷണിച്ചതും പത്രോസല്ലയോ? (42) മററു ശ്ലീഹന്മാരുടെ തലവനും അവരുടെ നാവുമായി ലോകം പത്രോസിനെയാണു് സ്വീകരിച്ചതു്. (43) യോഹന്നാൻ കൂടെ ഉണ്ടായിരുന്നെങ്കിലും പരസ്യമായും ഔദ്യോഗികമായും ഉള്ള ഒന്നാമത്തെ അത്ഭുത പ്രവൎത്തകൻ പത്രോസത്രെ. യോഹന്നാനു മ്ശീഹായുമായുണ്ടായിരുന്ന പ്രത്യേകബന്ധം പത്രോസിൻെറ അധികാരബന്ധത്തിൽ നിന്നു വ്യത്യസ്തമെന്നു ഇതിൽനിന്നു സിദ്ധിക്കുന്നു. (44) ഇതിനെത്തുടൎന്നു ജനക്കൂട്ടത്തോടു പ്രസംഗിച്ചതും പത്രോസു തന്നെ. (45) അധികാരികളുടെ മുമ്പിൽ പള്ളിയെ ആദരിക്കുന്നതു പത്രോസുമാത്രം (46) ഒന്നാമത്തെ ശാപോച്ചാരണം പത്രോസാണു് നടത്തിയതു്. ഒരത്ഭുതത്താൽ ദൈവം അതു അംഗീകരിക്കയും ചെയ്തു. (47) നിഴൽപോലും അത്ഭുതം പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ അതു പത്രോസിൻെറ നിഴൽമാത്രം. (48) മരിച്ചവരെ ഉയിൎപ്പിച്ചവരിൽ ഒന്നാമനാണു് പത്രോസ്. പഠിപ്പിക്കുവാനും മാമ്മോദീസാ നൽകുവാനും ആരോടാവശ്യപ്പെടണമോ ആ ആൾ പത്രോസാണെന്നു് ദൈവം വെളിപ്പെടുത്തി. പുറജാതികളെ പള്ളിയിൽ സ്വീകരിക്കുന്നതിൽ ഒന്നാമനും പത്രോസുതന്നെ. (49) പ്രത്യേകവിധമായ മൂന്നുവെളിപാടുകൾ പത്രോസിനുണ്ടായി. (50) പള്ളിയുടെ സാൎവ്വത്രികതയെപ്പററി മററു ശ്ലീഹന്മാൎക്കു പത്രോസു പ്രബോധനം നൽകി. (51) ഒരു വ്യക്തിക്കുവേണ്ടി പ്രത്യേകതരത്തിലുള്ള ഒരു സഹായം ദൈവത്തിൽനിന്നുണ്ടായിട്ടുള്ളവരിൽ ഒന്നാമനാണു് പത്രോസ്. (52) വേറൊരുശ്ലീഹാ കൊല്ലപ്പെട്ടപ്പോൾ പത്രോസ് രക്ഷിക്കപ്പെട്ടു. (53) പത്രോസിനുവേണ്ടി പള്ളിമുഴുവനുമാണു് പ്രാൎത്ഥിച്ചതു്. ഒന്നാംസൂനഹദോസു നടത്തുന്നതും അതിൽ സ്വീകരിക്കേണ്ട നിയമങ്ങൾ ഏതെന്നു നിശ്ചയിക്കുന്നതും പത്രോസ്. (54) മ്ശീഹാ ആൎക്കെല്ലാം കാണപ്പെട്ടോ അവരിൽ ഒന്നാംസ്ഥാനം പത്രോസിനായിരുന്നുവെന്നു് വി. പൌലോസു പറയുന്നു. (55) ഓർശ്ലേത്തിലെ മെത്രാനായിരുന്ന യാക്കോബുശ്ലീഹാ അവിടെയുണ്ടായിരുന്നെങ്കിലും അദ്ദേഹത്തേക്കാൾ ഉന്നതൻ പത്രോസായിരുന്നെന്നു്, ഓർശ്ലേത്തിൽ പോയി വി. പൌലോസ് പത്രോസിനെ സന്ദൎശിച്ചതിൽനിന്നു തെളിയുന്നു. (56) ഓർശ്ലേമിൽ വെച്ചു് യാക്കോബുശ്ലീഹായേക്കൂടെയും കണ്ടെങ്കിലും ഓർശ്ലേമിലേക്കുപോകുവാനുണ്ടായിരുന്ന

(41) Acts Ibid.
(42) Acts 2, 14.
(43) Acts 2, 37, 38, 41.
(44) Acts 3, 1–10.
(45) Acts 3. 12.
(46) Acts 4, 8. sq.
(47) Acts 5, 2–11.
(48) Acts 5, 15.
(49) Acts 10, 5, 34–37.
(50) Acts 10, 10–sq.
(51) Acts 11, 5–17.
(52) Acts 12, 5–17.
(53) Ibid.
(54) Acts 15, 7–11.
(55) I Cor. 15, 5.
(56) Gal. 1, 18.

ഉദ്ദേശ്യം പത്രോസിനെ കാണണമെന്നായിരുന്നുവെന്നും ഗാലത്തായക്കുള്ള ലേഖനത്തിൽനിന്നു വിശദമാണ്. (57) വൃഥാ ഓടാതിരിക്കുന്നതിനും, ഓടിയതു വൃഥാ ആകാതിരിക്കുന്നതിനും ഓർശ്ലേമിലെത്തുവാൻ വി. പൌലോസിനു വെളിപാടുണ്ടായി. (58) ഓർശ്ലേമിൽ പത്രോസുണ്ടായിരുന്നു. (59) പത്രോസിന്റെ പ്രവൃത്തിക്കു വിരോധമായി നില്ക്കുക ഒരു വലിയ കാൎയ്യമെന്നപോലെ താൻ അങ്ങിനെ ചെയ്തു എന്നു സ്വയം ആദരിക്കുവാൻ വി. പൌലോസു രണ്ടുപ്രാവശ്യം പറയുന്നു. ഉന്നതസ്ഥാനത്തിരുന്ന പത്രോസിന്റെ ഒരു പ്രവൃത്തി- വിശ്വാസത്തേയും സന്മാൎഗ്ഗനടത്തയേയും ബാധിക്കാത്ത ഒരു പ്രവൃത്തി- അത്ര ശരിയായില്ലെന്നു എല്ലാവരുടേയും മുമ്പാകെ അദ്ദേഹത്തിന്റെ നേരെ നോക്കി പറഞ്ഞതു ഒരു വലിയ കാൎയ്യമായി വി. പൌലോസു കരുതുന്നു. ഗാലത്തായക്കു തന്നിൽ വിശ്വാസം വരുത്തുന്നതിനും ഗാലാത്തായർ ഏററം മതിച്ചിരുന്ന പത്രോസിന്റെ പഠനം തന്റേതിൽനിന്നു വ്യത്യസ്തമല്ലായിരുന്നെന്നും തെളിയിക്കാനാണ്· വി. പൌലോസിങ്ങനെ പറയുന്നതു്. (തന്നിൽത്തന്നെ സാരമുള്ളവയല്ലെങ്കിലും മററു വല്ല കാരണത്താലും ദൂഷ്യകരമായിപ്പരിണമിക്കാവുന്ന ചില സംഗതികളിൽ മേലുള്ളവരെ ഓൎപ്പിക്കേണ്ടതു് ചില അവസരങ്ങളിൽ കീഴുള്ളവരുടെ കടമയാണ്.) (60)

മ്ശിഹായുടെ ആടുകളെ മേയ്ക്കുന്ന ജോലി പ്രത്യേകവിധമായി തന്നെ ബാധിക്കുന്നുഎന്നു കാണിക്കുമാറു രണ്ടുപ്രാവശ്യം പത്രോസുതന്നെ ഈ കാൎയ്യം എടുത്തുപറയുകയുണ്ടായി. (61) പത്രോസും മററു ശ്ലീഹന്മാരും എന്നുപറഞ്ഞുകൊണ്ടു വി. പൌലോസു പത്രോസിനെ ഒന്നു് തരം തിരിക്കുന്നു. (62) ഇങ്ങനെതന്നെ ദൈവദൂതനും ചെയ്തതായി വി. മർക്കോസു പറയുന്നു. (63) പത്രോസു പള്ളിമുഴുവനും സന്ദർശിച്ചു.(64) പത്രോസിനുവേണ്ടി പള്ളിമുഴുവനും പ്രാൎത്ഥിക്കയും ചെയ്തു. (65) ശ്ലീഹന്മാരുടെ ഗണത്തിൽ ചേൎക്കപ്പെട്ടതിൽ ആദ്യത്തെ ആൾ പത്രോസല്ലായിരുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. (66) എന്നിട്ടും അദ്ദേഹത്തിനു എന്തുകൊണ്ടിങ്ങനെയുള്ള പ്രത്യേകതകൾ അനുവദിക്കപ്പെട്ടു എന്നു് ആലോചിച്ചാലും. ഈ പറഞ്ഞ സംഭവങ്ങളിൽ ചിലതുകളിൽനിന്നു് പത്രോസിനു പരമാധികാരം ഉണ്ടെന്നു മുൻലക്കങ്ങളിൽ തെളിയിച്ചിട്ടുണ്ടല്ലോ. ശേഷമുള്ളവയെല്ലാം ഒരുമിച്ചെടുത്തുനോക്കുക. അപ്പോൾ അവയുടെ ശക്തി പ്രത്യക്ഷപ്പെടും. The direction of one or two or even three straws falling in a certain direction may be the result of a Chance draught: thirty straws all falling in one direction practically indicate a steady wind.

(57) Gal. 1, 18.
(58) Cal. 2, 2.
(59) Acts 15.
(60) Acts 10. Gal. 2, 11-14.
(61) 1 Pet. 2, 25, 5, 4. Cf. Joh 21, 15.
(62) Icor. 9, 5.
(63) Mark 16, 7.
(64) Acts 9, 32.
(65) Acts 12, 5.
(66) Joh. 1, 33-41.

വേദപുസ്തകത്തിൽ വളരെ തെളിവായി കൊടുത്തിരിക്കുന്നവയിൽ ഒന്നാണ് പത്രോസിൻെറ പരമാധികാരമെന്ന് ഇത്രയും പറഞ്ഞതിൽനിന്നു വ്യക്തമാകുന്നു. പിതാക്കന്മാരും പുരാതനസഭകളും ഐകകണ്ഠ്യേന ഈ സത്യത്തിനു സാക്ഷിനിൽക്കുന്നതിൻെറ കാരണം ഇതുതന്നെ. "വേദപുസ്തകം" "വേദപുസ്തകം മാത്രം" എന്നു മുറവിളികൂട്ടുന്ന നമ്മുടെ പ്രോട്ടസ്റ്റൻറ് സഹോദരങ്ങൾ വേദപുസ്തകത്തിൽ ഈ സത്യം കണ്ടെത്താത്തത് എന്തുകൊണ്ടായിരിക്കാം?

# നാലാം അദ്ധ്യായം.

## പിൻതുടർച്ച.

പത്രോസ് പ്രാപിച്ച പരമാധികാരം പത്രോസിൻെറ മരണത്തോടെ അവസാനിക്കേണ്ടതല്ലായിരുന്നു. മ്ശിഹാ സ്ഥാപിച്ച പള്ളി ലോകാവസാനംവരെ നിലനിൽക്കേണ്ടതാണ്. "നിങ്ങൾ പോയി എല്ലാ സൃഷ്ടികളോടും പ്രസംഗിക്കുവിൻ" (1) "...... കണ്ടാലും ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളുടെകൂടെ ഉണ്ട്." (2) "പിതാവിനോടു ഞാൻ ചോദിക്കയും അവിടുന്നു എല്ലാസമയത്തും നിങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതിനായി വേറൊരു ആശ്വാസപ്രദായകനെ നിങ്ങൾക്കായി അയക്കയും ചെയ്യും" (3) എന്നിങ്ങനെയുള്ള വാഗ്ദത്തങ്ങൾക്കു വല്ല അർത്ഥവുമുണ്ടെങ്കിൽ മ്ശിഹാ സ്ഥാപിച്ച പള്ളി ലോകാവസാനംവരെ നിലനില്ക്കണം. പള്ളി സ്ഥാപിച്ചതിൽ മ്ശിഹാസ്സുണ്ടായിരുന്ന ഉദ്ദേശ്യം മനുഷ്യരക്ഷയാണ്. ലോകാവസാനംവരെ രക്ഷിക്കപ്പെടേണ്ട മനുഷ്യർ ഉണ്ടായിരിക്കുമെന്നതു നിശ്ചയമാകയാൽ അന്നുവരെ മ്ശിഹായുടെ പള്ളിയും ഉണ്ടായിരിക്കണം എന്നു സ്പഷ്ടമാണ്. ഇങ്ങനെയുള്ള പള്ളിയുടെ അടിത്തറയാണ് പത്രോസ്. അടിത്തറകൂടാതെ കെട്ടിടം എങ്ങനെ നില്ക്കും? പക്ഷേ പത്രോസു മരിച്ചിട്ടു ശതാബ്ദങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് പത്രോസിൻെറ സമസ്താധികാരങ്ങളും ഉള്ള ഒരാൾ പള്ളിഭരണത്തിനു ഇന്നും അവശ്യം ഉണ്ടായിരിക്കണം.

മ്ശിഹായുടെ ആടുകളെ എല്ലാം മേയിക്കേണ്ട ഇടയനല്ലയോ പത്രോസ്? എന്നുവരെയാണ് ആട്ടാല നിലനിറുത്തിക്കൊണ്ടു പോകേണ്ടതു്? എന്നുവരെയാണ് ആടുകളെ മേയിക്കേണ്ടതു്? വിശ്വാസികളെ പഠിപ്പിക്കേണ്ട സമയം മുഴുവനും; തെററിനടക്കുന്ന സഹോദര

(1) Mark, 16, 15.
(2) Math, 28, 20.  (3) Joh. 14, 16.

ങ്ങൾ എപ്പോഴെല്ലാമുണ്ടാകുമോ അപ്പോഴെല്ലാം; അലഞ്ഞുനടക്കുന്ന ആട്ടുകൾ എപ്പോഴെല്ലാമുണ്ടാകുമോ അപ്പോഴെല്ലാം; ഒരുവാക്കായിപ്പറഞ്ഞാൽ ലോകാവസാനംവരെ നിലനില്ക്കേണ്ട ഒരു ജോലിയാണ് മ്ശിഹായുടെ ആട്ടുകളെ മേയിക്കുക എന്നതു്. എന്നാൽ നാം മ്ശിഹായുടെ ആട്ടുകൾ അല്ലയോ? നമ്മുടെ ദൃശ്യ ഇടയനെവിടെ? മ്ശിഹായെ ശാരീരിക കണ്ണുകൾകൊണ്ടു കണ്ടവൎക്കു അവിടുന്നു ഒരു ദൃശ്യതലവനെ കല്പിച്ചുകൊടുത്തെങ്കിൽ ഈ കാലത്തു ജീവിക്കുന്ന നമുക്ക് അപ്രകാരമുള്ള ഒരിടയനെ അവശ്യമുണ്ടെന്നുള്ളതിൽ എന്താണ് തൎക്കം? പത്രോസു ഒരു മെത്രാനായിരുന്നെന്നു മുമ്പ് പറഞ്ഞിട്ടുള്ളതിനാൽ ഒരു മെത്രാൻ– ഒരു മെത്രാൻമാത്രം– അദ്ദേഹത്തിന്റെ സ്ഥാനസംജ്ഞ മെത്രാനെന്നോ, മെത്രാപ്പോലീത്തായെന്നോ, എക്സാൎക്കെന്നോ, പാത്രിയാൎക്കീസെന്നോ ഏതെങ്കിലുമായിക്കൊള്ളട്ടെ– മററു വൈദികമേലദ്ധ്യക്ഷന്മാരുടെ മേൽ കൂടെയും പരമാധികാരം പ്രവൎത്തിക്കുന്നവനായി ഇന്നും ഉണ്ടു്. ഒരു പാത്രിയൎക്കീസിനു് തന്റെ കീഴുള്ളവരുടെമേൽ എന്നതിൽ കൂടുതലായ അധികാരങ്ങൾ ഈ മെത്രാനു് പാത്രിയൎക്കീസന്മാരുടെമേൽക്കൂടെയും ഉണ്ടാകണം. പാത്രിയൎക്കീസുമാരുടെ സങ്കടനിവാരണം ചെയ്യുവാനും അവരെ വിധിക്കുവാനും സ്ഥാനഭ്രംശംചെയ്യുവാൻ കൂടെയും ഇദ്ദേഹത്തിനു അധികാരമുണ്ടു്. എന്തുകൊണ്ടെന്നാൽ "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വൎഗ്ഗത്തിലും കെട്ടപ്പെടും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വൎഗ്ഗത്തിലും അഴിക്കപ്പെടും" എന്നു മററു ശ്ലീഹന്മാർ നില്ക്കവേ മ്ശിഹാ പത്രോസിനോടു പറയുകയുണ്ടായി. അതു അദ്ദേഹത്തെ പള്ളിയുടെ അടിത്തറയും താക്കോൽക്കാരനുമാക്കിയശേഷവുമായിരുന്നു. ഈ അധികാരം തന്നെയാണ് പത്രോസിന്റെ പിൻഗാമിക്കുമുള്ളതു്.

പള്ളിഭരണത്തിനായി പത്രോസിനു കിട്ടിയ അധികാരങ്ങളും പ്രത്യേക വരങ്ങളും ഈ മെത്രാനും ഉണ്ടായിരിക്കണം. "നരകവാതില്ലുകൾ അതിനെ ജയിക്കുകയില്ല" (4) എന്നാണ് പത്രോസിന്റെമേൽ സ്ഥാപിക്കപ്പെട്ട തന്റെ പള്ളിയേപ്പററി മ്ശിഹാ പറയുന്നതു്. ആ പള്ളി ഇന്നും ഉണ്ടെന്നുള്ളതിൽ സംശയമില്ല. ആകയാൽ ഇന്നും നരകവാതലുകൾ അതിനെ ജയിക്കുകയില്ല. എന്നാൽ അതു് ഏതെങ്കിലും തെററിലുൾപ്പെട്ടാൽ നരകവാതില്ലുകൾ അതിനെ ജയിക്കയാണ് ചെയ്യുന്നതു്. ഈ കാരണത്താൽ മ്ശിഹായുടെ പള്ളി യാതൊരു തെററിലും ഉൾപ്പെടാൻ പാടില്ല എന്നു നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ പള്ളിയെ പഠിപ്പിക്കുമ്പോൾ വിശ്വാസസന്മാൎഗ്ഗവിഷയകമായി പത്രോസോ അദ്ദേഹത്തിന്റെ പിൻഗാമികളോ വല്ല തെററിലും ഉൾപ്പെട്ടാൽ പള്ളിയും അതേ തെററിൽ തന്നെ ഉൾപ്പെടേണ്ടിവരും. ഇതു് അസാദ്ധ്യമാകയാൽ പത്രോസും പിൻഗാമികളും വിശ്വാസസന്മാൎഗ്ഗവിഷയകമായി പള്ളിയെ പഠിപ്പിക്കുമ്പോൾ തെററിൽ ഉൾ

(4) Math. 16, 18.

പ്പെടുവാൻ പാടില്ലെന്നും നാം വിശ്വസിച്ചേ തീരൂ. കൂടാതെയും "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും" എന്നുകൂടെയും മിശിഹാ പത്രോസിനോടു അരുളിച്ചെയ്തു. പള്ളിയെ പഠിപ്പിക്കുമ്പോൾ വിശ്വാസസന്മാർഗ്ഗവിഷയകമായി പത്രോസോ അദ്ദേഹത്തിന്റെ പിൻഗാമികളോ ഭൂമിയിൽ വല്ലതും തെറ്റായി കെട്ടുകയോ അഴിക്കുകയോ ചെയ്താൽ സ്വർഗ്ഗത്തിൽ അതുതന്നെ എങ്ങിനെ അതേ വിധത്തിൽ കെട്ടപ്പെടുകയോ അഴിക്കപ്പെടുകയോ ചെയ്യും? ആകയാൽ വിശ്വാസസന്മാർഗ്ഗ വിഷയങ്ങളിൽ പള്ളിയെ നടത്തുമ്പോൾ പത്രോസിന്റെ പിൻഗാമി തെറ്റിലുൾപ്പെട്ടുകൂടാ. സ്വകാര്യങ്ങളിൽ വല്ല വിഷയത്തിലും അദ്ദേഹത്തിന് വല്ല കുറ്റമോ കുറവോ ഉണ്ടായി എന്ന് വരാം എന്ന് ആരും നിഷേധിക്കുന്നില്ല.

മുൻ പറഞ്ഞ ന്യായങ്ങളാൽ തന്നെ തനിച്ചോ സൂനഹദോസുകളിലോ, പത്രോസിന്റെ പിൻഗാമി പള്ളിമുഴുവനെയും വിശ്വാസസന്മാർഗ്ഗവിഷയകമായി പഠിപ്പിക്കുമ്പോൾ തെറ്റിൽ ഉൾപ്പെടുവാൻ പാടില്ല. മെത്രാന്മാർ എല്ലാവരും ഒത്തൊരുമിച്ച് എന്തെങ്കിലും പഠിപ്പിച്ചാൽ പത്രോസിന്റെ പിൻഗാമി അവിടെയില്ലെങ്കിൽ അവക്കു തെറ്റാവരമില്ല എന്നും ഇത്രയും പറഞ്ഞതിൽനിന്നു സിദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ ശരീരാംഗങ്ങൾ എല്ലാം ഒത്തൊരുമിച്ചാലും തല കൂടാതെ അവയ്ക്കു് ഒന്നുംതന്നെ ചെയ്യുവാൻ സാധിക്കയില്ല. ആകയാൽ സാർവ്വത്രിക സൂനഹദോസുകളിൽ ആദ്ധ്യക്ഷം വഹിക്കേണ്ട ചുമതല പത്രോസിന്റെ പിൻഗാമികളിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ സ്ഥിരീകരണമെങ്കിലുമില്ലാതെ സാർവ്വത്രിക സൂനഹദോസുകൾ ഉണ്ടായിക്കൂടെന്നും ഇതിൽനിന്നു വ്യക്തമാകുന്നു.

"നീ എന്റെ ആടുകളെ എനിയ്ക്കായി മേയിക്കുക" എന്നു മ്ശിഹാ പത്രോസിനോടാജ്ഞാപിച്ചു. അതിനാൽ പത്രോസിനും പിൻഗാമികൾക്കും വിശ്വാസികൾ ഓരോരുത്തരുടെമേലും പള്ളി മുഴുവന്റെമേലും പരമാധികാരമുണ്ട്. അദ്ദേഹത്തോടു യോജിച്ചുനില്ക്കുവാൻ എല്ലാവർക്കും കടമയുമുണ്ട്. "പള്ളിയെ കേൾക്കാത്തവൻ പുറജാതിക്കാരനെയും ചുങ്കക്കാരനെയുംപോലെ നിനക്കായിരിക്കട്ടെ." (5) എന്നല്ലയോ മ്ശിഹാ അരുൾചെയ്തിരിക്കുന്നത്. അതേ, "ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിയും" എന്ന് അവിടന്നു കല്പിച്ചു പറഞ്ഞപ്പോൾ ഏതു പള്ളിയെ സൂക്ഷിച്ചുവോ, ആ പള്ളിയെ കേൾക്കാത്തവൻ- പത്രോസിന്റെമേൽ എന്നപോലെ തന്നെ അദ്ദേഹത്തിന്റെ പിൻഗാമികളുടെമേലും പണിയപ്പെട്ടിരിക്കുന്നതും അവരാൽ ഭരിക്കപ്പെടുന്നതുമായ "പള്ളിയെ കേൾക്കാത്തവൻ-" പത്രോസിന്റെ പിൻഗാമിക്കു കീഴ്‌വഴങ്ങാത്തവൻ- പുറജാതിക്കാരനെയും ചുങ്കക്കാരനെയും പോലെ നിനക്കായിരിക്ക

(5) Math. 18, 17.

ട്ടെ. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കാത്തവനെയാണല്ലോ പുറജാതിക്കാരൻ എന്നു നാം പറയുന്നത്. അങ്ങനെയുള്ളവനെപ്പോലെ തന്നെയാണ് പള്ളിയെ കേൾക്കാത്തവനെ നാം കരുതേണ്ടത് എന്നു മ്ശിഹാ പഠിപ്പിക്കുന്നു. വിശ്വസിക്കാത്തവനാകട്ടെ വിധിക്കപ്പെടും. അതായത് നിത്യശിക്ഷയ്ക്കു വിധിക്കപ്പെടും എന്നുകൂടെയും മ്ശിഹാ അരുൾചെയ്തിട്ടുണ്ട്. (6) ഈ കാരണത്താൽ നിത്യരക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവൻ പത്രോസിന്റെ പിൻഗാമിക്കു കീഴ്വഴങ്ങണമെന്നു സിദ്ധിക്കുന്നു. എല്ലാസഭയിലും രക്ഷയുണ്ട് എന്നുള്ള വാദം അടിസ്ഥാനരഹിതമാണ്.

ഭൂമുഖത്ത് നാമിപ്പോൾ കാണുന്ന അനവധി ക്രിസ്തീയസഭകൾ പഠനത്തിലും ഭരണത്തിലും പരസ്പരം യോജിക്കാതെ നില്ക്കുന്നതിനാൽ അവയിൽ ഓരോന്നിന്റെയും തലവന്മാർ പത്രോസിന്റെ പിൻഗാമികളാകുവാൻ പാടില്ല. ഏതെങ്കിലും ഒരു സഭയുടെ ഭരണം നടത്തുന്ന ആൾമാത്രമേ പത്രോസിന്റെ പിൻഗാമിയാകുവാൻ പാടുള്ളൂ. മററവരെല്ലാവരും അദ്ദേഹത്തോടു അവശ്യം യോജിക്കണം. പത്രോസിന്റെ പിൻഗാമി ആരാണെന്നു കണ്ടുപിടിച്ച് അദ്ദേഹത്തിനു കീഴ്പ്പെടേണ്ട ചുമതല എല്ലാവർക്കും ഉണ്ട്. നിത്യരക്ഷ പ്രാപിക്കുവാൻ ആഗ്രഹമുള്ളവരെല്ലാം ഇങ്ങനെ പ്രവർത്തിക്കണം. ആത്മരക്ഷയുടെ കാര്യമാകയാൽ 'അവൻ ചെയ്യട്ടെ' 'ഇവൻ ചെയ്യട്ടെ' എന്നിങ്ങനെ വിചാരിച്ചു തള്ളിക്കളയുവാൻ പാടുള്ള ഒന്നല്ല ഇത്. 'തലവന്മാർ തമ്മിൽ യോജിക്കട്ടെ അപ്പോൾ നമുക്കുമായിക്കൊള്ളാം.' എന്നിങ്ങനെ വിചാരിച്ചിരിക്ക എന്നതു ഈ വിഷയത്തിൽ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ സ്വന്തം ആത്മാവിനെ രക്ഷിക്കേണ്ട കടമ ഓരോരുത്തരിലും സ്ഥിതിചെയ്യുന്നു. തലവന്മാരെന്നു നാം കരുതുന്നവർ വാസ്തവത്തിൽ തലവന്മാരല്ലെങ്കിൽ ഈ വിചാരത്തിനെന്തർത്ഥമാണുള്ളത്? ഒരാളുടെ അധികാരത്തിനു എന്നെ മുഴുവനായി ഏല്പിച്ചുകൊടുക്കുന്നതിനുമുമ്പായി അയാൾക്കു വാസ്തവത്തിൽ അധികാരമുണ്ടോ എന്നു ഞാൻ അറിയേണ്ടയോ? അധികാരമില്ലെങ്കിൽ ഞാൻ എങ്ങിനെ അയാളെ ആശ്രയിക്കും? എന്തിന് അയാളെ ആശ്രയിക്കുന്നു?

പത്രോസിന്റെ പിൻഗാമിയോടു യോജിക്കേണ്ട കടമ എല്ലാവർക്കുമുള്ളതുപോലെ എല്ലാവരുടേയും കാര്യമന്വേഷിക്കേണ്ട കടമ അദ്ദേഹത്തിനുമുണ്ട്: "നീ എന്റെ ആടുകളെ എനിക്കായി മേയിക്കുക." താനാണ് പരമാധികാരമുള്ളവനെന്നുള്ള ബോധം അദ്ദേഹത്തിനുണ്ടായിരിക്കണം. ആ ബോധത്തിനനുസരിച്ചുള്ള പ്രവൃത്തിയും അപ്പോൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടാകും. ലോകം മുഴുവനും വിശ്വാസം നിർമ്മലമായി പാലിക്കേണ്ടതും ഫലം പുറപ്പെടുവിക്കാത്ത കൊമ്പുകളെ വെട്ടി ദൂരെ എറിയേണ്ടതും അദ്ദേഹമാണ്. ക്രിസ്ത്യാനികൾ എല്ലാവരുടെയും ആശ്രയവും സങ്കേതസ്ഥാനവും അദ്ദേഹത്തിൽതന്നെയായിരിക്കും. പാശ്ചാ

(6) Mark. 16, 16.

ത്യരെന്നോ പൌരസ്ത്യരെന്നോ ഉള്ള വ്യത്യാസം കൂടാതെ ഇരുകൂട്ടരുടെ മേലും അദ്ദേഹത്തിനു അധികാരം പ്രയോഗിക്കാം. ഇരുകൂട്ടരും അദ്ദേഹത്തിന്റെ വിധികളെ പാത്തുമിരിക്കണം.

പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമി ആരാണ്? അന്ത്യോക്യാ പാത്രിയക്കിസാണോ?

## അഞ്ചാം അദ്ധ്യായം.

### അന്ത്യോക്യാസഭ.

റോമ്മാ, അലക്സാന്ത്രിയാ, അന്ത്യോക്യാ എന്ന മൂന്നു സ്ഥലങ്ങളിലെ മെത്രാന്മാൎക്ക് ആദിമകാലം മുതൽ തന്നെ പാത്രിയക്കിസുനാമമുണ്ടായിരുന്നതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. സുപ്രസിദ്ധ ചരിത്രകാരനായ എവുസേബിയോസു ഈ മൂന്നു പള്ളികളിൽ പ്രത്യേകം ശ്രദ്ധ പതിച്ചിരിക്കുന്നതായി കാണുന്നു. "വിദ്യാവിഹീനന്മാരായ ശിഷ്യന്മാർ ഇത്ര മഹാ സഭകളെ അജ്ഞാതങ്ങളായവയല്ല പ്രത്യുത സാമ്രാജ്യത്തിന്റെ പ്രധാനങ്ങളായ സ്ഥാനങ്ങളിൽ— പട്ടണങ്ങളുടെ രാജ്ഞിയായ റോമ്മായിലും അലക്സാന്ത്രിയായിലും, അന്ത്യോക്യായിലും— വചനത്തിന്റെ ഏതു ശക്തിയാൽ സ്ഥാപിച്ചുവോ ആ ശക്തിയെ ഞാൻ പൎയ്യാലോചിക്കുമ്പോൾ 'എല്ലാജാതികളെയും പഠിപ്പിക്കുവിൻ' എന്നു അവരോടു കല്പിച്ചതാരോ ആ ആളിന്റെ മനുഷ്യാതീതവും ദൈവികവുമായ ശക്തികൂടാതെ ഇത്ര ഗംഭീരമായ ഒരു മഹൽകൃത്യം നിൎവ്വഹിക്കുവാൻ അവൎക്കു സാധിക്കയില്ലായിരുന്നു എന്നു തുറന്നു പറയുവാൻ ഞാൻ നിബന്ധിതനായിതീരുന്നു" (1) എന്നാണ് അദ്ദേഹം എഴുതിയിരുന്നതു്.

സുറിയായിൽ പ്രധാന നഗരവും പൌരസ്ത്യ രാജ്യങ്ങളുടെ "രാജ്ഞി"യുമായ അന്ത്യോക്യാ നഗരത്തിൽ സ്ഥാപിതമായ സഭ ആരുടേയും ശ്രദ്ധയെ ആകൎഷിക്കുന്ന ഒന്നാണ്. പരിഷ്കൃത ലോകത്തോളം തന്നെ സമവ്യാപ്തിയുണ്ടായിരുന്ന റോമാസാമ്രാജ്യത്തിലെ ഒരു പ്രധാന സ്ഥാനമായ അന്ത്യോക്യാ ക്രിസ്തുമത പ്രചാരണത്തിലും ഒരു പ്രധാനസ്ഥാനം വഹിച്ചതിൽ ഒട്ടും വിസ്മയിപ്പാനില്ല. മഹാനഗരമെന്നും, സമസ്ത സുറിയായുടെ തലസ്ഥാനപട്ടണമെന്നും അന്ത്യോക്യാ അറിയപ്പെടുന്നതിനും പുറമെ, ക്രിസ്തുമതാനുയായികൾ ആദ്യമായി 'ക്രൈസ്തവർ' എന്നു വിളിക്കപ്പെട്ട സ്ഥലവും അതുതന്നെ. (2) വിശുദ്ധ പത്രോസിന്റെ വ

(1) Praeparatio Evangelica quoted in the Irish Eccl. record [Dec. 1914.
(2) Acts. 11, 26.

ലിയ പട്ടണമായ അന്ത്യോക്യായിലെ സിംഹാസനം എന്നാണ് അന്ത്യോക്യാസഭയെ കൽക്കിദോനിയാ സൂനഹദോസ് സംജ്ഞചെയ്യുന്നതു്. (3) നാലാം ശതാബ്ദത്തിൽ അന്ത്യോക്യായുടെ വമ്പിച്ച അധികാരത്തിൻ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളുടെ പട്ടികയാണ് താഴെ ചേർത്തിരിക്കുന്നതു്.

പലെസ്തീനാപ്രീമ, പെവുനിക്കിയാ (Phaenicia), സുറിയാ, കിലിക്കിയാ, കെവുപ്രോസു (cyprus), അറേബ്യ, ഇസൌറിയ, പലസ്തീനസലുത്താറിസു, പലസ്തീനസെക്കുൻഡ, ലെവുനാൻപെവുനിക്കിയ, എവുപ്രത്തേൻസിസ്, സുറിയസലുത്താറിസു, ഒസ്രോനെ, മെസൊപ്പൊത്തോമിയ, കിലിക്കിയ സെക്കുൻഡ. (4)

അന്നു അന്ത്യോക്യക്കു കീഴ്പ്പെട്ടിരുന്ന അതിമെത്രാസനങ്ങളുടേയും മെത്രാപ്പോലീത്തൻ സ്ഥാനങ്ങളുടെ പേരുകളും താഴെ ചേർക്കുന്നു.

പലസ്തീനാപ്രീമയിൽ കേസറിയ, രണ്ടാം പലസ്തീനയിൽ സ്കിത്തോപ്പോലീസ്, മൂന്നാം പലെസ്തീനായിൽ പേത്ര, പെവുനിക്കിയായിൽ റൈറർ, ലെവുനാൻപെവുനിക്കിയയിൽ എമിസ്സ, കോൺസുളർ സുറിയായിൽ അന്ത്യോക്യാ, ലെവുനാൻ സുറിയായിൽ അപ്പാമിക്ക, വന്നാംകിലീക്കിയയിൽ താർസൂസ്, കിലിക്കിയ സെക്കുൻഡയിൽ അനസാർബിയൂസ്, കെവുപ്രോസിൽ കൊൺസ്റ്റാൻസ്യ, ഇസൌറിയായിൽ സെലൂക്കിയ, അറേബ്യയിൽ ബൊസ്റ്റ, എവുപ്രത്തേൻസിസിൽ ഹിയറാപ്പോലിസ്, ഒസ്രോനെയിൽ എദെസ്സ, മെസൊപ്പൊത്താമിയായിൽ അമിദ, (5) ഇവയെല്ലാം ഉപമെത്രാസനങ്ങളോടുകൂടിയ മെത്രാപ്പോലീത്തൻ സിംഹാസനങ്ങളായിരുന്നെന്നു തോന്നുന്നില്ല.

സൂചനം:— പൂർവ്വകാലത്തു് യൂദാ, ശമറിയാ, ഗ്ലീലാ എന്നു സ്ഥലങ്ങളുടെ മെത്രാപ്പോലീത്തൻ പട്ടണമായിരുന്നു ഒർശ്ലേം. എന്നാൽ ഓർശ്ലേമിൻെറ അധഃപതനാനന്തരം മെത്രാപ്പോലീത്തൻ സ്ഥാനം കേസറിയായിക്കു കിട്ടുകയും ഓർശ്ലേം കേസറിയായുടെ ഒരു ഉപമെത്രാസന (Suffragan See)മായിത്തീരുകയും ചെയ്തു. കേസറിയായും അതിൻെറ 32 ഉപമെത്രാസനങ്ങളും അന്തോക്യാധികാരത്തിൽ ഉൾപ്പെട്ടു നിന്നു. ഇതു പലെസ്തീനായിലെ കേസറിയാ ആണ്. പോന്തൂസിൽ വേറൊരു കേസറിയാ ഉണ്ടെന്നു് അറിഞ്ഞിരിക്കണം.

അന്ത്യോക്യായുടെ അധികാരവ്യാപ്തി മൂന്നാംശതാബ്ദത്തിൽ ഇതിലും കൂടുതലായിരുന്നു എന്നു കാണുന്നു. ചെറിയ ഏഷ്യയുടെ കിഴക്കുഭാഗത്തുണ്ടായിരുന്ന രൂപതകൾ എല്ലാം അന്നു അന്ത്യോക്യാ കീഴിൽ ഉൾപ്പെട്ടിരുന്നതായി കാണിക്കുന്ന ചില രേഖകൾ ഇവിടെ ചേർക്കുന്നു. അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന ഫാബിയൂസിനെ സംബന്ധിച്ചു 251—ൽ നടത്തുവാൻ നിശ്ചയിച്ച ഒരു സൂനഹദോസിൻെറ പ്രധാന പ്രവർത്തകന്മാരിൽ താർസൂസിൻെറയും കപ്പദോക്കിയായിലെ കേസറിയായുടെയും മെത്രാ

(3) Synod chalced act VII.
(4) L. BertiComp H. E. Isagoge. P. CLX.
(5) L. Berti com. Ibid.

മാരുണ്ടായിരുന്നു (6) അലക്സാന്ത്രിയായിലെ ദിവന്ന്യാസിയോസ് 256-ൽനടന്ന ഒരു സംഭവത്തെപ്പററി പറയുകയിൽ അന്ത്യോക്യാ, കപ്പദോക്കിയായിലെ കേസറിയ, ഓർഗ്ഗം, റൈർ, സുറിയായിലെ ലൗദെക്കിയാ, താർസൂസ്, പലെസ്തീനായിലെ കേസറിയാ എന്ന പള്ളികളെ അതിൽ സംബന്ധിപ്പിക്കുന്നുണ്ട്. (7) അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന സമോസത്ത പൗലോസിനെ സംബന്ധിച്ച് 264 മുതൽ 268വരെ നടന്ന സൂനഹദോസുകളിലെല്ലാം "പോന്തൂസ് പൊലെമോനിയക്കൂസ്" (Noo-caosaroa) മുതൽ അറേബ്യ പലെസ്റ്റീന എന്ന പ്രദേശങ്ങൾവരെയുള്ള സ്ഥലങ്ങളിലെ മെത്രാന്മാർ സംബന്ധിച്ചിരുന്നു. ഗലേറിയൂസ്, മാക്സിമൂസ് എന്ന ചക്രവർത്തിമാർ നടത്തിയ വേദ ഞെരുക്കത്തിന്റെ ശേഷം അൻകിരാ (Ancyra)യിൽ നടന്ന ഒരു സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ചത് അന്ത്യോക്യാ പാത്രിയർക്കീസായിരുന്നു. ബിത്തീനിയാ, പ്രുഗിയാ (Phrygia) പംഫീലിയാ എന്ന പ്രദേശങ്ങളിൽ നിന്നുള്ള മെത്രാന്മാർ ഈ സൂനഹദോസിൽ സംബന്ധിച്ചതായും രേഖകളുണ്ട്. എന്നാൽ ചെറിയ ഏഷ്യായിൽ ഏഷ്യ എന്നറിയപ്പെടുന്ന ഭാഗം അന്നും അന്ത്യോക്യാ കീഴിൽ ഉൾപ്പെട്ടിരുന്നതായി കാണുന്നില്ല. (8)

മൂന്നാം ശതാബ്ദത്തിനു കുറെ മുമ്പ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരത്തിൽ ഗ്രീസുകൂടെയും ഉൾപ്പെട്ടിരുന്നു. (9) റോമ്മാസാമ്രാജ്യാതിർത്തികളിൽ പെടാതെ നിന്നിരുന്ന ബാബേൽ മെത്രാപ്പോലീത്തായെ വാഴിച്ചിരുന്നതും അന്ത്യോക്യാ പാത്രിയർക്കീസായിരുന്നു. (10) നാലാം ശതാബ്ദത്തിനു വളരെ മുമ്പായി ഈ അധികാരം പേഷ്യാക്കാർക്കു തന്നെ അന്ത്യോക്യാപാത്രിയർക്കീസ് വിട്ടുകൊടുത്തു (11) 381-ലെ രണ്ടാംസാർവ്വത്രിക സൂനഹദോസിനു ശേഷം ബാബേൽസഭ അന്ത്യോക്യായെ ഒട്ടും തന്നെ അശ്രയിച്ചിരുന്നില്ലെന്നു പറയാം. റോമ്മാസാമ്രാജ്യത്തിൽ അലക്സാന്ത്രിയാ സഭയും അന്ത്യോക്യാസഭയും എന്നപോലെ പേർഷ്യാ സാമ്രാജ്യത്തിൽ ബാബേൽ സഭയും ഭരണം നടത്തിത്തുടങ്ങുകയാണുണ്ടായത്. (12) എങ്കിലും അന്ത്യോക്യായോടു എന്തോ ഒരു ആശ്രയം ബാബേൽസഭക്കു അന്നും ഉണ്ടായിരുന്നതായി ചില സംഭവങ്ങൾകൊണ്ടു മനസ്സിലാകുന്നു. ബാബേൽ സിംഹാസനത്തെപ്പററി പറയുന്നിടത്തു അവ സംബന്ധമായും പറഞ്ഞുകൊള്ളാം. ബാബേലിന്റെ കീഴിലായിരുന്ന വർദശിർ (Ravirdashir) മെത്രാപ്പോലീത്തായെ ആശ്രയിച്ചു നിന്നിരുന്ന മലങ്കര

---

(6) Eusebius VIII 44
(7) Eusebius VII. 5.
(8) Mgr, Duchesne, Churches Separated from Rome. pp. 114, 115.
(9) Cathol. Ency. Patriarchs; A. Fortescue Orth. East. ch,
(10) [illegible] Refutation of Protestant heresy (Syriac) p. 237. (S, Giamil.)
(11) Ibidem.
(12) Mgr, Duchesne Churches Separated from Rome ch. 2.

സഭയും ഈ വിധത്തിൽ ഒരു കാലത്തു് അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഭരണാതിർത്തിക്കുള്ളിൽ പെട്ടിരുന്നു എന്നു പറയാം.

സുപ്രസിദ്ധമായ അന്ത്യോക്യാ വേദാന്ത ശിക്ഷണാശാല (Theological School of Antioch) യെപ്പററി കേട്ടിട്ടില്ലാത്തവർ ആരാണ്? സുവർണ്ണവക്താവെന്ന അപരനാമത്തിനു യോഗ്യനായ വി. യോഹന്നാൻ ക്രിസോസ്തോമോസു അന്ത്യോക്യായിലാണു തന്റെ വിദ്യാഭ്യാസകാലം കഴിച്ചതെന്നും, സുറിയാനിസഭയുടെ മകടമണിയായി പ്രശോഭിക്കുന്ന വി. അപ്രേമിന്റെ നാമത്തോടു സദാ സംഘടിതമായി അറിയപ്പെടുന്ന എദേസ്സാ വേദാന്തശിക്ഷണാശാലപോലും അന്ത്യോക്യായിലേതിന്റെ ഒരു ശാഖമാത്രമായിരുന്നെന്നും അറിയുമ്പോൾ അന്ത്യോക്യാ വേദാന്തശിക്ഷണാശാലയുടെ സ്വഭാവം ഏറെക്കുറെ മനസ്സിലാകും. പ്രകൃതിയും കലാവിദ്യകളും അന്ത്യോക്യായെ ഒരുപോലെ അലങ്കരിച്ചിരുന്നു. അന്ത്യോക്യായിൽവെച്ചു മ്ശിഹായുടെമേലുള്ള സ്നേഹത്താൽ സ്വായുസ്സിനെപ്പോലും ബലികഴിച്ച വിശുദ്ധരുടെ സംഖ്യ ഒട്ടും കുറഞ്ഞ ഒന്നല്ല.

എന്നാൽ അന്ത്യോക്യായുടെ പ്രശസ്തി കാലാന്തരത്തിൽ ക്ഷയോന്മുഖമായി ഭവിച്ചു. ബൊസ്സന്തിയാ ഓർശ്ലേം മെത്രാന്മാർ പാത്രിയർക്കീസ് സ്ഥാനം കരസ്ഥമാക്കുവാൻ ശ്രമിച്ചതുതന്നെ അന്ത്യോക്യാ അധികാരത്തിനു ഭംഗമായി. അവരുടെ അഭീഷ്ടസാദ്ധ്യം അന്ത്യോക്യാ പ്രശസ്തിക്കു വലിയ ഹാനിയായി എന്നു പറയേണ്ടതില്ലല്ലൊ. കെവുപ്രോസ്, ബാബേൽ, കിലിക്കിയ മുതലായ സ്ഥലങ്ങളിലെ മെത്രാപ്പോലീത്താമാർ അന്ത്യോക്യാനേതാവിൽനിന്നു് അശേഷം വിട്ടുമാറി. ഓരോ കാലങ്ങളിലുണ്ടായ പാഷണ്ഡതകൾ നിമിത്തം വേറെയും ചില പാത്രിയർക്കീസുമാർ അന്ത്യോക്യാ അധികാരസീമയിൽത്തന്നെ ഉണ്ടായിത്തുടങ്ങി. അന്ത്യോക്യാ പാത്രിയർക്കീസ് എന്ന നാമം അദിമകാലങ്ങളിൽ ഒരാൾക്കുമാത്രമേ ഉണ്ടായിരുന്നുള്ളു. ആധുനികകാലത്താകട്ടെ അന്ത്യോക്യാ പാത്രിയർക്കീസുമാരുടെ സംഖ്യ ആറാണ്. 50000-ൽ കുറയാത്ത ഒരു ജനസംഖ്യയോടും "പൌരസ്ത്യറാണി" എന്ന നാമത്തോടുംകൂടി പാശ്ചാത്യപൌരസ്ത്യ ലോകങ്ങളുടെ ആശ്ചര്യവിഷയമായി സുഖ്യസമേതം ശോഭിച്ചിരുന്ന ആ അന്ത്യോക്യാ നഗരം തന്നെയും ഇപ്പോൾ 6000 മാത്രം വരുന്ന ജനസംഖ്യയുള്ള ഒരു അഞ്ചാംതരം തുക്കിപ്പട്ടണമായിത്തീന്നിരിക്കുന്നു എന്ന വസ്തുത ആരുടെ ഹൃദയത്തേയാണ് ഇളക്കാത്തതു്? (Potter's Syria). അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരവിപുലതയും അദ്ദേഹത്തിന്റെ ആജ്ഞാനുവത്തികളായിരുന്ന മെത്രാപ്പോലീത്തമാരും ഇപ്പോൾ എവിടെ? അന്ത്യോക്യാ പാത്രിയർക്കീസുമാർ ആറു പേരുണ്ടെങ്കിലും അവരിൽ ആരെങ്കിലും ഇപ്പോൾ അന്ത്യോക്യായിൽ താമസിക്കുന്നില്ല എന്നതും ഒരു വിശേഷം തന്നെ.

എന്നാൽ ഇതൊന്നും നാം അത്ര ഗണ്യമാക്കേണ്ട. അന്ത്യോക്യായ്ക്കു് എന്തെങ്കിലും മുമ്പുണ്ടായിരുന്നെങ്കിൽ അതു് ഇന്നും നാം കാര്യമായി മതിക്കണം. ശ്ലീഹന്മാരുടെ തലവനും മ്ശിഹായുടെ പ്രതിപുരുഷനും

ക്രൈസ്തവലോകത്തിൽ പരമാധികാരമുള്ളവനുമായിരുന്ന വി. പത്രോസ് തന്നെയായിരുന്നു അന്ത്യോക്യായിലെ ഒന്നാമത്തെ മെത്രാൻ അഥവാ പാത്രിയക്കീസ് എന്നതിൽ അന്ത്യോക്യക്ക് ഇന്നും പ്രശംസിച്ചുകൂടയോ? "വിശ്വാസികൾക്ക് ക്രൈസ്തവർ എന്ന നാമം ആദ്യമായി നൽകിയ ആ നഗരം അതിന്റെ പ്രഥമപാലകനായി ശ്ലീഹന്മാരുടെ പ്രഭുവിനെ സ്വീകരിക്കുക യുക്തമാണ്," (13) എന്നത്രെ വി. ക്രിസോസ്റ്റോമ്മോസ് ഇതുസംബന്ധമായി പറയുന്നത്.

വി. പത്രോസു അന്ത്യോക്യായിൽപോയെന്നു വേദപുസ്തകം തന്നെ സാക്ഷിക്കുന്നു. (14) എന്നാൽ അദ്ദേഹം അവിടെ മെത്രാനായിരുന്നെന്ന് വി. ക്രിസോസ്റ്റോമ്മോസാദിയായ സിദ്ധന്മാരിൽനിന്നും പാരമ്പര്യവൃത്താന്തത്തിൽ നിന്നുമാണ് നാമറിയുന്നത്. വി. പത്രോസ് അന്ത്യോക്യായിൽ കാലം ചെയ്തതായി യാതൊരു രേഖയാകട്ടെ വർത്തമാനമാകട്ടെ ഇല്ല. വി. പത്രോസു അന്ത്യോക്യാ സഭയെ ആരംഭത്തിൽ ഭരിച്ചിരുന്നു എന്നതിൽനിന്ന് അദ്ദേഹത്തിന്റെ പരമാധികാരം അന്ത്യോക്യായിൽ സ്ഥിതിചെയ്യുന്നു എന്നു അനുമാനിച്ചുകൂടാ. വി. പത്രോസ് കാലംചെയ്തതും അന്ത്യോക്യായിൽ തന്നെ എന്നു വന്നാലും മേൽപറഞ്ഞ അനുമാനം സ്വീകാര്യമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, അന്ത്യോക്യാ മെത്രാനായി തന്നെ കാലംചെയ്ത് തന്റെ പരമാധികാരം ആ സിംഹാസനത്തോടു തന്നെ സംഘടിപ്പിക്കുവാനോ, അല്ലെങ്കിൽ അന്ത്യോക്യാ മെത്രാനായിത്തന്നെ ഇരുന്നുകൊണ്ട് പരമാധികാരം വേറെ എതെങ്കിലും ഒരു സ്ഥലത്തെ മെത്രാനു മരണശേഷം വിട്ടുകൊടുക്കുവാനോ, അല്ലെങ്കിൽ താൻ ജീവിച്ചിരിക്കയിൽ സ്വന്തമായി ഒരു സ്ഥലം തിരിഞ്ഞെടുക്കാതെ തന്റെ കാലശേഷം തനിക്കുണ്ടായിരുന്ന പരമാധികാരം ഏതെങ്കിലും ഒരു സ്ഥലത്തെ മെത്രാനു കല്പിച്ചുകൊടുക്കുവാനോ വി. പത്രോസിനു പാടുണ്ടായിരുന്നു. ആകയാൽ പരമാധികാരം അന്ത്യോക്യായിൽത്തന്നെ ഉണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അന്ത്യോക്യാ പാത്രിയക്കീസന്മാരുടെ ഒരു സംക്ഷിപ്ത ചരിത്രം ഇതിലേക്കു വളരെ ഉപകാരപ്രദമാകുമെന്നു കരുതുന്നു. സാർവ്വത്രികസഭയെ ബാധിക്കുന്ന ഒരു കാര്യമാകയാൽ അന്ത്യോക്യാ പാത്രിയക്കീസന്മാരുടെയും സാർവ്വത്രിക സഭയുടെയും ചരിത്രം ഒരുമിച്ചെടുത്ത് പ്രതിവാദിക്കേണ്ടതായി വരും.

---

(13) Quoted in the Irish Eccl. Record Sep. 1952. p. 272.
(14) Galatians, 2, 11.

# ആറാം അദ്ധ്യായം.

## ഒന്നാം ശതാബ്ദത്തിൽ അന്ത്യോക്യാ.

### പാത്രിയക്കീസുമാർ.

വി. പത്രോസ് – വി. എവോദിയോസ് – വി. അഗ്നാത്തീസ്.

വി. പത്രോസ് അന്ത്യോക്യയിൽ കാലം ചെയ്തതായി യാതൊരു രേഖയോ പാരമ്പര്യവത്തമാനമോ ഇല്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. അന്ത്യോക്യാ "അദ്ദേഹത്തെ സ്വീകരിച്ചെങ്കിലും എല്ലാക്കാലത്തേക്കും വച്ചുകൊണ്ടിരുന്നില്ല" എന്നാണ് വി. ക്രിസോസ്തോമ്മോസ് ഇതു സംബന്ധമായി പറയുന്നത്. (1) വി. പത്രോസ് റോമ്മായിക്കു പോയതായും അവിടെ തൻെറ സിംഹാസനം സ്ഥാപിച്ച് മരിച്ചതായും ധാരാളം രേഖകളുണ്ട്. യാക്കോബായ, നെസ്തോറിൻ ആദിയായ സുറിയാനി സഭകൾ (2) തന്നെയല്ല മറ്റു പൌരസ്ത്യസഭകളും പുരാതനങ്ങളായ ആരാധനക്രമങ്ങളും ഈ രേഖകളെ സ്ഥിരീകരിക്കുകമാത്രം ചെയ്യുന്നു. എന്നാൽ കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ കാരണങ്ങൾ നിമിത്തം വി. പത്രോസിൻെറ പരമാധികാരം റോമ്മായിലാണെന്ന് ഈ രേഖകളിൽനിന്ന് ഇവിടെ തെളിയിക്കുവാൻ എഴുത്തുകാരൻ ഉദ്ദേശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, വി. പത്രോസ് അന്ത്യോക്യായിൽ മെത്രാനായിരുന്നു എന്നതിൽനിന്നു അദ്ദേഹത്തിൻെറ പരമാധികാരം അവിടെയാണെന്നനുമാനിച്ചാൽ ഉണ്ടാകാവുന്ന യുക്തിഭംഗംതന്നെ റോമ്മായുടെ കാര്യത്തിലും ഉണ്ടാകുമെന്നു തോന്നിയേക്കാം.

എന്നാൽ ഏതെങ്കിലും ഒരു സ്ഥലത്തെ മെത്രാന്മാർ ആരംഭകാലം മുതൽ തങ്ങൾക്കു പത്രോസിൻെറ പരമാധികാരം ഉണ്ടെന്നു വിശ്വസിക്കയും തദനുസരണം പ്രവത്തിക്കയും ലോകംമുഴുവനും അവരെ പരമാധികാരത്തിൽ പത്രോസിൻെറ പിൻഗാമികളായി ആരംഭകാലം മുതൽ കരുതുകയും തദനുസരണമായ ബഹുമാനവും അനുസരണയും അവരോടു പ്രദശിപ്പിക്കയും ചെയ്യുന്നുണ്ടെങ്കിൽ ആ സ്ഥലത്താണു പത്രോസിൻെറ പരമാധികാരം സ്ഥിതിചെയ്യുന്നതെന്നു അനുമാനിച്ചാൽ യാതൊരു അബദ്ധവുമുണ്ടായിരിക്കയില്ല. ഈ സ്വഭാവങ്ങളോടുകൂടിയ ഒരു സിംഹാസനം ചരിത്രത്തിൽ കാണപ്പെടുന്നുണ്ടെങ്കിൽ അതു പത്രോസ് തൻെറ പരമാധികാരം ആ സിംഹാസനത്തിനു വിട്ടുകൊടുത്തതിനാലോ പത്രോസ് ആ സ്ഥലത്തുപോയി അവിടുത്തെ സിംഹാസനത്തോടു തൻെറ പരമാധികാരം സംഘടിപ്പിച്ചതിനാലോ മറ്റോ ആയിരിക്കണം.

---

(1) quoted in the Irish Eccl. Record. Dec. 1914.
(2) C. B. Benni- The Tradition of the Syr. ch. of Antioch concerning the Primacy of S. Peter & his successors.

വി. പത്രോസു തന്നെ വി. എവോദിയോസിനെ അന്ത്യോക്യാമെത്രാനായി അഭിഷേകം ചെയ്തെന്നാണ് ചരിത്രരേഖകളിൽ കാണുന്നത്. (3) എവോദിയോസ് വേദസാക്ഷിയായി കൊല്ലപ്പെട്ടു എന്നല്ലാതെ അദ്ദേഹത്തെപ്പററി വേറെ വിശേഷമൊന്നും നാമറിയുന്നില്ല.

എവോദിയോസിൻെറ ശേഷം അന്ത്യോക്യാ ഭരണം നടത്തിയ വി. അഗ്നാത്തിസു ഏവരുടെയും ശ്രദ്ധയെ സവിശേഷം അർഹിക്കുന്ന ഒരു മഹാപുരുഷനാണ്. അഗ്നാത്തിസും വേദവിരോധികളുടെ കൈയിൽ അകപ്പെട്ടുകയാൽ റോമയിൽവച്ച് സിംഹങ്ങൾക്കിരയായിത്തീർന്നു. അദ്ദേഹത്തിൻെറ മരണം 98-നും 117-നും ഇടയ്ക്കാണ് സംഭവിച്ചത്. അന്ത്യോക്യായിലെ അഗ്നാത്തിസിൻെറ ലേഖനങ്ങളേപ്പററി കേൾക്കാത്തവർ സാഹിത്യലോകത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അവയിൽനിന്നു സഭാഭരണസംഘടന, അദ്ദേഹത്തിൻെറ വിശ്വാസം ആദിയായ പലതും അറിയുവാൻ സാധിക്കും. വി. ഈറാനിമ്മോസും വി. ഗ്രിഗോരിയോസും പറയുന്നത് പത്രോസ്, പൌലോസ്, യോഹന്നാൻ എന്ന മൂന്നു ശ്ലീഹന്മാരെയും അന്ത്യോക്യായിൽവച്ചുതന്നെ വി. അഗ്നാത്തിസു കണ്ടിട്ടുണ്ടെന്നാണ്. ശ്ലീഹന്മാരുടെ കാലത്തു ജീവിച്ചിരുന്ന ഈ വിശുദ്ധൻെറ വിശ്വാസം ശ്ലീഹന്മാരുടെ വിശ്വാസം തന്നെയായിരുന്നു എന്നതിൽ സംശയിപ്പാനില്ല. മാനുഷീഭവിച്ച ദൈവപുത്രൻെറ ദൈവമനുഷ്യസ്വഭാവങ്ങൾ സംബന്ധിച്ച് വി. അഗ്നാത്തിസ് എന്തു വിശ്വസിച്ചിരുന്നു എന്ന് അന്വേഷിക്കുന്നത് അസ്ഥാനത്താകയില്ല. ദൈവപുത്രനായ മ്ശിഹായിൽ മനുഷ്യസ്വഭാവമില്ലെന്നു ശഠിച്ചിരുന്നവക്കു വിരോധമായി നമ്മുടെ വിശുദ്ധൻ ഇപ്രകാരം എഴുതുന്നു:

"വാസ്തവത്തിൽ അവിടുന്നു (മ്ശിഹാ) മാംസസംബന്ധമായി ദാവീദിൻെറ വംശത്തിൽ നിന്നാണെന്നും, ദൈവരിഷ്ടമനസ്സാലെയും ശക്തിയാലെയും ദൈവപുത്രനാണെന്നും വാസ്തവത്തിൽ ഒരു കന്യകയിൽനിന്നു ജനിച്ചെന്നും യഹൂദന്മാരുടെയും എന്നുവേണ്ട കാവ്യരുടെയും മദ്ധ്യേ തൻെറ ഏകപള്ളിയിൽ തൻെറ ഉത്ഥാനം വഴിയായി, തൻെറ വിശുദ്ധക്കും തന്നിൽ വിശ്വസിക്കുന്നവക്കുംവേണ്ടി എല്ലാക്കാലത്തേക്കുമായി ഒരു പതാക നാട്ടുവാൻ പന്തിയോസ് പീലാത്തോസിൻെറയും ഹേറോദേസിൻെറയും കാലത്തു നമുക്കവേണ്ടി ശരീരത്തിൽ സത്യമായി ആണികളാൽ തറക്കപ്പെട്ടെന്നും നമ്മുടെ കർത്താവിനെ സംബന്ധിച്ച് നിങ്ങൾക്കു പൂണ്ണബോധ്യം വന്നിരിക്കയാൽ മാംസത്തിലും അരൂപിയിലും നമ്മുടെ കർത്താവീശോമ്ശിഹായുടെ കുരിശിൽ തറയ്ക്കപ്പെട്ട മ്ശിഹായുടെ രക്തത്താൽ, സ്നേഹത്തിൽ സ്ഥിരീകൃതരായാൽ എന്നപോലെ ഇളക്കമില്ലാത്ത വിശ്വാസത്തിൽ നിങ്ങൾ ഉറച്ചു നിൽക്കുന്നു എന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നാം രക്ഷപ്രാപിക്കുവാൻ അവിടുന്ന് ഇവയെല്ലാം നമുക്കായി സഹിച്ചു. തന്നത്താൻ സത്യമായി അവിടുന്നു ഉയിർത്തുപോലെ അവിടുന്നു സത്യമാ

(3) Cath. Ency. Evodius.

യി പീഡ സഹിച്ചു. അതു്, "അവിടുത്തെ പീഡാനുഭവം മായ മാത്രമായിരുന്നു" എന്നു് ചില അവിശ്വാസികൾ പറയുന്നപോലെ അല്ല- എന്നാൽ അവരാണു് മായമാത്രമായിരിക്കുന്നതു്. അവരുടെ അഭിപ്രായം പോലെ അവൎക്കു സംഭവിക്കും. അവർ ശരീരം കൂടാതെ വെറും മായാരൂപങ്ങൾ മാത്രമായിത്തീരും." (4)

മ്ശിഹാ ഒരു മനുഷ്യനായി കാണികൾക്കു തോന്നിയതല്ലാതെ വാസ്തവത്തിൽ അവിടുത്തേക്കു മനുഷ്യസ്വഭാവമില്ലായിരുന്നു എന്നു് പഠിപ്പിച്ചിരുന്ന പാഷണ്ഡൎക്കു വിരോധമായി എഴുതിയിരിക്കുന്ന മേലുദ്ധരിച്ച വാക്യങ്ങളാൽ, ദൈവമനുഷ്യസ്വഭാവങ്ങൾ മ്ശിഹായിൽ കലർച്ചകൂടാതെ നിൽക്കുന്നു എന്നു് എത്രയും വിശദമായി അന്ത്യോക്യാ പാത്രിയൎക്കീസായ വി. അഗ്നാത്തിസ് നമ്മേ ഏവരേയും പഠിപ്പിക്കുന്നു.

വി. അഗ്നാത്തീസ് പല ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. റോമ്മാക്കാൎക്കുള്ളതൊഴികെ മറെറല്ലാം ഏകദേശം ഒരേരീതിയിൽ തന്നെയാണു് ആരംഭിക്കുന്നതു്. അതിൻെറ ആരംഭം താഴെച്ചേൎക്കുന്നു.

"ഞാൻ തെയോഫോറോസു ആയ അഗ്നാത്തിസു, അത്യുന്നതനായ പിതാവിൻെറയും അങ്ങേ ഏക പുത്രനായ ഈശോമ്ശിഹായുടേയും മഹിമയിൽ കൃപപ്രാപിച്ചിരിക്കുന്ന പള്ളിക്ക്– ദൈവത്തിനു യോഗ്യയായി, അലങ്കാരത്തിനു യോഗ്യയായി അനുഗ്രഹീത എന്നറിയപ്പെടുവാൻ യോഗ്യയായി, സ്തുതിക്കു യോഗ്യയായി, സ്വേച്ഛാനിവൃത്തി വരുത്തുവാൻ യോഗ്യയായി, യോഗ്യമായ വിധത്തിൽ നിൎമ്മലയായി, സ്നേഹസമൂഹത്തിൽ അദ്ധ്യക്ഷയായി, മ്ശിഹായുടെ നിയമപ്രാപ്തയായി, പിതാവിൻെറ നാമത്തിൽ പ്രസിദ്ധയായി, റോമ്മാക്കാരുടെ സ്ഥലത്തു അദ്ധ്യക്ഷകൂടെയും ആയിരിക്കുന്നവളും, നമ്മുടെ ദൈവമായ ഈശോമ്ശിഹായുടെ സ്നേഹത്തിനു് അനുരൂപമായവ എല്ലാം ഇഷ്ടമാകുന്നവൻെറ തിരുമനസ്സാൽ പ്രകാശിതയായവളും പിതാവിൻെറ പുത്രനായ ഈശോമ്ശിഹായുടെ നാമത്തിൽ ഞാൻ സ്വസ്തി പറയുന്നവളും ആയ പള്ളിക്ക്– മാംസത്തിലും അരൂപിയിലും അവളുടെ എല്ലാ പ്രമാണങ്ങളാലും ബന്ധിതരും അഭേദ്യമായ വിധത്തിൽ ദൈവേഷ്ടപ്രസാദത്താൽ നിറഞ്ഞവരും എല്ലാ കറകളിൽനിന്നും വിമുക്തരും ആയവൎക്ക്– നമ്മുടെ ദൈവമായ ഈശോമ്ശിഹായിൽ അത്യധികവും നിഷ്ക്കളങ്കവുമായ മംഗളം ആശംസിക്കുന്നു.... നിങ്ങൾ അന്യരെ പഠിപ്പിച്ചിരിക്കുന്നു." (5)

'സ്നേഹസമൂഹം' എന്ന പദത്താൽ സത്യവിശ്വാസികളെയാണു് വി. അഗ്നാത്തീസ് ഉദ്ദേശിക്കുന്നതു്. എന്തുകൊണ്ടെന്നാൽ ത്രാല്ലിയൻകാൎക്കയച്ച ലേഖനത്തിൽ (6) "സ്മിർണാക്കാരുടെ സ്നേഹം നിങ്ങൾക്കു സ്വസ്തി പറയുന്നു" എന്നു കാണുന്നു. ഇവിടെ 'സ്നേഹം' സ്മിർണാ പി

(4) Ad Smyr. 1. 2.
(5) Migne V. Enchrid Font. H. E. p. 16. Kirch S. J.
(6) Ad. Trall 13. 1.

ശ്വാസികളെയല്ലാതെ മറെറാന്നും സൂചിപ്പിക്കുവാൻ പാടില്ല. അകയാൽ 'സ്നേഹസമൂഹം' വിശ്വാസികളുടെ സമൂഹത്തെ പൊതുവായി അഥവാ സമസ്തവിശ്വാസികളേയും സൂചിപ്പിക്കണം.

കൂടാതെയും മററു ലേഖനങ്ങളിൽ "അപ്പേസൂസിലുള്ള പള്ളിക്ക" "ത്രാല്ലെസിലുള്ള പള്ളിക്ക" എന്നും റോമ്മാക്കാർക്കുള്ള ലേഖനത്തിൽ "റോമ്മാക്കാരുടെ സ്ഥലത്തു് അദ്ധ്യക്ഷക്രൂടെയും ആയിരിക്കുന്ന പള്ളിക്ക്" എന്നുമാണ് കാണുന്നതു്. റോമ്മാപ്പള്ളിയുടെ തലസ്ഥാനം റോമ്മാതന്നെയായിരുന്നതിനാൽ, "റോമ്മാക്കാരുടെ സ്ഥലത്തു അദ്ധ്യക്ഷക്രൂടെയും ആയിരിക്കുന്നു." എന്നു തിരിച്ചു പറയുന്നതിൽ റോമ്മാപള്ളിക്ക് ഏതോ ഒരു വിശേഷ ശ്രേഷ്ഠാധികാരമുണ്ടെന്നും "സ്നേഹസമൂഹത്തിൽ അദ്ധ്യക്ഷ" എന്ന വാചകത്താൽ റോമ്മാപ്പള്ളിയുടെ ആ ശ്രേഷ്ഠാധികാരം സകല വിശ്വാസികളുടേയും മേലാണെന്നും വി. അഗ്നാത്തീസ് സമ്മതിക്കുന്നില്ലയോ? വി. അഗ്നാത്തീസ് റോമ്മായിലെ മെത്രാന്റെപേർക്കു തന്റെ ലേഖനം അയച്ചിരുന്നെങ്കിൽ അതിൽ കാണുന്ന അദ്ധ്യക്ഷപദം റോമ്മാമെത്രാനു റോമ്മാപ്പള്ളിയിലുള്ള ശ്രേഷ്ഠസ്ഥാനം മാത്രമെ സൂചിപ്പിക്കുമായിരുന്നൊള്ളു. എന്തുകൊണ്ടെന്നാൽ തന്റെ ഇടവകയിൽ മെത്രാനാണല്ലോ എല്ലാപ്പോഴും ശ്രേഷ്ഠസ്ഥാനമുള്ളതു്. എന്നാൽ ഇവിടെ വി. അഗ്നാത്തീസ് മെത്രാന്റെ കാര്യമൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ ലേഖനം റോമ്മാപ്പള്ളിയുടെ പേരിലാണ് അദ്ദേഹം അയച്ചതു്. റോമ്മാപ്പള്ളി എന്തിലാണ് അദ്ധ്യക്ഷപദം പ്രാപിച്ചിരുന്നതു്? ഒരു പ്രത്യേകസ്ഥലത്തുള്ള പള്ളികളുടെ മേലോ ഇടവകകളുടെമേലോ ആണോ? അല്ല. എന്തുകൊണ്ടെന്നാൽ അന്ന് റോമ്മായിലേതു കൂടാതെ ഇത്താലിയായിൽ വേറെഎങ്ങും പ്രത്യേക പള്ളികളോ ഇടവകകളോ ഇല്ലായിരുന്നു. ഇത്താലിയായിൽ അന്നുണ്ടായിരുന്നവരെല്ലാം റോമ്മാപ്പള്ളിയിൽപ്പെട്ടവർ മാത്രമായിരുന്നു. (7) ആകയാൽ, ഒരു മെത്രാൻ തന്റെ ഇടവകയിൽ എന്നവണ്ണം റോമ്മാപ്പള്ളി മറെറല്ലാ സ്നേഹസമൂഹങ്ങളിലും അദ്ധ്യക്ഷം വഹിച്ചിരുന്നെന്നുവേണം പറയുവാൻ.

വി. അഗ്നാത്തീസിന്റെ വാക്യങ്ങളിൽ നിന്ന് റോമ്മാപ്പള്ളിക്കു കുറഞ്ഞപക്ഷം ബഹുമാനസൂചകമായ ഒരു മുൻസ്ഥാനം മറെറല്ലാപ്പള്ളികളുടെയും കൂട്ടത്തിൽ ഉണ്ടെന്നു വിശദമാണ്. എന്നാൽ വി. പത്രോസിന്റെ പരമാധികാരം അന്ത്യോക്യായിലാണെങ്കിൽ ബഹുമാനസൂചകമായ ആ മുൻസ്ഥാനം റോമ്മാപ്പള്ളിക്ക് എങ്ങിനെ ഉണ്ടാകും? അന്ത്യോക്യാ പാത്രിയർക്കീസു റോമ്മാപ്പള്ളിയെ ആ വിധത്തിൽ എങ്ങിനെ ബഹുമാനിക്കും? ആകയാൽ "റോമ്മാക്കാരുടെ സ്ഥലത്തു് അദ്ധ്യക്ഷക്രൂടെയും ആയിരിക്കുന്നു" എന്ന വാക്യത്താൽ റോമ്മാപ്പള്ളിക്കു ബഹുമാനസൂചകമായ മുൻസ്ഥാനമെങ്കിലും അന്ത്യോക്യാ പാത്രിയർക്കീസായ വി. അഗ്നാത്തീസ് കല്പിക്കുന്നുണ്ടെങ്കിൽ അതിൽ എന്തോ അന്തർഭവിച്ചിട്ടില്ലയോ?.

"നിങ്ങൾ അന്യരെ പഠിപ്പിച്ചിരിക്കുന്നു" എന്നാണ് വി. അ

(7) Mgr. Duchesne, Churches Separated from Rome.

ഗനാത്തിസു റോമ്മാപ്പള്ളിക്ക് എഴുതിയിരിക്കുന്നതു്. "നിങ്ങളുടെ വിശ്വാസം ലോകം മുഴുവനും അറിയപ്പെട്ടിരിക്കുന്നു" (8) എന്നു് വി. പൌലോസും റോമ്മാപ്പള്ളിക്കെഴുതിയിരിക്കുന്നു. ക്രിസ്തീയ വിശ്വാസം എല്ലാവരേയും പഠിപ്പിക്കുക എന്നതു് എല്ലാവരുടേയും കടമയാണു്. അതിനാൽ "നിങ്ങൾ അന്യരെ പഠിപ്പിച്ചിരിക്കുന്നു" എന്നു് റോമ്മാക്കാരെപ്പററി, വി. അഗനാത്തിസ് പ്രത്യേകമെടുത്തു പറയുന്നതിൽ എന്തോ രഹസ്യമുണ്ടു്.

ക്രൂടാതെയും ശത്രുക്കൾ വി. അഗനാത്തിസിനെ റോമ്മയിലേക്കുകൊണ്ടുപോയപ്പോൾ നേതാവില്ലാതെയായിത്തീൎന്ന അന്ത്യോക്യസഭയെ റോമ്മാസഭയുടെ സൂക്ഷത്തിനാണു് ആ സിദ്ധൻ ഭരമേല്പിച്ചതെന്നും പ്രസ്താവ്യമാണു്. (9) അന്ത്യോക്യായിക്കു സമീപമായി അപ്പേസൂസുണ്ടായിരുന്നില്ലയോ? അവിടെ വി. യോഹന്നാൻ ശ്ലീഹായുടെ പഠനത്തിൽ നിലനിന്നിരുന്ന അപ്പേസൂസ് പള്ളിയുടെ സൂക്ഷത്തിനു് എന്തുകൊണ്ടു് വി. അഗനാത്തിസ് തന്റെ പള്ളിയെ ഭരമേല്പിച്ചില്ല? റോമ്മായിൽ പരമാധികാരമില്ലായിരുന്നെങ്കിൽ വളരെ ദൂരത്തിരുന്നുകൊണ്ടു് റോമ്മാപ്പള്ളി അന്ത്യോക്യാപ്പള്ളിയുടെ കാൎയ്യമന്വേഷിക്കുവാൻ വി. അഗനാത്തിസ് റോമ്മാപ്പള്ളിയെ അറിയിക്കുമായിരുന്നോ? പ്രബലന്മാരായ ചക്രവൎത്തിമാർ റോമ്മാപ്പള്ളിയെ കഠിനമായി പീഡിപ്പിച്ചിരുന്ന അവസരവുമായിരുന്നല്ലോ അതു്.

## റോമ്മിലെ വി. ക്ലേമീസ്.

അന്ത്യോക്യായിലെ വി. അഗനാത്തിസും റോമായിലെ വി. ക്ലേമീസും സമകാലീനന്മാരായിരുന്നു. ഇവരുടെ ഭരണകാലത്തു് കോറീന്തിൽ വൈദികാദ്ധ്യക്ഷന്മാൎക്കു വിരോധമായി വിശ്വാസികൾ വലിയ കലഹങ്ങളുണ്ടാക്കി. വി. യോഹന്നാൻശ്ലീഹാ അന്നു അപ്പേസൂസിൽ വസിക്കുന്നുണ്ടായിരുന്നു. കോറീന്തും റോമ്മായും തമ്മിൽ എന്നതിനെക്കാൾ കോറിന്തും അപ്പേസൂസും തമ്മിലായിരുന്നു ഗതാഗതസൗകൎയ്യം ക്രൂടുതലായുണ്ടായിരുന്നതു്. വി. ക്ലേമീസ് ഒരു ശ്ലീഹാ അല്ലായിരുന്നു എന്നു നാം ഓൎമ്മിക്കണം. എങ്കിലും സ്വാധികാരം പ്രയോഗിച്ചുകൊണ്ടു് ശാസനാത്രൂപേണ കോറിന്ത്യരെ ഉപദേശിച്ചതു റോമായിലെ വി. ക്ലേമീസായിരുന്നു. ചില അസൌകൎയ്യങ്ങൾ നിമിത്തം ക്ലേമീസിനു കുറേനാളത്തേക്കു കോറിന്തിലേക്കു ദൃഷ്ടിപതിക്കുവാൻ സാധിച്ചില്ല. എങ്കിലും ആ സമയത്തുപോലും വി. യോഹന്നാൻ കൊറിന്ത്യരെ ഉപദേശിക്കയാകട്ടെ ശിക്ഷിക്കയാകട്ടെ ചെയ്തില്ല.. ക്ലാവുദിയൂസ് എഫേയൂസ്, വലേരിയൂസ് ബിത്തോ, ഫൊർത്തുനാത്തുസ് എന്ന മൂന്നാളുകൾവശം ക്ലേമീസ് കോറിന്ത്യൎക്കയച്ച ലേഖനത്തിലെ ചില ഭാഗങ്ങൾ താഴെച്ചേൎക്കുന്നു.

"പ്രിയപ്പെട്ടവരേ! അവിചാരിതങ്ങളും തുടരെ തുടരെ ഉണ്ടായി

---

(8) Ad Rom 1, 8, (9) Ad Romanos.

കൊണ്ടിരിക്കുന്നവയുമായ വിപത്തുകളും, നമുക്കു നേരിടുന്ന ശുഭോദർക്കങ്ങളല്ലാത്ത സംഭവങ്ങളും നിമിത്തം നിങ്ങൾക്കില്ലാതിരിക്കുന്ന കാര്യങ്ങളിലേക്കും മാന്യവും സുപ്രസിദ്ധവുമായ നിങ്ങളുടെ നാമത്തെ വളരെ മോശമാക്കത്തക്കവണ്ണം അവിവേകികളായ ചിലർ ഉജ്ജ്വലിപ്പിച്ച ആ ഭക്തിശൂന്യവും ഗർഹണീയവുമായ വിപ്ളവത്തിലേക്കും നമ്മുടെ ദൃഷ്ടി പതിക്കുവാൻ കുറേ താമസിച്ചുപോയി എന്നു നമുക്കു തോന്നുന്നു... നിങ്ങളുടെ മുറകളെ നിങ്ങളെ അനുസ്മരിപ്പിക്കുവാൻ നാം എഴുതുന്നു... ആകയാൽ വിപ്ലവത്തിന്നടിസ്ഥാനമിട്ട നിങ്ങൾ വൈദികരുടെ ആജ്ഞ അനുസരിക്കുവിൻ, മാനസാന്തരത്തിനായുള്ള ശിക്ഷ സ്വീകരിക്കുവിൻ.... എന്നാൽ നാം വഴിയായി അവിടുന്നു (മ്ശിഹാ) അരുളിച്ചെയ്യുന്നവക്ക് വല്ലവരും കീഴ്പെടുകയില്ലെങ്കിൽ പാപാവസരത്തിലും അനല്പമായ വിപത്തിലും അവർ കുടുങ്ങിപ്പോകുമെന്ന് അവർ അറിഞ്ഞിരിക്കട്ടെ. നാമോ എന്നാൽ ഈ പാപത്തിൽ നിന്നു വിമുക്തനായിരിക്കും...

പരിശുദ്ധാത്മാവി വഴിയായി നാം എഴുതിയിരിക്കുന്നവ നിങ്ങൾ സ്വീകരിച്ചു തദനുസരണം പ്രവർത്തിച്ചു സമാധാനത്തെയും ഐക്യത്തെയും ഉദ്ദേശിച്ച് ഈ ലേഖനത്തിൽ നാം പറഞ്ഞിരിക്കുന്നപ്രകാരം നിങ്ങൾ ന്യായരഹിതമായ അവിവേകപ്രവൃത്തിയെ ഉന്മൂലം ചെയ്യുമെങ്കിൽ നമുക്ക് നിങ്ങൾ സന്തോഷവും തൃപ്തിയും പ്രദാനം ചെയ്യും. യൗവനംമുതൽവാർദ്ധക്യം വരെ കുററംകൂടാതെ ഞങ്ങളുടെ ഇടയിൽ വ്യാപരിച്ചിരിക്കുന്ന വിശ്വസ്തന്മാരും വിവേകികളുമായ ആളുകളെയാണ് നാമയക്കുന്നത്. അവർ നിങ്ങൾക്കും നമുക്കും മദ്ധ്യേ സാക്ഷികളായിരിക്കും. സ്വല്പസമയത്തിനുള്ളിൽ നിങ്ങൾ സമാധാനം പ്രാപിക്കുവാൻ നമ്മുടെ ശ്രമം മുഴുവനും വിനിയോഗിക്കപ്പെട്ടെന്നും വിനിയോഗിക്കപ്പെടുന്നെന്നും ഉള്ള കാരണങ്ങളാലാണ് നാം ഇങ്ങനെ പ്രവർത്തിക്കുന്നത്. (10)

പ്രസ്തുത ലേഖനം റോമ്മാപള്ളിക്കാരാണ് റോമ്മായിലെ ക്ലേമീസ്സല്ല എഴുതിയത് എന്നു ചിലർ വാദിക്കുവാൻ ശ്രമിക്കുന്നുണ്ട്. വാദത്തിനായി അങ്ങിനെ സങ്കല്പിച്ചു കൊള്ളുക. 'മെത്രാനെ കൂടാതെ പള്ളിയില്ല' എന്നല്ലയോ ക്ലേമീസിന്റെ സമകാലീനനായ അന്ത്യോക്യായിലെ അഗ്നാത്തിസ്സ പഠിപ്പിക്കുന്നത്? റോമ്മാപ്പള്ളി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു ക്ലേമീസ്സ വഴിയായും അദ്ദേഹത്തിന്റെ അധികാരം മൂലമായും മാത്രമെ ചെയ്തിട്ടൊള്ളു. ആകയാൽ വിരോധാഭിപ്രായം ദുർബലം തന്നെ.

വി. ക്ലേമീസിനു കൊറിന്ത്യരുടെ മേൽ അധികാരമുണ്ടായിരുന്ന ഭാവത്തിലാണ് അദ്ദേഹം അവരെ അവരുടെ മുറകൾ ബന്ധിച്ചു ഉപദേശിക്കുന്നതെന്നു സ്പഷ്ടമാണ്. ചില പ്രതിബന്ധങ്ങൾമൂലം തന്റെ ദൃഷ്ടി അവരുടെമേൽ പതിയുവാൻ കുറെ താമസിച്ചുപോയി. അവരുടെ മുറകളെ അവരെ അനുസ്മരിപ്പിക്കുന്നു— അവർ വൈദികർക്കു കീഴ്പ്പെടണം— മാനസാന്തരത്തിനുള്ള ശിക്ഷ അനുഭവിക്കണം— താൻ വഴിയായി

(10) Denzinger Ed. x. p. 20-21. Mgr. Duchesne O. C. I. Ad cor. c. 36.

മ്ശിഹാ അവരോട്ട ആജ്ഞാപിക്കുന്നു- തന്റെ കല്പനപ്രകാരം പ്രവർത്തിച്ചില്ലെങ്കിൽ പാപാവസരത്തിലും വലിയ വിപത്തിലും അവർ ഉൾപ്പെടും- താനോ എന്നാൽ ഏതൽപാപത്തിൽനിന്നു വിമുക്തനായിരിക്കും- പരിശുദ്ധാത്മാവിവഴിയായി താൻ കല്പിക്കുന്നവ അവർ പ്രവർത്തിക്കുമെങ്കിൽ അവർ തനിക്കത്യധികമായ സന്തോഷം പ്രദാനംചെയ്യും- എന്നും മററും കൊറിന്ത്യക്ക അവർ തന്റെ അധികാരത്തിൽപ്പെട്ടവരല്ലായിരുന്നെങ്കിൽ വി. ക്ലേമിസ് എങ്ങിനെ എഴുതും? കൊറിന്ത്യർ തന്നെയും ക്ലെമീസിനെ തങ്ങളുടെ അദ്ധ്യക്ഷനായി കരുതിയതിനാലല്ലയോ അദ്ദേഹത്തിന്റെ ലേഖനം ബഹുമാനപുരസ്സരം സ്വീകരിച്ച് തദനുസരണം പ്രവർത്തിച്ചതു്? പല കൊല്ലങ്ങളോളം ആ ലേഖനം കുർബാനസമയത്ത് പള്ളിയിൽ വായിച്ചിരുന്നതും ക്ലേമീസിനു അവരുടെമേലുണ്ടായിരുന്ന അധികാരം കാരണമല്ലയോ? (11) എഴുപതു കൊല്ലംകൂടി കഴിഞ്ഞ ശേഷവും ഈ ലേഖനം കൊറിന്ത്യർ പള്ളിയിൽ വായിച്ചിരുന്നതായി കൊറിന്തിലെ ദിവന്നാസിയോസു പറയുന്നു. (12)

വി. യോഹന്നാൻ അടുത്തുണ്ടായിരുന്നിട്ടും- കൊറിന്ത്യരുടെ പള്ളിയുടെ സ്ഥാപകൻ വി. പൗലോസു തന്നെയായിരുന്നിട്ടും- റോമ്മാപ്പള്ളിയുടെ സ്ഥാപനത്തിനുശേഷം 50 കൊല്ലങ്ങളെ കഴിഞ്ഞിരുന്നുള്ളു എങ്കിലും-അപ്പേസ്തൂസു അന്ത്യോക്യാ മുതലായ പൗരസ്ത്യസഭകളുമായി കൊറീന്തിനു കൂടുതൽ ഗതാഗത സൗകര്യമുണ്ടായിരുന്നിട്ടും-റോമ്മായിലെ വി. ക്ലെമീസു സമാധാനവും ഐക്യവും പാലിക്കേണ്ട കടമ തന്നെ ബാധിക്കുന്നു എന്നു കാണിച്ച് കൊറീന്ത്യരുടെമേൽ അധികാരം പ്രയോഗിക്കുകയും കൊറിന്ത്യർ സസന്തോഷം അദ്ദേഹത്തിനു കീഴ്‌വഴങ്ങുകയും ചെയ്തതിൽനിന്ന് ശ്ലീഹായായ വി. യോഹന്നാനുപോലുമില്ലാതിരുന്ന ഏതോ ഒരധികാരം വി. ക്ലേമീസിനുണ്ടായിരുന്നു എന്നും അതു ക്രൈസ്തവലോകംമുഴുവനും അറിഞ്ഞനുസരിച്ചിരുന്നു എന്നും സ്പഷ്ടമാകുന്നില്ലയോ? വി. യോഹന്നാന്റെ ശ്ലീഹാസ്ഥാനത്തിൽ പെടാത്ത അധികാരമാണല്ലോ വി. പത്രോസിന്റെ പരമാധികാരം.

ചുരുക്കിപ്പറഞ്ഞാൽ റോമ്മാസഭ റോമ്മാക്കാരുടെ സ്ഥലത്തു അദ്ധ്യക്ഷയായിരിക്കുന്നെന്നു അന്ത്യോക്യായിലെ അഗ്നാത്തീസും അദ്ധ്യക്ഷസ്ഥാനത്തിനനുരൂപമായ അധികാരം തനിക്കുണ്ടെന്നു റോമ്മായിലെ ക്ലേമീസും തങ്ങളുടെ ലേഖനങ്ങളാൽ ഒന്നാം ശതാബ്ദത്തിൽ തന്നെ എല്ലാവരെയും പഠിപ്പിച്ചു. ശൂന്യവാദിയായ റെനാൻപോലും പരമാധികാരം ക്ലേമീസിൽ സ്ഥിതിചെയ്തിരുന്നു എന്നു സമ്മതിച്ചിട്ടുണ്ട്.

"Already while Clement reigned ...the dominant note of the primary principle of Christian Church Government is heard, without which Christian Society must fall to

(11) Macchi La Critica Storia del' origine della Chiesa romana Prato 1903. p. 13; Sumeria (Dogma, Gerarchia etc 1902 p. 181, sq)
(12) Enchrid. Patri. Journel S. J. p. 44.

piecces, the principle of authority." (13) ക്ലേമിസ് പരമാധികാരമുള്ള മെത്രാനായി സുറിയാ മുതലായ പൌരസ്ത്യദേശങ്ങളിൽ കരുതപ്പെട്ടിരുന്നുവെന്നും പ്രസ്താവ്യമാണ്. ഇതിനുള്ള ലക്ഷ്യങ്ങൾ പിന്നിട്ടു പറഞ്ഞുകൊള്ളാം.

## ഏഴാം അദ്ധ്യായം.

### രണ്ടാം ശതാബ്ദത്തിൽ അന്ത്യോക്യാ.

#### അന്ത്യോക്യാ പാത്രിയർക്കീസുമാർ.

ഹേറോ- കെണ്ട്ലിയോസ്- ഹെറോസ് († 168)- തെഓഫിലോസ് († 19))- മക്ക്സിമോസ്- സെറാപ്പിയോൻ. (1)

സെറാപ്പിയോൻെറ ഭരണം 190 മുതൽ 211 വരെയായിരുന്നു. (2) എദേസ്യായ്ക്കു മെത്രാനില്ലാതെ വന്ന അവസരത്തിൽ പാലൂത്തിനെ അഭിഷേകം ചെയ്തതു സെറാപ്പിയോനായിരുന്നെന്ന് ഒരു ഐതിഹ്യമുണ്ട്. (3) സെറാപ്പിയോൻെറ അഭിഷേകം നടത്തിയതു റോമ്മായിലെ സെംഫ്റോനിയൂസായിരുന്നെന്നും കാണുന്നു. (4)

"നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കായി പ്രാർത്ഥിച്ചിട്ടുണ്ട്." "നീ നിൻെറ സഹോദരന്മാരെ ഉറപ്പിക്കുക" എന്ന് അരോട്ട മ്ശിഹാ അരുൾചെയ്തുവോ ആ പത്രോസ് ശ്ലീഹായ്ക്കുണ്ടായിരുന്ന പരമാധികാരം പ്രാപിച്ചിരിക്കുന്ന മെത്രാന്മാരുടെ കടമയാണ് പാഷണ്ഡോപദേശങ്ങൾ ശപിക്കുക, സഭയിൽ ഐക്യം പാലിക്കുക മുതലായവ. രണ്ടാം ശതാബ്ദത്തിലെ അന്ത്യോക്യാ പാത്രിയർക്കീസുമാർ ഈ വിഷയങ്ങളിൽ എങ്ങിനെ വർത്തിച്ചിരുന്നെന്നു പര്യാലോചിക്കാം.

155-ൽ കർദൊ വലെന്തിനൂസുമാരുടെയും, 196-ൽ തെഒദ്ദത്തൂസിൻെറയും അബദ്ധോപദേശങ്ങളെ ശപിച്ചതു അന്ത്യോക്യാ പാത്രിയർക്കീസുമാരിൽ ആരുമല്ല, റോമ്മായിലെ ഹിജിനൂസും വിക്ടരുമായിരുന്നു. (5) കർദോ സുറിയാക്കാരനും, വലെന്തിനൂസു എജിപ്തുകാരനും, തെഒദ്ദത്തൂസ് ബോസന്തിയാക്കാരനുമായിരുന്നെന്നും അറിഞ്ഞിരിക്കണം. കപ്ദദെച്ചിമാനികളുടെ പാഷണ്ഡത ശപിച്ചതും വിക്ടർ തന്നെയായിരുന്നു. (6) പ്റുഗിയായിൽ ശക്തിപ്പെട്ട മൊന്തനിസ്സവും ചെറിയ

(13) Hibbert Lectures London 1880.
(1) L. Berti comp H. E. Vol I. (4) Ibidem.
(2) Euseb. H. E. VI- II. 12. (5) Euseb. 1. I. hist c 10. 1. 5. c. 27.
(3) A. Fortescue Lesser East. Churches. (6) Hurter, Theol. Dogm. vol. I. § 382.

ഏഷ്യാക്കാരനായ പ്രാക്സിസും റോമ്മാമെത്രാന്മാരാൽ രണ്ടാം ശതാബ്ദത്തിൽ മഹറോൻ ചൊല്ലപ്പെട്ടു. (7) പോംതുസുകാരനായ മക്കിയാനോസിനെയും 142-ൽ റോമ്മാ മെത്രാൻ ശപിച്ചു. (8)

പൌരസ്ത്യരും അന്ത്യോക്യായുടെ സമീപസ്ഥലങ്ങളിൽ അബദ്ധോപദേശം ചെയ്തിരുന്നവരുമായ ഈ പാഷണ്ഡർ എല്ലാവരും റോമ്മാമെത്രാന്മാരാലാണ് ശപിക്കപ്പെട്ടതു് എന്നുള്ള കാര്യം നമ്മുടെ ആലോചനക്കു പ്രത്യേകവിധമായി വിഷയമാകേണ്ട ഒന്നാണ്. അന്ത്യോക്യായിൽ മ്ശിഹായുടെ ആടുകളെ എല്ലാം മേയിക്കുവാനുള്ള അധികാരം സ്ഥിതി ചെയ്തിരുന്നെങ്കിൽ രണ്ടാം ശതാബ്ദത്തിൽ അവിടെ ഭരണം നടത്തിയിരുന്ന പാത്രിയക്കീസുമാർ നവംനവമായി മുളച്ചു വന്നിരുന്ന പാഷണ്ഡതകളെല്ലാം അമർത്തുന്നതിൽ ശ്രദ്ധ പതിക്കുമായിരുന്നു എന്നു സംശയലേശം കൂടാതെ പറയാം. മേൽപ്പറഞ്ഞ പാഷണ്ഡതകളെല്ലാം അന്ത്യോക്യായ്ക്കു ചുററുമാണ് മുളച്ചുപൊങ്ങിയതെന്നും ഈ സന്ദർഭത്തിൽ നാം ഓർക്കണം.

പാഷണ്ഡർ ഓരോരുത്തരും തങ്ങളുടെ നവീന പഠനങ്ങൾക്കു വല്ല ആദരവും സിദ്ധിച്ചെങ്കിൽ കൊള്ളാമായിരുന്നു എന്ന ലാക്കോടെ റോമ്മിൽ അഭയം തേടിയിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്. പോന്തുസിൽ നിന്നു മാക്കിയാനോസും, എജിപ്തിൽ നിന്നു വലെന്തിനിയാനോസും മർച്ചെല്ലിയൂസും, സുറിയായിൽ നിന്നു കർദോയും ഗ്നോസ്തിക്കു പതിതനായ ഫ്ലോറിനോസും, ചെറിയ ഏഷ്യായിൽനിന്നു പ്രാക്സിസും എപ്പിഗോന്വസും പ്ഹ്രുഗിയായിൽ നിന്നു മൊന്താനിസ്തരും സുറിയായിൽ നിന്നു വീണ്ടും എൽക്കസൈത്തു് പതിതനായ അൽക്കിബിയദെസും മററു പലരും വല്ല ആദരവും കിട്ടുമെന്നു് വിചാരിച്ചു രണ്ടാം ശതാബ്ദത്തിൽ റോമ്മായിൽ ചെന്നെത്തി. റോമ്മാ വല്ല വിധത്തിലും ദയ കാണിച്ചാൽ പാഷണ്ഡത ലോകമൊട്ടുക്ക് പരത്തുവാൻ വേറൊന്നും ആവശ്യമില്ലെന്നു പൂർണ്ണമായി ധരിച്ചുകൊണ്ടാണ് അവർ അപ്രകാരം ചെയ്തതു്. പക്ഷെ എന്തു ഫലമുണ്ടായി? എല്ലാവരും ഒരുപോലെ ശപിക്കപ്പെടുകയാണുണ്ടായതു്. (9) ഇവരെല്ലാവരും പൌരസ്ത്യരായിരുന്നെന്നും പൌരസ്ത്യപ്രദേശങ്ങൾ സംബന്ധിച്ചുള്ള ഇടപാടുകളിൽ പോലും ഇവരാരും അന്ത്യോക്യായുടെ ഇഷ്ടം സമ്പാദിപ്പാൻ ശ്രമിച്ചില്ലെന്നും പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു.

ഈ പറഞ്ഞ പാഷണ്ഡതകളും ഇവപോലെയുള്ള മററു പലതും സൂനഹദോസുകളുടെ സഹകരണത്തോടെയല്ല റോമ്മാമെത്രാൻ ശപിച്ചതു്. എന്തുകൊണ്ടെന്നാൽ സൂനഹദോസുകളെ ആശ്രയിക്കാതെ തന്നെ പരമാധികാരമുള്ള മെത്രാന്നു് തദധികാരം നിർബാധം പ്രവർത്തിക്കാം. "സൂനഹദോസുകളിൽ എന്നതിനേക്കാൾ സൂനഹദോസുകളിൽ അല്ലാതെ വളരെ അധികം പാഷണ്ഡതകൾ ശപിക്കപ്പെട്ടിട്ടുണ്ടു" എന്നാണ് വി. ആഗുസ്തീനോസ് പറയുന്നതു്. (10)

---

(7) Mgr. Duchense Churches separted from Rome.
(8) Ihid, (9) Ibid. (10) Epist. 4. ad Bonif c,ult

ക്രൂടാതെയും, എന്തുകൊണ്ട് ഈ പാഷണ്ഡതകൾ ശപിക്കപ്പെട്ടുഎന്ന് അക്കാലത്തോ അതിനുശേഷമോ ആരും ചോദിക്കയാകട്ടെ അവസംബന്ധമായി വല്ലവരുടെയും പക്കൽ അപ്പീൽ ബോധിപ്പിക്കയാകട്ടെ ചെയ്തിട്ടില്ല. അന്നത്തെപ്പോലെതന്നെ ഇന്നും അവ ശപിക്കപ്പെട്ടവയായി എല്ലാവരാലും കരുതപ്പെട്ടുപോരുന്നു. അന്ത്യോക്യായിൽ പരമാധികാരമുണ്ടായിരുന്നെങ്കിൽ റോമ്മായിൽനിന്നു ഇങ്ങനെ ഒരു അധികാരപ്രയോഗമുണ്ടാകയില്ലായിരുന്നു. ഉണ്ടായെങ്കിൽതന്നെയും അതിനു വിരോധമായി അന്ത്യോക്യായിൽ അപ്പീൽ പോകുമായിരുന്നു എന്നു ന്യായമായി വിചാരിക്കാവുന്നതാണ്. പൌരസ്ത്യസഭകളെയും രാജ്യങ്ങളെയും മാത്രം സംബന്ധിച്ചിരുന്ന ഈ പാഷണ്ഡതകളിൽ പാശ്ചാത്യന്മാരായ റോമ്മാമെത്രാന്മാർ പ്രവേശിച്ചതിലും സാർവ്വത്രിക സഭയിൽ സമാധാനം പാലിക്കുന്നതിനായി അവയെ ശപിച്ചതിലും റോമ്മായുടെ ശാപത്തോടെ പൌരസ്ത്യദിക്കിൽ പാഷണ്ഡതകളുടെ ശക്തി ക്ഷയിച്ചതിലും റോമ്മായുടെ ഒരുമിച്ച് പൌരസ്ത്യസഭകളും പാഷണ്ഡരുടെമേൽ ശാപം വർഷിച്ചതിലും റോമ്മായ്ക്കു അന്നു ക്രൈസ്തവസഭയിൽ കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസമില്ലാതെ പൂർണ്ണാധികാരമുണ്ടായിരുന്നെന്നു തെളിവായി നാം കാണുന്നു.

മൊന്തനീസ്സരുടെ കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അവരുടെ വിഷംകലന്ന ഉപദേശങ്ങളാൽ ഇളകിമറിഞ്ഞിരുന്ന ഏഷ്യായിലെ പള്ളികളിൽ സമാധാനം പാലിക്കുവാൻവേണ്ട നടപടികൾ നടത്തണമെന്നു കാണിച്ച് 18?-ൽ ലെഗാൻസിലെ വേദസാക്ഷികൾ റോമായിലെ എലെവുത്തേരിസിന്റെ പക്കൽ പ്രതിനിധികളെ അയച്ചു. (11) ഏഷ്യാക്കാരായ ചിലർ ലെഗാൻസിലുണ്ടായിരുന്നതാണ് ഇതിനുള്ള പ്രധാനകാരണം. (12) ഏഷ്യായിലെ പള്ളികൾ പൌരസ്ത്യസഭയിൽ പെട്ടവയല്ലയോ? റോമായിക്കു പൌരസ്ത്യരുടെമേൽ ക്രൂടെയും അധികാരമില്ലായിരുന്നെങ്കിൽ റോമ്മാമെത്രാൻ അവയെ സംരക്ഷിക്കണമെന്നു ലെഗാൻസിലെ വേദസാക്ഷികൾ റോമായിലെ എലെവുത്തേരീസിനോടു എങ്ങിനെ അവശ്യപ്പെട്ടും? പത്രോസിന്റെ പരമാധികാരം അന്ത്യോക്യായിലായിരുന്നെങ്കിൽ പ്രതിനിധികൾ അവിടെ എത്തുമായിരുന്നു എന്നതു് നിസ്സംശയമത്രെ. പരമാധികാരം അന്ത്യോക്യായിലുണ്ടായിരുന്നെങ്കിൽ അന്യരുടെ പ്രേരണ ക്രൂടാതെതന്നെ തനിക്കു സമീപസ്ഥങ്ങളായ ഏഷ്യാപ്പള്ളികളെ സംബന്ധിച്ച അന്ത്യോക്യായിലെ തെഓഫിലോസു വേണ്ട ഏർപ്പാടുകൾ ചെയ്യുമായിരുന്നു എന്നതും നിശ്ചയമാണ്. പക്ഷേ കാര്യങ്ങളെല്ലാം റോമ്മാമെത്രാനാണു നിർവ്വഹിച്ചതു്. ഇതു സംബന്ധമായുണ്ടായ വാദപ്രതിവാദങ്ങൾ ഏഷ്യായിലും പ്റഗിയായിലും വച്ചാണ് നടത്തപ്പെട്ടതും. റോമ്മാമെത്രാന്റെ വിധിയാൽ തക്കവസാനിക്കുയും ചെയ്തു. (13) റോമ്മായിൽ പരമാധികാരമില്ലായിരുന്നെങ്കിൽ ഈ വക പ്രവൃത്തികൾ വല്ലവരും ഗണ്യമാക്കുമായിരുന്നോ?

---

(11) Euseb H. E. V. 3. (12) Mgr. Duchesne o. c. (13) Ibidem.

പരമാധികാരസംബന്ധമായി രണ്ടാംശതാബ്ദത്തിൽ നടന്ന സംഗതികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് പെസഹാ ആഘോഷം സംബന്ധിച്ചുണ്ടായ തർക്കം. ചെറിയ ഏഷ്യായിലെ പള്ളികളെല്ലാം ഈ വിഷയത്തിൽ യഹൂദന്മാരുടെ മുറതന്നെ അനുസരിച്ചുവന്നതനാൽ എല്ലാക്കൊല്ലവും ഞായറാഴ്ചതന്നെയായിരുന്നില്ല ആഘോഷം നടത്തിയിരുന്നത്. വി. യോഹന്നാൻശ്ലീഹാ അങ്ങിനെ ചെയ്തിരുന്നു എന്നായിരുന്നു അവരുടെ വാദം. റോമാപ്പള്ളിയാകട്ടെ പ്രതിവത്സരം ഞായറാഴ്ചതന്നെ (ഇപ്പോൾ എല്ലാവരും ചെയ്യുന്നതുപോലെ) പെസഹാ ആഘോഷം നടത്തിയിരുന്നു. വി. പത്രോസും വി. പൗലോസും അങ്ങിനെ ചെയ്തിരുന്നെന്നായിരുന്നു അവരുടെ വാദം. "നമ്മുടെ കർത്താവിൻെറ ഉത്ഥാനം നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാന"മാകയാൽ പ്രസ്തുത തിരുനാളാഘോഷത്തിൽ ഐകരൂപ്യമുണ്ടാക്കുക ഏററം അഗ്രഹിക്കത്തക്ക ഒന്നാണ്. 166-ലൊ അതിനോടടുത്ത കാലത്തൊ സ്മിർണ്ണാ മെത്രാനായിരുന്ന പൊലിക്കാർപ്പ് ഇതുസംബന്ധമായി ആലോചിക്കുവാൻ റോമ്മായിലെത്തി. എങ്കിലും റോമ്മായിലെ അനിസെററസിനെ പറഞ്ഞു സമ്മതിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. വിശ്വാസത്തേയൊ സന്മാർഗ്ഗനടത്തയേയൊ ബാധിക്കാത്തഒരു കാര്യമാകയാൽ, പാരമ്പര്യം എങ്ങിനെയെന്നു തീർച്ചയാക്കുന്നതുവരെ രണ്ടു വിധത്തിലും നടക്കുന്നതിൽ വിരോധമില്ല എന്നു തീരുമാനിച്ചശേഷം, അഭിപ്രായത്തിൽ തമ്മിൽ ചേർന്നില്ലെങ്കിലും, അനിസെററസും പൊലിക്കാർപ്പും സൌഹാർദ്ദമായി പരസ്പരം പിരിഞ്ഞു. (14)

വി. പൊലിക്കാർപ്പ് വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്നു. അദ്ദേഹത്തിൻെറ വിശ്വാസം ശ്ലൈഹികവിശ്വാസം തന്നെയായിരുന്നു എന്നതിൽ തർക്കമില്ല. അദ്ദേഹം പൌരസ്ത്യസഭയിലെ ഒരു മെത്രാനുമായിരുന്നു. പൌരസ്ത്യ പാശ്ചാത്യസഭകളിൽ പെസഹാ ആഘോഷവിഷയത്തിൽ ഐകരൂപ്യം വരുത്തുവാൻ 80-ാം വയസ്സിൽ ദീർഘയാത്രചെയ്തു് അദ്ദേഹം റോമ്മായിലേക്കാണ് പോയതു്. റോമായിൽ പരമാധികാരമില്ലെന്നു് അദ്ദേഹം ധരിച്ചിരുന്നെങ്കിൽ അങ്ങിനെ ചെയ്യുമായിരുന്നോ? പത്രോസിൻെറ പരമാധികാരമില്ലാത്ത ഒരു പാശ്ചാത്യമെത്രാന് പൌരസ്ത്യസഭയിൽ എന്തധികാരം നടത്തുവാൻ കഴിയും? തൻെറ സമകാലീനനും സമീപസ്ഥനുമായിരുന്ന അന്ത്യോക്യായിലെ ഹേറോസിനു പരമാധികാരമുണ്ടായിരുന്നെങ്കിൽ വി. യോഹന്നാൻശ്ലീഹായുടെ ശിഷ്യനായിരുന്ന വി. പൊലിക്കാർപ്പ് അതറിയുകയും അന്ത്യോക്യായിക്കു പോകുകയും ചെയ്യുമായിരുന്നു എന്നതിൽ എന്താണു സംശയം?

അനിസെററസിൻെറ പിൻഗാമിയായിരുന്ന വിക്ടറിൻെറ ഭരണകാലത്തു് മൊന്താനിസ്റ്റരിൽ പലരും ബ്ലാസ്റ്റ് എന്ന ശീശ്മക്കാര

---

(14) S. Iraen. L. III. c. 3.
Euseb. H. E. L. V. C. 23, 24. S. Hieron. catal.

ന്റെ അനുയായികളും പെസഹാ ആഘോഷത്തിൽ ഏഷ്യാക്കാരെ അനുഗമിച്ചുതുടങ്ങി. പാഷണ്ഡരും യഹൂദന്മാരും ചെയ്തിരുന്നതുപോലെ സത്യവിശ്വാസികൾ ചെയ്യേണ്ടതല്ലെന്നു വിക്ടറിനു നിർബന്ധമായിരുന്നു. (15) 197-ൽ റോമ്മായിൽ ഒരു സൂനഹദോസുകൂട്ടി താൻതന്നെ അതിൽ അദ്ധ്യക്ഷനായി ഓരോ പ്രദേശങ്ങളിലെയും മെത്രാന്മാർ സംഘംകൂടി തീരുമാനിക്കുന്നതു തന്നെ അറിയിക്കണമെന്നു കിഴക്കും പടിഞ്ഞാറുമുള്ള പള്ളികൾക്കു വിക്ടർ കല്പനയയച്ചു. അപ്പേസൂസിൽ കൂടിയ മെത്രാന്മാർ മാത്രമേ ഏഷ്യാക്കാരുടെ നടപ്പു സ്വീകരിച്ചുള്ളൂ. പൊതു അഭിപ്രായം അറിഞ്ഞശേഷം എല്ലാസ്ഥലത്തും റോമ്മാപ്പള്ളി ആഘോഷിക്കുന്ന ദിവസംതന്നെ പെസഹാ ആഘോഷിക്കപ്പെടണമെന്നു വിക്ടർ തീരുമാനിച്ചു. (16)

വിക്ടറിന്റെ കല്പനപ്രകാരം അന്ത്യോക്യാ പാത്രിയർക്കീസധികാരസീമയിലെ കേസറിയ മുതലായ പൌരസ്ത്യപ്രദേശങ്ങളിൽ കൂടെയും സംഘങ്ങൾ നടന്നു എന്നതു പ്രസ്താവ്യമാണ്. അപ്പേസൂസിലെ സംഘത്തെപ്പററി അതിൽ അദ്ധ്യക്ഷനായിരുന്ന പൊലിക്രാത്തെസ് വിക്ടറിനു ഇങ്ങനെ എഴുതി.

“അങ്ങുന്ന് എന്നാൽ ക്ഷണിക്കപ്പെടുവാൻ ആവശ്യപ്പെട്ടപ്രകാരം ഞാൻ ക്ഷണിച്ചുവരുത്തിയവരും എന്റെ കൂടെയുള്ളവരുമായ മെത്രാന്മാരുടെ കാര്യവും എനിക്കു പറയുവാൻ കഴിയും. ഞാൻ അവരുടെ പേരുകൾ എഴുതുന്നുവെങ്കിൽ അതു് ഒരു വലിയ തുകയായി കാണപ്പെടും...... „ (17) വിക്ടറിന്റെ കല്പന സ്വീകരിക്കുവാൻ കൂടിയ സംഘമായിരുന്നു അപ്പേസൂസിലെ ഈ സംഘമെന്നു ചിലരും (18) അതിനു മുമ്പായിത്തന്നെ അതു നടന്നുകഴിഞ്ഞു എന്നു മററു ചിലരും പറയുന്നു. (19) ഏതായാലും പൌരസ്ത്യമെത്രാന്മാർ (അന്ത്യോക്യാപാത്രിയർക്കീസിന്റെ സമീപസ്ഥന്മാരായ ഇത്ര അധികം പൌരസ്ത്യമെത്രാന്മാർ) ഒരു പാശ്ചാത്യനായ വിക്ടർ “ആവശ്യപ്പെട്ടപ്രകാരം” പ്രവർത്തിച്ചതിൽ വിക്ടറിനു തങ്ങളുടെമേൽ അധികാരമുണ്ടെന്നു അനുസരിക്കുകയാണു ചെയ്തതു്. റോമ്മാമെത്രാനായിരുന്ന വിക്ടറിനു പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമി എന്ന നിലയിലല്ലാതെ എന്തധികാരമാണ് പൌരസ്ത്യരുടെമേൽ— അന്ത്യോക്യാപാത്രിയർക്കീസിന്റെ അയൽപക്കക്കാരായ പൌരസ്ത്യരുടെമേൽ— ഉണ്ടാകുവാൻ പാടുള്ളതു? അന്ത്യോക്യായിൽ പരമാധികാരമുണ്ടായിരുന്നെങ്കിൽ ഇപ്രകാരം വല്ലതും നടക്കുമൊ?

യോഹന്നാൻ പീലിപ്പോസ് എന്ന രണ്ടു ശ്ലീഹന്മാരും പൊലിക്കാർപ്പും മററനേകം മെത്രാന്മാരും തന്റെ രക്തസംബന്ധികളായ വേറെ ഏഴു മെത്രാന്മാരും യഹൂദന്മാരുടെ മുറതന്നെ അനുസരിച്ച് പെസഹാ ആഘോഷിച്ചിരുന്നെന്ന് തന്റെ ലേഖനത്തിന്റെ ആരം

(15) Hist Eccl. Compend H. G. Wouters p. 91.
(16) Cf Jungmam II. 69. sq. (18) Palma I. 19.
(17) P. G. Migne Vol V. (19) Hefele Cociliengesct 1§2, 32.

ഭത്തിൽ പൊലിക്രാത്തേസ് ശക്തിമത്തായി വാദിക്കുന്നുണ്ട്. (20) എങ്കിലും ഒരു പാശ്ചാത്യനായിരുന്ന വിക്ടറിന്റെ കല്പനപ്രകാരം അ കാൎയ്യം ബന്ധിച്ച് ആലോചിക്കുവാൻ പൊലിക്രാത്തേസ് അനേകം മെത്രാന്മാരെ വിളിച്ച കൂട്ടിയതിൽനിന്ന് പിലിപ്പോസു, യോഹന്നാൻ ശ്ലീഹന്മാൎക്കില്ലാതിരുന്ന ഏതോ ഒരധികാരം വിക്ടറിനുണ്ടായിരുന്നു എന്ന് അദ്ദേഹം ധരിച്ചിരുന്നു എന്നു വിശദമാണ്. ഈ അധികാരത്തിനാണല്ലൊ പരമാധികാരമെന്നു പറയുന്നത്.

എന്നാൽ ഇതുകൊണ്ടും കാൎയ്യമവസാനിച്ചില്ല. പൊലിക്രാത്തേസും കൂട്ടരും വിക്ടറിന്റെ കല്പനയനുസരിക്കുവാൻ വിസമ്മതിച്ചു. അവരുടെമേൽ തന്റെ അധികാരം പ്രയോഗിക്കുവാൻ വിക്ടറും നിശ്ചയിച്ചു. തന്റെ കല്പനയുടെ ശേഷംവരുന്ന ഒന്നാം പെസഹാ, ഞായറാഴ്ച തന്നെ ആഘോഷിക്കാത്ത സഭകളെ പൊതു ഐക്യത്തിൽ നിന്നു താൻ വേർപെടുത്തിക്കളയുമെന്നു അദ്ദേഹം തീൎച്ചയാക്കി. അങ്ങിനെ ഒരു കല്പന അയച്ചില്ലയോ എന്നു സംശയിക്കുന്നവരും ഇല്ലാതില്ല. He cut them off from "the communion" Tes Koius Enoseos എന്നാണ് എവുസേബിയോസ് എന്ന ചരിത്രകാരൻ പറയുന്നത്. (21) എന്നാൽ വിശ്വാസത്തിനും സന്മാൎഗ്ഗനടത്തയ്ക്കും വിരോധമല്ലാത്ത ഒരു സംഗതിയിൽ ഇത്ര 'കടുംകൈ' പ്രവൎത്തിക്കരുതെന്നു ലെഓൻസിലെ വി. ഇരനെവൂസ് വിക്ടറിനോടപേക്ഷിക്കയാൽ വിക്ടർ സ്വനിശ്ചയത്തിൽനിന്നു പിന്മാറുകയും ഏഷ്യാക്കാരോടു തൽക്കാലം ക്ഷമിക്കയും ചെയ്തു. (22) നിക്യാ സൂനഹദോസിനെപ്പററി പറയുമ്പോൾ പെസഹാ ആഘോഷസംബന്ധമായി തുടൎന്നു പറഞ്ഞുകൊള്ളാം. നിക്യാ സൂനഹദോസിനു വളരെ മുമ്പുതന്നെ മിക്കവാറും എല്ലാ പള്ളികളും ഈ വിഷയത്തിൽ റോമ്മായോടു യോജിച്ചു. നിക്യായിലെ നിബന്ധന അലക്സാന്ത്ര്യാ അന്ത്യോക്യാപ്പള്ളികളെ ഉദ്ദേശിച്ചു മാത്രമായിരുന്നുവെന്നതും പ്രസ്താവ്യമാണ്. (23).

വിക്ടർ തന്റെ ഐക്യത്തിൽനിന്ന്— പൊതു ഐക്യത്തിൽ നിന്നു— തന്റെ കല്പനയനുസരിക്കാത്ത സഭകളെ വേർപെടുത്തിക്കളയുമെന്നു തീൎച്ചയാക്കിയതു സംബന്ധിച്ചാണ് ഇവിടെ സ്വല്പം പറയാനുള്ളത്. ഏതു മെത്രാനു വി. പത്രോസിന്റെ പരമാധികാരമുണ്ടോ അ മെത്രാനോടു മറെറല്ലാമെത്രാന്മാരും പാത്രിയൎക്കീസുമാൎക്കൂടെയും അവശ്യം യോജിച്ചു നില്ക്കണം. മററു മെത്രാന്മാർ തങ്ങൾ പരമാധികാരമുള്ള മെത്രാന്റെ ഐക്യത്തിലാണോ നിൽക്കുന്നതെന്നു സൂക്ഷിച്ചാൽ മാത്രം മതി. പരമാധികാരമില്ലാത്ത ഒരു മെത്രാൻ തന്റെ ഐക്യത്തിൽ— പൊതു ഐക്യത്തിൽ— മററുള്ളവർ നില്ക്കണമെന്നാവശ്യപ്പെടുകയില്ലതന്നെ.

---

(20) Migne Ibid.
(21) Cf. Mgr. Duchesne O. C.
(22) Cf. Phigi soec. II. Disp. V.
(23) Mgr. Duchesne O. C., Ch. IV.

ഇങ്ങിനെയെങ്കിൽ പൌരസ്ത്യസഭാംഗങ്ങളായ ഏഷ്യായിലെ മെത്രാന്മാരെ തന്റെ ഐക്യത്തിൽനിന്നകററുവാൻ വിക്ടർ ഉദ്ദേശിച്ചതു്, തനിക്ക ക്രൈസ്തവസഭയിൽ— പൊതുസഭയിൽ— പരമാധികാരമുണ്ടെന്ന പൂൎണ്ണബോധമുണ്ടായിരുന്നതുകൊണ്ടാണു്. അന്നത്തെ അന്ത്യോക്യാപാത്രിയക്കീസിന്നു ഈ ബോധമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അയൽവാസികളായ ഏഷ്യാ മെത്രാന്മാരുടെ കാൎയ്യത്തിൽപോലും അദ്ദേഹം എന്തുകൊണ്ടു പ്രവേശിച്ചില്ല? വിക്ടറിന്നു പൌരസ്ത്യസഭയിൽ യാതൊരധികാരവുമില്ലായിരുന്നെങ്കിൽ, പൌരസ്ത്യ പ്രദേശങ്ങളിൽ അദ്ദേഹം അധികാരം നടത്തിയപ്പോൾ അന്ത്യോക്യാ പാത്രിയക്കീസ് എന്തുകൊണ്ടു അദ്ദേഹത്തെ തടഞ്ഞില്ല.

അലക്സാന്ത്രിയായിലെയൊ, അന്തോക്യായിലെയൊ, അപ്പേസ്സസിലെയൊ ഏതു മെത്രാനാണ് ക്രൈസ്തവലോകം മുഴുവനിലും കല്പന അയക്കുവാനും സൂനഹദോസുകൾ കൂട്ടുവാനും വിചാരിച്ചിട്ടുള്ളതു്? ഏതു മെത്രാനാണു അങ്ങിനെ ചെയ്തിട്ടുള്ളതു്? പക്ഷെ രണ്ടാം ശതാബ്ദത്തിൽ പോലും ഇങ്ങിനെയുള്ള വൻകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിന്നു റോമ്മാമെത്രാനു സാധിച്ചു എന്നതു നമുക്കു ചിന്താവിഷയമാകട്ടെ. റോമായിൽ പരമാധികാരം സ്ഥിതിചെയ്യുന്നു എന്നതിന്നു ഇതൊരുത്തമ തെളിവാണെന്നു വീണ്ടും പറയണമൊ?

രണ്ടാം ശതാബ്ദത്തിൽ പരമാധികാര സംബന്ധമായുണ്ടായ സംഗതികളെല്ലാം റോമ്മാമെത്രാന്മാരാണ് നടത്തിയതെന്നു ഇത്രയും പറഞ്ഞതിൽനിന്നു വിശദമാകുന്നു. അന്ത്യോക്യാപാത്രിയക്കീസുമാർ ഒന്നും തന്നെ ചെയ്യുകയാകട്ടെ തങ്ങൾക്കു തദധികാരം ഉണ്ടെന്നു പറയുകയാകട്ടെ വിചാരിക്കുകയാകട്ടെ ചെയ്തിട്ടില്ല. ക്രൈസ്തവലോകം മുഴുവനും റോമ്മായുടെ അധികാരം സ്വീകരിക്കയും ചെയ്തു. മൂന്നാം ശതാബ്ദത്തിലേക്കു കടക്കുന്നതിന്നു മുമ്പായി വി. ഇരനേവൂസിന്റെ സുപ്രസിദ്ധവാക്യം സംബന്ധമായി കുറെ പറയേണ്ടതായുണ്ടു്.

"ഇതിന്റെ അതിപ്രബലമായ അധികാരം നിമിത്തം ഈ പള്ളിയോടു മറെറല്ലാ പള്ളികളും അവശ്യം യോജിക്കണം" Adhanc enim Ecclesiam propter potentiorem (codex claremont: potiorm) principalitatem necesse est omnem Convenire ecclesiam. (24) എന്നു അന്ത്യോക്യാപ്പള്ളിയേക്കുറിച്ചല്ലാ റോമ്മാപ്പള്ളിയെക്കുറിച്ചാണ് വി. ഇരനേവൂസ് അരുൾ ചെയ്യുന്നതു്. പാഷണ്ഡക്കെതിരായി ആണ് അദ്ദേഹം ഇങ്ങനെ എഴുതിയതെന്നും പ്രസ്താവ്യമാണ്. പാഷണ്ഡരെ ലജ്ജിപ്പിക്കുവാൻ എല്ലാപ്പള്ളികളുടെയും പിന്തുടച്ച എടുത്തുകാണിക്കുക സാദ്ധ്യമല്ലാത്തതിനാൽ റോമ്മാപ്പള്ളിയെക്കുറിച്ചുമാത്രം ആലോചിച്ചാൽ മതിയെന്നു പ്രസ്താവിച്ച ശേഷമാണ് അദ്ദേഹം ഈ വാക്യം എഴുതിയിരിക്കുന്നതു്. അന്ത്യോക്യായോടടുത്തു കിടക്കുന്ന ചെ

(24) Contra Hereses I. 24. Enchrid. Font H. E. Kirch, p.. 70

റിയ ഏഷ്യായിൽ വളൎന്ന അദ്ദേഹം, വിശുദ്ധനും, വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനും ഒരു പൌരസ്ത്യ മെത്രാനുമായിരുന്ന പൊലീക്കാൎപ്പിന്റെ ശിഷ്യനായിരുന്ന അദ്ദേഹം, പൌരസ്ത്യ പാശ്ചാത്യ സഭകളെ നല്ലവണ്ണം അറിഞ്ഞിരുന്ന അദ്ദേഹം, അതിപ്രബലമായ അധികാരം അന്ത്യോക്യായ്ക്കു കല്പിക്കാതെ റോമ്മായ്ക്കുതന്നെ കല്പിച്ചതെന്തുകൊണ്ട്? മററു പള്ളികളും— അന്ത്യോക്യാപ്പള്ളിയും— റോമ്മായോടു യോജിച്ചു നില്ക്കണമെന്ന് അദ്ദേഹം വിശ്വാസമുപേക്ഷിച്ച പതിതരോടു പറയുന്നു എന്നും ആലോചിച്ചാലും.

വിശ്വാസത്തിലും ഭരണത്തിലും സാൎവ്വത്രികസഭയിൽ അന്നുണ്ടായിരുന്ന ഐക്യവും, ശ്ലൈഹികപഠനം കാത്തുസൂക്ഷിക്കുന്നതിൽ റോമ്മാപ്പള്ളിക്കു സിദ്ധിച്ചിരുന്ന പരമാധികാരവുമാണ് വി. ഇരനേവൂസിന്റെ വാക്യങ്ങളിൽ തെളിഞ്ഞു കാണപ്പെടുന്നവ. ഇവസംബന്ധമായി കൂടുതൽ അറിയണമെങ്കിൽ അന്നത്തെ ക്രൈസ്തവലോകത്തിലേക്ക് ഒന്നു കണ്ണു തിരിച്ചാൽ മതി. ഓർശ്ലേം, ബൊസന്തിയാ, അന്ത്യോക്യാ, അലക്സാന്ത്ര്യാ എന്ന സഭകളുടെ ശ്രുതി അന്നെവിടെയായിരുന്നു? ഓർശ്ലത്തിൽ കുറെ യൗനായക്രിസ്ത്യാനികൾമാത്രമേ അന്നുണ്ടായിരുന്നുള്ളു. കൊറിന്തു മുതലായ സ്ഥലങ്ങളിൽ വസിച്ചിരുന്ന പരിഷ്കൃത യവുനരുമായി അവൎക്കു യാതൊരു കൂട്ടുകെട്ടുമില്ലായിരുന്നു. ബൊസന്തിയായെപ്പററി പറയേണ്ട ആവശ്യമേ ഇല്ല. അന്ന് അവിടെ ഒരു മെത്രാസനം പോലുമില്ലായിരുന്നു. അലക്സാന്ത്ര്യായിൽ മെത്രാനുണ്ടായിരുന്നെന്നു തന്നെയല്ല ശ്ലൈഹിക പിന്തുടർച്ചയും അവിടെയുണ്ടായിരുന്നു. പക്ഷെ ഗ്നോസ്റ്റിക്ക പാഷണ്ഡരുടെ ജന്മനഗരമെന്നായിരുന്നു അലക്സാന്ത്ര്യായിക്ക് അന്നുണ്ടായിരുന്ന മറുനാമം. പുതിയ നിയമത്തിലെ ഓൎമ്മകളും വി. അഗ്നാത്തിസിന്റെ ചരിത്രവും മാത്രമായിരുന്നു അന്ത്യോക്യായുടെ പ്രശംസാവിഷയങ്ങൾ. വി. അഗ്നാത്തിസിന്റെ പിൻഗാമികളായി അവിടെ ഭരണം നടത്തിയ മെത്രാന്മാരെപ്പററി പ്രത്യേകമായി യാതൊന്നും പറയുവാൻ അക്കാലം സാധിക്കയില്ല. അന്ത്യോക്യായിലെ തെഓഫിലസിന്റെയും (Apology) അലക്സാന്ത്ര്യായിലെ ക്ലേമീസിന്റെയും കൃതികൾ (Pedagogue. &c.) പുറത്തു വന്നിട്ടുണ്ടായിരുന്നു എന്നതു വാസ്തവം തന്നെ. എങ്കിലും വി. ഇരനേവൂസിന്റെ കാലത്ത് അവയുടെ മഷി ഉണങ്ങിട്ടില്ലായിരുന്നു. കൂടാതെയും അന്ത്യോക്യായെയൊ അലക്സാന്ത്ര്യായെയൊ സംബന്ധിച്ച പരമാധികാര സൂചകമായ ഒർക്ഷരം പോലും അവയിൽ കണ്ടുകിട്ടുകയില്ല. അന്ത്യോക്യായിലെ സെറാപ്പിയോൻറയും അലക്സാന്ത്ര്യായിലെ ദെമെത്രിയൂസിൻ്റെയും കാലം മുതൽ മാത്രമാണ് ഈ രണ്ടു പള്ളികളും ഉയൎന്നു തുടങ്ങിയതു. (സെബേരൂസു ചക്രവൎത്തിയുടെ കാലംമുതൽ) വല്ല പ്രധാന്യവുമുള്ളതായി അന്ന് കിഴക്കൻ പ്രദേശത്തു ചെറിയ ഏഷ്യായിലെ പള്ളിമാത്രമെ ഉണ്ടായിരുന്നൊള്ളു. എന്നാൽ ഏഷ്യായിൽ വളൎന്ന് പൌരസ്ത്യപഠനം തന്നെ പഠിച്ച ഇരനേവൂസ് റോമ്മാപ്പള്ളിക്ക് ഏഷ്യാപ്പള്ളിമേൽ കൂടെയും അ

ധികാരം കല്പിക്കുന്നു. (25) കണ്ടാലും, റോമ്മായുടെ അധികാരം! പാഷണ്ഡർ റോമ്മായിൽ ഓടിക്കൂടിയതും റോമ്മാ അവരെ നിർഭയം ശപിച്ചതും വൃഥാവിലല്ല. വൃഥാവിലല്ല വിക്ടർ സാർവ്വത്രിക സഭയിൽ അധികാരം പ്രയോഗിച്ചതു്. അന്ത്യോക്യാ പാത്രിയർക്കീസുമാർ ഒന്നും ചെയ്യാതിരുന്നതും വൃഥാവിലല്ല. അകത്തോലിക്കനും ശൂന്യവാദിയുമായ റെനാൻ വീണ്ടും പറയുന്നു: At the end of the second centuary we can already recognise, by signs which it is impossible to mistake the spirit which in 1870 will proclaim the infallibility of the pope". (26)

ശ്ലീഹന്മാരിൽ നിന്നു പിന്തുടർച്ചയുള്ള മെത്രാന്മാരുടെ പട്ടിക രണ്ടാം ശതാബ്ദത്തിൽതന്നെ റോമ്മായിലുണ്ടായിരുന്നു. അന്ത്യോക്യായിലും അലക്സാന്ത്ര്യായിലും നാലാം ശതാബ്ദത്തിൽ മാത്രമാണു് ഏതാദൃശ്യ പട്ടിക സംബന്ധമായ വിചാരം തന്നെയുണ്ടായതു്. (27) മൂന്നും നാലും ശതാബ്ദങ്ങളിൽമാത്രം കിഴക്കൻ പ്രദേശങ്ങളിൽ കാണപ്പെട്ട "ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണം" രണ്ടാം ശതാബ്ദത്തിൽ റോമ്മായിലുണ്ടായിരുന്നു. (28) പുരാതന വിശ്വാസത്തിൽ ഉറച്ചു നില്ക്കുവാൻ പലെസ്തീനായിൽനിന്നു വി. യുസ്തീനോസും, സുറിയായിൽനിന്നു ഹെജെസിപ്പൂസും, അസ്സിറിയായിൽനിന്നു താസിയാനും പ്രൃഗിയായിൽനിന്നു് അബേറിക്കൂസ് മാർച്ചേളൂസും രണ്ടാം ശതാബ്ദത്തിൽ റോമ്മാ സന്ദർശിച്ചു. ഏഷ്യായിൽനിന്നു റോമ്മായിൽ ചെന്നെത്തിയിരുന്ന തീർത്ഥയാത്രക്കാരുടെ സംഖ്യ തുലോം വലുതു തന്നെയായിരുന്നു. (29)

## ൫-ാം അദ്ധ്യായം.

### മൂന്നാം ശതാബ്ദത്തിൽ അന്ത്യോക്യാ.

#### അന്ത്യോക്യാ പാത്രിയർക്കീസുമാർ.

അസ്ക്ലപ്പിയദെസ്— ഫിലേത്തോസ്— വി. ബാബിലാസ് († 250)— ഫാബിയോസ്— ദെമെത്രിയൻ— സമോസത്ത പൌലോസ്— ദോമനോസ്— തിമാതെഓസ്— കുറിലോസ്— (1)

---

(25) Mgr. Duchesne O. C.
(26) Hibbert Lectures London 1880. quoted by Mgr. Grosch in "What the world owes to the Papacy".
(27) Mgr. Duchesne O. C.
(28) Ibidem. (29) Ibidem.
(1) L. Berti Comp. H. E. Vol. 1. 3 saec.

## ഫാബിഭയാസ്.

250-ൽ ഭരണമാരംഭിച്ച ഫാബിയോസ് നൊവേഷ്യൻ പാഷണ്ഡതയിൽപെട്ട ആളായിരുന്നെന്നു സംശയിക്കുന്നവരുണ്ട്. ഈ കാരണത്താൽ 251-ൽ അന്ത്യോക്യായിൽ ഒരു സൂനഹദോസ് കൂട്ടുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരവേയാണ് ഫാബിയോസിൻെറ മരണം സംഭവിച്ചതു്. സൂനഹദോസു കൂടിയെന്നു പറയുന്നവരും ഇല്ലാതില്ല. ഫാബിയോസിനെ കൂടാതെ സൂനഹദോസിൽ സംബന്ധിക്കുവാനിരുന്നവർ താർസൂസിലെ ഹെലേനോസ്, കപ്പദോക്കിയായിലുള്ള കേസറിയായിലെ ഫിർമീലിയൻ പലെസ്തീനായിലുള്ള കേസറിയായിലെ തെഓക്രിത്തൂസ് എന്ന മെത്രാന്മാരായിരുന്നു. അലക്സാന്ത്ര്യാ പാത്രിയർക്കീസായിരുന്ന ദിവന്നാസിയോസിനെയും ഇവർ ക്ഷണിച്ചിട്ടുണ്ടായിരുന്നു. (2)

കണ്ടാലും, അന്ത്യോക്യയ്ക്കു ചുററുമുണ്ടായിരുന്ന മെത്രാന്മാർ അന്ത്യോക്യാ പാത്രിയർക്കീസിനെ വിധിക്കുവാൻ അടുത്തുകൂട്ടുന്നു. അതും അദ്ദേഹം ഒരു പാഷണ്ഡനായിരുന്നു എന്ന സംശയം നിമിത്തം. പരമാധികാരത്തിൽ പത്രോസിൻെറ പിൻഗാമിയെപ്പററി ഇങ്ങനെ ഒരു നടപടി നടത്തുവാൻ പാടുണ്ടോ? ഫാബിയോസിനെ സംബന്ധിച്ചു സൂനഹദോസു നടന്നെന്നും ഇല്ലെന്നും രണ്ടഭിപ്രായമുള്ളതിനാൽ സൂനഹദോസല്ല സൂനഹദോസുകൾ നടന്ന വേറൊരു സംഗതിയിലേക്കു നമുക്കു പ്രവേശിക്കാം.

## സമോസത്ത പൌലോസ്.

മൂന്നാം ശതാബ്ദത്തിൽ തന്നെ അന്ത്യോക്യാ ഭരണം നടത്തിയിരുന്ന വേറൊരു പാത്രിയർക്കീസായിരുന്നല്ലോ സമോസത്ത പൌലോസ്. പരസ്യമായി പാഷണ്ഡമതോപദേശം ചെയ്തിരുന്ന പൌലോസ് ഹേതുവാൽ 265-നും 270-നും ഇടയ്ക്കു് സുറിയാ, പലെസ്തീനാ, അറേബിയാ, കിലീക്കിയ, കപ്പദോക്കിയ, പോന്തുസ്, ലിക്കോനിയ എന്ന സ്ഥലങ്ങളിലെ മെത്രാന്മാരുടെ മൂന്നു സൂനഹദോസുകൾ അന്ത്യോക്യായിൽ നടന്നു. (3) പൌലോസു ത്രിത്വത്തെ സംബന്ധിച്ചും മററും പല അബദ്ധങ്ങൾ പഠിപ്പിച്ചിരുന്നു. (4).

നോക്കുക, അന്ത്യോക്യാ പാത്രിയർക്കീസു പരസ്യമായിട്ടു പാഷണ്ഡത പഠിപ്പിക്കുന്നവനായി കാണപ്പെട്ടകയാൽ സമീപസ്ഥന്മാരായ മെത്രാന്മാർ അദ്ദേഹത്തെ വിസ്തരിക്കുവാൻ അന്ത്യോക്യായിൽ തന്നെ സൂനഹദോസുകൾ കൂട്ടുന്നു. 'നീ എൻെറ ആടുകളെയും കുഞ്ഞാടുകളെയും മേയിക്കുക' എന്നു് മിശിഹാ ആരോടു കല്പിച്ചുവോ ആ പത്രോസു ശ്ലീഹായുടെ പിൻ

---

(2) Catholic Encycl. Antioch. Synods of.
(3) Ibidem.
(4) Epipanius haer, 65: Elem. Theol. Dog. Schouppe S. J. I p. 311.

ഗാമി പരസ്യമായി പാഷണ്ഡ മതോപദേശം ചെയ്യുന്നെങ്കിൽ സത്യവിശ്വാസം എന്ന ഭക്ഷണം കൊടുത്തു് ആടുകളായ വിശ്വാസികളെ അയാൾ എങ്ങിനെ പാലിക്കും? അയാൾ തന്റെ സഹോദരന്മാരെ എങ്ങിനെ ഉറപ്പിക്കും? പത്രോസിന്റെ ഉദ്യോഗം ലോകാവസാനംവരെ നിലനില്ക്കേണ്ടതാകയാലും പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമികൾ പരസ്യമായി പള്ളി മുഴുവനെയും പഠിപ്പിക്കുമ്പോൾ വിശ്വാസസന്മാർഗ്ഗസംബന്ധമായി യാതൊരു തെററിലും ഉൾപ്പെടുവാൻ പാടില്ലാത്തതിനാലും ആടുകളെ മേയിക്കേണ്ട പരമപാലകൻ അന്ത്യോക്യാ പാത്രിയർക്കീസല്ലെന്നു സമോസത്ത പൌലോസിന്റെ ചരിത്രത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം.

മൂന്നാം സൂനഹദോസിൽ വച്ച് പൌലോസു കുററക്കാരനായി വിധിക്കപ്പെട്ടു. അന്ത്യോക്യായിൽ നിന്നു ബഹിഷ്കൃതനായി. പരമാധികാരമുള്ള മെത്രാനെ വിധിക്കുവാനോ ബഹിഷ്കരിക്കുവാനൊ ആർക്കും അധികാരമില്ല. എന്നാൽ സ്വന്തം അയൽവാസികൾ തന്നെ പൌലോസിനെ വിധിക്കയാണുണ്ടായതു്. അന്ത്യോക്യായിൽ പരമാധികാരമുണ്ടായിരുന്നെങ്കിൽ ലോകം മുഴുവനും പൌലോസിനെ ആദരിക്കുമായിരുന്നു എന്നതിൽ എന്താണു് സംശയം?

മേൽപറഞ്ഞ മെത്രാന്മാർ എല്ലാവരും ഒരുമിച്ച് പൌലോസിന്റെ വിശ്വാസവ്യാപാരങ്ങളടങ്ങിയ ഒരു ദീർഘലേഖനം റോമ്മായിലെ ദിവന്നാസിയോസിന് അയച്ചു. അതിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:—

"……………. അയാൾ സത്യവിശ്വാസത്തിൽ നിന്നു പിൻമാറി അബദ്ധവും മലിനവുമായ ബോധനം സ്വീകരിച്ചു ……… ദരിദ്രനും ധനസമ്പാദനത്തിനു യാതൊരു മാർഗ്ഗവുമില്ലാത്തവനും … ആയിരുന്നെങ്കിലും … വഞ്ചനകളാലും മഹാ പാതകങ്ങളാലും ഒരുന്നതസ്ഥിതിയിൽ അയാൾ എത്തിയിരിക്കുന്നു … മെത്രാൻ എന്നതിനെക്കാൾ കുബേരൻ എന്നു വിളിക്കപ്പെടുവാനാണു് ആഗ്രഹം ……… മുമ്പും പിറകും നടക്കുന്ന ജനക്കൂട്ടത്തിന്റെ മദ്ധ്യേ തെരുവിൽക്കൂടി പ്രദക്ഷിണം നടത്തുകയാൽ … നമ്മുടെ വിശ്വാസത്തിനു വിരോധമായി പലർക്കും നിരസം ജനിച്ചിരിക്കുന്നു … ദേവാലയത്തിൽ ആളുകൾ കൂടുമ്പോൾ അത്യാഗ്രഹിയായ ഈ മനുഷ്യൻ കാട്ടിക്കൂട്ടുന്ന വ്യർത്ഥതയെപ്പററി ഒന്നും പറയണ്ട … മിശിഹായുടെ ശിഷ്യനു യോജിക്കാത്തവിധം ഒരു സിംഹാസനം ഉണ്ടാക്കിയിട്ടുണ്ട് … തന്നെ സ്തുതിക്കാരെയും, നാടകശാലയിൽ എന്നപോലെ വർത്തിക്കാതെയും, തന്റെ ഇഷ്ടരായ സ്ത്രീപുരുഷന്മാരെപ്പോലെ ചാടിക്കളിക്കാതെയും ഇരുന്നവരെ .. ശാസിക്കയും പചരിക്കയും ചെയ്തിരുന്നു … നമ്മുടെ നിയമങ്ങളിൽ നിപുണന്മാരായി കാലം ചെയ്തവരെ അയാൾ പ്രസംഗത്തിൽ ആക്ഷേപിച്ചിരുന്നു, തന്നെപ്പററിയോ എന്നാൽ വളരെ കേമമായി സംസാരിച്ചിരുന്നു ……… ഈശോമിശിഹായുടെ സ്തുതിക്കായി പാടാറുണ്ടായിരുന്ന സ്തോത്രഗാനങ്ങൾ നിറുത്തലാക്കി. പെസഹാ തിരുനാളിൽ തന്റെ മഹിമക്കായി പള്ളിയുടെ നടുവിൽ

നിന്നു പാടുവാൻ സ്ത്രീകളെ ഏൎപ്പെടുത്തി ........ തന്റെ സ്നേഹിതന്മാരായ അടുത്ത പ്രദേശങ്ങളിലും പട്ടണങ്ങളിലും ഉണ്ടായിരുന്ന മെത്രാന്മാരെയും പട്ടക്കാരെയും തന്നെപ്പററി ജനങ്ങളോടു പ്രസംഗിക്കുവാൻ ഉപദേശിച്ചു ........ ദൈവപുത്രൻ സ്വൎഗ്ഗത്തിൽ നിന്നിറങ്ങിവന്നു എന്നു് നമ്മുടെ ഒരുമിച്ചു വിശ്വസിക്കുവാൻ അയാൾ വിമുഖനാണ്... (...ഇതു ഞങ്ങൾ അടിസ്ഥാനമില്ലാതെ പറയുന്നതല്ല. ഞങ്ങൾ അങ്ങേക്കയക്കുന്ന വിവരങ്ങളിൽ—പ്രത്യേകമായി മിശിഹാ ഭൂമിയിൽ നിന്നു ജനിച്ചവനാണെന്നു പറയുന്നിടത്തു്— അയാൾ ഒന്നിലധികം പ്രാവശ്യം വെളിപ്പെടുത്തിയിട്ടുണ്ടു്.) ... അയാളുടെ ബഹുമാനത്തിനായി പാടുന്നവരും പ്രസംഗിക്കുന്നവരും അയാൾ സ്വൎഗ്ഗത്തിൽ നിന്നിറങ്ങിയ ഒരു മാലാഖായാണെന്നു പറയുന്നു ... എല്ലാ മനുഷ്യരെക്കാൾ അഹംഭാവിയായ അയാൾ ഇവയൊന്നും വിരോധിക്കുന്നില്ല. പറയപ്പെടുന്നവ അയാൾക്കു വളരെ രസകരങ്ങളാണു് ........ ഈ കാരണങ്ങളാൽ എല്ലാവൎക്കും വലിയ കുണ്ഠിതമുണ്ടു്. എന്നാൽ ശക്തനും തന്നിഷ്ടനുമായ അയാളുടെമേൽ കുററമാരോപിക്കുവാൻ അൎക്കും ധൈൎയ്യം പോരാ ........" (5)

പൌരസ്ത്യമെത്രാന്മർ— അന്ത്യോക്യാ പാത്രിയൎക്കീസിന്റെ അയൽവാസികളും അദ്ദേഹത്തിന്റെ കീഴിൽ നിന്നിരുന്നവരുമായ പൌരസ്ത്യ മെത്രാന്മാർ— അന്ത്യോക്യായിൽക്കൂടി അന്ത്യോക്യാപാത്രിയൎക്കീസിനെ കുററക്കാരനെന്നു വിധിച്ചശേഷം അദ്ദേഹത്തിന്റെ വിശ്വാസ സന്മാൎഗ്ഗനടത്തകൾ സംബന്ധിച്ചു് ദീൎഘമായ ഒരു ലേഖനം പാശ്ചാത്യനായ റോമ്മാമെത്രാനു സമൎപ്പിച്ചു. അന്ത്യോക്യായോ റോമ്മായൊ? പൌലോസിന്റെ വീഴ്ചയോടെ അന്ത്യോക്യാപ്പള്ളിയും തെററിൽ വീണില്ലയോ? 'നരകവാതലുകൾ' അതിനെ ജയിച്ചില്ലയൊ? പത്രോസിന്റെമേൽ പണിയപ്പെട്ടിരിക്കുന്ന പള്ളിയെ നരകവാതലുകൾ ജയിക്കയില്ലെന്നു് മിശിഹാതന്നെ വാഗ്ദത്തം ചെയ്തിട്ടുണ്ടു്.

കുററമനുസരിക്കുവാൻ നിർബന്ധിതനും അന്ത്യോക്യാ സിംഹാസനത്തിൽനിന്നു ബഹിഷ്കൃതനുമായിതീൎന്ന പൌലോസിന്റെ സ്ഥാനത്താണു്. വി. ദോമ്നോസു നിയമിതനായതു്. നഷ്ടീഭവിച്ച അധികാരം പുനർപ്രാപിക്കുവാൻ പൌലോസു ശ്രമിക്കാതിരുന്നില്ല. രാജശക്തി അവശ്യമായി തീൎന്നു. മെത്രാന്മാരെല്ലാവരും ഔറേല്യൻ എന്ന റോമ്മാചക്രവൎത്തിയെ വിവരം ബോധിപ്പിച്ചു. ചക്രവൎത്തിയുടെ കല്പനയെപ്പററി നാം ഇങ്ങനെ വായിക്കുന്നു:—

"പൌലോസു സത്യവിശ്വാസത്തിൽനിന്നും തദ്വാരാ മെത്രാൻ പദത്തിൽനിന്നും വീണുപോകുകയും മുൻപറഞ്ഞപോലെ അന്ത്യോക്യായുടെ ഭരണം ദോമ്നോസ് ഭരമേല്ക്കുകയും ചെയ്തിരിക്കയാണു്. എന്നാൽ പള്ളിമേടയിൽനിന്നു വിട്ടുമാറുവാൻ പൌലോസു വിസമ്മതിക്കയാൽ, വിവരമറിഞ്ഞു ഔറേല്യൻ ചക്രവൎത്തി ഏററം നീതിപൂൎവ്വം ഇങ്ങനെ തീ

(5) Apud Euseb. H. E. 7, 30, 7-16: Bk. Euseb. 2708 sq. MG. 20, 711 sq. Enchrid Fontium H. E. Kirch S. J. Council. Antioch.

രുമാനിച്ച് കല്പന അയച്ചു. 'ഇത്താല്യയിലെ ക്രൈസ്തവ മതാചാൎയ്യന്മാരും റോമ്മാമെത്രാനും ആരോട്ട് എഴുതി അറിയിക്കുമൊ, അവൎക്ക് മേട വിട്ടുകൊടുക്കേണ്ടതാണു.' ഇപ്രകാരം മേൽപ്രസ്താവിച്ച മനുഷ്യൻ (പൌലോസു) അത്യധികമായ ആക്ഷേപത്തോടെ ലൌകികാധികാരത്താൽ പള്ളിയിൽനിന്നു ബഹിഷ്കൃതനായി." (6)

കണ്ടാലും, അന്ത്യോക്യാപാത്രിയൎക്കീസിന്റെ ഉപമെത്രാന്മാർതന്നെ അന്ത്യോക്യാപാത്രിയൎക്കീസിനെ ന്യായമായി വിധിക്കുന്നു; ബഹിഷ്കരിക്കുന്നു. റോമ്മായിൽ കാൎയ്യങ്ങളെല്ലാം ബോധിപ്പിക്കുന്നു. പൌലോസിനെ തടയുവാൻ ചക്രവൎത്തിയോടാവശ്യപ്പെടുന്നു. കാവ്യനായ ചക്രവൎത്തിപോലും അന്ത്യോക്യാപാത്രിയൎക്കീസിനെ അദ്വിതീയനായി കരുതുന്നില്ല. ചക്രവൎത്തി റോമ്മായിൽനിന്നുള്ള തീരുമാനം പാൎത്തിരിക്കുന്നു. റോമ്മായിലെ തീരുമാനപ്രകാരം— പൌലോസു കുററക്കാരനാണെന്നും അന്ത്യോക്യാ സിംഹാസനത്തിൽനിന്നു ബഹിഷ്കരിക്കപ്പെടേണ്ടവനാണെന്നും റോമ്മാ മെത്രാൻ തീൎച്ചചെയ്തപ്രകാരം— രാജശക്തി പൌലോസിനെ അന്ത്യോക്യായിൽനിന്നു ബഹിഷ്കരിച്ചു. മററു വാക്കായി പറഞ്ഞാൽ റോമ്മാമെത്രാന്റെ വിധിപ്രകാരം അന്ത്യോക്യാ പാത്രിയൎക്കീസായിരുന്ന സമോസത്ത പൌലോസ് സ്ഥാനഭ്രംശം ചെയ്യപ്പെട്ടു. ക്രൈസ്തവലോകം മുഴുവനിലും അന്നും ഇന്നും പൌലോസു കുററക്കാരനാണ്. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു പൌരസ്ത്യ ചരിത്രകാരനായ എവുസേബിയോസിന്റെ കൃതികളിൽ നിന്നാണ് ഈ സംഭവങ്ങളെല്ലാം ഇവിടെ ഉദ്ധരിച്ചിരിക്കുന്നതെന്നും പ്രസ്താവിച്ചുകൊള്ളുന്നു. പൌലോസിന്റെ പാഷണ്ഡോപദേശം റോമ്മായിലെ പിലെക്സിനാൽ ശപിക്കപ്പെടുകയും ചെയ്തു എന്നും അറിഞ്ഞിരിക്കട്ടെ. (7)

മൂന്നാം ശതാബ്ദത്തിൽ അന്ത്യോക്യക്കു പുറത്തു നടന്ന സംഭവങ്ങളിൽ ചിലതു സംബന്ധിച്ചാണ് ഇനി പറയുവാനുള്ളതു്.

## തെൎത്തുല്യൻ.

൨൱൰-ൽ ചില പ്രത്യേക പാപങ്ങൾ വിമോചിക്കുവാൻ പാടുണ്ടോ എന്ന വാദത്തിൽ, തനിക്കു പത്രോസിന്റെ അധികാരമുണ്ടെന്നു കാണിച്ചുകൊണ്ട് മൊന്താനിസ്റ്റുരെയും അവരുടെ ഒരുമിച്ച് വിശ്വവിഖ്യാതനായ തെൎത്തുല്യനെയും സത്യസഭയിൽനിന്നു ബഹിഷ്കരിച്ചതു റോമ്മായിലെ കല്ലീസ്റ്റോസായിരുന്നു. (8) അന്ത്യോക്യായിലെ അഡ്ക്ലപീയഡെസ് ഈ വിഷയത്തിൽ എന്തുകൊണ്ട് നിശബ്ദനായി വൎത്തിച്ചു?

കല്ലിസ്റ്റോസിന്റെ പ്രവൃത്തി തെൎത്തുല്യന് ഒട്ടും രസിച്ചില്ലെന്നു പറയേണ്ടല്ലൊ. "ഒരു വിളംബരം, അതും അപ്പീലല്ലാത്തതരം വിളംബ

(6) Bk. Euseb. 2, 714; MG. 20, 719.
(7) Schouppe O. C. L. C.
(8) Turnel. Historia de la Theol. Positive. Paris- 1904, p. '169.

രം, പ്രസിദ്ധപ്പെടുത്തിയതായി ഞാൻ കേട്ടു. അതായതു് മെത്രാന്മാരുടെ മെത്രാനായ മഹാ മതാദ്ധ്യക്ഷൻ വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു......" (9) എന്നാണ് തത്സംബന്ധമായി അദ്ദേഹം പുഛരിച്ചു പറയുന്നതു്. പുഛരസം നിറഞ്ഞവ എങ്കിലും, റോമ്മാമെത്രാൻ മെത്രാന്മാരുടെ മെത്രാനായും അപ്പീലില്ലാത്ത വിളമ്പരം പ്രസിദ്ധപ്പെടുത്തുവാൻ അധികാരമുള്ളവനായും സാർവ്വത്രിക ക്രൈസ്തവസഭയിൽ കരുതപ്പെട്ടിരുന്നു എന്നു പ്രസ്തുത വാക്യങ്ങൾ വിളിച്ചറിയിക്കുന്നു. തൻെറ വിളംബരം അപ്പീലില്ലാത്തതായി റോമാ മെത്രാൻ ധരിച്ചു പ്രവൎത്തിച്ചെന്നു കൂടെയും തെർത്തുല്യൻെറ വാക്യങ്ങളിൽനിന്നു തെളിയുന്നു. അതിനു വിരോധമായി അപ്പീലുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടു തെർത്തുല്യൻ അപ്പീൽ ബോധിപ്പിച്ചില്ല? അന്നു റോമ്മായിലെയും അന്ത്യോക്യായിലെയും വിശ്വാസം ഒന്നുതന്നെയായിരുന്നു. മൊന്തനിസ്റ്റുകളുടെ ശക്തി പൌരസ്ത്യ ദിക്കിലും വ്യാപിച്ചിരുന്നു. ശേഷം ഊഹ്യമാണല്ലോ.

## ഓറിജെൻ.

പൌരസ്ത്യ സഭാദീപമായി പരിലസിച്ചിരുന്ന ഓറിജെൻ ചില അബദ്ധങ്ങളെല്ലാം എഴുതി പിടിപ്പിക്കയുണ്ടായി. അലക്സാന്ത്രിയാ പാത്രിയക്കീസായിരുന്ന ദെമെത്രിയോസുമായി ഓറിജെൻ ചില തൎക്കങ്ങളും നടത്തിയിരുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ അദ്ദേഹത്തിനുണ്ടായിരുന്ന വിരോധികൾ വളരെയായിരുന്നു. എന്നാൽ പൌരസ്ത്യദിക്കിലുണ്ടായിരുന്ന മതാദ്ധ്യക്ഷന്മാരിൽ ഒരാൾപോലും ഓറിജെനോടു ന്യായം ചോദിച്ചില്ല. റോമ്മായിലെ ഫബിയാനൂസു ചില പ്രമേയങ്ങൾ പിൻവലിക്കുവാൻ ഓറിജെനെ നിർബന്ധിച്ചു. അദ്ദേഹം അങ്ങിനെ പ്രവൎത്തിക്കയും ചെയ്തു. (10) "റോമ്മാപട്ടണത്തിലെ മെത്രാനായിരുന്ന ഫബിയാനൂസിനെഴുതിയ എഴുത്തിൽ താൻ പ്രസിദ്ധപ്പെടുത്തിയവ നിമിത്തമുണ്ടായ മനസ്താപം ഓറിജെൻ പ്രദൎശിപ്പിച്ചിട്ടുണ്ടു..." (11) എന്നാണ് വി. ഈറാനിമ്മോസു പറയുന്നതു്. പരമാധികാരം കിഴക്കോ പടിഞ്ഞാറോ? അതിപുരാതനമായ റോമ്മാപ്പള്ളി സന്ദൎശിക്കുവാൻ ഓറിജെൻ വളരെ അഗ്രഹിച്ചിരുന്നു എന്നും പ്രസ്താവ്യമാണ്.

## അലക്സാന്ത്ര്യായിലെ ദിവന്നാസിയോസ്.

അലക്സാന്ത്ര്യാ പാത്രിയക്കീസായിരുന്ന ദിവന്നാസ്യോസിൻെറ കാൎയ്യം ഈ സന്ദർഭത്തിൽ നമ്മുടെ ശ്രദ്ധയെ കൂടുതൽ അകൎഷിക്കേണ്ട ഒന്നാണ്. ഈ വിഷയത്തിൽ അലക്സാന്ത്ര്യായിലെ വി. അത്തനാസിയോസു പറയുന്നതു കേട്ടാലും:

"മതതീഷ്ണത ഹേതുവാൽ സബേല്ലിയൂസിൻെറ പാഷണ്ഡോപ

(9) Tert. de Pudic. C. l.
(10) Mgr. Duchesne O. C. (11) Ep. 84- n. 10.

ദേശത്തിനു വിരോധമായി അമ്മോനിയ്യൂസിനും എവുപ്രാനോരിനും ദിവന്നാസിയോസു മെത്രാൻ... എഴുതിയപ്പോൾ, സത്യബോധനത്തിൽ നിന്നിരുന്നവരും, എന്നാൽ ഏതുകാരണത്താൽ അങ്ങിനെ എഴുതിയെന്നു് അന്വേഷിച്ചറിയാതിരുന്നവരുമായ... ചില സഹോദരന്മാർ റോമ്മായിൽ അഭയം പ്രാപിച്ചു് അതേ നാമധാരി തന്നെയായിരുന്ന റോമ്മാ മെത്രാൻ ദിവന്നാസിയ്യൂസിന്റെ മുമ്പിൽ അദ്ദേഹത്തിന്റെമേൽ കുററമാരോപിച്ചു... അതറിഞ്ഞു്... അദ്ദേഹം (റോമ്മാമെത്രാൻ) ഈന്ന കാരണത്താൽ അദ്ദേഹം (അലക്സാന്ത്ര്യാ മെത്രാൻ) കുററക്കാരനാക്കപ്പെട്ടു എന്നുതന്നെ ബോധിപ്പിക്കണമെന്നു എഴുത്തുകൾമൂലം ദിവന്നാസിയോസിനോടാവശ്യപ്പെട്ടു. ഉടൻതന്നെ അദ്ദേഹം താൻ നിരപരാധി എന്നു കാണിച്ചുകൊണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അവതന്നെ ആദരിക്കുന്നവയായി... അദ്ദേഹം എഴുതി.” (12)

“എന്റെമേൽ അവർ ആരോപിക്കുന്ന കുററം വാസ്തവമല്ലെന്നു വേറൊരു എഴുത്തിലും ഞാൻ എഴുതിയിരുന്നല്ലോ...” എന്നാണു് ദിവന്നാസിയോസ് റോമ്മായിക്കയച്ച ഒരെഴുത്തിന്റെ ആരംഭം (13) ഈ സംഭവത്തിനു മുമ്പോ അതിനു ശേഷമോ ദിവന്നാസിയോസ് റോമ്മാ ഐക്യത്തിൽനിന്നു വിട്ടുമാറിയില്ല എന്നതുതന്നെ റോമ്മാ മെത്രാന്റെ പ്രവൃത്തി ന്യായപൂർവ്വമായിരുന്നു എന്നു തെളിയിക്കുന്നു. ദെച്ചിയ്യൂസു വലേറിയൻ ചക്രവർത്തിമാർ നടത്തിയ വേദതെരുക്കത്തിലും ബ്രൂക്കിയം നിരോധനത്തിലും, നൊവേഷ്യൻ പാഷണ്ഡതയുടെ ഇടക്കും, മാമ്മോദിസാ സംബന്ധമായുണ്ടായ തക്കങ്ങളിലും ദിവന്നാസിയോസു റോമ്മാ മെത്രാന്മാരുടെയും പട്ടക്കാരുടെയും ഐക്യത്തിൽനിന്നു വിട്ടുമാറിയില്ല. അദ്ദേഹം എഴുതിയിട്ടുള്ള 47 എഴുത്തുകളിൽ 18—ം റോമ്മായിലേക്കുള്ളവയാണ്. (14) എത്രയും പരിശുദ്ധ ത്രീത്വം സംബന്ധിച്ച പാരമ്പര്യം വിടാതെ പിടിച്ചുകൊള്ളണമെന്നും റോമ്മാമെത്രാൻ ദിവന്നാസിയോസിനോടാവശ്യപ്പെട്ടു. (15)

ഒരു പൌരസ്ത്യപാത്രിയക്കീസിന്റെ വിശ്വാസത്തിലുണ്ടായ സംശയങ്ങൾനിമിത്തം അദ്ദേഹത്തിന്റെ കീഴുള്ളവർതന്നെ റോമ്മാമെത്രാന്റെ പക്കൽ ആവലാധി ബോധിപ്പിക്കുന്നു. റോമ്മായിൽനിന്നു് ഉടൻതന്നെ അന്വേഷണംനടത്തുന്നു. കല്പനപ്രകാരം പൌരസ്ത്യപാത്രിയക്കീസ് താമസമൊട്ടുംകൂടാതെ താൻ കുററക്കാരനല്ലെന്നു തെളിയിക്കുവാൻ ശ്രമിക്കുന്നു. ഒരു പാത്രിയക്കീസിന്റെമേൽ അതും അലക്സാന്ത്രിയാ പാത്രിയക്കീസിന്റെ മേൽ അധികാരമുള്ള ഒരു പാശ്ചാത്യമെത്രാനു് ക്രൈസ്തവസഭയിൽ ഏതു സ്ഥാനമാണ് കല്പിക്കേണ്ടതെന്നു വായനക്കാർതന്നെ വിധിച്ചാലും. അന്ത്യോക്യാ പാത്രിയക്കീസിന്റെ അധികാരം എത്രമാത്രമെന്നും ഇതിൽനിന്നു തെളിയും. സംഭവം നടന്നതു് 262—ൽ ആയിരുന്നു.

---

(12) I de sententia Dion. n. 13.
(13) Billuar t. II. De Dion. Alex.
(14) Mgr. Duchesne. (15) Ibidem.

## റോമ്മായിലെ എസ്തപ്പാനോസ്.

253-ൽ പിന്തുടർച്ചാവകാശം വഴിയായി തനിക്കു പത്രോസിന്റെ സിംഹാസനം സ്വന്തമാണെന്നു വാദിച്ചുകൊണ്ട് പാഷണ്ഡരാൽ മാമ്മോദീസാ മുക്കപ്പെട്ടവർ വീണ്ടും മാമ്മോദീസാ സ്വീകരിക്കേണ്ടതല്ലെന്നു തീരുമാനിക്കുകയും, ഏതൽസംബന്ധമായുണ്ടായിരുന്ന അബദ്ധോപദേശത്തെ ശപിക്കുകയും, മഹറോൻ ശിക്ഷയാൽ ആഫ്രിക്കാക്കാരെയും ഏഷ്യാക്കാരെയും തന്റെ കല്പന അനുസരിക്കുവാൻ നിർബന്ധിക്കുകയും (16) ചെയ്തതു് റോമ്മായിലെ എസ്തപ്പാനോസല്ലാതെ അന്ത്യോക്യായിലെ ദെമെത്രിയനല്ല. കർത്തജീനായിലെ വി. കെവുപ്രിയാനോസു വിസമ്മതം പ്രദർശിപ്പിച്ചെങ്കിലും മറെറല്ലാവരും തന്നെ എസ്തപ്പാനോസിനോടു ചേൎന്നു. (17) ഈ വിസമ്മതം റോമ്മായിലെ അധികാരത്തിനു ഹാനി വരുത്തുന്നില്ല. കെവുപ്രിയാനോസിനെപ്പററിയുള്ള പ്രസ്തുത വിവരം വെറുമൊരു കഥനമാണെന്നു ചിലരും, അദ്ദേഹം മനഃപൂൎവ്വമായി അങ്ങിനെ ചെയ്തില്ലെന്നു മററു ചിലരും പറയുന്നുണ്ട്. അദ്ദേഹം റോമ്മായിലെ അധികാരത്തെ മനഃപൂൎവ്വം വിസമ്മതിച്ചു എന്നുതന്നെയിരുന്നാലും ഒരാളുടെ മാത്സൎയ്യം ഹേതുവാൽ ന്യായമായ അധികാരത്തിനു ഭംഗം വരുന്നു എന്നു പറയാമോ? അദ്ദേഹത്തിന്റെ ഭാഗത്തു നിന്നു വല്ല തെററും വന്നിട്ടുണ്ടെങ്കിൽ വേദസാക്ഷിയായി മരിച്ചപ്പോൾ സ്വരക്തത്താൽ അതു് അദ്ദേഹം കഴുകികളഞ്ഞിട്ടുണ്ടെന്നാണ് വി. അഗുസ്തീനോസു സാക്ഷിക്കുന്നതു്. (18) പത്രോസിന്റെ പരമാധികാരത്തെയും റോമ്മാമെത്രാന്റെ അതിശ്രേഷ്ഠാധികാരത്തെയും അസ്പദമാക്കി ഒട്ടുവളരെ എഴുതിയിട്ടുള്ള ഒരാളാണ് വി. കെവുപ്രിയാനോസെന്നും ഈ സന്ദൎഭത്തിൽ നാം ഓൎക്കണം. പൌരസ്ത്യരായ ഏഷ്യാക്കാരെക്കൂടെയും 'മഹറോൻ' ശിക്ഷയാൽ നിർബന്ധിക്കത്തക്ക പാശ്ചാത്യമെത്രാന്റെ അധികാരം അന്ത്യോക്യാ പാത്രിയൎക്കീസിന്റെ അധികാരത്തെക്കാൾ ശ്രേഷ്ഠതരമാണെന്നും അതു് പരമാധികാരം തന്നെ എന്നു സമ്മതിക്കാതെ ഗത്യന്തരമില്ലെന്നും മാത്രം ഇവിടെ പറഞ്ഞുകൊള്ളുന്നു.

## കപ്പദോക്കിയായിലെ ഫിർമീലിയൻ.

മാമ്മോദീസാ സംബന്ധിച്ചുണ്ടായ തൎക്കങ്ങളിൽ വി. കെവുപ്രിയാനോസിനെ അദരിച്ചവരിൽ ഒരാളാണ് പൊന്തൂസിലുള്ള കേസറിയായിലെ ഫർമീലിയൻ. റോമ്മായിലെ എസ്തപ്പാനോസന്ന് വിരോധമായി ഫിർമീലിയൻ ഇങ്ങനെ എഴുതി (Ep. LXXV inter Cyprian) "അദ്ദേഹം തന്റെ മേല്പട്ടസ്ഥാനത്തിൽ അഹംകരിക്കുന്നു. തിരുസഭയുടെ

(16) Eusel. l. r. c. 5.
(17) Turnel l. c.
(18) Cf. Cam. Mazzella. Theol. Dog. unit Eccl.

അടിസ്ഥാനം വയ്ക്കപ്പെട്ടിരിക്കുന്ന പത്രോസിൻെറ അനന്തിരവാഴ്ച തനിക്കു ലഭിച്ചിരിക്കുന്നു എന്നതിൽ പ്രശംസിക്കുന്നു."

ഇതു് എസ്റ്റപ്പാനോസിൻെറ ശത്രുവിൽ നിന്നുള്ള ഒരു സാക്ഷ്യമാണെന്നു വിസ്മരിക്കരുതു്. ഫിർമിലിയൻ എസ്റ്റപ്പാനോസിനു വിരോധമായി നിന്നെങ്കിലും പത്രോസിൻെറ പരമാധികാരം റോമ്മാ മെത്രാനായിരുന്ന എസ്റ്റപ്പാനോസിലായിരുന്നെന്നു് മേലുദ്ധരിച്ച വാക്യങ്ങളിൽ സമ്മതിച്ചു പറഞ്ഞിട്ടുണ്ടു്. റോമ്മാ മെത്രാൻെറ പ്രവൃത്തിയെ ആക്ഷേപിക്കയിൽ ആക്ഷേപവാക്യത്തിൽ തന്നെയാണു് റോമ്മാമെത്രാനു പരമാധികാരമുണ്ടെന്നു് ഫിർമിലിയൻ അനുസരിച്ചു പറയുന്നതു്. ഇതു് പ്രസിദ്ധനായ ഒരു പൌരസ്ത്യമെത്രാൻെറ സാക്ഷ്യമാകയാൽ പരമാധികാരം റോമ്മായിലാണെന്നു് പൌരസ്ത്യദിക്കിൽ പരക്കെ വിശ്വസിച്ചിരുന്നെന്നു ഇതിൽ നിന്നു നമുക്കു മനസ്സിലാക്കാം.

പരമാധികാരമുണ്ടെങ്കിലും തദനുസരണം എസ്റ്റപ്പാനോസു പ്രവർത്തിക്കുന്നില്ലെന്നാണു് ഫിർമിലിയൻ മുറവിളിക്കൂട്ടുന്നതു്. എന്നാൽ എസ്റ്റപ്പാനോസിനു പരമാധികാരമുണ്ടെന്നു സമ്മതിച്ചതും, അദ്ദേഹത്തിൻെറ പരമാധികാരസംബന്ധമായ പ്രവൃത്തിയോടു വിരോധം ഭാവിച്ചതും ഫിർമിലിയൻെറ ഭാഗത്തു നിന്നു തെററായിപോയെന്നു നമുക്കു എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. പരമാധികാരം എസ്റ്റപ്പാനോസിനു ഇല്ലെന്നു പറഞ്ഞശേഷം അദ്ദേഹത്തെ വിരോധിച്ചിരുന്നെങ്കിൽ ഫിർമിലിയൻെറ വാക്കും പ്രവൃത്തിയും തമ്മിൽ യോജിക്കുമായിരുന്നു. അകയാൽ, ഫിർമിലിയൻ തർക്കത്തിൽ മതിമറന്നുപോയതാണെന്നു സുബുദ്ധികൾ എല്ലാവരും സമ്മതിക്കുക തന്നെ വേണം. "തിരുസഭയുടെ അടിസ്ഥാനം വയ്ക്കപ്പെട്ടിരിക്കുന്ന പത്രോസിൻെറ..." എന്ന വാക്യത്താൽ ബഹുമാനപരമായതു തന്നെയല്ല അധികാരപരമായ മുൻസ്ഥാനം (പരമാധികാരം) കൂടെയും റോമ്മാ മെത്രാനുണ്ടെന്നു് ഫിർമിലിയൻ നമ്മെ പഠിപ്പിക്കുന്നു.

## റോമ്മായിലെ ലൂക്കിയോസ്.

കൽദായ സുറിയാനി പാത്രിയർക്കീസായ രണ്ടാം യൌസേപ്പിൻെറ ഒരു കൃതിയിൽ ഇങ്ങനെ കാണുന്നു. "റോമ്മാപ്പള്ളി ശ്ലൈഹിക പള്ളിയാണു്. എല്ലാപ്പള്ളികളുടെയും മാതാവാണു്. ശ്ലീഹന്മാരുടെ പാരമ്പര്യമൊ പഠനമൊ അതൊരിക്കലും ലംഘിച്ചിട്ടില്ല. അർത്ഥമില്ലാത്ത വാക്കുകളിലുള്ള പോരാട്ടമായാൽ അതൊരിക്കലും മലിനമായിട്ടുമില്ല. 'നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കുവാൻ ഞാൻ നിനക്കായി പ്രാർത്ഥിച്ചിട്ടുണ്ടു്.' എന്ന മിശിഹായുടെ വാഗ്ദത്തപ്രകാരം സദ്ഗുരുക്കന്മാരുടെയും പ്രീശരുടെയും പുളിപ്പിനെ അതു എല്ലാ സമയത്തും ശ്രദ്ധാപൂർവ്വം ഛേദിച്ചുതള്ളിയി

രിക്കുന്നു" എന്നു 256-ൽ റോമ്മയിലെ ലൂക്കിയോസ് പാപ്പാ പ്രൂഗിയായിലെയും ഹിസ്പന്ന്യായിലെയും മെത്രാന്മാൎക്കെഴുതി." (19)

## പൌരസ്ത്യ പ്രസിദ്ധീകരണങ്ങൾ.

മൂന്നും നാലും ശതാബ്ദങ്ങളിൽ പൌരസ്ത്യ ദിക്കിൽ പ്രസിദ്ധീകരിക്കപ്പെട്ട ചില കൃതികളെപ്പററിയും സ്വല്പം പറയേണ്ടതായി തോന്നുന്നു. 'ശ്ലീഹന്മാരുടെ നിയമസംഹിത' (Apostolic Constitutions) എന്ന കൃതിയിൽ റോമ്മായിലെ വി. ക്ലെമിസ് ഒരു പ്രധാന ഭാഗം വഹിക്കുന്നു. ഓർശ്ലേത്തിൽ നിന്ന് അന്ത്യോക്യായിലേക്കുള്ള വി. പത്രോസിൻെറ യാത്രാവിവരം ക്ലെമീസ് രചിച്ചതായി പറയുന്നു. പ്രസ്തുത കൃതിയുടെ അനുബന്ധത്തിൽ ഓർശ്ലേം മെത്രാനായിരുന്ന വി. യാക്കോബുശ്ലീഹായിക്ക് വി. ക്ലെമിസയച്ച ഒരെഴുത്തു ചേൎത്തിട്ടുണ്ട്. അതിൽ വി. പത്രോസിൻെറ മരണശേഷം ഭരണം നടത്തേണ്ടവനായി പത്രോസു തന്നെ ക്ലെമിസിനെ റോമ്മാക്കാൎക്കു കാണിച്ചുകൊടുത്തതായി എഴുതിയിരിക്കുന്നു.

വേറൊരു സുറിയാനി കൃതിയിൽ ശ്ലീഹന്മാരുടെ ഒരു സംഘം വിവരിച്ചിരിക്കുന്നു. അതിൽ ക്ലെമീസും ഉണ്ട്. അദ്ദേഹമാണ് അഭ്യന്തര കാൎയ്യദൎശി. തങ്ങളുടെ നിയമങ്ങൾ നടപ്പിൽ വരുത്തേണ്ട ജോലി ശ്ലീഹന്മാർ ക്ലെമീസിനെ ഏല്പിക്കുന്നു.

എജിപ്തുകാരുടെ നിയമങ്ങളിലും (Ecclesiastical canons) ക്ലെമിസാണ് ശ്ലീഹന്മാരുടെ സഹായകൻ. ബൊസന്തിയാപ്പള്ളിയുടെ നിയമസംഹിതയിൽ (692—ൽ ചേൎക്കപ്പെട്ട 'ശ്ലീഹന്മാരുടെ നിയമങ്ങളി'ലും, Canons of the Apostles) ക്ലേമിസിനു് ഈ സ്ഥാനംതന്നെ ഉണ്ട്.

പൌരസ്ത്യദിക്കിൽ ക്ലേമീസിനെപ്പററിയുണ്ടായിരുന്ന മതിപ്പാണ് ഇതിനെല്ലാം കാരണം. പൌരസ്ത്യരുടെ ഇടയിൽ ആദ്യ ശതാബ്ദങ്ങളിലുണ്ടായിരുന്ന പാരമ്പൎയ്യത്തിൽ ക്ലെമീസിനെപ്പററി പലതും കാണുന്നു. അദ്ദേഹമാണ് റോമ്മായിൽ പത്രോസിൻെറ പിൻഗാമി. ശ്ലൈഹിക പാരമ്പൎയ്യത്തിനുള്ള ഉത്തമസാക്ഷിയും അദ്ദേഹം തന്നെ. ശ്ലൈഹികപാരമ്പൎയ്യം രേഖപ്പെടുത്തി പള്ളികളെ അറിയിക്കുന്നതിനു ശ്ലീഹന്മാർ ക്ലെമിസിനെ ഏല്പിച്ചിരുന്നു എന്നെല്ലാമാണ് സുറിയാ മുതലായ പൌരസ്ത്യദിക്കുകളിൽ ക്ലെമീസിനെപ്പററി മൂന്നും നാലും ശതാബ്ദങ്ങളിലുണ്ടായിരുന്ന വിശ്വാസം. മേലുദ്ധരിച്ചവ എല്ലാം അപ്രമാണഗ്രന്ഥങ്ങളാണെന്നു (Apocryphal) എല്ലാവൎക്കും സമ്മതമാണ്. എങ്കിലും മൂന്നും നാലും ശതാബ്ദങ്ങളിൽ പൌരസ്ത്യദിക്കിൽ അവ ഉത്ഭവിച്ചതിനാൽ അവ അന്നു് അവിടെയുണ്ടായിരുന്ന പൊതുവിശ്വാസം പ്രത്യക്ഷപ്പെടുത്തുന്നു എന്നതിൽ തൎക്കമില്ല. പള്ളി മുഴുവനിലും— കിഴക്കും പടിഞ്ഞാറും— ക്ലെമിസിനു പരമാധികാരമില്ലായിരുന്നെങ്കിൽ ഇങ്ങനെയുള്ള വൃത്താന്തങ്ങൾക്കു പ്രസ്തുത കൃതികളിൽ പൌരസ്ത്യ ഗ്രന്ഥകാരന്മാർ സ്ഥ

(19) Joseph II (chal. Patri.) in Speculo terso. Cod. Vatic. (Syriac) 181, ch. IV. testim 4.

ലമനുവദിക്കയില്ലായിരുന്നു എന്നതു നിശ്ചയംതന്നെ. പാശ്ചാത്യനായ ഹേർമാസിൻെറ "പാസ്റ്റോറി"ൽ ക്ലെമിസിനു മററുപള്ളികളുമായി എഴുത്തുകുത്തു നടത്തേണ്ട ഭാരമുള്ളതായി കാണുന്നുണ്ടെങ്കിലും പൌരസ്ത്യദിക്കിലുണ്ടായ കൃതികളിൽ ക്ലെമിസിനുള്ള പ്രാധാന്യം വളരെ വ്യത്യസ്തമാകയാൽ പൌരസ്ത്യർ പാശ്ചാത്യകൃതിയെ ഈ വിഷയത്തിൽ അശ്രയിച്ചതാണെന്നു പറഞ്ഞുകൂടാ. 'ക്ലെമെൻെറൻസ്' (Clomontinos) 'കോൺസിസ്ത്തുസിയോ അപ്പസ്തോലിക്ക' (Apostolic constitution) മുതലായ പൌരസ്ത്യ കൃതികളിൽ ക്ലേമിസിനുള്ള ഉന്നതസ്ഥാനം ഹേർമാൻെറ കൃതിയിൽ കണ്ടുകിട്ടുവാൻ സാധിക്കുകയില്ല. പത്രോസിൻെറ പരമാധികാരം അന്ത്യോക്യായിലായിരുന്നെങ്കിൽ മൂന്നും നാലും ശതാബ്ദങ്ങളിൽ ക്ലേമിസിനെപ്പററി ഇത്ര ശക്തിയായ ഒരു പാരമ്പര്യം സുറിയാ മുതലായ സ്ഥലങ്ങളിൽ ഉണ്ടായിരുന്നതെങ്ങിനെ? (20) ഹേർമാസിൻെറ 'പാസ്റ്റോരും' പൌരസ്ത്യരാൽ വളരെ കാര്യമായി മതിക്കപ്പെട്ടിരുന്നു എന്നും പറഞ്ഞുകൊള്ളുന്നു. (21)

മൂന്നാം ശതാബ്ദത്തിൽ സാർവ്വത്രികസഭയിൽ പരമാധികാരം നടത്തിയിരുന്നതു് റോമ്മാമെത്രാന്മാരാണെന്നു ഇത്രയും പറഞ്ഞതിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാമല്ലൊ. റോമ്മായുടെ ഔദാര്യവും നമ്മുടെ ആലോചനക്കു വിഷയമാകേണ്ടതാണ്. യുദ്ധം, വേദനെരുക്കം, ക്ഷാമം ആദിയായവയാൽ ബാധിക്കപ്പെട്ടിരുന്നവരെയെല്ലാം യാതൊരു വ്യത്യാസവും കാണിക്കാതെ റോമ്മാ സഹായിച്ചിരുന്നു. മാർക്കൂസ് ഔറേലിയൂസ് ചക്രവത്തിയുടെ കാലത്തു് കോറിന്തിലെ ദിവന്നാസിയോസ് റോമ്മായിലെ സോത്തേരിനു് ഇങ്ങനെ എഴുതി: "വിശ്വാസികൾക്കെല്ലാവക്കും ഉപകാരസഹായങ്ങൾ ചെയ്യുക, എല്ലാ രാജ്യത്തുമുള്ള പള്ളികൾക്കും ഭക്ഷണസാധനങ്ങൾ അയച്ചുകൊടുക്കുക എന്നതു പണ്ടേതന്നെ നിങ്ങളുടെ ഇടയിലുള്ള ഒരു പതിവാണ്..." (22) ദേച്ചിയൂസ് ഗാള്ളസ് എന്ന ചക്രവത്തിമാർ നടത്തിയ വേദനെരുക്കത്തിൻെറ ശേഷം അലക്സാന്ത്ര്യായിലെ ദിവന്നാസിയോസ് റോമ്മായിക്കയച്ച ഒരെഴുത്തിൽ സുറിയാ, അറേബ്യാ മുതലായ സ്ഥലങ്ങളിലെ പള്ളികൾക്കു റോമ്മാ ചെയ്തുകൊടുത്ത സഹായങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. (23) രണ്ടു കൊല്ലങ്ങളുടെ ശേഷം ഗോത്തുകാരും (Goths) ബോറോൺസുകാരും (Borons) പോന്തുസിലും കപ്പദോക്കിയായിലും പ്രവേശിച്ച് വളരെ അഴിമതികൾ ചെയ്തു. മാമ്മോലിസാ സംബന്ധമായുണ്ടായ തക്കത്തിൽ കെവുപ്രിയാനോസിൻെറ ഭാഗം പിടിച്ചിരുന്ന ഫിർമീലിയൻ ആയിരുന്നു അന്നു കേസറിയായിൽ മെത്രാൻ. എങ്കിലും, വി. ലൌറന്തിസിൻെറ മരണശേഷം റോമ്മായിലുണ്ടായ ദാരിദ്ര്യംപോ

(20) Cf. Mgr. Duchesne O. C.
(21) Ibid.
(22) Eusb. IV. 9.
(23) Eusb. VII. 5.

ല്ലം അഗണ്യമാക്കിക്കൊണ്ട് റോമ്മാമെത്രാൻ ഫിർമിലിയനെ സഹായിച്ചു. റോമ്മായിലെ ദിവന്നാസിയോസ് കേസറിയാപ്പള്ളിയെ വളരെ സഹായിച്ചതായി കേസറിയായിലെ വലിയ ബസേലീസ് റോമ്മായിലെ ദാമസൂസിനയച്ച ഒരെഴുത്തിൽ കാണുന്നു. (24) ഇങ്ങനെതന്നെ പിന്നീടും റോമ്മാ ചെയ്തിരുന്നതായി എവുസേബിയോസു പറയുന്നു. (25)

വിശ്വാസം സംരക്ഷിക്കുന്നതിൽ എന്നെപ്പോലെതന്നെ മററു കാര്യങ്ങളിലും റോമ്മാ എത്രമാത്രം ശ്രദ്ധ പതിച്ചിരുന്നു എന്നു നോക്കുക. റോമ്മായിൽ പരമാധികാരമില്ലായിരുന്നെങ്കിൽ, കഠിന വേദനെരുക്കങ്ങളുടെ കാലത്തു് റോമ്മായിൽ കഠിനദാരിദ്ര്യം പിടിപെട്ടിരുന്നപ്പോൾ പൌരസ്ത്യ പള്ളികളെ സംരക്ഷിക്കുന്നതിൽ റോമ്മാ ഇത്ര ശ്രദ്ധ പതിക്കുകയില്ലായിരുന്നു. എല്ലാവരെയും സംരക്ഷിക്കേണ്ട ഭാരം തങ്ങൾക്കുണ്ടെന്നു റോമ്മാ മെത്രാന്മാർ ധരിച്ചിരുന്നതിനാലാണ് സ്വന്തം ജിവനെ ആടുകൾക്കായി ബലികഴിച്ച ഇടയനെപ്പോലെ അവർ പ്രവർത്തിച്ചതു്.

ഒന്നും രണ്ടും മൂന്നും ശതാബ്ദങ്ങളിൽ റോമ്മാപ്പട്ടണത്തിലെ സ്ഥിതി എന്തായിരുന്നു? കാവ്യരായ ചക്രവർത്തിമാരുടെ ക്രൂരത മുഴുവൻ ക്രിസ്ത്യാനികളുടെനേരെ തിരിച്ചിരുന്നതിനാൽ അന്നു റോമ്മാപ്പള്ളി ഭൂമിക്കടിയിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ചക്രവർത്തിമാരുടെ വാസസ്ഥലം റോമ്മാ ആയിരുന്നതിനാൽ വേദനെരുക്കം റോമ്മായിലെപ്പോലെ മററെങ്ങും അവർ നടത്തിയില്ല. കുർബ്ബാന പ്രസംഗം മുതലായവ ഭൂമിക്കടിയിലായിരുന്നു റോമ്മാ ക്രിസ്ത്യാനികൾ കഴിച്ചുകൂട്ടിയിരുന്നതു്. നാലാം ശതാബ്ദത്തിൽ മാത്രമേ ഈ സ്ഥിതിമാറി വെളിയിൽവന്നു ശ്വസിക്കുവാൻ റോമ്മാപ്പള്ളിക്കു സാധിച്ചൊള്ളു. എങ്കിലും അന്നും ലോകം മുഴുവനിലും റോമ്മാ മെത്രാന്മാർ അധികാരം പ്രയോഗിച്ചതായി നാം കണ്ടുകഴിഞ്ഞു. ക്രൈസ്തവ മതത്തിൻെറ തലസ്ഥാനം റോമ്മാ അല്ലായിരുന്നെങ്കിൽ ഇങ്ങനെ ഒരിക്കലും സംഭവിക്കയില്ലായിരുന്നു എന്നു പ്രത്യേകം പറയണമോ?

---

(24) Ep. 70- Cf. Mgr. Duchesne O. C.
(25) Mgr. Duchesne O. C.

# ൯–ാം അദ്ധ്യായം.

## നാലാം ശതാബ്ദത്തിൽ അന്ത്യോഖ്യാ.

### അന്ത്യോഖ്യാ പാത്രിയർക്കീസുമാർ.

തിറാനിയൂസ്– വിത്താലീസ്– ഫിലൊഗോനിയൂസ്– പൌളിനൂസ്– എവുസ്താത്തീസ്– എവുലാലിയൂസ്– മെലേസിയോസ്– ഫ്ളവിയാനൂസ്– പൊർഫീറിയൂസ്– അലക്സാന്തർ.

ഏവുഫോനിയോസ്, ഫ്ളക്കീല്ലൂസ് ആദിയായ ആറേഴുപേരുകൾ ഇവിടെ ചേർക്കുന്നില്ല. അവർ ന്യായവിരുദ്ധമായി ആര്യൻപാഷണ്ഡരാൽ വാഴിക്കപ്പെട്ടവരായിരുന്നു. (1)

ക്രിസ്ത്വബ്ദം 64-ൽ തുടങ്ങിയ വേദഞെരുക്കം ഇനിയും അവസാനിച്ചിട്ടില്ല. ഒമ്പതെണ്ണം കടന്നുപോയി. പത്താമത്തെതും അതിഘോരമായതും ആയ വേദഞെരുക്കം ദിയൊക്ലേസിയൻ ചക്രവർത്തി 302-ൽ ആരംഭിച്ചു. അതു് കിഴക്കും പടിഞ്ഞാറും ഒരുപോലെ പടന്നു പിടിച്ചെങ്കിലും കിഴക്ക് കൂടുതൽ ശക്തി പ്രദർശിപ്പിച്ചു. ഒന്നാമത്തെ ക്രൈസ്തവ ചക്രവർത്തിയായ കുസ്തന്തീനോസു റോമ്മാ സാമ്രാജ്യത്തിൽ ഏകഛത്രാധിപതി ആയതോടെ വേദഞെരുക്കങ്ങളും അവസാനിച്ചു. നിന്ദ്യമായി കരുതപ്പെട്ടിരുന്ന സ്ലീബാ 312-ൽ തന്നെ കുസ്തന്തീനോസിൻെറ വിജയ പതാകയായി പൊങ്ങി പറന്നു കഴിഞ്ഞു. എങ്കിലും അഭ്യന്തരങ്ങളായ കലഹങ്ങൾ അന്നും തിരുസ്സഭയിൽ ഉണ്ടായിരുന്നു.

### ആര്യൻ പാഷണ്ഡത.

ഏത്രയും പരിശുദ്ധ ത്രീത്വത്തിൻെറ രണ്ടാമാളായ പുത്രൻ തമ്പുരാൻ ദൈവമല്ലെന്നായിരുന്നു ആരിയൂസിൻെറ അബദ്ധോപദേശം. അന്ത്യോഖ്യാ വേദാന്തശിക്ഷണശാലയിലെ ഒരു സന്താനമായിരുന്ന അരിയൂസ് സ്വമതസിദ്ധാന്തം ആദ്യമായി അലക്സാന്ത്രിയായിൽ വെളിപ്പെടുത്തി. അവിടുത്തെ മെത്രാനായിരുന്ന അലക്സാന്തരും, പാശ്ചാത്യനായിരുന്ന കൊർദോവായിലെ ഓസിയൂസും അലക്സാന്ത്രിയായിൽ കൂടിയ ഓരോ സൂനഹദോസുകളിൽ പ്രസ്തുത പാഷണ്ഡതയെ ശപിച്ചെങ്കിലും അരിയൂസിൻെറ കക്ഷിസ്കൂടവു തട്ടിയില്ല. (2)

---

(1) L. Berti Comp. H. E. Vol. 1. Soec. 4.
(2) Cf. Brewk. Vol. 1.

## നിക്യാ സൂനഹദോസ്.

തിരുസ്സഭയുടെ ആരംഭം മുതൽ പല സൂനഹദോസ്കൾ നടന്നിട്ടുണ്ടെങ്കിലും ആരിയൂസിനെ ശപിക്കുവാൻ 325-ൽ നിക്യായിൽ കൂടിയതാണ് ഒന്നാമത്തെ സാർവ്വത്രിക സൂനഹദോസ്. പരമാധികാരമുള്ള മെത്രാന്റെ അംഗീകരണമെങ്കിലുമില്ലാതെ സാർവ്വത്രിക സൂനഹദോസുകൾ ഉണ്ടാകുവാൻ പാടില്ലെന്നു പ്രത്യേകം പറയണമൊ? തല കൂടാതെ ശരീരാംഗങ്ങൾ എല്ലാം ഒത്തൊരുമിച്ചാലും അവക്കെന്തു ചെയ്യുവാൻ കഴിയും? സാർവത്രിക സൂനഹദോസുകളിൽ പരമാധികാരമുള്ള മെത്രാൻ സന്നദ്ധനാണെങ്കിൽ അദ്ധ്യക്ഷസ്ഥാനം വേറൊരാൾക്ക് അദ്ദേഹം വിട്ടുകൊടുക്കുകയില്ല. നിക്യാ സൂനഹദോസിൽ നടന്നതെന്താണ്?

ഒരു പാശ്ചാത്യനും ഒരു മെത്രാൻ മാത്രവുമായിരുന്ന കൊർദോവായിലെ ഓസിയൂസായിരുന്നു നിക്യായിലെ അദ്ധ്യക്ഷൻ. (3) രണ്ടാം സ്ഥാനം അലക്സാന്ത്ര്യാ പാത്രിയർക്കീസിനാണ് ലഭിച്ചതു്. അന്ത്യോക്യായിലെ എവുസ്താത്തിസിരുന്നതു് മൂന്നാം സ്ഥാനത്തായിരുന്നു. (4) സൂനഹദോസിൽ സംബന്ധിച്ചവരുടെയും അതിന്റെ നിയമങ്ങൾക്ക് ഒപ്പുവച്ചവരുടെയും പട്ടികയിൽ ഓസിയൂസിന്റെയും, റോമ്മായിൽനിന്നു വന്നിരുന്ന വിത്തുസു വിനസന്തിയൂസു എന്ന രണ്ടു പട്ടക്കാരുടെയും അലക്സാന്ത്ര്യാ മെത്രാന്റെയും നാമങ്ങളുടെ ശേഷം മാത്രമേ അന്ത്യോക്യായിലെ എവുസ്താത്തിസ് പ്രത്യക്ഷനാകുന്നൊള്ളു. (5) കുസ്തന്തീനോസു ചക്രവർത്തി സ്വസാന്നിദ്ധ്യത്താൽ സൂനഹദോസിൽ സമാധാനം പാലിച്ചതിനാൽ കുടില ബുദ്ധികളുടെ തന്ത്രപ്രവൃത്തികളാൽ എവുസ്താത്തിസ് അദ്ധ്യക്ഷ പദത്തിൽനിന്നു മൂന്നാം സ്ഥാനത്തേക്കു തള്ളപ്പെട്ടു എന്നു വിചാരിച്ചുകൂടാ. ചക്രവർത്തി തന്നെയും എവുസ്താത്തീസിന്റെ അവകാശങ്ങളൊന്നും അവഗണിച്ചുമില്ല. സൂനഹദോസിൽ കൂടിയ മെത്രാന്മാരോടു അദ്ദേഹം ചെയ്തു പ്രസംഗത്തിലെ ചില വാക്യങ്ങൾ തന്നെയാണ് ഇതിലേക്കു ലക്ഷ്യം. "പള്ളിയുടെ അഭ്യന്തര കാര്യങ്ങളിൽ എപ്പിസ്ക്കോപ്പോസുമാരാണ് (മേൽനോട്ടക്കാർ-മെത്രാന്മാർ) നിങ്ങൾ: ഞാനൊ എന്നാൽ ബാഹ്യകാര്യങ്ങളിൽ എപ്പിസ്ക്കോപ്പോസായി ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു." (6) ആകയാൽ അഭ്യന്തര കാര്യങ്ങളിൽ അഥവാ 'അധികാരപ്രയോഗത്തിൽ' ചക്രവർത്തി പ്രവേശിച്ചിട്ടില്ല.

കൂടാതെയും നിക്യാ സൂനഹദോസ് എല്ലാവരാലും— അന്ത്യോക്യാ ബന്ധുക്കളാലും— സ്വീകരിക്കപ്പെടുന്നു. അതിൽ അന്യായമായി യ൦

---

(3) Billuart. De Trinit. (4) I. [illegible]
(5) Hefele. Hist. of Ch. Councils Introd §5:
Jungmann. Diss. in H. E. I. P. 425 sq.
(6) Bk. Euseb. 1. 128. MG. 20, 1171 sq.

തൊന്നും നടന്നിട്ടില്ലെന്നു എല്ലാവരും ഒരുപോലെ സമ്മതിക്കയും ചെയ്യുന്നു. അന്ത്യോക്യായിലെ എവുസ്റ്റാത്തിസിനോടു വല്ലവരും വല്ല അന്യായവും പ്രവൎത്തിച്ചെങ്കിൽ ഇതിനിടവരികയില്ലായിരുന്നു.

അന്ത്യോക്യായിലെ എവുസ്റ്റാത്തിസ് തനിക്കു സ്വന്തമായ സ്ഥാനത്തു തന്നെയാണ് ഇരുന്നതു് എന്നാണല്ലൊ ഇത്രയും പറഞ്ഞതിൽനിന്നുള്ള അനുമാനം. അന്ത്യോക്യായിൽ പരമാധികാരമുണ്ടായിരുന്നെങ്കിൽ ഇതെങ്ങിനെ സംഭവിക്കും? അന്ത്യോക്യാ പാത്രിയക്കീസ് സൂനഹദോസിൽ സന്നദ്ധനായിരുന്നതിനാൽ ഓസിയൂസിനെ തന്റെ പ്രതിപുരുഷനാക്കി എന്നു പറഞ്ഞുകൂടാ. ചക്രവൎത്തിയുടെ ആവശ്യപ്രകാരം അങ്ങിനെ ചെയ്യുന്നു വരാമോ? അങ്ങിനെയെങ്കിൽ അദ്ദേഹം മൂന്നാം സ്ഥാനത്തു പോയിരുന്നതെന്തിനു്? ചക്രവൎത്തി അഭ്യന്തര കാൎയ്യങ്ങളിൽ പ്രവേശിച്ചിട്ടില്ല.

ഇതുമല്ല, പൌരസ്ത്യ മെത്രാന്മാർ എല്ലാവരും സംബന്ധിച്ച ഒരു സൂനഹദോസിൽ പാശ്ചാത്യനും ഒരു വെറും മെത്രാൻ മാത്രവുമായിരുന്ന ഓസ്യൂസായിരുന്നു അദ്ധ്യക്ഷ്യം വഹിച്ചതു്. പൌരസ്ത്യമെത്രാന്മാർ എല്ലാവരും സ്ഥലത്തുണ്ടായിരുന്നതിനാൽ ഓസിയൂസ് അവരുടെ ആരുടെയും പ്രതിപുരുഷനല്ലായിരുന്നു. സാർവത്രിക സൂനഹദോസുകളിലും മറെറല്ലാ സൂനഹദോസുകളിലും പരമാധികാരമുള്ള മെത്രാൻ സ്ഥലത്തുണ്ടെങ്കിൽ അദ്ദേഹം തന്നെയായിരിക്കും അദ്ധ്യക്ഷൻ എന്നതു് ന്യായം പറഞ്ഞു തെളിയിക്കേണ്ട ഒരു കാൎയ്യമല്ലല്ലൊ. ആകയാൽ പരമാധികാരം പൌരസ്ത്യ ദിക്കിലല്ലെന്നു് നിക്യാ സൂനഹദോസു സാക്ഷിക്കുന്നു. പൌരസ്ത്യ ദിക്കിലല്ലെങ്കിൽ അതു് പാശ്ചാത്യ ദിക്കിലായിരിക്കണം. എന്നാൽ പാശ്ചാത്യദിക്കിൽ പ്രഥമാധികാരം സദാ റോമ്മാക്കായിരുന്നു എന്നു് ആരും വിസമ്മതിക്കയില്ല. ആകയാൽ റോമ്മാമെത്രാനാണ് പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമി എന്നു് നിക്യാ സൂനഹദോസിന്റെ നടപടികളിൽനിന്നു തെളിയുന്നു. കൂടാതെയും താഴെ പറയുവാനിരിക്കുന്ന സർദിക്ക സൂനഹദോസിന്റെ 2-4-7 എന്നി കാനോനകളിൽനിന്നു് അതിൽ അദ്ധ്യക്ഷനായിരുന്ന നമ്മുടെ ഈ ഓസിയൂസ് പരമാധികാരം റോമ്മായിലാണെന്നു വിശ്വസിച്ചിരുന്നതായി തെളിയുന്നു.

പരമാധികാരം സംബന്ധിച്ച് ഓസിയൂസിനുണ്ടായിരുന്ന വിശ്വാസം തന്നെയാണോ സൂനഹദോസു പിതാക്കന്മാൎക്കും— അന്ത്യോക്യാ പാത്രിയക്കീസായിരുന്ന എവുസ്റ്റാത്തിസിനും— ഉണ്ടായിരുന്നതു് എന്നുകൂടി പരിശോധിക്കാം. അദ്ധ്യക്ഷനും അംഗങ്ങളുംകൂടി റോമ്മാമെത്രാനയച്ച എഴുത്തുനോക്കുക. "പരിശുദ്ധവും സാൎവ്വത്രികവും ശ്ലൈഹികവും ആയ പള്ളിയുടെ ബലത്തിനായുള്ളവ പള്ളിയുടെ ഗുണത്തെ ലാക്കാക്കി ദൈവരഹസ്യങ്ങൾ സംബന്ധമായി നിയമിക്കപ്പെട്ടവയെല്ലാം ഗ്രീക്കിൽനിന്നു തൎജ്ജമചെയ്തു ഞങ്ങൾ അങ്ങേ റോമ്മാസിംഹാസനത്തിൽ ബോധിപ്പിക്കുന്നു. ആകയാൽ നിക്യാ സൂനഹദോസിൽ ഞ

ങ്ങൾ തീരുമാനിച്ചവയെല്ലാം അങ്ങെ സാഹോദര്യത്താൽ ഉറപ്പിക്കപ്പെടണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.” (7)

പൌരസ്ത്യദിക്കിൽ പരമാധികാരമില്ലെന്നു സൂനഹദോസുതന്നെ വിളിച്ചറിയിക്കുന്നതിനാലും, ഓസിയൂസ് പരമാധികാരം റോമ്മായിലാണെന്നു വിശ്വസിച്ചിരുന്നതിനാലും ‘ഉറപ്പിക്ക’ എന്ന പദത്താൽ അദ്ധ്യക്ഷനും സൂനഹദോസു പിതാക്കന്മാരും— അന്ത്യോക്യാപാത്രിയർക്കീസായിരുന്ന എവുസ്താത്തിയുസു തന്നെയും— പരമാധികാരം റോമ്മാമെത്രാനിൽ സ്ഥിതിചെയ്യുന്നു എന്നു ഐകകണ്ഠ്യേന വിളിച്ചുപറയുന്നു.

സഹോദര്യം എന്ന പദം മെത്രാന്മാർ എല്ലാവരും സർവ്വപ്രകാരേണ സമന്മാരാണെന്നു കാണിക്കുന്നില്ല. മെത്രാൻപട്ടം എല്ലാവർക്കുമുള്ളതിനാൽ ആ വിധത്തിൽ എല്ലാവരും സമന്മാർ തന്നെ. ഈ ന്യായത്താൽ ‘സഹോദരാ’ എന്നു പരസ്പരം അവർ വിളിക്കുന്നുമുണ്ട്. എല്ലാ പ്രകാരത്തിലുമുള്ള സമത്വം സ്വീകാര്യമല്ലെന്ന് നാം യുക്തിപൂർവ്വം തെളിയിച്ചിട്ടുമുണ്ടല്ലൊ. എന്നാൽ ‘സാഹോദര്യ’ത്തിൽനിന്നു ഇനിയും വല്ല സംശയവും ഉത്ഭവിക്കുന്നുണ്ടെങ്കിൽ ‘ഉറപ്പിക്ക’ലാൽ അതു പാടെ നിങ്ങിപോകുന്നു.

ഒരു പാശ്ചാത്യനും ഒരു വെറും മെത്രാൻ മാത്രവുമായിരുന്ന ഓസിയൂസ് റോമ്മായിലെ സിൽവെസ്ത്രോസിനാൽ നേരിട്ടോ അല്ലാതെയോ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടതിനാൽ മാത്രമാണ് പൌരസ്ത്യമെത്രാന്മാരും പാത്രിയർക്കീസന്മാരും കൂടിയിരുന്ന നിക്യാസൂനഹദോസിൽ അദ്ദേഹം ആദ്ധ്യക്ഷ്യം വഹിച്ചതെന്നു പറയുന്നതിൽ എന്താണ് അബദ്ധം? പട്ടക്കാർ മാത്രമായിരുന്ന വിത്തുസ് വിനസന്തിദോസു എന്ന രണ്ടു പാശ്ചാത്യരുടെ നാമങ്ങൾ അലക്സാന്ത്ര്യാ അന്ത്യോക്യാ പാത്രിയർക്കീസുമാരുടേതിനു മുമ്പു കാണുന്നതിന്റെ രഹസ്യവും ഇതുതന്നെ.

പരമാധികാരമുള്ള മെത്രാനിൽനിന്ന് നിയമനം സിദ്ധിക്കാതെ, പൌരസ്ത്യദിക്കിൽവന്ന് പൌരസ്ത്യമെത്രാന്മാരും പാത്രിയർക്കീസന്മാരും കൂടിയിരുന്ന ഒരു സൂനഹദോസിൽ പാശ്ചാത്യമെത്രാനായിരുന്ന ഓസിയൂസ് ആദ്ധ്യക്ഷ്യം വഹിക്കുവാൻ ഒരുമ്പെടുകയില്ലായിരുന്നു. ഓസിയൂസ് അക്രമമായി പ്രവർത്തിച്ചെങ്കിൽ പൌരസ്ത്യർ എന്തുകൊണ്ട് അദ്ദേഹത്തെ തടഞ്ഞില്ല? സമാധാനം പാലിക്കുവാൻ ബലവാനായ ചക്രവർത്തിയും അവിടെയുണ്ടായിരുന്നല്ലൊ. ഓസിയൂസിനെ അദ്ധ്യക്ഷനായി പൌരസ്ത്യർ തന്നെ സസന്തോഷം സ്വീകരിക്കയുമാണല്ലൊ ഉണ്ടായത്. ആകയാൽ ഓസിയൂസ് റോമ്മാമെത്രാന്റെ പ്രതിപുരുഷനായിരുന്നെന്നു എല്ലാവരും അറിഞ്ഞു പ്രവർത്തിക്കയാണ് ചെയ്തിട്ടുള്ളത്. അതിനാലാണ് സൂനഹദോസ് നടപടികളിൽ ഒപ്പുവക്കുകയിൽ ‘റോമ്മായിലെ പ്രതിപുരുഷൻ’ എന്ന് അദ്ദേഹം തിരിച്ചെഴുതാതിരുന്നത്.

സാർവ്വത്രികസൂനഹദോസിൽ വിധിപറയുവാനും നിയമങ്ങൾ

---

(7) Labbe II. 7.

സ്വാഷ്ടിച്ച അവക്ക് ഒപ്പുവക്കുവാനുമുള്ള അധികാരം മെത്രാന്മാക്കുമാത്രമേയുള്ളു. എന്നാൽ റോമ്മായിൽനിന്നുവന്ന രണ്ടു പട്ടക്കാർ നിക്യാ സൂനഹദോസിൽ ഈ രണ്ടു അധികാരങ്ങളും നടത്തുകയുണ്ടായി. അവക്കുണ്ടായിരുന്ന സ്ഥാനം അലക്സാന്ത്ര്യാ അന്ത്യോക്യാപാത്രിയക്കീസമാരുടേതിൽ ഉയന്നതുമായിരുന്നു. റോമ്മാമെത്രാന്റെ പ്രതിപുരുഷന്മാരായിരുന്നതിനാലാണ് അവർ അങ്ങിനെ പ്രവത്തിച്ചതു്. പട്ടക്കാക്കില്ലാത്ത അധികാരം പട്ടക്കാരായ അവർ പ്രയോഗിച്ചതു് റോമ്മാമെത്രാൻ അവക്കുകൊടുത്തതിനാൽ ആണെന്നു അവർ സൂചിപ്പിച്ചിട്ടുമുണ്ടു്. എന്തുകൊണ്ടെന്നാൽ റോമ്മാമെത്രാന്റെ പ്രതിപുരുഷനായ ഇന്നാർ എന്നു പറഞ്ഞുകൊണ്ടാണ് അവർ സംഘനിയമങ്ങൾക്ക് ഒപ്പുവച്ചിരിക്കുന്നതു്. (8)

നിക്യാസൂനഹദോസു സ്വീകരിക്കയും അതിനെ കാര്യമായി കരുതുകയും ചെയ്യുന്ന അകത്തോലിക്കസഹോദരങ്ങളെ, അന്ത്യോക്യബന്ധുക്കളേ! നിക്യായിൽ ആരാണ് അധികാരം നടത്തിയതെന്നു നിങ്ങൾ ആലോചിച്ചാലും. നിക്യാ സൂനഹദോസിനു വല്ല വിലയുമുണ്ടെങ്കിൽ അതു റോമ്മാമെത്രാനിൽനിന്നത്രെയെന്നു നിങ്ങൾ കാണുന്നില്ലയോ? നിക്യാസൂനഹദോസു നിങ്ങൾ സ്വീകരിക്കുന്നെങ്കിൽ റോമ്മാമെത്രാന്റെ അധികാരം നിങ്ങൾ സ്വീകരിക്കേണ്ടയോ?

## ആറാം കാനോനാ.

നിക്യാ സൂനഹദോസിന്റെ ആറാം കാനോനാ പരമാധികാരസംബന്ധമായി ഇതുവരെ പറഞ്ഞവസ്തു നേരെ വിപരീതമാണെന്നു വിചാരിക്കുന്നവരുണ്ടു്. "എജിപ്റ്റിലും, ലിബിയായിലും പെന്താപ്പോലീസിലും പരിപാലിക്കപ്പെട്ടുന്ന പുരാതന നടപ്പുകൾ പരിപാലിക്കപ്പെടണം. അലക്സാന്ത്രിയാമെത്രാനു് ഇവയെല്ലാത്തിന്റെയും മേൽ അധികാരമുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ റോമ്മാപട്ടണത്തിലെ മെത്രാനു ഇപ്രകാരമുള്ള ഒരു പതിവുണ്ടു്. അതുപോലെതന്നെ അന്ത്യോക്യായിലും ഇതരപ്രദേശങ്ങളിലും പള്ളിയുടെ സ്വാതന്ത്ര്യങ്ങളും ബഹുമാനങ്ങളും പരിപാലിക്കപ്പെടണം." (9) എന്നാണ് കാനോനായുടെ ആദ്യഭാഗം. "എന്തുകൊണ്ടെന്നാൽ റോമ്മാപ്പട്ടണത്തിലെ മെത്രാനു ഇപ്രകാരമുള്ള ഒരുപതിവുണ്ടു്" എന്നതാണ് വിരോധാഭിപ്രായക്കാരുടെ വാദത്തിനുള്ള അടിസ്ഥാനം. പ്രസ്തുത വാക്യത്തിൽനിന്നു പ.ത്രിയക്കീസുമാർ എല്ലാവരും സവ്വപ്രകാരേണ സമന്മാരാണെന്നും അതിനാൽ പരമാധികാരം റോമ്മായിലെന്നല്ല ഒരിടത്തും സ്ഥിതിചെയ്യുന്നില്ലെന്നുമാണ് വിരോധികളുടെ വാദം.

---

(8) Jungmann.
(9) Lauchert 37 sqq. Hard. 1. 323 sq. Msi. 2, 668 sq. Hf. I. 376 sq.

ഈ കാനോനാ നിർമ്മിക്കുന്നതിനുള്ള കാരണമെന്തായിരുന്നു? എജിപ്തിൽ ലിക്കോപ്പോലിസിലെ മെത്രാപ്പോലീത്തായായിരുന്ന മെലേസിയോസു അധികാരസംബന്ധമായി അതിരുകടന്നുപ്രവർത്തിക്കകയാൽ അലക്സാന്ത്ര്യായിലെ പത്രോസ് അദ്ദേഹത്തെ സ്ഥാനഭ്രംശംചെയ്തു. മെലേസിയോസാകട്ടെ അലക്സാന്ത്ര്യാ മെത്രാനുമായുണ്ടായിരുന്ന ബന്ധം അശേഷം ഉപേക്ഷിച്ച് പുതിയ മെത്രാന്മരെ അഭിഷേകം ചെയ്തുതുടങ്ങി. (10) പ്രസ്തുത കാനോനാ മെലേസിയോസിൻെറ പ്രവൃത്തിയെ തടയുവാനും പാത്രിയക്കാധികാരസീമകളെ വ്യക്തമാക്കുവാനുമാണ് നിർമ്മിക്കപ്പെട്ടതു്. (11) "യാതൊരാൾ മെത്രാപ്പോലീത്തയുടെ നിശ്ചയത്തിനു വിരോധമായി മെത്രാനാക്കപ്പെട്ടാൽ അദ്ദേഹം മെത്രാനാകേണ്ടതല്ല എന്ന് ഈ മഹാ സൂനഹദോസു നിശ്ചയിച്ചിരിക്കുന്നു......" എന്ന് കാനോനായുടെ അവസാനത്തിൽ കാണുന്നതു മേൽപറഞ്ഞതു തെളിയിക്കുന്നു.

കാനോനായുടെ ആദ്യഭാഗത്തു കാണുന്നതുപോലെ, അലക്സാന്ത്ര്യാ അന്ത്യോക്യാ മുതലായ പള്ളികളുടെ അവകാശങ്ങൾ ക്ലിപ്തപ്പെടുത്തുകയിൽ കാനോനാ റോമ്മാമെത്രാന് ഇപ്രകാരമുള്ള ഒരു പതിവുണ്ടെന്നു സൂചിപ്പിക്കമാത്രം ചെയ്യുന്നു. അലക്സാന്ത്ര്യാ, അന്തിയോക്യാ മുതലായ മെത്രാന്മാക്ക് ഓരോ വൻപ്രദേശങ്ങളിൽ എപ്രകാരമുള്ള അധികാരമാണോ സൂനഹദോസ് ഉറപ്പിച്ചുകൊടുക്കുന്നതു്, അപ്രകാരമുള്ള ഒരധികാരം കൂടെയും പുരാതന കാലം മുതൽ റോമ്മാമെത്രാനുണ്ടായിരുന്നു എന്നു മാത്രമേ കാനോനാ പ്രസ്താവിക്കുന്നൊള്ളു. ഇതിൽ ആക്കും വിസമ്മതമില്ല. എന്തുകൊണ്ടെന്നാൽ പാത്രിയക്കീസു എന്ന നിലയിൽ റോമ്മാമെത്രാൻെറ അധികാരം പാശ്ചാത്യദിക്കു വിട്ടു പുറത്തു വന്നിട്ടില്ല. പാത്രയക്കീസു എന്ന നിലയിൽ റോമ്മാമെത്രാന് പുരാതന നടപ്പുപ്രകാരം എപ്രകാരമുള്ള അധികാരമുണ്ടായിരുന്നൊ അപ്രകാരമുള്ള ഒരധികാരം സൂനഹദോസു നിശ്ചയപ്രകാരം അലക്സാന്ത്ര്യാ അന്ത്യോക്യാ മെത്രാന്മാർ ഉറപ്പിച്ചു വാങ്ങിക്കുന്നു. ഇതിൽ പരമാധികാരത്തിനു വിരോധമായി എന്താണുള്ളതു്. പത്രയാക്കാ എന്നതും പരമാധികാരമുള്ളവൻഎന്നതും വ്യത്യസ്തങ്ങളാണ്. പാത്രിയക്കിസുസ്ഥാനവും പരമാധികാരവും ഒന്നുതന്നെയല്ല. പാത്രിയക്കിസുസ്ഥാനമുള്ളേടത്ത് പരമാധികാരവുംപരമാധികാരമുള്ളടത്ത് പാത്രിയക്കിസുസ്ഥാനവും സ്ഥിതിചെയ്യുക്കൂടാ എന്നുമില്ല. ഇതെഴുതുന്നആൾ റോമ്മാമെത്രാൻെറ പരമാധികാരം സ്വീകരിക്കുന്നുണ്ടെങ്കിലും,പാശ്ചാത്യ പാത്രിയക്കിസുഎന്ന നിലയിൽ റോമ്മാമെത്രാൻ നിർമ്മിക്കുന്ന നിയമങ്ങൾക്കു കിഴ്പെടുന്നില്ല. മലങ്കര സുറിയാനിസഭ പാശ്ചാത്യപാത്രിയക്കാതിർത്തിയിൽ പെട്ടതല്ല എന്നതാണ് ഇതിനു കാരണം. അലക്സാന്ത്ര്യാ അന്ത്യോക്യാ മെത്രാന്മാർ പാത്രിയക്കാധികാരമാണ് പ്രസ്തുത കാനോനായാൽ പ്രാ

---

(10) Apol. II. Athanas; L. Berti Comp. Vol. I.
(11) Theodoret L. I. C. 9. Potter, Church Govern. p. 188.

വിച്ചിരിക്കുന്നതെന്നു വിരോധികളും സമ്മതിക്കും. ആ അധികാരം റോമ്മാക്ക് പണ്ടുപണ്ടേ ഉണ്ടായിരുന്നെന്നാണ് കാനോനാപറയുന്നതു്. പ്രസ്തുത കാനോനാ പരമാധികാരത്തിനു ഹാനി വരുത്തുന്ന ഒന്നാണെന്ന് എങ്ങിനെ പറയും?

നിക്യായിലെ ആറാം കാനോനാക്കു വിരോധികൾ കല്പിക്കുന്ന രൂപവും അൎത്ഥവും തന്നെ അതിനു കൊടുത്തുകൊണ്ടാണ് ഇത്രയും പറഞ്ഞതു്. എന്നാൽ "റോമ്മാമെത്രാനു് എല്ലാക്കാലത്തും പരമാധികാരമുണ്ടായിരുന്നു" എന്ന ഒരു വാക്യംകൂടി കനോനായുടെ ആരംഭത്തിൽ അതിൻെറ ഉത്ഭവത്തിൽതന്നെ ഉണ്ടായിരുന്നെന്നു് ബെല്ലെരിനി മുതലായ ശാസ്ത്രജ്ഞന്മാർ യുക്തിപൂൎവ്വം വാദിക്കുന്നു. കൽക്കിദോനിയ സൂനഹദോസിൽ വച്ചു് പൌരസ്ത്യമെത്രാന്മാരുടെ സന്നിധിയിൽ റോമ്മായിലെ പ്രതിനിധി ഈ വിധത്തിലാണ് നിക്യായിലെ ആറാം കാനോനാ വായിച്ചതു്. അന്ത്യോക്യായിലെ മാക്സിമോസു പാത്രിയക്കിസും അപ്പോൾ അവിടെയുണ്ടായിരുന്നു. ആരും വിരോധാഭിപ്രായം പുറപ്പെടുവിച്ചില്ല.

"കൂടാതെയും റോമ്മാപ്പട്ടണത്തിലെ മെത്രാനു് ഇപ്രകാരമുള്ള ഒരു പതിവുണ്ട്" എന്ന വാക്യത്തിൻെറ അൎത്ഥം "എജിപ്ത് ലീബിയ, പെന്താപ്പോലിസ് എന്ന സ്ഥലങ്ങളിൽ അലക്സാന്ത്ര്യാ മെത്രാനു് അധികാരം അനുവദിച്ചു കൊടുക്കുക റോമ്മാ മെത്രാൻ പതിവായി ചെയ്യാറുള്ള ഒന്നത്രെ എന്നാകുന്നു" എന്ന് ബറോനിയൂസ്, ബെല്ലർമിൻ ബോയി (Bouix) മുറേ മുതലായ ശാസ്ത്രജ്ഞന്മാർ കാനോനായുടെ വാക്യങ്ങൾ തമ്മിലുള്ള ബന്ധത്തിൽനിന്നു തെളിയിക്കുന്നു. (12) കാനോനായുടെ ഒരു സുറിയാനി തൎജ്ജമ ഇതിനനുകൂലമാണ്. "എന്തുകൊണ്ടെന്നാൽ അവയുടെമേൽ ശാരീരികമായല്ല ആദ്ധ്യാത്മികമായി അദ്ദേഹം (അലക്സാന്ത്ര്യാ പാത്രിയക്കിസു) അധികാരം നടത്തണം എന്നുള്ളതു് റോമ്മായുടെ പാപ്പായാൽ കല്പിക്കപ്പെട്ടിരിക്കുന്നു" (മെത്തോൽദ് ഹാനാപ്ക്കിദ്മിൻ പാപ്പാ ദ്റോമ്മെ ദ്നമ്ലെക് അലൈഹേൻ ബ്റൂഹ് ഉലാബപ്പഗർ) (13)

ഇതുമല്ല, നിക്യാ സൂനഹദോസിൻെറ അദ്ധ്യക്ഷനും അംഗങ്ങളും പരമാധികാരം ബന്ധിച്ച് എന്തു വിശ്വസിച്ചിരുന്നെന്നും എന്തു പ്രവൎത്തിച്ചെന്നും തക്ക രേഖകളിൽനിന്നു നാം മനസ്സിലാക്കിയിരിക്കയാൽ, പരമാധികാരത്തിനു വിരോധമായി അവർ ഒരു കാനോനാ നിൎമ്മിച്ചെന്നും, അതുറപ്പിച്ചുകിട്ടുവാൻ ഗ്രീക്കിൽനിന്നു ലത്തിനിലേക്കു തൎജ്ജമചെയ്തു റോമ്മാക്കയച്ചുകൊടുത്തെന്നും പറയുക അബദ്ധമല്ലയൊ? അവരിങ്ങനെ ഒരു പ്രവൃത്തിയെപ്പററി വിചാരിക്കുകപോലും ചെയ്തിട്ടില്ല. തലവനെ ഉദ്ദേശിച്ചു കീഴുള്ളവർ എങ്ങിനെയാണ് നിയമമുണ്ടാക്കുന്നതു്? സാൎവ്വത്രിക സൂനഹദോസു തന്നെയായാലും അതിനുള്ള അധികാ

(12) Murray, De Eccl. Dissert XIX. soec IV, § 439 sq–1865.
(13) p. 24. I. [illegible] Bedjan.

രം പരമാധികാരമുള്ള മെത്രാനിൽ നിന്നുള്ളതും അദ്ദേഹത്തെ ആശ്രയിച്ചു നില്ക്കുന്നതും മാത്രമാകുവാനെ പാടുള്ളു. നിക്യാ സൂനഹദോസാകട്ടെ റോമ്മാമെത്രാന്റെ പരമാധികാരം അംഗീകരിച്ച ഒന്നാണ്. ആകയാൽ പരമാധികാരത്തിനു വിരോധമായി നിക്യാ സൂനഹദോസിൽനിന്ന് ഒരു കാനോനാ പുറപ്പെട്ടു എന്നു പറഞ്ഞുകൂടാ. ഈ കാരണത്താലാണ്, റോമ്മാ സിംഹാസനത്തിന്റെ അധികാരം ബന്ധിച്ച് നിക്യായിലെ പിതാക്കന്മാർ യാതൊരു നിശ്ചയവും ചെയ്യിട്ടില്ലെന്നും, മിശിഹായിൽ നിന്ന് ആ അധികാരം പുറപ്പെട്ടുന്നു എന്ന് അവൎക്കു പൂൎണ്ണ ബോധമുണ്ടായിരുന്നതുകൊണ്ടാണ് അവർ അങ്ങിനെ ചെയ്യാതിരുന്നതെന്നും റോമ്മായിലെ ഒന്നാം ബൊനിപ്പാസീസു (൪൧൮—൪൨൨) കൽക്കിദോനിയ സൂനഹദോസിനു വളരെ മുമ്പു പ്രസ്താവിച്ചതെന്നും അറിഞ്ഞിരിക്കട്ടെ. (14) അലക്സാന്ത്ര്യാ അന്ത്യോക്യാ സിംഹാസനങ്ങളുടെ സ്വാതന്ത്ര്യങ്ങളും റോമ്മായുമായി അവക്കുള്ള ആശ്രയവും പ്രസ്തുത ബൊനിപ്പാസിസുതന്നെ വിശദമായി എടുത്തു പറഞ്ഞിട്ടുണ്ട്.

അലക്സാന്ത്ര്യാ അന്ത്യോക്യാ മുതലായ മെത്രാന്മാരുടെ അധികാരം ക്ലിപ്തപ്പെടുത്തുകയിൽ നിക്യായിലെ ആറാം കാനോന പ്രസ്തുത മെത്രാന്മാരിൽ ആരിലും പരമാധികാരം സ്ഥിതിചെയ്യുന്നില്ലെന്നു കൂടിയും പറയുന്നുണ്ട്. പരമാധികാരമുള്ള മെത്രാന്റെ മേൽ സാൎവ്വത്രികസൂനഹദോസിനുപോലും അധികാരമുണ്ടാകുവാൻ പാടില്ലല്ലോ. നിക്യായിലെ പ്രസ്തുത കാനോനാ അലക്സാന്ത്ര്യാ, അന്ത്യോക്യാ മുതലായ മെത്രാന്മാരുടെ അധികാരം ക്ലിപ്തപ്പെടുത്തുന്നതിനാൽ, ഈ മെത്രാന്മാൎക്കുള്ള ഈ അധികാരം സാൎവ്വത്രികസൂനഹദോസിനുള്ളതിൽ കുറവാണെന്നു സിദ്ധിക്കുന്നു. ആകയാൽ ഈ മെത്രാന്മാരിൽ ആൎക്കും പരമാധികാരമില്ല. റോമ്മായുടെ കാൎയ്യത്തിൽ കാനോനാ യാതൊന്നും നിശ്ചയിക്കുന്നില്ലെന്നും റോമ്മാക്കുണ്ടായിരുന്ന പതിവെന്തെന്നു സൂചിപ്പിക്കമാത്രം അതു ചെയ്യുന്നെന്നും നാം ഈ അവസരത്തിൽ ഓൎക്കണം.

## ഏഴാം കാനോനാ.

"സ്വന്തം മെത്രാപ്പോലീത്തായുടെ ബഹുമാനത്തിനു ഭംഗം വരാതെ അഏലിയാ (ഓർശ്ലേം) യുടെ മെത്രാൻ ബഹുമാനിക്കപ്പെടുകയും അദ്ദേഹത്തിനു ബഹുമാനപ്രാപ്തിയുണ്ടായിരിക്കയും ചെയ്യുന്നു എന്നതു നടപ്പും പുരാതനപാരമ്പൎയ്യവും ആകുന്നു" എന്നാണ് നിക്യാ സൂനഹദോസിന്റെ ഏഴാംകാനോനാ പറയുന്നതു്. (15) ഓർശ്ലേം മെത്രാനു പ്രത്യേക ബഹുമാനം കല്പിച്ചുകൊടുക്കുന്നതല്ലാതെ നിക്യാ സൂനഹദോസ് അദ്ദേഹത്തെ പാത്രിയൎക്കീസായി സ്വീകരിക്കുന്നില്ല "സ്വന്തം മെത്രാപ്പോലീത്തായുടെ ബഹുമാനത്തിനു ഭംഗം വരാതെ" എന്ന വാചകം

---

(14) Ep. XIV.
(15) Encharid Font. H. E. Kirch.

പലെസ്റ്റീനായിലെകേസറിയായുടെമെത്രാപ്പോലീത്തായെ സൂചിപ്പിക്കുന്നു. കേസറിയാ അന്ത്യോക്യാക്കീഴായിരുന്നതിനാൽ ഓർശ്ലേവും അപ്രകാരം തന്നെ ആകുവാനെ പാടുള്ളു. നിക്യാ സൂനഹദോസിൽ വച്ചു ഭരണസൗകൎയ്യത്തിനായി റോമ്മാ, അലക്സാന്ത്ര്യാ, അന്ത്യോക്യാ, ഓർശ്ലേം എന്നിങ്ങനെ നാലു പാത്രിയക്കീസുമാർ നിയമിക്കപ്പെട്ടു എന്നു ചിലർ പറയുന്നതു് അവാസ്തവമാണെന്നു് ഇത്രയും പറഞ്ഞതിൽ നിന്നു വിശദമാകുമെന്നു വിശ്വസിക്കുന്നു. പാത്രിയക്കീസു സ്ഥാനലാഭത്തിനായി ഓർശ്ലേം മെത്രാൻ ചെയ്തു ശ്രമങ്ങൾ പുറകെ വിവരിച്ചുകൊള്ളാം.

## പെസഹാ ആഘോഷ ദിവസം.

പെസഹാ ആഘോഷ ദിവസം പ്രമാണിച്ചു സൂനഹദോസ് എന്തു തീരുമാനം ചെയ്യുന്നു അലക്സാന്ത്ര്യായിലെ വി. ക്രുറിലോസിന്റെ വാക്യങ്ങളിൽ പറയാം. "ഇവയും ഇവപോലെയുള്ളവയുമായ തർക്കങ്ങളാൽ ലോകം മുഴുവനിലും പെസഹാ ആഘോഷം കുഴപ്പത്തിലായപ്പോൾ, പരിശുദ്ധന്മാർ കൂടിയ ആ സാൎവ്വത്രിക സൂനഹദോസിൽ സന്തോഷപ്രദമായ ഈ തീരുമാനമുണ്ടായി. ഇതുസംബന്ധമായ ശാസ്ത്രത്തിൽ നിപുണത സമ്പാദിച്ചിരിക്കുന്ന അലക്സാന്ത്ര്യാപ്പള്ളി പെസഹാ ആഘോഷിക്കേണ്ട തിയതിയും മാസവും പക്ഷവും (quota Kalendarum vel Iduam, quata Luna pascha debeat Celebrari) അണ്ടുതോറും എഴുത്തുമൂലം റോമ്മാപ്പള്ളിയെ അറിയിക്കണം. അവിടെ നിന്നു് പെസഹാ ആഘോഷത്തിനായി ശ്ലൈഹികാധികാരത്താൽ നിശ്ചയിക്കപ്പെടുന്ന ദിവസം ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാപ്പള്ളി അറിഞ്ഞുകൊള്ളും." (16)

നോക്കുക, ലോകം മുഴുവനും വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാപ്പള്ളി ഐകരൂപ്യത്തിനായി ഏതു പള്ളിയെ ആശ്രയിക്കണമോ അതു് റോമ്മാപ്പള്ളിയാണെന്നു നിക്യാ സൂനഹദോസു തെളിവായി പറയുന്നു. അലക്സാന്ത്ര്യാ ഇന്ന തിയതിയിലാണു് എന്നു കാണിച്ചുകൊടുക്കുമ്പോൾ അതുതന്നെയെന്നു ശ്ലൈഹികാധികാരത്താൽ റോമ്മാ നിശ്ചയിക്കും. ലോകം മുഴുവനിലും വ്യാപിച്ചുകിടക്കുന്ന കത്തോലിക്കാപ്പള്ളി ആ നിശ്ചയം റോമ്മായിൽ നിന്നു അറിഞ്ഞുകൊള്ളും. പരമാധികാരം റോമ്മായിലല്ലാതെ മറെറവിടെയെങ്കിലുമായിരുന്നെങ്കിൽ നിക്യാ സൂനഹദോസ് ഇപ്രകാരം തീരുമാനിക്കയില്ലായിരുന്നു എന്നതിൽ എന്താണു് സംശയം? ഈ നിശ്ചയം അലക്സാന്ത്ര്യാ അന്ത്യോക്യാ എന്ന പള്ളികളെ ഉദ്ദേശിച്ചു മാത്രമായിരുന്നെന്നു കൂടെയും പ്രസ്താവ്യമാണു്. (17)

---

(16) Apud Petaviaum, De doctri. temp. I. Venetiis 1757-append. p. 502. Hef. I. 330.

(17) Mgr. Duchesne ,O.-C.

## അനന്തരസംഭവങ്ങൾ.

നിക്യാ സൂനഹദോസുവരെ അന്ത്യോക്യാക്കുണ്ടായിരുന്ന സ്ഥാനമാനങ്ങൾ ആരുടെയും അസൂയക്കൊ ആക്രമണത്തിനോ വിഷയീഭവിച്ചിരുന്നില്ല. ഇപ്പോൾ അറിയപ്പെടുന്നപോലെയുള്ള ഒരു യൌനായാസഭ നാലാം ശതാബ്ദത്തിനപ്പുറമുണ്ടായിരുന്നുമില്ല. അരിയൂസിൻെറ പാഷണ്ഡതയുടെ ശേഷം മാത്രമാണ് ബൊസന്തിയാ ഉയൎന്നതും യൌനായാസഭ ശ്രേഷ്ഠത പ്രാപിച്ചു തുടങ്ങിയതും. ഏഷ്യാ, അന്തോക്യാ, എജിപ്ത് എന്നിങ്ങനെ മൂന്നു പ്രധാന സഭകൾ മാത്രമെ ആദിമകാലങ്ങളിൽ പൌരസ്ത്യദിക്കിലുണ്ടായിരുന്നൊള്ളു. പിന്നീടു ഇവ മൂന്നിനെയും തട്ടിയിട്ടു യൌനായാസഭയുടെ കേന്ദ്രമായ ബൊസന്തിയാ തന്നെയും ഹെറാക്ലിയായുടെ ഒരു ഉപമെത്രാസനമായിരുന്നു. നിക്യാ സൂനഹദോസിൻെറ കാലത്തു ഭരണം നടത്തിയിരുന്ന മെത്രൊഫാനെസ് ആണ് ബൊസന്തിയായിലെ ഒന്നാമത്തെ മെത്രാനായി അറിയപ്പെടുന്നതു്. ഒന്നാമത്തെ ക്രൈസ്തവ ചക്രവൎത്തിയായ കുസ്റ്റന്തീനോസ് ബൊസന്തിയാ റോമ്മാ സാമ്രാജ്യത്തിൻെറ തലസ്ഥാനമാക്കിയതോടെ യൌനായാസഭതലയുയൎത്തിത്തുടങ്ങി.

നിക്യാ സൂനഹദോസിൽ വച്ച് അരിയൂസും നിക്കോമേദിയായിലെ എവുസേബിയൂസും നാടുകടത്തപ്പെട്ടെങ്കിലും സ്വസഹോദരിയുടെ പ്രേരണയാൽ ചക്രവൎത്തി അവരെ വീണ്ടു വിളിപ്പിച്ചു. കുസ്റ്റന്തീനോസിൻെറ കാലശേഷം റോമ്മായിലും ബൊസന്തിയായിലും ചക്രവൎത്തികളുണ്ടായിരുന്നു. രണ്ടു സ്ഥലത്തേക്കുമായി ഒരു ചക്രവൎത്തി മാത്രമുണ്ടായിരുന്ന കാലങ്ങളുമുണ്ടു്. ഓരോ കാലത്തു ഭരണം നടത്തിയിരുന്ന ചക്രവൎത്തിമാർ അതതുകാലത്തുണ്ടായിരുന്ന പാഷണ്ഡതകളെ അനുകൂലിക്കുകയാൽ ബൊസന്തിയാ ഉപജ്ജപരി പ്രബലപ്പെട്ടുവന്നിരുന്നു. 'അരമന മെത്രാന്മാർ' എന്നറിയപ്പെടുന്ന കുറെ മെത്രാന്മാരും അവിടെയുണ്ടായി. യൌനായാ സഭയുടെ ഉയൎച്ചയുടേയും താഴ്ചയുടേയും കാരണം ഈ അരമന മെത്രാന്മാരാണ്. ഇവരിൽ അഗ്രഗണ്യൻ നിക്കൊമേദിയായിലെ എവുസേബിയൂസായിരുന്നെന്നു പറയേണ്ടതല്ലൊ. ബൊസന്തിയായുടെ ന്യായപൂൎവ്വമല്ലാത്ത ഉയൎച്ചക്കു അന്ത്യോക്യരും ചിലപ്പോഴെല്ലാം സഹായമായിട്ടുണ്ടെന്നു് വ്യസനപൂൎവ്വം പറയേണ്ടിയിരിക്കുന്നു. (18) അന്ത്യോക്യായിൽ കുറെ നാൾ ഭരണം നടത്തിയശേഷം ബൊസന്തിയായിൽ ചെന്നുപററിയ എവുദോക്സിയോസു ഇവരിൽ ഒരാളായിരുന്നു.

പ്രവാസത്തിൽ നിന്നു തിരിച്ചെത്തിയശേഷം സത്യവേദപ്രബോധകന്മാരായിരുന്ന മെത്രാന്മാരെ സ്ഥാനത്യാഗം ചെയ്യിക്കുകയും അവരുടെ സിംഹാസനങ്ങളിൽ നിന്നു അവരെ ബഹിഷ്കരിക്കുകയുമായിരുന്നു എവുസേബിയൂസു മുതൽപേരുടെ ജോലികൾ. 330–ൽ അന്ത്യോക്യായിൽ കൂടിയ ഒരു സൂനഹദോസിൽ വച്ച് അവർ അന്ത്യോക്യാ പാത്രിയൎക്കീസും സത്യവിശ്വാസിയുമായിരുന്ന എവുസ്താത്തിസിനെ ബഹിഷ്കരിച്ചശേഷം

---

(18) Cf. Mgr. Duchesne O. C.

എവുപ്രോനിയോസിനെ തൽസ്ഥാനത്തുയത്തി. (19) 330 മുതൽ 332 വരെയുള്ള കാലഘട്ടത്തിൽ പൌളിനോസു എവുലാലിയോസ് എന്ന രണ്ടു പതിതർ അന്ത്യോക്യാ സിംഹാസനം കൈവശമാക്കി. അവരുടെശേഷം സിംഹാസനാരൂഢന്മാരായവരെല്ലാം തൽസ്ഥാനപ്രാപ്തിക്ക് അയോഗ്യന്മാരായിരുന്നു. (20) പാഷണ്ഡരുടെ ശല്യം പ്രബലപ്പെട്ടുവന്നിരുന്നതിനാൽ സത്യവിശ്വാസികൾ വളരെ സൂക്ഷത്തോടെയാണ് അവിടെ വത്തിച്ചിരുന്നത്. 344 മുതൽ 359 വരെ ഭരണം നടത്തിയ ലെഓന്തിനോസും എവുദോക്സിയോസും പതിതർ തന്നെയായിരുന്നു. (21) 359-ൽ എവുദോക്സിയോസു അമ്മേനിയായിലേക്കു നാടുകടത്തപ്പെട്ടപ്പോൾ അആണ്ടിൽ തന്നെ സെലൂക്കിയായിൽ കൂടിയ ഒരു സൂനഹദോസു അനനിയോസ് എന്നൊരാളെ അന്ത്യോക്യായിലേക്കു നിയമിച്ചെങ്കിലും അയാൾ സ്ഥാനഭ്രഷ്ടനായിപ്പോയി. യോഗ്യനായ ഒരാളെ നിയമിക്കുവാൻ പല സ്ഥലങ്ങളിൽ നിന്നും മെത്രാന്മാർ ഒരുമിച്ചുകൂടി, അമ്മേനിയായിലുള്ള സെബാസ്റ്റെയിലെ മെലേസിയോസിനെ അന്ത്യോക്യായിലേക്കു തിരിഞ്ഞെടുത്തു. മെലേസിയോസ് സ്വപാശ്വത്തിലാണെന്നു സത്യവിശ്വാസികളും പതിതരും ഒരുപോലെ വിചാരിച്ചിരുന്നു. യോഹന്നാൻ ക്രിസോസ്റ്റോമോസ്, നസിയാൻസിലെ ഗ്രീഗോരിസ്, നിസ്സായിലെ ഗ്രിഗോരിസ്, പോന്തുസിലുള്ള കേസറിയായിലെ വലിയ ബസേലിസ്, എപ്പിപ്പാനിയോസ് മുതലായ മഹാ വിശുദ്ധന്മാരും തിരുസ്സഭാ പിതാക്കന്മാരും മെലേസിയോസിൻെറ സ്നേഹിതന്മാരായിരുന്നു. പതിതനായിരുന്ന ചക്രവത്തി, സത്യവിശ്വാസിയാണെന്നറിഞ്ഞയുടനെ മെലേസിയോസിനെ അമ്മേനിയായിലേക്കു നാടുകടത്തി. (3'1) കുറച്ചുപേർ മാത്രമായിരുന്ന അന്ത്യോക്യായിലെ സത്യവിശ്വാസികളിൽ ഇതു് വിഭാഗത്തിനു കാരണമായി. പള്ളികളെല്ലാം അയ്യന്മാർ കൈവശമാക്കി. സത്യവിശ്വാസികളിൽ ഒരു ഭാഗം പൌളീനോസിനും മറെറ ഭാഗം പ്ലാവിയൂസിനും തിയദോറോസിനും കിഴ്പ്പെട്ടു നിന്നിരുന്നു. പൌളിനോസിനെ അനുഗമിച്ചവർ എവുസ്താത്തിസിൻെറ കക്ഷിയെന്നും മററവർ മെലേസിയോസിൻെറ കക്ഷിയെന്നും അറിയപ്പെട്ടുന്നു. അന്ത്യോക്യായിലെ ഈ വിപ്ലവത്തിനു 'എവുസ്താത്തിസ് ശിസ്മ' എന്നും പേരുണ്ട്.

വാലെൻസിൻെറശേഷം റോമ്മാ ചക്രവത്തിയായ ജൂലിയൻ നാടുകടത്തപ്പെട്ട മെത്രാന്മാക്ക് അവരുടെ രൂപതകൾ വിട്ടുകൊടുത്തപ്പോൾ മെലേസിയോസും അന്ത്യോക്യായിൽ വന്നുചേന്നെന്നു വിചാരിപ്പാൻ പാടുണ്ട്. പക്ഷെ സത്യവിശ്വാസികളുടെ ഇടയിലുണ്ടായിരുന്ന ഭിന്നത അന്നും അവസാനിച്ചിട്ടില്ലായിരുന്നു. സമാധാനപരിപാലനാത്ഥം 362 ൽ അലക്സാന്ത്ര്യായിൽ നടത്തപ്പെട്ട ഒരു സൂനഹദോസിൻെറ ശ്രമങ്ങളും വിഫലീഭവിച്ചതേയുള്ളു. മെലേസിയോസിൻെറ വിരോധികൾ തങ്ങളുടെ നേതാവായിരുന്ന പൌളിനോസിനെ അന്ത്യോക്യാപാ

(19) Sozemenus Lib II. Berti Comp. H. E. soec. 4
(20) L. Berti Comp. H. E. Ibid.
(21) L. Berti Com. H. E. Ibid. Cath. Ency. Meletius.

ത്രിയക്കീസായി അഭിഷേകം ചെയ്യുകയാൽ ഭിന്നത വളരെ ശക്തിപ്പെട്ടു. ചക്രവർത്തി അന്ത്യോക്യായിൽ വസിച്ചുകൊണ്ടു ഇരുകക്ഷിയേയും ഒരുപോലെ പിഡിപ്പിച്ചുമിരുന്നു. അപ്പോൾ മെലേസിയോസു നാടുകടത്തപ്പെട്ടെന്നു പറയുന്നവരുമുണ്ട്. അങ്ങിനെ സംഭവിച്ചെങ്കിൽ ജോവിയൻ ചക്രവർത്തിയുടെ ഭരണകാലത്തു് അദ്ദേഹം തിരിച്ചെത്തിയിരിക്കണം.

അലക്സാന്ത്ര്യാ പാത്രിയക്കീസായിരുന്ന വി. അത്തനാസിസു ഈ സന്ദർഭത്തിൽ അന്ത്യോക്യായിലെത്തി മേലേസിയോസിനോടു യോജിക്കുവാൻ ശ്രമിച്ചെങ്കിലും മെലേസിയോസിൻെറ തെററിധാരണയും അതനുസരിച്ചുള്ള പ്രവൃത്തികളും ഹേതുവാൽ അദ്ദേഹം പൌളിനോസിനെ ധർമ്മസമ്മതനായ പാത്രിയക്കീസായി സ്വീകരിച്ചു. മെലേസിയോസും സത്യവിശ്വാസസന്ധനാണെന്നുള്ള ബോധം അത്തനാസീസിനുണ്ടായിരുന്നതിനാൽ അദ്ദേഹം പൌളിനോസിനെ മുഴുവനായി ആദരിച്ചില്ല. ഇതോടെ മെലേസിയോസിൻെറ നാമം പുറത്തു കേട്ടുതുടങ്ങി. 12 മെത്രാന്മാരുടെ ഒരു സൂനഹദോസ് അദ്ദേഹം അന്ത്യോക്യായിൽ വിളിച്ചുകൂട്ടി. പക്ഷെ, പൌളീനോസിൻെറ എന്നു പറയപ്പെടുന്ന ഒരു ലഘുലേഖ അദ്ദേഹത്തിൻെറ വിശ്വാസവിഷയത്തിൽ വീണ്ടും സംശയങ്ങൾ ജനിപ്പിച്ചു.

ജോവിയൻെറ കാലശേഷം ഭരണമാരംഭിച്ച വാലൻസ് സത്യവിശ്വാസികളെ കഠിനമായി ഞെരുക്കിത്തുടങ്ങി. അതോടെ അലക്സാന്ത്ര്യായും അന്ത്യോക്യായും തമ്മിൽ കൊണ്ട വിരോധവും ആരംഭിച്ചു. സുറിയാക്കാരും പലെസ്റ്റിനാക്കാരും അലക്സാന്ത്ര്യാനേതാവിനെ സ്വീകരിക്കുകയില്ലെന്നായി. ഈ കാരണത്താൽ മെലേസിയോസിൻെറ പ്രാധാന്യം വർദ്ധിച്ചു തുടങ്ങുകയാണുണ്ടായതു്. കൽക്കിദോനിയാ, അൻകിറാ, മിലെത്തേനെ, പേർഗമാ, കപ്പദോക്കിയായിലെ കേസറിയാ, ബൊസ്രൂ, പലെസ്റ്റിന എന്ന സ്ഥലങ്ങളും സുറിയായിലെ ചില വിഭാഗങ്ങളും മെലേസിയോസിനെ സ്വീകരിച്ചതു് കൂടാതെ 363-ൽ 26 മെത്രാന്മാർ അദ്ദേഹത്തെ സാക്ഷാൽ പാത്രിയക്കീസായി അംഗീകരിച്ചു. ഇവരിൽ ഒരാളായിരുന്നു പോന്തുസിലുള്ള കേസറിയായിലെ വി. ബസ്സേലീസ്.

എന്നാൽ ചക്രവർത്തിയുടെ കോപത്തിനു പാത്രീഭൂതനാകുകയാൽ നമ്മുടെ കഥാനായകൻ വീണ്ടും നാടുകടത്തപ്പെട്ടു (365). 367-ൽ അദ്ദേഹം തിരിച്ചെത്തിയ അവസരത്തിലാണ് വി. ക്രിസോസ്തോമ്മോസ് വൈദികഗണത്തിൽ ചേക്കപ്പെട്ടതു്. സമാധാനം പാലിക്കുവാൻ വി. ബസ്സേലീസ് അത്യധികം ബുദ്ധിമുട്ടിക്കൊണ്ടിരുന്നു. അലക്സാന്ത്ര്യായിലെ അത്തനാസിസും റോമ്മായിലെ ദാമസൂസുമായി അദ്ദേഹം എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി. ഇങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ റോമ്മായുടെ അധികാര പ്രവൃത്തി എത്രയോ അവശ്യമാണെന്ന് വി. ബസ്സേലീസിൻെറ ലേഖനങ്ങളിൽ കാണാം. 370-നും 372-നും മദ്ധ്യേ അദ്ദേഹം റോമ്മായിലെ ദാമസൂസിന് ഇങ്ങനെ എഴുതി.

"അങ്ങേ ആർദ്രതയിൽ നിന്നുള്ള ഒരു സന്ദർശനമാണ് ഞങ്ങളുടെ ഏകപ്രതീക്ഷ. നമ്മുടെ വിശ്വാസമുള്ള ആളുകളെ ഞങ്ങളുടെ പക്കൽ അയക്കണമെ– ഭിന്നതകൾ അവസാനിപ്പിച്ച് ദൈവത്തിന്റെ സഭക്ക് അവർ ഐക്യം വരുത്തും. കുറഞ്ഞപക്ഷം ആരെയാണ് അങ്ങേ ഐക്യത്തിൽ സ്വീകരിക്കേണ്ടതെന്ന് അവർ അങ്ങേ അറിയിക്കും."

ഈ സന്ദർഭത്തിൽതന്നെ അദ്ദേഹം വി. അത്തനാസീസിനു ഇങ്ങനെ എഴുതി.

"നമ്മുടെ കാര്യം പരിശോധിക്കുവാനും യാത്രയുടെ ക്ലേശങ്ങൾ സഹിച്ച് നമ്മുടെ ഇടയിൽ തെററിൽ ഉൾപ്പെട്ടിരിക്കുന്നവരെ ദയവായും എന്നാൽ കർശനമായും തിരുത്തുവാൻ തക്ക യോഗ്യന്മാരെ നിശ്ചയിച്ചുകൊണ്ട് ഈ കാര്യത്തിൽ തന്റെ അധികാരം ഉപയോഗിക്കുവാനായി റോമ്മായിലെ മെത്രാനെഴുതേണ്ടതാണെന്നും നാം വിചാരിച്ചു." (22)

അന്ത്യോക്യാപാത്രിയക്കീസ് ആരെന്നുള്ള തർക്കനാളുകളിൽ, അലക്സാന്ത്ര്യായിലേക്കും റോമ്മായിലേക്കും കേസറിയായിലെ വി. വലിയ ബസേലിസ് അയച്ച പ്രസ്തുത ലേഖന ഭാഗങ്ങൾ പത്രോസിന്റെ പരമാധികാരം സ്ഥിതി ചെയ്യുന്നതെവിടെയെന്നു വിശദമാക്കുന്നില്ലയോ? അന്ത്യോക്യായൊ റോമ്മായൊ?

അന്ത്യോക്യാ ബന്ധുക്കളും അകത്തോലിക്കരും ബസേലിസനാമധാരികളുമായി നമ്മുടെ ഇടയിലുള്ള മതനേതാക്കന്മാർ ഈ കാര്യവുംകൂടി വിചാരിക്കേണ്ടതാണ്. നാം യാതൊരു വിശുദ്ധന്റെ നാമം സ്വീകരിക്കുന്നത് ആ വിശുദ്ധനോടു നമുക്കുള്ള സ്നേഹബഹുമാനങ്ങളും ആ വിശുദ്ധനെ അനുകരിക്കുവാൻ നമുക്കുള്ള ആഗ്രഹവും നിമിത്തമാണല്ലൊ. വിശ്വാസമില്ലാതെ വിശുദ്ധത ഉണ്ടാകുകയില്ല. വി. ബസേലിസിന്റെ വിശ്വാസമെന്തായിരുന്നു?

വി. ബസേലിസിന്റെ സ്തുത്യർഹങ്ങളായ ശ്രമങ്ങളുടെ മദ്ധ്യേ 371–ൽ മെലേസിയോസ് വീണ്ടും നാടുകടത്തപ്പെട്ടു. 373–ൽ വി. അത്തനാസിസുമരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന പത്രോസിന്റെ ദൃഷ്ടിയിൽ മെലേസിയോസു പാഷണ്ഡനായി കാണപ്പെട്ടു. ഇതോടെ അത്തനാസീസിന്റെയും റോമ്മാമെത്രാന്റെയും കക്ഷിഎന്നയഭിധാനത്തിൽ ഒരു നവീനവിഭാഗം അന്ത്യോക്യായിൽ ഉത്ഭവിച്ചു. സമാധാനത്തിനു ശ്രമം നടത്തിയിരുന്നവരിൽ ഒരാളായ എവാഗ്രിയോസു പൌളീനോസിനെ അദരിക്കയാൽ വി. ഈറാനീമോസും റോമ്മായിലെ ദാമസൂസും മെലേസിയോസിന്റെ നേരെ അനാദരവു പ്രദർശിപ്പിക്കയാണുണ്ടായത്. പൌളിനോസ് അന്ത്യോക്യാ പാത്രിയക്കീസും പൌരസ്ത്യദിക്കിൽ റോമ്മാമെത്രാന്റെ പ്രതിപുരുഷനുമായി കരുതപ്പെട്ടു.

(22) Ep. 69. cf. "The Greek Fathers" p. 72. A. Fortescue. C. B. Benni Doc. CLXXXVII.

അന്ത്യോക്യാ പാത്രിയക്കീസായി കരുതപ്പെട്ട ഒരാൾ റോമ്മാമെത്രാൻെറ പ്രതിപുരുഷനായും കരുതപ്പെട്ടെങ്കിൽ പരമാധികാരസംബന്ധമായി അന്ത്യോക്യായിലും മററു സ്ഥലങ്ങളിലും അന്നുണ്ടായിരുന്ന വിശ്വാസവും പ്രവൃത്തികളും എങ്ങിനെയുള്ളവയായിരുന്നെന്നു ഊഹ്യമാണല്ലോ.

റോമ്മായിലെ ദാമസൂസിനെ കാൎയ്യങ്ങൾ നേരാംവണ്ണം ഗ്രഹിപ്പിക്കവാനായിരുന്നു വി. ബസേലിസിൻെറ അനന്തരശ്രമങ്ങൾ. ഡൊരത്തേറൂസ്, സൽക്ത്തിസിമൂസ് എന്ന രണ്ടു പ്രതിനിധികളെ അദ്ദേഹം ഉടൻ തന്നെ റോമ്മാക്കയച്ചു. അവർ സന്തോഷവാൎത്തയും വഹിച്ചുകൊണ്ടു് 377—ൽ തിരിച്ചെത്തി. വിഭാഗങ്ങളും വഴക്കകളും അവസാനിച്ചു. സത്യം ജയിച്ചു കണ്ടശേഷം 37?—ൽ വി. ബസേലിസു നിൎയ്യാതനായി. മെലേസിയോസിനു വിരോധമായി ചിലതെല്ലാം വി. ഈറാനിമോസുതന്നെ റോമ്മായിൽ ബോധിപ്പിച്ചെങ്കിലും റോമ്മായിലെ ദാമസൂസു അവയൊന്നും ഗണ്യമാക്കിയില്ല. വാലെൻസു ചക്രവൎത്തിയുടെ മരണവും സമാധാനപ്രിയനായ ഗ്രസിയാൻെറ വാഴ്ചയും മെലേസിയോസിൻെറ സിംഹാസനാരൂഢനവും 379—ൽ നടന്നു. തദവസരത്തിൽ 150 മെത്രാന്മാർ അദ്ദേഹത്തെ സ്വീകരിച്ചതിനു പുറമെ ബൊസന്തിയായിൽ ഒരു മെത്രാനെ വാഴിക്കവാൻ പൌരസ്ത്യമെത്രാന്മാർ 381-ൽ സമ്മേളിച്ചപ്പോൾ, അലക്സാന്ത്ര്യാ പാത്രിയക്കീസു സന്നദ്ധനല്ലായിരുന്നതിനാൽ, പ്രഥമസ്ഥാനം മെലേസിയോസിനു ലഭിച്ചു. പൌളീനോസു കുറെനാളത്തേക്ക വിട്ടുമാറിയില്ലെങ്കിലും വലിയ കുഴപ്പങ്ങളൊന്നമുണ്ടായില്ല. ബൊസന്തിയാൽവച്ചു മെലേസിയോസു മരിക്കുകയും പ്ലാവിയൻ അന്ത്യോക്യാ പാത്രിയക്കീസായി വാഴിക്കപ്പെട്ടുകയും ചെയ്തു. പ്ലാവിയനെ തിരിഞ്ഞെടുത്തതു് ബൊസന്തിയായിൽ കൂടിയ മെത്രാന്മാരാണ്. (23) ഉടൻതന്നെ അവർ വിവരം റോമ്മായിൽ ബോധിപ്പിക്കയും ചെയ്തു. (24)

നിക്യാ സൂനഹദോസു മുതൽ 381 വരെയുള്ള 56 കൊല്ലങ്ങളിൽ അന്ത്യോക്യായിൽ നടന്ന സംഭവങ്ങളാണ് മുകളിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതു്. അന്ത്യോക്യായൊ റോമ്മായൊ?

## വി. അത്തനാസീസും അദ്ദേഹത്തെ പോലെയുള്ളവരും.

നിക്യാസൂനഹദോസിൽ സംബന്ധിക്കുകയും അൎയ്യൻ പാഷണ്ഡരോടു ധീരധീരം പോരാടുകയും ചെയ്ത അലക്സാന്ത്ര്യാ പാത്രിയക്കീസു വി. അത്തനാസിസിൻെറ ഒരു ചുരുങ്ങിയ ചരിത്രം പരമാ

(23) Cf. Cath. Encyclop. Meletius.
(24) Ep. 69. cf. "The Greek Father" p. 72. A.Fortescue. Benni Doc. CLXXXVII.

ധികാര സംബന്ധമായി ശരിയായ ജ്ഞാനം ഏവർക്കും പ്രദാനം ചെയ്യുമെന്നതിൽ രണ്ടു പക്ഷമില്ല. ആര്യൻ പാഷണ്ഡരുടെ അക്രമങ്ങൾക്കു വിഷയീഭവിച്ച സിദ്ധന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ഒരാളാണ് വി. അത്തനാസീസ്. 335-ൽ ടൈർ എന്ന സ്ഥലത്തു നടത്തിയ ഒരു സൂനഹദോസിൽവച്ച് അവർ അദ്ദേഹത്തെ ത്രവിസിലേക്കു നാടുകടത്തി. 338-ൽ അദ്ദേഹം അലക്സാന്ത്ര്യായിൽ തിരിച്ചെത്തി. അലക്സാന്ത്ര്യായിൽനിന്നു അത്തനാസിസിനെ ഓടിക്കുവാനായിരുന്നു ശത്രുക്കളുടെ ശ്രമങ്ങൾ. വിസ്തുസ് എന്നൊരാളെ അലക്സാന്ത്ര്യാ പാത്രിയർക്കീസായി ഉയർത്തിയശേഷം സ്ഥിരീകരണത്തിനായി അവർ റോമ്മായിൽ ആവശ്യപ്പെട്ടു. (25)

പരമാധികാരം അന്ത്യോക്യായിലായിരുന്നെങ്കിൽ പൌരസ്ത്യരായിരുന്ന അവർ സ്ഥിരീകരണത്തിനായി എന്തുകൊണ്ട് റോമ്മായിൽ ആവശ്യപ്പെട്ടു? അന്ത്യോക്യായിലെ അന്നത്തെ സ്ഥിതിഗതികൾ അവർക്കനുകൂലങ്ങളുമായിരുന്നില്ലയോ?

പതിതരുടെ അപേക്ഷ കൈപ്പററിയ ഉടനെ റോമ്മായിലെ യൂലിയോസ് കാര്യസ്ഥിതി അത്തനാസീസിനെ അറിയിച്ചു. ഉടൻ തന്നെ അത്തനാസീസ് സ്വയം ആദരിച്ചുകൊണ്ട് പ്രതിപുരുഷന്മാരെ റോമ്മായിലയച്ചു. ഇതിനിടയിൽ (340) അന്ത്യോക്യായിലെ ഒരു സൂനഹദോസ് അത്തനാസിസിനെ സ്ഥാനഭ്രംശം ചെയ്യുകയാൽ അദ്ദേഹം റോമ്മായിൽ അഭയം പ്രാപിച്ചു.

പരമാധികാരം അന്ത്യോക്യായിലായിരുന്നെങ്കിൽ അന്ത്യോക്യായിൽ നടന്ന അഴിമതികൾക്കെതിരായി വി. അത്തനാസിസ് എന്തിന് റോമ്മായിൽ അഭയം പ്രാപിച്ചു? അന്ത്യോക്യാസൂനഹദോസിൻെറ വിധിയിൽനിന്നു രക്ഷപെടുവാൻ അലക്സാന്ത്ര്യാ പാത്രിയർക്കീസു കണ്ടെത്തിയ ഏകമാർഗ്ഗം റോമ്മായിലേക്കു സങ്കടം ബോധിപ്പിക്കുക ആയിരുന്നു. പരമാധികാരം എവിടെയാണ് സ്ഥിതിചെയ്യുന്നതു്.?

താൻ നിരപരാധിയാണെന്നു റോമ്മായിൽ വച്ചു വിധിയുണ്ടാകുകയാൽ അദ്ദേഹം അലക്സാന്ത്ര്യായിൽ തിരിച്ചെത്തി. എന്നാൽ 341-ൽ അന്ത്യോക്യായിൽ നടന്ന വേറൊരു സൂനഹദോസ് അത്തനാസിസിനെ വീണ്ടും സ്ഥാനഭ്രംശം ചെയ്തു. പാഷണ്ഡരോടുള്ള യുദ്ധത്തിൽ അത്തനാസിസിനുണ്ടായിരുന്ന ഏക ആശ്രയം റോമ്മായിലായിരുന്നു. (26)

അത്തനാസിസിൻെറ കാര്യത്തിൽ റോമ്മായിലെ യൂലിയോസു അന്ത്യോക്യായിൽ കൂടിയിരുന്ന പൌരസ്ത്യമെത്രാന്മാർക്കയച്ച ലേഖനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

"ഒന്നാമതായി നിങ്ങൾ നമുക്കെഴുതുകയും, നീതിയായുള്ളതു് ഇ

(25) Epistola Synodica. Kirch S. J. O. C.
(26) Brueck § 57; 58.

വിടെ തീരുമാനിക്കപ്പെടുകയും ചെയ്യണം എന്നതാണ് പതിവു എന്നു നിങ്ങൾ അറിയുന്നില്ലയോ?"

"റോമ്മായിലെ മെത്രാന്റെ അറിവുകൂടാതെ പള്ളിക്കു നിയമങ്ങളുണ്ടാക്കുക ശരിയല്ല" (27) സ്വയം ആദരിക്കുവാൻ വി. അത്തനാസിസ് ഈ ലേഖനം പലപ്പോഴും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. (Athan. Apol. contra Arianos. c. II.

അതെ, നാലാം ശതാബ്ദത്തിൽ അലക്സാന്ത്ര്യായിലെ അത്തനാസിസും, ബൊസന്തിയായിലെ പൌലോസും, അൻകിറായിലെ മർച്ചേല്ലൂസും, ഗാസായിലെ ആസ്ക്ലേപ്പാസും അയ്യന്മാരാൽ അനീതിയായി സ്ഥാനഭ്രംശം ചെയ്യപ്പെട്ടപ്പോൾ റോമ്മായിലെ യൂലിയോസിന്റെ പക്കൽ അഭയം തേടുകയാണ് വേണ്ടതെന്ന് വിചാരിച്ചു. അദ്ദേഹമാകട്ടെ "റോമ്മാപ്പള്ളിയുടെ വിശേഷവിവരം നിമിത്തം ഒരു പൊതുലേഖനത്താൽ" അവരെ സമാധാനത്തിൽ "കിഴക്കൻ ദിക്കിലേക്കു പറഞ്ഞയച്ചു" എന്നാണ് സോക്രത്തേസ് എന്ന പൌരസ്ത്യ ചരിത്രകാരൻ പറയുന്നതു്. (28) "ഓരോരുത്തരേയും അവരവരുടെ സ്ഥാനത്തേക്കു യൂലിയോസു തിരിച്ചയച്ചെന്നു" സോസുമേനോസ് എന്ന വേറൊരു പൌരസ്ത്യ ചരിത്രകാരനും സാക്ഷിക്കുന്നു. (29)

ഇതെല്ലാം സംഭവിച്ചതു് 337-നും 352-നും ഇടക്കായിരുന്നു. ഇതുകളിൽ ഏല്പിക്കപ്പെട്ടവരിൽ പലരും പൌരസ്ത്യരുമായിരുന്നു. അക്കാലത്തു് കിഴക്കും പടിഞ്ഞാറും ഒരേ ഒരു വിശ്വാസവുമായിരുന്നു. ശേഷം ഊഹ്യമാണല്ലൊ. വി. അത്തനാസീസിന്റെ നാമധാരികളായി നമ്മുടെ ഇടയിലുള്ള മെത്രാന്മാർ വി. അത്തനാസിസിനെപ്പോലെ റോമ്മാമെത്രാനു കിഴ്പെടേണ്ടവരല്ലയോ? അധികാരം ആക്കുണ്ടോ അതിനു എല്ലാവരും കിഴ്പെടണം. അങ്ങിനെ ചെയ്യുന്നതു് ഒരു വിധത്തിലും അപമാനകരമല്ല.

വി. അത്തനാസിസിന്റെ പിൻഗാമിയായിരുന്ന പത്രോസും വലിയ വിഷമതകളിലെല്ലാം ഉൾപ്പെട്ടെങ്കിലും റോമ്മായിലെ "ദാമസൂസു മാർപ്പാപ്പായുടെ എഴുത്തു കൊണ്ടുചെല്ലുകയാൽ" 378—ൽ സ്വസിംഹാസനം പ്രാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. (30) റോമ്മായിലെ! ലിബേരിയൂസിന്റെ ഒരെഴുത്തുമൂലം സെബാസ്റ്റയിലെ എവുസ്റ്റാത്തിസിനു് സ്വസിംഹാസനത്തിൽ കയറിപ്പറ്റുവാൻ ഇടയായി. (31)—അന്ത്യോക്യായിലെ ഒരു പട്ടക്കാരനായിരുന്ന വിത്താലീസ് 378-ൽ റോമ്മായിലെ ദാമസൂസിന്റെ പക്കൽ അഭയം പ്രാപിച്ചു. (32) ഇവയിൽനിന്നുള്ള അനുമാനം സ്പഷ്ടമാകയാൽ പ്രത്യേകമായി ഒന്നുംതന്നെ

(27) Ibid. (28) Fortescue p. 38.
(29) Lib. II H. E. C. 15.
(30) Lib III H. E. C. 8. (31) Socrates L. IV. C. 37.
(32) Basil Ep. 263.
(33) Hurter. Theol. Dogm. I. p. 406.

ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നില്ല. വി. അത്തനാസിസു അദിയായ വരെ പൌരസ്ത്യ സഭക്കാർ എല്ലാവരും വളരെ കാര്യമായി കരുതുന്നുണ്ടെന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

## സർദിക്കാ സൂനഹദോസ്.

343—ൽ അര്യമതാനുയായികൾക്കു വിരോധമായി സമ്മേളിച്ച ഒന്നാണ് സർദിക്കാ സൂനഹദോസ്. നിക്യാ സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ച ഓസിയൂസു തന്നെയായിരുന്നു സർദിക്കിയായിലും അദ്ധ്യക്ഷൻ. ഈ സൂനഹദോസിൻെറ ചില കാനോനാകളെപ്പററി മാത്രമെ ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നൊള്ളു.

5—ാം കാനോന. (ലത്തിനിൽ 7. ഗ്രീക്കിൽ 5.)

"ഓസിയൂസു മെത്രാൻ പറഞ്ഞു.

'യാതൊരു മെത്രാൻെറമേൽ കുററമാരോപിക്കപ്പെടുകയും, അദ്ദേഹത്തിൻെറ പ്രദേശത്തിലുള്ള മെത്രാന്മാർ ഒരുമിച്ചുകൂടി അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്യുകയും, സ്ഥാനഭ്രഷ്ടനായ ആൾ സങ്കടം ബോധിപ്പിച്ചുകൊണ്ട് റോമ്മാപ്പള്ളിയുടെ മെത്രാൻെറ പക്കൽ അഭയം പ്രാപിക്കുകയും, അവിടെ കാര്യം തീരുമാനിക്കപ്പെടുവാൻ അഗ്രഹിക്കുകയും ചെയ്താൽ, വിധിതീർപ്പ് വീണ്ടും ശോധനചെയ്യുക യുക്തമെന്നു തനിക്കു തോന്നിയാൽ, കാര്യങ്ങളെല്ലാം ഉത്സാഹപൂർവ്വം അന്വേഷിച്ച് സത്യംപോലെ വിധി പറയുവാൻ, (ആ മെത്രാൻെറ) സമീപപ്രദേശത്തുള്ള മെത്രാന്മാർക്കെഴുതുവാൻ, റോമ്മായിലെ മെത്രാൻ തിരുമനസ്സാകണമെ. (dignetur)......" (33)

പരമാധികാര സംബന്ധമായി ഈ കാനോനാ എന്താണ് പറയുന്നതെന്ന് ആലോചിച്ചാലും. ഈ സൂനഹദോസിൻെറ ഇതുപോലെയുള്ള മററു കാനോനാകൾ വിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല. യൌനായാസഭയും പുരാതന സുറിയാനിസഭയും, അർമ്മേനിയൻ സഭയും സർദിക്കാ സൂനഹദോസിൻെറ കനോനാകൾ സ്വീകരിച്ചിട്ടുണ്ട്. Cf. Hergenrother Anti Janus p. 130; Antiq. eccl. Syriac. Chald. Traditio circa Petri Ap. ejusque successor Divin Primat. Joseph avid. Rome 1870. p. 48; Eccl. Armen. Traditio de Rom. Pontif. Primat Stephanus Azarian. Rom. 1870. p. 43. യൌനായാ നിയമവിദഗ്ധനായ യോഹന്നാൻ സ്കോളാസ്റ്റിക്കൂസ് യൌനായാസഭയുടെ കാനോൻ സംഹിതയിൽ ഇവയും പെടുത്തുന്നു. 69—ൽ ബൊസന്തിയായിൽ കൂടിയ ത്രുള്ളൻ സൂനഹദോസ് സർദിക്കിയായിലെ പരമാധികാരസംബന്ധമായുള്ള രണ്ടു കാനോനാകളേപ്പററി തെളിവായി പ്രസ്താവിക്കുന്നുണ്ട്. വിഭിന്ന യൌനായ

(33) Hurter. Theol. Dogm. I. p. 406.

സഭയുടെ കാരണഭൂതൻ എന്നറിയപ്പെടുന്ന ഫോസിയോസു തന്നെയും തൻെറ നോമോകാനോനിൽ ((Nomo-canon) ഇവ ചേൎത്തിരിക്കുന്നു. കൂടാതെയും യൌനായാക്കാരായ പലരും ഇവയിൽ അശ്രയം തേടിയിട്ടുമുണ്ട്. (34)

സർദിക്കായിലെ പ്രസ്തുത കാനോനാകൾ പല അവസരങ്ങളിൽ പുരാതനകാലത്തുതന്നെ നടപ്പിൽ വന്നിട്ടുണ്ട്. പൌരസ്ത്യസഭയിൽ നടന്ന ഒരു സംഭവംമാത്രം ഇവിടെ പറയാം.

ബൊസ്ത്രാ മെത്രാസനത്തിൻെറ അവകാശി ആരാണെന്ന് ബദാഗിയോസ് അഗാപ്പിയോസ് എന്ന രണ്ടുമെത്രാന്മാർ തമ്മിൽ തൎക്കമുണ്ടായി. ഉഭയകക്ഷിയും കാൎയ്യം റോമ്മായിൽ ബോധിപ്പിച്ചു. അറേബ്യായിലെ മെത്രാപ്പോലീത്തൻ സ്ഥാനമായിരുന്നു ബൊസ്ത്രായെന്നും അറേബ്യാ അന്ത്യോക്യാ പാത്രിയൎക്കിസിൻെറ കീഴായിരുന്നെന്നും വിസ്മരിക്കരുത്.

സർദിക്കായിലെ അഞ്ചാം കാനോനാ അനുസരിച്ച് ബൊസ്ത്രാക്കു സമീപസ്ഥന്മാരായിരുന്ന ബൊസന്തിയ അലക്സാന്ത്രിയാ മെത്രാന്മാരുടെ വിചാരണക്കു റോമ്മാമെത്രാൻ തൎക്കമേല്പിച്ചുകൊടുത്തു. ബൊസന്തിയായിലെ നെക്താരിയോസും അലക്സാന്ത്രിയായിലെ തെഓഫിലോസുംകൂടി വിധിപ്രസ്താവിക്കയും ചെയ്തു. (35) സംഭവം നടന്നതു നൻരു—ൽ ആയിരുന്നു. അന്ത്യോക്യായിൽ പരമാധികാരമുണ്ടോ?

സർദിക്കാ കാനോനാകൾ കള്ളക്കാനോനാകളായി തള്ളിക്കളവാൻ ചിലർ ശ്രമിക്കുന്നുണ്ട്. സൂനഹദോസിൻെറശേഷം അധികനാൾ കഴിയുന്നതിനു മുമ്പായിതന്നെ പ്രസ്തുത കാനോനാകൾ പ്രകാരം റോമ്മാമെത്രാൻെറ പക്കൽ കിഴക്കുനിന്നുതന്നെ പല അപ്പീല്യകൾ പോയിട്ടുണ്ടെന്നു ചരിത്രപ്രസിദ്ധമാണ്. ഇവ കള്ളക്കാനോനാകളാണെങ്കിൽ, ഇത്ര പുരാതനകാലത്തുതന്നെ പൌരസ്ത്യസഭയിൽനിന്നു ഈവക അപ്പീല്യകൾക്ക് എങ്ങിനെ അവസരമുണ്ടായി. കാനോനാകളുടെ ഇപ്പോൾ കാണുന്ന വാക്യരീതി കുറെ കഴിഞ്ഞ് ഉത്ഭവിച്ചതാണെന്നു ഒരുപക്ഷേ വന്നേക്കാം. ഈ ന്യായത്താൽ ഇവ കള്ളക്കാനോനാകളാണെന്നു പറയുന്നവരോടു സമാധാനം പറവാൻ കരുതുന്നില്ല. അവയുടെ സാരാംശം സർദിക്കാ സൂനഹദോസിൽ നിന്നുതന്നെയായിരിക്കണം എന്നതിൽ തൎക്കമില്ല. പാശ്ചാത്യ പൌരസ്ത്യസഭകൾ ഒന്നുപോലെ ഈ കാനോനാകൾ സ്വീകരിക്കുന്നു എന്നതുതന്നെ ഇതിനു മതിയായ തെളിവാണ്. ഇവ വ്യാജനിൎമ്മിതങ്ങളായിരുന്നെങ്കിൽ ആരംഭത്തിൽ തന്നെ സത്യവിശ്വാസികൾ ഇവയെ വിരോധിക്കുമായിരുന്നു. പക്ഷെ നിക്യായിലെ കാനോനാകൾക്കുള്ള സ്ഥാനംതന്നെയാണ് ഇവക്കും കല്പിച്ചിരിക്കുന്നത്.

---

(34) Hergenrother Anti-Janus p. 130.
(35) Mgr. Duchesne O. C. Greek Church and Greek Schism.

## അറബി അഥവാ കൽദായ കാനോനാകൾ.

"നിക്യാ സൂനഹദോസിന്റെ കാനോനാകൾ" എന്ന അഭിധാനത്തിൽ പൌരസ്ത്യദിക്കിലുള്ള പൌരസ്ത്യസഭക്കാരെല്ലാവരും സ്വീകരിക്കുന്ന ൮൪ കാനോനാകളാണ് അറബിക്കാനോനാകൾ എന്നറിയപ്പെടുന്നവ. അവ കൽദായ കാനോനാകൾ എന്നു വിളിക്കപ്പെടണമെന്നാണ് കൽദായശാസ്ത്രജ്ഞനായ ഹയ്യാത്തിന്റെ അഭിപ്രായം.

൩൨൫-ൽ നടന്ന നിക്യാസൂനഹദോസിന്റെ കാനോനാകളായി ഇവ കരുതപ്പെടുവാൻ തരമില്ല. എങ്കിലും നെസ്തോറിയൻ പാഷണ്ഡതയുടെ ഉത്ഭവത്തിനു മുമ്പാണ് (൪൩൧) പ്രസ്തുതകാനോനാകൾ നിർമ്മിക്കപ്പെട്ടതെന്നു നിശ്ചയമാണ്. നെസ്തോറിയരും, യാക്കോബായ മുതലായ വിഭിന്ന സഭക്കാരുടെ കൈവശത്തിൽ പുരാതനകാലംമുതൽതന്നെ ഇവ കാണപ്പെടുന്നതിനാൽ, പരസ്പരം ദ്വേഷിക്കുന്ന ഈ ഓരോ സഭക്കാരും തമ്മിൽ ഭിന്നിക്കുന്നതിനു മുമ്പാണ് കാനോനാകളുടെ നിർമ്മാണകാലമെന്നു നിസ്സംശയം പറയാം. സർദിക്കാ ഉൾപ്പെടെയുള്ള പല സൂനഹദോസുകളിൽ നിന്നാണു ഇവയുടെ ഉത്ഭവമെന്നു ഡോക്ടർ ഫൊർട്ടെസ്ക്യൂ അഭിപ്രായപ്പെടുന്നു. ഏതായാലും യാക്കോബായ സഭയുടെ ഉത്ഭവകാലമായ ൪൫൧-നു വളരെ മുമ്പുതന്നെ പൌരസ്ത്യദിക്കിൽ ഇവയ്ക്കു പ്രചാരം സിദ്ധിച്ചിരുന്നു എന്നതു നിസ്തർക്കമാണ്. ൪൪-ാം കാനോനാ മാത്രമെ ഇവിടെ ഉദ്ധരിക്കുന്നുള്ളു. "ഒരു പാത്രിയർക്കീസിന് സ്വന്തം ഭരണിയരുടെമേൽ അധികാരമുള്ളതുപോലെ റോമ്മാമെത്രാന് മറ്റെല്ലാ പാത്രിയർക്കീസുമാരുടെ മേലും അധികാരമുണ്ട്— പത്രോസിനു ക്രൈസ്തവസാമ്രാജ്യത്തിലെ രാജാക്കന്മാരുടെമേൽ അധികാരം ഉണ്ടായിരുന്നതുപോലെ— എന്തുകൊണ്ടെന്നാൽ രക്ഷയുടെമേലും പള്ളികളുടെമേലും അദ്ദേഹത്തിനു ഭരമേല്പിക്കപ്പെട്ട ആളുകളുടെമേലും അദ്ദേഹം മിശിഹായുടെ പ്രതിപുരുഷനാണ്." (36)

കണ്ടാലും, പൌരസ്ത്യദിക്കിൽ ഉത്ഭവിച്ചതും അതിപുരാതനവും നിക്യാ സൂനഹദോസിന്റേതെന്നു പറയപ്പെടുവാൻ തക്കവണ്ണം അത്ര വിലപിടിച്ചതായി പൌരസ്ത്യർ കരുതുന്നതും പിൻകാലങ്ങളിൽ റോമ്മാഐക്യത്തിൽ നിന്നു മാറിയസഭകൾ എല്ലാം ഭദ്രമായി സൂക്ഷിക്കുന്നതുമായ ഒരു കാനോനായാണ് മേലുദ്ധരിച്ച ൪൪-ാം കാനോനാ. പരമാധികാരം ഉണ്ടോ എന്നും അതെവിടെ സ്ഥിതിചെയ്യുന്നുഎന്നും ഉള്ള ചോദ്യങ്ങൾക്കു പൌരസ്ത്യസഭക്കാരുടെ ഐകകണ്ഠ്യേനയുള്ള ഉത്തരമാണ് ഇതെന്നും അറിഞ്ഞിരിക്കട്ടെ.

ദമശേനിലെ ഏലിയ യാക്കോബായ ശാസ്ത്രജ്ഞനും മപ്രിയാനുമായ ബർ എബ്രായ എന്നിവരുടെ കൃതികളിൽ പ്രസ്തുത കാനോനാകൾ യാക്കോബായസഭയും സ്വീകരിക്കുന്നു എന്നു വ്യക്തമായി കാണാം. (37)

---

(36) C. B. Benni O. C.
(37) C. B. Benni. O. C. ubi de Arabic Canons.

൫൪-ാം കാനോനായിൽ പറയുന്ന സംഗതിതന്നെ മററു പല അറബികാനോനാകളും ആവൎത്തിക്കുന്നുണ്ട്. ആവശ്യമില്ലെന്നു കരുതി അവ ഇവിടെ ഉദ്ധരിക്കുന്നില്ല.

## ൧൦-ാം അദ്ധ്യായം.

### നാലാം ശതാബ്ദത്തിൽ അന്ത്യോക്യാ. (തുടൎച്ച)

#### ബൊസന്തിയാ അഥവാ രണ്ടാം സാൎവ്വത്രിക സൂനഹദോസ്.

൩൮൧ ഇടവത്തിലാണ് രണ്ടാം സാൎവ്വത്രികസൂനഹദോസു നടത്തപ്പെട്ടതു്. സത്യവിശ്വാസിയായ ഒരു മെത്രാനെ ബൊസന്തിയായിലേക്കു തിരഞ്ഞെടുക്കണം, റൂഹാദക്കുദ്ശായുടെ ദൈവത്വം നിഷേധിച്ച മാക്കേദോനിയൻ പാഷണ്ഡത ശപിക്കണം എന്നിതുകളായിരുന്നു സൂനഹദോസിന്റെ പ്രധാനോദ്ദേശ്യങ്ങൾ. പൌരസ്ത്യമെത്രാന്മാർ മാത്രമെ സൂനഹദോസിൽ സംബന്ധിച്ചിട്ടുള്ളു. ൧൫൦ മെത്രാന്മാരിൽ ൧൩൦ സത്യവിശ്വാസികളായിരുന്നു. അലക്സാന്ത്രിയാ പാത്രിയക്കീസ് സൂനഹദോസിൽ സന്നിഹിതനായില്ല. പൌരസ്ത്യമെത്രാന്മാരുടെ ഈ സൂനഹദോസിനു സാൎവ്വത്രിക സൂനഹദോസിന്റെ നിലയും വിലയും കിട്ടിയതു റോമ്മാമെത്രാന്റെ അംഗീകരണശേഷം മാത്രമാണെന്നുള്ളതു് ചരിത്രപ്രസിദ്ധമത്രെ. (1) അംഗീകരണം വിശ്വാസവിഷയത്തിൽ മാത്രമെ ഉണ്ടായിരുന്നൊള്ളു എന്നു ഗ്രഹിക്കേണ്ടതാണ് (2) എന്തുകൊണ്ടെന്നാൽ മററുവിഷയങ്ങളിലും റോമ്മായിലെ അംഗീകരണമുണ്ടായിരുന്നെങ്കിൽ ബൊസന്തിയായിലെ കുപ്രസിദ്ധമായ മൂന്നാം കാനോനാ റോമ്മായാൽ അംഗീകരിച്ചുകിട്ടുവാൻ ബൊസന്തിയാ മെത്രാന്മാർ പിൻകാലങ്ങളിൽ ശ്രമിക്കുകയില്ലായിരുന്നു.

റോമ്മായിലെ വലിയ ഗ്രീഗോരീസും വിജിലിയൂസും പെലാജിയൂസു രണ്ടാമനും ബൊസന്തിയാ സൂനഹദോസിനെ ഒരു സാൎവ്വത്രിക സൂനഹദോസായി പരിഗണിക്കുന്നു. (3) സൂനഹദോസു കഴിഞ്ഞുടനെ തെഒദോസിയോസുചക്രവൎത്തി സംഘനടപടികൾ റോമ്മായിലയച്ചു വിശ്വാസവിഷയങ്ങളിൽ അംഗീകരണം വാങ്ങിച്ചു. (4) ഇതൊരു സാൎവ്വത്രി

---

(1) Dollinger. Hist, of the Ch. Vol. II. p. 220.
(2) Hefele Vol. II. p. 374.
(3) Hefele Ibid p. 373.
(4) I. ܐܓܪ̈ܬܐ ܕܡܥܕܥܬܐ Bedjan.

ക സൂനഹദോസുതന്നെ എന്നതിൽ രണ്ടുപക്ഷമില്ലാത്ത സ്ഥിതിക്ക് പരമാധികാരമുള്ള മെത്രാനിൽനിന്നുള്ള അംഗീകരണമെങ്കിലും ഇതിനുണ്ടായിരിക്കണം. പരമാധികാരമുള്ള മെത്രാനെ മാററിനിറുത്തിക്കൊണ്ടു സാൎവ്വത്രികസൂനഹദോസുകൾ നടത്തുവാൻ പാടില്ല എന്നതാണ് ഇതിന്റെ കാരണം. കത്തോലിക്കരെന്നൊ അകത്തോലിക്കരെന്നൊ ഉള്ള വ്യത്യാസം കൂടാതെ കിഴക്കൻ സഭക്കാരെല്ലാം ഇതിനെ രണ്ടാം സാൎവ്വത്രിക സൂനഹദോസായി സ്വീകരിക്കുകയും ചെയ്യുന്നു. ആകയാൽ 'ബൊസന്തിയാസൂനഹദോസും പരമാധികാരവും' എന്നുള്ളതാണ് നമ്മുടെ ശ്രദ്ധക്കു വിഷയമാകേണ്ടത്. ൩൮൨-ൽ സൂനഹദോസുപിതാക്കന്മാർ എല്ലാവരും കൂടി റോമ്മായിലേക്കയച്ച ദീൎഘലേഖനം ഈ വിഷയത്തിൽ നമുക്കു വളരെ സഹായമായിരിക്കും. ലേഖനത്തിലെ ഒരു ഭാഗം ഇങ്ങനെയാണ്:-

"റോമ്മായിൽ കൂടിയ സംഘത്തിന്റെ നിശ്ചയപ്രകാരം... പാടുണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ പള്ളികൾ എല്ലാം വിട്ടുകൊണ്ടു നിങ്ങളുടെ ഉപദേശവും അഗ്രഹവും പള്ളിയുടെ ആവശ്യവും മുൻനിറുത്തി ഞങ്ങൾ പ്രവൎത്തിക്കുമായിരുന്നു... എന്നാൽ കുറെ മുമ്പുമാത്രം വീണ്ടാരംഭിച്ച പള്ളികൾ നാഥന്മാരില്ലാതായിപ്പോകും എന്നതിനാലും... പലരാലും ഇതു് നിൎവ്വഹിക്കപ്പെടുവാൻ അസാദ്ധ്യമാകയാലും അകിലായിലെ സംഘത്തിന്റെ ശേഷം ദൈവത്തിനു അത്യധികം ഇഷ്ടനായ ചക്രവൎത്തിക്ക് നിങ്ങൾ കഴിഞ്ഞകൊല്ലം അയച്ച കത്തിലെ കല്പനപ്രകാരം ഞങ്ങൾ ബൊസന്തിയായിൽ ഒരുമിച്ചുകൂടി."......(5)

തുടൎന്നു പറയുന്നു:

"ആകയാൽ വിശ്വാസ സംബന്ധമായി പരസ്യത്തിൽ ഞങ്ങളാൽ പ്രസംഗിക്കപ്പെടുന്നത് ചുരുക്കത്തിൽ ഇവയാണെന്നറിയപ്പെടുന്നു. സംഘത്തിൽ നിൎമ്മിക്കപ്പെട്ടതും കഴിഞ്ഞകൊല്ലം ബൊസന്തിയായിൽ സാൎവ്വത്രിക സൂനഹദോസിൽവച്ചു പ്രസിദ്ധീകരിക്കപ്പെട്ടതുമായ വിശ്വാസപ്രമാണം വായിക്കുവാൻ തിരുമനസ്സാകുമെങ്കിൽ ഇവ സംബന്ധമായി കൂടുതൽ അറിവു പ്രാപിക്കാവുന്നതാണ്..."(൬) റോമ്മായിലെ ദാമസൂസു മിലാനിലെ അംബ്രോസീസു മുതലായവൎക്കാണ് പൌരസ്ത്യർ ഈ ലേഖനം അയച്ചത്. പാശ്ചാത്യ ദിക്കിൽ എല്ലാ കാലത്തും റോമ്മാ മെത്രാൻ ശ്രേഷ്ഠാധികാരമുള്ളവനായിരുന്നതിനാൽ താഴെക്കാണുന്ന അനുമാനം സിദ്ധിക്കുന്നു.

381-ൽ ഒരു സൂനഹദോസു കൂട്ടുന്നതിന് റോമ്മായിലെ ദാമസൂസു പൌരസ്ത്യമെത്രാന്മാരെ റോമ്മായിലേക്കു ക്ഷണിച്ചു. സൌകൎയ്യമില്ലാത്തതിനാൽ അവരുടെ അപേക്ഷപ്രകാരം ബൊസന്തിയായിൽ സൂനഹദോസുകൂട്ടുവാൻ ചക്രവൎത്തിവഴിയായി റോമ്മാ മെത്രാൻ അവരോടു കല്പിച്ചു. സാൎവ്വത്രിക സൂനഹദോസിൽ സംബന്ധിച്ച മെത്രാന്മാർ

(5) Quoted by Billuart ubi de SS. Trnitate.
(6) Ibidem.

ഇപ്രകാരമൊരു ലേഖനം പാശ്ചാത്യദിക്കിലേക്കയച്ചതിൽ നിന്ന് റോമ്മായുടെ പരമാധികാരം അവർ അംഗികരിച്ചിരുന്നു എന്നു ഏറെക്കുറെ വിശദമാകുന്നു. സാൎവ്വത്രിക സൂനഹദോസിൽ ആ പരമാധികാരം അവർ നിഷേധിച്ചു എന്നോ അതിൻപ്രകാരം പ്രവൎത്തിച്ചില്ലാ എന്നോ വിചാരിക്കുക ശരിയായിരിക്കുകയില്ല.

സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ചതാരായിരുന്നു എന്നാണ് ഇനി അറിയേണ്ടത്. അദ്ധ്യക്ഷൻ അന്ത്യോക്യായിലെ മെലേസിയോസായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ കേസറിയായിലെ ബസേലിസിൻെറ ഭഗീരഥപ്രയത്നഫലമായി റോമ്മായിലെ ദാമസൂസിൻെറ സമ്മതം പ്രാപിച്ചശേഷം മാത്രം സാക്ഷാത്തായ അന്ത്യോക്യാ പാത്രിയൎക്കീസായി എല്ലാവരാലും സ്വീകരിക്കപ്പെടുകയും റോമ്മായിലെ സമ്മതം കിട്ടുന്നതിനു മുമ്പ് യാതൊരാശ്രയവുമില്ലാതെ കിടന്നു കഷ്ടപ്പെടുകയും ചെയ്ത ഒരാളാണ് മെലേസിയോസെന്നു ഈ സന്ദൎഭത്തിൽ വിസ്മരിച്ചുകളയരുത്.

ബൊസന്തിയാമെത്രാനായി നസിയാൻസിലെ വി. ഗ്രീഗോരീസിനെ ഉറപ്പിക്കുകയായിരുന്നു സൂനഹദോസിൻെറ പ്രാരംഭചടങ്ങ്. എന്നാൽ ഉടൻതന്നെ മെലേസിയോസു മരിക്കയാൽ വി. ഗ്രീഗോരീസ് അദ്ധ്യക്ഷപദം സ്വീകരിച്ചു. (7)

കണ്ടാലും, ബൊസന്തിയാക്കാരുടെ അത്യാഗ്രഹം വെളിക്കുവരുന്നു! റോമ്മാ കഴിഞ്ഞാൽപിന്നെയുള്ള ഒന്നാംസ്ഥാനം കരസ്ഥമാക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. "റോമ്മാമാർപ്പാപ്പായുടേതുകഴിഞ്ഞാൽ പിന്നെയുള്ള സ്ഥാനം ബൊസന്തിയാപാത്രിയൎക്കീസിനുകൊടുക്കണം..." എന്നുള്ള ബൊസന്തിയായിലെ മൂന്നാം കാനോനാ നിൎമ്മിക്കുന്നതിനുള്ള ശ്രമങ്ങളായി. ചക്രവൎത്തിയുടെ സ്വാധീനതയിലിരുന്ന മെത്രാന്മാരാണ് ഇതിലേക്കു പ്രത്യേകവിധമുത്സാഹിച്ചത്. പൌരസ്ത്യസഭ ഒന്നു മാത്രം മതി എന്നും അതിൻെറ പത്രിയാൎക്കഭദ്രാസനം ബൊസന്തിയാ ആയിരിക്കണമെന്നുമായിരുന്നു ഇവരുടെ വാദം. (8) റോമ്മായുടെ അധികാരത്തിനു വല്ല ഭംഗവും വന്നേക്കുമോ എന്നു ഭയന്നും മററു സിംഹാസനങ്ങളുടെ അവകാശത്തെ ആദരിച്ചും അദ്ധ്യക്ഷൻ വിരോധം പറഞ്ഞു. "പടിഞ്ഞാറല്ല, കിഴക്കാണ് നമ്മുടെ ദിവ്യരക്ഷകൻ ജനിച്ചത്" എന്ന് വിരോധകക്ഷി മതിമറന്നു വാദിച്ചു. "കിഴക്കു തന്നെയായിരുന്നല്ലോ അവിടുന്നു കൊല്ലപ്പെട്ടതും" എന്നായിരുന്നു അദ്ധ്യക്ഷൻെറ സമാധാനം (9)

ഈ സൂനഹദോസിൻെറ നടപടികളേപ്പററി വി. ഗ്രീഗോരിസ് സ്വന്തം ജീവിതചരിത്രത്തിൽ വളരെ ആക്ഷേപമായാണ് പറഞ്ഞിരിക്കുന്നത്. (10) കാൎയ്യഗതി ഗ്രഹിച്ചുടനെ വിശുദ്ധനായ അദ്ധ്യക്ഷൻ അ

(7) Mgr. Duchesne o. c.
(8) Cathol. Encycl. Greek Church.
(9) Mgr. Duchense O. C. Greek Ch. and Gk. Schism.
(10) Carmen de vita sua V. 1506 sqq.

ദ്ധ്യക്ഷപദവും പാത്രിയർക്കീസ് സ്ഥാനവും" ഉപേക്ഷിച്ചശേഷം സന്ന്യസിക്കുവാൻ പോകുകയാണ് ചെയ്തതു്. (11) പാശ്ചാത്യരും പൌരസ്ത്യരും ഒരുപോലെ വണങ്ങുന്ന ഈ സിദ്ധൻെറ ഈ ധീരപ്രവൃത്തി റോമ്മായുടെ പരമാധികാരത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസം ധാരാളം വെളിപ്പെടുത്തുന്നു.

വി. ഗ്രീഗോരീസ് സൂനഹദോസിൽനിന്നു പിരിഞ്ഞുടനെ അദ്ദേഹത്തിൻെറ പിൻഗാമിയായ നെക്ത്താരിയോസ് ആദ്ധ്യക്ഷം സ്വീകരിച്ചു. നെക്ത്താരിയോസ് റോമ്മാ അധികാരം സ്വീകരിച്ചിരുന്ന ഒരാളായിരുന്നോ എന്നിനി ആലോചിക്കാം. നെക്ത്താരിയോസിൻെറ നിയമനം ഉറപ്പിച്ചുകിട്ടുവാൻ റോമ്മാ മെത്രാൻെറ അംഗീകരണം ആവശ്യമായിരുന്നു. റോമ്മായിലെ ഒന്നാം ബൊനിഫാസിസ് ഇതു സംബന്ധമായി ഇങ്ങനെ പറയുന്നു; "നാം അറിഞ്ഞിട്ടില്ലായിരുന്നതിനാൽ, നെക്ത്താരിയോസിൻെറ നിയമനം ഉറപ്പില്ലാത്തതായി കരുതിക്കൊണ്ടു്... തെയദോസിയോസ് ചക്രവർത്തി തൻെറ അരമനദാസന്മാരെ മെത്രാന്മാരുടെ ഒരുമിച്ചു് അയക്കുകയും യഥാവിധി അദ്ദേഹത്തിൻെറ പട്ടസ്ഥാനത്തെ ഉറപ്പിക്കുന്ന ഒരു ഐക്യകത്തു് പരിശുദ്ധസിംഹാസനത്തിൽനിന്നു പ്രാപിക്കുകയും ചെയ്തു. (12)

രണ്ടാം സാർവ്വത്രിക സൂനഹദോസ് കൂടിയതെങ്ങിനെയെന്നും അതിൻെറ അദ്ധ്യക്ഷന്മാർ ആരെല്ലാമായിരുന്നെന്നും അവരുടെ സ്ഥിതിയും വിശ്വാസവും എങ്ങിനെയുള്ളവയായിരുന്നെന്നും മററുമായി മുകളിൽ പറഞ്ഞവയിൽനിന്നു പരമാധികാരം സ്ഥിതിചെയ്യുന്നതാരിലാണെന്നും രണ്ടാം സാർവ്വത്രികസൂനഹദോസിനുള്ള വില എവിടെ നിന്നാണെന്നും വിശദമാകുന്നു. ബൊസന്തിയായിലെ സൂനഹദോസ് പൌരസ്ത്യമെത്രാന്മാരുടേതു മാത്രമായിരുന്നു. അതിനു സാർവ്വത്രികസൂനഹദോസിൻെറ നിലയും വിലയും റോമ്മായുടെ അംഗീകരണത്താലാണ് ഉണ്ടായതെന്നു മുമ്പു പറഞ്ഞിട്ടുള്ളതിൻെറ യാഥാർത്ഥ്യം ഇപ്പോൾ ഏറെക്കുറെ തെളിവായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. ബൊസന്തിയാ സൂനഹദോസിൻെറ മൂന്നാം കാനോനായുടെ പൂർണ്ണചരിത്രത്തിൽ നിന്നു് സൂനഹദോസിനു് സാർവ്വത്രികത്വം ലഭിച്ചതു് മാർപ്പാപ്പായിൽ നിന്നാണെന്നു വിശദമാകുന്നു. ഇതുസംബന്ധമായി പിന്നിട്ടു പ്രസ്താവിച്ചുകൊള്ളാം. ഇനി സൂനഹദോസിൻെറ ചില കാനോനാകളിലേക്കു പ്രവേശിക്കാം.

## മൂന്നാം കാനോനാ.

"പുതിയ റോമ്മായാകയാൽ ബൊസന്തിയാപ്പള്ളിക്ക് ബഹുമാനത്തിൽ രണ്ടാം സ്ഥാനമുണ്ടായിരിക്കട്ടെ (Presbeia Tes Times) സ

(11) Mgr. Duchense. O. C. Ibid.
(12) Ep, XIV. quoted in the Irish Eccl. Record Sep. 1915.

ത്തം മെത്രാപ്പോലിത്തായുടെ ബഹുമാനം അങ്ങിനെതന്നെ ഇരുന്നുകൊള്ളട്ടെ” (13)

‘ബഹുമാനം’ എന്ന പദത്താൽ അധികാരസംബന്ധമായി ഒന്നും ബൊസന്തിയായിൽവച്ച് യൗനായാ മെത്രാന്മാർ ആവശ്യപ്പെട്ടില്ലെന്നു സ്പഷ്ടമാകുന്നു. രണ്ടാം കാനോനായിൽനിന്നു ഇതു കുറേക്കൂടി വ്യക്തമാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ പ്രദേശങ്ങൾ വിഭാഗിക്കയിൽ ബൊസന്തിയായുടെ കിഴിൽ രണ്ടാം കാനോനാ ഒരു പ്രദേശമെങ്കിലും ഉൾപ്പെടുത്തുന്നില്ല. റോമ്മായിലെ വി. ജെലാസിയൂസിൻെറ വാക്യവും ഈ അനുമാനത്തെ സ്ഥിരീകരിക്കുന്നു. “ഹെറാക്ലിയാസിംഹാസനത്തിൻെറ ഒരുപമെത്രാൻെറ അതായത്തു ബൊസന്തിയാമെത്രാൻെറ വിധി ശ്ലൈഹികസിംഹാസനം പാത്തിരിക്കേണ്ടിയിരുന്നോ?”

റോമ്മായിൽനിന്നു ഇതിനു് അംഗീകരണമുണ്ടായില്ല. അലക്സാന്ത്ര്യാ ഇതിനു് വിരോധിച്ചു. എന്നാൽ അന്ത്യോക്യാ നിഷ്പക്ഷനില അവലംബിക്കയാണു ചെയ്തതു്. (14)

ഈ കാനോനാ തന്നെ വേറെ ഭാഷയിൽ ചില ഭേദഗതികളോടുകൂടി കൽക്കിദോനിയ സൂനഹദോസിൽ പ്രത്യക്ഷപ്പെട്ടതുകൊണ്ട് ഇതിനേപ്പററി പറയുവാനുള്ളവ കല്ക്കിദോനിയ സൂനഹദോസിലേക്കു തല്ക്കാലം മാററിവച്ചുകൊണ്ടു രണ്ടാംകാനോനാ എന്തു പറയുന്നെന്നു് ആലോചിക്കാം.

ബൊസന്തിയായിലെ രണ്ടാം കാനോനാ.

“ഓരോ രൂപതകളുടെ അധിപന്മാരായ മെത്രാന്മാർ അവക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന അതിത്തികൾക്കു പുറത്തുള്ള പള്ളികളുടെ കാൎയ്യങ്ങളിൽ പ്രവേശിക്കേണ്ടതല്ല......കാനോനാകൾക്കൊത്തപ്രകാരം അലക്സാന്ത്രിയായിലെ വൈദികശ്രേഷ്ഠൻ എജീപ്തിലുള്ള (പള്ളികൾ) മാത്രം ഭരിക്കട്ടെ. പൌരസ്ത്യ മെത്രാന്മാർ പൌരസ്ത്യ പ്രദേശം മാത്രം ഭരിക്കട്ടെ. നിക്യായിലെ കാനോനാപ്രകാരം അന്ത്യോക്യാപ്പള്ളിക്കു ലഭിച്ചിരുന്ന പ്രത്യേകവരങ്ങൾ ഭേദമില്ലാതിരുന്നുകൊള്ളട്ടെ. ഏഷ്യയിലുള്ള മെത്രാന്മാർ ഏഷ്യയിലുള്ള രൂപതകളുടെ കാൎയ്യം മാത്രം വിചാരിച്ചാൽ മതി. അപ്രകാരം തന്നെ പോംതുസിലെ മെത്രാന്മാർ പോംതുസിലെ പള്ളികളും ത്രാക്കിയായിലുള്ളവർ ത്രാക്കിയായിലെ പള്ളികളും ഭരിച്ചാൽമതി........ എന്നാൽ അപരിഷ്കൃത ജാതികളുടെയിടയിലുള്ള പള്ളികൾ പിതാക്കന്മാരനുസരിച്ചിരുന്ന നടപ്പുപോലെ ഭരിക്കപ്പെടുക യുക്തമാണ്” (15).

---

(13) Quoted Ibid.
(14) Ibidem.; Dollington, quoted in "The Examiner" Dec. 23, 1922.
(15) Enchrid. Font. H. E. Kirch S. J. n. 513.

"പൌരസ്ത്യ മെത്രാന്മാർ പൌരസ്ത്യപ്രദേശംമാത്രം ഭരിക്കട്ടെ. നിക്യായിലെ കാനോനാപ്രകാരം അന്ത്യോക്യാപ്പള്ളിക്കു ലഭിച്ചിരിക്കുന്ന പ്രത്യേക വരങ്ങൾ ഭേദമില്ലാതിരുന്നുകൊള്ളട്ടെ" എന്ന വാക്യങ്ങളാൽ കാനോനാ അന്ത്യോക്യാ അധികാരത്തെ ക്ലിപ്തപ്പെടുത്തുകയാണ് ചെയ്യുന്നത്. അപ്രകാരം തന്നെ റോമ്മാ ഒഴികെയുള്ള മററു സിംഹാസനങ്ങളുടെ അധികാരങ്ങൾക്ക് എത്രത്തോളം വ്യാപ്തിയുണ്ടെന്നു കാനോനാ ഖണ്ഡിച്ചു പറയുകതന്നെ ചെയ്യുന്നു. നിക്യായിലെ ആറാം കാനോനാ ചെയ്യുന്നതും ഇങ്ങനെതന്നെയാണല്ലൊ.

## അന്ത്യോക്യാ സൂനഹദോസുകൾ.

330–ൽ അന്ത്യോക്യായിൽ കൂടിയ ഒരു സൂനഹദോസിൽവച്ച് അവിടത്തെ പാത്രിയർക്കീസായിരുന്ന എവുസ്താത്തിസു സ്ഥാനഭ്രംശം ചെയ്യപ്പെട്ട വിവരം മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. 340–ലെ സൂനഹദോസു വി. അത്തനാസ്സിസിനെ അലക്സന്ത്രിയായിൽനിന്നു ബഹിഷ്ക്കരിക്കണമെന്ന് നിശ്ചയിച്ചു. 341–ലെ സൂനഹദോസിൽ വി. അത്തനാസീസു സ്ഥാനഭ്രഷ്ടൻ തന്നെ ആയിരിക്കണമെന്നു പതിതർ തീരുമാനിച്ചതിനും പുറമേ വ്യാപാരസംബന്ധമായി 25 കാനോനാകളും അവർ നിർമ്മിച്ചു. ഒരു മെത്രാനു തൻെറ പിൻഗാമിയെ നിയമിച്ചുകൂടാ എന്നാണ് 23–ാം കാനോനാ പറയുന്നത്. (16) അന്ത്യോക്യാ പാത്രിയർക്കീസും അര്യമതസ്ഥനുമായിരുന്ന എസ്തപ്പാനോസ് 344–ലെ സൂനഹദോസിൽവച്ച് സ്ഥാനഭ്രംശം ചെയ്യപ്പെട്ടു. അർദ്ധ അര്യൻപാതിത്യം കടന്നുകൂടിയിരുന്ന അതിൻെറ വിശ്വാസപ്രമാണം അര്യമതസ്ഥർക്കും സബേല്യൻ പതിതർക്കും വി. അത്തനാസീസിനും വിരോധമായാണ് നിർമ്മിക്കപ്പെട്ടത്. അർദ്ധ അര്യന്മാരായിരുന്നു സൂനഹദോസുകർത്താക്കളെന്നും ഇതിൽനിന്നു വ്യക്തമാകുന്നു.

൩൫൮– ൩൬൧– ൩൬൦– എന്ന കൊല്ലങ്ങളിൽ നടന്ന സൂനഹദോസുകൾ അര്യൻപാഷണ്ഡതയെ സർവ്വപ്രകാരേണ ആദരിക്കുകയാണ് ചെയ്തതു്. അര്യാനുഗാമിയായിരുന്ന അന്നത്തെ അന്ത്യോക്യാ പാത്രിയർക്കീസ് എവുദോക്സിയോസു സത്യവിശ്വാസത്തേയും അർദ്ധഅര്യൻ പാതിത്യത്തേയും സൂനഹദോസുകളുടെ സഹായത്താൽ പരസ്യമായി ശപിച്ചു. മെലേസിയോസു ഒരു പാഷണ്ഡനായിരിക്കുമെന്നുള്ള ധാരണയാൽ അദ്ദേഹത്തെ ഒരു പാത്രിയർക്കീസായി നിയമിക്കുന്നതിൽ ഈ സൂനഹദോസുകളിൽകൂടിയ പതിതർക്കു വിസമ്മതമില്ലായിരുന്നു.

൩൬൩–ൽ അന്ത്യോക്യായിൽകൂടിയ മെത്രാന്മാർ സത്യവിശ്വാസം ഒരു വിധത്തിലനുസരിച്ചെങ്കിലും അർദ്ധ അര്യൻ പാതിത്യത്തിൽനിന്നു മുഴുവൻ വിട്ടുമാറിയില്ല. എന്നാൽ ൩൭൯–ലെ സൂനഹദോസ്

(16) Lauchert 43 sqq: Hard I. 591 sqq. Msi 2, 1307 sqq: Hf. 1, 513 sqq.

സത്യവിശ്വാസം പൂൎണ്ണമായി സ്വീകരിച്ചു. റോമ്മായിലെ ദാമസൂസു മെലേസിയോസിനെ സാക്ഷാത്തായ അന്ത്യോക്യാപാത്രിയക്കീസായി സ്വീകരിക്കയാലാണ് അന്ത്യോക്യായിൽ ഇപ്രകാരമൊരു വിജയമുണ്ടായതെന്ന് മറന്നുകളയരുതു്. പാഷണ്ഡരാൽ മെത്രാന്മാർ കൊല്ലപ്പെട്ടാൽ പ്രതികാരം ചെയ്യേണ്ടതല്ല എന്നായിരുന്നു ൩൭൮–ലെ സൂനഹദോസിന്റെ നിശ്ചയം. പ്രാൎത്ഥനമാത്രം മതിയെന്നു പഠിപ്പിച്ചിരുന്ന മ്സലിയാൻ (ܡܨܠܝܢܐ) പതിതർ ൩൮൩–ലെ സൂനഹദോസിൽ ശപിക്കപ്പെട്ടു. (17)

കണ്ടാലും, നാലാം ശതാബ്ദത്തിൽ അന്ത്യോക്യായിൽ നടന്ന സൂനഹദോസുകളിൽ പലതും പതിതരാണ് നടത്തിയതു്. ചിലതിൽ അന്ത്യോക്യാപാത്രിയക്കീസന്മാർ യാക്കോബായക്കാരാദിയായ അകത്തോലിക്കർ ശപിക്കുന്ന പാഷണ്ഡത പരസ്യമായി പഠിപ്പിച്ചിട്ടുണ്ട്. പത്രോസിന്റെ പരമാധികാരം അന്ത്യോക്യായിൽ സ്ഥിതിചെയ്തിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുവാൻ ദൈവം ഒരുനാളും അനുവദിക്കയില്ലായിരുന്നു. "നരകവാതലുകൾ അതിനെ ജയിക്കുകയില്ല" എന്നല്ലയൊ പത്രോസിന്റെ മേൽ സ്ഥാപിതമായ പള്ളിയെക്കുറിച്ച് മിശിഹാ വാഗ്ദാനം ചെയ്തിരിക്കുന്നതു്. ഒരു പള്ളി വിശ്വാസസന്മാൎഗ്ഗ വിഷയങ്ങളിൽ എന്ന് അബദ്ധത്തിൽ പതിയുന്നുവൊ അന്ന് നരകവാതിലുകൾ അതിനെ ജയിക്കുന്നു. നാലാം ശതാബ്ദത്തിൽ ആറ് ആൎയ്യൻ പാഷണ്ഡരിൽ കുറയാതെ അന്ത്യോക്യാ സിംഹാസനത്തിൽ കയറിപ്പററിയിട്ടുണ്ട്. പൌളിനോസ്സ്, എവുലാലിയോസ്സ്, ഫ്ളക്കില്ലോസ്സ്, ലെഒന്തിനോസ്സ്, എവുദോക്സിയോസ്സ്, എവുദോനിയൂസ്സ്, എന്ന ആറു പേരും ആൎയ്യമതസ്ഥന്മാരായിരുന്നു. (18) ഇവർ പരസ്യമായി പാഷണ്ഡത പഠിപ്പിച്ചവരുമാണ്. അന്ത്യോക്യായിൽ പരമാധികാരമുണ്ടെന്നും തദ്വാരാ നരകവാതലുകൾ അതിനെ ജയിച്ചിട്ടില്ലെന്നും എങ്ങിനെ വാദിക്കും.?

പരമാധികാരം റോമ്മായിൽ തന്നെയാണെന്നു കാണിക്കുവാൻ ഇതിൽ കൂടുതൽ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നാലാം ശതാബ്ദത്തിൽ ക്രൈസ്തവലോകം മുഴുവനിലും ആൎയ്യമതസ്ഥർ കാട്ടിക്കൂട്ടിയ ബഹളങ്ങളും അന്ത്യോക്യാപ്പള്ളിയുടെ പരിതാപകരസ്ഥിതിയും റോമ്മായുടെ പ്രാബല്യവും, പരമാധികാരം എവിടെ സ്ഥിതിചെയ്യുന്നു എന്നുള്ളതിന് ധാരാളം തെളിവുകൾ നമുക്കു തരുന്നുണ്ട്. വി. അത്തനാസിയൂസ്പ്രഭൃതികളുടെ കാൎയ്യത്തിൽ പാഷണ്ഡർപോലും റോമ്മായിൽ സഖ്യംതേടിയതും, പാഷണ്ഡരുടെ മുഷ്ക്ക് അമൎത്തുന്നതിന് റോമ്മാമെത്രാന്മാരുടെ കത്തുകൾക്കു പൌരസ്ത്യദിക്കിൽ കൂടെയും ഉണ്ടായിരുന്ന ശക്തിയും റോമ്മായിലത്രെ പരമാധികാരമെന്നു നമ്മെ ഉൽബോധിപ്പിക്കുന്നില്ലയൊ? പാശ്ചാത്യദിക്കിൽ നടന്ന സംഭവങ്ങൾ എല്ലാംതന്നെ ഇവിടെ ഉപേക്ഷിച്ചിരിക്കുകയാണ്.

---

(17) Cf. Cath. Encycl. Antioch, councils of.
(18) L. Berti comp. H. E. Isagoge P. CXI.

റോമ്മാമെത്രാനെ 'പാട്ടിലാക്കി' കാൎയ്യം സാധിക്കുവാൻ പാഷണ്ഡർ ചെയ്ത ശ്രമങ്ങൾ എത്ര എത്ര! കിഴക്കും പടിഞ്ഞാറും ഭരണം നടത്തിയിരുന്ന പ്രബലന്മാരായ ചക്രവൎത്തിമാർ ഒത്തൊരുമിച്ചു പ്രവൎത്തിച്ചിട്ടും എന്തു സാധിച്ചു? ചക്രവൎത്തിമാരുടെ ഹിതാനുസരണം അന്ത്യോക്യാസിംഹാസനം ഇളകിമറിഞ്ഞിട്ടും റോമ്മായിലൊരു കുലുക്കവും തട്ടിയില്ല. അതെ "നരകവാതലുകൾ അതിനെ ജയിക്കുകയില്ല" റോമ്മാസിംഹാസനം കരസ്ഥമാക്കുവാനല്ല, റോമ്മായിലെ അംഗീകരണം കിട്ടുവാൻ മാത്രമാണ് പാഷണ്ഡർ ശ്രമിച്ചതെന്നും പ്രത്യേകം പ്രസ്താവ്യമാണ്. അലക്സാന്ത്രിയാ അന്ത്യോക്യാ പാത്രിയൎക്കീസന്മാരേ നിൎദ്ദയം ബഹിഷ്കരിച്ചെങ്കിലും സ്വന്തംനില ഉറപ്പിക്കുവാൻ റോമ്മായിലെ അംഗീകരണമാവശ്യമാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് പാഷണ്ഡർ സദാ വൎത്തിച്ചിരുന്നതു്. റോമ്മായിലെ ആനുകൂല്യമുണ്ടാകാഞ്ഞതിനാൽ അലക്സാന്ത്രിയാ അന്ത്യോക്യാമുതലായ സിംഹാസനങ്ങളിൽ സത്യവിശ്വാസികൾക്കു ഭരണം നടത്തുവാൻ ഇടക്കിട എങ്കിലും സാധിച്ചിട്ടുണ്ട്. പൌരസ്ത്യ സിംഹാസനങ്ങളെ എല്ലാം പാഷണ്ഡരുടെ ശല്യത്തിൽ നിന്നു രക്ഷിച്ചതും റോമ്മാതന്നെ എന്നു നാം കണ്ടതാണല്ലോ. "നീ നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക, നീ എന്റെ ആടുകളെ മേയിക്കുക".

നാലാം ശതാബ്ദത്തിൽ അന്ത്യോക്യാപ്പട്ടണത്തിലും അതിനുപുറത്തും, പഴയതും പുതിയതുമായി പട്ടണത്തോടു ചേൎക്കപ്പെട്ട ഭാഗങ്ങളിലും, യഹൂദന്മാരുടെ സ്ഥലങ്ങളിൽ കൂടിയും റോമ്മാപ്പള്ളിയുടെ പേരിൽ വസ്തുക്കൾ ഉണ്ടായിരുന്നു എന്നതും പ്രസ്താവ്യമാണ്. (19)

## ൧൧-ാം അദ്ധ്യായം.

### അഞ്ചാം ശതാബ്ദത്തിൽ അന്ത്യോക്യാ.

#### അന്ത്യോക്യാ പാത്രിയൎക്കീസന്മാർ.

**പൊർഫീറിയോസ്— അലക്സാന്തർ— തെഓദൊറോസ്— യോഹന്നാൻ— ദോമ്നോസ്— മാക്സിമോസ്— ബസേലിസ്— മർത്തീരിയോസ്— യൂലിയാനോസ്— യോഹന്നാൻ— എസ്തപ്പാനോസ്— എസ്തപ്പാനോസ് (വേദസാക്ഷി)— കല്ലൻദിയോൻ— (പല്ലാദിയോസ്)—**

റോമ്മായിലെ ദാമസൂസ് മെലേസിയോസിനെ തന്റെ കൈ

(19) Liber Pontif. ed. Duchesne I. 177; 195. cxlix sqq.

ക്യത്തിൽ സ്വീകരിച്ചതോടെ ഇളകി മറിഞ്ഞുകിടന്ന അന്ത്യോക്യാപ്പള്ളി സമാധാനം പ്രാപിച്ചതും പാഷണ്ഡരുടെ ശല്യത്തിൽ നിന്ന് ബൊസന്തിയായും അലക്സാന്ത്രിയായും റോമ്മാ ഐക്യത്താൽ രക്ഷപ്രാപിച്ചതും വിവരിച്ചുകഴിഞ്ഞു. മെലേസിയോസിന്റെ ശത്രുവായിരുന്ന പൌലിനോസു വിട്ടുമാറുവാൻ വിസമ്മതിക്കുക മൂലം 415–വരെ ചില ചില്ലറ കുഴപ്പങ്ങൾ അന്ത്യോക്യായിൽ ഉണ്ടായിക്കൊണ്ടിരുന്നു. തന്റെ മരണത്തിനു കുറെ മുമ്പ് പൌലിനോസ് എവാഗ്രിയോസ് എന്നൊരാളെ പിൻഗാമിയായി നിയമിച്ചു. ബൊസന്തിയാ സൂനഹദോസ് ഫ്ലാവിയനെ തിരിഞ്ഞെടുത്തതു് മെലേസിയോസും പൌലീനോസും തമ്മിൽ നടന്ന ഉടമ്പടിക്കു വിരോധമായിരുന്നതിനാൽ റോമ്മാ മാർപ്പാപ്പാ ഫ്ലാവിയന്റെ ഭാഗത്തേക്കല്ല ചാഞ്ഞു നിന്നിരുന്നതു്. എങ്കിലും ഖണ്ഡിതമായ യാതൊരു തീരുമാനവുമുണ്ടാകാഞ്ഞതിനാൽ ഇരുകക്ഷിയും കത്തോലിക്കരായി തന്നെ വർത്തിച്ചിരുന്നു. കാപ്പുവായിൽ കൂടിയ സൂനഹദോസ് അന്ത്യോക്യയിൽ സമാധാനം പാലിക്കേണ്ട ഭാരം അലക്സാന്ത്രിയായിലെ തെയോഫിലസിനു വിട്ടുകൊടുത്തു. തെയോദോസിസു ചക്രവർത്തി കൂടെ പ്രസ്തുത വിഷയത്തിൽ പ്രവേശിക്കണമെന്ന് റോമ്മായിലെ സിറീച്ചിയൂസ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. എങ്കിലും 392–നു ശേഷം എവാഗ്രിയോസിന്റെ മരണത്തോടുകൂടി മാത്രമെ കാര്യമവസാനിച്ചൊള്ളു. 398–ൽ ഫ്ലാവിയൻ തന്റെ പ്രതിനിധികളെ റോമ്മായിലയച്ച് അനസ്താസിയൂസ് മാർപ്പാപ്പായിൽനിന്ന് 'സ്ഥിരീകരണവും' ഐക്യകത്തും സ്വീകരിച്ചതു് അന്ത്യോക്യായിൽ പൂർണ്ണ സമാധാനത്തിനു കാരണമായി. ഇങ്ങനെയാണു മെലേസിയൻ ശിസ്മക്ക് അവസാനം വന്നതു്. അന്ത്യോക്യായിൽ ഭരണം നടത്തിയ മെലേസിയോസും ഫ്ലാവിയാനും ഈ ഘട്ടത്തിൽ റോമ്മായിലെ സ്ഥിരീകരണം പ്രാപിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. റോമ്മായൊ അന്ത്യോക്യായോ? (൧)

330–ൽ തുടങ്ങിയ അന്തഃഛിദ്രങ്ങളുടെ ഫലമായി കെയ്സ്രേസു ദീപ് അന്ത്യോക്യാക്കു നഷ്ടപ്പെട്ടു. (1) 412 കർക്കടകം 14–ൽ രണ്ടാം തെഓദോസിയോസു ചക്രവർത്തി ബൊസന്തിയാ ഉയർത്തുവാനുള്ള ശ്രമങ്ങൾ മുറക്കു തുടങ്ങി. റോമ്മായിലെ ഒന്നാം ബൊനിപ്പാസിസും പാശ്ചാത്യ ചക്രവർത്തിയായിരുന്ന ഹൊണോറിയോസും വിരോധിച്ചതിനാൽ കിഴക്കരുടെ ശ്രമം നിഷ്ഫലമായി. ബൊസന്തിയാ മെത്രാനായിരുന്ന അത്തിക്കൂസ്, "ബൊസന്തിയാ മെത്രാന്റെ അനുമതി കൂടാതെ പൌരസ്ത്യദിക്കിൽ മെത്രാഭിഷേകം നടത്തപ്പെടരുതു്" എന്ന് തെഓദോസിയോസു രണ്ടാമനെക്കൊണ്ടു ഒരു വിളംബരം പ്രസിദ്ധീകരിപ്പിച്ചതായി സോക്രത്തേസു എന്ന ചരിത്രകാരൻ പറയുന്നു. (2) വിരോധ

(൧) Theodoret l. V. c. 23: 35. Labbe I. II. p. 1039.
(1) Cath. Encycl. Greek Ch.
(2) Socrates H. E. VII. XXVIII.

ങ്ങൾ മൂലം കാര്യമൊന്നും നടന്നില്ലെന്നു പറഞ്ഞാൽ കഴിഞ്ഞു. (3) എങ്കിലും ബൊസന്തിയാ മെത്രാൻ സ്വാധികാരം വർദ്ധിപ്പിച്ചു തുടങ്ങി. 431-നു മുമ്പുതന്നെ നടന്ന പെവുനിക്കിയാ വിഭാഗത്തോടെ അന്ത്യോക്യായുടെ ശക്തി വളരെക്കുറഞ്ഞു. (4) അന്ത്യോക്യാക്കു പേർഷ്യാ സാമ്റാജ്യത്തിലുണ്ടായിരുന്ന അധികാര സ്വഭാവത്തെപ്പററിയും അതു നഷ്ടപ്പെട്ട വിധത്തെപ്പററിയും സ്വല്പം പറയേണ്ടിയിരിക്കുന്നു.

## ബാബേൽ സിംഹാസനം.

റോമ്മാ സാമ്റാജ്യത്തിന്റെ കിഴക്കുഭാഗത്തു സ്ഥിതി ചെയ്യിരുന്ന പേർഷ്യാസാമ്റാജ്യത്തിലും ഒന്നാം ശതാബ്ദത്തിൽ തന്നെ ക്രൈസ്തവ മതം പ്രചരിച്ചു കഴിഞ്ഞിരുന്നു. പേർഷ്യാ സാമ്റാജ്യത്തിൽ ആരംഭം മുതൽ വേദഞെരുക്കങ്ങളുണ്ടായിരുന്നെങ്കിലും റോമ്മാസാമ്റാജ്യത്തിൽ ക്രൈസ്തവ ചക്രവർത്തിമാരുടെ ഭരണം തുടങ്ങിയതിനോടെയാണ് പേർഷ്യാചക്രവർത്തിമാർ കഠിനവേദഞെരുക്കങ്ങൾ ആരംഭിച്ചത്. അവിടത്തെ പ്രധാന നഗരമായ സെലൂക്കിയ– ക്ത്സിഫോൻ അഥവാ ബാബേൽ പേർഷ്യാ സാമ്റാജ്യത്തെ ക്രൈസ്തവസഭയുടെ കേന്ദ്രമാക്കണമെന്നായിരുന്നു മൂന്നാം ശതാബ്ദത്തിൽ അവിടെ ഭരിച്ചിരുന്ന പപ്പാബർ അഗായി മെത്രാന്റെ ആഗ്രഹവും ശ്രമവും. എന്നാൽ പേർഷ്യാ രാജ്യത്തുണ്ടായിരുന്ന മെത്രാന്മാർക്കു ഇതത്ര സമ്മതമല്ലായിരുന്നു. 315–ൽ കൂടിയ ഒരു സൂനഹദോസിൽവച്ച് പപ്പായുടെ വിരോധികൾ അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്തു ശേഷം ശെമഒാൻ ബർസമ്പായെ എന്നൊരാളെ തൽസ്ഥാനത്തുയർത്തി. പപ്പായാകട്ടെ പശ്ചിമദിക്കിലേക്ക് ഹർജി ബോധിപ്പിക്കയും എദേസ്സായിലെ വി. യാക്കോബിന്റെ പക്കൽ ഹർജി ചെന്നെത്തുകയും പശ്ചിമ പിതാക്കന്മാർ സൂനഹദോസു നിയമനം റദ്ദാക്കുകയും ചെയ്തു. എങ്കിലും 327-ൽ പപ്പാ മരിച്ചപ്പോൾ ശെമഒാൻ ബർസമ്പായെതന്നെ ബാബേൽ മെത്രാനായി സ്വീകരിക്കപ്പെട്ടു. (5)

പേർഷ്യാ സാമ്റാജ്യത്തിലെ ക്രൈസ്തവ സഭ ഒരു സ്വതന്ത്ര സഭയല്ലായിരുന്നു എന്നല്ലയൊ ഇതിൽനിന്നു വ്യക്തമാകുന്നത്? അന്ത്യോക്യാ കീഴായിരുന്ന എദേസ്സാ വഴി പപ്പായുടെ ഹർജിപോയതിൽനിന്ന് പേർഷ്യാ സഭ അന്ത്യോക്യായെ ആശ്രയിച്ചു നിന്നിരുന്നെന്നും സിദ്ധിക്കുന്നു. അന്ത്യോക്യാ സഭ റോമ്മായുടെ കീഴിലായിരുന്നു എന്നു മുമ്പു സകാരണം തെളിയിച്ചിട്ടുമുണ്ട്. ആകയാൽ പേർഷ്യാ സാമ്റാജ്യത്തിലുണ്ടായിരുന്ന മെത്രാന്മാരും അവരുടെ കീഴുണ്ടായിരുന്ന ക്രിസ്ത്യാനികളും ആരംഭം മുതൽ തന്നെ റോമ്മായുടെ കീഴായിരുന്നു. പേർഷ്യാ രാജ്യത്തിന്റെ തലസ്ഥാനമായ വർദാശിറിലെ മെത്രാന്റെ കീഴായിരുന്നു മലങ്കര സഭയെന്നു പല ചരിത്രരേഖകൾ വിളിച്ചറിയിക്കുന്നു.

(3) Cath. Encycl. Greek Ch.
(4) Ibidem.
(5) A Fortescue Lesser E. Ch. Persia.

പേഷ്യ്യായുടെയും വലിയ ഇൻഡ്യ്യായുടെയും മെത്രാനായിരുന്ന ഒരു മാർ യോഹന്നാൻ നിക്യാ സൂനഹദോസിൽ (325) സംബന്ധിച്ചതായി ഏതൽ സൂനഹദോസു നടപടികളിൽ കാണുന്നു. (6) ഇൻഡ്യാ സഭയിൽ മലങ്കര സഭയും ഉൾപ്പെട്ടമല്ലോ. ഈ കാരണത്താൽ മലങ്കരസഭ ആരംഭകാലം മുതൽ തന്നെ അന്ത്യോക്യായുടെ കിഴിലായിക്കൊണ്ട് റോമ്മാക്ക് അധിനയായിരുന്നു എന്ന് വിശദമാകുന്നു. ഇതു തന്നെ തെളിയിക്കുന്ന മററു ചരിത്രരേഖകൾ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു.

399 മുതൽ 410 വരെ ബാബേൽ ഭരണം നടത്തിയ ഒന്നാം ഇസഹാക്കിൻെറ കാലം വരെ പേഷ്യാ സഭയിൽ ഇടക്കിടെ കഠിന വേദ ഞെരുക്കങ്ങൾ ഉണ്ടായി കൊണ്ടിരുന്നു. പേഷ്യാസഭ ആ കാലത്ത് വലിയ കഷ്ടനഷ്ടങ്ങൾ സഹിച്ചെങ്കിലും ബാബേൽ കേന്ദ്രസ്ഥാനമായിരിക്കണമെന്നു പപ്പാക്കണ്ടായിരുന്ന ആഗ്രഹം ഇസഹാക്കിൻെറ ഭരണകാലത്തു പൂർത്തിയായി. പേഷ്യാ സഭ ക്രമപ്പെടുത്തുന്നതിൽ പ്രധാനമായി ശ്രമിച്ചതു് മൈപ്പെർക്കാത്തിലെ മാറൂസാ മെത്രാനായിരുന്നു. അദ്ദേഹം രണ്ടാം തെഓദോസിസു ചക്രവത്തിയുടെ മനിഷ്ടമായി പേഷ്യായിൽചെന്നിരുന്ന അവസരത്തിലാണ് പ്രസ്തുത സംഭവം നടന്നതു്. പശ്ചിമ പിതാക്കന്മാരുടെ (അന്ത്യോക്യാ പാത്രിയക്കീസിൻെറയും അദ്ദേഹത്തിനു കീഴുണ്ടായിരുന്ന മെത്രാന്മാരുടെയും) പ്രതിപുരുഷൻ കൂടെയായിരുന്നു മാറൂസാമെത്രാൻ. അന്ത്യോക്യായിലെ പൊർഫീറിയോസാദിയായ പശ്ചിമ പിതാക്കന്മാരുടെ ഒരു ലേഖനത്തോടു കൂടി മാറൂസാ 410-ൽ ബാബേലിൽ ഒരു സൂനഹദോസു കൂട്ടി. അതിൽ വച്ചു ബാബേൽ സിംഹാസനം പേഷ്യാ സാമ്രാജ്യത്തെ സഭയുടെ കേന്ദ്രമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. (7) ബാബേൽ മെത്രാന്നു 'പൊതുശ്രേഷ്ഠൻ' എന്നർത്ഥമുള്ള 'കാസോലിക്കാ' നാമവും ഇതോടെ സിദ്ധിച്ചു.

ഇതു സംബന്ധമായി സുറിയാനി ചരിത്രകാരന്മാർ എന്തു പറയുന്നു എന്നു നോക്കാം. ബൊസന്തിയായിലെ രണ്ടാം കാനോനാ പ്രകാരം അന്ത്യോക്യാപാത്രിയക്കീസിന് പൌരസ്ത്യദിക്കിലുണ്ടായിരുന്ന അധികാരം സ്ഥിരീകരിക്കപ്പെടുകയാണല്ലോ ചെയ്തതു്. ബാബേൽകാസോലിക്കായുടെ അംഗികരണംകൂടാതെ പേഷ്യാസഭയിൽ മെത്രാന്മാരെ വാഴിക്കുവാൻ പാടുണ്ടായിരുന്നില്ല. (8) കാസോലിക്കായുടെ അഭിഷേകമാകട്ടെ വളരെ കാലത്തേക്ക് അന്ത്യോക്യാ പാത്രിയക്കീസുമാരാണ് നിവ്വഹിച്ചിരുന്നതു്. യാത്രയുടെ ഭാരവും വഴിക്കു നേരിട്ടിരുന്ന ജിവഹാനിയും നിമിത്തം ബാബേൽ കിഴിലായിരുന്നവർ തന്നെ തങ്ങളുടെ കാസോലിക്കായെ അഭിഷേകം ചെയ്തുകൊള്ളട്ടെ എന്ന് അന്ത്യോക്യായിൽ നിന്നു

---

(6) Hist. of the Coun. of Nice Lib. 2. cap. XXVII. col. 235, apud Labbeum S. S. concilia I. 2. Venetiis 1728.
(7) A. Fortescue Ibid.
(8) Ibid.

തീരുമാനമുണ്ടായി. (9) നിക്യാ സൂനഹദോസിൻേറതെന്നു പറയുന്ന കാനോനാകളിൽ 44–ാമത്തെ കാനോനാ പറയുന്നതു ബാബേൽ മെത്രാപ്പോലീത്താസ്സ് പാത്രിയക്കീസിനുള്ളതുപോലെയുള്ള അധികാരം ഉണ്ടായിരിക്കണം എന്നാണ്. (10) എന്നാൽ അദ്ദേഹത്തിന് അക്കാലത്ത് പാത്രിയക്കീസ് എന്ന നാമം ആരും നൽകുകയോ അദ്ദേഹം തന്നെ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പശ്ചിമ പിതാക്കന്മാരുടെ ഒരു സൂനഹദോസാണ് ബാബേൽ മെത്രാന് കാസോലിക്കാ സ്ഥാനം കൊടുത്തതെന്ന് മാർ ഗീവർഗിസു അർബായേൽ പറയുന്നു. (11) ജ്യാമിൽ അർബായേൽ മുതലായ സുറിയാനി ചരിത്രകാരന്മാരുടെ രേഖകൾ പരിശോധിക്കുമ്പോൾ ബാബേൽ മെത്രാൻ ആരംഭകാലം മുതൽ തന്നെ പേർഷ്യാ സഭയുടെ തലവനായിരുന്നില്ലയൊ എന്ന സംശയം ജനിക്കുന്നു. എന്തായാലുമാകട്ടെ. ബാബേൽ കാസോലിക്കാ അന്ത്യോക്യാ പാത്രിയക്കീസിനെ ആശ്രയിച്ചിരുന്നു എന്നതു് നിശ്ചയമാണ്. പേർഷ്യാ രാജ്യത്തിലെ മെത്രാനും അദ്ദേഹത്തിൻെറ കീഴുണ്ടായിരുന്നവരും 5–ാംശതാബ്ദം മുതലെങ്കിലും ബാബേൽ കീഴായിരുന്നു എന്നതും നിസ്തക്കമാണ്.

ബാബേൽ കാസോലിക്കായായിരുന്ന ദാദിശൊയുടെ കിഴിൽ ൪൨൪-ൽ മക്കബ്ത്താ എന്ന സ്ഥലത്തു കൂടിയ സൂനഹദോസിൽവച്ച് ബാബേൽ സഭ അന്ത്യോക്യായുമായുണ്ടായിരുന്ന ബന്ധം അശേഷമുപേക്ഷിച്ചു. "പൌരസ്ത്യർ തങ്ങളുടെ പാത്രിയക്കീസിനു വിരോധമായി പാശ്ചാത്യപാത്രിയക്കീസുമാരുടെ പക്കൽ സങ്കടം ബോധിപ്പിക്കേണ്ടതല്ല; അദ്ദേഹത്താൽ തീരുമാനിക്കപ്പെടുവാൻ പാടില്ലാത്ത സംഗതികൾ മിശിഹായുടെ ന്യായാസനത്തെ പാത്തിരുന്നുകൊള്ളട്ടെ" (12) എന്നായിരുന്നു സൂനഹദോസിൻെറ നിശ്ചയം.

ബാബേൽ അന്ത്യോക്യയോടു മത്സരിച്ചെങ്കിലും പേർഷ്യാരാജ്യത്തെ മെത്രാൻ അന്ത്യോക്യനേതാവിനെ ഉപേക്ഷിച്ചില്ല. ബാബേലിൽ നെസ്റ്റോറിയൻ പാഷണ്ഡത കയറിമറിഞ്ഞ ഘട്ടത്തിൽപോലും പേർഷ്യാ രാജ്യത്തിലെ മെത്രാൻ അന്ത്യോക്യായോടുള്ള വിശ്വസ്തതക്കു ഭംഗം വരുത്തിയില്ല. പേർഷ്യാമെത്രാനെ അഭിഷേകം ചെയ്തിരുന്നതു് അന്ത്യോക്യാ കീഴിൽ നിന്നിരുന്ന ഒരു കാസോലിക്കായായിരുന്നു. 1000–ൽ ഇങ്ങനെ ഒരു കാസോലിക്കാ ഉണ്ടായിരുന്നു എന്ന് ബാബേലിലെ നെസ്റ്റോറിയൻ പാത്രിയക്കീസായിരുന്ന അബ്രാഹം രണ്ടാമൻ മഹമ്മദീയ രാജാവായിരുന്ന കാലിഫിനെ അറിയിച്ചതായി ലെകിൻപറയുന്നു. (13) ആകയാൽ പേർഷ്യാമെത്രാൻെറ കിഴിൽ സ്ഥിതിചെയ്തിരുന്ന മലങ്കരസഭ ൻ൱

---

(9) [illegible]
S. Giamil p. 237.

(10) Ibid p. 223.

(11) [illegible]

(12) Chabot. Synodicon Orient. 51, 296.

(13) LeQuien II. Paris 1740 pp. 1086-'88.

വരെ എങ്കിലും സത്യവിശ്വാസം ഉപേക്ഷിക്കണമെന്നില്ലായിരുന്നു. ഇനി അന്ത്യോക്യായുടെ ചുററും നടന്ന സംഭവങ്ങളിലേക്കു കടക്കാം.

## വി. യോഹന്നാൻ ക്രിസോസ്തോമോസ്.

അന്ത്യോക്യാപാത്രിയർക്കീസിന് പണ്ടുണ്ടായിരുന്ന സ്ഥാനവും മാനവും അഞ്ചാംശതാബ്ദത്തിൽ വെളിക്കു വന്നിട്ടില്ലെന്നുതന്നെ പറയാം. പൌരസ്ത്യദിക്കിൽ പ്രഥമസ്ഥാനം തങ്ങളിൽ ആർക്കുവേണം എന്ന് അലക്സാന്ത്രിയാ ബൊസന്തിയാ മെത്രാന്മാർ തമ്മിൽ തർക്കമായി. ബൊസന്തിയായിൽ രാജശക്തി പ്രബലപ്പെട്ടിരുന്നെങ്കിൽ, അലക്സാന്ത്രിയാ പാത്രിയർക്കീസിന്റെ സമ്മതം കൂടാതെ ബൊസന്തിയാചക്രവത്തിയുടെ പ്രതിനിധിക്കുപോലും യാതൊന്നും എജിപ്തിൽ ചെയ്യുവാൻ സാധിച്ചിരുന്നില്ല. എജിപ്തിലെ പെറഗാൻ എന്ന അപരനാമത്തിനുപോലും അർഹനാകത്തക്കവണ്ണം അത്രക്കു പ്രബലനായിരുന്നു അലക്സാന്ത്രിയാ പാത്രിയർക്കീസ്. ന്യായമായും അന്യായമായും ബൊസന്തിയാ മെത്രാന്മാരുടെകാര്യത്തിൽ അലക്സാന്ത്രിയാ പാത്രിയർക്കീസ് പലപ്പോഴും പ്രവേശിച്ചിട്ടുണ്ട്. അന്യായമായി പ്രവേശിച്ച സംഗതികളിൽ ഒന്ന് വി. യോഹന്നാൻ ക്രിസോസ്തോമസിന്റെ ബഹിഷ്ക്കരണമായിരുന്നു.

ഓറിജെന്റെ അബദ്ധങ്ങളെ പുനർജീവിപ്പിച്ച നാലു സന്യാസികളെ (Tall Brothers) അലക്സാന്ത്രിയായിലെ തെഓഫിലസ് ശപിക്കയും എജിപ്തിൽനിന്നു ബഹിഷ്ക്കരിക്കയും ചെയ്തു. അവർ ബൊസന്തിയായിൽ അഭയം തേടിയപ്പോൾ, അവരുടെ അബദ്ധങ്ങളെ ആദരിക്കാതെ, മര്യാദയുള്ളവർ ചെയ്യാറുള്ളപോലെ ബൊസന്തിയായിലെ വി. ക്രിസോസ്തോമോസ് അവരെ സ്വീകരിച്ചു. തെഓഫിലസാകട്ടെ സ്വാധികാരസീമവിട്ടു പുറത്തുകടന്ന് 'ഓക്ക്' സൂനഹദോസിൽവച്ച് വി. യോഹന്നാൻ ക്രിസോസ്തോമോസിനെ സ്ഥാനഭ്രംശംചെയ്തു. (14) തെഓഫിലസിന്റെ പ്രേരണയാൽ വീണ്ടും സ്ഥാനഭ്രഷ്ടനാകുകയാൽ വി. ക്രിസോസ്തോമോസ് റോമ്മയിലെ ഒന്നാം ഇന്നോചെൻസ്യോസിന്റെ പക്കൽ ഇങ്ങനെ ഹർജിബോധിപ്പിച്ചു:

"അതിവന്ദ്യനും, അതിപൂജ്യനും, എന്റെ നാഥനുമായ ഇന്നോചെൻസ്യോസിനു, യോഹന്നാൻ കർത്താവിൽ സ്വസ്തി.

................ കരഞ്ഞാൽ തന്നെപോരാ പ്രതിവിധി അന്വേഷിക്കക്കൂടെയും വേണമല്ലൊ. പള്ളിക്കുവിരോധമായുള്ള ആ കൊടുങ്കാററു ശമിപ്പിക്കുവാൻ. . . . . . ഏതുവിധം സാധിക്കുമെന്നു നോക്കിക്കൊണ്ട് കാര്യം വേഗം തീരുമാനിക്കപ്പെടുവാൻ സമസ്തവും അങ്ങേ ബോധിപ്പിക്കുവാൻ, സ്വന്തം പള്ളികളുടെ ഭരണം നിറുത്തിവച്ചശേഷം ദീർഘമായ യാത്രക്കായി കടലിലേക്കു തിരിക്കുവാൻ. . . . . ദെമത്രിയൂസ്, പൻസോഫിയൂസ്, പാപ്പൂസ്, എവുജേനിയൂസ്. . . . . എന്നമെത്രാന്മാരെ

(14) Life of S. J. Chrysostom Aime. Puech.

ഞാൻ പറഞ്ഞു സമ്മതിപ്പിച്ചു. ഇവരുടെ ഒരുമിച്ച് പൌലോസ് കുഴ്വാക്കോസ് എന്നരണ്ടു് ആറാംപട്ടക്കാരേയും അയച്ചിട്ടുണ്ടു്. നടന്നസംഗതികൾ ബന്ധിച്ച് ഈ എഴുത്തുമൂലം ഞാനും അങ്ങേക്കറിവുതരാം. . . . ” (15)

പരമാധികാരം എവിടെ എന്ന് അന്വേഷിക്കുന്നവർക്ക് വി. ക്രിസോസ്തോമോസിൻെറ ചരിത്രത്തിലെ ചിലവിഭാഗങ്ങൾ അറിയുന്നതു് ഉപകാരപ്രദമായിരിക്കും.

വി. ക്രിസോസ്തോമോസ് ജനിച്ചതും, ൨൩-വയസ്സിൽ മാമ്മോദീസാ സ്വീകരിച്ചതും, ഗുരുപ്പട്ടമുൾപ്പെടെയുള്ള പട്ടങ്ങളെല്ലാം സ്വീകരിച്ചതും അന്ത്യോക്യായിലായിരുന്നു. അന്ത്യോക്യാപാത്രിയക്കീസായിരുന്ന മെലേസിയോസു തന്നെയാണ് മാമ്മോദീസായും ആറാം പട്ടവും അദ്ദേഹത്തിനുകൊടുത്തതു്. മെലേസിയോസിൻെറ പിൻഗാമിയായിരുന്ന ഫ്ളാവിയൻ പാത്രിയക്കീസിൽ നിന്ന് അദ്ദേഹം ഗുരുപ്പട്ടവും സ്വീകരിച്ചു. വൃദ്ധനായിരുന്നഫ്ളാവിയൻ പാത്രിയക്കീസിൻെറകാര്യദർശിയായി കാര്യങ്ങളെല്ലാം നടത്തിയിരുന്നതും പാത്രിയക്കീസിനുപകരംപള്ളിയിൽ പ്രസംഗിച്ചിരുന്നതും വി. ക്രിസോസ്തോമോസായിരുന്നു. ഈ ജോലികൾ ൧൨ കൊല്ലം മുഴുവൻ അദ്ദേഹം നടത്തുകയും ചെയ്തു. (16) ആകയാൽ അന്ത്യോക്യാ പാത്രിയക്കീസിനുള്ള സ്ഥാനവും അധികാരവും വി. ക്രിസോസ്തോമോസിനെപ്പോലെ ആരും തന്നെ മനസ്സിലാക്കിയിരുന്നില്ല. എന്നു പറയുന്നതിൽ യാതൊരബദ്ധവുമുണ്ടാകയില്ല. എന്നാൽബൊസന്തിയാമെത്രാനായശേഷം, അതെ പോംതുസ്, ഏഷ്യാ എന്ന വൻപ്രദേശങ്ങളിൽക്കൂടെയും അധികാരം നടത്തിത്തുടങ്ങിയിരുന്ന ബൊസന്തിയാ സിംഹാസനത്തിൽ ആരൂഢനായശേഷം, വി. ക്രിസോസ്തോമോസു അലക്സന്ത്രിയാ പാത്രിയക്കീസിനുവിരോധമായിറോമ്മയിലേക്കാണല്ലൊ ഹർജി അയച്ചതു്. അന്ത്യോക്യായിൽ പരമാധികാരമുണ്ടായിരുന്നെങ്കിൽ വി. ക്രിസോസ്തോമോസ് ഇങ്ങനെ ചെയ്യുമായിരുന്നൊ? യൌനായക്കാരുടെ ഇടയിൽ എന്നപോലെ യാക്കോബായക്കാരുടെ ഇടയിലും ക്രിസോസ്തോമോസ് ഒരു മഹാവിശുദ്ധനും കാര്യവിവരമുള്ള ഒരു മതാദ്ധ്യക്ഷനുമായി കരുതപ്പെട്ടുന്നു. റോമ്മയിൽ നിന്നുള്ളവിധി വി. ക്രിസോസ്തോമോസിനു അനുകൂലമായിരുന്നു.

### അന്ത്യോക്യായിലെ അലക്സാന്തർ.

അന്ത്യോക്യായിലെ അലക്സന്തർ ഈ വിഷയത്തിൽ എന്തുചെയ്തു? പാത്രിയക്കീസുസ്ഥാനത്തുയർത്തപ്പെട്ട ഉടനെ അലക്സാന്തർ അംഗീകരണം കിട്ടുവാനായി റോമ്മായിലെ ഇന്നൊച്ചെൻസ്യോസിൻെറ പക്കൽ പ്രതിനിധികളെ അയച്ചു. റോമയിൽനിന്നുള്ള മറുപടി കേട്ടാലും: „അനുഗ്രഹിതനും ദൈവത്തിനു നേരാംവണ്ണം യോഗ്യഗുരുവുമായ യോഹന്നാ

(15) Kirch. O. C; M. G. 52, 529. sqq.
(16) Aime Puech. O. C.

ന്റെ കാര്യത്തിൽ നിശ്ചയിച്ചവ എല്ലാം നിറവേററപ്പെട്ടോ എന്ന് (നിങ്ങളുടെ പ്രതിനിധികളിൽനിന്ന്) ചോദിച്ചറിഞ്ഞുകൊണ്ട് ദൈവത്തിനു നാം സ്തോത്രം ചെയ്തു് നിങ്ങളുടെ പള്ളിയെ നമ്മുടെ ഐക്യത്തിൽ സ്വീകരിച്ചു. ശ്ലൈഹിക സിംഹാസനത്തിന്റെ പുരാതനക്രമം അന്ത്യോക്യ സമാധാനത്തിന്റെ വഴിയായി എന്നു വിചാരിച്ചുകൊണ്ട് നിങ്ങളെ സ്വീകരിച്ചിരിക്കുന്നു" (17)

ഒന്നാം ഇന്നൊച്ചേൻസ്യേസുതന്നെ അലക്സാന്തറിന് കെവുപ്രോസ് ദ്വീപിന്മേൽ അധികാരം അനുവദിച്ചുകൊടുത്തു എന്നതും പ്രസ്താവ്യമാണ്. (18)

വി. ക്രിസോസ്തോമോസ് പാശ്ചാത്യദിക്കിലെ വേറെ ചില മെത്രാന്മാരുടെ പക്കലും സങ്കടം ബോധിപ്പിക്കയുണ്ടായി. എന്നാൽ റോമ്മായിലെ ഇന്നൊച്ചേൻസിയൂസ് അന്ത്യോക്യായിലെ അലക്സാന്തറിന്റെ കാര്യത്തിൽ ചെയ്തു മേലുദ്ധരിച്ച തീരുമാനത്തിൽനിന്ന് റോമ്മായിൽ വി. ക്രിസോസ്തോമോസ് ബോധിപ്പിച്ച സങ്കടം സാക്ഷാൽ "അപ്പീൽ" ആയിരുന്നെന്നും അതു് റോമ്മാ മാർപ്പാപ്പായുടെ പരമാധികാരത്തിന്മേൽ അടിസ്ഥാനപ്പെട്ടുണ്ടായതാണെന്നും തെളിയുന്നു.

നോക്കുക, അന്ത്യോക്യാ പാത്രിയർക്കീസ് റോമ്മായിൽനിന്നു അംഗീകരണം അവശ്യപ്പെടുന്നു. വി. ക്രിസോസ്തോമോസിനെ അദ്ദേഹം അനുകൂലിച്ചു എന്നറിഞ്ഞു് റോമ്മാ അംഗീകരണം നൽകുന്നു. പരമാധികാരം അന്ത്യോക്യായിലൊ റോമ്മയിലൊ?

## നെസ്തോറിയൻ പാഷണ്ഡത.

അലക്സാന്ത്രിയാ പാത്രിയർക്കീസായിരുന്ന തെയോഫിലസ് വി. ക്രിസോസ്തോമോസിനെ അന്യായമായി വിധിച്ചെങ്കിലും, ക്രിസോസ്തോമോസിന്റെ പിൻഗാമിയായിരുന്ന നെസ്തോറിസ് തെയോഫിലസിന്റെ പിൻഗാമിയായ വി. ക്കുറിലോസിനാൽ ന്യായപൂർവ്വം വിധിക്കപ്പെട്ടു.

ദൈവമനുഷ്യസ്വഭാവങ്ങൾ ഈശോമിശിഹായിൽ എങ്ങിനെ യോജിച്ചു നില്ക്കുന്നു എന്നതു സംബന്ധമായി അഞ്ചാം ശതാബ്ദത്തിൽ അന്ത്യോക്യായിൽ അത്ഭുതപൂർവ്വമായ വാദമുത്ഭവിച്ചു. ഈ വിഷയത്തിലും അലക്സാന്ത്രിയാക്കാർ അന്ത്യോക്യക്ക് വിരോധികളായിരുന്നു. അന്ത്യോക്യാവേദാന്തശിക്ഷണാശാലയിലെ ഒരദ്ധ്യാപകനായിരുന്ന മപ്സുഏസ്സു തെഒദോറോസ് രണ്ടു സ്വഭാവമുള്ളെടത്ത് രണ്ട് ആളും ഉണ്ടെന്നു ശഠിച്ചു. (19) ഈ അബദ്ധാഭിപ്രായം തന്നെ ബൊസന്തിയാ മെത്രാനായിരുന്ന നെസ്തോറീസും സ്വീകരിച്ചു. നവീനപാഷണ്ഡതയുടെ ഏക പ്രേഷിതൻ നെസ്തോറീസായിരുന്നതിനാൽ അതിന് 'നെ

---

(17) Hurter. Theol. Dogm. I. p. 203.
(18) Cath. Encycl. Cyprus. (19) Brueck § 62.

സ്റ്റോറിയൻ പാഷണ്ഡത' എന്ന പേരുണ്ടായി. മിശിഹായിൽ രണ്ടു സ്വഭാവമുള്ളതുപോലെ രണ്ടാളുമുണ്ടെന്നും പ. ക. മറിയം മനുഷ്യ അളിൻെറ മാതാവാകയാൽ ദേവമാതാവെന്ന ഉന്നതനാമത്തിനർഹയല്ലെന്നുമായിരുന്ന നെസ്തോറിസിൻെറ ശാഠ്യം.

## അലക്സന്ത്രിയായിലെ ക്രുറിലോസ്.

നെസ്തോറിസിനു വിരോധമായി പുറപ്പെട്ടവരിൽ അഗ്രഗണ്യനാണ് അലക്സന്ത്രിയായിലെ ക്രുറിലോസു. യാക്കോബായക്കാരും പരിശുദ്ധനായി കരുതുന്ന ഈ വി. ക്രുറിലോസും റോമ്മായിലെ സെലസ്റ്റിനോസും തമ്മിൽ നടന്ന കത്തെടപാടുകളുടെ ചുരുക്കം താഴെ ചേക്കുന്നു. (20)

പാഷണ്ഡത പുറത്തു വന്നുടനെ ക്രുറിലോസു വിവരങ്ങൾ റോമ്മായിൽ ബോധിപ്പിച്ചു. "(ഈവക കാൎയ്യങ്ങൾ അങ്ങേ പരിശുദ്ധതയിങ്കൽ അറിയിക്കുവാൻ) തിരുസ്സഭയുടെ പുരാതന നടപ്പ് എന്നെ നിർബന്ധിക്കുന്നു" എന്നു പറഞ്ഞാണ് വി. ക്രുറിലോസ് റോമ്മാസ്സുള്ള ലേഖനം ആരംഭിക്കുന്നത്. അബദ്ധ പഠനങ്ങൾ വിവരിച്ചു പറഞ്ഞശേഷം അദ്ദേഹം റോമ്മാമെത്രാനോടിങ്ങനെ ചോദിക്കുന്നു: "ഞങ്ങൾ അയാളോടു യോജിക്കണമോ?... അങ്ങേക്കു ശരിയെന്നു തോന്നുന്ന വിധം തിരുമാനിക്കണമേ. കൂടാതെയും അങ്ങെ പരിശുദ്ധതയുടെ തിരുമാനം രേഖാമൂലം ഭക്തന്മാരും ദൈവഭയമുള്ളവരുമായ മാക്കെദോനിയാ മെത്രാന്മാരേയും, പൌരസ്ത്യദിക്കിലെ എല്ലാ മെത്രാന്മാരേയും അറിയിക്കണം. എന്തുകൊണ്ടെന്നാൽ ആത്മാവിൻേറയും ബോധത്തിൻേറയും ഐക്യത്തിൽ ഒരുമിച്ചു നില്ക്കുവാൻ അവരുടെ അഗ്രഹംപോലെ ഒരവസരം കൊടുക്കുന്നതിനും സത്യവിശ്വാസത്തിനായി വേണ്ടവിധം പോരാടുവാൻ അവരെ അനുയിക്കുന്നതിനും എനിക്കും സാധിക്കും.."

പാഷണ്ഡതകളെ അമത്തുന്നതിനും വിശ്വാസത്തിൽ ഐക്യം പാലിക്കുന്നതിനും ഉള്ള ആൾ ക്രുറിലോസിൻെറ ദൃഷ്ടിയിൽ അന്ത്യോക്യായിൽ അന്നു വാണിരുന്ന യോഹന്നാനല്ല റോമ്മായിലെ സെലസ്റ്റിനോസാണ്. സെലസ്റ്റിനോസിൻെറ തീരുമാനം വന്നാൽ കിഴക്കരെല്ലാവരും - അന്ത്യോക്യാപാത്രിയക്കീസുകൂടെയും— അതനുസരിച്ചു പ്രവത്തിക്കുമെന്നാണ് വി. ക്രുറിലോസിൻെറ വിശ്വാസം. പരമാധികാരസംബന്ധമായി വി. ക്രുറിലോസ് എന്തു വിശ്വസിച്ചിരുന്നു എന്നു സ്പഷ്ടമല്ലയൊ?

റോമ്മായിലെ സെലസ്റ്റിനോസു ക്രുറിലോസിനെഴുതുന്നു... "നമ്മുടെ കത്താവായ മിശിഹായെ സംബന്ധിച്ച് നാമെല്ലാവരും ഏകവിശ്വാസമുള്ളവരാണ്... അതിനാൽ അയാൾ മനസ്സുപിക്കുമെന്ന പ്രതീക്ഷയില്ലെങ്കിൽ അയാളെ ആട്ടിൻ കൂട്ടത്തിൽനിന്നു മാററിനിറുത്തണം... എന്നാൽ അങ്ങിനെ തന്നെ നില്ക്കുമെങ്കിൽ ഒരു പരസ്യവിധി അയാ

(20) cf. Ravington p. 9. sqq.

ളെപ്പററി പ്രസ്താവിക്കണം... ശ്ലീഹന്മാരുടെ വിശ്വാസത്തിനു വിരുദ്ധമായ നാശത്തിന്റെ വഴിയിൽനിന്ന് അയാൾ മാറുകയില്ലെങ്കിൽ അയാൾക്കു നമ്മോടു യാതൊരു ബന്ധവുമില്ലെന്നു അയാളെ ഗ്രഹിപ്പിക്കണം. അതിനാൽ നമ്മുടെ ഉപദേശത്തിനുശേഷം പത്തുദിവസത്തിനകം അയാൾ സ്വാഭിപ്രായം രേഖാമൂലം പിൻവലിച്ചില്ലെങ്കിൽ നമ്മുടെ സിംഹാസനത്തിന്റെ അധികാരം അവലംബിച്ചുകൊണ്ടും നമ്മുടെ സ്ഥാനത്തും... ഇപ്രകാരമുള്ള വിധി പ്രസ്താവം അയാളെക്കുറിച്ച് താങ്കൾ ചെയ്യണം...." (21)

സെലസ്റ്റിനോസു നെസ്റ്റോറീസിനയച്ച ലേഖനത്തിലെ ചില ഭാഗങ്ങൾ ഇങ്ങനെയാണ്; "ഇതാകുന്നു നമ്മുടെ തിരുമാനമെന്ന് താങ്കൾ അറിഞ്ഞാലും. നമ്മുടെ ദൈവമായ മിശിഹായെക്കുറിച്ചു റോമ്മാപ്പള്ളിയും അലക്സാന്ത്രിയാപ്പള്ളിയും ലോകമാസകലമുള്ള കത്തോലിക്കാപ്പള്ളിയും വിശ്വസിക്കുന്നവയും, വലിയ പട്ടണമായ ബെസന്തിയായിലെ വി. പള്ളി താങ്കളുടെ കാലംവരെ ഉത്തമമായി വിശ്വസിച്ചിരുന്നവയും താങ്കളും വിശ്വസിക്കുകയും... ഭക്തിശൂന്യമായ ഈ നൂതനത്വത്തെ .. പത്തുദിവസത്തിനകം രേഖാമൂലം പിൻവലിക്കുകയും ചെയ്യില്ലെങ്കിൽ താങ്കൾ കത്തോലിക്കാപ്പള്ളിയുടെ ഐക്യത്തിൽനിന്നു വേർപെടുത്തപ്പെട്ടും... നമ്മുടെപേക്ക കാര്യം നടത്തുവാൻ .. അലക്സന്ത്രിയായിലെ വൈദിക ശ്രേഷ്ഠനെ നാം നിശ്ചയിച്ചിരിക്കുന്നു..." (22)

റോമ്മായിലെ അധികാരം ഏതുവിധമുള്ളതാണെന്നു മനസ്സിലാക്കിയാലും. കത്തോലിക്കാപ്പള്ളിയുടെ ഐക്യത്തിൽ അന്യരെ ചേർക്കുവാനും അതിൽനിന്നു അവരെ വേർപെടുത്തുവാനുമുള്ള അധികാരമാണ് റോമ്മാമെത്രാനുള്ളത്. റോമ്മാമെത്രാനാണ് കത്തോലിക്കാ സഭയുടെ തലവൻ. റോമ്മാസഭയാണ് ഏക കത്തോലിക്കാസഭ.

## അന്ത്യോക്യായിലെ യോഹന്നാൻ.

. റോമ്മായിലെ തിരുമാനമറിഞ്ഞുടനെ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന യോഹന്നാൻ നെസ്റ്റോറിസിനു ഇങ്ങനെ എഴുതി:

അലക്സാന്ത്രിയായിലെ വൈദികർ താങ്കളെപ്പററി വളരെ തിഷ്ണതയോടെ പല എഴുത്തുകൾ നമ്മുടെ പേർക്കയച്ചുഒന്ന് ഏററം വി. മെത്രാനായ സെലസ്റ്റിനോസിന്റെയും മററുകളെല്ലാം അതിപരിശുദ്ധനായ ക്യുറിലോസു മെത്രാന്റെയുമായിരുന്നു...... ഇത്ര സാരമേറിയ ഒരു കാര്യം നിസ്സാരമായി കരുതുകയോ പുച്ഛമായി വിചാരിക്കുകയോ താങ്കൾ ചെയ്യരുത്. എന്തെന്നാൽ, ദൈവത്തിനു ഏററം ഇഷ്ടപ്പെട്ട മെത്രാനായ എന്റെ നാഥൻ സെലസ്റ്റിനോസ്, ഉത്തരം പറയുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പത്തുദിവ-

(21) Ravington, Ibid. (22) Hardn I. 1307 sqq; Msi 4. 1033 sqq.

സത്തെ അവധി മാത്രമെ (താങ്കൾക്ക്) അനുവദിച്ചിട്ടുള്ളു; എങ്കിലും, കാര്യത്തിൻെറ സ്വഭാവം നോക്കിയാൽ അത് അവസാനിപ്പിക്കുവാൻ പത്തുദിവസം ആവശ്യമില്ല. ഒരു ദിവസം മതി. എന്നല്ല, കുറെ മണിക്കൂർ മാത്രം മതി എന്നത്രെ ഞാൻ പറയുന്നത്" (Mansi IV. 1062 sqq.)

നെസ്റ്റോറിസിൻെറ ഉപദേശത്തിൽ യോഹന്നാനുണ്ടായിരുന്ന വിശ്വാസം എന്തുതന്നെ ആയിരുന്നാലും അദ്ദേഹം റോമ്മാമാർപ്പാപ്പായുടെ പരമാധികാരം സ്വീകരിച്ചിരുന്ന ഒരാളായിരുന്നെന്ന് ഇതിൽ നിന്നു തെളിയുന്നു. യോഹന്നാനാകട്ടെ അന്ത്യോക്യായിലെ പാത്രിയക്കീസായിരുന്നു.

## അപ്പെസ്സൂസു അഥവാ മൂന്നാം സാർവ്വത്രിക സൂനഹദോസ് (431).

നെസ്റ്റോറീസ് സ്വാഭിപ്രായം പിൻവലിക്കുവാൻ സന്നദ്ധനല്ലായിരുന്നു. അയാളുടെ അബദ്ധോപദേശം ശപിക്കുവാൻ കൂടിയ സാർവ്വത്രികസൂനഹദോസ് അപ്പെസ്സൂസിലായിരുന്നു. റോമ്മായിൽനിന്നു ലഭിച്ച അധികാരത്താൽ അലക്സാന്ത്രിയായിലെ വി. കൂറിലോസ് സൂനഹദോസിൽ അദ്ധ്യക്ഷനായി (മുമ്പു പറഞ്ഞതു നോക്കുക.) അക്കാദിയൂസു, പിലിപ്പോസ്, പ്രൊജെക്ക്ത്തുസ് എന്ന മൂന്നുപേരെക്കൂടെയും തൻെറ പ്രതിനിധികളായി റോമ്മായിലെ സെലസ്റ്റിനോസ് സൂനഹദോസിലേക്കയച്ചിട്ടുണ്ടായിരുന്നു. "സൂനഹദോസിൽ നിങ്ങൾ ഹാജരായിരിക്കണം. തക്കമുണ്ടായാൽ അതിൽ പ്രവേശിക്കരുത്. മററുള്ളവരുടെ അഭിപ്രായങ്ങൾ സംബന്ധിച്ചു നിങ്ങൾ വിധി പ്രസ്താവിക്കണം" എന്നായിരുന്നു സെലസ്റ്റീനോസ് തൻെറ പ്രതിനിധികളോടു കല്പിച്ചയച്ചത്. (23) പ്രതിനിധികളെ അയക്കുന്നതു "നടപടികളിൽ സംബന്ധിക്കുവാനും മുമ്പുകൂട്ടി നമ്മാൽ നിശ്ചയിക്കപ്പെട്ടവ പ്രവൃത്തിയിൽ വരുത്തുവാനും ആണ്" എന്ന് സെലസ്റ്റിനോസു സൂനഹദോസു പിതാക്കന്മാക്കും എഴുതി. (24)

സാർവ്വത്രികസൂനഹദോസുകളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടത് ആരാണെന്നും അതിലെ നടപടികൾ നടത്തേണ്ടത് ആരുടെ കടമയാണെന്നും ഗ്രഹിച്ചിരിക്കുന്നവക്കും അപ്പെസ്സൂസു സൂനഹദോസിനെ ഒരു സാർവ്വത്രിക സൂനഹദോസായി സ്വീകരിച്ചിരിക്കുന്നവക്കും പരമാധികാരം റോമ്മായിലാണെന്നു വലിയ പ്രയാസംകൂടാതെ മനസ്സിലാക്കുവാൻ കഴിയും. ഇതുമല്ല, അപ്പെസ്സൂസു സൂനഹദോസിനെ ഒരു സർവ്വത്രിക സൂനഹദോസായി സ്വീകരിക്കുന്നവർ ക്രൈസ്തവസഭയിൽ പരമാധികാരമുണ്ടെന്നും അതു റോമ്മായിലാണെന്നും അവശ്യം സമ്മതിക്കണം. അ

(23) Ep. XVII. Galland IX. P 324
(24) Ep. XVIII. Ibid p. 327.

പ്പെസൂസു സൂനഹദോസിൽ പരമാധികാരപ്രയോഗം വളരെ തെളിഞ്ഞു കാണുന്നു എന്നതാണ് ഇതിൻെറ കാരണം. യാക്കോബായസഹോദരങ്ങൾ അപ്പെസൂസ് ഒരു സാർവ്വത്രിക സൂനഹദോസായി സ്വീകരിക്കുന്നുണ്ട്. എന്തുകൊണ്ട് റോമ്മായിലെ പരമാധികാരം അവർ സ്വീകരിക്കുന്നില്ല?

## സൂനഹദോസു നടപടികൾ.

### രണ്ടാം കൂടിയാലോചന.

ഏതിൽനിന്ന് റോമ്മായിലെ സെലസ്റ്റിനോസിന് എല്ലാ പള്ളികളുടെ മേലുമുള്ള ശ്രദ്ധ സൂനഹദോസു പിതാക്കന്മാർ ഗ്രഹിക്കുവാൻ പാടുണ്ടായിരുന്നോ സെലസ്റ്റീനോസിൻെറ ആ ലേഖനം സൂനഹദോസിൽ വായിക്കണമെന്ന് റോമ്മായിൽനിന്നു വന്ന അർക്കാദിയൂസ് ആവശ്യപ്പെട്ടു.

വി. ക്രൂറിലോസ്: “അതിവിശുദ്ധനും സദാ അനുഗ്രഹിതനും ശ്ലൈഹികസിംഹാസനത്തിലെ മെത്രാനുമായ സെലസ്റ്റിനോസിൻെറ പക്കൽനിന്ന് കൈപ്പററിയ ലേഖനം വേണ്ട ബഹുമാനത്തോടെ വായിക്കപ്പെടട്ടെ.”

റോമ്മായിൽനിന്നു വന്ന പ്രൊജെക്ത്തുസ്: “നമ്മുടെ പൊതുവിശ്വാസം ആവശ്യപ്പെടുന്നപോലെ കുറേ മുമ്പ് അദ്ദേഹം തീരുമാനിക്കുവാൻ തിരുമനസ്സാകുകയും, ഇപ്പോൾ നിങ്ങളെ അറിയിക്കുകയും ചെയ്ത വിധിതീർപ്പ് പൂർണ്ണമായും കുറവുകൂടാതെയും നടപ്പിൽ വരുത്തുവാൻ (നിങ്ങൾ) നിശ്ചയിക്കേണ്ടതിനായി, പരിശുദ്ധനും വന്ദനീയനുമായ സെലസ്റ്റിനോസു മാർപ്പാപ്പായുടെ ഈ ലേഖനത്തിനുള്ള ബഹുമാനം എത്രമാത്രമെന്നു വിചാരിച്ചാലും”.

കപ്പദോക്കിയായിലെ ഫർമ്മൂസ്: “ഈ വിഷയത്തിൽ അനുസരിക്കേണ്ട വിധിതീർപ്പും കല്പനയും അതിവിശുദ്ധനായ ക്രൂറിലോസുമെത്രാന്നയച്ച ലേഖനം വഴിയായി പരിശുദ്ധനായ സെലസ്റ്റിനോസുമെത്രാൻെറ ശ്ലൈഹികസിംഹാസനം പണ്ടേതന്നെ നിശ്ചയിച്ചിരിക്കുന്നു. അയാളുടെ മേൽ (നെസ്തോറീസിൻെറമേൽ) കാനോനികമായും ശ്ലൈഹികമായുമുള്ള വിധി പ്രസ്താവിച്ചുകൊണ്ട്, അതിനോടു ഞങ്ങൾ യോജിച്ചുകൊണ്ട് ആ വിധിതീർപ്പ് നടപ്പിൽ വരുത്തിയിരിക്കുന്നു.”

റോമ്മായിൽനിന്നുവന്ന ഒരു പട്ടക്കാരൻ മാത്രമായിരുന്ന പിലിപ്പോസ്: “പരിശുദ്ധനും അനുഗ്രഹീതനുമായ മാർപ്പാപ്പായുടെ ലേഖനം വായിച്ചശേഷം നിങ്ങളുടെ വിശുദ്ധസ്വരത്താലും, വാക്കുകളാലും നിങ്ങളുടെ പരിശുദ്ധമായ തലയോടു പരിശുദ്ധ അംഗങ്ങളായി നിങ്ങളേതന്നെ നിങ്ങൾ ചേർത്തതിങ്കൽ പരിശുദ്ധവും വന്ദനീയവുമായ സൂനഹദോസിനു ഞങ്ങൾ നന്ദിപറയുന്നു. എന്തുകൊണ്ടെന്നാൽ, വി. പത്രോസ്ശ്ലീഹാ വിശ്വാസം മുഴുവൻെറയും, എന്നു തന്നെയല്ല, ശ്ലീഹന്മാരുടെ

കൂടെയും തലവനാണെന്നുള്ളതു് നിങ്ങളുടെ പരിശുദ്ധത അറിയാതിരിക്കുന്നില്ല". (25)

മൂന്നാം കൂടിയാലോചനയിൽ നെസ്തോറിസിന്റെ മേലുള്ള ശാപം വീണ്ടും വായിച്ചശേഷം ഫീലിപ്പോസ് വീണ്ടും പറഞ്ഞു: "പരിശുദ്ധനും അതിപൂജ്യനും ശ്ലീഹന്മാരുടെ പ്രഭുവും അവരിൽ പ്രധാനും വിശ്വാസത്തിന്റെ സ്തംഭവും പള്ളിയുടെ അടിസ്ഥാനവുമായ പത്രോസ് രാജ്യത്തിന്റെ താക്കോലുകൾ കൈപ്പററി എന്നതും പാപങ്ങൾ വിമോചിക്കുന്നതിനും പിടിക്കുന്നതിനുമുള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു എന്നതും, ഇതുവരെയും എല്ലാസമയത്തും തന്റെ പിൻഗാമികളിൽ അദ്ദേഹം ജീവിക്കുകയും വിധിക്കുകയും ചെയ്യുന്നു എന്നതും സത്യമായും സംശയരഹിതമായും എല്ലാക്കാലത്തും അറിയപ്പെട്ടിരിക്കുന്നവയാണ്. ആകയാൽ അദ്ദേഹത്തിന്റെ പിൻഗാമിയും അതേ സ്ഥാനമുള്ളവനും അതിവിശുദ്ധനും അതിപൂജ്യനുമായ മാർപ്പാപ്പാ— സെലസ്റ്റീനോസ്മെത്രാൻ— തന്റെ സ്ഥാനത്തു് ഞങ്ങളെ അയച്ചിരിക്കുന്നു. .. അതുകൊണ്ടു് അയാൾ (നെസ്തോറിസ്) പള്ളിയുടെ ഐക്യത്തിൽ നിന്ന്. . . . വേർപെടുത്തപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുവിൻ" (26)

അക്കാദിയൂസും, പ്രൊജെക്ത്തുസും ഇങ്ങനെതന്നെ വിധിപറഞ്ഞശേഷം സൂനഹദോസ് അവസാനിച്ചു പരമാധികാരം റോമ്മയിൽ തന്നെ എന്നതിൽ സംശയത്തിനു വഴിയുണ്ടോ? അപ്പെസൂസിലെ നടപടികൾ വായിച്ചശേഷം ഒരു പ്രോട്ടസ്റ്റന്റു ചരിത്രകാരനായ നെയാണ്ടർ ഇങ്ങനെ പറഞ്ഞു: "സെലസ്തീനോസ് ....വിധിപ്രസ്താവിക്കാനുള്ള അത്യുന്നതമായ അധികാരം തനിക്കുണ്ടെന്നു കാണിച്ചു് ... ശ്ലൈഹികസിംഹാസനത്തിന്റെ ഉന്നതാധികാരം—നെസ്തോറിസനെ സ്ഥാനഭ്രംശം ചെയ്യുവാനുള്ള അധികാരം— വി. കൂറിലോസിനു കൊടുത്തു." (27)

അപ്പെസൂസു സൂനഹദോസു സ്വീകരിക്കുന്നവരെല്ലാവരും വി. പത്രോസിന്റെ പരമാധികാരം റോമ്മാമെത്രാനിൽ സ്ഥിതിചെയ്യുന്നു എന്നും സമ്മതിക്കണം. ഇതു സമ്മതമില്ലാത്തവർ അപ്പെസൂസു സൂനഹദോസ് സ്വീകരിക്കുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല.

## അന്ത്യോക്യായിലെ യോഹന്നാൻ.

അപ്പെസൂസു സൂനഹദോസിനു ഒരു വിശേഷമുള്ളതു് അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന യോഹന്നാൻ അതിൽ സംബന്ധിച്ചില്ല എന്നതാണ്. യോഹന്നാനേയും സുറിയായിലെ മെത്രാന്മാരേയും പാർത്തിരുന്നിട്ടു കാണാഞ്ഞതിനാൽ അവരെ കൂടാതെ സൂനഹദോസ് അ

(25) cf. Act 2. Labbe III. pp. 611-620. Hardouin I. p. 1470, 1471.
(26) Act III. Labbe p. 626; Hard p. 1477.
(27) Hist. of Church. Bohn's ed. vol. IV. p. 145.

രംഭിക്കയും ശുഭമായി പൎയ്യവസാനിക്കയും ചെയ്തു. യോഹന്നാനിൽ ഇല്ലാത്തതു് അന്ത്യോക്യായിലും ഇല്ല.

നെസ്തോറിയസിന്റെ ജന്മദേശം അന്ത്യോക്യാക്കു സമീപമായിരുന്നു. സ്വദേശിയനു വന്നുകൂടുവാനിരുന്ന അപമാനമോൎത്തിട്ടാണോ യോഹന്നാൻ സൂനഹദോസിൽ സന്നിഹിതനാകാഞ്ഞതു? അതുമാത്രമായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. നെസ്തോറിസു ശപിക്കപ്പെട്ടശേഷം യോഹന്നാനും ഉപമെത്രാന്മാരും അപ്പെസൂസിലെത്തിയെങ്കിലും സൂനഹദോസിൽ സംബന്ധിച്ചില്ല. അവർ നെസ്തോറിസിനെ അനുകൂലിക്കയും കൂറിലോസിനേയും അപ്പെസൂസിലെ മെമ്നനേയും ശപിക്കയുമാണു് ചെയ്തതു്. അന്ത്യോക്യാപാത്രിയക്കീസിന്റെ പ്രവൃത്തി ഏതുതരമെന്നു നോക്കിയാലും. അദ്ദേഹം സാൎവ്വത്രിക സൂനഹദോസിൽ സംബന്ധിച്ചില്ലെന്നു മാത്രമല്ല, അതിൽ അദ്ധ്യക്ഷം വഹിച്ച വി. കൂറിലോസിനെ ശപിക്കകൂടെ ചെയ്തു. അപ്പെസൂസ് സൂനഹദോസ് സ്വീകരിച്ചുകൊണ്ടു പരമാധികാരം അന്ത്യോക്യായിലാണെന്നു പറയുന്നവർ യോഹന്നാന്റെ പ്രവൃത്തിയെ സ്തുതിക്കുമോ? സ്തുതിച്ചാൽ അവർ അപ്പെസൂസിന്റെ വില കുറക്കണം. ദൂഷിച്ചാൽ പരമാധികാരം അന്ത്യോക്യായിലില്ലെന്നു സമ്മതിക്കണം. എന്തുകൊണ്ടെന്നാൽ യോഹന്നാന്റെ സമ്മതം കൂടാതെതന്നെ— അദ്ദേഹത്തിൽനിന്നു പ്രതിബന്ധങ്ങൾ നേരിട്ടെങ്കിലും— അപ്പെസൂസ് സൂനഹദോസ് റോമ്മായിൽ നിന്നുള്ള അധികാരത്താൽ ശുഭമായി നടത്തപ്പെട്ടു. (28)

ഇതുമല്ല, സൂനഹദോസിൽവച്ചു് യോഹന്നാന്റെ മേൽ കുററമാരോപിക്കപ്പെടുകയും ചെയ്തു. സമാധാനം പറയുവാൻ മാൎപ്പാപ്പായുടെ പ്രതിനിധികളുടെ മുമ്പിൽ യോഹന്നാൻ ഹാജരാകുവാൻ താമസിച്ചതിങ്കൽ ഓർശ്ലെത്തിലെ യൂവനേൽ ഇപ്രകാരം പറഞ്ഞു: "അന്ത്യോക്യായുടെ മെത്രാനായ യോഹന്നാൻ തന്റെ പേരിൽ ആരോപിക്കപ്പെട്ട കുററങ്ങളെപ്പററി സമാധാനം പറയുവാൻ നമ്മുടെ ഒരുമിച്ചു് ഈ സാൎവ്വത്രികസൂനഹദോസിൽ എഴുന്നള്ളിയിരിക്കുന്ന വലിയ റോമ്മായുടെ ശ്ലൈഹികസിംഹാസനത്തിങ്കൽ വന്നുചേരേണ്ടതു് അവശ്യമാണു്. ആ സിംഹാസനത്താൽ അന്ത്യോക്യാസിംഹാസനം ഭരിക്കപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുക ശ്ലൈഹികനിയമത്തിനും പാരമ്പൎയ്യത്തിനും അനുയോജിച്ച കാൎയ്യമാണു്."

അന്ത്യോക്യാ പാത്രിയക്കീസു റോമ്മായിൽ വിധിക്കപ്പെടുക പതിവാണെന്നു പ്രസ്താവിച്ച ഉടനെതന്നെ ഓർശ്ലേം മെത്രാനും അദ്ദേഹം വിധിക്കപ്പെടാറുണ്ടെന്നു യൂവനേൽ സൂചിപ്പിക്കാതിരുന്നില്ല. അന്ത്യോക്യായെ അടിപെടുത്തുവാൻ തരംനോക്കി പ്രവൎത്തിച്ചിരുന്ന യൂവനേലിന്റെ ഒരു തന്ത്രമായിരുന്നു അതു്. അപ്പെസൂസു സൂനഹദോസിന്റെ അദ്ധ്യക്ഷനും അംഗങ്ങളും റോമ്മായുടെ പരമാധികാരം പരസ്യമായി അനുസരിച്ചു പ്രവൎത്തിച്ചിരുന്ന ആ അവസരത്തിൽ അക്രം തക്കമില്ലായിരു

(28) Brueck § 62.

ന്ന റോമ്മാ അധികാരത്തോട്ട അന്ത്യോക്യായെ വേണ്ടവിധം ഘടിപ്പിച്ച ശേഷം ഓർശ്ലെത്തിൻെറ കാര്യം കൂടി അറിയാതെ കടത്തിവിട്ടാൽ സ്വകാര്യം സാധിക്കാമെന്നാണ് യൂവനേൽ കരുതിയതു്. പക്ഷെ അനുഭവം നേരെ വിപരീതമായിരുന്നു. റോമ്മായിലെ പ്രതിനിധിയായി സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ച വി. ക്കുറിലോസ് യൂവനേലിൻെറ മിഥ്യാവാദങ്ങളെ അശേഷം അവഗണിച്ചുകളഞ്ഞു. റോമ്മായുടെ അധികാരം സംബന്ധിച്ച് ആരും തക്കം പറഞ്ഞുമില്ല. റോമ്മായിലെ സെലെസ്റ്റീനാസിൻെറ മേല്വയരിച്ച ലേഖനത്താൽ സെലെസ്റ്റീനോസിൽനിന്നു ലഭിച്ച അധികാരമാണ് വി. ക്കുറിലോസ് അപ്പോൾ പ്രയോഗിച്ചതെന്ന് സ്പഷ്ടമാകയാൽ അന്ത്യോക്യായുടെയും ഓർശ്ലെത്തിൻെറയും സ്ഥാനവും അധികാരവും വീണ്ടും വിശദമാകുകയല്ലയോ ചെയ്യുന്നതു്? (29)

ലെഓൻ മാർപ്പാപ്പാ അന്ത്യോക്യായിലെ മാക്സിമോസിനയച്ച ലേഖനം ഈ സംഗതി വളരെ വിശദമാക്കുന്നുണ്ട്. പലസ്തീനായിൽ അധികാരം കിട്ടുവാൻ അപ്പെസൂസു സൂനഹദോസിൽവച്ചു യൂവനേൽ ശ്രമിച്ചതുപോലെ നിക്യായിലെ കാനോനാകൾക്കു വിരോധമായി പ്രവത്തിക്കുവാൻ പലരും ശ്രമിച്ചിട്ടുണ്ടെന്നു പറഞ്ഞശേഷം, യൂവനേലിൻെറ അതിരുകടന്ന ആശയെ ഭയന്നു വി. ക്കുറിലോസു എഴുത്തുമൂലം അതുതന്നെ അറിയിച്ചെന്നും യൂവനേലിൻെറ ശ്രമങ്ങൾക്കു യാതൊരു സമ്മതവും നൽകരുതെന്നു വി. ക്കുറിലോസു തന്നോടു യാചിച്ചിട്ടുണ്ടെന്നും ലെഓൻ തൻെറ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (Ep. S. Leonis M. ad Maxim. Antioch. Mansi VI. 240-241.)

ഓർശ്ലെത്തെപ്പറ്റിയുള്ള യൂവനേലിൻെറ മേല്വയരിച്ച വാദം വി. ക്കുറിലോസു തിരസ്കരിച്ചെന്നും റോമ്മായെപ്പറ്റിയുള്ളതു അംഗീകരിച്ചെന്നും ലെഓൻ മാർപ്പാപ്പായുടെ ഈ ലേഖനത്തിൽ നിന്നു നമുക്കു മനസ്സിലാക്കാം.

അന്ത്യോക്യാ റോമ്മായാൽ ഭരിക്കപ്പെടണം, വിധിക്കപ്പെടണം എന്നതു് ശ്ലൈഹികനിയമമാണ്. എഴുത്തുകാരൻെറ അഭിപ്രായമല്ല. ശ്ലൈഹികനിയമവും പാരമ്പര്യപഠനവും മറിച്ചായിരുന്നെങ്കിൽ സൂനഹദോസ് വിസമ്മതം പ്രദശിപ്പിക്കുമായിരുന്നു. അകയാൽ യൂവനേലിൻെറ സാക്ഷ്യം സൂനഹദോസിൻെറ തന്നെയായി സ്വീകരിക്കുന്നതിൽ അബദ്ധമില്ല. അപ്പെസൂസു സൂനഹദോസു സ്വീകരിക്കുന്ന യാക്കോബായ സഹോദരങ്ങൾക്കു ഇതൊരു ചിന്താവിഷയമാകട്ടെ.

യോഹന്നാനും അന്ത്യോക്യരും ചക്രവത്തിയെ കൂടി സ്വപാർശ്വത്തിലാക്കിക്കൊണ്ട് ക്കുറിലോസു പ്രഭൃതികളോട്ട സമരം നടത്തി എന്നതും സ്മരണിയമാണ്. എങ്കിലും സത്യംതന്നെ ജയിച്ചു. യോഹന്നാൻ ക്കുറിലോസിനോടു ചേരുകയും സൂനഹദോസു നിയമങ്ങൾ അനുസരിക്കുകയും ചെയ്തു. ( 0)

---

(29) Council Eph. Act VI. Mansi IV, 1312, Cath. Encycl. Jerusal.
(30) Brueck Ibid.

## അപ്പെസ്സൂസിലെ വിശ്വാസം:

ദിവ്യ മനുഷ്യസ്വഭാവങ്ങൾ മിശിഹായിൽ എങ്ങിനെ സ്ഥിതി ചെയ്യുന്നു എന്നായിരുന്നു അന്ത്യോക്യായിലുണ്ടായ തൎക്കവിഷയം. മിശിഹായിൽ രണ്ടുസ്വഭാവമുണ്ടെന്നു് അന്നെല്ലാവരും വിശ്വസിച്ചിരുന്നുഎന്നു് ഇതിൽ നിന്നു സ്പഷ്ടമാണു്. മിശിഹായിൽ രണ്ടു സ്വഭാവമുള്ളതിനാൽ അങ്ങെയിൽ രണ്ടു ആളും ഉണ്ടു് എന്നായിരുന്നു നെസ്റ്റോറിസിൻെറ തെററായ അനുമാനം. മിശിഹായിൽ ഒരാളും രണ്ടു സ്വഭാവവും ഉണ്ടെന്നു അപ്പെസ്സൂസ്സു സൂനഹദോസ്സു പഠിപ്പിക്കുന്നു. സൂനഹദോസിൻെറ ഒന്നാം കാനോനാതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു:— "അമ്മാനുവേൽ സാക്ഷാൽ ദൈവമാണെന്നും, ഈ കാരണത്താൽ പരിശുദ്ധ കന്യക (പിതാവിൻെറ മനുഷ്യാവതാരം ചെയ്ത വചനത്തെ മാംസത്തിൽ പ്രസവിച്ചതിനാൽ) സാക്ഷാൽ ദേവമാതാവാണെന്നും അനുസരിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ." (31)

അമ്മാനുവേൽ എന്ന പദം മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെയാണല്ലൊ സൂചിപ്പിക്കുന്നതു്. മനുഷ്യനായ ദൈവപുത്രൻ സാക്ഷാൽ ദൈവം തന്നെയാകയാൽ അങ്ങയെ മറിയം പ്രസവിച്ചു എന്നു പറയുന്നതിൽനിന്നു് മിശിഹായിൽ ആൾ ഒന്നുമാത്രമെ ഉള്ളു എന്നു സിദ്ധിക്കുന്നു. മറിയം സാക്ഷാൽ ദേവമാതാവാണെന്നും കാനോനാ പഠിപ്പിക്കുന്നു. മിശിഹായിൽ ദൈവസ്വഭാവം മാത്രമെയുള്ളു എങ്കിൽ മറിയം എങ്ങിനെ ദൈവത്തെ പ്രസവിക്കും? ദൈവസ്വഭാവത്തിനു ആരംഭവും അവസാനവുമില്ലാത്തതിനാൽ സൃഷ്ടിക്കപ്പെട്ട ഒരു സ്ത്രീയിൽനിന്നു് ഒരു ക്ലിപ്തസമയത്തു് ആ സ്വഭാവത്തിൽ ദൈവം എങ്ങിനെ ഉത്ഭവിക്കും? പക്ഷെ അമ്മാനുവേൽ സാക്ഷാൽ ദൈവമാണെന്നും മറിയം ദേവമാതാവാണെന്നും കാനോനാ പഠിപ്പിക്കുന്നു. ആകയാൽ, മനുഷ്യസ്വഭാവത്തിൽ ദൈവത്തെ പ്രസവിച്ചതിനാലാണു് മറിയം ദേവമാതാവായതെന്നു സമ്മതിക്കാതെ തരമില്ല. "പിതാവിൻെറ മനുഷ്യാവതാരം ചെയ്ത വചനത്തെ മാംസത്തിൽ പ്രസവിച്ചതിനാൽ" എന്നു് കാനോനാ തെളിവായി പറയുന്നുമുണ്ടു്. മനുഷ്യമാംസത്തിൽ ജാതനായവനു് മനുഷ്യസ്വഭാവമില്ലെന്നു എങ്ങിനെ വാദിക്കും? മനുഷ്യസ്വഭാവം മിശിഹായിക്കില്ലെങ്കിൽ മറിയമെങ്ങിനെ ദൈവത്തെ പ്രസവിക്കും? ദൈവത്തെ പ്രസവിച്ചില്ലെങ്കിൽ മറിയമെങ്ങിനെ ദേവമാതാവാകും? ആകയാൽ മറിയത്തെ ദേവമാതാവായി സ്വീകരിക്കുന്നവർ മിശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവമുണ്ടെന്നു സമ്മതിക്കണം. അപ്പെസ്സൂസ്സു സൂനഹദോസും, ആ സൂനഹദോസ്സു സ്വീകരിക്കുന്ന യാക്കോബായക്കാരും മറിയത്തെ ദേവമാതാവായി സ്വീകരിക്കുന്നു. സൂനഹദോസാകട്ടെ മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിക്കുന്നു. യാക്കോബായക്കാരൊ?

(31) [Syriac] Bedjan.

## വി. ക്രുറിലോസിന്റെ വിശ്വാസം.

വി. ക്രുറിലോസ് മിശിഹായിൽ ഒരു സ്വഭാവം മാത്രമെയുള്ളു എന്നു വിശ്വസിച്ചിരുന്ന ഒരാളാണെന്ന് ചിലരെല്ലാം പറയുന്നുണ്ട്. അതെങ്ങിനെ സ്വീകരിക്കും? അപ്പ്ലെസ്സൂസു സൂന്നഹദോസ് മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിക്കുകയിൽ അതിന്റെ അദ്ധ്യക്ഷൻ മറിച്ചുപറയുക അസാദ്ധ്യമല്ലയൊ? 'ആൾ' എന്നർത്ഥം പ്രയോഗിച്ചിരുന്ന ഗ്രീക്ക പദത്തിന് വി. ക്രുറിലോസിന്റെ കാലത്ത് 'സ്വഭാവം' എന്നും അർത്ഥമുണ്ടായിരുന്നു. മിശിഹായിൽ ഒരാൾ മാത്രം എന്നു വി. ക്രുറിലോസ് പറയുന്ന സ്ഥലങ്ങളിൽ 'ഒരു സ്വഭാവം മാത്രം' എന്നു മനസ്സിലാക്കുന്നതിലാണ് ഈ വൈഷമ്യം സ്ഥിതിചെയ്യുന്നത്. 'മനുഷ്യാവതാരത്തിനുമുമ്പ് ഒരു സ്വഭാവംമാത്രം' എന്ന് അർത്ഥമാക്കേണ്ട ചില ഭാഗങ്ങളും വി. ക്രുറിലോസിന്റെ കൃതികളിൽ കാണുന്നുണ്ട്. ഇതിൽനിന്നെല്ലാം, മിശിഹായിൽ ഒരു സ്വഭാവം മാത്രമെന്നു ആ സിദ്ധൻ വിശ്വസിച്ചിരുന്നതായി അനുമാനിക്കുന്നതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല. തന്റെ വാക്കുകളെ തെററിദ്ധരിച്ചവരെപ്പററി വി. ക്രുറിലോസു തന്നെ അന്ത്യോക്യായിലെ യോഹന്നാനെഴുതിയതു ശ്രദ്ധേയമാണ്.

"സ്വഭാവവ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഈശോമിശിഹാ കർത്താവ് ഒരുവനാണ്.... ദൈവവചനം മാംസവുമായി ഒന്നായി (ഒരു സ്വഭാവമായി) പോയെന്നൊ, കൂടി കലർന്നുപോയെന്നൊ, കൂടിചേർന്ന (ഇല്ലാതായി) പോയെന്നൊ, പറയുന്നവരുടെ വായ് അടസ്സുവാൻ അങ്ങെ പരിശുദ്ധത ശ്രമിക്കണമെ. ഞാൻ ഈ വക പറയുകയൊ, വിചാരിക്കുകയൊ ചെയ്യാൽ എന്നപോലെ ഈ വക എന്നെപ്പററി സാധാരണ പറഞ്ഞു നടക്കുന്ന ചിലരുണ്ടെന്നുള്ളതു സത്യം തന്നെയാണ്" (32.)

സ്വഭാവവ്യത്യാസങ്ങൾ മിശിഹായിൽ ഉണ്ടെന്നും മിശിഹാ ഒരുവനാണെന്നും അതായതു് അങ്ങെയിൽ ഒരാൾ മാത്രമെയുള്ളു എന്നും ഇതിൽ തെളിവായി എങ്ങിനെയാണ് ഒരാൾ പറയുക? ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടി ഒന്നാകുകയൊ, മിശ്രീഭവിക്കയൊ, കൂടിക്കലരുകയൊ ചെയ്യിട്ടില്ലെന്നും വി. ക്രുറിലോസ് തെളിവായി ഇവിടെ പഠിപ്പിക്കുന്ന സ്ഥിതിക്ക് അദ്ദേഹം വിരോധാഭിപ്രായക്കാരനായിരുന്നെന്നു എങ്ങിനെ വിശ്വസിക്കും? (33)

## കെവുപ്രോസ് ദ്വീപ്.

ഒരു കാലത്ത് കെവുപ്രോസുദ്വീപ് അന്ത്യോക്യാക്കീഴായിരു

(32) Migne Patr. Gr. T. 77. col. 174.
(33) cf. A. Fortescue, Lesser E. Churches pp. 73-74.

ന്നെന്നും മെലേസിയോസിന്റെ കാലത്ത് അന്ത്യോക്യായിൽ നടന്ന വഴക്കുകൾ നിമിത്തം അത് അന്ത്യോക്യാ അധികാരം ത്യജിച്ചെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. “അന്ത്യോക്യാപാത്രിയർക്കീസന്മാർക്ക് കെവുപ്രോസ്സുദ്വീപിലെ മെത്രാന്മാരുടെമേൽ അധികാരമുണ്ടോ? അവിടത്തെ മെത്രാന്മാരെ അഭിഷേകം ചെയ്യുവാൻ ന്യായമായ അവകാശം അവർക്കുണ്ടോ?” എന്ന രണ്ടു വിഷയങ്ങൾ അപ്പെസൂസു സൂനഹദോസിന്റെ ആലോചനയ്ക്കു വിഷയമായി.

നിക്യായിലെ ആറാം കാനോനാപ്രകാരം അന്ത്യോക്യാ അധികാരസീമയിൽപെട്ടതാണ് കെവുപ്രോസ്സ് എന്നും, മെലേസിയോസിന്റെ കാലത്തുണ്ടായ വഴക്കുകൾ നിമിത്തം ആര്യമതസ്ഥർ ആ നിലയെ ഭേദിപ്പിച്ചെന്നും അന്ത്യോക്യാ ഭാഗക്കാർ വാദിച്ചു. മെലേസ്യൻ ബഹളങ്ങളുടെശേഷം അന്ത്യോക്യായിലെ അലക്സന്തറിനോട്ട് റോമായിലെ ഒന്നാം ഇന്നൊച്ചേൻസ്യോസ് എഴുതിച്ചോദിച്ചതിൽ, പുരാതനകാലം മുതൽ തന്നെ കെവുപ്രോസ്സ് അന്ത്യോക്യായുടെ കീഴിൽ സ്ഥിതിചെയ്തിരുന്നെന്നുള്ള പ്രസ്താവനയെ അസ്സദാക്കി കെവുപ്രോസ്സ് മെത്രാന്മാർ അന്ത്യോക്യായുടെ കീഴിൽ ഇരിക്കണമെന്നു തീരുമാനമുണ്ടായിട്ടുണ്ടെന്നുകൂടെയും അന്ത്യോക്യാ ഭാഗത്തുനിന്നു വാദം നടന്നു. നോക്കുക, അന്ത്യോക്യാഭാഗം പിടിച്ചവർപോലും അപ്പെസൂസിൽവച്ച് റോമാക്ക് അന്ത്യോക്യായുടെ മേൽ അധികാരമുണ്ടെന്നു സമ്മതിക്കുന്നു.

അതിപുരാതനകാലത്ത് കെവുപ്രോസ്സ് അന്ത്യോക്യായുടെ കീഴിലല്ലായിരുന്നെന്നും ഇടക്കാലത്ത് അന്ത്യോക്യാ അധികാരം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അത് അന്ത്യോക്യാ പാത്രിയാർക്കീസന്മാർ ബലം പ്രയോഗിച്ചതിനാലാണെന്നും കെവുപ്രോസ്സു മെത്രാന്മാർ വാദിച്ചു. അന്ത്യോക്യായിലെ യോഹന്നാൻ നെസ്തോറിസിനെ സഹായിച്ചതിനാലും പരിശോധനയുടെ ശേഷം നെസ്തോറിയനായി കാണപ്പെട്ടതിനാലും സ്ഥാനഭ്രംശം ചെയ്യപ്പെട്ടതിനാലും സൂനഹദോസിന്റെ വിധി അന്ത്യോക്യായ്ക്കു അനുകൂലമല്ലായിരുന്നു. (34)

ഇതാണ് അന്ത്യോക്യാ പാത്രിയർക്കീസിനു മൂന്നാം സാർവ്വത്രിക സൂനഹദോസിലുണ്ടായിരുന്ന വേറൊരനുഭവം. അപ്പെസൂസു സൂനഹദോസു സ്വീകരിക്കുന്നവരും അന്ത്യോക്യാബന്ധം ഉറപ്പിക്കുവാൻ ശ്രമിക്കുന്നവരുമായ നമ്മുടെ യാക്കോബായ സഹോദരങ്ങൾ ഇതുംകൂടി ചിന്താവിഷയമാക്കിയിരുന്നെങ്കിൽ!

## ഏകസ്വഭാവവാദം.

മ്ശിഹായിൽ ദൈവ മനുഷ്യസ്വഭാവങ്ങൾ കലർച്ചകൂടാതെ സ്ഥിതിചെയ്യുന്നു എന്നു അപ്പെസൂസു സൂനഹദോസും തദദ്ധ്യക്ഷനായിരുന്ന വി. കൂറിലോസും വിശ്വസിച്ചിരുന്നതായി മുകളിൽ തെളിയിച്ചിട്ടുണ്ട്. ‘രണ്ടുസ്വഭാവമുള്ളെടത്തു രണ്ടാളും’ എന്നു നെസ്തോറീസ് എങ്ങി

(34) Concil. Eph. Sess. VII. cf. Nazrani Deepika, 8, July 1924.

നെ തെററായി അനുമാനിച്ചുവൊ അങ്ങിനെതന്നെ 'ഒരാളുള്ളെടത്തു ഒരു സ്വഭാവം' എന്നു മ്ശിഹായെക്കുറിച്ച് എവുത്തിക്കിസു തെററായി അനുമാനിച്ചു. രണ്ടു സ്വഭാവവും കൂടി ഒരു സ്വഭാവമായി എന്നാണ് ഏകസ്വഭാവവാദികൾ പറയുന്നത്.

"എന്നാലൊ ഏകസ്വഭാവവും, ഏകത്വളും പർസോപ്പായും (മുഖവും) ഏക ഇഷ്ടവും, ഏക വ്യാപാരവും അത്രെ." (യാക്കോബായ മതോപദേശസാരങ്ങൾ. പ. 8–9). ഇതു സ്വീകാര്യമല്ല.

1. രണ്ടുസ്വഭാവവും കൂടികലൎന്ന് ഒന്നായില്ല. രണ്ടുവസ്തുക്കൾ കൂടിച്ചേൎന്നൊന്നായാൽ പുതിയവസ്തു ആ രണ്ടുവസ്തുക്കളിൽനിന്നും വ്യത്യസ്തമായ ഒന്നായിരിക്കും. രണ്ടു സ്വഭാവവുംകൂടി ഒരു സ്വഭാവമായാൽ ആ സ്വഭാവം രണ്ടിൽനിന്നും വ്യത്യാസപ്പെട്ട ഒരു പുതിയ സ്വഭാവമായിരിക്കണം. മ്ശിഹായിക്കു ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഇല്ലെന്നു വരും. ദൈവസ്വഭാവത്തിനു മാററം വരുവാൻ പാടില്ലാത്തതിനാൽ ഇതെങ്ങിനെ സംഭവിക്കും? കൂടാതേയും, പരിശുദ്ധകന്യകമറിയം ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഇല്ലാത്ത ഒരാളെ പ്രസവിച്ചെന്നും തദ്വാരാ മറിയം ദേവമാതാവല്ലെന്നും ഈ അഭിപ്രായക്കാർ സമ്മതിക്കേണ്ടിവരും. അതബദ്ധമല്ലയോ? അപ്പെസ്സൂസു് സൂനഹദോസ് അങ്ങിനെയുള്ളവരെ ശപിക്കുന്നില്ലയൊ?

2. ഒരു സ്വഭാവം മററതിൽ ലയിച്ചുപോയില്ല. ദൈവസ്വഭാവത്തിനു മാററം വരുവാൻ പാടില്ലാത്തതിനാൽ അതു മനുഷ്യസ്വഭാവത്തിൽ ലയിക്കയൊ മനുഷ്യസ്വഭാവമായി പകരുകയൊ ചെയ്യുവാൻ പാടില്ല. മനുഷ്യസ്വഭാവം പരിമിതമാകയാൽ അതു ദൈവസ്വഭാവമായി പരിണമിച്ചെന്നു പറഞ്ഞുകൂടാ. കൂടാതെയും, മനുഷ്യസ്വഭാവം ദൈവസ്വഭാവമായി പകൎന്നെങ്കിൽ മിശിഹായിക്കു പിഡ സഹിക്കുവാനോ മരിക്കുവാനൊ സാധിക്കുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ദൈവസ്വഭാവത്തിൽ പിഡ സഹിക്കുവാനും മരണമനുഭവിക്കുവാനും മിശിഹായിക്കു പാടില്ല. അതുപോലെതന്നെ മറിയത്തിൽനിന്നു ആ സ്വഭാവത്തിൽ ദൈവപുത്രൻ ജനിക്കുകയും ഇല്ലായിരുന്നു. ഈ കാരണത്താൽ മറിയം ദേവമാതാവല്ലെന്നുകൂടിയും പറയേണ്ടിവരുമായിരുന്നു. ആകയാൽ മനുഷ്യസ്വഭാവം ദൈവസ്വഭാവമായിപ്പകൎന്നില്ല എന്നു സിദ്ധിക്കുന്നു.

മനുഷ്യസ്വഭാവം ദൈവസ്വഭാവത്താൽ വലിച്ചെടുക്കപ്പെട്ടു, അതിനാൽ മിശിഹായിൽ മനുഷ്യസ്വഭാവമില്ല എന്നും പറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ മിശിഹായിൽ മനുഷ്യസ്വഭാവം ദൈവസ്വഭാവത്താൽ വലിച്ചെടുക്കപ്പെട്ടുകമൂലം ഇല്ലാതായിപ്പോയെങ്കിൽ മിശിഹാ എങ്ങിനെ മനുഷ്യനായി, എങ്ങിനെ ജനിച്ചു, എങ്ങിനെ പീഡസഹിച്ചു മരിച്ചു; മറിയം എങ്ങിനെ ദേവമാതാവായി?

3. രണ്ടു സ്വഭാവവും തമ്മിൽ യോജിച്ച് ഒന്നായില്ല. ആത്മാവും ശരീരവും തമ്മിൽ യോജിക്കുമ്പോൾ ഒരു മനുഷ്യസ്വഭാവം ഉണ്ടാ

കുന്നതുപോലെ ദൈവമനുഷ്യസ്വഭാവങ്ങൾ തമ്മിൽ യോജിച്ച് ഒരു
സ്വഭാവമായില്ല എന്നാണ് ഇതിൻെറ അർത്ഥം. കാരണം പറയാം.
ആത്മാവും ശരീരവും തനിച്ചെടുക്കുന്നതായാൽ ഓരോന്നിനും പൂർണ്ണമായ
ഒരു സ്വഭാവം (മനുഷ്യസ്വഭാവം) ഇല്ല. ആത്മാവിനു തനിച്ചും ശരീ
രത്തിനു തനിച്ചും 'മനുഷ്യൻ' എന്നു പറഞ്ഞുകൂടാ. എന്തുകൊണ്ടെ
ന്നാൽ രണ്ടുംകൂടി യോജിക്കുമ്പോഴാണ് 'മനുഷ്യനു'ണ്ടാകുന്നതു്. മനു
ഷ്യസ്വഭാവം പൂർണ്ണമായി ആത്മാവിലോ ശരീരത്തിലോ മാത്രം കാണപ്പെ
ടുന്നില്ല. ഒരു 'മനുഷ്യസ്വഭാവം' ഉണ്ടാകുന്നതിനു് ആത്മാവു ശരീരത്തെ
യും ശരീരം ആത്മാവിനെയും ആശ്രയിച്ചു നില്ക്കുന്നു. ഇവ ഓരോന്നിനും
പൂർണ്ണമായ മനുഷ്യസ്വഭാവമില്ലാത്തതിനാലാണ് ഒന്നു് മററതിനെ ആ
ശ്രയിക്കുന്നതു്. എന്നാൽ, ദൈവസ്വഭാവം പരിപൂർണ്ണമായ ഒരു സ്വഭാ
വമാണെന്നു് ഏകസ്വഭാവവാദികൾകൂടെയും സമ്മതിക്കാതെ തരമില്ല.
തന്നിൽത്തന്നെ പരിപൂർണ്ണമായ ദൈവസ്വഭാവം 'ഒരു സ്വഭാവം' ഉ
ണ്ടാക്കുവാൻ മനുഷ്യസ്വഭാവത്തോടു ചേർന്നു എന്നു പറയുന്നതായാൽ
അതു് പരസ്പരവിരുദ്ധങ്ങളായ അംശങ്ങൾ ഉള്ള ഒരു പ്രസ്താവമായി
രിക്കും. ദൈവസ്വഭാവം 'ഒരു സ്വഭാവം' ഉണ്ടാക്കുവാൻ മനുഷ്യസ്വഭാ
വത്തോടു യോജിച്ചെങ്കിൽ ദൈവസ്വഭാവം മനുഷ്യസ്വഭാവത്തെ ആശ്ര
യിച്ചു നിന്നിരുന്നു എന്നും വരും. തന്നിൽത്തന്നെ പൂർണ്ണമായ ദൈവസ്വ
ഭാവം എങ്ങിനെ വേറൊന്നിനെ ആശ്രയിക്കും? അതു് ദൈവത്തിനു്
ഒരു കുറവുമല്ലയോ?

കൂടാതെയും, ആത്മാവും ശരീരവും തനിച്ചു തനിച്ച് മനുഷ്യ
സ്വഭാവമല്ല. ദൈവസ്വഭാവമാകട്ടെ തനിച്ചു തന്നെ പൂർണ്ണമായ ഒരു
സ്വഭാവമാണ്. ഇതുപോലെതന്നെ മനുഷ്യസ്വഭാവവും വേറൊന്നി
നോടു ചേരാതെ തന്നെ ഒരു പൂർണ്ണസ്വഭാവമാണ്. തന്നിൽത്ത
ന്നെ പൂർണ്ണങ്ങളായ രണ്ടു വസ്തുക്കൾ (രണ്ടു സ്വഭാവങ്ങൾ) കൂടി
യോജിച്ച് അവ രണ്ടിലും നിന്നു ഒരു വസ്തു (ഒരു സ്വഭാവം) ഉ
ണ്ടാകണമെങ്കിൽ, ആ രണ്ടു വസ്തുക്കളും (രണ്ടു സ്വഭാവങ്ങളും)
അവയുടെ പൂർണ്ണതയിൽതന്നെ നില്ക്കുവാൻ പാടില്ല. എന്തുകൊണ്ടെ
ന്നാൽ അങ്ങിനെ നില്ക്കുന്ന കാലത്തോളം അവ രണ്ടു വസ്തു (രണ്ടുസ്വഭാ
വം) കൾ തന്നെയായിരിക്കും. അതിനുള്ള കാരണം അവ ഓരോന്നും ത
ന്നിൽതന്നെ പൂർണ്ണമാകുന്നു എന്നതാണ്. ദൈവസ്വഭാവവും മനുഷ്യസ്വ
ഭാവവും പൂർണ്ണങ്ങളായ രണ്ടു സ്വഭാവങ്ങളാണ്. അവ തമ്മിൽ യോജിച്ച്
ഒരു സ്വഭാവമാകണമെങ്കിൽ അവയുടെ പൂർണ്ണത അവശ്യം നഷ്ടീഭവിക്കണം.
മിശിഹായിൽ അവ രണ്ടും തമ്മിൽ യോജിച്ച് ഒന്നായെങ്കിൽ അങ്ങെയിൽ
ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അവയുടെ പൂർണ്ണതയിൽ സ്ഥിതി
ചെയ്യുന്നില്ല; ദൈവസ്വഭാവം അതിൻെറ പൂർണ്ണത നഷ്ടപ്പെടുത്തിയിട്ടു
മുണ്ട്; ദൈവസ്വഭാവത്തിനു മാററം വന്നിരിക്കണം. പക്ഷേ ദൈവ
സ്വഭാവം മാറുവാൻ പാടുള്ളതോ, അതിൻെറ പൂർണ്ണതക്കു നഷ്ടം സംഭ
വിക്കുവാൻ പാടുള്ളതോ ആയ ഒന്നല്ല എന്നു ഏകസ്വഭാവവാദികളും
സമ്മതിക്കും. ആകയാൽ ഈ വാദവും സ്വീകാര്യമല്ല. മറിയം ദേവമാ

താവല്ലെന്നുകൂടി സമ്മതിക്കുവാൻ ഇപ്രകാരം വാദിക്കുന്നവരും നിർബന്ധിതരാകും.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പൂർണ്ണമായി മ്ശിഹായിൽ ഉണ്ടെങ്കിലും അവ ഒരിക്കലും വേർപിരിക്കപ്പെടുവാൻ പാടില്ല എന്നു നാം മനസ്സിലാക്കണം. ഇതിൽനിന്നു അവ ഒന്നാണെന്നു അനുമാനിക്കുവാൻ തരമില്ലല്ലോ.

4. ഏകസ്വഭാവവാദം വേദപുസ്തകത്തിനു വിരുദ്ധമാണ്. മിശിഹാ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാണെന്നു വേദപുസ്തകം പല സ്ഥലങ്ങളിൽ പഠിപ്പിക്കുന്നു. ഒരാൾ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാണെങ്കിൽ ആ ആൾക്കു സാക്ഷാൽ ദൈവസ്വഭാവവും സാക്ഷാൽ മനുഷ്യസ്വഭാവവും ഉണ്ടായിരിക്കണം.

"അവനു വിശപ്പുണ്ടായി" "അവനു ദാഹമുണ്ടായി" "അവൻ പീഡകൾ സഹിച്ചു" "അവൻ മരിച്ചു" എന്നിത്യാദി മാനുഷികവും, "അവനും പിതാവും ഒന്നാണ്" "അവൻ പിതാവിനെ അറിയുന്നു" "അവൻ അബ്രാഹത്തേക്കാൾ വലിയവനാണ്" "അവൻ ഉയിരവരേയും മരിച്ചവരേയും വിധിക്കുന്നു" എന്നിത്യാദി ദൈവികവുമായ ലക്ഷണങ്ങൾ "അവൻ" എന്ന ഒരേ ഒരു ആളെ അഥവാ വചനത്തെ ഉദ്ദേശിച്ചാണ് വേദപുസ്തകം പറയുന്നത്. ഒരേ ഒരാളായ മിശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വ്യത്യാസപ്പെട്ട രണ്ടു സ്വഭാവങ്ങളായി സ്ഥിതി ചെയ്യുന്നില്ലെങ്കിൽ ഏതാദൃശ്യപ്രസ്താവങ്ങൾക്ക് എന്തർത്ഥമാണുള്ളത്. പരിപൂർണ്ണമായ ദൈവസ്വഭാവം "ഒരു സ്വഭാവ"ത്തിന്റെ ഭാഗമാകുവാൻ പാടില്ലാത്തതാണ് ഇതിന്റെ കാരണം. പുതിയനിയമം മുഴുവനും വായിച്ചു നോക്കുക. മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നല്ലാതെ അതിൽ കാണുകയില്ല.

മിശിഹാ മനുഷ്യനായി കാണപ്പെട്ടതല്ലാതെ സാക്ഷാൽ മനുഷ്യനല്ലായിരുന്നു എന്നു പഠിപ്പിച്ചവർക്കു വിരോധമായാണ് വി. യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷവും ലേഖനങ്ങളും എഴുതിയതെന്നും അവർക്കു വിരോധമായി അന്ത്യോക്യായിലെ വി. അഗ്നത്തീസ് വളരെ എല്ലാം എഴുതിയിട്ടുണ്ടെന്നും അറിഞ്ഞിരിക്കട്ടെ.

5. ഏകസ്വഭാവവാദം സാർവ്വത്രിക സൂനഹദോസുകളുടെ ഉപദേശത്തിനു വിരുദ്ധമാണ്. അപ്പെസ്സൂസു സൂനഹദോസിന്റെയും തദ്ധ്യക്ഷന്റെയും വിശ്വാസമെന്തായിരുന്നു എന്നു മുകളിൽ തെളിയിച്ചിട്ടുണ്ട്. അപ്പെസ്സൂസിലെ ഒന്നാം കാനോനാ ഏകസ്വഭാവവാദത്തെ ഖണ്ഡിക്കുന്ന ഒന്നാണെന്നും മുകളിൽ കാണിച്ചിട്ടുണ്ടല്ലോ. ബൊസന്തിയാ നിക്യാ സൂനഹദോസുകളും ഏകസ്വഭാവവാദത്തെ എതിർക്കുന്നു. ഈ രണ്ടു സൂനഹദോസുകളുടെയും വിശ്വാസപ്രമാണങ്ങളിലെ ഒരു ഭാഗം ഇങ്ങനെയാണ്: "മനുഷ്യരായ നമുക്കു വേണ്ടിയും നമ്മുടെ രക്ഷയ്ക്കു വേണ്ടിയും (പുത്രൻ തമ്പുരാൻ) സ്വർഗ്ഗത്തിൽ നിന്നിറങ്ങി, റൂഹാദ്ക്കുദശായാൽ മനുഷ്യാവതാരം ചെയ്തു. കന്യകമറിയത്തിൽ നിന്നു മനുഷ്യനായി......

പീഡസഹിച്ചു........" പുത്രൻ തമ്പുരാനാണ് മനുഷ്യനായത്. മനുഷ്യസ്വഭാവമെടുക്കാതെ മനുഷ്യനാകുവാൻ സാധിക്കയില്ല. മനുഷ്യനായപ്പോൾ ദൈവസ്വഭാവത്തിന് യാതൊരു മാററവും വന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ ദൈവസ്വഭാവം മാററം വരുവാൻ പാടുള്ള ഒന്നല്ല. ആകയാൽ മിശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വ്യത്യസ്തപ്പെട്ട രണ്ടു സ്വഭാവങ്ങളാണ്. മനുഷ്യസ്വഭാവത്തിനും മാററം വന്നല്ല. മാററം വന്നിരുന്നെങ്കിൽ "മനുഷ്യാവതാരം ചെയ്തു" "മനുഷ്യനായി "പീഡസഹിച്ചു" എന്നിങ്ങനെ പറയുവാൻ പാടില്ലായിരുന്നു.

നെസ്തോറിയൻ പാഷണ്ഡതയോട് എതിർത്തതിൽ മതിമറന്നുപോയതിനാലാണ് എവുത്തിക്കീസിന് ഈ അബദ്ധം സംഭവിച്ചത്. അപ്പെസൂസു സൂനഹദോസിൻെറ വിശ്വാസം സ്വീകരിച്ചിരുന്ന അദ്ദേഹം ആ സൂനഹദോസിൻെറ ഒന്നാം കാനോനായിൽ അടങ്ങിയിരിക്കുന്ന സത്യം വേണ്ടവിധം ഗ്രഹിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു നവീന പാഷണ്ഡതയുടെ കർത്താവാകുകില്ലായിരുന്നു.

എവുത്തിക്കിസിന് രാജസഹായം ഒട്ടും കുറവില്ലായിരുന്നു. ബൊസന്തിയായിലെ മന്ത്രി ക്രിസാഫേസ് സ്വപക്ഷത്തിലായിരുന്നതിനാൽ അയാൾക്ക സൈന്യബലം ധാരാളമുണ്ടായിരുന്നു. പോരെങ്കൽ അയാളുടെ ആപന്മിത്രവുമായിരുന്നു അലക്സാന്ത്രിയായിലെ ദിയസ്ക്കോറോസു പാത്രിയക്കീസു.

നവീന പാഷണ്ഡതയെ നേരിട്ടവരിൽ പ്രഥമഗണനീയൻ ബൊസന്തിയായിലെ വി. ഫ്ളാവിയനായിരുന്നു. ഒരു പ്രാദേശിക സൂനഹദോസിൽവച്ച് അദ്ദേഹം എവുത്തിക്കീസിൻെറ പഠനം ശപിച്ചു. (൪൪൮) എവുത്തിക്കിസ് റോമ്മായിൽ സങ്കടം ബോധിപ്പിച്ചു. (35) എന്തുകൊണ്ട് സമീപസ്ഥനായിരുന്ന അന്ത്യോക്യായിലെ ദോമ്നൂസനെ അയാൾ ആശ്രയിച്ചില്ല? ദോമ്നൂസിനു പരമാധികാരമുണ്ടായിരുന്നെങ്കിൽ ബൊസന്തിയായിക്ക സമീപം നടന്ന ഒരു കാര്യത്തിൽ പൌരസ്ത്യനായ എവുത്തിക്കിസ് റോമ്മാവരെ പോയതെന്തിന്? താൻചെയ്ത വിധിതീർപ്പ് ഉടൻ തന്നെ ഫ്ളാവിയനും റോമ്മായിലറിയിച്ചു. റോമ്മായിലെ ഒന്നാം ലെഓൻ എവുത്തീക്കിസിനെ അനാദരിക്കുകയാണ് ചെയ്തത്.

## തസ്കര സംഘം (449)

താനും ഫ്ളാവിയനും തമ്മിലുണ്ടായിരുന്ന ഭിന്നത തീർക്കുവാൻ ഒരു സാർവ്വത്രിക സൂനഹദോസു വിളിച്ചുകൂട്ടേണ്ട ആവശ്യകത എവുത്തിക്കിസു രണ്ടാം തെഓദോസിസു ചക്രവർത്തിയെ ബോധപ്പിച്ചു. റോമ്മായിൽനിന്ന് അനുവാദമുണ്ടായി. സംഘത്തിൽ ആദ്ധ്യക്ഷം വഹിക്കുവാൻ റോമ്മാമെത്രാൻ പ്രതിനിധികളേയും അയച്ചു. സംഘം കൂടുവാനുള്ള സ്ഥലം അപ്പെസൂസായിരുന്നു. എന്നാൽ സത്യത്തിനും നീതിക്കും പ

(35) cf. A. Fortescue Lesser E. Churches p. 171.

കരം സൂനഹദോസിൽ ശക്തിക്കായിരുന്ന മുൻസ്ഥാനം. മനുഷ്യാവതാ
രത്തെപ്പററി വിശ്വസിക്കേണ്ട തത്വങ്ങളടങ്ങിയതും, രണ്ടുപ്രതിനിധി
കൾവഴി റോമ്മാമെത്രാൻ സംഘത്തിലേക്ക് അയച്ചതുമായ ലേഖനം
അഗണ്യമാക്കി സൈന്യബലത്താൽ അലക്സാന്ത്രിയായിലെ ദിയസ്ക്കോ
റോസു സംഘാദ്ധ്യക്ഷനായി. അലക്സാന്ത്രിയായിലെ ക്കുറിലോസും ദിയ
സ്ക്കോറോസും തമ്മിലുള്ള വ്യത്യാസം കണ്ടാലും. റോമ്മായിലെ അനുവാ
ദത്തോടും അവിടെനിന്നുലഭിച്ച അധികാരത്തോടുംകൂടി വി. ക്കുറിലോസു
൪൩൧-ൽ അപ്പെസൂസിലെ സാർവ്വത്രിക സൂനഹദോസിൽ അദ്ധ്യക്ഷ
നായി. ദയസ്ക്കോറോസാകട്ടെ ൪൪൯-ൽ അതേസ്ഥലത്തുവച്ചുതന്നെ റോ
മ്മായോടെതൃത്ത് സ്വാധികാരം പ്രയോഗിച്ചു. എന്തിന്? ക്കുറിലോസി
ൻെറ വിശ്വാസത്തെ ശപിക്കുവാൻ! വി. ക്കുറിലോസിൻെറ പ്രവൃത്തി
ശരിയായിരുന്നെങ്കിൽ ദിയസ്ക്കോറോസു ചെയ്തതു അബദ്ധമാണ്. ദിയ
സ്ക്കോറോസു ശരിയായി പ്രവൎത്തിച്ചെങ്കിൽ വി. ക്കുറിലോസു ചെയ്തതു
തെററായിപ്പോയി. പക്ഷെ ക്കുറിലോസിനെ ഒരു വിശുദ്ധനായി നാമെ
ല്ലാവരും— യാക്കോബായക്കാരും— വണങ്ങുന്നു. ആസ്ഥിതിക്ക് ദിയസ്ക്കോ
റോസിനെ എങ്ങിനെ വിശുദ്ധനാക്കും ?

എവുത്തിക്കിസ് നിരപരാധിഎന്നും ഏക സ്വഭാവവാദികളുടെ
മതം തെററല്ലെന്നും ദിയസ്ക്കോറോസു പ്രഖ്യാപനം ചെയ്തു. ഫ്ളാവി
യനാദി വിശുദ്ധന്മാരെ ശപിക്കുകയും അവരുടെ സ്ഥാനത്ത് തൻെറ
ഇഷ്ടന്മാരെ മെത്രാന്മാരായി സ്ഥാപിക്കുകയും ചെയ്തു. ഇങ്ങനെ ബൊ
സന്തിയായിൽ അനത്തോളിസ് സ്ഥാപിക്കപ്പെട്ടു. അന്ത്യോക്യായിലെ
ദോമ്നൂസ് ഈ കൂട്ടത്തിൽ ബഹിഷ്കൃതനായി. തൽസ്ഥാനത്തു മാക്
സിമോസ് ഉയൎത്തപ്പെട്ടു. (36) സംഘനിയമങ്ങൾക്കു മെത്രാന്മാരെല്ലാ
വരും ഒപ്പുവയ്ക്കണമെന്നായി. ആയുധപാണികളായി ചുററുംനിന്നിരുന്ന
യോദ്ധാക്കളെകണ്ടുഭയന്ന് പലരും അങ്ങിനെചെയ്തു. ഒപ്പുവയ്ക്കാതെ ര
ക്ഷപെട്ടവരുടെ കൂട്ടത്തിൽ റോമ്മായിൽ നിന്നു വന്ന പ്രതിനിധികളു
മുണ്ടായിരുന്നു. ശത്രുക്കളിൽനിന്നു സഹിച്ച ഉപദ്രവങ്ങൾ നിമിത്തം വി.
ഫ്ളാവിയൻ മരണംപ്രാപിച്ചു. മരണത്തിനുമുമ്പ കഷ്ടങ്ങൾ അദ്ദേഹം
റോമ്മായിൽ ബോധിപ്പിക്കയുണ്ടായി. സംഘനിയമങ്ങൾ നടപ്പിലാക്കുവാ
ൻ ചക്രവൎത്തി ശ്രമിച്ചതിൻെറഫലം സകലത്ര ബഹളമായിരുന്നു. (37)

ബൊസന്തിയാ സിംഹാസനാരൂഢനായ ഉടനെ അനത്തോളീ
സ് തൻെറ കത്തോലിക്കാവിശ്വാസം പ്രസിദ്ധപ്പെടുത്തി റോമ്മായിൽ
നിന്നു മാപ്പുവാങ്ങിച്ചു. മററുപലരും അനത്തോളിസിനെ ഈ വിഷയ
ത്തിൽ അനുഗമിച്ചു. ദിയസ്ക്കോറോസിനാൽ സ്ഥാനത്യാഗം ചെയ്യപ്പെട്ട
പൌരസ്ത്യമെത്രാന്മാർ റോമ്മായിലേക്ക് ഇങ്ങനെഎഴുതി ...“അങ്ങുന്നു
ഏററം വലിയപിതാവും നാഥനും പാത്രിയൎക്കീസുമാണ്, ശിഷ്യന്മാരു
പ്രഭുവായ പത്രോസ്ശ്ലീഹായുടെ പിൻഗാമിയാണ് അങ്ങുന്ന്. അങ്ങേ

(36) cf. The Lesser Eastern Churches p. 174.
(37) cf. A. Fortescue "The Lesser Eastern Churches"–Monophysite Heresy.

ന് ജീവിച്ചിരിക്കയാൽ ദിയസ്കോറോസിന് ഇപ്രകാരം പ്രവർത്തിക്കു വാൻ എന്തധികാരമാണുള്ളത്." (38) ക്രിസ്ത്വബ്ദം 978-ൽ ചരിത്രമെഴുതിയ ഒരു യാക്കോബായ ചരിത്രകാരനായ മുക്കാഫാ സെവേരുസിന്റെ വാക്യങ്ങൾ തന്നെയാണ് ഇവിടെ തർജ്ജമചെയ്തു ചേർത്തിരിക്കുന്നതെന്നും അറിഞ്ഞാലും (39).

## ൧൨-ാം അദ്ധ്യായം.

### അഞ്ചാം ശതാബ്ദത്തിൽ അന്ത്യോക്യാ. (തുടർച്ച.)

### കൽക്കിദോനിയാസൂനഹദോസ്. (451)

തെഒദോസിസു ചക്രവർത്തി സന്താനമില്ലാതെ നാടുനീങ്ങുകയാൽ അദ്ദേഹത്തിന്റെ സഹോദരി പുൽക്കേറിയാ ഭരണം സ്വീകരിച്ചു. ഒരുത്തമകത്തോലിക്കയായിരുന്ന ഈ മഹതി രാജ്യത്തിൽ സകലത്ര സമാധാനവും മതവിഷയത്തിൽ ഐക്യവും പാലിക്കുവാൻ താൻ തന്നെ മതിയാകുകയില്ലെന്നു കണ്ട് സ്വഭർത്താവു മർക്കിയാനോസിന്റെ (൪൫൦-൪൫൭) സഹായസഹകരണത്തോടുകൂടിയാണു ഭരണമാരംഭിച്ചത്. പുണ്യശ്ലോകരായ ഈ ദമ്പതിമാർ ഏകസ്വഭാവവാദത്തെ ശപിക്കുന്നതിനും സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിനും ഒരു സാർവ്വത്രിക സൂനഹദോസു വിളിച്ചുകൂട്ടണമെന്ന് റോമ്മായിൽ അവശ്യപ്പെട്ടതിന്റെ ഫലമാണ് ഏകസ്വഭാവവാദികളുടെ ദ്വേഷവിഷയമായിരിക്കുന്ന കൽക്കിദോനിയാ സൂനഹദോസ്. (1) ഈ സൂനഹദോസിന്റെ സാഹചര്യങ്ങളും അതിൽ കൂടിയ മെത്രാന്മരുടെ സ്ഥിതിയും ഈ സൂനഹദോസ് "ബലബന്ധ"ത്താൽ കൂട്ടപ്പെട്ടതല്ലെന്നു തെളിയിക്കുന്നു.

പസ്കസിനൂസ്, ലൂക്കേൻസ്യൂസു എന്ന രണ്ടു മെത്രാന്മാരും ബൊനിപ്പാസിസ്, ബസേല്ലിസ് എന്ന രണ്ടു പട്ടക്കാരും റോമ്മാമെത്രാന്റെ പ്രതിനിധികളായി സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ചു. സൂനഹദോസു പിതാക്കന്മാർക്ക് റോമ്മായിലെ ലെയോൻ ഇങ്ങനെ എഴുതി. "ശ്ലൈഹികസിംഹാസനത്താൽ നിയുക്തന്മാരായ പസ്കാസിനൂസ് ലൂക്കേൻസിയൂസ് എന്ന മെത്രാന്മാരും, ബൊനിപ്പാസിസ് ബെസേലിസ്, എന്ന പട്ടക്കാരുമായ സഹോദരന്മാരിൽ, നിങ്ങളുടെ സൂനഹദോ

(38) Cod. Vat. (Arabic) 159, p. 129.
(39) cf. C, B. Benni O. C.
(1) A. Fortescue Lesser E. Churches.

സിൽ നാം ആദ്ധ്യക്ഷ്യം വഹിക്കുന്നു എന്നു നിങ്ങളുടെ സാഹോദര്യം അറിയണം. നമ്മുടെ പ്രതിനിധികളിൽ നിങ്ങളുടെ ഇടയിലായിരിക്കുന്ന നമ്മുടെ സാന്നിദ്ധ്യം നിങ്ങളിൽനിന്നു വേർപെട്ടിരിക്കുന്നതായി നിങ്ങൾ വിചാരിക്കരുതു്" (2)

സൂനഹദോസിൽ സംബന്ധിച്ചവരിൽ, റോമ്മായിൽനിന്നു വന്നവരൊഴികെ, എല്ലാവരും പൌരസ്ത്യരായിരുന്നു. ബൊസന്തിയായിലെ അനത്തോളിസും അന്ത്യോക്യായിലെ മാക്സിമോസും ഓർശ്ലേമിലെ യൂവനേലും അവിടെയുണ്ടായിരുന്നു.

റോമ്മായിൽനിന്നു വന്ന പസ്സാസിനൂസ്: "ദിയസ്കോറോസ് നമ്മുടെ കൂടെ ഇരിക്കുവാൻ പാടില്ല. സ്വയം ആദരിക്കുവാൻ അയാളെ അനുവദിക്കണം എന്ന് അതിവിശുദ്ധനായ....... മാപ്പാപ്പായിൽനിന്ന് ഞങ്ങൾ ഉപദേശം സ്വീകരിച്ചിട്ടുണ്ട്" (3)

ലൂക്കൻസിയൂസ്:- "എന്തുകൊണ്ടെന്നാൽ അയാൾ ശ്ലൈഹിക സിംഹാസനത്തിൽ നിന്നുള്ള അധികാരമില്ലാതെ ഒരു സൂനഹദോസു കൂട്ടുവാൻ മുതിൎന്നു. അതൊരിക്കലും നടക്കാത്തതും നടക്കുവാൻ പാടില്ലാത്തതുമാണ്." (4)

പൌരസ്ത്യമെത്രാന്മാർ:- "ഫ്ളാവിയനെ കൊന്നവനെ പുറത്തിറക്കി വിടുവിൻ." (5)

തസ്കരസംഘത്താൽ സ്ഥാനഭ്രംശം ചെയ്യപ്പെട്ട ചിലരെയെല്ലാം അവരുടെ പൂൎവ്വസ്ഥാനങ്ങളിൽതന്നെ ഉറപ്പിക്കുകയായിരുന്നു സൂനഹദോസു പിന്നീടു ചെയ്തതു്.

മൂന്നാം കൂടിയാലോചനയിൽ ദിയസ്കോറോസിൻെറ മേൽ വിധി പ്രസ്താവിക്കപ്പെട്ടു.

പസ്സാസിനൂസ്: "അലക്സാന്ത്രിയായിൽ ഇതിനുമുമ്പു മെത്രാനായിരുന്ന ദിയസ്കോറോസിനാൽ കാട്ടിക്കൂട്ടപ്പെട്ട അക്രമങ്ങൾ തെളിഞ്ഞിരിക്കുന്നു. അയാളുടെ കുററബഹുലത സംബന്ധമായി ഒന്നും പറയുന്നില്ല.... നമ്മുടെ പിതാവും അതിമെത്രാനുമായ വി. ഫ്ളാവിയനാൽ സ്ഥാനഭ്രംശം ചെയ്യപ്പെട്ടവനും തൻെറ പാൎശ്വവൎത്തിയുമായ എവുത്തിക്കീസിനെ സ്വാധികാരത്താലും കാനോനികമല്ലാതെയും അയാൾ (തൻെറ) ഐക്യത്തിൽ സ്വീകരിച്ചു. ഇതും അപ്പെസൂസിൽ മററു മെത്രാന്മാരുടെ ഒരുമിച്ച് സൂനഹദോസിൽ ഇരിക്കുന്നതിനു മുമ്പായിരുന്നു. മനസ്സറിവുകൂടാതെ വരുത്തിയ തെററുകളെ പരിശുദ്ധ സിംഹാസനം അവരോടു (മററു മെത്രാന്മാരോട്) ക്ഷമിച്ചു. അതിവിശുദ്ധനും അതിമെത്രാനുമായ (റോമ്മായിലെ) ലെഓനും വിശുദ്ധവും സാൎവ്വത്രികവുമായ സൂനഹദോസിനും അവർ ഇപ്പോഴും കീഴ്വഴങ്ങുന്നു. ഈ കാരണത്താൽ വിശ്വാസത്തിൽ തൻെറ കൂട്ടുകാരായി അദ്ദേഹം (റോമ്മാ

(2) Ep. XCIII. c. 1.
(3) Act I. Labbe. T; IV. p. 94; Hard. T. II. p. 68.
(4) Ibidem,
(5) cf. The Lesser E. Ch. p. 178.

മെത്രാൻ) അവരെ തന്റെ ഐക്യത്തിൽ സ്വീകരിച്ചു. എന്നാൽ ഏതു സാഹചര്യങ്ങളാൽ (അയാൾ) കരകയും നിലംവരെ താഴ്കയും ചെയ്യേണ്ടിയിരുന്നുവോ ആ സാഹചര്യങ്ങൾ ഹേതുവാൽ തന്നെ ദിയസ്കോറോസ് അഹംഭാവത്തോടെ വർത്തിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. കൂടാതെയും ഭാഗ്യസ്മരണാർഹനായ വി. ഫ്ളാവിയന്റ് വി. ലെഓൻമാർപ്പാപ്പാ അയച്ചിരുന്ന ലേഖനം വായിക്കുവാൻപോലും അയാൾ സമ്മതിച്ചില്ല. ഇതും ദൂതന്മാരുടെ മുട്ടിപ്പായുള്ള നിർബന്ധത്തിനും അങ്ങിനെ ചെയ്യാമെന്ന് ആണയിട്ടുള്ള അയാളുടെ വാഗ്ദാനത്തിനും ശേഷമാണ് സംഭവിച്ചത്. ഇടർച്ചയും മര്യാദകേടും കൊണ്ട് വിശുദ്ധ പള്ളികളെ നിറയ്ക്കുക എന്നതാണ് ലേഖനം വായിക്കാതിരുന്നതിന്റെ ഫലം. ഈ വക അക്രമങ്ങൾ എല്ലാം അയാൾ ചെയ്തെങ്കിലും അയാളുടെ ഒരുമിച്ച് സമാധികാരം നടത്തുക കൂടെ ചെയ്യാതിരുന്ന മെത്രാന്മാരോടെന്നപോലെ, അയാളുടെ കഴിഞ്ഞുപോയ കുററങ്ങൾ സംബന്ധമായി അയാളോടു ദയാപൂർവ്വം വർത്തിക്കണമെന്നായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. എന്നാൽ അനന്തര വ്യാപാരത്താൽ പഴയഅക്രമത്തെ. . . അതിശയിച്ച് വലിയ റോമ്മായിലെ അതിപരിശുദ്ധനും പൂജ്യനും അതിമെത്രാനുമായ ലെഓന്റെ മേൽ 'മഹറോൻ' ഉച്ചരിക്കുവാൻ അയാൾ മുതിർന്നതിനാലും, അയാൾക്കു വിരോധമായുള്ള പ്രമാദകുററങ്ങൾ നിറഞ്ഞ ഒരു പത്രം മഹാ പരിശുദ്ധ സൂനഹദോസിൽ സമർപ്പിക്കപ്പെട്ടിട്ടും അയാൾ ഹാജരാകാഞ്ഞതിനാലും, കണ്ടാലും, തനിക്കു വിരോധമായി ശിക്ഷാവിധി അയാൾ തന്നെ പ്രസ്താവിച്ചിരിക്കുന്നു. അകയാൽ വലിയതും ഏററം പുരാതനവുമായ റോമ്മായിലെ അതിമെത്രാനായ അതിപരിശുദ്ധനും പൂജ്യനുംആയ ലെഓൻ ഞങ്ങളുടെയും ഈ സൂനഹദോസിന്റെയും സഹായത്താൽ, കത്തോലിക്കാപ്പള്ളിയുടെ പാറയും, അടിസ്ഥാനവും, സത്യവിശ്വാസത്തിന്റെ അടിത്തറയും ഏററം പരിശുദ്ധനും അതിവന്ദനീയനുമായ പത്രോസിന്റെ ഒരുമിച്ച് അയാളെ മെത്രാസ്ഥാനത്തു നിന്നും, എല്ലാ വൈദിക പരികർമ്മങ്ങളിൽ നിന്നും മാററിയിരിക്കുന്നു. ഇപ്രകാരം മേൽപറഞ്ഞ ദിയസ്കോറോസിനു വിരോധമായി വിശുദ്ധമായ ഈ മഹാ സൂനഹദോസ് കാനോനാകൾ നിർമ്മിക്കുന്നു". (6)

കൂടിയിരുന്നവരെല്ലാവരും— അന്ത്യോക്യാപാത്രിയർക്കീസ് മാക്സിമോസും— ഓരോരുത്തരായി അവനവന്റെ സമ്മതവും നൽകി. വിധിത്തിപ്പെഴുതി എല്ലാവരും ഒപ്പുവച്ചു. മാർപ്പാപ്പായുടെ പ്രതിനിധികൾ തങ്ങളുടെ പേരിനോടുകൂടെ താഴെ പറഞ്ഞിരിക്കുന്ന വാക്യവും കൂട്ടിച്ചേർത്തു.

"റോമ്മാപട്ടണത്തിലെ അതിപരിശുദ്ധനും ശ്ലൈഹിക മാർപ്പാപ്പായുമായ ലെഓന്റെ പേർക്ക് ഈ സൂനഹദോസിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഞാൻ— സൂനഹദോസിന്റെ ഏകകണ്ഠമായ സമ്മതത്തോടെ ദിയസ്കോറോസിന്റെ ശാപത്തിനു ഒപ്പുവച്ചിരിക്കുന്നു". (7)

(6) Act III. Labbe. T. IV. p. 425. Hard. T. II. p. 345.
(7) Ikid.

ഇത്രയും ദിയസ്കോറോസിൻെറ കാര്യത്തിൽ പ്രവർത്തിച്ച ശേഷം ഏകസ്വഭാവ വാദത്തിലേക്ക് സൂനഹദോസു പ്രവേശിച്ചു. മനുഷ്യാവതാരത്തെപ്പററി വിശ്വസിക്കേണ്ട തത്വങ്ങളടങ്ങിയതും റോമ്മായിലെ ലെയോൻ സൂനഹദോസിലേക്ക് അയച്ചതുമായ ലേഖനം വായിച്ചപ്പോൾ സൂനഹദോസു പിതാക്കന്മാർ— എല്ലാവരും പൌരസ്ത്യരാണ്— ഏക സ്വരമായി വിളിച്ചുപറഞ്ഞു: "ഇതാണ് പിതാക്കന്മാരുടെ വിശ്വാസം. ഇതാണ് ശ്ലീഹന്മാരുടെ വിശ്വാസം. ഇങ്ങനെ ഞങ്ങളും വിശ്വസിക്കുന്നു. സത്യവിശ്വാസികൾ ഇതു വിശ്വസിക്കുന്നു. പത്രോസ് ലെയോൻ വഴി അരുൾ ചെയ്തിരിക്കുന്നു." (8) സൂനഹദോസിൽ സംബന്ധിച്ച 630 മെത്രാന്മാരിൽ 628—ം പൌരസ്ത്യരായിരുന്നു. (*)

ഈ കൂട്ടത്തിൽ അന്ത്യോക്യാ പാത്രിയർക്കീസ് മാക്സിമോസും ഉണ്ടായിരുന്നു. തസ്കരസംഘത്താൽ സ്ഥാനാരൂഢനാക്കപ്പെട്ട ശേഷം മനസ്താപം മുഖേന റോമ്മായിൽ നിന്ന് അംഗീകരണം വാങ്ങിയ വൈദികാദ്ധ്യക്ഷന്മാരിൽ ഒരാളായിരുന്നു മാക്സിമോസ്. (Vido Supra) അദ്ദേഹം കൽക്കിദോനിയാ സൂനഹദോസിൽ സംബന്ധിക്കുകയും മററു മെത്രാന്മാരുടെ ഒരുമിച്ച് ദയസ്കോറോസിനെയും ഏകസ്വഭാവ വാദത്തെയും ഒന്നുപോലെ ശപിക്കുകയും ചെയ്തു ഒരാളാണെന്നുള്ളതു നിശ്ചയം തന്നെ. (9) ഇതുമല്ല, ഏക സ്വഭാവവാദത്തെ ഖണ്ഡിക്കുന്ന കൽക്കിദോനിയാ വിശ്വാസപ്രമാണം ഉണ്ടാക്കുന്നതിൽ ഭാഗഭാക്കും കൂടിയായിരുന്നു അന്ത്യോക്യായിലെ മാക്സിമോസ്. (10) ഓർശ്ലേമിലെ യൂവനേലും ബൊസന്തിയായിലെ അനത്തോലിസും ഈ വിഷയത്തിൽ മാക്സിമോസിനെ അനുഗമിച്ചു എന്നുള്ളതും പ്രസ്താവ്യമാണ്.

ബഹിഷ്കൃതനായ ദയസ്കോറോസിൻെറ സ്ഥാനത്ത് പ്രൊത്തേറിയൂസ് നിയമിതനായി.

## കൽക്കിദോനിയാ സൂനഹദോസിന് എന്തു വിലയുണ്ട്?

അപ്പെസൂസ് സൂനഹദോസ് ഒരു സാർവ്വത്രിക സൂനഹദോസായി സ്വീകരിക്കുന്നവരെയും, അതിൻെറ വിശ്വാസം സ്വീകരിക്കുവാൻ ഒരുക്കമുള്ളവരെയും ഉദ്ദേശിച്ചാണ് ഇങ്ങനെ ഒരു ചോദ്യത്തിനും ഉത്തരത്തിനും ഇവിടെ സ്ഥലം കൊടുത്തിരിക്കുന്നതു്. അപ്പെസൂസ് സൂനഹദോസു വിളിച്ചുകൂട്ടിയതും തൻെറ പ്രതിനിധിവഴിയായി അതിൽ ആദ്ധ്യക്ഷ്യം വഹിച്ചതും റോമ്മായിലെ സെലസ്റ്റിനോസായിരുന്നു. അപ്പെസൂസിൽ എന്തെല്ലാം അധികാരങ്ങൾ നടത്തപ്പെട്ടുവൊ അവ എല്ലാം റോമ്മായിൽ നിന്ന് വി. കൂറിലോസിനു ലഭിച്ച പ്രാതിനിധ്യം നിമിത്തം

(8) Mansi VI. 972; Hard. II. 305. cf. A. Fortescue O. C. p. 178.
(9) cf. Cath. Eucy. Chalcedon. (10) Ibidem.
(*) Cf. the Lesser E. Ch. p. 177.

മാത്രമാണ് നടത്തപ്പെട്ടത്. റോമ്മായിലെ അധികാരമൊന്നല്ലായിരുന്നെങ്കിൽ അപ്പെസ്സൂസിലെ സൂനഹദോസ് ഒരു സാർവ്വത്രിക സൂനഹദോസായിപരിഗണിക്കപ്പെടുകയൊ അങ്ങിനെഒരുമഹാസംഘം പ്രബലനായബൊസന്തിയാമെത്രാനുവിരോധമായി സമ്മേളിക്കുകയൊ ചെയ്യുകയില്ലായിരുന്നു എന്ന സത്യങ്ങൾക്ക് നെസ്തോറിസിന്റെ ചരിത്രവും സൂനഹദോസു നടപടികളും തന്നെയാണ് ലക്ഷ്യങ്ങൾ. അപ്പെസ്സൂസിൽ ആരുടെ അധികാരം നടന്നുവൊ, ആ റോമ്മാമെത്രാന്റെ അധികാരം തന്നെയാണ് കൽക്കിദോനിയായിലും നടന്നത്. അപ്പെസ്സൂസിന്റെ നടപടികളിൽനിന്ന് റോമ്മായിൽ പരമാധികാരമുണ്ടെന്നു സ്പഷ്ടമാകയാൽ, ഏതു സൂനഹദോസ് സാർവ്വത്രിക സൂനഹദോസായി റോമ്മാ അധികാരം സ്വീകരിക്കുകയും നടത്തുകയും ചെയ്യുന്നുവൊ, ആ സൂനഹദോസിന് അപ്പെസ്സൂസു സൂനഹദോസിനുള്ള വില തന്നെ ഉണ്ടെന്നുള്ളതിൽ തർക്കത്തിനവകാശമില്ല. കൽക്കിദോനിയായിൽ നടത്തപ്പെട്ട അധികാരം റോമ്മായിലെ അധികാരമായിരുന്നു എന്നതു നിസ്തർക്കമാണ്. കൽക്കിദോനിയായിൽ റോമ്മാ മെത്രാൻ ഒരു സാർവ്വത്രിക സൂനഹദോസാണ് വിളിച്ചുകൂട്ടിയത്. തന്റെ പ്രതിനിധികൾ വഴി അദ്ദേഹം അതിൽ ആദ്ധ്യക്ഷവും വഹിച്ചു. ആകയാൽ അപ്പെസ്സൂസിലേത് ഒരു സാർവ്വത്രിക സൂനഹദോസായി സ്വീകരിക്കുന്നവർ കൽക്കിദോനിയായിലേതിനെയും അങ്ങിനെ തന്നെ ചെയ്യണം. അപ്പെസ്സൂസിൽ നടത്തപ്പെട്ട അധികാരംതന്നെ കൽക്കിദോനിയായിലും നടത്തപ്പെട്ടിരിക്കെ അപ്പെസ്സൂസ് സൂനഹദോസു സ്വീകരിക്കുകയും കൽക്കിദോനിയാ സൂനഹദോസു സ്വീകരിക്കാതിരിക്കുകയും ചെയ്യാമൊ? ഒന്നു സ്വീകരിച്ചാൽ മറേറതും സ്വീകരിക്കണം. ഒന്നു സ്വീകരിക്കുന്നില്ലെങ്കിൽ മറേറതും സ്വീകരിക്കരുത്. പക്ഷേ യാക്കോബായ സഹോദരങ്ങൾ അപ്പെസ്സൂസു സൂനഹദോസു സ്വീകരിക്കുകയും കൽക്കിദോനിയായിലേതു സ്വീകരിക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. ഇതെന്തുകൊണ്ടായിരിക്കാം? അപ്പെസ്സൂസിലേത് സ്വീകരിക്കുന്നതും റോമ്മായുടെ പരമാധികാരം സ്വീകരിക്കുന്നതും ഒന്നുതന്നെ എന്നു കാണിക്കുവാനാണ് അപ്പെസ്സൂസു സൂനഹദോസിന്റെ നടപടികൾ എല്ലാം മുകളിൽ വിസ്തരിച്ചു പറഞ്ഞിരിക്കുന്നത്.

## കൽക്കിദോനിയായിലെ വിശ്വാസം.

മ്ശിഹായിൽ ദൈവമനുഷ്യസ്വഭാവങ്ങൾ കലർച്ചകൂടാതെ നില്ക്കുന്നു എന്നാണ് കൽക്കിദോനിയാ സൂനഹദോസു പഠിപ്പിക്കുന്നത്. മ്ശിഹായിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും പൂർണ്ണമായി സ്ഥിതി ചെയ്യുന്നു എന്നതു് ഒരു നവീന ഉപദേശമല്ല. പുത്രൻതമ്പുരാൻ മനുഷ്യാവതാരം ചെയ്തു എന്നതും പീഡസഹിച്ചു മരിച്ചു എന്നതും ക്രിസ്ത്യാനികൾ ആരംഭം മുതൽ വിശ്വസിച്ചുവരുന്ന സത്യങ്ങളാണ്. ദൈവസ്വഭാവത്തിൽ അവിടുത്തേക്ക് പീഡസഹിക്കുവാനൊ മരിക്കുവാനൊ

പാടില്ലാ എന്നതു സുബുദ്ധികളെല്ലാവരും സമ്മതിക്കേണ്ട വേറൊരു സത്യമാണ്.

മ്ശിഹായിൽ ദൈവമനുഷ്യസ്വഭാവങ്ങൾ എങ്ങിനെ യോജിച്ചുനില്ക്കുന്നു എന്നുള്ള അന്വേഷണത്തിലാണ് നെസ്തോറിയൻ പാഷണ്ഡത ഉത്ഭവിച്ചതെന്നും, വി. സ്രിലോസിന്റെ വിശ്വാസം മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നായിരുന്നെന്നും, അപ്പെസ്സൂസിലെ ഒന്നാം കാനോനായിൽ ഈ വിശ്വാസം അടങ്ങിയിരിക്കുന്നെന്നും മുകളിൽ കാണിച്ചിട്ടുണ്ട്. കൂടാതെയും പരിശുദ്ധ കന്യകമറിയം ദേവമാതാവാണെങ്കിൽ മിശിഹായിൽ ദൈവമനുഷ്യസ്വഭാവങ്ങൾ ഉണ്ടായിരിക്കണം എന്നു മുകളിൽ തെളിയിച്ചു കഴിഞ്ഞു. 'ദൊച്ചേത്തി' മുതലായ പാഷണ്ഡരുടെ ഉപദേശങ്ങൾ ഈവിശ്വാസത്തിനു വിരുദ്ധങ്ങളായിരുന്നതിനാൽ അവ പണ്ടേതന്നെ ശപിക്കപ്പെട്ടു. മ്ശിഹാ മനുഷ്യാവതാരം ചെയ്തില്ല, മനുഷ്യനായി കാണികൾക്കു തോന്നിയതെയുള്ളു എന്നു ജല്പിച്ച അദിമപാഷണ്ഡരുടെ ഉപദേശം, മ്ശിഹായിൽ രണ്ടുസ്വഭാവമില്ലെന്നു പറയുന്നവരുടേതിൽനിന്ന് ഒട്ടും ദൂരെയല്ലെന്ന് എല്ലാവക്കും അറിയാമല്ലോ. അദ്ദ്യം പറഞ്ഞ കൂട്ടക്ക് വിരോധമായാണ് വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷവും ലേഖനങ്ങളും എഴുതിയതെന്നു മനസ്സിലാക്കുമ്പോൾ, മ്ശിഹായിൽരണ്ടുസ്വഭാവമുണ്ടെന്നുള്ള കൽക്കിദോനിയായിലെ ഉപദേശം നവീനമല്ലെന്നും ശ്ലീഹന്മാരുടെ ഉപദേശമാണ് അതെന്നും ഗ്രഹിക്കുവാനിടയാകും.

ആകയാൽ കൽക്കിദോനിയാ വിശ്വാസം സ്വീകരിക്കാത്തവർ ഒരു നവീനവിശ്വാസമാണു സ്വീകരിച്ചിരിക്കുന്നതു്. അവർ ശ്ലീഹന്മാരുടെ വിശ്വാസം ഒരുനവീന ഉപദേശത്തിലേക്കു മാററുകയാണു ചെയ്തിരിക്കുന്നതു്.

"എന്നാൽ, ഞങ്ങൾ തന്നെയൊ, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു മാലാഖാതന്നെയൊ, ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചിരിക്കുന്ന സുവിശേഷത്തിനു (പുറമെ) വിപരീതമായ ഒരു സുവിശേഷം നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. ഞങ്ങൾ മുമ്പുപറഞ്ഞതുപോലെ ഇപ്പോഴും ഞാൻ പറയുന്നു. നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനു (പുറമെ) വിപരീതമായി ഒരു സുവിശേഷം ആരെങ്കിലും നിങ്ങളോടു പ്രസംഗിച്ചാൽ, അവൻ ശപിക്കപ്പെട്ടവനാകട്ടെ" (10) എന്നാണ് വി. പൌലോസു ശ്ലീഹാ പഠിപ്പിക്കുന്നതു്. ഇതു് എല്ലാവക്കും ചിന്താവിഷയമായിരിക്കട്ടെ.

പൌലോ—സ്സ്ലീഹാ—ധന്യൻചൊൽ
കേട്ടേ—നിതേ—വം.
നിങ്ങളെ ഞങ്ങളറിയിച്ചതൊഴി—
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമദ്ദൂതൻ

(10) Gal. 1, 8, 9.

താനേക്കം സഭയി — ൻ — ശാാപം
പലതരമുപദേശങ്ങളഹോ
പാരിൽമുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ—
ട്ടവസാനിപ്പിപ്പോ — ൻ — ധന്യൻ.
(യാക്കോബായ കുർബാനക്രമം.)

## ഏകസ്വഭാവവാദവും അന്ത്യോക്യാ പാത്രിയർക്കീസുമാരും.

അന്ത്യോക്യായിലെ ഒന്നാം പാത്രിയർക്കീസു വി. പത്രോസുതന്നെ എന്നതിൽ ആരും തർക്കം പറയുന്നില്ല. ഈശോമ്ശിഹാ ജീവനുള്ള ദൈവത്തിന്റെ പുത്രനാണെന്നു ദൈവവെളിപാടാൽ അറിഞ്ഞ (11) വി. പത്രോസ് തന്റെ ലേഖനം ഒന്നാം അദ്ധ്യായം രണ്ടാം വാക്യത്തിൽ ഈശോമ്ശിഹായുടെ തിരുച്ചോരയെപ്പററി പറയുന്നു.

മ്ശിഹായിൽ ചോരയുണ്ടെങ്കിൽ, അവിടുന്ന് മനുഷ്യാവതാരം ചെയ്തിരിക്കയാൽ, അവിടെക്ക് മനുഷ്യസ്വഭാവം ഉണ്ടാകണം. അവിടുന്ന് ദൈവമാകയാൽ ദൈവസ്വഭാവവും അവിടെക്കുണ്ട്. ഈ രണ്ടു സ്വഭാവവുംകൂടി ഒന്നാകുവാൻപാടില്ലെന്നു മുമ്പു യുക്തിപൂർവ്വം സ്ഥാപിച്ചിട്ടുണ്ട്. ആകയാൽ അന്ത്യോക്യായിലെ ഒന്നാം പാത്രിയർക്കീസു ഏകസ്വഭാവവാദത്തിനു വിരോധിയായിരുന്നു.

വി. പത്രോസിന്റെ പിന്നാലെ അന്ത്യോക്യാ ഭരണം നടത്തിയ വി. എവോദിസിന്റെ പിൻഗാമിയാണല്ലോ എല്ലാവരുടെയും ബഹുമാനത്തിനു യോഗ്യനായ വി. ഇഗ്നാത്തിസ്. അദ്ദേഹം മ്ശിഹായുടെ ദൈവമനുഷ്യസ്വഭാവങ്ങളിൽ വിശ്വസിച്ചിരുന്നെന്നു അദ്ദേഹത്തിന്റെ വാക്യങ്ങളിൽതന്നെ മുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ആറാം അദ്ധ്യായം.)

നിക്യാ സൂനഹദോസിൽ സംബന്ധിച്ച അന്ത്യോക്യായിലെ എവുസ്താത്തിസ് ലാസർ, മത്താ മറിയം എന്നവരെപ്പററിപറഞ്ഞ പ്രസംഗത്തിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:

"......... പിതാവിൽനിന്നു ജനിക്കുകയും...... സമയങ്ങളുടെ അവസാനത്തിൽ അമലോത്ഭവയായ കന്യകയിൽ നിന്നു മാററവും കലർച്ചയും കൂടാതെ വിചാരത്തിനും വാക്കിനും മേലായ വിധം മനുഷ്യാവതാരം ചെയ്യുകയും ചെയ്ത കർത്താവിനെ ...... ആരാധിച്ചുകൊണ്ടു ........." (12)

കൽക്കിദോനിയാ സൂനഹദോസിനു മുമ്പു അന്ത്യോക്യാ ഭരണം നടത്തിയിരുന്ന ദോമ്നുസ് ആയിരുന്നു ഏകസ്വഭാവവാദത്തെ ആദ്യമാ

(11) Math. 16.
(12) Enchridion Patristicum Journel S. J. n. 910.

യി ശപിച്ചത്. (13) തസ്സൂരസംഘത്തിൽവച്ച് അദ്ദേഹം സ്ഥാനഭ്രംശം ചെയ്യപ്പെടുകയും ഉണ്ടായി. (14)

അദ്ദേഹത്തിൻെറ ശേഷം പാത്രിയർക്കീസായ മാക്സിമോസ് കൽക്കിദോനിയായിൽവച്ച് ഏകസ്വഭാവവാദത്തെ ശപിക്കുകയും കൽക്കിദോനിയാ വിശ്വാസപ്രമാണനിർമ്മാണത്തിൽ ഭാഗഭാക്കാകുകയും ചെയ്തില്ലയൊ?

അന്ത്യോക്യാസഭയുടെ ആരംഭംമുതൽ കൽക്കിദോനിയാ സൂനഹദോസുവരെ (451) മററുസ്ഥലങ്ങളിൽ എന്നപോലെ അന്ത്യോക്യായിലും ഏകസ്വഭാവവാദം ഒരു പാഷണ്ഡതയായി പരിഗണിക്കപ്പെട്ടിരുന്നു എന്ന് ഇത്രയും പറഞ്ഞതിൽ നിന്നു സ്പഷ്ടമാകയാൽ, കൽക്കിദോനിയായിലെ വിശ്വാസം നവീനമാണെന്നും അന്ത്യോക്യാ പാത്രിയർക്കീസുമാർ പണ്ടേതന്നെ ഏകസ്വഭാവവാദികളായിരുന്നെന്നും വാദിക്കുക നിരർത്ഥകമാണെന്ന് എല്ലാവർക്കും ബോധപ്പെട്ടുമെന്നു കരുതുന്നു.

ഏകസ്വഭാവ വാദിയായ ഒരു അന്ത്യോക്യാ പാത്രിയർക്കീസ് ഉണ്ടാകുവാൻ പാടുണ്ടോ എന്നുകൂടി അന്വേഷിക്കാം. അന്ത്യോക്യാപാത്രിയർക്കീസു എന്ന പേരുധരിച്ചിരിക്കുന്ന ഒന്നൊ അതിലധികമൊ അന്ത്യോക്യാ പാത്രിയർക്കീസുമാരുണ്ടാകുന്നതിൽ യാതൊരു വൈഷമ്യവുമില്ല. പക്ഷെ, അവർ വി. അഗസ്തീനോസിൻെറയും മററും വിശ്വാസമില്ലാത്തവരും ശ്ലീഹന്മാരുടെ കാലംമുതൽ തന്നെ ശാപമേററുകിടക്കുന്ന പാഷണ്ഡതകളിൽ കുടുങ്ങിയിരിക്കുന്നവരാണെങ്കിൽ, അവർക്കു ന്യായമായ പിൻതുടർച്ചയില്ലെന്ന് എല്ലാവരും സമ്മതിക്കും. ശ്ലീഹന്മാരിൽനിന്നു ന്യായമായ പിൻതുടർച്ചയില്ലാത്തവർ, മെത്രാന്മാരെന്നൊ പാത്രിയർക്കീസുമാരെന്നൊ ഉള്ള വ്യത്യാസം കൂടാതെ, മ്ശിഹായുടെ പള്ളിക്കു പുറത്തുള്ളവരും തദ്വാരാ യാതൊരധികാരവുമില്ലാത്തവരും ആണ്. ഇങ്ങനെയുള്ളവരെ അനുഗമിക്കുന്നവരും ഇങ്ങനെയുള്ളവരുടെ വിശ്വാസമുള്ളവരും പള്ളിക്കുപുറത്തുതന്നെയാണെന്നതും ഗോപ്യമായ ഒരു സംഗതിയല്ല. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിൻെറ വിശ്വാസം മ്ശിഹായിൽ ഒരു സ്വഭാവം മാത്രമേയുള്ളു എന്നാണെന്നു തുറന്നു പറയാതെ തരമില്ല.

## കൽക്കിദോനിയാ സൂനഹദോസിൻെറ ശാപം.

മ്ശിഹായിൽ വ്യത്യാസപ്പെട്ട രണ്ടു സ്വഭാവമുണ്ടെന്നു വിശ്വസിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ എന്നു കൽക്കിദോനിയ സൂനഹദോസു പറയുന്നു. കൽക്കിദോനിയാ സൂനഹദോസിന് അപ്പൊസ്തൊലിക സൂനഹദോസിനുള്ള വിലതന്നെയുള്ളതിനാൽ അതിൻെറ ശാപവും അപ്പൊസ്തൊലന്മാരുടെ ശാപത്തോടു തുല്യഫലമുള്ളതായിരിക്കണം. അ

(13) Bickh. § 207; Cath. Ency. Chalced; Ephesus.
Hafele- Leclercq. Hist. des conc.
(14) Cath. Encycl. Ephesus.

പ്പെന്സൂസിലെ ശാപമേല്ക്കുന്ന ഒരാൾ പള്ളിക്കുപുറത്താകുകയും നിത്യരക്ഷപ്രാപിക്കുവാൻ പാടില്ലാത്ത സ്ഥിതിയിലായിതിരുകയും ചെയ്യുന്നു എന്ന് യാക്കോബായസഹോദരങ്ങളെപ്പോലെ അപ്പെന്സൂസു സൂനഹദോസു സ്വീകരിക്കുന്നവരെല്ലാവരും സമ്മതിക്കും. കൽക്കിദോനിയാ സൂനഹദോസ് അപ്പെന്സൂസിലേതിനോടു സകലത്ര തുല്യമാണെന്ന് മുകളിൽ തെളിയിച്ചിരിക്കുന്നതിൽ നിന്ന്, അപ്പെന്സൂസ് ശാപംപോലെ തന്നെ കൽക്കിദോനിയാ ശാപവും ഒരുത്തനെ പള്ളിക്കു പുറത്താക്കുകയും രക്ഷക്ക് അപ്രാപ്യനാക്കുകയും ചെയ്യുന്നു എന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

### കൽക്കിദോനിയായും ബൊസന്തിയായും.

ബൊസന്തിയാ സൂനഹദോസിന്റെ മൂന്നാം കാനോനാ ബന്ധിച്ച് ചിലതെല്ലാം, മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ബൊസന്തിയായെ ഉയർത്തണം എന്ന് തദ്ദേശ്യർക്കും തന്മെത്രാന്മാർക്കുമുണ്ടായിരുന്ന ന്യായരഹിതമായ അഗ്രഹം കൽക്കിദോനിയായിലും പ്രത്യക്ഷപ്പെട്ടു. ബൊസന്തിയാ സൂനഹദോസിന്റെ വിശ്വാസസംബന്ധമായ കാനോനാകളെ റോമ്മാമെത്രാൻ അംഗീകരിച്ചെങ്കിലും, അന്ത്യോക്യാ മുതലായ പുരാതന സിംഹാസനങ്ങളുടെ പ്രശസ്തി കുറയ്ക്കുവാൻ ഉണ്ടാക്കപ്പെട്ട മൂന്നാം കാനോനാ അദ്ദേഹം തിരസ്ക്കരിക്കുകയാണു ചെയ്തതു്. ഈ കാരണത്താൽ ബൊസന്തയായിലെ മൂന്നാം കാനോനാ ചില ഭേദഗതികളോടെ കൽക്കിദോനിയായിൽ 28-ാം കാനോനായായി പ്രത്യക്ഷപ്പെട്ടുമെന്നായി.

“രാജകീയ നഗരം എന്ന നില നിമിത്തം പഴയ റോമ്മാസിംഹാസനത്തിന് പ്രത്യേക വരങ്ങൾ പിതാക്കന്മാർ യുക്തിപൂർവ്വം കല്പിക്കുകയുണ്ടായി. ഈ ന്യായത്താൽ തന്നെ അതിപരിശുദ്ധസിംഹാസനമായ പുതിയ റോമ്മാക്കു് അതേവിധമുള്ള പ്രത്യേക വരങ്ങൾ 150 മെത്രാന്മാർ നൽകുകയുണ്ടായി; രാജകീയ ശക്തിയാലും ആലോചനാ സംഘത്താലും അലങ്കരിക്കപ്പെട്ട് പുരാതന രാജകീയ നഗരത്തോടു സമബഹുമാനം പ്രാപിച്ചിരിക്കുന്ന ആ നഗരം പള്ളിക്കാര്യങ്ങളിലും മറ്റെ നഗരംപോലെ ഉയർത്തപ്പെടുകയും അതു കഴിഞ്ഞുള്ള രണ്ടാം സ്ഥാനം പ്രാപിക്കുകയും ചെയ്യണമെന്ന് തക്ക ന്യായത്താൽ അവർ വിധിച്ചു...” എന്നാണ് പ്രസ്തുത കാനോനാ. ഏഷ്യാ, പോന്തൂസ്, ത്രാക്കിയാ, എന്ന പ്രദേശങ്ങളിലെ മെത്രാപ്പോലിത്താമാരുടെയും അപരിഷ്കൃത ജാതികൾ നിവസിച്ചിരുന്ന സ്ഥലങ്ങളിലെ മെത്രാന്മാരുടെയും അഭിഷേകം ബൊസന്തിയ മെത്രാനാണ് നടത്തേണ്ടതെന്നും ഈ കാനോനാ നിശ്ചയിച്ചു (15)

കാനോനാ നിർമ്മിക്കപ്പെട്ടപ്പോൾ റോമ്മായിലെ പ്രതിനിധികൾ സ്ഥലത്തില്ലായിരുന്നു. അവർ വന്നുടനെ കൽക്കിദോനിയാ സൂനഹദോസിന്റെ കാനോനാ സംഹിതയിൽ ഇതിനു സ്ഥലമനുവദിച്ചുകൂടാ എ

(15) cf. Irish Eccl. Record. Sept. 1915. p. 277-8.

ന്നായി. അനുവദിക്കുന്നപക്ഷം "(പൂർവ്വിക) കാനോനാകളെ എല്ലാം ഇളക്കിമറിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന് വരുത്തിക്കൂട്ടപ്പെടുന്ന നാശത്തെ സംബന്ധിച്ച് വിധിപറയുവാൻ സാർവ്വത്രിക സഭയുടെ പിതാവായ ശ്ലൈഹിക പുരുഷനെ (റോമ്മാമെത്രാനെ) സംഗതി അറിയിക്കണം" എന്ന് അവർ അവശ്യപ്പെട്ടു. (16)

സ്യൂനഹദോസിൽ ആകപ്പാടെ പരിഭ്രമമായി. കാനോനാ നിർമ്മിച്ചവർ ഒത്തൊരുമിച്ച് റോമ്മാമെത്രാന് ഇങ്ങനെ എഴുതി: "അങ്ങുന്നു ഞങ്ങളുടെ തലയാണ്. ഞങ്ങൾ അംഗ(ങ്ങൾ) മാത്രമാണ്. (അങ്ങേ) പ്രതിനിധികളിൽ അങ്ങുന്ന് ഞങ്ങളുടെ നായകനാണ്. നമ്മുടെ കർത്താവിനാൽ മുന്തിരിത്തോട്ടം ആരുടെ സൂക്ഷത്തിന് ഏല്പിക്കപ്പെട്ടോ ആ പത്രോസിന്റെ സ്വരം വ്യാഖ്യാനിക്കുന്നവൻ അങ്ങുന്നാണ്. ഞങ്ങൾ നിർമ്മിച്ച കാനോനാ സ്വീകരിച്ചുകൊണ്ട്, അങ്ങേ പരിപാലന മുന്തിരിത്തോട്ടത്തിന്റെ ഈ ഭാഗത്തേക്കും തിരിക്കണമെ. അതിവിശേഷമായ കാര്യങ്ങളിൽ ഞങ്ങൾ തലയുമായി യോജ്യതയുണ്ടാക്കിയപോലെ, തല വേണ്ടത് മക്കൾക്കു നൽകുവാനായി അങ്ങേ അനുകൂലവിധിയാൽ ഈ നിശ്ചയത്തെ ബഹുമാനിക്കണമെന്നു ഞങ്ങൾ അങ്ങേയോടു യാചിക്കുന്നു". (17)

റോമ്മാമെത്രാന്റെ അധികാരം കിഴക്കർ ഏതു വിധം സ്വീകരിച്ചിരുന്നെന്നും അതു സംബന്ധമായി ബൊസന്തിയാ സഭയുടെ വിശ്വാസമെന്തായിരുന്നെന്നും ഈ സംഗതികളിൽ നിന്നു ധാരാളം വെളിപ്പെടുന്നുണ്ട്.

റോമ്മായിലെ വിധി എന്തായിരുന്നു? ബൊസന്തിയാ ഉയരുന്നത് അലക്സാന്ത്രിയായ്ക്കും അന്ത്യോക്യായ്ക്കും ഹാനികരമാണെന്നു പറയേണ്ടല്ലൊ. ഈ കാരണത്തെ മുൻനിറുത്തിക്കൊണ്ട് റോമ്മായിലെ ലെഓൻ ഇങ്ങനെ വിധി പ്രസ്താവിച്ചു:

"പത്രോസിന്റെ ശിഷ്യനായ മർക്കോസിൽ നിന്നുള്ള ബഹുമാനത്തിൽ ഒട്ടും അലക്സാന്ത്രിയാപ്പള്ളിക്കു നഷ്ടപ്പെടേണ്ടതല്ല. ദൗർഭാഗ്യത്താൽ ഡിയസ്കോറോസ് പാഷണ്ഡതയിൽ വീണെങ്കിലും ഇത്ര വലിയ ഒരു പള്ളി അതിന്റേതല്ലാത്ത കുററത്താൽ ഇരുളിൽ ഉൾപ്പെടേണ്ടതല്ല. പത്രോസിന്റെ ഭരണകാലത്ത് 'ക്രിസ്ത്യാനി' എന്ന നാമം എവിടെ ആദ്യമായി വിളിക്കപ്പെട്ടുവൊ ആ അന്ത്യോക്യാപ്പള്ളിയും പിതാക്കന്മാരുടെ നിയമങ്ങളിൽ അതിനുള്ള സ്ഥാനം പരിപാലിച്ചുകൊള്ളട്ടെ. അത് (അന്ത്യോക്യാ) മൂന്നാമത്തെ സിംഹാസനമാണ്. ഇതിൽ താഴ്ത്തപ്പെടേണ്ടതല്ല. സിംഹാസനങ്ങളുടെ സ്ഥിതിയും അവയിൽ ഇരിക്കുന്നവരുടെ സ്ഥിതിയും വ്യത്യസ്തങ്ങളാണ്" (18)

റോമ്മാമെത്രാന് ലോകം മുഴുവനിലും അധികാരമുണ്ടെന്നും അന്ത്യോക്യാ മുതലായ പ്രധാന സിംഹാസനങ്ങളുടെ നിലയും വിലയും പാ

(16) The Examiner, Dec. 23, 1922.
(17) The Examiner, Ibid.
(18) Quoted in the Irish Eccl. Record. Sept. 1915.

ലിച്ചുകൊണ്ടു പോകുവാൻ അദ്ദേഹം എത്ര തീഷ്ണതയുള്ളവനാണെന്നും ഇതിൽ നിന്നു തെളിയുന്നു. പ്രോട്ടസ്റ്റൻറുകാരനായിരുന്നപ്പോൾ മിസ്റ്റർ അലിസ്സ്, റോമ്മായിലെ ഒന്നാം ലെഓനെപ്പററി എഴുതിയതു കേട്ടാലും:

"വാസ്തവത്തിൽ, ഒരു കാവൽ സ്ഥാനത്തു നിന്ന് പള്ളി മുഴുവനെയും വീക്ഷിക്കുന്നതായി വി. ലെഓനെ നാം കാണുന്നു: അദ്ദേഹത്തിൻെറ സ്വന്തപള്ളിയുടെമേൽ പ്രത്യേകമായും അവശ്യമുള്ളപ്പോൾ പൌരസ്ത്യ ദിക്കിലേക്കും അദ്ദേഹം ദൃഷ്ടി പതിക്കുന്നു. ഇതിനാൽ അദ്ദേഹം അലക്സാന്ത്രിയായെയും അന്ത്യോക്യായെയും ബൊസന്തിയായെയും എവുഗ്ഗുബിയായെയും വിധിക്കുന്നു. ഇതുമല്ല, കാനോനാകൾക്കു വിരോധമായി വല്ലവരും പ്രവർത്തിക്കുകയൊ, പുരാതന നടപ്പുപേക്ഷിക്കുകയൊ, നിയമവിരുദ്ധമായ (വല്ല) പ്രവൃത്തി നടക്കുകയൊ, മെത്രാന്മാർ ശ്രദ്ധയില്ലാതെയും മെത്രാപ്പോലീത്താമാർ ക്രൂരമായും വ്യാപരിക്കുകയൊ, പാത്രിയർക്കീസുമാരുടെ മേൽ പാഷണ്ഡത ആരോപിക്കപ്പെടുകയൊ, ചെയ്യുമ്പോൾ, ഒരു വാക്കായി പറഞ്ഞാൽ, വിശുദ്ധ സൌധത്തിൻെറ ഒരു കല്ലെങ്കിലും ഇളകുകയൊ വീഴാറായിരിക്കുകയൊ ചെയ്യുമ്പോൾ, അദ്ദേഹം കേടുപോക്കുവാനും പുനഃസ്ഥാപിക്കുവാനും, ഉപദേശിക്കുവാനും കാത്തുസൂക്ഷിക്കുവാനും ശിക്ഷിക്കുവാൻ തന്നെയും തയാറും സദാ ഒരുക്കമുള്ളവനുമാണ്" (19)

റോമ്മായിലെ വിധി അറിഞ്ഞുടനെ ബൊസന്തിയാ മെത്രാനായിരുന്ന അനത്തോളിസ്സ് തൻെറ സ്ഥിതി റോമ്മായിൽ ബോധിപ്പിച്ചു; "എന്നിൽ യാതൊരു കുററവുമില്ലെന്ന് അങ്ങെ പരിശുദ്ധത നിശ്ചയമായി അറിഞ്ഞാലും. . . അവിവേകതയും അന്യരുടെ വസ്തുവിന്മേലുള്ള അഗ്രഹവും എനിക്കു വേണ്ട എന്നു വച്ചിരുന്നതിനാൽ ആ കാര്യത്തിൽ എന്നാൽ യാതൊന്നും ചെയ്യപ്പെട്ടില്ലെന്ന് അങ്ങെ പരിശുദ്ധത വേണ്ടവിധം ഗ്രഹിക്കണമെ" (20)

ബൊസന്തിയാ മെത്രാൻെറ ഈ പ്രവൃത്തി എത്രയൊ സ്തുത്യർഹം! ന്യായരഹിതമായി ബൊസന്തിയായെ ഉയർത്തണമെന്നുള്ള അഗ്രഹം അവിടുത്തെ വിശുദ്ധന്മാരും മര്യാദക്കാരുമായ മെത്രാന്മാർക്കില്ലായിരുന്നെന്നും, അങ്ങിനെയുള്ളവർ എല്ലാവരും റോമ്മാമെത്രാൻെറ ആജ്ഞാനുവർത്തികളായി സദാ വ്യാപരിച്ചിരുന്നെന്നും ഉള്ളതിലേക്ക് ഒരു ഉദാഹരണം, കണ്ടാലും അനത്തോളീസ്സ് ഈ അവസരത്തിൽ നമുക്കു പ്രദാനം ചെയ്യുന്നു.

കൽക്കിദോനിയായിലെ 28-ാം കാനോനായിക്ക് യൌനായാ സീന്നൂയുടെ കാരണകർത്താവായ ഫോസിയൂസു കല്പിച്ചിരിക്കുന്ന വാക്യരീതി അടിസ്ഥാനപ്പെടുത്തികൊണ്ടാണ് ഇത്രയും പ്രസ്താവിച്ചിട്ടുള്ളത്. കാനോനായുടെ സാക്ഷാൽ വാക്യരീതി ഇപ്രകാരമായിരുന്നു. "കാനോനാകൾപ്രകാരം, പരമാധികാരവും ഏററം കൂടുതൽ ബഹുമാനവും റോമ്മായിലെ അ

(19) Church of England cleared p. 101.
(20) Inter Ep. Leon. M. 132. Groot O. P., Apologetica.

തിവിശുദ്ധനായ അതിമെത്രാനു സ്വന്തമായിരിക്കണമെന്ന് എല്ലാത്തിനും മുമ്പായി ഞങ്ങൾ നിശ്ചയിക്കുന്നു. പുതിയ റോമ്മാ ആയ ബൊസന്തിയായിലെ അതിവിശുദ്ധനായ അതിമെത്രാന് ബഹുമാനത്തിൽ അതേ പ്രത്യേകതകളും, ഏഷ്യാ, പോന്തൂസ്, ത്രാക്കിയാ എന്ന സ്ഥലങ്ങളിലെ മെത്രാപ്പോലീത്താമാരെ അഭിഷേകം ചെയ്യുവാനുള്ള ഔദ്യോഗികാധികാരവും ഉണ്ടായിരിക്കണമെന്നും (ഞങ്ങൾ നിശ്ചയിക്കുന്നു,)"

(d'Horbigny S. J. East and West in tho Unity of Christ. pp. 21–23.)

ബൊസന്തിയായെപ്പററി പറയുന്നഭാഗത്ത് പരമാധികാരമെന്ന പദം കാനോനാ നിർമ്മാതാക്കൾ ഉപേക്ഷിച്ചിരിക്കുന്നു എന്ന വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലൊ. 12–ാം ശതാബ്ദത്തിൽ ജിവിച്ചിരുന്ന സൊണാറസ്, ബാൽസമോൻ എന്ന രണ്ടു യവനായ നിയമവിദഗ്ദ്ധന്മാർ പ്രസ്തുത കാനോനായിൽ റോമ്മായുടെ പരമാധികാരമൊന്നു മാത്രമെ കണ്ടെത്തുന്നൊള്ളു. (cf. Duchosno, Tho Churchos Soparatod from Rome: Greek Church and Grook Schism.) പ്രസ്തുത കാനോനാ അംഗികൃതമാകുവാൻ മർക്കിയാനോസു ചക്രവത്തി ചെയ്തു അപേക്ഷക്ക് ലെയാൻ മാർപാപ്പാ ഉത്തരിച്ചതിങ്ങനെയാണ്.

"ശ്ലൈഹികസിംഹാസനം സൃഷ്ടിക്കുവാൻ രാജാവിൻെറ സാന്നിദ്ധ്യം പര്യാപ്തമല്ല."

ഉടൻതന്നെ ചക്രവത്തി മാർപ്പാപ്പായിക്ക് ഇങ്ങനെ എഴുതി: "പുരാതന നടപടിയിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ സമ്മതിക്കാഞ്ഞതിൽ, ശ്ലൈഹികസിംഹാസനത്തിലെ മെത്രാൻ എന്ന നിലയിൽ അങ്ങേ പരിശുദ്ധത ഏററം വിശേഷരീതിയിൽ പ്രവത്തിച്ചിരിക്കുന്നു."

മാർപാപ്പാ പൌരസ്ത്യലോകത്തിനു താഴെവരുന്ന പ്രകാരം തൻെറ തിരുമാനം എഴുതി അറിയിച്ചു: "മെത്രാന്മാരുടെ സമ്മതത്തോടെ ഉണ്ടായിട്ടുള്ള കാനോനാകൾക്കു വിരുദ്ധങ്ങളായ നിശ്ചയങ്ങളെ നാം അസ്ഥിരമാക്കുന്നു. വി. പത്രോസിൻെറ അധികാരശക്തിയാലെ പൊതുവായതും അന്യാധിനമല്ലാത്തതുമായ നമ്മുടെ നിശ്ചയത്താൽ അവയെ റദ്ദാക്കുകയും ചെയ്യുന്നു."

(Sp. 105. Cap. 3. MG. P. L. 54 Col. 1000)

അനത്തോളിസിൻെറ എഴുത്തിലെ വേറൊരു ഭാഗം വളരെ രസാവഹമാണ്. "കല്പിച്ചവ എല്ലാം അനുസരണയോടെ ഞാൻ നിറവേററിക്കൊള്ളാം. എന്തുകൊണ്ടെന്നാൽ അങ്ങേ പരിശുദ്ധതയുടെ അധികാരം കൂടാതെ അതിനു യാതൊരു വിലയും അംഗികരണവും ഇല്ലായിരിക്കുന്നു." വിണ്ടും അതേതെററിൽതന്നെ വിഴരുതെന്നുള്ള കല്പനയോടെ മാർപാപ്പാ അനത്തോളിസിനോടു ക്ഷമിച്ചു. പൌരസ്ത്യദിക്കിൽ റോമ്മായിക്കുണ്ടായിരുന്ന അധികാരം എങ്ങിനെയുള്ളതായിരുന്നെന്നു ഇതിൽ നിന്നെല്ലാം ധാരാളം വിശദമാകുന്നുണ്ടല്ലൊ. (cf. East and West in the Unity of Christ p. 21–23.)

റോമ്മാമെത്രാൻെറതിനു സമമായ പ്രത്യേക വര 'Ta isa Pr es-boia) വും ത്രാക്കിയാ മുതലായ പ്രദേശങ്ങളിൽ അധികാരവും ബൊസന്തിയാ മെത്രാനു കൊടുക്കണമെന്നു പറയുന്ന പ്രസ്തുത കാനോനായിലെ വാക്യരീതി കുറെ കടന്നതെങ്കിലും അതിൽ നിന്നു് നമുക്കു ചില പാഠങ്ങൾ പഠിക്കുവാൻ സാധിക്കും. റോമ്മായോടൊപ്പം പ്രത്യേകവരങ്ങൾ വേണമെന്നു കാനോനാ പറയുന്നെങ്കിലും(പറയുന്നില്ല!) റോമ്മാ കഴിഞ്ഞിട്ടുള്ള രണ്ടാംസ്ഥാനമേ ബൊസന്തിയാക്കു് അതു് കല്പിക്കുന്നൊള്ളു. റോമ്മായിലെ പ്രതിനിധികളുടെ വിരോധം കണ്ടുടനെ കാനോനാ നിർമ്മിച്ചവർ അംഗീകരണത്തിനായി റോമ്മായിലാവശ്യപ്പെട്ടു. റോമ്മായിലെ അംഗീകരണമില്ലാതെ കാനോനാക്കു യാതൊരു വിലയുമില്ലെന്നു് അവർ പൂർണ്ണമായി ധരിച്ചിരുന്നതിനാലാണു് അങ്ങിനെ ചെയ്തതു്. ആകയാൽ റോമ്മാക്കു് ബോസന്തിയായുടെ മേൽ അധികാരമുണ്ടെന്നും ബൊസന്തിയാക്കു റോമ്മായോടു സമം പ്രത്യേകതകൾ അവർ കല്പിച്ചെങ്കിലും റോമ്മായുടെ അധികാരത്തെ (പരമാധികാരത്തെ) അവർ നിഷേധിച്ചില്ലെന്നും പ്രസ്തുത ആ അധികാരത്തിൽ നിന്നുമാണു് ബൊസന്തിയാക്കു പ്രത്യേകതകൾ അനുവദിച്ചു കിട്ടേണ്ടതെന്നും അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നു. കാനോനായുടെ വാക്യരീതി കുറെ കടന്നുപോയെങ്കിലും തൽകർത്താക്കൾ അത്രക്കു വിചാരിച്ചില്ലെന്നും ഇതിൽ നിന്നു സ്പഷ്ടമാകുന്നു. (ഇത്രയും ഫൊസ്ക്യസിൻെറ വാക്യരീതിയെ അടിസ്ഥാനപ്പെടുത്തി പറഞ്ഞിരിക്കുന്നു.)

വിശ്വാസത്തേയോ സന്മാർഗ്ഗത്തേയോ ബാധിക്കാത്ത ഇപ്രകാരമുള്ള ഒരു കാൎയ്യത്തിനുപോലും റോമ്മായുടെ അംഗീകരണം ആവശ്യമാണെങ്കിൽ, ഒരു സൂനഹദോസിനു സാർവ്വത്രികത്വം നൽകുന്നതിനു് ആ അംഗീകരണം അവശ്യാവശ്യമാണെന്നുള്ളതു തർക്കമററ സംഗതിയല്ലയോ? കൽക്കിദോനിയായിൽ ഇപ്രകാരമൊരു കാനോനോ ഉണ്ടാകുന്നതിനുള്ള കാരണം ബൊസന്തിയായിലെ 3-ാം കാനോനാ റോമ്മാ അംഗീകരിക്കാഞ്ഞതാണു്. റോമ്മായുടെ അംഗീകരണമില്ലാഞ്ഞതിനാൽ ബൊസന്തിയാ സൂനഹദോസിൻെറ ഒരു കാനോനാ വിലയററതായി കരുതപ്പെട്ടെങ്കിൽ, ബൊസന്തിയായിലെ ആ സൂനഹദോസിൻെറ (2-ാം സാർവ്വത്രിക സൂനഹദോസിൻെറ) വില മുഴുവനും റോമ്മായിൽനിന്നാണെന്നു തെളിയുന്നു.

കുസ്തന്തിനോസു ചക്രവർത്തി തൻെറ സിംഹാസനം ബൊസന്തിയായിൽ സ്ഥാപിച്ചതോടെ രാഷ്ട്രിയമായി റോമ്മാക്കുണ്ടായിരുന്ന ശ്രേഷ്ഠത മുഴുവനും ബൊസന്തിയാക്കും ലഭിച്ചു. എങ്കിലും ബൊസന്തിയായിലെയോ മററു സ്ഥലങ്ങളിലെയോ മെത്രാന്മാർ ബൊസന്തിയാ മെത്രാനു് ക്രൈസ്തവലോകത്തിൽ പ്രഥമസ്ഥാനമോ പരമാധികാരമൊ ഉണ്ടെന്നു വാദിച്ചില്ല. ബൊസന്തിയാക്കു ലഭിച്ച രാഷ്ട്രിയ സ്ഥാനത്തിനനുരൂപമായ ബഹുമാനവും അധികാരവും വേണമെന്നു് പൌരസ്ത്യർ വാദിച്ചെങ്കിലും റോമ്മാ കഴിഞ്ഞിട്ടുള്ള രണ്ടാം സ്ഥാനം മാത്രമെ കൽക്കിദോനിയായിൽ വച്ചുകൂടെയും അവർ ആവശ്യപ്പെട്ടൊള്ളു. ഇങ്ങിനെയുള്ള

സ്ഥാനവും അധികാരവും റോമ്മായുടെ അംഗീകരണം കൂടാതെ ബൊസന്തിയാക്കുണ്ടാകുവാൻ പാടില്ലെന്ന് അവർ പൂർണ്ണമായി ധരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കയുമാണ് ചെയ്തത്. അവർ റോമ്മായുടെ പരമാധികാരം അനുസരിച്ചിരുന്നെന്നും, ആ പരമാധികാരം തന്നെ ബൊസന്തിയാക്കു കൊടുക്കണമെന്ന് ആവശ്യപ്പെട്ടില്ലെന്നുമല്ലയൊ ഇതിൽ നിന്നുള്ള അനുമാനം? റോമ്മാക്കുണ്ടായിരുന്ന പരമാധികാരം തന്നെ അവർ ആവശ്യപ്പെട്ടിരുന്നെങ്കിൽ റോമ്മായുടെ അംഗീകരണം "അംഗങ്ങൾ" "തല" യോടെന്നപോലെ അവർ ചോദിക്കുമായിരുന്നോ? "രാഷ്ട്രീയമായി റോമ്മാക്കുണ്ടായിരുന്ന ശ്രേഷ്ഠത തന്നെയാണ് പരമാധികാരം" എന്നു പറയുക അബദ്ധമാണെന്നും ഇതിൽ നിന്നു തെളിയുന്നു. പരമാധികാരം രാഷ്ട്രീയമായ ശ്രേഷ്ഠതയായിരുന്നെങ്കിൽ കുസ്തന്തിനോസു തന്റെ സിംഹാസനം ബൊസന്തിയായിൽ സ്ഥാപിച്ചതോടെ പരമാധികാരം ബൊസന്തിയായിലാകുകയും തദ്വാരാ ബൊസന്തിയാ ഒരു കാര്യത്തിലും റോമ്മായെ ആശ്രയിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. ഇതിന് ആരുടെയും അംഗീകരണവും ആവശ്യമില്ലായിരുന്നു. പക്ഷെ, റോമ്മായിലെ സമ്മതമില്ലാതെ വല്ല ബഹുമാനമോ അധികാരമോ ന്യായമായി അക്കം പ്രാപിക്കുവാൻ പാടില്ലെന്ന് ബൊസന്തിയാ മെത്രാന്മാരും പൌരസ്ത്യർ എല്ലാവരും മററു സംഗതികളിൽ എന്നപോലെ ബൊസന്തിയായിലെ മൂന്നാമത്തേതും കൽക്കിദോനിയായിലെ ഇരുപത്തെട്ടാമത്തേയും കാനോനായാൽ അനുസരിച്ചു പറയുന്നു.

ബൊസന്തിയായുടെ സ്ഥിതിസംബന്ധമായി കുറേ പറയുന്നതു നന്നായിരിക്കും. 381 മുതലാണല്ലോ ഉയർച്ചക്കുള്ള ശ്രമം ബൊസന്തിയായിൽ കണ്ടുതുടങ്ങിയത്. ഹെറാക്ലിയായിൽ പെട്ടിരുന്ന 6 പ്രദേശങ്ങളുടെമേൽ 381 മുതൽ തന്നെ ബൊസന്തിയാ അധികാരം നടത്തി തുടങ്ങി. ഇതിനെ തുടർന്ന് അപ്പെസൂസിനും കേസറിയാക്കും കീഴ്പെട്ടിരുന്ന ഏഷ്യായിലെ 22 പ്രദേശങ്ങളും ബൊസന്തിയാ അധികാരത്തിൽപെടുകയുണ്ടായി. ഈവിധമായ അധികാരപ്രയോഗം നിയമവിരുദ്ധമായിരുന്നെങ്കിലും, കൽക്കിദോനിയായിലെ 28-ാം കാനോന അതിന് അംഗീകരണം നൽകുവാൻ ഭാവിച്ചപ്പോളാണ് റോമ്മായിൽനിന്നുള്ള പ്രതിബന്ധം ശക്തിപ്പെട്ടത്.

451-നു ശേഷം ബൊസന്തിയാക്കീഴിൽ നിന്നിരുന്ന രൂപതകളുടെ സംഖ്യ 420 ആയി വർദ്ധിച്ചു. പാത്രിയർക്കീസു എന്ന നിലയിൽ റോമ്മാമെത്രാനു കീഴ്പെട്ടിരുന്ന ഇല്ലിറിക്കം (നൂറിൽപരം രൂപതകൾ അതിലുണ്ടായിരുന്നു) ബൊസന്തിയാക്കീഴിലാക്കുവാൻ 431 മുതൽ തന്നെ അത്യാഗ്രഹികളായ ചക്രവർത്തിമാർ പരിശ്രമം ചെയ്തു തുടങ്ങി. ബൊസന്തിയായിൽ പാഷണ്ഡത കയറിമറിഞ്ഞതോടെ തന്നിഷ്ടം സാധിക്കുവാൻ അവിടത്തെ അധികാരികൾക്ക് ഒട്ടും പ്രയാസമില്ലെന്നായി. 9-ാം ശതാബ്ദത്തിൽ ബൊസന്തിയാക്കീഴിൽ 624 രൂപതകളുണ്ടായിരുന്നു. ഇവയിൽ 51 അതിമെത്രാസനരൂപതകളും 51 ബൊസന്തിയാ മെത്രാനല്ലാ

ത്തെ മററാക്കം കിഴ്പ്പെടാതെ നിന്നിരുന്ന അതിമെത്രാസനരൂപതകളും 522 ഉപരൂപതകളുമായിരുന്നു. റഷ്യർ, സേർബ്യർ, മൊറേവ്യർ മുതലായ വടക്കൻ ജാതികളുടെ ഇടയിലും ഈ കാലത്തു ബൊസന്തിയാ ശക്തി വ്യാപിച്ചു തുടങ്ങി. 11–ാം ശതാബ്ദംവരെ തേങ്ങി തേങ്ങി നിന്ന ശേഷം ഒടുവിൽ പ്രമാദമായ ശീശ്മയാൽ അധഃപതിച്ചു എന്നാണ് ബൊസന്തിയാസഭയുടെ സംക്ഷിപ്ത ചരിത്രം. പാത്രിയർക്കീസു എന്ന നാമം കിട്ടുവാൻ ബൊസന്തിയാ മെത്രാന്മാർ ചെയ്തിരുന്ന അക്ഷീണ പരിശ്രമം ചരിത്രപ്രസിദ്ധമാണ്. കൽക്കിദോനിയായിൽവച്ച് അതിന്ന് വളരെ ശ്രമങ്ങൾ നടത്തുകയുണ്ടായി.

ബൊസന്തിയായുടെ ഉയർച്ച അന്ത്യോക്യാ അധികാരത്തിനു വലിയ ഹാനിയായി എന്നു പറയേണ്ടതില്ലല്ലൊ. സിസ്മയിൽ വീണ ശേഷം "സാർവ്വത്രിക പാത്രിയർക്കീസു"എന്ന നാമം പരസ്യമായി സ്വീകരിച്ച ബൊസന്തിയാ മെത്രാൻ അലക്സന്ത്രിയാ അന്ത്യോക്യാ പാത്രിയർക്കീസുമാരെക്കൂടെയും തന്റെ കിഴാക്കി എന്നു പറഞ്ഞാൽ കാര്യം ഏറെക്കുറെ വ്യക്തമാകും. അലക്സന്ത്രിയാ അന്ത്യോക്യാ മുതലായ സിംഹാസനങ്ങൾ സത്യവിശ്വാസം ഉപേക്ഷിക്കയും റോമ്മാ ഐക്യത്തിൽനിന്നു മാറുകയും ചെയ്തതിനാലാണ് അവക്ക് ഇങ്ങനെയൊരു നിർഭാഗ്യം നേരിട്ടതെന്നും അറിഞ്ഞിരിക്കട്ടെ. അവ റോമ്മാ ഐക്യത്തിൽ നിന്നിരുന്ന നാളുകളിൽ റോമ്മാമെത്രാന്മാർ അവയെ ആദരിക്കുകയും ബൊസന്തിയായുടെ ആക്രമണത്തിൽ നിന്നു സംരക്ഷിക്കുകയും ചെയ്തിരുന്നു. (21) ബൊസന്തിയാമെത്രാൻ സ്വീകരിച്ച "സാർവ്വത്രിക പാത്രിയർക്കീസു" (Oecumonicul Patriarch) എന്ന പേരിന് ഒരു വിശേഷ അർത്ഥമാണു സങ്കല്പിച്ചിരിക്കുന്നത്. പൌരസ്ത്യദിക്കിലെ ഏകപാത്രിയർക്കീസു താനാണ്. പാത്രിയർക്കീസു അധികാരം തനിക്കു മാത്രമെയുള്ളു, മററാക്കം അതുണ്ടായിക്കൂടാ, അതിനാൽ താൻ ഒരു പൊതുപാത്രിയർക്കീസാണ്, എന്നുള്ള അർത്ഥമാണ് ബൊസന്തിയാ മെത്രാൻ പ്രസ്തുത നാമത്തിനു കല്പിച്ചിരിക്കുന്നത്. ഈ ഹേതുവാൽ 'മൂറോൻകൂദാശ ചെയ്യുവാനുള്ള അധികാരം പോലും തന്റെ കിഴ് നില്ക്കുന്ന അലക്സന്ത്രിയാ അന്ത്യോക്യാ മുതലായ പാത്രിയർക്കീസുമാർക്ക് ഈ അടുത്തകാലം വരെ അദ്ദേഹം കൊടുത്തിട്ടില്ലായിരുന്നു.

## ഓർശ്ലേം അന്ത്യോക്യാസിംഹാസനങ്ങൾ.

കൽക്കിദോനിയായിൽ നടന്ന വേറൊരു സംഭവമാണ് ഇനി പറയുവാനുള്ളത്. ഓർശ്ലേമിലെ ഒന്നാം മെത്രാൻ വി. യാക്കോബ് ആയിരുന്നതിനാൽ ഓർശ്ലേം പള്ളിക്കു പണ്ടേതന്നെ വളരെ പ്രധാനതയുണ്ടായിരുന്നു. ഓർശ്ലേം പട്ടണം നാമാവശേഷമായതോടെ ഓർശ്ലേം മെത്രാന്റെ പ്രതാപവും മങ്ങിപ്പോയി. പലെസ്തീനായിലെ കപ്പദോക്കിയാക്കിഴ് ഒരു ഉപരൂപതയായിട്ടായിരുന്നു ഓർശ്ലേമിന്റെ പിന്ന

(21) cf. Catholic Encycl. Constantinople.

ത്തെ നില. നിക്യാ സൂന്നഹദോസിലെ 7-ാം കാനോനാപ്രകാരം ചില ബഹുമാനങ്ങൾ കിട്ടിയെങ്കിലും കേസറിയായുടെ അധികാരത്തിൽ നിന്നു വിമുക്തി പ്രാപിക്കുവാൻ ഓർശ്ലേമിനു സാധിച്ചില്ല. കേസറിയാ അകട്ടെ അന്ത്യോക്യാ കീഴായിരുന്നെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ സ്ഥിതി അകപ്പാടെ ഒന്നു മാററണമെന്നുള്ള ഉദ്ദേശ്യത്തോടെ ഓർശ്ലേം മെത്രാനായിരുന്ന യൂവനേൽ അന്ത്യോക്യായിലെ മാക്സിമോസുമായി കൽക്കിദോനിയാസൂന്നഹദോസിൽവച്ചു വാദം നടത്തി. തസ്കരസംഘത്തിൽ തൻെറ ഇഷ്ടനായിരുന്ന യൂവനേലിനെ ദിയസ്കോറോസ് അന്ത്യോക്യാപാത്രിയർക്കീസിനെക്കാൾ ഉയർന്ന സ്ഥാനത്താണ് ഇരുത്തിയതെന്ന് ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. (22) ആകയാൽ ദിയസ്കോറോസ് തന്നെ— യാക്കോബായക്കാർ വിശുദ്ധനായി വണങ്ങുന്ന ദിയസ്കോറോസുതന്നെ— അന്ത്യോക്യാ പാത്രിയർക്കീസിൻെറ— യാക്കോബായക്കാർ തങ്ങളുടെ തലവനായി കരുതുന്ന അന്ത്യോക്യാ പാത്രിയർക്കീസിൻെറ— സ്ഥാനം തസ്കരസംഘത്തിൽ ഓർശ്ലേം മെത്രാൻെറതിൽ താണതായി പരിഗണിച്ചിട്ടുണ്ടായിരുന്നു.

അന്ത്യോക്യായെ തട്ടിയിടുവാൻ യൂവനേൽ പണ്ടേതന്നെ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ടായിരുന്നു. തസ്കരസംഘഫലമായി പലെസ്തീനായിലെ മൂന്നു വിഭാഗവും അറേബ്യായും ഫെനീക്കിയായിലെ രണ്ടു വിഭാഗവും ഓർശ്ലേം കീഴിൽ ഉൾപ്പെട്ടുപോകയാൽ അന്ത്യോക്യാക്കു വലുതായ നഷ്ടം സംഭവിച്ചിരിക്കയായിരുന്നു. (23) പ്രസ്തുത സ്ഥലങ്ങളിലേക്ക് യൂവനേൽ മെത്രാന്മാരെ വാഴിക്കയാൽ വലിയ തർക്കങ്ങളും നടന്നിരുന്നു. അപ്പെസൂസിൽവച്ച് (431) വി. ക്കുറിലോസ്, ഇതിനായുള്ള ആലോചനക്ക് വിരോധമായി നിന്നതിനാൽ റോമ്മായിൽ നിന്ന് ഓർശ്ലേം മെത്രാൻെറ കാര്യത്തിൽ യാതൊരാനുകൂല്യവുമുണ്ടായില്ല.

കൽക്കിദോനിയാ സൂന്നഹദോസിനു മുമ്പുതന്നെ യൂവനേലും മാക്സിമോസും തമ്മിൽ തർക്കം വീണു. മാക്സിമോസ് തൻെറ കീഴായിരിക്കണമെന്നു യൂവനേൽ വാദിച്ചു. (24) തർക്കം ശുഭമായി പര്യവസാനിക്കയില്ലെന്നു യൂവനേലിനു തന്നെ കൽക്കിദോനിയായിൽവച്ചു ബോദ്ധ്യമാകയാൽ അവിടെവെച്ച് ഉഭയകക്ഷിയും തമ്മിൽ ഒരു രാജിയുടമ്പടി ചെയ്യുകയാണുണ്ടായത്.

“വളരെ തർക്കങ്ങളുടെശേഷം എനിക്കും...... യൂവനേലിനും നല്ലതെന്നു തോന്നിയത് ഇതാണ്...... അന്ത്യോക്യാ സിംഹാസനം ഫെനീക്കിയായിലെ മററു മൂന്നു വിഭാഗവും കൈവശമാക്കിക്കൊള്ളട്ടെ. ഇതു നിങ്ങളുടേയും...... വിശുദ്ധ സൂന്നഹദോസിൻെറയും നശ്ചയ

(22) Catholic Encycl. Ephesus.
(23) L. Berti Comp. H. E. Isagoge. p. CXIII.
(24) Baron., Ann. 487. N. 89.

ത്താൽ രേഖാമൂലം സ്ഥിരപ്പെടുത്തുവാൻ ഞങ്ങളാവശ്യപ്പെടുന്നു. എന്നു മാക്സിമോസ് പറഞ്ഞപ്പോൾ "അതു് സ്ഥിരീകൃതമാകുവാൻ ഞാനും ആവശ്യപ്പെടുന്നു" എന്നു യൂവനേൽ അപേക്ഷിച്ചു. ഉത്തരമായി റോമ്മായിലെ പ്രതിനിധികൾ പറഞ്ഞു: "സമാധാനത്തിനായി നമ്മുടെ സഹോദരന്മാർ തമ്മിൽ യോജിച്ചു പറഞ്ഞവയായി ഇവ അറിയപ്പെടുന്നു." (25)

ഇതൊരുനാളും സമ്മതിച്ചുകൂടാ എന്നും മൂന്നാംസിംഹാസനമായ അന്ത്യോക്യായുടെ പ്രശസ്തിക്കു ഇതു ഹാനികരമാണെന്നും അന്ത്യോക്യായ്ക്കുള്ള പ്രത്യേക വരങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തിക്കൂടെന്നും യൂവനേലിന്റെ ആക്രമണത്തെ തടയണമെന്നും റോമ്മായിലെ ലെഓൻ മാക്സിമോസിനെ ഉടൻതന്നെ എഴുത്താൽ അറിയിച്ചു. (26)

കണ്ടാലും, ബൊസന്ത്യായുടെയും ഓർശ്ലമിന്റെയും ആക്രമണങ്ങളിൽ നിന്നു് അന്ത്യോക്യാ സിംഹാസനത്തെ സംരക്ഷിക്കുന്നതു് റോമ്മാമെത്രാനാണു്.

ഓർശ്ലമിന്റെ അധികരവ്യാപ്തിക്കായി യൂവനേലിനു മുമ്പു അവിടെ ഭരണം നടത്തിയ വി. കൂറിലോസുകൂടെയും ശ്രമിച്ചിട്ടുണ്ടെന്നു പ്രസ്താവ്യമാണു്. (27)

## റോമ്മാ അധികാരം.

അന്ത്യോക്യായിലെ ഒന്നാം പാത്രിയർക്കീസു വി.പത്രോസായിരുന്നു. വേർപാടിന്റെ കാലമെന്നു യാക്കോബായക്കാർ വിളിക്കുന്ന 451-ൽ അവിടത്തെ പാത്രിയർക്കീസു മാക്സിമോസുമായിരുന്നു. ഇവരുടെ ഇടക്കു അന്ത്യോക്യാഭരണം നടത്തിയവരുടെ നാമങ്ങളും അവരിൽ ചിലരുടെ ചരിത്രവും ക്രൈസ്തവസഭയിൽ അന്ത്യോക്യാപാത്രിയർക്കീസുമാർ ഏതു സ്ഥിതിയിൽ പരിഗണിക്കപ്പെട്ടിരുന്നെന്നും ഒന്നാം ശതാബ്ദം മുതൽ 451-വരെ പൌരസ്ത്യസഭ റോമ്മാമെത്രാനെ എല്ലാത്തിലും ആശ്രയിച്ചിരുന്നെന്നും അന്ത്യോക്യാ പാത്രിയർക്കീസുമാരുടെ കാര്യത്തിൽ പോലും റോമ്മാമെത്രാൻ സ്വാധികാരം പല അവസരങ്ങളിലും പ്രയോഗിച്ചിട്ടുണ്ടെന്നും, ക്രൈസ്തവലോകത്തിൽ കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസംകൂടാതെ റോമ്മാമെത്രാൻ അധികാരം നടത്തിയിരുന്നെന്നും അലക്സാന്ത്രിയാ അന്ത്യോക്യാ മുതലായ പൌരസ്ത്യ പാത്രിയർക്കീസുമാർപോലും റോമ്മാമെത്രാന്റെ വിധി പാർത്തിരുന്നിരുന്നെന്നും, സാർവ്വത്രിക സൂനഹദോസുകൾ റോമ്മാ അധികാരം കൂടാതെ നടന്നിട്ടില്ലെന്നും ചരിത്രസംഭവങ്ങളിൽനിന്നുതന്നെ മുകളിൽ തെളിയിച്ചിട്ടുണ്ടു്. റോമ്മാമെത്രാന്റെ അധികാരസ്വഭാവംസംബന്ധമായി ഇനി സംശയത്തിനു

(25) Quoted in The Tablet "An Anglican Pilgrimage and a Gen. Council", June 13, 1925.
(26) L. Berti comp. H. E. Isagoge p. CXIII.
(27) Socrates lib. 2. c. 40. Theodoret lib. 2. c. 26.

വഴിയുണ്ടാകുമെന്നു തോന്നുന്നില്ല. റോമ്മാ അധികാരം പരമാധികാരം തന്നെ ആകുന്നു. വി. പത്രോസു തനിക്കുണ്ടായിരുന്ന പരമാധികാരം റോമ്മായിലാണ് സ്ഥാപിച്ചതു്. ഇതിനു് പത്രോസ് റോമ്മായിൽ പോകേണ്ട ആവശ്യമില്ലായിരുന്നു.വേറെഎവിടെഎങ്കിലുംആയിക്കൊണ്ടു് തന്റെ മരണശേഷം പരമാധികാരം റോമ്മായിലായിരിക്കണം എന്നു നിശ്ചയിക്കുവാൻ പാടുണ്ടായിരുന്നു. പക്ഷെ പത്രോസ് റോമ്മായിൽ പോയി എന്നതും അവിടെ തന്റെ സിംഹാസനം ശാശ്വതമായി സ്ഥാപിച്ചു എന്നതും നേറോൻ ചക്രവത്തിയുടെ കാലത്തു് തലകീഴായി സ്ലീവാമരണം അനുഭവിച്ചു എന്നതും ചരിത്രപ്രസിദ്ധങ്ങളായ അനിഷേദ്ധ്യസത്യങ്ങളാണ്.

റോമ്മാമെത്രാൻ, റോമ്മാരൂപതയുടെ മെത്രാനും, റോമ്മാപ്രദേശത്തിന്റെ മെത്രാപ്പോലീത്തായും,ഇത്താല്യായുടെ പ്രിമാത്തുസും പാശ്ചാത്യദിക്കിലെ പാത്രിയക്കീസും, ലോകം മുഴുവന്റെയുംപിതാവും അഥവാ പാപ്പായും (Papa)വത്തിക്കാൻരാജാവുംആകുന്നു. റോമ്മാമെത്രാൻകത്തോലിക്കാപ്പള്ളിയുടെമെത്രാനാകുന്നു. ക്രിസ്ത്യാനികൾ എല്ലാവരുടെയുംഓരോരുത്തരുടെയുംമേൽ അദ്ദേഹത്തിനു നേരിട്ടുള്ള പരമാധികാരമുണ്ടു്. പരമാധികാരത്തിൽ പത്രോസിന്റെ പിൻഗാമി റോമ്മാമെത്രാനാകയാൽ റോമ്മാപ്പള്ളി എല്ലാ പള്ളികളുടെയും നാഥയും മാതാവുമാണ്. പത്രോസിന്റെമേൽ മ്ശിഹാ പണിതതും, നരകവാതലുകൾ അതിനെ ജയിക്കയില്ല എന്നു വാഗ്ദാനം ചെയ്തതും ഈ പള്ളിയേക്കുറിച്ചാണ്. “ഇതിന്റെ അതിപ്രബലമായ അധികാരം നിമിത്തം ഇതിനോടു മറ്റെല്ലാ പള്ളികളും അവശ്യം യോജിക്കണം” എന്നു് വി. ഇരനേവൂസ് പറയുന്നതും റോമ്മാപ്പള്ളിയെക്കുറിച്ചാണ്. റോമ്മാപ്പള്ളിയാണ് മിശിഹായുടെ ഏകപള്ളി. അതിനു പുറമെ രക്ഷയില്ല. അതിനെ “കേൾക്കാത്തവൻ കാവ്യനേയും ചുങ്കക്കാരനേയുംപോലെ നിനക്കായിരിക്കട്ടെ.” ‘വേർപാടു’ എന്നു യാക്കോബായസഹോദരങ്ങൾ പറയുന്നതു്, റോമ്മാപ്പള്ളിയിൽ നിന്നുള്ള അവരുടെ വേർപാടിനെ ഉദ്ദേശിച്ചാണല്ലൊ എന്നു് വിചാരിക്കുകതന്നെ ദുഃഖകരം!— പുനരൈക്യം.

പാത്രിയക്കീസു എന്ന നിലയിൽ റോമ്മാമെത്രാനുള്ള അധികാരങ്ങൾ, അലക്സാന്ത്രിയാ അന്ത്യോക്യാമെത്രാന്മാക്ക്, നിക്യാ സൂനഹദോസിൽവച്ചു ഉറപ്പിച്ചുകിട്ടി എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പാത്രിയക്കീസുഎന്ന പദത്തിന്റെ അത്ഥം ‘പിതാക്കന്മാരുടെ തലവൻ’എന്നാണ്. റോമ്മാ അലക്സാന്ത്രിയാ, അന്ത്യോക്യാ എന്ന സ്ഥലങ്ങളിലെ മെത്രാന്മാക്കു മാത്രമെ ആദിമശതാബ്ദങ്ങളിൽ ഈ സ്ഥാനപ്പേരുണ്ടായിരുന്നൊള്ളു. അന്ത്യോക്യാ പാത്രിയക്കീസു സദാ മൂന്നാമനായിരുന്നു. ഈ കാരണത്താലാണ് നിക്യാസൂനഹദോസിൽ അന്ത്യോക്യായിലെ എവുസ്താത്തിസ് അലക്സാന്ത്രിയാ പാത്രിയക്കീസിന്റെശേഷംഇരുന്നതും, മൂന്നാം സിംഹാസനം എന്നു് അന്ത്യോക്യാ അറിയപ്പെടുന്നതും. റോമ്മായിൽ പരമാധികാരമുള്ളതിനാൽ റോമ്മായിക്കു് സദാ ഒന്നാം സ്ഥാനം ഉണ്ടാകണം എന്നതു്

അവശ്യംതന്നെ. റോമ്മായുടെ അധികാരവും സ്ഥാനവും രാഷ്ട്രിയസ്ഥിതിയെ ആശ്രയിച്ചു നിന്നിരുന്നെങ്കിൽ ബൊസന്തിയാ റോമ്മായിക്കു സമമാകുകയും, ബൊസന്തിയാ ചക്രവത്തി പാശ്ചാത്യസാമ്രാജ്യം കൂടെയുംഅടക്കി ഭരിക്കുകയും ചെയ്യുമ്പോൾ ആരുടേയും പ്രയത്നം കൂടാതെതന്നെ ഒന്നാം അധികാരവും സ്ഥാനവും ബൊസന്തിയാമെത്രാൻ പ്രാപിക്കുമായിരുന്നു. പക്ഷേ അങ്ങിനെയുള്ള അവസരങ്ങളിൽപോലും ബൊസന്തിയാമെത്രാന്മാർ റോമ്മായുടെ പരമാധികാരം അംഗീകരിച്ചിരുന്നതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അലക്സാന്ത്രിയാക്കു് രണ്ടാം സ്ഥാനവും അന്ത്യോക്യാക്കു മൂന്നാം സ്ഥാനവും കിട്ടിയതിനുള്ള കാരണമെന്താണു്? റോമ്മാ സാമ്രാജ്യത്തിൽ ഈ രണ്ടു പട്ടണങ്ങൾക്കുണ്ടായിരുന്ന സ്ഥാനഭേദം നിമിത്തമാണെന്നു ചിലരും, വി. പത്രോസ് തന്റെ ശിഷ്യനും ഒരു ഏവൻഗേലിസ്തയുമായ വി. മക്കോസിനെ അലക്സാന്ത്രിയായിലേക്കയച്ചു് അ പള്ളി സ്ഥാപിച്ചതിനാലാണു് അലക്സാന്ത്രിയായിക്കു് മുൻസ്ഥാനം ലഭിച്ചതെന്നു മററു ചിലരും വാദിക്കുന്നു. ഈ തക്കത്തിലേക്കു് പ്രവേശിക്കുവാൻ ഉദ്ദേശ്യമില്ല. എന്തുകൊണ്ടെന്നാൽ അന്ത്യോക്യാക്കു് മൂന്നാംസ്ഥാനമേയുണ്ടായിരുന്നൊള്ളു. എന്നു് എല്ലാവരും സമ്മതിക്കുന്നു. അതിനുള്ള കാരണം നിണ്ണയിക്കുന്നതിൽ മാത്രമാണു് തക്കം ഉത്ഭവിച്ചിരിക്കുന്നതു്. കാരണമേതെങ്കിലും ആയ്ക്കൊള്ളട്ടെ. മൂന്നാം സിംഹാസനമായി അന്ത്യോക്യാ റോമ്മായിക്കു് സദാ കിഴ്പ്പെട്ടിരുന്നു എന്നതു് ചരിത്രപ്രസിദ്ധമാണു്.

റോമ്മായുടെ വിശ്വാസത്തിലും ഐക്യത്തിലും നില്ക്കുകയാണു് അന്ത്യോക്യാ പാത്രിയക്കീസിന്റെ യഥാത്ഥസ്ഥിതി.

പ്രാരംഭശതാബ്ദങ്ങളിൽ റോമ്മായുടെ അധികാരപ്രയോഗത്തേയും സ്ഥാനാധികാരങ്ങളേയും പററി ഇപ്പോഴത്തേപോലെ നാം കേൾക്കാത്തതിനുള്ള ഒരു കാരണം "ഗോപനനയ"മാണു്. (Policy of Reserve). ക്രൈസ്തവമതം അശേഷം നശിപ്പിക്കണം എന്നായിരുന്നു റോമ്മാചക്രവത്തികളുടെ സിദ്ധാന്തം. ക്രിസ്ത്യാനികളുടെ തലസ്ഥാനം റോമ്മായാണെന്നും, അവരുടെ തലവൻ അവിടെ അധിവസിക്കുന്നു എന്നും ശത്രുക്കൾ അറിഞ്ഞിരുന്നതിനാൽ ആയിരിക്കണം റോമ്മാമെത്രാന്മാരെ പൊടിയാക്കുവാൻ അവർ പ്രധാനമായി ശ്രമിച്ചിരുന്നതു്. "ഇടയനെ അടിക്കുക ആടുകൾ താനെ ചിതറിക്കൊള്ളും" എന്നല്ലയൊ തത്വം. ഈ കാരണത്താലാണു് റോമ്മാപ്പള്ളിക്കയച്ച ലേഖനത്തിൽ അന്ത്യോക്യായിലെ വി. അഗ്നാത്തിസ് റോമ്മാമെത്രാനെപ്പററി യാതൊന്നും പറയാതിരിക്കുന്നതു്. എങ്കിലും റോമ്മാപ്പള്ളിയുടെ അതിശ്രേഷ്ഠസ്ഥാനത്തെ ഒരുവിധത്തിലും സൂചിപ്പിക്കാതിരിക്കുക യുക്തമായി അദ്ദേഹത്തിനു തോന്നാഞ്ഞതിനാൽ "സ്നേഹസമൂഹത്തിൻ അദ്ധ്യക്ഷ" "റോമ്മാക്കാരുടെ സ്ഥലത്തു് അദ്ധ്യക്ഷകൂടെയും ആയിരിക്കുന്നേ" എന്നിപ്രകാരമുള്ള വിശേഷണങ്ങൾ റോമ്മാപ്പള്ളിക്കു് അദ്ദേഹം കല്പിച്ചിരിക്കുന്നു. വെളിയിൽ കാണപ്പെട്ടാൽ ജിവൻ നഷ്ടപ്പെടുമെന്നു് അറിഞ്ഞിരുന്നിട്ടും, സാവ്വത്രികനായകൻ എന്ന നിലയിലുള്ള ഉദ്യോഗനിവ്വഹണത്തിനു് റോ

മ്മാമെത്രാന്മാർ ആവശ്യപ്പെട്ടപ്പോഴെല്ലാം വെളിയിൽ കാണപ്പെട്ടിട്ടുണ്ട്. ഇപ്രകാരം വി. വിക്തോർ, കല്ലിസ്റ്റോസ് മുതലായവർ തങ്ങളാണ് പരമാധികാരത്തിൽ പത്രോസിൻെറ പിൻഗാമികളെന്ന് ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുവാൻ യാതൊരുവിധത്തിലും ഭയപ്പെട്ടില്ല. ആടുകൾക്കായി തൻെറ ജീവൻപോലും നല്ല ഇടയൻ ബലികഴിക്കുന്നു എന്നുള്ള വിചാരമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. ഗതാഗത സൌകര്യക്കുറവും റോമ്മാ അധികാരപ്രയോഗത്തിനു പ്രതിബന്ധമായിട്ടുണ്ട്.

റോമ്മാമെത്രാന്മാരിൽ ചിലരുടെ സ്വകാര്യജീവിതം ഇടക്കാലങ്ങളിൽ അത്ര അനുകരണീയമല്ലായിരുന്നുഎന്നു തുറന്നുപറയുവാൻ മടിയില്ല. എന്തുകൊണ്ടെന്നാൽ പള്ളിയുടെ തലവൻ എന്നതും സ്വകാര്യപുരുഷൻ എന്നതും വ്യത്യസ്തങ്ങളാണ്. പള്ളിയുടെ തലവൻ എന്ന നിലയിൽ അവക്ക് തെററുവരുകയില്ല. റോമ്മാ മെത്രാന്മാർ ആരും പള്ളിയെ തെററു പഠിപ്പിക്കുയോ തെററിൽ ഉൾപ്പെടുത്തുകയൊ ചെയ്യിട്ടില്ല. അവക്കു അങ്ങിനെ ചെയ്യുവാൻ പാടുമില്ല. കാരണം മുമ്പു പറഞ്ഞിട്ടുണ്ട്. സ്വകാര്യജീവിതത്തിൽ അവരിൽ ചിലർ തെററുചെയ്യു എന്നത് ഒരു വിസ്മയമല്ല. മിശിഹായെ മൂന്നു പ്രാവശ്യം അവലപിക്കുവാനുള്ള നിർഭാഗ്യം പത്രോസ്നും സംഭവിച്ചില്ലയോ? നമ്മേപ്പോലെ ബലഹീനന്മാരായ റോമ്മാമെത്രാന്മാർ സ്വകാര്യജീവിതത്തിൽ തെററാതിരുന്നാൽ അതൊരു വലിയ അത്ഭുതംതന്നെയായിരിക്കും. സ്വകാര്യജീവിതത്തിൽ തെററുക്കൂടാതെ അവരെ കാക്കുന്നതും, പത്രോസിൻെറ കാലം മുതൽ ലോകാവസാനംവരെ മരണംക്കൂടാതെ ഒരാളെ മാപ്പാപ്പായായി സ്ഥാപിക്കുന്നതും, ദൈവത്തിൻെറ ഭാഗത്തുനിന്ന് ഒരേതരത്തിലുള്ള അത്ഭുതങ്ങൾതന്നെയാണ്. രണ്ടാമത്തേതിന് ദൈവം നിർബന്ധിതനല്ലെങ്കിൽ ഒന്നാമത്തേതിനുമല്ല.

## ൧൩-ാം അദ്ധ്യായം.

### 'കൽക്കിദോനിയാ'യുടെശേഷം അന്ത്യോക്യാ.

കൽക്കിദോനിയായിൽവച്ച് ദീയസ്കോറോസ്സും ഏകസ്വഭാവവാദവും ശപിക്കപ്പെട്ടെങ്കിലും ഏകസ്വഭാവവാദികളുടെ ശല്യം അവസാനിച്ചില്ല. സൂനഹദോസിൻെറശേഷം സത്യവിശ്വാസികളെ ഉപദ്രവിക്കുവാനായിരുന്നു അവരുടെ ശ്രമങ്ങൾ. മക്കിയാനോസിൻെറശേഷം ബൊസന്തിയായിൽ ഭരണം നടത്തിയ ചക്രവത്തിമാരിൽ ചിലരെല്ലാം ഏകസ്വഭാവവാദികളും ആയിരുന്നു. മററുചിലരുടെ അവിവേകപ്ര

വൃത്തികൾ നവംനവങ്ങളായ പാഷണ്ഡതകൾക്കും ശിശ്മകൾക്കും കാരണങ്ങളായതല്ലാതെ ഏക സ്വഭാവവാദികളെ തടയുവാൻ പര്യാപ്തങ്ങളായില്ല. ഇങ്ങനെയുണ്ടായ ശിശ്മകളിൽ ഒന്നാണ് "അക്കാക്കിയോൻ ശിശ്മ". കത്തോലിക്കരേയും ഏകസ്വഭാവവാദികളേയും തമ്മിൽ യോജിപ്പിക്കുവാൻ ഹെനോത്തിക്കോൻ (Henoticon—ഐക്യം) എന്ന വിശ്വാസപ്രകാശനപത്രം 482-ൽ സേനോ ചക്രവത്തി പ്രസിദ്ധപ്പെടുത്തി. (1) എന്നാൽ വാദവിഷയം അതിൽ ക്ലിപ്തമായി ഇല്ലായിരുന്നതിനാൽ ഉഭയകക്ഷിക്കും നീരസത്തിനു കാരണമായതെയുള്ളൂ. ചക്രവത്തിയുടെ ഇഷ്ടനായിരുന്ന ബൊസന്തിയായിലെ അക്കാക്കിയോസ് മാർപ്പാപ്പായുടെ അതൃപ്തി അഗണ്യമാക്കി റോമ്മാഐക്യം ഉപേക്ഷിച്ചതിനാൽ അദ്ദേഹത്തിനും അനുയായികൾക്കും 'അക്കാക്കിയോൻ ശിശ്മക്കാർ' എന്നു പേരുണ്ടായി.

ഏജിപ്തിൽ ശക്തിപെട്ട ഏകസ്വഭാവവാദികൾക്ക് തദ്ദേശഭാഷയിൽ ഈജിപ്ത്യക്കാർ എന്നു പേരുണ്ടായി. ഇങ്ങനെ അർമ്മേനിയായിൽ അർമ്മേനിയരും, അബിസീനിയായിൽ അബിസിനിയർ അഥവാ ക്രൂശായരും ഉത്ഭവിച്ചു. പലെസ്തീനാ സുറിയാ മുതലായ സ്ഥലങ്ങളെ അധിവസിച്ചിരുന്നവരാണ് യാക്കോബായക്കാർ. പൌരസ്ത്യഭദ്രാസനങ്ങളെല്ലാം കരസ്ഥമാക്കുവാനായിരുന്നു ഏകസ്വഭാവവാദികൾ ശ്രമിച്ചിരുന്നത്. ൫൱-ാമാണ്ടിന്റെ അവസാനത്തോടെ അലക്സാന്ത്രിയാ, അന്ത്യോക്യാ, ഓർശ്ലേം, ബൊസന്തിയാ എന്ന നാലു സിംഹാസനവും അവർ കൈവശപ്പെടുത്തി. അന്ത്യോക്യാചരിത്രം മാത്രമെ നമ്മുടെ ശ്രദ്ധക്കു വിഷയമാകേണ്ടതൊള്ളൂ.

കൽക്കിദോനിയാ സൂനഹദോസിന്റെ കാലത്തു അന്ത്യോക്യാസഭാഭരണം നടത്തിയിരുന്നതു മാക്സിമോസായിരുന്നെന്നും അദ്ദേഹം റോമ്മാഐക്യത്തിൽ നിന്നിരുന്ന ഒരുത്തമ പാത്രിയക്കീസായിരുന്നെന്നും മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. മാക്സിമോസിന്റെ കാലശേഷം ബസേലീസും (†൪൫൮) പിന്നീട് മത്തിരിയോസും (†൪൭൦) പാത്രിയക്കീസന്മാരായി. ഏകസ്വഭാവവാദികൾ അന്ത്യോക്യാസിംഹാസനത്തിൽ നിന്ന് മത്തിരിയോസിനെ മാററിയശേഷം ൪൭൦-ൽ, തൽസ്ഥാനത്ത് പത്രോസെന്ന (Poter Fullor) ഒരാളെ ഉയത്തി. എന്നാൽ ൪൭൧-ൽ ഒന്നാം ലെഓൻ ചക്രവത്തി പത്രോസിനെ അവിടെനിന്നു മാററി സിംഹാസനം മത്തിരിയോസിനു വിട്ടുകൊടുത്തു. അദ്ദേഹം ജോലി കയ്യേൽക്കാഞ്ഞതിനാൽ യൂലിയാനോസു എന്നൊരാൾ നിയമിതനായി. ലെഓൻ ചക്രവത്തിയുടെ പിൻഗാമിയായിരുന്ന സേനോയെ ഓടിച്ചശേഷം ചക്രവത്തി സ്ഥാനം കരസ്ഥമാക്കിയ ബസിലിസ്ക്കോസ് (ഏകസ്വഭാവവാദി) അന്ത്യോക്യായിൽ പത്രോസിനെ വീണ്ടും സ്ഥാപിച്ചു. (൪൭൫). എന്നാൽ ബസിലിസ്ക്കോസിനെ വധിക്കുകയും ചക്രവത്തി സ്ഥാനം പുനർപ്രാപിക്കുകയും ചെയ്ത സേനോ ൪൭൭-ൽ അന്ത്യോക്യാ സിംഹാസനം യോഹ

(1) J. A; Birkhoeuser Hist. of the Ch. p. 207.

ന്നാൻ കൊദനാത്തുസിനു വിട്ടുകൊടുത്തു. കൊദനാത്തുസിൻെറ പിൻഗാമിയായി എസ്സൂപ്പാനോസു രണ്ടാമനും അദ്ദേഹത്തിൻെറ കാലശേഷം എസ്സൂപ്പാനോസു മൂന്നാമനും അന്ത്യോക്യായിൽ ഭരണം നടത്തി. എസ്സൂപ്പാനോസു മൂന്നാമനെ ഏകസ്വഭാവവാദികൾ അന്ത്യോക്യാസമീപമുള്ള നദിയിൽ തള്ളിയിട്ടു കൊല്ലുകയാണു് ചെയ്തതു്. (2) ൪൬൮ മുതൽ ൪൮൩-വരെ തിരുസ്സഭാ ഭരണം നടത്തിയ സിംപ്ലീച്ചിയൂസ് മാർപാപ്പാ പത്രോസ് ക്നാഫെയൂസ് എന്നൊരാളെ അന്ത്യോക്യായിൽനിന്നു ബഹിഷ്കരിച്ചിട്ടുണ്ടു്. (3) എസ്സൂപ്പാനോസു മൂന്നാമൻെറശേഷം കല്ലാൻദിയോനും അദ്ദേഹത്തിൻെറശേഷം പല്ലാദിയോസും (൪൯൦– ൪൯൮) അന്ത്യോക്യായിൽ ഭരണം നടത്തി. പല്ലാദിയോസ് ഏകസ്വഭാവവാദിയല്ലായിരുന്നോ എന്നു സംശയിക്കുന്നു. ൪൯൮ മുതൽ ൫൧൨-വരെ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന ഫ്ളാവിയൻ രണ്ടാമൻ ആരംഭത്തിൽ അക്കാക്കിയോൻ ശിശ്മയിലായിരുന്നെങ്കിലും പിന്നീടു റോമ്മാഐക്യം പ്രാപിക്കുകയുണ്ടായി. ഇങ്ങനെ അഞ്ചാംശതാബ്ദം അവസാനിക്കുന്നു. (4)

൫൧൨—നുമുമ്പ് അലക്സാന്ത്രിയാ ബൊസന്തിയാ എന്നഭദ്രാസനങ്ങൾ രണ്ടും മാത്രമേ ഏകസ്വഭാവവാദികളുടെ കൈവശത്തിലുണ്ടായിരുന്നൊള്ളൂ. എന്നാൽ ൫൧൨—ൽ ഏകസ്വഭാവവാദിയായിരുന്ന അനസ്താസിയോസ് ചക്രവർത്തിയായിരിക്കെ, ഹിയറാപ്പോലിസു മെത്രാനായിരുന്ന ഫിലൊക്സേനോസിൻെറ നേതൃത്വത്തിൽ ഏകസ്വഭാവവാദികൾ ഫ്ളാവിയൻ രണ്ടാമനെ ബഹിഷ്കരിക്കുകയും സെവേരൂസ് എന്ന ഒരു സന്ന്യാസിയെ അന്ത്യോക്യാ പാത്രിയർക്കീസായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു. ഇതറിഞ്ഞുടനെ റോമ്മായിലെ സിമ്മക്കൂസ് മാർപാപ്പാ സെവേരൂസിനെയും അനുയായികളെയും ‘മഹറോൻ ചൊല്ലി’ എന്നു് യാക്കോബായ ചരിത്രകാരനായ അബ്രൂസ് മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. (5) യൂസ്തീനൂസ് ചക്രവർത്തി (൫൧൮– ൫൨൭) സെവേരൂസിനെ എജിപ്തിലേക്കു നാടുകടത്തുകയും അയാൾ അവിടെവച്ചു് ൫൩൮-ൽ മരിക്കുകയും ചെയ്തു. സെവേരൂസിൻെറ സ്ഥാനത്തു പൌലോസു നിയമിതനായി. ൫൩൩—ൽ ബൊസന്തിയാ സിംഹാസനത്തിൽ കയറിപ്പറ്റുവാൻ സെവേരൂസ് ചെയ്ത ശ്രമങ്ങൾ വിഫലീഭവിച്ചു എന്നും പ്രസ്താവ്യമാണു്. സെവേരൂസ് നാടുകടത്തപ്പെട്ടശേഷം കത്തോലിക്കനായിരുന്ന പൌലോസിൻെറ പിൻഗാമികളായി (കത്തോലിക്കർ) 7–ാംശതാബ്ദം വരെ അന്ത്യോക്യാഭരണം നടത്തിയവർ എവുഫ്റോസിയൂസ്, എവുഫ്റോമിയൂസ്, ദോമ്നൂസ്, അനസ്താസിയോസ്, ഗ്രീഗോരീസ് എ

---

(2) Martyrolog. Rom. April 25.
(3) J. A. Birkhoeser o. c. p. 237.
(4) cf. A. Fortescue Lesser E. Churches.
(5) Codex de Prop. (Arabic) 45. p. 8.

ന്നിവരായിരുന്നു. (6) യുസ്റ്റിനൂസിന്റെ കാലത്ത് എജിപ്റ്റിൽ മാത്രമേ ഏകസ്വഭാവ വാദികൾക്കു ശക്തിയുണ്ടായിരുന്നൊള്ളു.

യുസ്റ്റിനൂസ് ൫൨൭-ൽ നാടുനീങ്ങി. യുസ്റ്റിനിയാനോസ് ഒന്നാമൻ ചക്രവൎത്തിയായി (†൫൬൫). മതവിഷയകമായി യുസ്റ്റിനിയാനോസ് ചിലതെല്ലാം അതിരുകടന്നു പ്രവൎത്തിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഏകസ്വഭാവവാദികളുടെ പരമശത്രുവായിരുന്നു. കൽക്കിദോനിയാസൂനഹദോസ് എല്ലാവരും സ്വീകരിക്കണമെന്ന് അദ്ദേഹം വിളംബരം ചെയ്തു. അതിനു വിസമ്മതിച്ചവരെഎല്ലാം ബന്ധനസ്ഥരുമാക്കി. അലക്സാന്ത്രിയായിലെ ഏകസ്വഭാവവാദിപാത്രിയൎക്കീസായിരുന്ന തെഒദോസീസ് ബന്ധനസ്ഥരിൽ ഒരാളായിരുന്നു. ബൊസന്തിയായിലായിരുന്നു തെഒദോസിസിന്റെ കാരാഗൃഹവാസം. ഇപ്രകാരം യുസ്റ്റിനിയാനോസിന്റെ കാലത്ത് അലക്സാന്ത്രിയായും കത്തോലിക്കൎക്കു ലഭിച്ചു. എന്നാൽ ബൊസന്തിയാഭരണത്തോടു വിരോധം ഭാവിച്ചിരുന്നവരും സുറിയായിലുണ്ടായിരുന്ന ഏകസ്വഭാവവാദികളോടു അനുകമ്പ പ്രദൎശിപ്പിച്ചിരുന്നവരുമായ അൎമ്മേനിയർ ൫൫൪-ൽ തങ്ങളുടെ മതാദ്ധ്യക്ഷനായിരുന്ന നാൎസെസ രണ്ടാമന്റെ (൫൪൮—൫൫൭) നേതൃത്വത്തിൽ ഏകസ്വഭാവവാദികളായിതീൎന്നു. യുസ്റ്റിനിയാനോസിന്റെ കാലത്തുപോലും കൽക്കിദോനിയാ സൂനഹദോസിന്റെ വിലകുറക്കുവാൻ ഏകസ്വഭാവവാദികൾ അശ്രാന്തപരിശ്രമം ചെയ്തിരുന്നു. അതിനായി അവർ, നേരിട്ടല്ലെങ്കിലും, റോമ്മാവരെപോയി എന്നതും പ്രസ്താവ്യമാണ്. ഇതു സംബന്ധമായിനടന്ന 'മൂന്നുഖണ്ഡികകളു'ടെ (The Three Chapters) ചരിത്രം ഇവിടെ വിവരിക്കുന്നില്ല. (7)

## ഏകസ്വഭാവവാദികളിൽ അവാന്തരവിഭാഗങ്ങൾ.

അൎമ്മേനിയരുടെ മതപരിവൎത്തനത്താൽ ഏകസ്വഭാവവാദികളുടെ ശക്തിക്കുടിയെങ്കിലും, സുറിയാ, പലെസ്റ്റീന മുതലായപ്രദേശങ്ങളിൽ അവരുടെകക്ഷി പ്രതിദിനമെന്നപോലെ ക്ഷയോന്മുഖമായിവന്നിരുന്നു. അവരിൽതന്നെ വിഭിന്നങ്ങളായ പല അഭിപ്രായങ്ങൾ ഉത്ഭവിച്ചു. പ്രസിദ്ധനായ സെവേരുസിന്റെ അഭിപ്രായം മിശിഹായുടെ ശരീരത്തിനു ക്ഷയമുണ്ടെന്നായിരുന്നു. (Phthartolatria ക്ഷയാരാധന) ഹലിക്കർനാസ്സൂസിലെമെത്രാന്റെ അഭിപ്രായത്തിൽഅതിനുക്ഷയമില്ലായിരുന്നു. (Aphthartolatria അക്ഷയാരാധന) ഏറെ താമസിയാതെ അക്ഷയാരാധനക്കാരിൽതന്നെ അവാന്തരവിഭാഗങ്ങളുണ്ടായി. മിശിഹായുടെ ശരീരം സൃഷ്ടമെന്നുവാദിച്ചവർ ക്തിസൊലത്രെ (Ktisolatrai) എന്നും സൃഷ്ടമല്ലെന്നുവാദിച്ചവർ അക്തിസൊലത്രെ (Aktisolatrai)

---

(6) L. Berti comp. H. E. Soec, 6.
എവ്രഹ് റോമിയൂസിന്റെ പിൻഗാമിയായി അപ്രേം (Eprem Amitenus) ഭരണം നടത്തിയെന്നു Chronicon Edessenum എന്നകൃതിയിൽ കാണുന്നു. (N. xcvii). cf. Assemani B. O. I. p. 414.

(7) cf. A. Fortesque O. C.

എന്നും അറിയപ്പെടുന്നു. (സ്പൃഷ്ടാരാധനക്കാരും അസ്പൃഷ്ടാരാധനക്കാരും) അലക്സാന്ത്രിയായിൽ സന്യസിച്ചിരുന്ന തെമിസ്ത്തിസും തദനുയായികളും മിശിഹായ്ക്കു സർവ്വജ്ഞാനമില്ലെന്നു വിശ്വസിച്ചിരുന്നു. യോഹന്നാൻ അസ്ക്കസനാഗേസ് മൂന്നു ദേവന്മാരുണ്ടെന്നു പഠിപ്പിച്ചു തുടങ്ങി. ഇങ്ങനെ അവരിൽ തന്നെ ഇരുപതോളം കക്ഷികളുണ്ടായി. ഓരോ അഭിപ്രായവും അതിന്റെ പൂർണ്ണതയിൽ എത്തിയതു് യുസ്റ്റിനിയാനോസു ചക്രവർത്തിയുടെ കാലത്താണ്. അവ സുറിയാ പലെസ്റ്റീന മുതലായ സ്ഥലങ്ങളിൽ വളരെ ശക്തിപ്പെട്ടിരുന്നു. യാക്കോബു ബുർദ്അയാ എന്നൊരാളുടെ ശ്രമമല്ലായിരുന്നെങ്കിൽ ഏവംവിധങ്ങളായ അവാന്തരവിഭാഗങ്ങൾ സുറിയായിലുണ്ടായിരുന്ന ഏകസ്വഭാവവാദത്തെ പാടെ ഉൻമൂലനം ചെയ്യുമായിരുന്നു.

## യാക്കോബായക്കാർ.

യുസ്റ്റിനിയാനോസു ചക്രവർത്തി ഏകസ്വഭാവ വാദികളുടെ ബദ്ധശത്രുവായിരുന്നെങ്കിലും തെഓദോരാ ചക്രവർത്തിനി അവരുടെ ഉററ സ്നേഹിതയായിരുന്നു. ചക്രവർത്തിനി യാക്കോബ് ബുർദ്അയായെ ഒരു കരുവായി ഉപയോഗിച്ചുകൊണ്ടു് സുറിയായിൽ ഏകസ്വഭാവവാദം പുനർജ്ജീവിപ്പിച്ചു. ഥേല്ലായിൽ ജനിച്ച് ബൊസന്തിയായിൽ സന്യസിച്ചിരുന്ന യാക്കോബു ചക്രവർത്തിനിയുടെ ആദരവിൽ മെത്രാഭിഷിക്തനായി. അലക്സാന്ത്രിയായിൽ നിന്നു ബഹിഷ്കൃതനായ ശേഷം ബൊസന്തിയായിൽ കാരാഗ്രഹവാസം ചെയ്തിരുന്ന തെഓദോസിസാണ് യാക്കോബിനെ മെത്രാൻപദത്തിലുയർത്തിയതു്. യാക്കോബിന് കശീശാപ്പട്ടമല്ലാതെ മെത്രാൻപട്ടം കിട്ടിയിട്ടില്ലെന്നു് റെനൌഡൊറവ് മുതലായ ചില ചരിത്രകാരന്മാർ പറയുന്നുണ്ടു്. അതു വാസ്തവമാണെങ്കിൽ യാക്കോബായ പാത്രിയർക്കീസന്മാരുടെയും മെത്രാന്മാരുടെയും പട്ടക്കാരുടെയും പട്ടം ഇപ്പോഴും അസാധുവാണ്. എന്നാൽ അസെമാനി പ്രസ്തുതാഭിപ്രായം സ്വീകാര്യമല്ലെന്നാണു വാദിക്കുന്നതു്. (8) യാക്കോബിന്റെ അഭിഷേകം 543-ൽ നടന്നു. അദ്ദേഹം സ്വല്പ സമയമെങ്കിലും വൃഥാ കളഞ്ഞിരുന്നില്ല. സുറിയാ പലസ്റ്റീനാ കെപ്പദ്രോസ് മുതലായ സ്ഥലങ്ങളിൽ ചുററി നടന്ന് ചിതറിക്കിടന്നിരുന്ന ഏകസ്വഭാവ വാദികളെയെല്ലാം ഏകീഭവിപ്പിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. അനവധി പട്ടക്കാരെയും ശമ്മാശ്ശന്മാരെയും അയാൾ അഭിഷേകം ചെയ്തു. പലക്കും മെത്രാൻപട്ടം കൊടുത്തു. യുസ്റ്റിനിയാനോസു ചക്രവർത്തിയോടുള്ള ഭയം നിമിത്തം വേഷപ്രഛന്നനായാണ് യാക്കോബു ക്ലേശകരങ്ങളായ തന്റെ യാത്രകൾ കഴിച്ചിരുന്നതു്. ആളറിയാതിരിക്കുവാൻ സദാ പുതച്ചുകൊണ്ടു നടന്നിരുന്ന പഴയ ഒട്ടകജിനി തുണിയിൽ നിന്നു് ബുർദ്അയാ എന്ന മറുനാമം മാർ യാക്കോബിനു സിദ്ധിച്ചു. (ܒܪܕܥܐ ബുർദ്അ = ഒട്ടകജിനിതുണി; പഴന്തുണി) 'യാക്കോബായക്കാർ' എന്ന പേരിന്റെ ഉത്ഭവം ഈ യാക്കോ

(8) cf. A. Fortescue O. C. p. 343.

ബിൽ നിന്നാണ്. യാക്കോബായ മപ്രിയാനായിരുന്ന ബർഎബ്രായാ ഇതു സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. (9) വത്തിക്കാൻ ഗ്രന്ഥശാലയിൽ യാക്കോബായ സഭയുടെ ഒരു കയ്യെഴുത്തു പഞ്ചാംഗം ഇരുപ്പുണ്ട്. 1465–നോടു അടുത്ത കാലത്താണ് അതെഴുതിയിട്ടുള്ളത്. ഒരു യാക്കോബായക്കാരനാണ് അതിന്റെ കർത്താവ്. കർക്കടകം 31–ാംനു-യിൽ ഇങ്ങനെ പറയുന്നു. മേർയാക്കൂബ് ബുർദ് ഓയോദ് മെത്തോലോതെ എശ്ത്താ മഹനാൻ യാക്കൂബോയേ. അതായതു്: മാർ യാക്കോബ് ബുർദ് ആയാ, അദ്ദേഹം നിമിത്തം യാക്കോബായക്കാർ എന്നു നാം വിളിക്കപ്പെട്ടു. Cod. Vat Syr. LXIII: 12.

## അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ്.

യാക്കോബായസഭയുടെ സംസ്ഥാപകൻ യാക്കോബ് ബുർദ്അയാ ആയിരുന്നെങ്കിലും അദ്ദേഹം പാത്രിയർക്കിസുസ്ഥാനം കരസ്ഥമാക്കിയില്ല. അന്ത്യോക്യായിൽ നിന്നു ബഹിഷ്കൃതനും ഏകസ്വഭാവവാദിയും ആയിരുന്ന സെവേരുസിന്റെ പിൻഗാമികളായി ഫേള്ളാക്കാരൻ സേർജിയൂസും അദ്ദേഹത്തിന്റെ കാലശേഷം എജിപ്തുകാരൻ പൌലോസും യാക്കോബിനാൽ നിയമിക്കപ്പെട്ടു. അന്ത്യോക്യാ സിംഹാസനം കത്തോലിക്കരായിരുന്ന എവുഫ്റോസിയൂസ്, എവുഫ്റോമിയൂസ് മുതലായ പാത്രിയർക്കീസുമാരുടെ കൈവശമായിരുന്നതിനാൽ യാക്കോബ്, സേർജിയൂസിനും പൌലോസിനും 'അന്ത്യോക്യാ പാത്രിയർക്കീസ്' എന്ന സ്ഥാനപ്പേരു കൊടുത്ത് അവരെ മെസൊപ്പൊത്താമിയായിൽ സ്ഥാപിച്ചു. ഇവരുടെ പിൻഗാമികളാണ് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമാർ. അവർ ഒരിക്കലും അന്ത്യോക്യായിൽ വസിച്ചിട്ടില്ല. അവർ ഏകസ്വഭാവവാദികളും സെവേരുസിനെപ്പോലെ ക്ഷയാരാധനക്കാരുമാണ്. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമാർക്കു ശ്ലീഹന്മാരിൽ നിന്നുള്ള പിന്തുടർച്ചയില്ലെന്നു് കഴിഞ്ഞ രണ്ടദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നവയിൽ നിന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ. 'അന്ത്യോക്യാ പാത്രിയർക്കീസ്' എന്ന പേരല്ലാതെ തദനുരൂപമായ അധികാരം അവർക്കുണ്ടാകുവാൻ പാടില്ലെന്നും മുകളിൽ സകാരണം തെളിയിച്ചിട്ടുണ്ട്. ഏകസ്വഭാവ വാദികളുടെ ഒരു അവാന്തരവിഭാഗമായ യൂലിയനിസ്റ്റുകൾക്കു സുറിയായിൽ സ്വന്തമായി ഒരു പാത്രിയർക്കീസുണ്ടായിരുന്നതിനാൽ യാക്കോബായ പാത്രിയർക്കീസിന്റെ നില ആരംഭത്തിൽതന്നെ സമാധാനപരമായ ഒന്നല്ലായിരുന്നു. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമാരെപ്പററി വേറൊരു സ്ഥലത്തു പറഞ്ഞുകൊള്ളാം. യാക്കോബായ പാത്രിയർക്കീസിന്റെ ഉത്ഭവകാലത്ത് അന്ത്യോക്യായിൽത്തന്നെ വസിച്ചിരുന്നവരും അവരുടെ പിൻഗാമികളുമായ പാത്രിയർക്കീസുമാരുടെ ചരിത്രത്തിലേക്കു പ്രവേശിക്കാം.

---

(9) Chron. Eccl. I. 218. (Syriac)

## അന്ത്യോക്യാ അൎത്താദൊക്ക്സാ പാത്രിയക്കീസ്.

## (Orthodox Patriarch.)

യുസ്തീനൂസ് ചക്രവൎത്തി കത്തോലിക്കരെ അനുകൂലിച്ചിരുന്നെന്നും സെവേരൂസിനെ നാടുകടത്തിയ ശേഷം അന്ത്യോക്യായിൽ കത്തോലിക്കാഭരണം പുനഃസ്ഥാപിച്ചെന്നും മുമ്പു പറഞ്ഞിട്ടുണ്ടു്. സെവേരൂസു ബഹിഷ്കൃതനായപ്പോൾ അന്ത്യോക്യാഭരണം കൈപ്പററിയ കത്തോലിക്കനായിരുന്ന പൌലോസിൻെറ പിൻഗാമികൾ ഏഴാം ശതാബ്ദംവരെ കത്തോലിക്കരായിരുന്നെന്നും പറഞ്ഞുകഴിഞ്ഞു. യുസ്തീനൂസും അദ്ദേഹത്തിൻെറ പിൻഗാമിയായിരുന്ന യുസ്തിനിയാനോസും കത്തോലിക്കരെ അനുകൂലിച്ചതിനാൽ കത്തോലിക്കൎക്കു രാജകീയകക്ഷി എന്നൎത്ഥമുള്ള മൽക്കായർ എന്ന പേരുണ്ടായി. (Melchite: മൽക്കാ ܡܠܟܐ=രാജാവു്) അന്ത്യോക്യായിലെ കത്തോലിക്കാപാത്രിയക്കീസുമാരും 'മല്ക്കായ പാത്രിയക്കീസുമാർ' എന്നു് അന്നു വിളിക്കപ്പെട്ടിരുന്നു. എന്നാൽ ഏഴാം ശതാബ്ദത്തിൽ മല്ക്കായ പാത്രിയക്കീസുമാരുടെ പ്രതാപം മങ്ങിത്തുടങ്ങി. ഗ്രീഗോറിസിൻെറ ശേഷം പാത്രിയക്കീസായ അനസ്ത്യാസിസു രണ്ടാമൻ 610—ൽ മരണം പ്രാപിച്ചു. അദ്ദേഹത്തിൻെറ ശേഷം പാത്രിയക്കീസുമാരായവരുടെ പേരുകൾ എന്തെല്ലാമെന്നുപോലും നിശ്ചയിക്കുവാൻ വഴിയില്ല. അപ്രേം ഗ്രീഗോരീസു് മുതലായി ചിലരുടെ (കത്തോലിക്കരുടെ) നാമങ്ങളും സ്തുത്യൎഹങ്ങളായ പ്രവൃത്തികളും അറിയപ്പെടുന്നുണ്ടു്. റോമ്മാ ഐക്യത്തിൽ നിന്നിരുന്നപ്പോഴെല്ലാം ബൊസന്തിയാ മെത്രാൻെറ അക്രമണത്തിൽനിന്നു് റോമ്മാ മാൎപ്പാപ്പാ മല്ക്കായ പാത്രിയക്കീസുമാരെ സംരക്ഷിച്ചിരുന്നു.

"മ്ശിഹായിൽ ഏകമനസ്സും പ്രവൃത്തിയും" എന്നൊരു നവീനോപദേശം ഇതിനിടക്കുത്ഭവിച്ചു. മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു് പ്രസ്തുതോപദേശം സ്വീകരിച്ചവരും ആരംഭത്തിൽ സമ്മതിച്ചിരുന്നു. (10) മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു് മുമ്പു സകാരണം തെളിയിച്ചിരിക്കുന്നതിൽ നിന്നു് ഈ ഉപദേശം തെററാണെന്നു നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും. എന്തുകൊണ്ടെന്നാൽ പ്രവൃത്തി സ്വഭാവത്തിൽ നിന്നുള്ളതാണു്. (Nature is the Principle of Action) "എൻെറ മനസ്സല്ല, നിൻേറതു നിറവേറട്ടെ" (11) എന്നു മ്ശിഹാ പിതാവിനോടു പ്രാൎത്ഥിച്ചു. ദൈവസ്വഭാവത്തിൽ പിതാവിനും മ്ശിഹാക്കും ഒരു മനസ്സു മാത്രമേയുള്ളു. ആ സ്ഥിതിക്കു 'എൻെറ' 'നിൻെറ' എന്നു രണ്ടു മനസ്സു വ്യത്യാസപ്പെടുത്തിയിരിക്കുന്നതിൽനിന്നു് 'എൻെറ' എന്നുള്ളതു് മനുഷ്യൻ എന്ന നിലയിൽ മ്ശിഹായ്ക്കുള്ള മനസ്സെന്നു ഗ്രഹിക്കണം. ദൈവികങ്ങളായ പ്രവൃത്തികൾ കൂടാതെ ഭക്ഷിക്കുക, പാനം ചെയ്യുക മുതലായ മാനുഷിക പ്രവൃത്തികളും മ്ശിഹാ ചെയ്തിരുന്നു എ

(10) Eccl. Dictionary. (11) Luc. 22.

ന്ന് വേദപുസ്തകം തെളിവായി പറയുന്നു. അകയാൽ 'ഒരു മനസ്സും പ്രവൃത്തിയും' എന്നു പഠിപ്പിക്കുന്ന "ഏകചിത്തവാദം" ഒരു പാഷണ്ഡതയാണ്.

കത്തോലിക്കരേയും ഏകസ്വഭാവവാദികളേയും തമ്മിൽ യോജിപ്പിക്കുവാനായി 'ഏകചിത്തവാദം' എല്ലാവരും സ്വീകരിക്കണമെന്നു ബൊസന്തിയാ ചക്രവർത്തിയായിരുന്ന ഹെറാക്ലിയസ് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ഏകസ്വഭാവവാദികൾ പ്രസ്തുത പാഷണ്ഡത സസന്തോഷം സ്വീകരിച്ചു. ഓർശ്ലേമിലും മററുമുണ്ടായിരുന്ന മല്ക്കായക്കാർ എതൃത്തുനിന്നു. അവരുടെ പ്രധാന നായകൻ ഓർശ്ലേം മെത്രാനായിരുന്ന മാക്സിമോസായിരുന്നതിനാൽ അവക്ക് മാക്സിമോസിൻെറ കക്ഷി എന്നും പേരുണ്ടായി. പക്ഷേ, അന്ത്യോക്യാ മല്ക്കായ പാത്രിയക്കീസു സത്യവിശ്വാസം ഉപേക്ഷിച്ച് ഈ നവീനപാഷണ്ഡത സ്വീകരിക്കുകയാണ് ചെയ്തത്. ആറാമത്തെ സാർവ്വത്രിക സൂനഹദോസിൽ വച്ച് (നവ്വം) ഏകചിത്തവാദിയും അന്ത്യോക്യാ പാത്രിയക്കീസുമായിരുന്ന മക്കാരിസ് സ്ഥാനഭ്രഷ്ടനായി. (12) തദവസരത്തിൽ ബൊസന്തിയാ ചക്രവർത്തിയും പ്രസ്തുത പാഷണ്ഡത ഉപേക്ഷിച്ചു. ഇതെല്ലാമായിട്ടും അന്ത്യോക്യാ പൂർവ്വസ്ഥിതിയിലെത്തിയില്ല. മഹമ്മദിയരുടെ ശല്യവും അന്ത്യോക്യായെ ബാധിച്ചു. ൧൦-ാം ശതാബ്ദത്തിൽ അരംഭിച്ച് ൧൨൭൨-ൽ പൂർണ്ണത പ്രാപിച്ച യൌനായ ശീശ്മയിൽ അധഃപതിക്കുന്നതുവരെ അന്ത്യോക്യാ മല്ക്കായ പാത്രിയക്കീസുമാർ ചാഞ്ഞും ചരിഞ്ഞും നിന്നിരുന്നു. അവരിൽ ചിലർ ഉത്തമ കത്തോലിക്കരായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. ൧൦൫൨-ൽ കാലം ചെയ്ത പത്രോസ് പാത്രിയക്കീസു യൌനായ ശീശ്മ പൂർത്തിയാക്കിയ ബൈസന്തിയായിലെ സെറുലാരിയൂസിനെ വിരോധിച്ചവരിൽ ഒരാളാണ്. (13) ഇദ്ദേഹമാണ് പത്രോസ് മൂന്നാമൻ (൧൦൫൨—൧൦൫൬). ഇദ്ദേഹത്തിൻെറ മുൻഗാമിയും കത്തോലിക്കൻ തന്നെയായിരുന്നു. തൻെറ കീഴിൽ ഏഷ്യാ, ഇൻഡ്യാ മുതലായ രാജ്യങ്ങൾ ഉൾപ്പെട്ടിരുന്നു എന്ന് അദ്ദേഹം ഗ്രാദെനിലെ ദൊമിനിക്കോസിനു (Dominic of Graden) എഴുതിയിട്ടുണ്ട്. (14) ബാബേലിലേക്കുള്ള കാസോലിക്കായെ വാഴിക്കുന്നതും താൻ തന്നെയെന്ന് അദ്ദേഹം അ ലേഖനത്തിൽ പറയുന്നു. അകയാൽ ഈ ലേഖനം എഴുതപ്പെട്ട ൧൦൫൦-ൽ ഇൻഡ്യാ അന്ത്യോക്യായിലെ കത്തോലിക്കാ പാത്രിയക്കീസിൻെറ കീഴിലായിരുന്നു എന്നു തെളിയുന്നു.

പത്രോസു മൂന്നാമനെ അനുഗമിച്ച് മല്ക്കായക്കാർ യൌനായ ശീശ്മയെ വിരോധിച്ചെങ്കിലും ഒടുവിൽ അവർ ശീശ്മഭാഗത്തു ചേർന്നു. പത്രോസിൻെറ പിൻഗാമികളായിരുന്ന പാത്രിയക്കീസന്മാരും യൌനായ

---

(12) Cath. Encycl. Patriarch. Brueck. § 65,
(13) A. Fortescue "The Orth. East. Ch." p. 192.
(14) Le Quien T. II. p. 1086-1088.

ശിശ്മ സ്വീകരിച്ചു. (15) അതോടെ മല്ക്കായക്കാർ എന്ന നാമം അത്താദ്ദക്സാ (Orthodox) എന്നതിലേക്കു അവർ മാററി. ഇങ്ങനെയാണു് അന്ത്യോക്യാ അത്താദ്ദക്സാ പാത്രിയർക്കീസിന്റെ ഉത്ഭവം.

കുരിശുയുദ്ധം നടത്തിയ പാശ്ചാത്യകത്തോലിക്കർ ൧൦൯൮-ൽ അന്ത്യോക്യാ പിടിച്ചപ്പോൾ അവിടെ പാത്രിയർക്കീസായിരുന്നതു് യോഹന്നാൻ നാലാമനായിരുന്നു. ശിശ്മക്കാരനായിരുന്ന അദ്ദേഹത്തെ കത്തോലിക്കനാക്കി, പുരാതന അന്ത്യോക്യാധികാരം പുനഃസ്ഥാപിക്കുവാൻ പാശ്ചാത്യർ വളരെ ശ്രമം ചെയ്യുകയുണ്ടായി. പക്ഷേ യോഹന്നാൻ ബൊസന്തിയായ്ക്കു പൊയ്ക്കളഞ്ഞതിനാൽ അന്ത്യോക്യായിൽ ലത്തീൻ ഭരണം സ്ഥാപിതമായി. അന്ത്യോക്യായിലെ ആരാധനക്രമം യൌനായഭാഷയിൽ വി. യാക്കോബുശ്ലീഹാ രചിച്ചതായി പറയപ്പെടുന്ന ക്രമം തന്നെയായിരുന്നു. ബൊസന്തിയായിലെ ആരാധനക്രമം വി. യാക്കോബിന്റെ ക്രമത്തിന്റെ ഒരു രൂപഭേദമായിരുന്നെങ്കിലും വളരെ വ്യത്യാസപ്പെട്ട ഒന്നായിരുന്നു. അതും യൌനായ ഭാഷയിലായിരുന്നു. യൌനായശിശ്മ സ്വീകരിക്കുക നിമിത്തം ൧൧-ാം ശതാബ്ദത്തിന്റെ അവസാനത്തോടെ അന്ത്യോക്യായിലെ അത്താദ്ദക്സാ പാത്രിയർക്കീസുമാർ ബൊസന്തിയാ ആരാധനക്രമം സ്വീകരിക്കുവാൻ നിർബന്ധിതന്മാരായിപ്പോയി.

യോഹന്നാന്റെ പിന്നാലെ വന്ന പാത്രിയർക്കീസന്മാരുടെ വാസം ബൊസന്തിയായിൽ തന്നെയായിരുന്നു. തുർക്കികൾ ബൊസന്തിയാ പിടിച്ചപ്പോൾ, രാഷ്ട്രിയ ലാഭങ്ങൾക്കായി ബൊസന്തിയാ മെത്രാനെ അവർ ശിശ്മക്കാരുടെ ജാതിയ തലവനായി ഉയർത്തി. ഇതോടെ അന്ത്യോക്യായിലെ ശിശ്മപാത്രിയർക്കീസും ബൊസന്തിയായുടെ കീഴായിത്തീൎന്നു. ബൊസന്തിയായുടെ അധികാരശക്തി ഹേതുവാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരം നാമമാത്രമായിരുന്നു. തെഒദോസീസു നാലാമൻ (൧൦൫൭–൧൦൫൯) അന്ത്യോക്യായിൽ വന്നു് വാസമുറപ്പിച്ചു. കുറേ അധിക കാലത്തേക്കു് അന്ത്യോക്യാ അത്താദ്ദക്സാ പാത്രിയർക്കീസുമാർ യൌനായ ജാതിക്കാരായിരുന്നു. എന്നാൽ ഈ ൨൦-ാം ശതാബ്ദത്തിൽ അത്താദ്ദക്സാ പാത്രിയർക്കീസുമാർ സജാതീയർ തന്നെ ആയിത്തീൎന്നിട്ടുണ്ടു്. ഈ അടുത്ത കാലം വരെ മൂറോൻ കൂദാശ ചെയ്യുവാനുള്ള അധികാരം പോലും ബൊസന്തിയാ പാത്രിയർക്കീസു അവൎക്കനുവദിച്ചിരുന്നില്ല.

൧൭൨൪ ൽ റോമ്മായിൽ പഠിച്ച സെറാപ്പിയോൻ ഥേനാസു് അന്ത്യോക്യാ അത്താദ്ദക്സാ പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. ക്രുറിലോസു് ആറാമൻ എന്ന നാമം സ്വീകരിച്ചുകൊണ്ടു് അദ്ദേഹം കത്തോലിക്കനായി. ശിശ്മഭാഗക്കാർ സിൽവെസ്ത്രോസു് എന്ന ഒരാളെ തിരിഞ്ഞെടുത്തു. സിൽവെസ്ത്രോസിന്റെ പിൻഗാമികളാണു് ഇപ്പോഴത്തെ അത്താദ്ദക്സാ പാത്രിയർക്കീസുമാർ. (16)

---

(15) Cath. Ency. Melchite.
(16) Ibid.

## അന്ത്യോക്യാ മാറോനായ പാത്രിയക്കീസ്.

ഏകചിത്തവാദ പാഷണ്ഡതയെ തുടന്നാണ് അന്ത്യോക്യാ മാറോനായ പാത്രിയക്കീസിൻെറ ഉത്ഭവത്തെപ്പററി പറയേണ്ടത്. മാറോനായക്കാരുടെ ഉത്ഭവം സംബന്ധിച്ച് രണ്ടു അഭിപ്രായമുണ്ട്.

മാറോനായക്കാർ യോഹന്നാൻ മാറോ എന്ന ഒരു സന്യാസിയുടെ പിൻഗാമികളാണെന്നു നിശ്ചയമാണ്. അദ്ദേഹം തന്നെ അവരുടെ ഒന്നാം പാത്രിയക്കീസായിരുന്നില്ലയോ എന്നു സംശയിക്കുന്നു. അവർ ഏകചിത്തവാദ പാഷണ്ഡതയിൽ ഉൾപ്പെട്ടുപോയെന്നും കുരിശുയുദ്ധങ്ങളുടെ കാലത്തു കത്തോലിക്കരായെന്നുമാണ് ഒരഭിപ്രായം.

ഏകചിത്തവാദം അവിർഭവിച്ചപ്പോൾ പാഷണ്ഡതയെ ഭയന്ന് യോഹന്നാൻ മാറോ എന്നൊരാളുടെ നേതൃത്വത്തിൽ ലവ്നാൻ മലയിൽ അഭയം പ്രാപിച്ച കത്തോലിക്കാ മല്പാനക്കാരാണ് (പശ്ചിമസുറിയാനി ഉപയോഗിച്ചിരുന്നവർ) തങ്ങൾ എന്ന് മാറോനായക്കാർ പറയുന്നു. ഇരുഭാഗത്തും ന്യായങ്ങളുണ്ട്.

ഏകചിത്തവാദം ഉത്ഭവിച്ചശേഷമുള്ള അന്ത്യോക്യാ പാത്രിയക്കീസുമാരിൽ ഒരാളായ മക്കാരിസ് പാഷാണ്ഡനായിരുന്നതിനാൽ 680-ൽ സ്ഥാനഭ്രഷ്ടനായെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. "681-ൽ തെഓഫനെസ് എന്നൊരാൾ പാത്രിയക്കീസായി തിരഞ്ഞെടുക്കപ്പെട്ടു. 686-ൽ അലക്സന്തർ തിരഞ്ഞെടുക്കപ്പെട്ടെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. 692-ൽ ഗീവർഗീസു എന്ന അന്ത്യോക്യാ പാത്രിയക്കീസ് ത്രുള്ളൻ സൂനഹദോസിൽ സംബന്ധിച്ചു. 702 മുതൽ 742-വരെ തുക്കികളുടെ ഉപദ്രവം മൂലം അന്ത്യോക്യായിൽ പത്രിയക്കീസന്മാരില്ലായിരുന്നു. 742-ൽ എസ്തപ്പാനോസെന്ന ഒരാൾ സ്ഥാനാരൂഢനായി. ഈ സ്ഥിതിക്ക് മാറോനായ പാത്രിയക്കീസായ മാറോ എവിടെ ഭരണം നടത്തി" എന്നാണ് മാറോനായക്കാരുടെ വിരോധികൾ ചോദിക്കുന്നതു്. സുപ്രസിദ്ധ മാറോനായ ചരിത്രകാരനായ ദേബ്സ് (Debs) അഭിപ്രായപ്പെടുന്നതു് 685 മുതൽ 707 വരെ മാറൊ അന്ത്യോക്യാ പാത്രയക്കീസായിരുന്നെന്നാണ്. (17) അസെമാനിയുടെ അഭിപ്രായത്തിൽ തെഓഫനെസിൻെറ പിൻഗാമിയായി 700-ൽ മാറോ പാത്രിയക്കീസു സ്ഥാനം സ്വീകരിച്ചു.

മാറോനായക്കാരുടെ ഉത്ഭവം ഏഴാം ശതാബ്ദത്തിലാണെന്നു നിശ്ചയംതന്നെ. അവർ എല്ലാവരും ഇപ്പോൾ ഉത്തമ കത്തോലിക്കരാണ്. കുരിശുയുദ്ധത്തിൻെറ കാലത്തും അവർ കത്തോലിക്കരായിരുന്നു. അവരുടെ മതാദ്ധ്യക്ഷനാണ് അന്ത്യോക്യാമാറോനായ പാത്രിയക്കീസ്. ഒരു പാത്രിയക്കീസു മരിച്ചിട്ടു ഒൻപതാംദിവസം അദ്ദേഹത്തിൻെറ പിൻഗാമിയായി നാല്പതു വയസ്സിൽ കുറയാത്ത ഒരാൾ മെത്രാന്മാരാൽ തിരഞ്ഞെടുക്കപ്പെടും. മാപ്പാപ്പാ തിരഞ്ഞെടുപ്പ് അംഗീകരി

---

(17) cf. Cath. Ency. Maronites.

ക്കയോ അംഗികരിക്കാതിരിക്കയൊ ചെയ്യും. അംഗികരിക്കയാണെങ്കിൽ പാല്യം എന്ന സ്ഥാനവസ്ത്രം അയച്ചുകൊടുക്കും. മാറോ മുതൽ റോമ്മായിലെ ഇന്നെച്ചെൻസ്യോസ് മൂന്നാമന്റെ കാലംവരെ അനുസ്യൂതമായ ഒരു പരമ്പരയോടെ മാറോനായക്കാർ തങ്ങളുടെ കത്തോലിക്കാ പാത്രിയക്കിസുമാരെ എണ്ണി കാണിക്കുന്നു. പാത്രിയർക്കീസ് സാധാരണയായി ലെവ്നാൻ മലയോടടുത്തു ബ്കെർക്കിൽ വസിക്കുന്നു. ആരാധനക്രമം പശ്ചിമ സുറിയാനിയിലാണ് മാറോനായക്കാർ ഉപയോഗിക്കുന്നതു്. ലത്തിൻരീതിക്കനുസരണമായി അവർ പല വ്യത്യാസങ്ങൾ അതിൽ വരുത്തിയിട്ടുണ്ട്.

## അന്ത്യോക്യാ ലത്തീൻ പാത്രിയക്കീസ്.

1098-ൽ പാശ്ചാത്യർ അന്ത്യോക്യാ പിടിച്ചപ്പോൾ അവിടുത്തെ അത്താദ്ധക്സാ പാത്രിയക്കിസായിരുന്ന യോഹന്നാൻ നാലാമനെ കത്തോലിക്കനാക്കി പുരാതന അന്ത്യോക്യാഭരണം പുനസ്ഥാപിക്കുവാൻ അവർ ശ്രമിച്ചതിങ്കൽ യോഹന്നാൻ ബൊസന്തിയായ്ക്കു പൊയ്ക്കളഞ്ഞതിനാൽ അന്ത്യോക്യായിൽ ലത്തിൻ ഭരണം സ്ഥാപിതമായി എന്നു മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. ഒന്നാമത്തെ അന്ത്യോക്യാ ലത്തിൻ പാത്രിയക്കിസ് ബെൎണ്ണാർദ്ദ് ആയിരുന്നു. (1100-1135) അദ്ദേഹത്തിന്റെശേഷം റൊദോഫോസ് ഐമേരിക്കൂസ്, റൊദോൾഫോസു എന്നു രണ്ടുപേർ 12-ാം ശതാബ്ദത്തിൽ അന്ത്യോക്യായിൽ ഭരണം നടത്തി. ഒടുവിൽ പറഞ്ഞദേഹം 1220-ൽ കാലംചെയ്തു. അന്ത്യോക്യായിൽ ലത്തിൻ ഭരണം നടന്നിരുന്ന 1882-ൽ 40000 മാറോനായക്കാർ കത്തോലിക്കരായെന്നു റൈററിലെ വില്യം (William of Tyre) പറയുന്നു. 1220-നുശേഷം പത്രോസ്, പത്രോസ് റൈററനേറിയോസു, അൽബർത്തോസ്, റെജിനേൻസിസ്, ക്രിസ്ത്യയാനൂസ് മുതലായവർ അന്ത്യോക്യായിൽ ഭരിച്ചിരുന്നു. ഇവരെല്ലാവരുംഫ്രാൻസുകാരായിരുന്നു. (18)

അന്ത്യോക്യാ, എദേസ്യാ, ത്രിപ്പോലിസ് എന്ന മൂന്നു പ്രദേശങ്ങൾ അന്ത്യോക്യാ ലത്തിൻ പാത്രിയക്കിസിന്റെ കീഴിൽ ഉൾപ്പെട്ടിരുന്നു. 12-ാം ശതാബ്ദത്തിന്റെ അവസാനത്തോടെ കെവുപ്രോസു ദ്വീപും അദ്ദേഹത്തിന്റെ അധികാരത്തിൽപെട്ടു. 1268-ൽ തുൎക്കികൾ വിണ്ടും അന്ത്യോക്യാ പിടിച്ചപ്പോൾ ലത്തിൻ പാത്രിയക്കിസന്മാൎക്ക് അന്ത്യോക്യായിൽ താമസിക്കുന്നതിനോ കീഴുണ്ടായിരുന്നവരുടെ കാൎയ്യമന്വേഷിക്കുന്നതിനോ പാടില്ലെന്നായി. അതിനുശേഷം അന്ത്യോക്യാ ലത്തീൻ പാത്രിയക്കിസ് എന്നതു് ഒരു ബഹുമാനനാമം മാത്രമായി തീൎന്നിരിക്കയത്രെ. (Patriach ad honorem). ഇങ്ങനെയുള്ള അന്ത്യോക്യാ ലത്തിൻ പാത്രിയക്കിസന്മാർ ഇപ്പോഴും ഉണ്ട്. അവർ റോമ്മായിൽ താമസിക്കുന്നു. മരിയമയോരാ ബേസേലിക്കായിലെ കാനോനിക സംഘത്തി

---

(18) L. Berti Comp. H. E; Cath. Encycl. Latin Patriarch of Antioch.

ൽപെട്ടവരുമാണ് അവർ. അന്ത്യോക്യാ ലത്തീൻ പാത്രിയർക്കീസന്മാർ ആരംഭംമുതൽ കത്തോലിക്കരാണെന്നു പ്രത്യേകം പറയേണ്ട അവശ്യമില്ലല്ലൊ.

### അന്ത്യോക്യാ മല്ക്കായ പാത്രിയർക്കീസന്മാർ.

അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുണ്ടായപ്പോൾ അന്ത്യോക്യാസിംഹാസനം കത്തോലിക്കരുടെ കൈവശമായിരുന്നു. അന്ന് കത്തോലിക്കനായിരുന്ന അന്ത്യോക്യാ പാത്രിയർക്കീസ് മല്ക്കായ പാത്രിയർക്കീസ് എന്നും അറിയപ്പെട്ടിരുന്നു. അവർ യൌനായ ശീശ്മയിൽ അധഃപതിച്ചതോടെ മല്ക്കായനാമം അർത്തഡക്സായിലേക്കു മാറ്റി. ഇതെല്ലാം മുകളിൽ പറഞ്ഞിട്ടുണ്ട്. മല്ക്കായപാത്രിയർക്കീസ് റോമ്മാ ഐക്യം ഉപേക്ഷിച്ച് യൌനായ ശീശ്മക്കാരനായപ്പോൾ അർത്താഡക്സാ നാമധാരിയായെങ്കിൽ, പുനരൈക്യം പ്രാപിച്ചാൽ അദ്ദേഹം മല്ക്കായാപാത്രിയർക്കീസു എന്നു തന്നെ വിളിക്കപ്പെടാമല്ലൊ.

അർത്താഡക്സാ പാത്രിയർക്കീസുമാർ ആരംഭകാലം മുതൽ തന്നെ റോമ്മായുമായുള്ള പുനരൈക്യത്തിനു ശ്രമിച്ചിരുന്നു. 1728-ൽ അണ് ശാശ്വതമായ പുനരൈക്യം പ്രാപിക്കുവാൻ അവർക്കിടയായതു്. 1724-ൽ റോമ്മായിൽ പഠിച്ച സെറാപ്പിയോൻ ഥേനാസ് അർത്തഡക്സാ പാത്രിയർക്കീസായി തിരിഞ്ഞെടുക്കപ്പെട്ടു. ക്രുറിലോസ് ആറാമൻ എന്ന നാമം സ്വീകരിച്ച അദ്ദേഹം 1728-ൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. റോമ്മാ മാർപ്പാപ്പാ അദ്ദേഹത്തെ സസന്തോഷം തന്റെ ഐക്യത്തിൽ ഒരു പാത്രിയർക്കീസായി സ്വീകരിക്കുകയും, അർത്താഡക്സാപാത്രിയർക്കീസു ഏതു സ്ഥാനത്തുനിന്നു വീണോ ആ സ്ഥാനത്തിൽ തന്നെ ക്രുറിലോസിനെ ഉയർത്തുകയും, അർത്താഡക്സാ പാത്രിയർക്കീസുമാർ മാറ്റിക്കളഞ്ഞ 'മല്ക്കായ'നാമം ക്രുറിലോസിനു നൽകുകയും ചെയ്തു. ക്രുറിലോസിന്റെ പിൻഗാമികളും കത്തോലിക്കരുമായ അന്ത്യോക്യാപാത്രിയർക്കീസുമാരാണ് അന്ത്യോക്യാ മല്ക്കായ പാത്രിയർക്കീസുമാർ. "അന്ത്യോക്യായുടെയും, അലക്സാന്ത്രിയായുടെയും ഓർശ്ലേമിന്റെയും പൌരസ്ത്യ പ്രദേശങ്ങളുടെയും പാത്രിയർക്കീസ്" എന്നാണ് മല്ക്കായപാത്രിയർക്കീസിന്റെ സ്ഥാനസംജ്ഞ. അർത്താഡക്സാപാത്രിയർക്കീസു ഉപയോഗിക്കുന്ന ആരാധനക്രമം തന്നെ മല്ക്കായ പാത്രിയർക്കീസും ഉപയോഗിക്കുന്നു. എന്നാൽ വിശ്വാസവിരുദ്ധങ്ങളായുള്ളവ എല്ലാം അതിൽ നിന്നു നിക്കിക്കളഞ്ഞിട്ടുണ്ട്. പാത്രിയർക്കീസിനെ തിരിഞ്ഞെടുക്കുന്നതു് മെത്രാന്മാരാണ്. തിരിഞ്ഞെടുപ്പ് സാധുവാണെങ്കിൽ റോമ്മായിൽനിന്ന് സ്ഥിരീകരണമുണ്ടാകും. അല്ലെങ്കിൽ മാർപ്പാപ്പാ വേറൊരാളെ നിയമിക്കും. മാർപ്പാപ്പായുടെ സമ്മതം കൂടാതെ അദ്ദേഹത്തിനു ഉദ്യോഗം ഉപേക്ഷിക്കുവാൻ പാടില്ല. ദമസ്ക്കസ് പട്ടണത്തിലാണ് പാത്രിയർക്കീസ് പ്രധാനമായി വസിക്കുന്നതു്. ഓർശ്ലേമിലും അന്ത്യോക്യായിലും അദ്ദേഹത്തിനു വാസസ്ഥലങ്ങളുണ്ട്. (19)

(19) cf. Cath. Encycl. Melchites.

## അന്ത്യോക്ക്യാസുറിയാനി പാത്രിയക്കീസ്.

യാക്കോബായ പാത്രിയക്കീസുമാരും ജനങ്ങളും റോമ്മായുമായി പുനരൈക്യം പ്രാപിക്കുവാൻ പല പ്രാവശ്യം ശ്രമിച്ചിട്ടുണ്ട്. അലെപ്പോയിലെ യാക്കോബായ മെത്രാൻ 1781-ൽ യാക്കോബായ പാത്രിയക്കീസായി തിരിഞ്ഞെടുക്കപ്പെട്ടു. അഗനാത്തീസ് ഗിയാർവെ (Ignatus Giarve) എന്ന നാമം സ്വീകരിച്ച അദ്ദേഹവും കുറെ ആളുകളും ഉടൻതന്നെ മാർപ്പാപ്പായിക്കു വിധേയരായി. യാക്കോബായ മെത്രാന്മാർ വേറൊരാളെ പാത്രിയക്കീസായി നിശ്ചയിച്ചു. ഗിയാർവെയുടെ പിൻഗാമികളാണ് അന്ത്യോക്ക്യാ സുറിയാനി പാത്രിയക്കീസുമാർ എന്നറിയപ്പെടുന്നത്.

മാർപ്പാപ്പായുടെ ഐക്യത്തിൽ നിന്നിരുന്ന ധർമ്മസമ്മതനായ ഒരു അന്ത്യോക്ക്യാ പാത്രിയക്കീസു ഉണ്ടായിരുന്നപ്പോഴാണ് യാക്കോബ് ബുർദ് ആയാ അന്ത്യോക്ക്യാ യാക്കോബായാ പാത്രിയക്കീസിനെ സ്ഥാപിച്ചത് യാക്കോബായ മതാദ്ധ്യക്ഷന് 'അന്ത്യോക്ക്യാ പാത്രിയക്കീസ്', എന്ന നാമത്തിനു എത്രമാത്രം അർഹതയുണ്ടെന്ന് ഇതിൽനിന്നു മനസ്സിലാക്കാമല്ലൊ. അങ്ങിനെയുള്ള ഒരു പാത്രിയക്കീസ് മാനസ്സാന്തരപ്പെട്ട് പൂർവ്വവിശ്വാസം സ്വീകരിച്ചപ്പോൾ കാരുണ്യവാരിധിയായ റോമ്മാസിംഹാസനം അ പാത്രിയക്കീസിനെ ഒരു പാത്രിയക്കീസു എന്ന നിലയിൽ മാത്രമല്ല, 'അന്ത്യോക്ക്യാ സുറിയാനിപാത്രിയക്കീസ്' എന്ന നാമം കൂടി കൊടുത്തുകൊണ്ടാണ് സ്വീകരിച്ചത് എന്നും നാം അറിഞ്ഞിരിക്കണം. ആരാധനക്രമം സുറിയാനി (പശ്ചിമസുറിയാനി) ഭാഷയിൽ ഉപയോഗിക്കുന്നതുകൊണ്ട് പ്രസ്തുത പാത്രിയക്കീസുമാർ അന്ത്യോക്ക്യാ സുറിയാനി പാത്രിയക്കീസുമാർ എന്നു വിളിക്കപ്പെടുന്നു. വിശ്വാസവിരുദ്ധങ്ങളായ ഭാഗങ്ങൾ നീക്കിയാൽ യാക്കോബായക്കാരുടെയും അന്ത്യോക്ക്യാ സുറിയാനിക്കാരുടെയും ആരാധനക്രമം ഒന്നുതന്നെയായിരിക്കും. സുറിയാ, പലസ്തീന മുതലായ പ്രദേശങ്ങളിൽ കത്തോലിക്കാ സഭയിലേക്കു ചേരുന്ന യാക്കോബായക്കാർ അന്ത്യോക്ക്യാ സുറിയാനി പാത്രിയക്കീസിൻെറ കീഴിൽ നിൽക്കുയാണുചെയ്യുന്നത്. അന്ത്യോക്ക്യാ സുറിയാനി പാത്രിയക്കീസ് ബയറൂത്തിൽ വസിക്കുന്നു.

## ആറ് അന്ത്യോക്ക്യാപാത്രിയക്കീസുമാർ.

യാക്കോബായ, അത്താദ്ധക്സാ മാറോനായ, മൽക്കായ സുറിയാനി, ലത്തിൻ എന്നിങ്ങനെ ആറു അന്ത്യോക്ക്യാ പാത്രിയക്കീസുമാരുള്ളവരിൽ ഒടുവിൽ പറഞ്ഞവർ നാലുപേരും റോമ്മാമാർപ്പാപ്പായുടെ വിശ്വാസത്തിലും ഐക്യത്തിലും നില്ക്കുന്നവരാണ്. ഈ സ്ഥിതിയിലായിരിക്കുന്നവരാണ് യഥാൎത്ഥ അന്ത്യോക്ക്യാ പാത്രിയക്കീസുമാർ എന്നു മുമ്പു തെളിയിച്ചിരിക്കുന്നതിനാൽ ഇവർ നാലുപേരും യഥാൎത്ഥ അന്ത്യോക്ക്യാ പാത്രിയക്കീസുമാരാണ്. എന്നാൽ എവോദീസ്, അഗനാത്തീസു മുതലായ അന്ത്യോക്ക്യാപാത്രിയക്കീസുമാരുടെ പിൻഗാമികൾ എന്ന ബിരുദനാമം

ഇവരിൽ ആൎക്കാണ് യോജിക്കുന്നതു്? അന്ത്യോക്യായിലെ ധൎമ്മസമ്മതന്മാരായ പാത്രിയൎക്കീസന്മാർ പാഷണ്ഡതയിൽ വീണുപോയെങ്കിലും അവരുടെ സ്ഥാനത്തുതന്നെ അവരെപ്പോലെ യൗനായ ആരാധനക്രമം ഉപയോഗിക്കുന്നതിനാൽ തങ്ങളാണ് പ്രസ്തുത നാമത്തിനു് അവകാശികൾ എന്നു് മെല്ക്കായപാത്രിയൎക്കീസന്മാർ പറയുന്നു. ആരാധനക്രമം സുറിയാനിയിലാണെങ്കിലും ഒരിക്കലും റോമ്മാഐക്യവും വിശ്വാസവും ഉപേക്ഷിച്ചിട്ടില്ലാത്തതിനാൽ മാറോനായ പാത്രിയൎക്കീസന്മാൎക്കാണ് ഈ നാമത്തിനുള്ള അവകാശം എന്നു മാറോനായക്കാർവാദിക്കുന്നു. അന്ത്യോക്യാപാത്രിയൎക്കീസായി കത്തോലിക്കരിൽ ആരുമില്ലാതിരുന്ന ഒരു കാലത്താണ് തങ്ങളുടെ ഉത്ഭവമെന്നും തങ്ങൾ അന്ത്യോക്യായിൽതന്നെ വസിച്ചു് ഭരണം നടത്തിയിരുന്നെന്നു, അതിനാൽ അന്ത്യോക്യാ പാത്രിയൎക്കീസന്മാൎക്കുള്ള അവകാശം മുഴുവൻതന്നെ തങ്ങൾക്കാണെന്നും മറ്റുമാണ് ലത്തീൻ പാത്രിയാൎക്കീസന്മാരുടെ വാദം. ഓരോരുത്തരുടെയും ഭാഗത്തു് ന്യായമുണ്ടു്. എന്നാൽ അന്ത്യോക്യാ സുറിയാനി പാത്രിയൎക്കീസന്മാർ ഈ വിധമുള്ളവാദങ്ങളിൽ ഒന്നിലും പ്രവേശിക്കേണ്ടതല്ല. ധൎമ്മസമ്മതനായ ഒരു പാത്രിയൎക്കീസ അന്ത്യോക്യായിൽ ഭരിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തിൽനിന്നും അധികാരത്തിൽനിന്നും ഭിന്നിച്ചു് 'അന്ത്യോക്യാ പാത്രിയൎക്കീസന്മാർ, എന്നനാമം സ്വീകരിച്ച യാക്കോബായ മതാദ്ധ്യക്ഷന്മാരിൽ സത്യവിശ്വാസം സ്വീകരിച്ച ഒരാളുടെ പിൻഗാമികൾ മാത്രമാണ് തങ്ങൾ; അതുകയാൽ 'അന്ത്യോക്യാപാത്രിയൎക്കീസ, സ്ഥാനവും നാമവും അധികാരവും തങ്ങൾക്കുണ്ടെങ്കിൽ അതു് റോമ്മാ മാൎപ്പാപ്പായുടെ ദയ ഒന്നുകൊണ്ടുമാത്രമാകുന്നു, എന്നാണ്, അന്ത്യോക്യാ സുറിയാനി പാത്രിയൎക്കീസന്മാർ തങ്ങളെപ്പററിപ്പറയേണ്ടതു. അത്താദ്ദക്സാ, യാക്കോബായ പാത്രിയൎക്കീസന്മാൎക്കു എന്തു സ്ഥാനവും അധികാരവുമാണുള്ളതു് എന്നു് വായനക്കാർതന്നെ തീരുമാനിച്ചാലും.

## ഒരടിതാഴ്ന്നു.

പൌരസ്ത്യ സിംഹാസനങ്ങളെല്ലാം പാഷണ്ഡതയിൽ വീണതിനാൽ പൌരസ്ത്യദിക്കിൽ കത്തോലിക്കാപാത്രിയൎക്കീസന്മാരില്ലാതിരുന്ന ഒരു സമയമുണ്ടായിരുന്നു. ഉണ്ടായിരുന്നെങ്കിൽ തന്നെയും അവർ വേണ്ടവിധം റോമ്മായിൽ അറിയപ്പെട്ടിരുന്നില്ല. മഹമ്മദിയ ഭരണത്തെ ആശ്രയിച്ചായിരുന്നു അവരുടെ ജയാപജയങ്ങൾ. ഇങ്ങനെയുള്ള ഒരു അവസരത്തിൽ (കുരിശു യുദ്ധാരംഭത്തിൽ) ബൊസന്തിയായിൽ കത്തോലിക്കനായ ഒരു ലത്തീൻ പാത്രിയൎക്കീസ സ്ഥാപിതനായി. പൌരസ്ത്യർ പാഷണ്ഡതയിലും മഹമ്മദീയരുടെ അടിമത്വത്തിലും കിടന്നിരുന്നതിനാൽ ബൊസന്തിയായിലെ ലത്തീൻ പാത്രിയൎക്കീസിനു രണ്ടാം സ്ഥാനം ലഭിച്ചു. അന്ത്യോക്യായിലും അലക്സാന്ത്രിയായിലും കത്തോലിക്കാ പാത്രിയൎക്കീസന്മാർ വീണ്ടും ഭരണം തുടങ്ങിയപ്പോൾ ബൊസന്തിയായിലെ പ്രസ്തുത പാത്രിയൎക്കീസ രണ്ടാം സ്ഥാനം പ്രാപിച്ചു കഴിഞ്ഞിരുന്നു. അതുക

യാൽ അലക്സന്ത്രിയാ അന്ത്യോക്യാപാത്രിയക്കീസുമാർ ഒരു പദവി താഴ്ന്നുപോയി. അന്ത്യോക്യായ്ക്കു ഇപ്പോൾ നാലാം സ്ഥാനമെയുള്ളു. ഓർശ്ലേമിനും ഇതുതന്നെ സംഭവിച്ചു.

## ൧൯—ാം അദ്ധ്യായം.

### അന്ത്യോക്യായാക്കോബായ പാത്രിയക്കീസു

അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിൻെറ ഉത്ഭവം എന്തെന്നും എങ്ങിനെയെന്നും നാം കണ്ടുകഴിഞ്ഞു. പലെസ്തീനാ സുറിയാ മുതലായ പ്രദേശങ്ങൾ ശത്രുക്കളുടെ ആക്രമണത്തിന് തുറന്നുകിടന്നിരുന്നതിനാലും, ആ പ്രദേശങ്ങളെ അധിവസിച്ചിരുന്ന ജാതികളുടെയും അവരുടെ ഭാഷകളുടെയും നാനാത്വംകൊണ്ടും യാക്കോബായ മതം ഒരു ബഹുജാതിമതമായി തീർന്നില്ല. സുറിയായിൽ ഭൂരിപക്ഷം ആളുകളും കത്തോലിക്കരായിരുന്നു. യാക്കോബായക്കാർ അധിവസിച്ചിരുന്ന രാജ്യങ്ങൾ ബൈസന്തിയാ ചക്രവർത്തിമാരുടെ അധികാരസീമയിൽ ഉൾപ്പെട്ടിരുന്ന കാലമെല്ലാം ചക്രവർത്തിമാരുടെ കോപത്തിനു അവർ വിഷയമായിരുന്നു. ബൈസന്തിയാ ചക്രവർത്തിമാരുടെശേഷം മഹമ്മദീയരാണ് ആ രാജ്യങ്ങൾ പിടിച്ചെടുത്തത്.

ആറാം ശതാബ്ദത്തിൽ ഓർശ്ലേമിൽ ഒരു യാക്കോബായ മെത്രാനുണ്ടായിരുന്നതായി നമുക്കറിവുണ്ട്. (1) പിന്നീടു കുരിശുയുദ്ധാവസാനംവരെ അങ്ങിനെയൊരു മെത്രാനുണ്ടായിരുന്നതായി കേൾക്കുന്നില്ല. കുരിശുയുദ്ധത്തിൻെറശേഷം ലത്തീൻ പാത്രിയക്കീസിൽനിന്നു സ്വജനത്തെ രക്ഷിക്കുവാൻ ഓർശ്ലേമിൽ ഒരു യാക്കോബായമെത്രാൻ വസിച്ചിരുന്നു. ഓർശ്ലേമിലെ മെത്രാന് പാത്രിയക്കീസു എന്ന നാമം ചിലപ്പോഴെല്ലാം കിട്ടിയിട്ടുണ്ട്. 1665—ൽ മലങ്കരെവന്ന മാർ ഗ്രീഗോരീസിന് ഈ സ്ഥാനപ്പേരുണ്ടായിരുന്നു.

ആരംഭത്തിൽ അവർ പശ്ചിമസുറിയായിൽ വസിച്ചിരുന്നതിനാൽ പശ്ചിമസുറിയാനിയിലുള്ള ആരാധനക്രമം സ്വീകരിച്ചു. വി. യാക്കോബുശ്ലീഹായുടെ യൗനായ ആരാധനക്രമത്തിൻെറ സുറിയാനി തർജ്ജമയാണിത്. ഏകസ്വഭാവവാദം ഉത്ഭവിക്കുന്നതിനു വളരെ മുമ്പു തന്നെ തർജ്ജമ നടന്നുകഴിഞ്ഞിരുന്നു. അന്ത്യോക്യായിൽ യൗനായ ഭാഷയിലും സുറിയാനി ഭാഷയിലും ആരാധന നടത്തപ്പെട്ടിരുന്നെങ്കിലും ഏകസ്വഭാവവാദം പ്രബലപ്പെട്ടപ്പോൾ കത്തോലിക്കർ യൗനായക്രമം

(1) A Fortescue Lesser E. Churches,

സ്വന്തമാക്കിക്കൊണ്ട് സുറിയാനിക്രമം പാഷണ്ഡർക്ക് വിട്ടുകൊടുത്തു. യാക്കോബായക്കാർ വി. യാക്കോബ്ശ്ലീഹായുടെ ആരാധനക്രമത്തിൽ വളരെ വ്യത്യാസങ്ങൾ ചെയ്തിട്ടുണ്ട്.

പശ്ചിമസുറിയായിൽകത്തോലിക്കർപ്രബലപ്പെട്ടപ്പോൾ യാക്കോബായക്കാർപൂർവ്വഭാഗത്തേക്കുമാറി പരമ ശത്രുക്കളായിരുന്ന നെസ്തോറിയക്കാരെ സമീപിച്ചു. ഇങ്ങനെപേഷ്യായിൽ അവർക്കൊരുസ്ഥാനം ലഭിച്ചു. റൈഗ്രീസു നദീതീരത്തുള്ള ഥിഗ്രിസ്സും മോസലിനു തെക്കുകിഴക്കുള്ള മാർ മത്തായി ആശ്രമവും പേഷ്യായിൽ യാക്കോബായ കേന്ദ്രസ്ഥാനങ്ങളായിത്തീന്നു. ഒന്നാം അത്തനാസിസ് പാത്രിയക്കീസു (595–631) ഥിഗ്രീസിൽ സ്വവസതി ഉറപ്പിക്കുകൂടെ ചെയ്തു. അന്ന് അവിടെ മാറൂസാ എന്ന ഒരു യാക്കോബായ മെത്രാൻെറ കീഴിൽ 12 മെത്രാന്മാരുണ്ടായിരുന്നു. അത്തനാസീസു മൂന്നുപേരെക്കൂടി മെത്രാന്മാരായി വാഴിച്ചു. അന്ത്യോക്യാ പാത്രിയക്കീസിൻെറ കീഴിൽ, ബാബേൽ നിന്നിരുന്ന കാലത്ത് ബാബേൽ മെത്രാപ്പോലീത്താക്ക് പൌരസ്ത്യ കാസോലിക്കാസ്ഥാനസംജ്ഞയും തദനുരൂപമായ അധികാരവുമുണ്ടായിരുന്നെന്നു നാം കണ്ടുവല്ലൊ. അന്ത്യോക്യാ പാത്രിയക്കീസു എന്നു നാമം സ്വീകരിച്ച യാക്കോബായാ മതാദ്ധ്യക്ഷൻ പേഷ്യാ യാക്കോബായ മെത്രാപ്പോലീത്തായെ പൌരസ്ത്യ കാസോലിക്കാ അഥവാ മപ്രിയാനാ ആയി വാഴിച്ച് തദനുരൂപമായ അധികാരങ്ങളും അദ്ദേഹത്തിനു നൽകി.

മപ്രിയാനു് മെത്രാനെ വാഴിക്കുന്നതിനുള്ള അധികാരമുണ്ടായിരുന്നു. പൂർവ്വകാലങ്ങളിൽ മപ്രിയാൻെറ കീഴുണ്ടായിരുന്ന 18 മെത്രാന്മാരായിരുന്നു പാത്രിയക്കീസിനെ തിരഞ്ഞെടുത്തിരുന്നതു്. അന്ന് മപ്രിയാനെ കൂടാതെ പാത്രിയക്കീസോ പാത്രിയക്കീസിനെക്കൂടാതെ മപ്രിയാനൊ ഉണ്ടായിരുന്നില്ല. (2) ചിലപ്പോഴെല്ലാം കുറിയിട്ടും പാത്രിയക്കീസിനെ നിശ്ചയിച്ചിരുന്നു. (3) പൂർവ്വകാലങ്ങളിൽ മെത്രാന്മാർ ഒരു രൂപതവിട്ടു മറ്റൊന്നിലേയ്ക്കു മാറിയിരുന്നില്ല. അതിനാൽ പാത്രിയക്കീസു സാധാരണയായി മുമ്പു മെത്രാനായിരുന്ന ഒരാളല്ലായിരുന്നു. എങ്കിലും ആ കാലങ്ങളിൽതന്നെ ഇതിനു വിരോധമായും സംഭവിച്ചിട്ടുണ്ട്. (4) ഏഴാം അത്തനാസീസ് പാത്രിയക്കീസ് (1090–1129) ഗ്രബോസ് മെലിത്തേനെ എന്ന സ്ഥലങ്ങളിലെ മെത്രാപ്പോലിത്താമാരെ പരസ്പരം മാററിയിട്ടുണ്ട്. (5) മെത്രാന്മാരായിരുന്നശേഷം പാത്രിയക്കീസുമാരായവരിൽ ആദ്യത്തെ ആൾ ആറാം അത്തനാസീസാണ് (1058-1064). എന്നാൽ അദ്ദേഹം പാത്രിയക്കീസായപ്പോൾ ഒരു വലിയ ബഹളമുണ്ടായി. (6) ഇപ്പോൾ മെത്രാന്മാർ സാധാരണ അങ്ങോട്ടുമിങ്ങോട്ടും മാററപ്പെടുന്നു. (7) പൂർവ്വ

(2) Bar Haebreus II. 130, 456.
(3) Ibid. I. 306-308.
(4) Barhaebreus I. 284.
(5) Barheb. I, 466.
(6) Ibidem I. 438.
(7) A. Fortescue Less. E. Churches.

നിയമത്തിനു വിരോധമായി മപ്രിയാൻ തന്നെയും പാത്രിയർക്കീസാകുന്ന മുറ ഇപ്പോൾ നടപ്പിലായിട്ടുണ്ട്. 1909-ൽ മലങ്കരെ വന്ന അബ്ദല്ലാ പാത്രിയർക്കീസു മപ്രയാനാകാതെ പാത്രിയർക്കീസായ ഒരാളായിരുന്നു. (8)

പാത്രിയർക്കീസു കഴിഞ്ഞാൽ പിന്നെയുള്ള സ്ഥാനവും അധികാരവും മപ്രിയാനാസ്ത്താണ്. എന്നാൽ 14 ാം ശതാബ്ദത്തിലുണ്ടായ ഭിന്നതകളുടെ ഫലമായി മപ്രിയാന്റെ അധികാരം നാമമാത്രമായിത്തീർന്നു. ഇപ്പോൾ അദ്ദേഹത്തിന് ഒരു വികാരിജനറാളിന്റെ അധികാരം മാത്രമേയുള്ളു. ഒരു സഹായകമെത്രാന്റെനിലയിൽ അദ്ദേഹം പാത്രിയർക്കീസിനോടടുത്തു വസിക്കുന്നു. പൂർവ്വകാലങ്ങളിൽ മെത്രാന്മാരെ അഭിഷേകം ചെയ്യുവാനും മൂറോൻ കൂദാശ ചെയ്യുവാനും മപ്രയാനു് അധികാരമുണ്ടായിരുന്നു. ഇപ്പോൾ അതൊന്നുമില്ല. മപ്രിയാനു മുമ്പുണ്ടായിരുന്ന ഈ അധികാരങ്ങൾ പുനർജ്ജീവിപ്പിക്കുവാനും പൌരസ്ത്യ കാതോലിക്കാ അഥവാ മപ്രിയാൻസ്ഥാനം മലങ്കരെ സ്ഥാപിക്കുവാനുമാണ് ഇപ്പോഴത്തെ മെത്രാൻകക്ഷിക്കാർ ശ്രമിക്കുന്നതു്.

പേർഷ്യായിലെ അധികാരം നഷ്ടീഭവിച്ചതോടെ മപ്രിയാനുണ്ടായിരുന്ന മററു പ്രത്യേകാധികാരങ്ങളും നഷ്ടപ്പെട്ടു. ഇപ്പോൾ ഓർശ്ലേം മെത്രാപ്പോലീത്താ എന്ന നാമം മപ്രിയാനുണ്ടെങ്കിലും യഥാക്രമം നിശ്ചയിക്കപ്പെടുന്നില്ല. (9)

ഓരോ രൂപതകളിൽ മെത്രാന്മാർക്ക് പ്രത്യേക നാമങ്ങളുണ്ട്. മോസൽ മെത്രാപ്പോലീത്താ എപ്പോഴും ബസേലിസാണ്. മർദിനിൽ അത്തനാസിസായിരിക്കും. രൂപതാഭരണമില്ലാത്ത നാലഞ്ചു മെത്രാന്മാർ യാക്കോബായ സഭയിൽ സദാ ഉണ്ടായിരിക്കും. പൊതുമെത്രാന്മാർ എന്നർത്ഥമുള്ള തിബേൽ (ܬܒܝܠ പൊതു) മെത്രാന്മാർ എന്നു അവർ വിളിക്കപ്പെടുകയും ചെയ്യുന്നു.

മദ്ധ്യശതാബ്ദങ്ങളിൽ യാക്കോബായക്കാർക്ക് തത്വം വേദാന്തമാദി ശാസ്ത്രങ്ങൾ പഠിപ്പിച്ചിരുന്ന വളരെ പാഠശാലകളും വിദ്വാന്മാരുമുണ്ടായിരുന്നു. മിഖായേൽ ഒന്നാമൻ (1166-99) എന്ന പാത്രിയർക്കീസു 12-ാം ശതാബ്ദത്തിൽ അവർക്കുണ്ടായിരുന്ന വിദ്വാന്മാരിൽ ഒരാളായിരുന്നു. യാക്കോബായക്കാരുടെ ഇടയിൽ ശാസ്ത്രംകൊണ്ടും സ്ഥാനംകൊണ്ടും പ്രഥമനായി ശോഭിക്കുന്നതു് ബർഎബ്രായ ((Barhaobreus 13-ാം ശതാബ്ദത്തിൽ) എന്ന മപ്രിയാനാണ്. വിവിധഭാഷാഭിജ്ഞനായിരുന്ന ബർഎബ്രായ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അവ യാക്കോബായ ചരിത്രാന്വേഷികൾക്ക് അമൂല്യനിക്ഷേപങ്ങളായിത്തീർന്നിരിക്കുന്നു. എദേസ്സാ മെത്രാനായിരുന്ന മാർ യാക്കോബ്, തദ്ദേശവാസിതന്നെയായിരുന്ന ബന്യാമീൻ, ബഗദാദുമെത്രാനായിരുന്ന മാർ ലാഅസർ ബർസലീബാ, മോസൽ മെത്രാനായിരുന്ന മൂശെബർകേപ്പാ, അമീദാ മെത്രാനായിരുന്ന

(8) Ibid.
(9) Ibid p. 340.

ദിവന്നാസിയോസ് ബർസലീബി ആദിയായവർ യാക്കോബായ പണ്ഡിതലോകത്തിൽ വിശ്രുതന്മാരായിത്തീൎന്നിരിക്കുന്നു.

മദ്ധ്യ ശതാബ്ദങ്ങളിൽ പാത്രിയർക്കീസിന്റെ കീഴിൽ 20 മെത്രാപ്പോലീത്താമാരും, സുറിയാ, ചെറിയ ഏഷ്യാ, കെവുപ്രോസ് മുതലായ സ്ഥലങ്ങളിലായി ഒരുനൂറോളം മെത്രാന്മാരുമുണ്ടായിരുന്നു. കൂടാതെയും പേർഷ്യായിലെ മപ്രിയാനും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന 18 മെത്രാന്മാരും പാത്രിയർക്കീസിന്റെ അധികാരത്തിൽ പെട്ടിരുന്നു.

ആരംഭകാലം മുതൽ തന്നെ യാക്കോബായ സഭയിൽ സദാ കുഴപ്പങ്ങൾ ഉണ്ടായിരുന്നതായിട്ടാണ് കാണുന്നതു്. ആറുമുതൽ എട്ടാം ശതാബ്ദംവരെ ഏകസ്വഭാവവാദികളുടെ ഒരവാന്തരവിഭാഗമായ ജൂലിയനിസ്റ്റുകൾക്കു സ്വന്തമായി ഒരു പാത്രിയർക്കീസുണ്ടായിരുന്നു. ആ പാത്രിയർക്കീസിന്റെ വിരോധിയായിരുന്നു യാക്കോബായ പാത്രിയർക്കീസു. ബർ എബ്രായയുടെ കാലത്തുണ്ടായ ഒരു വലിയ ഭിന്നതമൂലം രണ്ടുപേരു് പാത്രിയർക്കീസുസ്ഥാനം കരസ്ഥമാക്കുവാൻ ശ്രമിച്ചു. മിലെത്തേനെക്കാരനായ ദിവന്നാസിയോസ് മപ്രിയാന്റെ അനുമതികൂടാതെ പാത്രിയാർക്കാ സ്ഥാനാരൂഢനായി. ഇതു് കാനോൻ നിയമങ്ങൾക്കു വിരോധമായിരുന്നതിനാൽ മപ്രിയാനായിരുന്ന ബർമ് അദ്ദേനെ പുതിയ പാത്രിയർക്കീസിനെ ആദരിക്കാതെ മററുള്ളവരുടെ സഹായത്തോടെ സ്വയം പാത്രിയർക്കീസായി. രണ്ടുപേരും സ്ഥാനമുറപ്പിച്ചുകിട്ടുവാൻ മഹമ്മദീയ ഉദ്യോഗസ്ഥന്മാൎക്കും മെത്രാന്മാൎക്കും ജനപ്രധാനികൾക്കും കോഴ കൊടുക്കുകയാണ് ചെയ്തതു്. സന്യാസികൾ ദിവന്നാസിയോസിനെ വധിച്ചതോടെ ഭിന്നത അവസാനിച്ചു. 1292 മുതൽ 1495 വരെയുണ്ടായ കലഹങ്ങൾ മററു കലഹങ്ങളെയെല്ലാം അതിശയിക്കുന്നു. അന്നു് പാത്രിയർക്കീസന്മാരായി നാലഞ്ചുപേരോളം പ്രത്യക്ഷപ്പെട്ടു. (10) പണശക്തികൊണ്ടു് സ്ഥാനം കരസ്ഥമാക്കിയ പാത്രിയർക്കീസുമാരുമുണ്ടെന്നു് ബർ എബ്രായ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. (11) 14-ാം ശതാബ്ദത്തിൽ മഹമ്മദീയരുടെ ശല്യം പൂർവ്വാധികം ശക്തിപെട്ടതോടെ യാക്കോബായ ജനസംഖ്യ തുലോം കുറഞ്ഞുപോയി. അന്നാണ് മപ്രിയാന്റെ അധികാരം നാമാവശേഷമായിത്തീൎന്നതും. 16-ാം ശതാബ്ദത്തിൽ 50000 കുടുംബങ്ങൾമാത്രമാണ് യാക്കോബായജനസംഖ്യയായി ക്ലിപ്തപ്പെടുത്തിയിരുന്നതു്. 17-ാം ശതാബ്ദത്തിൽ പാത്രിയർക്കീസിന്റെ കീഴിൽ 5 മെത്രാപ്പോലീത്താമാരും 20 മെത്രാന്മാരും മാത്രമെ ഉണ്ടായിരുന്നൊള്ളു. 18-ാം ശതാബ്ദത്തിൽ യാക്കോബായക്കാരുടെ ഒരു ഭാഗം കത്തോലിക്കരായി. അവരാണ് അന്ത്യോക്യാ സുറിയാനി പാത്രിയർക്കീസിന്റെ കീഴ നില്ക്കുന്ന ഇന്നത്തെ സുറിയാനിക്കാർ. യാക്കോബായക്കാൎക്കു് വിദ്യാഭ്യാസം നൽകുവാനെന്നഭാവത്തിൽ അവരുടെ ഇടയിൽ ചെന്നു് പ്രോട്ടസ്റ്റന്റുകാർ വളരെപ്പേരെ തട്ടിയെടുത്തുകൊണ്ടു് പോകുന്നുണ്ടു്. അമേരിക്കാക്കാരായ പ്രെസ്ബിത്തേറിയൻകാർ മെസൊപ്പൊത്താമിയാ മുഴുവൻ ഭാഗിച്ചെടുത്തിരിക്കുകയാണ്.

(10) Ibid.
(11) Barheb. I.; Lequien, Or. Christ. II. 1357-1408.

ഈ കഴിഞ്ഞ ലോകമഹായുദ്ധത്തോടെ യാക്കോബായക്കാരുടെ സംഖ്യ തുലോം കുറഞ്ഞുപോയി. യാക്കോബായക്കാരായി യുദ്ധാനന്തരം ശേഷിച്ചവർ അങ്ങുമിങ്ങും ചിതറിയുമാണ് കിടക്കുന്നത്. മലങ്കരയെയുള്ള യാക്കോബായക്കാരെ ഒഴിച്ചാൽ ഒരു സഭ എന്നു പറയുവാൻപോലുമുള്ള ആളുകൾ ഇപ്പോൾ യാക്കോബായ പാത്രിയർക്കീസിൻെറ കീഴിലില്ല. ജനസംഖ്യ 28450 മാത്രമാണ്. 33 പള്ളികളും 40 പട്ടക്കാരും മാത്രമെ ശീമയിലുള്ളു.

പൂർവ്വനടപ്പുപോലെ ഇന്നും തുർക്കിഗവമ്മെണ്ടിൻെറ അധികാരപത്രം കൂടാതെ പാത്രിയർക്കീസുസ്ഥാനം തുർക്കിരാജ്യത്തു ആർക്കും ഉറച്ചു കിട്ടുകയില്ല. ഫെർമാൻ എന്ന അധികാരപത്രം തുർക്കി സുൽത്താൻ പിൻവലിച്ചാൽ അതാലെ തന്നെ പാത്രിയർക്കീസിൻെറ അധികാരം പോയതായി കരുതി പോന്നിരുന്നു. (12)

പാത്രിയർക്കീസുമാർ വാസസ്ഥലം കൂടെക്കൂടെ മാററിയിരുന്നു. അഗ്നാത്തിസ് ആറാമനാണ് (1333–1366) ആദ്യമായി ദൈർഅബ്ദീനിൽ വാസമുറപ്പിച്ചത്. ഇപ്പോൾ പാത്രിയർക്കീസിൻെറ അരമന മർദീനിലാണ്. ദൈർഅബ്ദീനിലും പാത്രിയർക്കീസുമാർ പോയി താമസിക്കാറുണ്ട്. അവിടെ നാലഞ്ചു ആശ്രമങ്ങളുണ്ട്. സ്ഫറാൻ ആശ്രമദേവാലയമാണ് പാത്രിയർക്കീസിൻെറ ഭദ്രാസനാലയം. യാക്കോബായ പാത്രിയർക്കീസുമാർക്ക് ഇപ്പോൾ കേരളത്തിലും അധികാരമുണ്ടല്ലൊ. അവരിൽ ചിലർ ഇവിടെ വന്നിട്ടുമുണ്ട്. തുർക്കിരാജ്യത്തിൽ ഇപ്പോൾ പാത്രിയർക്കീസുമാർക്ക് യാതൊരധികാരവും പ്രവർത്തിക്കാൻ സാധിക്കാത്ത നിലയിലാണിരിപ്പ്. തുർക്കിരാജ്യത്തുള്ളവർക്കു പുറത്തു കടക്കുവാനും പുറത്തുള്ളവർക്കു അകത്തു പ്രവേശിക്കുവാനും അനുവാദമില്ല. പാത്രിയർക്കീസു തുർക്കിരാജ്യത്തിനു പുറത്തു കിടന്നു ചുററുകയാണ്.

## II.

### ഒരു മതാദ്ധ്യക്ഷൻ എന്ന നിലയിൽ യാക്കോബായ പാത്രിയർക്കീസിൻെറ നില.

ഒരു മതമായാൽ അതിനു തത്വങ്ങളുണ്ടായിരിക്കണം ആ തത്വങ്ങളാണ് അതിനെ മററു മതങ്ങളിൽ നിന്നു വ്യത്യാസപ്പെടുത്തുന്നത്. മതതത്വങ്ങൾ അന്യരെ പഠിപ്പിക്കേണ്ട ചുമതല മതാദ്ധ്യക്ഷനിൽ സ്ഥിതിചെയ്യുന്നതിനാൽ മതതത്വങ്ങൾ സംബന്ധമായുള്ള അറിവും പ്രവൃത്തികളും മതാദ്ധ്യക്ഷനിൽ അന്യാദൃശ്യമായി ശോഭിച്ചു നില്ക്കണം. അദ്ധ്യക്ഷൻ യാതൊരു 'പിടുത്ത'വുമില്ലാതെ പ്രവർത്തിക്കുന്നതായാൽ മതം മതമെന്നുള്ള പേരിനു കൂടെയും യോഗ്യതയുള്ളതല്ലായിരിക്കും. താൻ ഉപദേശിക്കുന്ന തത്വങ്ങൾ പരസ്പരം യോജിക്കുന്നവയാണോ എന്നും അവ യുക്തിയുക്തങ്ങളാണോ എന്നും അന്വേഷിക്കേണ്ട ഭാരവും

(12) cf. A. Fortescue Ibid. p. 339.

മതാദ്ധ്യക്ഷനിൽ തന്നെ സ്ഥിതി ചെയ്യുന്നു. യാക്കോബായ പാത്രിയക്കീസിന്റെ നില എങ്ങിനെയുള്ളതെന്നു സ്വല്പമാലോചിക്കാം.

യാക്കോബായ പാത്രിയക്കീസന്മാർ ഏകസ്വഭാവവാദികളാണ്. ഏഴാം ശതാബ്ദത്തിൽ ഏക ചിത്തവാദവും അവർ സ്വീകരിച്ചു. ഒന്നാമത്തെ യാക്കോബായ പാത്രിയക്കീസ് സേവേരൂസ് ആണെന്നാണ് യാക്കോബായക്കാർ പറയുന്നത്. അദ്ദേഹം ഒരു ക്ഷയാരാധനക്കാരനായിരുന്നതിനാൽ യാക്കോബായ പാത്രിയക്കീസന്മാരും ക്ഷയാരാധനക്കാരാണ്. (13)

1. ഏകസ്വഭാവവാദവും ഏകചിത്തവാദവും പുരാതന വിശ്വാസത്തിനും സുബുദ്ധിക്കും വിരുദ്ധങ്ങളാണെന്ന് മുകളിൽ തെളിയിച്ചിട്ടുണ്ട്. മാററംവരുവാൻ പാടില്ലാത്ത ദൈവത്വത്തിനു മാററംവരുത്തിക്കൊണ്ടാണ് 'ഒരു സ്വഭാവം' എന്ന് യാക്കോബായ പാത്രിയക്കീസുമാർ പഠിപ്പിക്കുന്നത്. ഇനിയും അവർ ഈ അബദ്ധം മനസ്സിലാക്കിയിട്ടില്ലയോ? ക്ഷയാരാധനക്കാരനാകയാൽ, മ്ശിഹായുടെ ശരീരത്തിനു ക്ഷയം സംഭവിക്കാമെന്ന് യാക്കോബായ പാത്രിയക്കീസ് സമ്മതിക്കുന്നു. ശരീരത്തിനു ക്ഷയം സംഭവിക്കാമെങ്കിൽ ക്ഷയം സംഭവിക്കാവുന്ന ഒരു സ്വഭാവവും മ്ശിഹായിൽ ഉണ്ടെന്നു വരുന്നു. മിശിഹായിൽ ഒരു സ്വഭാവം മാത്രമെയുള്ളെങ്കിൽ അതാണ് ക്ഷയം സംഭവിക്കാവുന്ന ആ സ്വഭാവം. ആ സ്വഭാവം ദൈവസ്വഭാവമല്ലെന്നു യാക്കോബായ പാത്രിയക്കീസുമാക്കും സമ്മതമാണ്. ആകയാൽ, മിശിഹായിൽ ഒരു സ്വഭാവം മാത്രമെ ഉള്ളു എങ്കിൽ യാക്കോബായ പഠനപ്രകാരം മ്ശിഹാ ദൈവമല്ലെന്നു സിദ്ധിക്കുന്നു. ഇതാണ് യാക്കോബായ വിശ്വാസത്തിൽ മറഞ്ഞു കിടക്കുന്ന അബദ്ധം.

2. മ്ശിഹായിൽ ദൈവലക്ഷണങ്ങളും മനുഷ്യലക്ഷണങ്ങളും തമ്മിൽ വ്യത്യാസമുണ്ടെന്നു സമ്മതിച്ചാൽ അങ്ങെയിൽ രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിക്കേണ്ടിവരുമെന്നു എസ്കുല്പാനോസ് നിയോബെസ് എന്നൊരു ഏക സ്വഭാവവാദി മനസ്സിലാക്കിയപ്പോൾ "യാതൊരു വ്യത്യാസവുമില്ല" (Diapharai) എന്നു അയാൾ പഠിപ്പിച്ചു. പത്രോസ് കല്ലിയ്യൂക്കോസ് എന്ന യാക്കോബായ പാത്രിയക്കീസു (5>0-591) ഈ പഠനത്തെ വിരോധിച്ചു. (14) ഇതിന്റെ അർത്ഥമെന്താണ്? പത്രോസ് പാത്രിയക്കീസു മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നു സമ്മതിക്കയല്ലയൊ ചെയ്യുന്നത്.

3. പ. ക. മറിയം ദേവമാതാവാണെന്ന് അഫേസൂസു സൂനഹദോസിന്റെ പഠനപ്രകാരം യാക്കോബായക്കാരെല്ലാവരും വിശ്വസിക്കുന്നു. മ്ശിഹായിൽ ഒരു സ്വഭാവം മാത്രമേയുള്ളു എങ്കിൽ മറിയം എങ്ങിനെ ദേവമാതാവാകും? മ്ശിഹായിലുള്ളതായി പറയുന്ന ആ ഏകസ്വഭാവം ദൈവസ്വഭാവമാണെങ്കിൽ, മാററമില്ലാത്ത ദൈവസ്വഭാവത്തിൽ മറിയത്തിൽനിന്ന് ദൈവംജനിക്കുക അസാദ്ധ്യമാകയാൽ, മറിയം ദൈവ

(13) Idem. p. 206.
(14) A. Fortescue o. c. p. 208.

മാതാവല്ല. ആ ഏകസ്വഭാവം മനുഷ്യസ്വഭാവമാണെങ്കിൽ മ്ശിഹാ ദൈവമല്ല. ദൈവമല്ലാത്ത ഒരാളേയാണ് മറിയം പ്രസവിച്ചതെങ്കിൽ മറിയം ദേവമാതാവല്ല, രണ്ടു സ്വഭാവവും കൂടി ഒന്നായെങ്കിൽ ആ ഒരു സ്വഭാവം ദൈവസ്വഭാവമോ മനുഷ്യസ്വഭാവമോ ആകുവാൻ പാടില്ല. വേറെ ഒരു സ്വഭാവമായിരിക്കണം. ആ സ്വഭാവമുള്ള ആൾ ദൈവവും മനുഷ്യനും ആകുവാൻ പാടില്ല. ദൈവവും മനുഷ്യനുമല്ലാത്ത ഒരാളെയാണ് മറിയം പ്രസവിച്ചതെങ്കിൽ മറിയം ദേവമാതാവല്ല. ആകയാൽ "മ്ശിഹായിൽ ഒരു സ്വഭാവമേയുള്ളു" എന്നു പറയുന്നതും "മറിയം ദേവമാതാവല്ല" എന്നു പറയുന്നതും ഒന്നുതന്നെ. മറിയം "ദേവമാതാവല്ലെ"ന്നു പറയുന്നവൻ യാക്കോബായക്കാരുടെ ഇടയിലും ശപിക്കപ്പെട്ടവനാണ്. ആ സ്ഥിതിക്ക് "മ്ശിഹായിൽ ഒരു സ്വഭാവ"മെന്നു പറയുന്നവരും ശപിക്കപ്പെട്ടവരാകേണ്ടയോ?

4. റൂഹാദ്ക്കുദ്ശാ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നാണ് കത്തോലിക്കരുടെ വിശ്വാസം. "റൂഹാ പിതാവിൽ നിന്നു മാത്രം പുറപ്പെടുന്നു" എന്നാണ് യാക്കോബായക്കാർ ഇപ്പോൾ പറഞ്ഞു വരുന്നത്. ഇതു യാക്കോബായ വിശ്വാസമാണോ എന്നു സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ 10-ാം ശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയിരുന്ന മൂന്നാം ദിവന്നാസ്യൂസ് പാത്രിയർക്കീസ് ഒരു സൂനഹദോസു കൂട്ടുകയും ആ സൂനഹദോസിൽനിന്നായിട്ടു എജിപ്തിലെ ഏകസ്വഭാവവാദി പാത്രിയർക്കീസായിരുന്ന മേന്നാസിനു ഇങ്ങനെ എഴുതുകയും ചെയ്തു. "പിതാവു് ആരിൽനിന്നും അല്ല. ജനിപ്പിക്കപ്പെടാത്തവനായിരിക്കുന്നു. പുത്രനാകട്ടെ നിത്യത്വം മുതൽ പിതാവിൽനിന്നു ജനിക്കുന്നു. റൂഹാദ്ക്കുദ്ശായോ എന്നാൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു." (15) അറബിഭാഷയിലാണ് ഇതെഴുതപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നുള്ള അനുമാനം സ്പഷ്ടമത്രെ. പത്താം ശതാബ്ദത്തിൽ (യൂനായസീസ്സു പൂർത്തിയാകുന്നതിനു മുമ്പ്), യാക്കോബായ പാത്രിയർക്കീസും മെത്രാന്മാരും റൂഹാ പിതാവിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു വിശ്വസിച്ചിരുന്നു. ഇപ്പോൾ അവർ മറിച്ചു പറയുന്നെങ്കിൽ പൂർവ്വവിശ്വാസം അവർ മാററിയിരിക്കുന്നു. ഇത്ര സാരമായ ഒരു വിഷയത്തിൽ അധുനിക പാത്രിയർക്കീസന്മാരുടെ നില എന്താണ്? റൂഹാ പുത്രനിൽ നിന്നു പുറപ്പെടുന്നില്ല എന്നു അവർ പറയുമോ? പറയുന്നുണ്ടോ? ഉണ്ടെങ്കിൽ മൂന്നാം ദിവന്നാസിയൂസും സൂനഹദോസും അവർക്കു വിരോധമല്ലയൊ? ഹിതാനുസരണം മാററപ്പെടുന്നതു വിശ്വാസ വിഷയമാകുന്നതെങ്ങിനെയാണ്?

മലങ്കരസഭയുടെ പുരാതനവിശ്വാസം റൂഹാ പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നായിരുന്നു എന്നു പറയുന്നതിൽ അബദ്ധമുണ്ടാകുകയില്ലെന്നു തോന്നുന്നു. 410-ൽ മലങ്കരസഭ ബാബേൽ സിംഹാസനത്തിനു

(15) Assemani B. O. T. II. p. 131, 132.
cf. Franzelin De Deo Trino p. 485.

കീഴ്പെട്ടിരുന്നു് എന്നതു് നിസ്തക്കമാണു്. 410-ൽ സെല്യൂക്കിയക്ത്തിസിഫോനിൽ (ബാബേലിൽ) നടന്ന ഒരു സൂനഹദോസിൽ സംബന്ധിച്ച മെത്രാന്മാർ തങ്ങളുടെ വിശ്വാസം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന ജീവനുള്ളവനും പരിശുദ്ധനുമായ അരൂപി; ജീവനുള്ളവനും പരിശുദ്ധനുമായ ആശ്വാസദായകൻ." (16)

മലങ്കര യാക്കോബായസഭയുടെ വിശ്വാസവും, ഈ അടുത്തകാലം വരെ ഇതിൽനിന്നു വ്യത്യസ്തമല്ലായിരുന്നു. ഇപ്പോഴത്തെ ബാവാമെത്രാൻ കക്ഷികൾ ഉണ്ടാകുന്നതിനു മുമ്പ് ഇപ്പോഴത്തെ മെത്രാൻകക്ഷിയുടെ തലവനായ വട്ടശ്ശേരിൽ മാർ ഗീവറുഗീസു ദിവന്നാസ്യോസ് മല്പാനായിരിക്കയിൽ അന്നത്തെ മലങ്കര യാക്കോബായ മെത്രാന്മാരെല്ലാവരുടെയും അംഗീകരണത്തോടെ പ്രസിദ്ധപ്പെടുത്തിയ (യാക്കോബായ സുറിയാനിസഭയുടെ) "മതോപദേശസാരങ്ങൾ" എന്ന പുസ്തകം 4-ാം സംഗതിയിൽ ഇങ്ങനെ കാണുന്നു. "ശുദ്ധമുള്ള റൂഹായായ ദൈവം... പിതാവിൽനിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്നു എടുക്കുന്നവനും ആകുന്നു." ഇതുതന്നെയാണ് കത്തോലിക്കരുടെ വിശ്വാസം. ദൈവിക ആളുകൾ തമ്മിൽ 'എടുക്കുക' 'കൊടുക്കുക' എന്നവസ്തു പറയുന്ന പദമാണ് "പുറപ്പാട്". വി. എപ്പിപ്പാനിയൂസ് റൂഹാ പുത്രനിൽ നിന്നു പുറപ്പെടുന്നു എന്നും, എടുക്കുന്നു എന്നും സാക്ഷിക്കുന്നു. റൂഹാ പുത്രനിൽ നിന്നെടുക്കുന്നതു കൃപയാണെന്ന് ചില അധുനിക യാക്കോബായക്കാർ പറയുന്നതു അബദ്ധമാണ്. റൂഹാ കൃപ എടുക്കുന്നെങ്കിൽ ആ കൃപ നാം പ്രാപിക്കുന്ന കൃപപോലുള്ളതാണോ? അങ്ങിനെയാണെങ്കിൽ റൂഹാ ഒരു സൃഷ്ടിയാണെന്നു സിദ്ധിക്കും. അങ്ങിനെയുള്ള കൃപയല്ലെങ്കിൽ ആ കൃപ പുത്രന്റെ സത്വംതന്നെ അഥവാ സ്വഭാവം തന്നെ മുഴുവനായിട്ടുള്ളതായിരിക്കണം. അങ്ങിനെയെങ്കിൽ റൂഹാ പുത്രനിൽനിന്നു പുറപ്പെടുന്നു എന്നുതന്നെ പറയണം. ഇതാണ് കോട്ടയത്തു 1928-ൽ അടിച്ച യാക്കോബായ തക്സായിൽ 150-ാം പുറത്തു കാണുന്ന "സത്വത്തിൽ തനിക്കുള്ളവ പുത്രനിൽനിന്നു എടുക്കുന്നവനായ സത്യത്തിന്റെ അരൂപി" എന്നതിന്റെ അർത്ഥം. റൂഹാ എടുക്കുന്നതു് പുത്രന്റെ സത്വത്തിൽനിന്നു വ്യത്യാസപ്പെട്ട ഏതെങ്കിലുമൊന്നല്ലെന്നു തക്സാ തെളിവായി പറയുന്നതിനെ സത്വത്തിൽനിന്നു വ്യത്യാസപ്പെട്ട കൃപയായി വ്യാഖ്യാനിക്കുന്നതെങ്ങിനെ? കൂടാതെയും അതേ തക്സായിൽതന്നെ റൂഹാ പുത്രന്റെ അരൂപിയാണെന്നു പല കുറി പ്രസ്താവിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥമെന്തായിരിക്കാം? വീണ്ടും, യാക്കോബായമല്പാനായ ബർ എബ്രായ "മ്നോറസ് കുദ്ശേ" എന്ന സ്വകൃതിയിൽ "എന്റെ വിശ്വാസ'

---

(16) Lamy. Concile tenu a Seleucie-Ctisiphon. (Compte rendu du 3. Congres scientifique internat. Cathol. Bruxelles 1895. 2. section p. 267 sqq.

മെന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്നിടത്തു് റൂഹാ പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു പ്രസ്താവിച്ചിട്ടില്ലയോ?

5. മരണശേഷം സത്തുക്കളുടെ ആത്മാക്കളെ മാലാഖാമാർ ഭൌമ്യ പറുദീസായിൽ കൊണ്ടുപോയി വിധിദിവസംവരെ അവിടെ താമസിപ്പിക്കുന്നു. അസത്തുക്കളുടെ ആത്മാക്കളെ പിശാചുക്കൾ ഈ ലോകത്തിനു പുറത്തുള്ള പിഡ നിറഞ്ഞ ഒരു സ്ഥലത്തു കൊണ്ടുപോകുന്നു. ശുദ്ധീകരണസ്ഥലമില്ല. എന്നൊക്കെയാണു യാക്കോബായ പാത്രിയർക്കീസുമാർ സ്വജനങ്ങളോടു് ഉപദേശിക്കുന്നതു്. എന്നാൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും, കുർബാന ചൊല്ലിക്കണമെന്നും ധർമ്മങ്ങൾ ചെയ്യണമെന്നുംകൂടി അവർ പഠിപ്പിക്കുന്നുണ്ടു്. (17) യാക്കോബായ ആരാധനക്രമത്തിൽ പല സ്ഥലങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷകൾ കാണുന്നുണ്ടു്. പാത്രിയർക്കീസെന്നോ മെത്രാനെന്നോ പട്ടക്കാരനെന്നോ ഉള്ള വ്യത്യാസം കൂടാതെ യാക്കോബായക്കാർ എല്ലാവരും ഈ ആരാധനക്രമം ഉപയോഗിക്കുകയും ചെയ്യുന്നു. മരണശേഷം സത്തുക്കളുടെ ആത്മാക്കൾ വിധിദിവസംവരെ ഭൌമ്യപറുദീസായിൽ താമസിക്കുന്നെങ്കിൽ അവക്കു് പ്രാർത്ഥനകൾകൊണ്ടാവശ്യമില്ല. അസത്തുക്കളുടെ ആത്മാക്കൾ പിശാചുക്കളുടെ കയ്യിൽ ഉൾപ്പെട്ടുപോകുന്നെങ്കിൽ പ്രാർത്ഥന അവക്കും ഉപകരിക്കുകയില്ല. ഈ സ്ഥിതിക്കു് യാക്കോബായക്കാർ എന്തിനായിരിക്കും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു്? ശുദ്ധീകരസ്ഥലമില്ലെന്നുള്ളതും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നുള്ളതും പരസ്പരവിരുദ്ധങ്ങളായ പഠനങ്ങളാണു്. യാക്കോബായ പാത്രിയർക്കീസുമാർ ഇവ രണ്ടും പഠിപ്പിക്കുന്നുണ്ടു്!! പരസ്പര വിരുദ്ധങ്ങളായ പഠനങ്ങൾ പഠിപ്പിക്കുന്ന മതം മതവും തദ്ധ്യക്ഷൻ അദ്ധ്യക്ഷനുമല്ല.

വിധിദിവസത്തിനുശേഷം മാത്രമേ സത്തുക്കളുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളു എന്നും മേൽ പ്രസ്താവിച്ച പഠനങ്ങളിൽ അടങ്ങിയിട്ടുണ്ടു്. എന്നാൽ വി. പൌലോസിൻെറ പഠനം എന്തെന്നു ശ്രവിച്ചാലും: "ഞാൻ രണ്ടു കാര്യങ്ങളുടെ ഇടയിൽ തേങ്ങിനില്ക്കുന്നു. മരിച്ചു് മിശിഹായുടെകൂടെ ആകുവാൻ ആഗ്രഹമുണ്ടു്. ഇതു കുറേക്കൂടി അധികം നല്ലതായ ഒരു കാര്യമാണു്. എന്നാൽ ഇനിയും മാംസത്തിൽ താമസിക്കുക നിങ്ങൾക്കാവശ്യമായ ഒന്നത്രെ." (18) മരിച്ചു് മിശിഹായുടെകൂടെ ആകുക എന്നതും മരിച്ചു് സ്വർഗ്ഗഭാഗ്യമനുഭവിക്കുക എന്നതും ഒന്നുതന്നെയാണു്. സംശയമില്ല. മരിച്ചു് മിശിഹായുടെകൂടെ ആകുവാൻ തനിക്കു് ആഗ്രഹമുണ്ടെന്നും അതു് (മററതിനേക്കാൾ) കുറേക്കൂടി അധികം നല്ലതായ ഒന്നാണെന്നും ശ്ലീഹാ പറയുന്നു. അന്യൎക്കുവേണ്ടി വേല ചെയ്യണമോ, മരിച്ചു് മിശിഹായുടെകൂടെ ആകണമൊ എന്നാണു് ശ്ലീഹാ സംശയിക്കുന്നതു്. സിദ്ധന്മാർ വിധിദിവസംവരെ സ്വർഗ്ഗഭാഗ്യം അനുഭവിക്കാതെ ഭൌമ്യപറുദീസായിൽ വസിക്കുന്നു എങ്കിൽ മരിച്ചു് മി

(17) A. Fortescue o. c.
(18) Philip 1 23-24.

ശിഹായുടെക്കൂടെ ആകണമൊ അന്യൎക്കുവേണ്ടി വേല ചെയ്യണമോ എന്നു ശ്ലീഹാ സംശയിക്കുന്നതെങ്ങിനെയാണ്? പറുദീസായിൽചെന്ന് മ്ശിഹായെ കാണാതിരിക്കുന്നത് അന്യൎക്കുവേണ്ടി വേല ചെയ്യുന്നതിനേക്കാൾ വളരെ അധികം നല്ലതെന്ന് ശ്ലീഹാ എങ്ങിനെ പറയും? കുറേ മുമ്പു മരിച്ചാലും കുറേ കഴിഞ്ഞു മരിച്ചാലും മിശിഹായുടെക്കൂടെ ആകുന്നത് വിധിദിവസത്തിനുശേഷം മാത്രമാണെങ്കിൽ ഇപ്പോൾതന്നെ മരിച്ച് മ്ശിഹായുടെക്കൂടെ ആകണമൊ വേണ്ടയൊ എന്ന് ശ്ലീഹാ എങ്ങിനെ സംശയിക്കും? ഇപ്പോൾതന്നെ മരിച്ച് മ്ശിഹായുടെക്കൂടെ ആകുവാനുള്ള അഗ്രഹം ശ്ലീഹായിലെങ്ങിനെയുണ്ടാകും? വിധിദിവസത്തിനുശേഷംമാത്രമെ മ്ശിഹായുടെക്കൂടെ ആകുവാൻ സാധിക്കുകയുള്ളു എങ്കിൽ അന്യൎക്കുവേണ്ടിയുള്ള ബുദ്ധിമുട്ടുകൾ മാററിവച്ചശേഷം മരിച്ച് മിശിഹായുടെക്കൂടെ ആകണമെന്നുള്ള ശ്ലീഹായുടെ അഗ്രഹം അൎത്ഥമില്ലാത്തതാണ്. മരിച്ചയുടനെതന്നെ മിശിഹായുടെക്കൂടെ ആകാം, വിധിദിവസംവരെ പാൎത്തിരിക്കേണ്ട അവശ്യമില്ല എന്നു ശ്ലീഹാക്കു പൂൎണ്ണബോധമുണ്ടായിരുന്നു എന്നാണ് ഇതിൽനിന്നുള്ള അനുമാനം. പാപക്കറകൾപോലുമില്ലാത്ത സിദ്ധന്മാരെക്കുറിച്ച് കത്തോലിക്കാസഭ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്. പൊതുവിധിക്കുമുമ്പ് ഓരോരുത്തരും തനിവിധിക്ക് അധീനരാകുമെന്നും ഇതിൽനിന്നു സിദ്ധിക്കുന്നു. പൊതുവിധിയുടേയും തനിവിധിയുടേയും ഉദ്ദേശ്യം ഒന്നല്ലാത്തതിനാൽ തനിവിധി കഴിഞ്ഞാലും പൊതുവിധി നടക്കാം. പൊതുവിധിയുടെ ഉദ്ദേശ്യം നരകവും മോക്ഷവും നിശ്ചയിക്കുവാനല്ല. മ്ശിഹായുടെ സ്തുതിയും പ്രതാപവും പ്രഖ്യാപനം ചെയ്യുവാനും മററുമാണ്.

6\. യാക്കോബായക്കാർ വിശുദ്ധരെ വണങ്ങുകയും അവരുടെ തിരുശേഷിപ്പുകളെ ഭക്തിപുരസ്സരം ബഹുമാനിക്കുകയും അവരോടു പ്രാൎത്ഥിക്കുകയും ചെയ്യുന്നവരാണ്. നല്ലകാൎയ്യം. യാക്കോബായക്കാർ അലക്സാന്ത്രിയായിലെ വി. കൂറിലോസിനേയും ദിയസ്ക്കോറോസിനേയും വിശുദ്ധന്മാരായി വണങ്ങുന്നു. കൂറിലോസിൻെറ വിശ്വാസനടപടികൾ എങ്ങിനെയുള്ളവയായിരുന്നെന്നും ദിയസ്ക്കോറോസു വി. കൂറിലോസിൽനിന്ന് എത്ര വ്യത്യസ്തനാണെന്നും മുകളിൽ വിവരിച്ചിട്ടുണ്ട്. ഇവരിൽ ഒരാളെ വണങ്ങുന്നവർ മററെ ആളെ അവശ്യം ശപിക്കണമെന്നും മുകളിൽ യുക്തിപൂൎവ്വം തെളിയിച്ചിട്ടുണ്ട്. യാക്കോബായ വിശുദ്ധനായ സെവേരൂസിനെ സംബന്ധിച്ചും ഇതുതന്നെ പറയാം.

7\. യാക്കോബായക്കാർ അദ്യത്തെ മൂന്നു സാൎവ്വത്രികസൂനഹദോസുകൾ സ്വീകരിക്കുന്നു. കൽക്കിദോനിയാനാമം തന്നെ അവൎക്കു അസഹ്യമാണ്. എന്നാൽ അദ്യത്തെ മൂന്നു സൂനഹദോസിൽ നടന്ന അധികാരം തന്നെയാണ് കൽക്കിദോനിയായിലും നടന്നതു്. അകയാൽ കൽക്കിദോനിയാ സ്വീകരിക്കാതിരിക്കുന്നവർ മററു മൂന്നു സൂനഹദോസുകളും സ്വീകരിക്കാതിരിക്കണം. ഇങ്ങനെയാണ് ബുദ്ധിമാന്മാർ പ്രവൎത്തിക്കേണ്ടതു്. അദ്യത്തെ മൂന്നു സൂനഹദോസുകളിൽനിന്നും, പ്രത്യേകം അപ്പെസൂസ് സൂനഹദോസിൽനിന്നും, റോമ്മാമെത്രാൻ പരമാധി

കാരമുള്ളവനാണെന്നും എല്ലാവരും അദ്ദേഹത്തിൻെറ ഐക്യത്തിൽ നില്ക്കണമെന്നും തെളിയുന്നു. അപ്പെസ്സൂസ്സ് സ്വീകരിക്കുക എന്നതും റോമ്മാ ഐക്യം സ്വീകരിക്കുക എന്നതും ഒന്നുതന്നെ എന്നും മുകളിൽ വിവരിച്ചുപറഞ്ഞിരിക്കുന്നതിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാം. അപ്പെസ്സൂസ്സ സൂനഹദോസ്സ് സ്വീകരിക്കുകയും റോമ്മാ ഐക്യം ത്യജിക്കുകയും ചെയ്യുക ബുദ്ധിപൂർവ്വമായിരിക്കയില്ല. യാക്കോബായ പാത്രിയർക്കീസും ജനങ്ങളും ഇതു കാണുന്നില്ലയോ? യാക്കോബായ വിശുദ്ധനായ ദിയസ്ക്കോറോസ്സ നടത്തിയ 'തസ്കരസംഘം' യാക്കോബായക്കാർ എന്തുകൊണ്ടു് സ്വീകരിക്കുന്നില്ല?

8. ഏകസ്വഭാവവാദികൾ എന്ന ന്യായത്താൽ അർമ്മേനിയരേയും അബ്സ്സീനിയരേയും യാക്കോബായക്കാർ കൂദാശകളിൽ സംബന്ധിപ്പിക്കുന്നുണ്ടു്. എന്നാൽ അർമ്മേനിയർ നാമമാത്രം ഏകസ്വഭാവവാദികളും അക്ഷയാരാധനക്കാരുമാണ്. ക്ഷയാരാധനക്കാർ എന്ന ന്യായത്താൽ യാക്കോബായക്കാർ എട്ടാം ശതാബ്ദംവരെ വിരോധിച്ചിരുന്ന ആ യൂലിയനിസ്റ്റർ തന്നെയാണ് അക്ഷയാരാധനക്കാരായ അർമ്മേനിയർ. (19) ഒരേ ഒരു വിശ്വാസവുമുള്ളവരെ മാത്രമേ കൂദാശകളിൽ സംബന്ധിപ്പിക്കുവാൻ പാടുള്ളു. അർമ്മേനിയരുടെ വിശ്വാസം യാക്കോബായക്കാരുടേതിൽനിന്നു വ്യത്യസ്തമാണ്. യാക്കോബായസഭയുടെ ആരംഭകാലത്തു അർമ്മേനിയരെ യാക്കോബായക്കാർ പാഷണ്ഡരായും ഗണിച്ചിരുന്നു. അബിസ്സീനിയരുടെ കാര്യത്തിലും ഇതുതന്നെ പറയാം. എന്തുകൊണ്ടെന്നാൽ അവരുടെ വിശ്വാസം നെസ്തോറിയക്കാരുടേതിൽനിന്നു വ്യത്യാസപ്പെട്ട ഒന്നല്ല. (20)

9. കൂദാശകൾ ഏഴുണ്ടെന്നാണ് യാക്കോബായക്കാരുടേയും വിശ്വാസം. എന്നാൽ പ്രവൃത്തിയിൽ വരുമ്പോൾ കൂദാശകളുടെ എണ്ണം കുറഞ്ഞുകാണുന്നു. 'ഒടുക്കത്തെ ഒപ്രൂശുമ' സ്വീകരിച്ചശേഷം മരിക്കുന്ന യാക്കോബായക്കാർ ഇപ്പോൾ എത്രപേരുണ്ട്? ആറാം പട്ടത്തിനുമുമ്പുള്ള അഞ്ചു പട്ടവും ചെറുപട്ടങ്ങളും ഒരു കാലത്തു് യാക്കോബായ സഭയിലും ഉണ്ടായിരുന്നു. വൈദേശിക യാക്കോബായക്കാരുടെ ഇടയിൽ ആറു പട്ടത്തിനു മുമ്പുള്ള പട്ടങ്ങൾ ഇപ്പോൾ സാധാരണയായി ആരും സ്വീകരിക്കാറില്ല. (21)

10. വിശ്വാസാചാരസംബന്ധങ്ങളായി ചിലപ്പോഴുണ്ടായിട്ടുള്ള ഭിന്നത നീക്കിവച്ചാൽ യാക്കോബായക്കാരും ഈഗുപ്ത്യായക്കാരും തമ്മിൽ വിശ്വാസത്തിലും മററു പല കാര്യങ്ങളിലും വളരെ സാമ്യമുണ്ട്. അലക്സന്ത്രിയായിലെ ഈഗുപ്ത്യായ പാത്രിയർക്കീസിനെ തൻെറ സഹോദരനായും തന്നെക്കാൾ ബഹുമാനമുള്ളവനായും യാക്കോബായ പാത്രിയർക്കീസു കരുതുന്നു. ഒരു പാത്രിയർക്കീസിൻെറ സ്ഥാനാരോഹണം ലേഖനംമൂലം മററു പാത്രിയർക്കീസിനെ അറിയിക്കുക ഒരു പതിവായി തീർന്നിട്ടു

---

(19) A. Fortescue o. c.
(20) Ibidem.
(21) Ibidem.

ണ്ട്. എന്നാൽ ഈ രണ്ടു സഭകളും സ്വതന്ത്രസഭകളാണെന്നും ഒന്നു മററതിന് കീഴ്പ്പെട്ടന്നില്ലെന്നും അറിഞ്ഞിരിക്കണം. മിശിഹാ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ; അതിൽ പരമാധികാരവും ഏൽപ്പിട്ടത്തിയിട്ടുണ്ട് എന്നു ഈശ്ഗ്രപ്യായക്കാരും യാക്കോബായക്കാരും പ്രവൃത്തിയിൽ വിശ്വസിക്കുന്നില്ലെന്നാണ് ഇതിൽനിന്നുള്ള അനുമാനം. പത്രോസിൻെറ പരമാധികാരം ഈശ്ഗ്രപ്യായ പാത്രിയക്കീസിനോ യാക്കോബായ പാത്രിയക്കീസിനൊ ഇല്ലെന്ന് ഇതിനാലെ തന്നെ രണ്ടുപേരും സമ്മതിക്കയും ചെയ്യുന്നു.

എന്നാൽ ൧൯൨൩-ൽ യാക്കോബായ പാത്രിയക്കീസിൻെറ പ്രതിപുരുഷനായി മലങ്കരെ വന്ന യൂലിയോസ് ഏലിയാ ഒരു പരസ്യകല്പനയിൽ ഇങ്ങനെ പറയുന്നു. "തലവന്മാരുടെ തലവനും ഇടയന്മാരുടെ ഉടയനും പിതാക്കന്മാരുടെ പിതാവും സർവ്വപുകഴ്ചക്കും യോഗ്യനും ആയിരിക്കുന്ന അന്ത്യോക്യായുടെ വിശുദ്ധ മോറാൻ പാത്രിയക്കീസിനാൽ... അയക്കപ്പെട്ട... യൂലിയോസ് ഏലിയ ... എഴുതുന്നത്..." (22 യൂലിയോസു പറയുന്നപ്രകാരം അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസ് തലവന്മാരുടെതലവനാണ്. അകയാൽ അദ്ദേഹം ഈശ്ഗ്രപ്യായ പാത്രിയക്കീസൻെറയും തലവനായിരിക്കണം. തൻെറ പ്രതിപുരുഷനു ഇങ്ങനെ പറയുന്നെങ്കിലും യാക്കോബായ പാത്രിയക്കീസ് അതു വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹം എന്തുകൊണ്ട് ഈശ്ഗ്രപ്യായപാത്രിയക്കീസിന് പ്രഥമസ്ഥാനം കൊടുക്കുന്നു? (23.)

12-ാം ശതാബ്ദത്തിൽ ഈശ്ഗ്രപ്യായക്കാരനായ മർക്കോസു ഈബാൻ എന്നൊരാൾ പട്ടക്കാരോടു പാപസങ്കീർത്തനം ചെയ്യിട്ടാവശ്യമില്ല, കുന്തിരുക്കം പുകച്ചാൽ മതി എന്നു പഠിപ്പിച്ചിരുന്നു. യോഹന്നാൻ അഞ്ചാമൻ എന്ന ഈശ്ഗ്രപ്യായ പാത്രിയക്കീസു മർക്കോസിനെ മഹറോൻ ചൊല്ലി. മർക്കോസാകട്ടെ യാക്കോബായ പാത്രിയക്കീസായിരുന്ന മിഖായേൽ ഒന്നാമൻെറ (൧൧൬൬—൧൧൯൯) പക്കൽ അപ്പീൽ ബോധിപ്പിച്ചു. (24) യാക്കോബായപാത്രിയക്കീസു അപ്പീൽ സ്വീകരിച്ചു. (25) ഇതിൻെറ അർത്ഥം യാക്കോബായ പാത്രിയക്കീസു ഈശ്ഗ്രപ്യായ പാത്രിയക്കീസിൻെറ തലവനാണെന്നാണ്. വേറൊരു സംഭവംകൂടി പറയാം. ഈശ്ഗ്രപ്യായ പാത്രിയക്കീസായിരുന്ന ദമിയാനോസും (൫൭൮— ൬൦൫) യാക്കോബായ പാത്രിയക്കീസായിരുന്ന പത്രോസു കല്ലനിക്ക്യായും തമ്മിൽ വിശ്വാസ വിഷയത്തിൽ വലിയ തർക്കമുണ്ടായി. ദമിയാനോസു മൂന്നു ദേവന്മാരുണ്ടെന്നു പഠിപ്പിച്ചിരുന്നതായി ബർഎബ്രായ പറയുന്നു. അൽഉശ്മൂനായിലെ സെവേരൂസ് എന്ന ഈശ്ഗ്രപ്യായ ചരിത്രകാരൻ പറയുന്നതു് യാക്കോബായ പാത്രിയക്കീസു ത്രിത്വത്തെ വിഭജിച്ചതിനാൽ അദ്ദേഹത്തിൻെറ നാ

(22) നസ്രാണിദീപിക 1924 ജനു. 2.
(23) A. Fortescue o. c.
(24) A. Fortescue o. c. p. 241 cf. Barhaebreus I. 574-576.
(25) Ibidem.

വ് അററുകളയേണ്ടതായിരുന്നു എന്നത്രെ. (26) യാക്കോബായക്കാരും ഈഗുപ്തായക്കാരും തമ്മിലുണ്ടായ ഈ ഭിന്നത വളരെക്കാലത്തേക്കു നീണ്ടുനിന്നു. ഈഗുപ്തായ പാത്രിയക്കീസായിരുന്ന അലക്സാന്തറിന്റെ ഭരണകാലത്താണ് (൬൱൰൬. ൬൱൨൭) ഭിന്നത അവസാനിച്ചതു്. യാക്കോബായ പാത്രിയക്കീസായിരുന്ന അത്തനാസീസ്’ ഒന്നാമൻ (൫൱൯൫–൬൱൩൧) എജിപ്തിൽ ചെന്നു സമാധാനമുണ്ടാക്കുകയാണ് ചെയ്തതു്. (27) ഇതാണ് യാക്കോബായക്കാരും ഈഗുപ്തായക്കാരും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം. രണ്ടുകൂട്ടരുടെയും പാത്രിയക്കീസന്മാർ സമന്മാരാണെന്നു ചിലപ്പോഴെല്ലാം അവർ പറയുന്നുണ്ടെങ്കിൽ വേറേ ചില സന്ദർഭങ്ങളിൽ ഒരാൾ മററേ ആളിനു കീഴ്പെട്ടവനാണെന്നും അവർതന്നെ പറയുകയും പ്രവൃത്തിമൂലം ഉറപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു നില അവലംബിച്ചിരിക്കുന്ന ഒരു മതാദ്ധ്യക്ഷനെപ്പററി എന്തു പറയേണ്ടു എന്ന് വായനക്കാർ തന്നെ വിധിക്കട്ടെ. കൂദാശയ്ക്കുള്ള അപ്പത്തിൽ യാക്കോബായക്കാർ ഉപ്പും എണ്ണയും കൂട്ടിയതു് ഈഗുപ്തായക്കാൎക്കു ഒട്ടും രസിച്ചില്ല. ക്രിസ്റ്റോംദ്ദുള്ളസ് എന്ന ഈഗുപ്തായ പാത്രിയക്കീസു (൩൱൪൰൭–൪൱൭) ഇതിനു പരമവിരോധിയായിരുന്നു. (28) എന്തിനധികം പറയുന്നു? സ്വന്തനില എന്തെന്നു യാക്കോബായ പാത്രിയക്കീസിനോ ഈഗുപ്തായ പാത്രിയക്കീസിനോ നിശ്ചയമില്ലെന്നാണു തെളിയുന്നതു്.

യാക്കോബായ പാത്രിയക്കീസുമാരെല്ലാവരും ഇപ്പോൾ അഗനാത്തീസ് എന്ന നാമം സ്വീകരിക്കുന്നു. ഇങ്ങനെ ഒരു പതിവു നടപ്പാക്കിയതു് അഗനാത്തീസു മൂന്നാമനാണ് (൧൨൱൨൰൨–൧൨൱൫൰൨) അദ്ദേഹത്തിന്റെ ആദ്യത്തെ പേരു് ഈശോബർനോ എന്നായിരുന്നു. അന്ത്യോക്യായിലെ വി. അഗനാത്തിസിന്റെ ഓർമ്മയ്ക്കായാണു യാക്കോബായ പാത്രിയക്കീസുമാർ ഇങ്ങനെ നാമംമാററുന്നതെന്നു പ്രസ്താവ്യമാണ്. എന്നാൽ വി. അഗനാത്തിസിന്റെ വിശ്വാസം മ്ശിഹാ സാക്ഷാൽ മനുഷ്യനും സാക്ഷാൽ ദൈവവും അതാണെന്നായിരുന്നു. യാക്കോബായവിശ്വാസം പരിശോധിക്കുന്നതായാൽ മ്ശിഹാ ദൈവമല്ലെന്നോ മനുഷ്യനല്ലെന്നോ അല്ലെങ്കിൽ ദൈവമോ മനുഷ്യനോ അല്ലെന്നോ സമ്മതിക്കേണ്ടിവരുമെന്ന് മുകളിൽ തെളിയിച്ചിട്ടുണ്ടു്.

12. ഒന്നാമത്തെ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസു സെവേരൂസ് ആണെന്നാണ് യാക്കോബായക്കാർ പറയുന്നതു്. അങ്ങിനെയെങ്കിൽ കൽക്കിദോനിയാ സൂനഹദോസിനുമുമ്പു തങ്ങൾക്കു പാത്രിയക്കീസുമാരില്ലായിരുന്നെന്നു യാക്കോബായക്കാർ സമ്മതിക്കണം. അതേ, യാക്കോബായസഭ ഒരു നവീനസഭയാണ്. ശ്ലീഹന്മാരുടെ കാലത്തു യാക്കോബായസഭയോ യാക്കോബായവിശ്വാസമോ ഇല്ലായിരുന്നു. യാക്കോ

(26) ed. Evetts. p. 213. quoted by A. Fortescue o. c. p. 334.
(27) Barhaeb. I. 270; Fortescue o. c.
(28) Renaudet. Hist. Patr. Alexander. 425. Assemani B. O. II. § III.

ബായവിശ്വാസം ശ്ലൈഹികവിശ്വാസമല്ലെന്നു മുകളിൽ തെളിയിച്ചിട്ടുള്ളതുമാണ്. ഒന്നാമത്തെ യാക്കോബായ പാത്രിയർക്കീസു സെവേരൂസാണെന്നു പറയുകയിൽ തങ്ങളുടെ വിശ്വാസം ശ്ലൈഹികവിശ്വാസമല്ലെന്നു യാക്കോബായക്കാർ അനുസരിക്കയും ഉറപ്പിക്കയുമാണ് ചെയ്യുന്നത്.

സെവേരൂസിനുമുമ്പും തങ്ങൾക്കു അന്ത്യോക്യാ പാത്രിയർക്കീസുമാരുണ്ടായിരുന്നു, ആരംഭംമുതലുള്ള അന്ത്യോക്യാപാത്രിയർക്കീസുമാർ തങ്ങളുടേതാണ് എന്ന് യാക്കോബായക്കാർ പറയുമെങ്കിൽ പുറകോട്ടുപോകുന്നതിനു മടിയില്ല. എന്നാൽ മാക്സിമോസു മുതലായി ഏകസ്വഭാവവാദം ശപിക്കുകയും അതിനു വിരോധമായി പഠിപ്പിക്കുകയും റോമ്മാ മാർപ്പാപ്പായുടെ ഐക്യത്തിൽ വ്യാപരിക്കുകയും ചെയ്ത അന്ത്യോക്യാ പാത്രിയർക്കീസുമാർ തങ്ങളുടെ മുൻഗാമികളാണെന്നു സമ്മതിക്കുവാൻ യാക്കോബായ പാത്രിയർക്കീസുമാർ നിർബന്ധപ്പെട്ടുപോകുമെന്നറിഞ്ഞിരിക്കണം. ആകയാൽ സെവേരൂസിൽ നിൽക്കാതെ പുറകോട്ടു പോകുകയാണെങ്കിൽ, ഏക സ്വഭാവവാദം ഉപേക്ഷിക്കണം, കൽക്കിദോനിയാ സ്വീകരിക്കണം, റോമ്മാ ഐക്യം പ്രാപിക്കണം. ഇതിനു സമ്മതമില്ലെങ്കിൽ, യാക്കോബായ വിശ്വാസം ശ്ലീഹന്മാരുടെ വിശ്വാസത്തിനു വിരുദ്ധമാണെന്നും യാക്കോബായ പാത്രിയർക്കീസുമാർക്കു ശ്ലീഹന്മാരിൽ നിന്നുള്ള പിൻതുടർച്ചയില്ലെന്നും സമ്മതിക്കണം. മേലുദ്ധരിച്ച പരസ്യകല്പനയിൽ "അന്ത്യോക്യായിലെ അപ്പസ്തോലിക്ക സിംഹാസനം" എന്ന് യൂലിയോസു പറയുന്നുണ്ട്. ഇതിൻെറ അർത്ഥമെന്താണ്? അന്ത്യോക്യാ പാത്രിയർക്കീസു എന്ന നാമത്തിൽ യാക്കോബ് ബുർദ്ആയ സ്ഥാപിച്ച ഒന്നാമത്തെ യാക്കോബായ മതാദ്ധ്യക്ഷനോ അന്ത്യോക്യായിൽ നിന്ന് ബഹിഷ്കൃതനായ സെവേരൂസോ ശ്ലീഹന്മാരുടെ ഗണത്തിൽ പെട്ടിരുന്നു എന്ന് അർത്ഥമാക്കണമെ? അല്ലെങ്കിൽ യാക്കോബ് ബുർദ്ആയായെ ഒരു ശ്ലീഹാ ആയി പരിഗണിക്കണമൊ? അതല്ലെങ്കിൽ ഏക സ്വഭാവവാദികളിൽ ആർക്കെങ്കിലും ശ്ലീഹാ എന്ന സ്ഥാനസംജ്ഞ കല്പിക്കണമൊ? യാക്കോബായ വിശ്വാസം ശ്ലീഹന്മാരുടെ വിശ്വാസം തന്നെയാണെന്നും, യാക്കോബായ പാത്രിയർക്കീസുമാർക്കു ശ്ലീഹന്മാരിൽ നിന്നുള്ള പിന്തുടർച്ചയുണ്ടെന്നും തെളിയിക്കാമോ? കണ്ടാലും, യാക്കോബായ പാത്രിയർക്കീസിൻെറ നില എപ്രകാരമുള്ളതെന്ന് യാക്കോബായക്കാർക്കു തന്നെയും നിശ്ചയമില്ല. മലങ്കര നസ്രാണിസമുദായത്തിൽ പെട്ട അറിവും വിവേകവുമുള്ള ആളുകൾ ഇതു മനസ്സിലാക്കുന്നില്ലയൊ?

13. ഫെർമാൻ എന്ന അധികാരപത്രം സുൽത്താൻ പിൻവലിച്ചാൽ അതോടെ തന്നെ പാത്രിയർക്കീസിൻെറ സ്ഥാനവും അധികാരവും പോകുന്നു എന്ന് യാക്കോബായക്കാർ വിശ്വസിച്ചിരുന്നു. അബ്ദൽ മ്ശിഹായുടെ ഫെർമാൻ സുൽത്താൻ അബ്ദല്ലായിക്കു കൊടുത്തപ്പോൾ യാക്കോബായക്കാർ എല്ലാവരും അബ്ദല്ലായെ സാക്ഷാത്താ

യ പാത്രിയർക്കീസായി സ്വീകരിച്ചു. (29) എന്നാൽ, ഫെർമാൻ നഷ്ടപ്പെടുന്നതിനു മുമ്പു അബ്ദൽ മിശിഹായെ ധർമ്മസമ്മതനായ പാത്രിയാർക്കീയായി എല്ലാവരും സ്വീകരിച്ചിരുന്നു. ഫെർമാൻ നഷ്ടപ്പെട്ടശേഷം താൻ പാത്രിയർക്കീയാണെന്നു് അബ്ദൽ മിശിഹാ വാദിക്കയും ചെയ്തിരുന്നു. എങ്കിലും യാക്കോബായക്കാർ അദ്ദേഹത്തെ സ്വീകരിച്ചില്ല. ഇതിന്റെ അർത്ഥമെന്താണ്? തങ്ങൾ ധർമ്മസമ്മതനായി കരുതുന്ന ഒരു പാത്രിയാർക്ക സ്വന്തം ഉദ്യോഗം വിട്ടുപേക്ഷിച്ചില്ലെങ്കിലും അദ്ദേഹത്തെ തുർക്കിസുൽത്താനു് അധികാരത്തിൽനിന്നു മാറ്റുവാൻ പാടുണ്ടെന്നു യാക്കോബായക്കാർ വിശ്വസിക്കുന്നു എന്നല്ലയൊ ഇതിൽനിന്നുള്ള അനുമാനം? പാത്രിയാർക്കീയുടെ അധികാരം ദൈവത്തിൽനിന്നുള്ളതല്ല, സുൽത്താനിൽനിന്നുള്ളതാണ് എന്നാണിതിന്റെ സാരം! ഇങ്ങനെ യാക്കോബായക്കാരും വിശ്വസിക്കുന്നു എന്നും ഇതിൽനിന്നു തെളിയുന്നു. അതെ, സത്യവിശ്വാസത്തിൽനിന്നു തെറ്റിപ്പോകുന്നവർക്കു മതസംബന്ധമായി ദൈവത്തിൽനിന്നു് യാതൊരധികാരവും പ്രാപിക്കുവാൻ പാടില്ല.

14. കൊത്തുരൂപങ്ങൾ ഉപയോഗിക്കുന്നതിൽ വിദേശിയ യാക്കോബായക്കാർ പൊതുവെ വിമുഖരാണ്. എന്നാൽ ഛായാപടങ്ങൾ അവർ ധാരാളമുപയോഗിക്കുന്നുണ്ടു്. പുറപ്പാടു ൨൫—ാം അ. 18—ാം വാക്യത്തിൽ ക്രോവെ മാലാഖാമാരുടെ രണ്ടു കൊത്തുരൂപങ്ങൾ ഉണ്ടാക്കി പെട്ടകത്തിന്റെ മുകളിൽ സ്ഥാപിക്കണമെന്നു് ദൈവം മൂശയോടു കല്പിച്ചിരിക്കുന്നു. കൊത്തുരൂപങ്ങൾ ഉപയോഗിച്ചുകൂടെന്നാണെങ്കിൽ ദൈവം ഇങ്ങനെ കല്പിക്കുകയില്ലായിരുന്നു. കൊത്തുരൂപങ്ങളുടെ നേർക്കു ചെയ്യുന്ന വണക്കം വിഗ്രഹാരാധനയാണെങ്കിൽ കൊത്തുരൂപങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഇതു് എല്ലാവർക്കും സമ്മതമാണ്. "സ്വരൂപങ്ങൾ" എന്നവിധത്തിൽ കൊത്തുരൂപവും ഛായാപടവും ഒരേവിധത്തിൽ തന്നെയാണ് എല്ലാവരാലും കരുതപ്പെടുന്നതു്. ഇവ രണ്ടിനും ചെയ്യുന്ന വണക്കം രണ്ടുതരത്തിൽ പെട്ടതാണെന്നു മനസ്സിലാക്കാതിരുന്നാൽകൊള്ളാം. ഒരെഒരു വണക്കമായിട്ടാണ് കത്തോലിക്കർ ഇവരണ്ടിനും ചെയ്യുന്ന വണക്കത്തെപ്പറ്റി ധരിച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, രണ്ടും ആരെ സൂചിപ്പിക്കുന്നുവൊ, അവരുടെ പ്രതിമകൾ മാത്രമാണ്. ഒന്നു് കൊത്തപ്പെട്ടിരിക്കുന്നു, മറ്റേതു എഴുതപ്പെട്ടിരിക്കുന്നു എന്ന വ്യത്യാസം മാത്രമെയുള്ളു. ഛായാപടത്തോടുള്ള വണക്കം വിഗ്രഹാരാധനയല്ലെങ്കിൽ കൊത്തുരൂപത്തോടുള്ളതും അല്ല. ഛായാപടം ഉപയോഗിക്കാമെങ്കിൽ കൊത്തുരൂപവും ഉപയോഗിക്കാം. കൊത്തുരൂപം ഉപയോഗിക്കണമെന്നു് ദൈവം തന്നെ മൂശയോടു കല്പിച്ചിട്ടുമുണ്ടു്.

15. പാത്രിയർക്കീസ് ഒരു മെത്രാനെയൊ പട്ടക്കാരനെയോ മുടക്കിയാൽ അതോടെതന്നെ അയാൾ അൽമായക്കാരനായിത്തീരുന്നെന്നു് ഇപ്പോൾ യാക്കോബായ പാത്രിയർക്കീസുമാർ പ്രസംഗിക്കുന്നു. കൂദാശകളെപ്പറ്റി പഠിച്ചിരിക്കുന്നവർക്കു് ഇതൊരു നവീന ഉപദേശമാണ്. പാ

(29) cf. A. Fortescue o. c.

ത്രിയക്കീസിന്റെ മുടക്കിനാൽ വൈദികസ്ഥാനമുള്ളവർ അൽമായക്കാരാകുന്നെങ്കിൽ, മുടക്കു നീക്കുമ്പോൾ പാത്രിയക്കീസു് വീണ്ടും അയാൾക്കു പട്ടം കൊടുക്കണം. അല്ലെങ്കിൽ പ്രസ്തുത ഉപദേശത്തിന് അർത്ഥമില്ല. എന്നാൽ മുടക്കേററ മെത്രാന്മാരുടേയൊ പട്ടക്കാരുടേയൊ മുടക്ക് നീക്കുകയല്ലാതെ പാത്രിയക്കീസു അവർക്കു വീണ്ടും പട്ടം കൊടുക്കാറില്ല. പ്രവൃത്തി പഠനത്തോടു യോജിക്കുന്നുണ്ടോ എന്ന് വായനക്കാർ വിധിച്ചാലും,

16. ഏകസ്വഭാവവാദം ആദ്യമായി പുറപ്പെടുവിച്ച എവുത്തിക്കീസിനെ യാക്കോബായക്കാർ ശപിക്കുന്നു. എവുത്തിക്കീസിനെ സർവ്വപ്രകാരേണ ആദരിച്ച ദിയസ്ക്കോറോസിനെ അവർ വിശുദ്ധനായി വണങ്ങുന്നു. പ. ക. മറിയം ദേവമാതാവല്ലെന്നും എവുത്തിക്കീസ് പഠിപ്പിച്ചിരുന്നതിനാലാണ് യാക്കോബായക്കാർ അദ്ദേഹത്തെ ശപിക്കുന്നത്. പക്ഷെ ഏകസ്വഭാവവാദം സ്വീകരിക്കുന്ന ഒരാൾ പ. ക. മറിയം, ദേവമാതാവല്ലെന്ന് അവശ്യം സമ്മതിക്കണം എന്ന് മുകളിൽ തെളിയിച്ചിട്ടുണ്ട്. അകയാൽ ഏതുകാരണത്താൽ യാക്കോബായക്കാർ എവുത്തിക്കീസിനെ ശപിക്കുന്നുവോ ആ കാരണത്താൽ തന്നെ തങ്ങളെതന്നെ തങ്ങൾ ശപിക്കയാണ് ചെയ്യുന്നത്. എവുത്തിക്കീസിനെ സർവ്വപ്രകാരേണ ആദരിച്ച ദിയസ്കോറോസിനെ എന്തുകൊണ്ട് അവർ വിശുദ്ധനാക്കി?

യാക്കോബായസഭയുടെ അടിസ്ഥാനരാഹിത്യം പല യാക്കോബായ പാത്രിയക്കീസുമാരും മെത്രാന്മാരും ഗ്രഹിച്ചിരുന്നു എന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. അഗ്നാത്തിയോസെന്ന ഒരു പാത്രിയക്കീസ് 1247—ൽ റോമ്മാപ്പള്ളി, എല്ലാപ്പള്ളികളുടേയും മാതാവും നാഥയുമാണെന്ന് അനുസരിച്ചുപറയുകയും റോമ്മായിലെ നാലാം ഇന്നൊച്ചൻസ്യോസ് മാർപ്പാപ്പാക്കു് തന്റെ വിശ്വാസം എഴുതി അയക്കുകയും ചെയ്തു. (30) ആ എഴുത്തിൽ ഇന്നോച്ചൻസ്യോസ് പിതാക്കന്മാരുടെ പിതാവാണെന്നും യാക്കോബായ പാത്രിയക്കീസ് സമ്മതിച്ചുപറയുന്നു. (31) 16—ാം ശതാബ്ദത്തിൽ യാക്കോബായസഭാഭരണം നടത്തിയിരുന്ന 17—ാം അഗ്നാത്തിയോസും 18—ാം അഗ്നാത്തിയോസും ഇങ്ങനെ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. (32) റോമ്മാ മാർപ്പാപ്പാമാരിൽനിന്നുള്ള മറുപടിയും പ്രസ്തുത പാത്രിയക്കീസുമാർക്കു ലഭിച്ചിട്ടുമുണ്ട്. "അങ്ങേ പാദങ്ങളുടെ അടിയിലുള്ള ഭൂമി ഞാൻ മുത്തുന്നു" എന്നാണ് 27—ാം അഗ്നാത്തിയോസ് 16—ാം ശതാബ്ദത്തിൽ യൂലിയോസ് മൂന്നാമനെഴുതിയതു്. (33) ഇപ്രകാരമുള്ള എഴുത്തുകുത്തുകളുടെ ഫലമായി 18—ാം ശതാബ്ദത്തിൽ യാ

(29) cf. A. Fortescue o. c.
(30) Raynald, Contin. Baronii H E. Tun· 11. §XXXVI
(31) Ibid.
(32) Cf. C. B. Benni O. C,
(33) Stephani Balutii Miscell. T. III. P. 188. Cf. C. B. Benni O. C.

ക്കോബായക്കാരിൽ ഒരു ഭാഗം അന്നത്തെ പാത്രിയക്കീസായിരുന്ന അഗ്നാത്തിസ് ഗിവാർവെയോടുകൂടെ കത്തോലിക്കമതം സ്വീകരിച്ചു. അഗ്നാത്തിസ് ഗിവാർവെയുടെ പിൻഗാമികളാണല്ലൊ കത്തോലിക്കരായ അന്ത്യോക്യാസുറിയാനി പാത്രിയക്കീസുമാർ.

അന്ത്യോക്യപാത്രിയക്കീസിൻെറ യഥാർത്ഥനില എന്തെന്നും യാക്കോബായ പാത്രിയക്കീസിൻെറ നില എന്തെന്നും പാത്രിയക്കീസും കിഴുള്ളവരും ശരിയായി എന്നു ഗ്രഹിക്കും? മാർ തോമ്മാശ്ലീഹായുടെ മക്കളായ മലങ്കരനസ്രാണികളുടെ ഒരു ഭാഗം അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിൻെറ കീഴിലായിപ്പോയല്ലൊ എന്നതിനെക്കാൾ ദുഃഖകരമായി വേറെ എന്താണുള്ളത്?

## 15—ാം അദ്ധ്യായം.

### അന്ത്യോക്യാ മലങ്കര ബന്ധം.

പുരാതന കാലങ്ങളിൽ മലങ്കരസഭ നേരിട്ട് പേർഷ്യാ മെത്രാപ്പോലീത്തായുടെ കീഴും, പേർഷ്യാ മെത്രാപ്പോലീത്താ ബാബേൽ കാസോലിക്കായുടെ കീഴും, കാസോലിക്കയാകട്ടെ അന്ത്യോക്യാ പാത്രിയക്കീസിൻെറ കീഴുമായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ സ്ഥിതിക്ക്, മലങ്കരസഭ, നേരിട്ടല്ലെങ്കിലും, അന്ത്യോക്യാ പാത്രിയക്കീസിൻെറ കീഴായിരുന്നു എന്നത് നിസ്തർക്കമാണ്. കൽക്കദോനിയാ സൂനഹദോസിനു മുമ്പ് ബാബേൽ, അന്ത്യോക്യാ അധികാരം ത്യജിക്കുകയും കാലാന്തരത്തിൽ നെസ്തോറിയൻ പാഷണ്ഡതയിൽ അധഃപതിക്കുകയും ചെയ്തെങ്കിലും ഇൻഡ്യാ, പേർഷ്യാ മുതലായ സ്ഥലങ്ങളിലേക്ക് മെത്രാന്മാരെ അഭിഷേകം ചെയ്തിരുന്ന കാസോലിക്കാമാർ അന്ത്യോക്യാ പാത്രിയക്കീസിൻെറ കീഴിലുണ്ടായിരുന്നു എന്നും നാം കണ്ടു കഴിഞ്ഞു. 1052—നു കുറെ മുമ്പു അന്ത്യോക്യായിൽ ഭരണം നടത്തിയിരുന്ന മല്ക്കായാ (കത്തോലിക്കാ) പാത്രിയക്കീസ് ഇൻഡ്യാസഭ തൻെറ അധികാരത്തിൽ പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും മുകളിൽ കാണിച്ചിട്ടുണ്ട്. ഈ രേഖകൾ പിടിച്ചുകൊണ്ട് മലങ്കര സഭ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിൻെറ കീഴിൽ പണ്ടേതന്നെ ഉൾപ്പെട്ടിരുന്നു എന്നു വാദിക്കുക അബദ്ധമായിരിക്കും. എന്തുകൊണ്ടെന്നാൽ യൌനായ ശീശ്മ പൂർത്തിയായതിനു മുമ്പു, (൧൦൫൨—നു മുമ്പ്) ഇൻഡ്യാസഭ തങ്ങളുടെ കീഴിൽ സ്ഥിതി ചെയ്തിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്ന അന്ത്യോക്യാ പാത്രിയക്കീസുമാർ അന്ത്യോക്യായിലെ മല്ക്കായാ പാത്രിയക്കീസുമാരാണ്. കൽക്കിദോനിയാ സൂനഹദോസിൽവച്ച് ഏകസ്വഭാവ വാദം ശപിച്ച മക്സിമോസ് എന്ന അന്ത്യോക്യാ പാത്രിയക്കീസിൻെറ പിൻഗാമികളായിരുന്നു അവർ. അവർ റോമ്മായുടെ ഐക്യത്തിൽ നിന്നിരുന്നു.

669—ൽ ഏകസ്വഭാവവാദിയായ ഒരു മെത്രാൻ അലക്സാന്ത്രിയായിൽനിന്നു മലങ്കരെ വന്നതായി ഡേ "പെരുമാക്കന്മാരുടെ നാട്ടു" എന്ന സ്വകൃതിയിൽ 216—ാംപക്ഷത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 686 മുതൽ 689വരെ അലക്സാന്ത്രിയായിൽ ഭരണം നടത്തിയ ഇസഹാക്കെന്ന (ഏകസ്വഭാവവാദി) ഈജിപ്ത്യായ പാത്രിയക്കീസിന്റെ പക്കൽ ഒരു മെത്രാനെ ആവശ്യപ്പെട്ടുകൊണ്ടു മലങ്കരെനിന്നു ചിലരെത്തിയതായും പാത്രിയക്കീസു നിശ്ചയിച്ച മെത്രാനെയും രണ്ടു പട്ടക്കാരെയും മഹമ്മദിയർ അപായപ്പെടുത്തിയതായും അൽമക്രീസി (p. 53) എന്ന ചരിത്രകാരന്റെ വാക്യത്താൽ ഫൊർട്ടെസ്ക്യൂ Lesser Eastern Church എന്ന തന്റെ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടു. ഏകസ്വഭാവവാദിയായ ഒരു മെത്രാനെ കൊണ്ടുവരുവാൻ 6—ാംശതാബ്ദത്തിൽ നസ്രാണിക്ക് ആളയച്ചിട്ടുണ്ടെന്നു ജെമ്മാനും പ്രസ്തുവിക്കുന്നു. (German p. 148–149) ഏകസ്വഭാവവാദിയായ ഒരുമെത്രാൻ മലങ്കരെ വന്നതൊ നസ്രാണികൾ അങ്ങിനെയുള്ള ഒരാളെ ആവശ്യപ്പെട്ടതൊ സംഭവിക്കാൻ പാടില്ലാത്ത ഒരു കാര്യമല്ല. എങ്ങും തൊടാതെയുള്ള പ്രസ്താവനകൾ ഒരേ ഒരു സംഭവത്തെമാത്രം ഉദ്ദേശിച്ചാകുവാനും പാടുണ്ടു. അവയെല്ലാം വാസ്തവവിരുദ്ധങ്ങളല്ലെന്നു വന്നാലും യാക്കോബായപാത്രിയക്കീസന്മാക്ക് 1663നുമുമ്പു മലങ്കരെ അധികാരമില്ലായിരുന്നു എന്നുള്ള ചരിത്രപ്രസിദ്ധമായ സത്യം സദാ അനിഷേദ്ധ്യംതന്നെ ആയിരിക്കും. ഉദയമ്പേരൂർ സൂനഹദോസിനു മുമ്പ് മലങ്കരസഭ ഉപയോഗിച്ചിരുന്ന ആരാധനക്രമവും പൌരസ്ത്യസുറിയാനിഭാഷയും, കൽദായപാത്രിയക്കീസുമായി അന്ന് ആ സഭക്കുണ്ടായിരുന്ന ബന്ധത്തെ നിസ്സംശയം തെളിയിക്കുന്ന ചരിത്രരേഖകളും യാക്കോബായ അവകാശവാദത്തെ സയുക്തം ഖണ്ഡിക്കുകതന്നെ ചെയ്യുന്നു.

പുരാതനകാലത്ത് മലങ്കരസഭ അന്ത്യോക്യാപാത്രിയക്കീസിന്റെ കീഴായിരുന്നെങ്കിൽ ആ പാത്രിയക്കീസ് യാക്കോബായ പാത്രിയക്കീസ് അല്ലായിരുന്നു. 11—ാം ശതാബ്ദത്തിനുമുമ്പ് മലങ്കരെ തനിക്കധികാരമുണ്ടെന്ന് അന്ത്യോക്യാ പാത്രിയക്കീസ് വാദിച്ചതായി, അല്ലാസിയൂസ്, തീലൂസ്, ദൊസ്സ്ത്താ പാത്രിയൂസു എന്നവരുടെ പ്രസ്താവനകളെ അടിസ്ഥാനപ്പെടുത്തി പൗലീനോസു പറഞ്ഞിരിക്കുന്നതു് അന്ത്യോക്യാ ഗ്രീക്കു (മല്ക്കായ) പത്രിയക്കീസിനെപ്പറ്റിയാണ് ഗ്രഹിക്കേണ്ടതെന്ന് മുൻവിവരിച്ച ഭാഗങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതത്രെ. അസ്സെമാനിയുടെ കൃതിയിൽ ഇൻഡ്യാക്കാരനായ യൗസേപ്പിന്റെ വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന അന്ത്യോക്യാ പാത്രിയക്കീസും യാക്കോബായ പാത്രിയക്കീസാകുവാൻ യാതൊരു ന്യായവുമില്ല.

കൂടാതെയും അന്ത്യോക്യായിലെ കത്തോലിക്കാ പാത്രിയക്കീസുമാർ യൌനായ ശിശ്മയിൽ വീണശേഷം, മലങ്കര സഭമേൽ അധികാരമുണ്ടായിരുന്നവരായി നാം കാണുന്ന പാത്രിയക്കീസന്മാർ എല്ലാവരും അന്ത്യോക്യാപാത്രിയക്കീസിനെ ആശ്രയിക്കാതെ നിന്നിരുന്ന ബാബേൽ പാത്രിയക്കീസന്മാരാണ്. ആകയാൽ അന്ത്യോക്യാ യാക്കോബായ

പാത്രിയർക്കീസന്മാരോ അന്ത്യോക്യാ ഓർത്തഡോക്സ് പാത്രിയർക്കീസിനോ മലങ്കരസഭയുടെമേൽ അധികാരമില്ലായിരുന്നു എന്നു സിദ്ധിക്കുന്നു. പറങ്കികളുടെ ആഗമനകാലത്ത് മലങ്കര സഭാഭരണം നടത്തിയിരുന്ന മെത്രാന്മാർ ബാബേൽ പാത്രിയർക്കീസന്മാരാൽ അയയ്ക്കപ്പെട്ടവരായിരുന്നു. ഉദയമ്പേരൂർ സൂനഹദോസുവരെ (൧൫൯൯) ബാബേൽ സിംഹാസനവുമായുള്ള ബന്ധം മലങ്കരസഭ പരിപാലിച്ചുകൊണ്ടുപോന്നിരുന്നു. ഉദയമ്പേരൂർ സൂനഹദോസിനുശേഷം മലങ്കരസഭാ ഭരണം പോർത്തുഗീസ് ലത്തീൻ മെത്രാന്മാർ നടത്തിയിരുന്നു എന്നതും ചരിത്രപ്രസിദ്ധമാണ്. ൧൬-ാം ശതാബ്ദത്തിനുമുമ്പ് യാക്കോബായ പാത്രിയർക്കീസിനു മലങ്കരസഭമേൽ യാതൊരധികാരവുമില്ലായിരുന്നെന്നു ഫ്റാൻസീസ് ഡേ ക്രൂടെയും സമ്മതിച്ചിട്ടുണ്ട്. ഇതു തന്നെയാണ് പ്രമാണ ചരിത്രകാരന്മാരെല്ലാവരും സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും. (1)

ഒരു കാലത്ത് മലങ്കരസഭ അന്ത്യോക്യാ പാത്രിയർക്കീസിൻെറ കീഴിലായിരുന്നു എന്നു കേൾക്കുമ്പോൾ ആ പാത്രിയർക്കീസ് യാക്കോബായ പാത്രിയർക്കീസാണെന്നു ധരിക്കുക അബദ്ധമാണെന്ന് ഇത്രയും പറഞ്ഞതിൽനിന്നു വിശദമാകുന്നു. കൽക്കിദോനിയാ സൂനഹദോസിനുശേഷം മലങ്കരസഭയുടെമേൽ അധികാരമുണ്ടായിരുന്ന അന്ത്യോക്യാപാത്രിയർക്കീസ് (കത്തോലിക്കനായിരുന്ന) മല്ക്കായ പാത്രിയർക്കീസായിരുന്നു. അദ്ദേഹം റോമ്മാ ഐക്യത്തിൽ നിന്നിരുന്നതിനാൽ മലങ്കരസഭയും റോമ്മാ ഐക്യത്തിലായിരുന്നു. കൽക്കിദോനിയാ സൂനഹദോസിനു മുമ്പും മലങ്കരസഭ അന്ത്യോക്യായുടെ കീഴിലായിരുന്നു. എന്നാൽ യാക്കോബായ സഭയോ യാക്കോബായ പാത്രിയർക്കീസോ ഇല്ലായിരുന്ന ഒരു കാലമായിരുന്നു അത് എന്നു വിസ്മരിക്കരുത്. അക്കാലത്ത് അന്ത്യോക്യാ സിംഹാസനം റോമ്മായാൽ വിധിക്കപ്പെട്ടുകയും ഭരിക്കപ്പെട്ടുകയും ചെയ്തിരുന്നു. ഇവയെല്ലാം മുകളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ആകയാൽ അന്നും മലങ്കര സഭ റോമ്മാ ഐക്യത്തിലായിരുന്നു.

അന്ത്യോക്യായിലെ മല്ക്കായ (കത്തോലിക്കാ) പത്രിയർക്കീസുമാർ ൧൨-ാം ശതാബ്ദത്തിൽ യൌനായാ ശീശ്മയിൽ അധഃപതിച്ചുപോയി. അതിൻെറശേഷം ഇൻഡ്യാ സഭമേൽ തങ്ങൾക്കധികാരമുണ്ടെന്ന് അവർ വാദിച്ചതായി യാതൊരു രേഖയുമില്ല. പ്രസ്തുത ൧൨-ാം ശതാബ്ദത്തിനുശേഷം മലങ്കരസഭമേൽ അധികാരമുണ്ടായിരുന്നതായി നാം കാണുന്ന പാത്രിയർക്കീസുമാർ അന്ത്യോക്യായുടെ അധികാരത്തിൽ ഉൾപ്പെടാതെ നിന്നിരുന്ന ബാബേൽ പാത്രിയർക്കീസുമാരാണ്. ആകയാൽ യൌനായ ശീശ്മ അന്ത്യോക്യായിൽ കയറിപ്പററിയതോടെ മലങ്കരസഭ അന്ത്യോക്യാ ബന്ധം പാടെ ഉപേക്ഷിച്ചു എന്നു വേണം വിചാരിക്കുവാൻ (2)

---

(1) Assemani T. IV. P. 461.
(2) മാർതോമ്മാ ക്രിസ്ത്യാ. പു. ൧.

## മലങ്കരസഭയിൽ ഭിന്നത.

17-ാം ശതാബ്ദത്തിൽ മലങ്കരയുണ്ടായ ഭിന്നതയാണ് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമാർക്ക് മലങ്കര നസ്രാണികളിൽ ചിലരുടെമേൽ അധികാരം കിട്ടുവാൻ ഇടയാക്കിയത്. 17-ാം ശതാബ്ദത്തിന്റെ അവസാന ഘട്ടത്തിൽ മലങ്കരസഭാഭരണം നിർവ്വഹിച്ചിരുന്നത് അങ്കമാലി മെത്രാപ്പോലീത്താ മാർ അബ്രാഹമായിരുന്നു. പുരോഗാമികളെപ്പോലെ തന്നെ അബ്രാഹവും ബാബേൽ പാത്രിയർക്കീസാൽ കേരളത്തിലേക്ക് അയക്കപ്പെട്ട ഒരാളായിരുന്നു. അബ്രാഹം ൲൫൯൭-ൽ മരണം പ്രാപിച്ചു. (3) അബ്രാഹത്തിന്റെ മരണശേഷം ൲൫൯൯-ൽ ഗോവ മെത്രാപ്പോലീത്തായായിരുന്ന അലേക്സിസ് മെനേസീസ് ഉദയമ്പേരൂരിൽ ഒരു സൂനഹദോസു വിളിച്ചുകൂട്ടി. ആ സൂനഹദോസിന്റെ ഫലമായി മലങ്കരസഭ, പോർത്തുഗീസ് ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടുപോയി. സൂനഹദോസിന്റെശേഷം മലങ്കരെ ഭരണം നടത്തിയ പറങ്കി മെത്രാന്മാർ 'ജെസ്യൂട്ട്' എന്നുകൂടെയും അറിയപ്പെട്ടിരുന്ന ഈശോസഭക്കാരായിരുന്നു. പറങ്കി ഭരണത്തോട് സുറിയാനിക്കാർക്ക് ഒട്ടും രസമില്ലായിരുന്നു. ഒരു സുറിയാനി മെത്രാനെ കിട്ടുന്നതിനായി നസ്രാണികൾ ൲൬൫൦-ൽ കൽദായ പാത്രിയർക്കീസിന്റെ പക്കൽ ഹർജി ബോധിപ്പിച്ചു. ഹർജിയുടെ താല്പര്യം അറിഞ്ഞുകൊണ്ട് 1653-ൽ കൽദായക്കാരനായിരുന്ന അഹത്തല്ല മെത്രാൻ മൈലാപ്പൂരിൽ ആഗതനായി. അദ്ദേഹം സുറിയാനിക്കാർക്കയച്ച എഴുത്തിൽ തനിക്ക് മാർപ്പാപ്പായിൽനിന്നു സകല അധികാരവുമുണ്ടായിരുന്നു എന്നു പറയുന്നുണ്ടെങ്കിലും, അദ്ദേഹത്തിന് മലങ്കര സഭമേൽ ന്യായമായ അധികാരമില്ലായിരുന്നു എന്നാണ് ചരിത്ര രേഖകളിൽ നിന്നു സ്പഷ്ടമാകുന്നത്. (4) പറങ്കികൾ അദ്ദേഹത്തെ തടഞ്ഞ് കൊച്ചിവഴി ഗോവയ്ക്കു കൊണ്ടുപോയി. മെത്രാൻ കയറിയിരുന്ന കപ്പൽ കൊച്ചിൽ വന്നയുടനെ, അന്ന് മലങ്കര അർക്കദിയാക്കോനായിരുന്ന (അർക്കദിയാക്കോന്റെ ഉദ്യോഗം വികാരിജനറാളിന്റെ ഉദ്യോഗത്തോടു ഏതാണ്ട് സമമാണ്) പകലോമററം തോമ്മാകത്തനാർ അനേകം പട്ടക്കാരോടും പടയാളികളോടുംകൂടി അവിടെ എത്തി, മെത്രാനെ വിട്ടുകൊടുക്കണമെന്ന് പറങ്കി അധികാരികളോട് ആവശ്യപ്പെട്ടു. മെത്രാൻ ഗോവക്കുതന്നെ കൊണ്ടുപോകപ്പെട്ടു. പറങ്കികൾ അദ്ദേഹത്തെ കൊച്ചികടലിൽ കെട്ടിത്താഴ്ത്തി എന്നൊരു അപശ്രുതിയും സുറിയാനിക്കാരുടെ ഇടയിലുണ്ടായി. ഇതോടെ അർക്കദിയാക്കോനും കൂട്ടരും മട്ടാഞ്ചേരിൽ സമ്മേളിച്ച് അവിടെയുള്ള "കൂനൻകുരിശിൽ" ഒരു കയറുകെട്ടി അതിന്മേൽ തൊട്ടുകൊണ്ട് "ഇനിമേൽ ജെസ്യൂട്ടു മെത്രാന്മാരുടെ കീഴിൽ ഇരിക്കുകയില്ല." എന്നു സത്യം ചെയ്തു. ഈ സംഭവം നടന്നത് ൲൬൫൩ ജനുവരി ൩-ാംനു വെള്ളിയാഴ്ചയാണ്. (5)

---

(3) Ibidem (4) മാർതോമ്മാ ക്രി. പ്ര. ച.
(5) Ibidem.

അടുത്ത ഇടവമാസത്തിൽ പട്ടക്കാരുടെ ഒരു യോഗം ആലങ്ങാട്ട് കൂടുകയുണ്ടായി. പന്ത്രണ്ടു പട്ടക്കാർകൂടി അക്കദിയാക്കോനെ മെത്രാനാക്കിക്കൊള്ളുവാൻ അധികാരം കൊടുത്തിരുന്ന ഒരു ലേഖനം റോമ്മാമാപ്പാപ്പാ അഹത്തല്ലാ മെത്രാൻവശം കൊടുത്തയച്ചിട്ടുണ്ടായിരുന്നു എന്ന് സംഘത്തിൽ പ്രസ്താവിച്ചശേഷം പന്ത്രണ്ടുപേർ അക്കദിയാക്കോന്റെമേൽ കയ്യ്‌വച്ചു. അക്കദിയാക്കോൻ ഒന്നാം മാർതോമ്മാ എന്ന പേരുസ്വീകരിച്ചു. പുതിയ മെത്രാന്റെ ആലോചനക്കാരായി പകലോമററം തറവാട്ടിൽപ്പെട്ട പള്ളിവീട്ടിൽ ചാണ്ടി കത്തനാർ, കടവിൽ ചാണ്ടികത്തനാർ, വെണ്ടൂർ ഗീവർഗ്ഗീസുകത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ എന്ന നാലുപേരെ യോഗം നിശ്ചയിച്ചു.

ചെയ്തതു് അബദ്ധമായിപ്പോയെന്നുള്ള ധാരണ ചാണ്ടികത്തനാരന്മാക്കുണ്ടാകുകയാൽ അവർ തൽക്ഷണം അക്കദിയാക്കോനെ ഉപേക്ഷിച്ച് കൂനൻകുരിശുസത്യത്തിൽ പങ്കുകൊള്ളാതെ നിന്ന നസ്രാണികളോടു ചേൎന്നു. ഭിന്നകക്ഷിയെ നേർവഴിക്കു തിരിക്കുവാൻ അവർ റോമ്മായിലേക്കെഴുതി കമ്മേലീത്തരെ വരുത്തി. പല പള്ളികളും മാനസാന്തരപ്പെട്ടു. ഇട്ടിതൊമ്മൻ കത്തനാരുടെ തന്ത്രപ്രയോഗങ്ങളും മന്ത്രാലോചനകളുമല്ലായിരുന്നെങ്കിൽ അക്കദിയാക്കോൻ നേർവഴിക്കു തിരിയുമായിരുന്നു.

ഡച്ചുകാർ മലയാളം പിടിച്ചപ്പോൾ അന്യദിക്കുകാർ മലയാളം വിട്ടുപൊയ്ക്കൊള്ളണമെന്നു കല്പനയുണ്ടായി. ഇത്താല്യക്കാരായിരുന്ന കമ്മേലീത്തർ വിട്ടുപോകുന്നതിനു മുമ്പായി ൧൬൬൩-ൽ പള്ളിവീട്ടിൽ ചാണ്ടികത്തനാരെ കത്തോലിക്കാ സുറിയാനിക്കാരുടെ മെത്രാനായി അഭിഷേകം ചെയ്തു.

കത്തോലിക്കരുടെ ശക്തിവർദ്ധിച്ചുവരുന്നെന്നു കണ്ടുകൊണ്ട് തന്റെ സ്ഥാനമുറപ്പിച്ചു കിട്ടുവാൻ അക്കദിയാക്കോൻ ൧൬൬൩-ൽ യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽ ഒരപേക്ഷ അയച്ചു. അതിൻപ്രകാരം ൧൬൬൫-ൽ ഗ്രിഗോരിസ് എന്ന ഒരു യാക്കോബായ മെത്രാൻ മലങ്കരെവന്നു. ഇതാണ് ആധുനിക അന്ത്യോക്യാ മലങ്കരബന്ധത്തിന്റെ ആരംഭം. മാർ ഗ്രിഗോരീസിനു ഓർശ്ലെം പാത്രിയർക്കീസ് എന്ന സ്ഥാനപ്പേരുണ്ടായിരുന്നു.

### മാപ്പാപ്പായോടുള്ള ദ്വേഷമല്ല.

കൂനൻകുരിശുസത്യത്തിന്റെയും നസ്രാണികളുടെ ഇടയിലുണ്ടായ ഭിന്നതയുടെയും കാരണം റോമ്മാ സഭയോടൊ റോമ്മാമാപ്പാപ്പായോടൊ ഉള്ള ദ്വേഷമല്ലായിരുന്നു. ഭിന്നകക്ഷിയിൽപെട്ട സാധുജനങ്ങളെ വശീകരിക്കുന്നതിന് ഇട്ടിതൊമ്മൻ കത്തനാർ ഉപയോഗിച്ചിരുന്ന സൂത്രം അവർ മാപ്പാപ്പായുടെ ഐക്യത്തിലായിരുന്നെന്നു അവരെ ധരിപ്പിക്കുക ആയിരുന്നു. ചുങ്കത്തുപള്ളിക്ക് മാപ്പാപ്പാ ദണ്ഡവിമോചനം നൽകിയ തിരുവെഴുത്തു കൈവശമാക്കികൊണ്ടു്, അക്കദിയാ

ക്കോനെ മാപ്പാപ്പാ മെത്രാനായി ആ എഴുത്താൽ സ്ഥിരീകരിച്ചു എന്ന് ഇട്ടിതൊമ്മൻകത്തനാർ ജനങ്ങളെ ധരിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. (6) എന്തിനധികം പറയുന്നു. അസാധുവായും നിയമവിരുദ്ധമായും മെത്രാൻ പട്ടം സ്വീകരിച്ച അർക്കദിയാക്കോനെ പൌലീസു മെത്രാപ്പോലീത്താ മഹറോൻ ചൊല്ലിയപ്പോൾ അർക്കദിയാക്കോൻെറ ഭാഗക്കാർ പ്രസിദ്ധപ്പെടുത്തിയ വിളംബരം കേട്ടുകൊൾവിൻ."മാപ്പാപ്പായുടെയും പരിശുദ്ധ മാതാവായ റോമ്മാപ്പള്ളിയുടേയും കല്പനയനുസരിച്ചുവന്ന പാത്രിയർക്കീസിൽ നിന്നു സിദ്ധിച്ചിട്ടുള്ള അധികാരപ്രകാരം നാം ഏവരും ഒരു മെത്രാപ്പോലീത്തായെ നിയമിക്കുകയും, അദ്ദേഹത്താൽ നാം ഇപ്പോൾ ഭരിക്കപ്പെടുകയും ചെയ്യുന്നതിനാൽ മേലിൽ നമ്മുടെ മെത്രാപ്പോലീത്തായോട് ചേന്നു നില്ക്കുകയല്ലാതെ, പൌലീസുരോടൊ അവരുടെ മെത്രാപ്പോലീത്തായോടൊ ചേന്നു നില്ക്കേണ്ടതല്ല"........ (7) ഭിന്നതയുടെ കാരണം പൌലീസുരോട് നസ്രാണികൾക്കുണ്ടായിരുന്ന നീരസമല്ലാതെ മററൊന്നുമല്ലെന്നു ഇതിൽനിന്നു വ്യക്തമാകുന്നില്ലയോ? അർക്കദിയാക്കോനും കൂട്ടരും കൊച്ചിയിൽവച്ച് പറങ്കി 'കപ്പിത്താ'നയച്ച എഴുത്തിലെ ഒരു ഭാഗം ഈ സത്യം കുറെ കൂടി വിശദമാക്കുന്നു: "പൌലീസുർ പാത്രിയർക്കീസിനെ(അഹത്തല്ലായെ) കൊന്നുപോയെങ്കിൽ പൌലീസുർ അല്ലാത്ത ആരെങ്കിലും മാർപാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ. അദ്ദേഹത്തിനു ഞങ്ങൾ കീഴ് വഴങ്ങിക്കൊള്ളാം." (8) ആ എഴുത്തിൻെറ വേറൊരു ഭാഗത്ത്, പൌലീസുർ തങ്ങളുടെയും റോമ്മാപ്പള്ളിയുടെയും ശത്രുക്കളാണെന്നു എഴുതിയിരിക്കുന്നു. ഉദയമ്പേരൂർ സൂനഹദോസിനുശേഷം മലങ്കര നസ്രാണികൾ പറങ്കിഭരണത്തിൽ പെട്ടുപോയെങ്കിലും അവർ റോമ്മാ ഐക്യത്തിലായിരുന്നെന്നും ആ ഐക്യം പരിപാലിച്ചുകൊണ്ടുപോകുവാൻ ബദ്ധശ്രദ്ധരായിരുന്നെന്നുമാണ് ഇത്രയും പറഞ്ഞതിൽനിന്നുള്ള അനുമാനം. ഉദയമ്പേരൂർ സൂനഹദോസിനു മുമ്പും മലങ്കര സഭ റോമ്മാഐക്യത്തിൽ സ്ഥിരമായി നിന്നിരുന്നു എന്നുള്ളതിലേക്ക് ധാരാളം തെളിവുകളുണ്ട്. ഉദയമ്പേരൂർ സൂനഹദോസും അതിനുമുമ്പു നടന്ന സംഭവങ്ങളും ഈ സത്യം മാത്രമാണ് വിളിച്ചറിയിക്കുന്നത്. കത്തോലിക്കനായിരുന്ന മെനേസീസ് മെത്രാപ്പോലീത്താ, വി. പള്ളിയുടെ ഐക്യത്തിൽനിന്നു വേർപെടുത്തിക്കളയുമെന്ന് ഉദയമ്പേരൂർ സൂനഹദോസിനുമുമ്പ് പലപ്രാവശ്യം പരസ്യകല്പനകൾ മൂലം നസ്രാണികളെ ഭയപ്പെടുത്തിയിട്ടുണ്ട്. മെനേസീസ് ഏതുപള്ളിയുടെ ഐക്യത്തിൽനിന്ന് നസ്രാണികളെ വേർപെടുത്തുമെന്നു പറഞ്ഞോ ആ പള്ളിയിൽ മെനേസീസും നസ്രാണികളും ഉൾപ്പെട്ടിരുന്നു എന്ന് വ്യക്തമാണ്. ഇരുകക്ഷിയും ഒരേ ഒരു പള്ളിയിൽ ഉൾപ്പെട്ടിരുന്നാൽ മാത്രമേ ഇങ്ങനെ

---

(6) Ibidem.
(7) Travan. State Manual II. P. 184-5. Hough 11. P. 305 &c.
(8) മാർതോമ്മാക്രൈസ്ത്യാ. പു. 2. പ. 70—71.

ഒരു കല്പനക്ക് അവസരമുണ്ടാകയുള്ളു. മെനേസീസു കത്തോലിക്കാപ്പള്ളിയിലായിരുന്നെന്നു സ്പഷ്ടമാകയാൽ നസ്രാണികളും ആ പള്ളിയിൽ തന്നെയായിരുന്നെന്ന് സിദ്ധം. ആ പള്ളിയിൽനിന്ന് വേർപെട്ടതപ്പെട്ടുന്നതു വലിയ നിർഭാഗ്യമായി നസ്രാണികൾ വിശ്വസിച്ചിരുന്നതിനാലുമാണ് താൻ അങ്ങിനെചെയ്യുമെന്നു പറഞ്ഞ് മെനേസീസ് നസ്രാണികളെ ഭയപ്പെടുത്തിയതെന്നും തർക്കമില്ലാത്ത ഒരു സംഗതിയാണ്. യാക്കോബായപാത്രിയക്കീസുമായുണ്ടായ ബന്ധത്തിന്റെ കാരണം റോമ്മായുമായുള്ള വിദ്വേഷമല്ലായിരുന്നു എന്നു കാണിക്കുവാൻ ഇത്രയും പറഞ്ഞതു മതിയെന്നു കരുതുന്നു.

## കേരളത്തിൽ യാക്കോബായവിശ്വാസം.

൧൬൬൫-ൽ മലങ്കരെവന്ന മാർ ഗ്രിഗോറിസെന്ന യക്കോബായ മെത്രാൻ ഭിന്നിച്ചുനിന്നിരുന്ന നസ്രാണികളെയും അവരുടെ നായകനായിരുന്ന മാർതോമ്മായെയും യാക്കോബായവിശ്വാസം പഠിപ്പിച്ചു. പുതിയ വിശ്വാസം സ്വീകരിച്ചവർക്ക് പുത്തൻക്കൂറുകാരെന്നും പൂർവ്വന്മാരുടെ വിശ്വാസത്തിൽനിന്ന് വ്യതിചലിക്കാതെ അതു നിർമ്മലമായി പാലിച്ചവർക്ക് പഴയക്കൂറുകാരെന്നും പേരുണ്ടായി. വിശ്വാസമാററം സാമുദായിക നടപടികളിലൊ കൽദായ സുറിയാനി ആരാധന ക്രമത്തിലൊ യാതൊരു ഭേദഗതിയും വരുത്തിയില്ലെന്നു പ്രത്യേകം പ്രസ്താവ്യമാണ്. സാധുവായ പട്ടം സ്വീകരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയായിരുന്നു മാർതോമ്മാ മാർ ഗ്രിഗോരിസിനെ എഴുതിവരുത്തിയതു്. മാർതോമ്മായും മാർഗ്രിഗോരിസും ൧൬൭൦-ൽ മരണം പ്രാപിച്ചു.

## മാർ തോമ്മാ ഒന്നാമന്റെ ശേഷം.

൧൬൭൦- മുതൽ ൧൭൨൮ വരെ മൂന്നു മാർത്തോമ്മാമാർ തുടരെ തുടരെ യാക്കോബായ സഹോദരങ്ങളെ ഭരിച്ചിരുന്നു. മാർതോമ്മാ രണ്ടാമന്റെ കാലത്തു് അൽവാരെ അന്ത്രയോസ് എന്ന ഒരു യാക്കോബായ വൈദികൻ മലങ്കരെ വരികയുണ്ടായി. മാർത്തോമ്മാ നാലാമന്റെ ഭരണദശയിൽ (൧൬൮൫-ൽ) മാർ ബസേലീസ് എന്ന ഒരു മപ്രിയാനും മാർ യോഹന്നാൻ എന്ന ഒരു മെത്രാനും അർമ്മേനിയാക്കാരായ രണ്ടു ശമ്മാശന്മാരും ഗ്രിക്കുകാരനായ വേറൊരു ശമ്മാശ്ശനും, യാക്കോബായ പാത്രിയക്കീസിന്റെ പക്കൽനിന്ന് കേരളത്തിൽ വന്നു. സ്വത്രൂപവണക്കത്തിനു വിരോധമായും മററും മാർ യോഹന്നാൻ പ്രസംഗിക്കുകമൂലം അദ്ദേഹം എല്ലാവരുടെയും അതൃപ്തിക്ക് വിഷയീഭവിച്ചു. മാർ തോമ്മാ നാലാമൻ ൧൭൨൮-ൽ മരണം പ്രാപിച്ചു. ൧൭൦൯-ൽ ഒരു പാത്രിയക്കീസിനേയും ഒരു മെത്രാപ്പോലീത്തായേയും അയച്ചുകൊടുക്കുവാൻ അദ്ദേഹം യാക്കോബായ പാത്രിയക്കീസിനെഴുതിയതിന് മറുപടി കിട്ടായ്കയാൽ ൧൭൨൦—ൽ വീണ്ടും എഴുതി. അതിനും മറുപടിലഭിച്ചില്ല. ആദ്യത്തെ എഴുത്തിലെ

സാരം അംസ്റ്റേർഡാമിൽ അറിവുകിട്ടുകയാൽ ഡച്ചുകാർ മാർ തോമ്മായുമായി എഴുത്തുകുത്തു നടത്തി. (9)

മാർ തോമ്മാ നാലാമന്റെ ശേഷം വാണതു് മാർ തോമ്മാ അഞ്ചാമനാണ്. സാധുവായി പട്ടം സ്വീകരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അദ്ദേഹം ഹസ്സിയേൽ എന്ന ഒരു യഹൂദൻ വഴിയായി ൧൭൫൧-ൽ മാർ യോഹന്നാൻ എന്ന ഒരു യാക്കോബായ മെത്രാനെ വരുത്തി. മാർ തോമ്മായിക്കു പട്ടം കൊടുക്കുന്നതിനു പകരം, മാർ യോഹന്നാൻ പള്ളികളിലുണ്ടായിരുന്ന സ്വരൂപങ്ങൾ തകർത്തു തുടങ്ങി. ഇതു് ആർക്കും രസിച്ചില്ലെന്നു പറയേണ്ടല്ലൊ. വിശ്വാസവിഷയകമായി ഡച്ചുകാർ ചിലതെല്ലാം പ്രവർത്തിച്ചപ്പോൾ, തന്റെ ശ്രേഷ്ഠൻ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസാണെന്നു് ഈ മാർത്തോമ്മാ പറകയുണ്ടായി. എങ്കിലും മാർ തോമ്മായുടെ അവശ്യപ്രകാരം അവൻ ൧൭൫൧-ൽ യാക്കോബായ പാത്രിയർക്കീസിന്റെ പക്കൽ നിന്നു് മാർ ഗ്രീഗോരിസ്സ്, മാർ യോഹന്നാൻ എന്ന രണ്ടു മെത്രാന്മാരെ കേരളത്തിൽ കൊണ്ടുവന്നു. ശക്രല്ല അദായി എന്ന രണ്ടു ശമ്മാശ്ശന്മാരും, ഗിവർഗ്ഗീസു നൗത്തുള്ള എന്ന ഒരു കോർ അപ്പസ്തോലപ്പായും മെത്രാന്മാരെ അനുഗമിച്ചു ഇവിടെ വന്നെത്തി. ൧൭൫൧-ൽ വന്ന മാർ യോഹന്നാൻ കലഹങ്ങൾക്കു കാരണമായി എന്നറിയുകയാൽ പുതുതായി വന്ന മെത്രാന്മാർ പാത്രിയർക്കീസിന്റെ അധികാരം പ്രയോഗിച്ചുകൊണ്ടു് അദ്ദേഹത്തെ കേരളത്തിൽനിന്നു് പറഞ്ഞയച്ചു. എന്നാൽ ഇവരും മാർ തോമ്മാക്കു പട്ടംകൊടുത്തില്ല. അനന്തിരവനെ മാർ തോമ്മാ ആറാമനായി സ്ഥാപിച്ചശേഷം മാർ തോമ്മാ അഞ്ചാമൻ ൧൭൬൫-ൽ മരണം പ്രാപിച്ചു.

## മാർ തോമ്മാ ആറാമൻ അഥവാ ഒന്നാം ദിവന്നാസിയോസ്സ്.

മെത്രാന്മാരുടെ യാത്രച്ചിലവു ബന്ധിച്ചുണ്ടായ തർക്കങ്ങളിൽ സർക്കാർ പ്രവേശിച്ചു് മാർ തോമ്മാ ആറാമൻ ആ ചിലവു വഹിക്കണമെന്നു തീരുമാനിച്ചു. മെത്രാന്മാരെ വരുത്തിയ ഉദ്ദേശം അവർ നിവർത്തിച്ചുകൊടുത്താൽ താൻ അങ്ങിനെ ചെയ്യാമെന്നു് മാർ തോമ്മാ സമ്മതിച്ചു. അതോടെ മാർ ഗ്രിഗോരിസ്സ് ൧൭൭൨-ൽ മാർ യോഹന്നാന്റെ സഹകരണത്തോടുകൂടെ നിരണത്തുവച്ചു മാർ തോമ്മായെ ദിവന്നാസിയോസ്സ ഒന്നാമൻ എന്ന അഭിധാനത്തിൽ മലങ്കര മെത്രാനായി വാഴിച്ചു.

കേരളത്തിൽ തുടരെത്തുടരെ വന്നുകൊണ്ടിരുന്ന യാക്കോബായ മെത്രന്മാർ ആരും മാർതോമ്മാമാർക്കു പട്ടം കൊടുത്തില്ല. കൊടുത്തെന്നുള്ള ചിലരുടെ പ്രസ്താവന അടിസ്ഥാന രഹിതമാണ്. ആരെങ്കിലും ഒരാൾ സാധുവായ പട്ടം സ്വീകരിച്ചെങ്കിൽ പിന്നീടു് ആരും പട്ടം സാധുവായി സ്വീകരിക്കണമെന്നുള്ള ഉദ്ദേശത്തോടെ യാക്കോബായ മെത്രാന്മാരെ കേരളത്തിൽ വരുത്തുകയില്ലായിരുന്നു. "എനിക്കു സാധുവായ പട്ടമു

---

(9) മാർതോമ്മാക്രിസ്ത്യാ. പു. 2.

ണ്ടായിരുന്നില്ല" എന്ന് മാർ ദിവന്നാസിയോസ് ഒന്നാമൻതന്നെ പറഞ്ഞിട്ടുണ്ട്. (10)

മാർ ദിവന്നാസിയോസ് വാഴ്ചയേററ കൊല്ലം തന്നെ മാർ ഗ്രിഗോരീസ് മട്ടാഞ്ചേരിൽ വച്ച് കാട്ടുമങ്ങാട്ടു റമ്പാനെ ക്കുറിലോസു ഒന്നാമനായി മെത്രാൻ സ്ഥാനത്തുയർത്തി. കൊച്ചിയിലും പരിസര സ്ഥലങ്ങളിലുമുണ്ടായിരുന്ന യാക്കോബായക്കാർ മാർ ക്കുറിലോസിൻെറ നേരെ ബഹുമാനാദരവുകൾ പ്രദശിപ്പിക്കുകയാൽ, കൊച്ചീരാജാവിൻെറ സമ്മതത്തോടെ അദ്ദേഹം അവരുടെ ഭരണം സ്വീകരിച്ചു. മാർ ദിവന്നാസിയോസ് തിരുവിതാംകൂർ രാജാവു വഴിയായി മാർ ക്കുറിലോസിന് മലങ്കര സഭാഭരണത്തിൽ യാതൊരധികാരവുമില്ലെന്ന് കൊച്ചിരാജാവിനെ അറിയിച്ചു. അതിൻെറ ഫലമായി മാർ ക്കുറിലോസ് തിരുവിതാംകൂർ കൊച്ചീസംസ്ഥാനങ്ങളിൽ നിന്നു മാറിക്കൊള്ളണമെന്നു രാജകല്പനയുണ്ടായി. അദ്ദേഹം ബ്രിട്ടീഷിലുള്ള അഞ്ഞൂർ അഥവാ തൊഴിയൂറിൽ സ്ഥാനമുറപ്പിച്ച് തൻെറ ചാർച്ചക്കാരെ ഭരിച്ചുതുടങ്ങി. അദ്ദേഹത്തിൻെറ പിൻഗാമികൾ തന്നെയാണ് ഇപ്പോഴും അഞ്ഞൂർ ഇടവക ഭരിക്കുന്നത്. അഞ്ഞൂർ മെത്രാന്മാരുടെ വിശ്വാസം പ്രോട്ടസ്റ്റൻറു വിശ്വാസമായി പരിണമിച്ചു.

ദിവന്നാസിയോസ് ഒന്നാമനും ജനങ്ങളും കത്തോലിക്കാ സഭയിലേക്കു പിന്തിരിഞ്ഞെങ്കിലും കൊച്ചി മെത്രാൻ അദ്ദേഹത്തെ മെത്രാനായി സ്വീകരിക്കുകയില്ലെന്നു പറയുകയാൽ തിരിച്ചുപോയി. 1795–ൽ അനന്തിരവനായിരുന്ന മാത്തൻ റമ്പാനെ മാർ തോമ്മാ ഏഴാമനായി അഭിഷേകം ചെയ്തു. ദിവന്നാസിയോസിൻെറ മരണത്തിന് ഒരു കൊല്ലം മുമ്പ് (1807–ൽ) ദിയസ്കോറോസ് എന്ന ഒരു മെത്രാൻ മലയാളം സന്ദശിച്ചു. പള്ളിമുതൽ കൈവശപ്പെടുത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന അത്യാഗ്രഹം മൂലം ദിവന്നാസിയോസിനും ജനങ്ങൾക്കും അദ്ദേഹത്തോടു പരമ വിരോധമായിരുന്നു. വിരോധം ഹർജിഭാവത്തിൽ തിരുവിതാംകൂർ സക്കാരിൻെറ ദൃഷ്ടിയിൽ പെടുകയാൽ സക്കാർ തന്നെ മെത്രാനെ കപ്പൽ കയററി അയക്കുന്നതിനു സംഗതിയായി. മാർ ദിവന്നാസിയോസു 1808–ൽ മരിച്ചു. മരിക്കുന്നതിനു മുമ്പായി പ്രോട്ടസ്റ്റൻറു സഖ്യത്തിനുള്ള ഏപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നു.

മാർ തോമ്മാമാരുടെ അവശ്യപ്രകാരം പല യാക്കോബായ മെത്രാന്മാരും ഇവിടെ വന്നിട്ടുണ്ടെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. യാക്കോബായ പാത്രിയക്കീസിനോട്ട് യോജിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ അല്ല, മാർ തോമ്മാമാർ അവരെ ഇവിടെ വരുത്തിയത്. സാധുവായി പട്ടം സ്വീകരിക്കണമെന്നു മാത്രമായിരുന്നു മാർ തോമ്മാമാരുടെ ഉദ്ദേശ്യമെന്നു ഇത്രയും പറഞ്ഞതിൽ നിന്നു വിശദമാകുന്നു. എന്തുകൊണ്ടെന്നാൽ സാധുവായി പട്ടം സ്വീകരിച്ച ശേഷം യാക്കോബായ പാത്രിയക്കീസിനെ അശ്രയിക്കാതെ ദിവന്നാസിയോസു ഒന്നാമൻ

---

(10) മാർതോമ്മാക്രിസ്ത്യാ. പു. 2. **Christianity in Travancore.**

തൻെറ പിൻഗാമിയെ വാഴിച്ചു. കാട്ടുമങ്ങാട്ട റമ്പാനുമായുള്ള വഴക്കിൽ ദിവന്നാസിയോസ് യാക്കോബായ പാത്രിയർക്കീസിനെ ആശ്രയിച്ചതായും കാണുന്നില്ല.

## ദിവന്നാസിയോസ് ഒന്നാമൻെറ ശേഷം.

ദിവന്നാസിയോസ് ഒന്നാമൻെറ മരണശേഷം ഏഴാം മാർത്തോമ്മാ മലങ്കരസഭാഭരണം സ്വീകരിച്ചു. അടുത്ത കൊല്ലം തന്നെ അദ്ദേഹം നിര്യാതനായി. തൻെറ മരണാസന്നവേളയിൽ അദ്ദേഹം തൻെറ ഒരു ചാർച്ചക്കാരനെ മാർ തോമ്മാ എട്ടാമനായി അഭിഷേകം ചെയ്തു. ഇതുവരെ അന്ത്യോക്യാ ബന്ധത്തെപ്പററി നാം ഒന്നും കേൾക്കുന്നില്ല. മാർ തോമ്മാ എട്ടാമനാണ് ആദ്യമായി വട്ടിപ്പണം സ്വീകരിച്ചത്.

വട്ടിപ്പണത്തെപ്പററി പല അഭിപ്രായങ്ങൾ പറയുന്നുണ്ട്. സ്വീകാര്യമായി തോന്നുന്നത് ഇവിടെ ചേർക്കുന്നു. പ്രസിദ്ധനായ തച്ചിൽ മാത്തുതരകൻ (കത്തോലിക്കൻ) ഈസ്റ്റിൻഡ്യാകമ്പിനിക്കു കൊടുത്ത തടിവിലയായി കുറെ അധികം പണം അദ്ദേഹത്തിനു കമ്പിനിക്കാർ കൊടുക്കുവാനുണ്ടായിരുന്നു. തരകൻെറ മരണത്തിനു മമ്പ് അതു കൊടുത്തുതീർക്കാഞ്ഞതിനാൽ, തരകൻ ഉൾപ്പെട്ടിരുന്ന സുറിയാനി സമുദായത്തിന് ആ പണത്തിൻെറ പലിശ കൊടുക്കണമെന്ന് ബ്രിട്ടിഷ്ഗവമ്മേണ്ടു നിശ്ചയിച്ചു. പലിശയിൽ പഴയക്രൂററുകാക്കുള്ള പകുതി വരാപ്പുഴെ കിട്ടിവരുന്നു. പുത്തൻക്രൂററുകാരിൽ ആർക്കാണ് അതിനു അവകാശമെന്ന് ഇനിയും തക്കം തീർന്നിട്ടില്ലല്ലൊ. പ്രതിവത്സരം വരാപ്പുഴെ ൻ൨൦ രൂപാ കിട്ടിക്കൊണ്ടിരിക്കുന്നു. (11)

അന്ന് റസിഡൻറായിരുന്ന കണ്ണൽ മൺട്രോയുടെ പക്കൽ എട്ടാം മാർ തോമ്മായിക്കു വിരോധമായി അത്താററുകാരൻ പുലിക്കോട്ടു ഇട്ടൂപ്പു റമ്പാൻ ചില ഹർജികൾ ബോധിപ്പിക്കുകയാൽ നാലു കൊല്ലത്തെ വട്ടിപ്പണം റമ്പാനു ലഭിച്ചു. ആ പണംകൊണ്ടു റമ്പാൻ കോട്ടയം പഴയസെമ്മിനാരി പണിയിച്ചു. മലങ്കര യാക്കോബായ സഭയുടെ മേലദ്ധ്യക്ഷൻ യാക്കോബായ പാത്രിയർക്കീസാണെന്നു മാർ തോമ്മാ എട്ടാമൻ കർണൽ മൺറോയോടു പറഞ്ഞു എന്നത് പ്രത്യേകം സ്മരണിയമാണ്. മാർ തോമ്മാ എട്ടാമൻെറ ഭരണം ൧൮൧൬-ൽ അവസാനിച്ചു. പിന്നീട് വാണ മാർ തോമ്മാ ഒൻപതാമൻ കടമററം ഇടവകക്കാരനും കാലം ചെയ്തു മെത്രാൻെറ ഒരു സംബന്ധിയുമായിരുന്ന ഐപ്പു കത്തനാരാണ്. ഐപ്പു കത്തനാരെ അഭിഷേകം ചെയ്തതു മാർ തോമ്മാ എട്ടാമനായിരുന്നു.

ഐപ്പു കത്തനാർ സ്ഥാനാരൂഢനായ ഉടനെ പുതിയ മെത്രാന് ഭരണനൈപുണ്യം കുറവാണെന്നും, അനന്തരാവകാശം മെത്രാൻസ്ഥാനത്തെ ബാധിക്കേണ്ടതല്ലെന്നും മററും ഇട്ടൂപ്പുറമ്പാൻ സക്കാരിൽ ബോധിപ്പിച്ച് സക്കാർ ബലത്തോടെ കടമററത്തെത്തി മാർ തോമ്മാ

---

(11) മാർതോമ്മാക്രിസ്ത്യാ. പു. 2.

ഒമ്പതാമനെ സ്ഥാനഭ്രംശം ചെയ്തു. അതിൻെറ ശേഷം മാർ തോമ്മാ ഐപ്പു കത്തനാരായിതന്നെ കാലം കഴിച്ചു. ഇതോടെ പകലോമററം കുടുംബത്തിൽ നിന്നുള്ള യാക്കോബായ മെത്രാന്മാരുടെ പരമ്പരയും അവസാനിച്ചു. യാക്കോബായപാത്രിയക്കിസിൻെറ മുറക്കുള്ള അധികാരം മലങ്കര സഭമേലുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ അറിവും സമ്മതവും കൂടാതെ ഇങ്ങനെയുള്ള സംഭവങ്ങൾ ഇവിടെ നടക്കുമായിരുന്നോ?

## പാത്രിയക്കീസിനെ കൂടാതെ വീണ്ടും ഭരണം

1815–ൽ ഇട്ടൂപ്പുറമ്പാൻ അഞ്ഞൂരു മെത്രാനായിരുന്ന ഫിലോക്സേനോസ്' ഒന്നാമനിൽനിന്ന് മെത്രാൻപട്ടം സ്വീകരിച്ചുകൊണ്ട് ദിവന്നാസിയോസു രണ്ടാമൻ എന്ന സ്ഥാനപ്പേരോടെ കോട്ടയം സെമിനാരിയിൽ താമസമുറപ്പിച്ചു. പിൻഗാമിയായി ആരേയും നിശ്ചയിക്കുന്നതിനു മുമ്പായി 1816–ൽ അദ്ദേഹം മരണം പ്രാപിക്കുകയാൽ അദ്ദേഹത്തിൻെറ വികാരിജനറാളായിരുന്ന കോട്ടയത്തുകാരൻ പുന്നത്ര ഗീവറുഗീസുകത്തനാർ ഭരണം നടത്തിയിരുന്നു. ൧൮൧൮-ൽ ഗീവറുഗീസുകത്തനാർ തന്നെ ദിവന്നാസിയോസു മൂന്നാമനായി അഞ്ഞൂരു മെത്രാനാൽ അഭിഷേകം ചെയ്യപ്പെട്ടു.

ദിവന്നാസിയോസു ഒന്നാമൻെറ കാലത്ത് നടന്ന ഉടമ്പടിയുടെ ഫലമായി ൧൮൧൬—ൽ പ്രോട്ടസ്റ്റൻറുകാർ യാക്കോബായക്കാരുടെ ഇടയിൽ വേലആരംഭിച്ചു. പള്ളിക്കൂടങ്ങൾ സ്ഥാപിക്കുക, സെമിനാരി നടത്തുക, നാട്ടുഭാഷയിൽ വേദപുസ്തകമടിപ്പിക്കുക, മുതലായി അനേകം പ്രവൃത്തികൾ അവർ നടത്തിയിരുന്നു. ഒടുവിൽ പട്ടക്കാർ വിവാഹം കഴിക്കണമെന്നായി. വിവാഹം ചെയ്യുന്ന പട്ടക്കാർക്ക് ൫൦൦ രൂപാവീതം കൊടുക്കാമെന്ന വാഗ്ദാനം ചെയ്തപ്രകാരം ൫൦ പട്ടക്കാർ അതിനു സമ്മതിച്ചു. ഇതുകൊണ്ടും അവർ തൃപ്തരായില്ല. മെത്രാനും വിവാഹം കഴിക്കണമെന്ന് നിർബന്ധിച്ചു. കോട്ടയം, പിറവം, ചങ്ങനാശേരി, ആലപ്പുഴ, എന്നീ പള്ളികൾ മുഴുവനായി സ്വാധീനത്തിൽ കിട്ടുന്നപക്ഷം വിവാഹം ചെയ്യാമെന്നു മെത്രാൻ സമ്മതിച്ചു! ചങ്ങനാശ്ശേരിയും ആലപ്പുഴയും പിടിക്കുവാനുള്ള ശ്രമം വിഫലീഭവിച്ചെന്നു ചുരുക്കി പറഞ്ഞുകൊള്ളുന്നു. മെത്രാൻ ൧൮൨൫-ൽ പിൻഗാമിയെ വാഴിക്കാതെ മരിച്ചു.

ആ അവസരത്തിൽ അഞ്ഞൂരു മെത്രാൻ വീണ്ടും കോട്ടയത്തുവന്ന് ചേപ്പാട്ടു പീലിപ്പോസു മല്പാനെ ദിവന്നാസിയോസു നാലാമനായി അഭിഷേകം ചെയ്തു. പുതിയ മെത്രാനും ഭൂരിപക്ഷം ജനങ്ങളും പ്രോട്ടസ്റ്റൻറു ഉപദേശങ്ങളെ സധൈര്യം വിരോധിച്ചു.

## അന്ത്യോക്യായോടടുക്കുന്നു.

യാക്കോബായ മതാദ്ധ്യക്ഷൻ അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസാണെന്നു പറഞ്ഞുകൊണ്ട് ദിവന്നാസിയോസു നാലാമൻ പ്രോട്ട

സ്റ്റൻറുകാർ ചെയ്തിരുന്ന അഴിമതികളെ യാക്കോബായ പാത്രിയർക്കീസിനെ ബോധിപ്പിച്ചു. പാത്രിയർക്കീസുമാർ അത്തനാസീസ് എന്ന ഒരു മെത്രാനെ മാർ ദിവന്നാസിയോസിൻെറ സഹായത്തിന് കേരളത്തിലേക്കയച്ചു. (൧൮൨൫)

എന്നാൽ അന്ന്, മലങ്കര യാക്കോബായക്കാരെ ഭരിച്ചിരുന്ന മാർ ദിവന്നാസിയോസിനേയും അഞ്ഞൂരു് മെത്രാനേയും അവരുടെ സ്ഥാനത്തുനിന്നു നീക്കി മലങ്കരെ ഏകഛത്രാധിപത്യം വഹിക്കുവാനും സെമിനാരി കൈവശമാക്കുവാനുമായിരുന്നു മാർ അത്തനാസീസിൻെറ ശ്രമം. ദിവന്നാസിയോസു ഒന്നാമൻെറശേഷം വാണ മെത്രാന്മാരുടെ പട്ടം അസാധുവാണെന്നും അവരിൽനിന്നു പട്ടം സ്വീകരിച്ച കത്തനാരന്മാർ വീണ്ടും സാധുവായി പട്ടം സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹം പ്രസംഗം തുടങ്ങി. യാക്കോബായക്കാർക്കുതന്നെയല്ല പ്രോട്ടസ്റ്റൻറുകാർക്കും ഇതൊട്ടും രസിച്ചില്ല. യാക്കോബായക്കാരിൽ ചിലർ അത്തനാസീസിൻെറ കക്ഷിയിലുണ്ടായിരുന്നു. എങ്കിലും എതൃകക്ഷിയുടെ ശക്തി നിമിത്തം ഗവൺമെണ്ടുതന്നെ അദ്ദേഹത്തെ ൧൮൨൭-ൽ കേരളത്തിൽനിന്നു പറഞ്ഞയച്ചു. അതോടെ യാക്കോബായസഹോദരങ്ങളുടെ ഇടയിൽ ഒരു വലിയ സമാധാനമുണ്ടായി.

## പ്രോട്ടസ്റ്റൻറുസഖ്യത നിറുത്തലാക്കുന്നു.

൧൮൩൦-ൽ അഞ്ഞൂരു് മെത്രാൻ മരണം പ്രാപിച്ചു. അപ്പോൾ പ്രോട്ടസ്റ്റൻറുകാരുമായുണ്ടായിരുന്ന നീരസം വീണ്ടും ശക്തിപ്പെട്ടു. കല്ക്കട്ടായിലെ പ്രോട്ടസ്റ്റൻറു മെത്രാനായിരുന്ന ദാനിയേൽ വിൽസൻ കോട്ടയത്തെത്തി പല ആലോചനകൾ നടത്തിയെങ്കിലും ദിവന്നാസിയോസു നാലാമനും ജനങ്ങളും ൧൮൩൬-ൽ പ്രോട്ടസ്റ്റൻറുബന്ധം അശേഷം വിട്ടുപേക്ഷിച്ചു. രണ്ടുകൂട്ടർക്കും പൊതുവായുണ്ടായിരുന്ന വസ്തുക്കൾ ഭാഗിച്ചപ്പോൾ കോട്ടയം പഴസെമിനാരിയും മററുവസ്തുക്കളിൽ ഒരു ഭാഗവും യാക്കോബായക്കാർക്കു ലഭിച്ചു. മുതൽനഷ്ടത്തിന് പുറമെ ആൾനഷ്ടംകൂടി നമ്മുടെ യാക്കോബായസഹോദരങ്ങൾ സഹിക്കേണ്ടിവന്നു. ൩൦൦൦ ആളുകൾ തദവസരത്തിൽ യാക്കോബായവിശ്വാസം ത്യജിച്ച് പ്രോട്ടസ്റ്റൻറുകാരായി. (12)

## ഇനിയും അന്ത്യോക്യാബന്ധം പ്രാപിച്ചില്ല.

യാക്കോബായമെത്രാന്മാർ പലരും മലങ്കരെ വന്നിരുന്നെങ്കിലും ൧൮൩൬ വരെ മലങ്കരസഭമേൽ യാക്കോബായപാത്രിയർക്കീസ് അധികാരം നടത്തിയിട്ടില്ല. വൈദേശികമെത്രാന്മാരെ ഇവിടെ വരുത്തുവാനുള്ള പ്രധാന കാരണം മാർ തോമ്മാമാർക്ക് സാധുവായി പട്ടം സ്വീക

---

(12) cf. Christianity in Travancore.

രിക്കവാനായിരുന്നു. ഒരാൾ പട്ടം സ്വീകരിച്ചശേഷം തുടരെത്തുടരെ പിൻഗാമികളെ വാഴിച്ചതല്ലാതെ മലങ്കര യാക്കോബായ മെത്രാന്മാർ യാക്കോബായപാത്രിയർക്കീസിനെ ആശ്രയിച്ചിരുന്നില്ല. പ്രോട്ടസ്റ്റൻറുകാരെ ഭയന്നു് തങ്ങളുടെ ശ്രേഷ്ഠൻ യാക്കോബായ പാത്രിയർക്കീസാണെന്നു് ചിലരെല്ലാം പറഞ്ഞിട്ടുണ്ട്. ഒരാൾ പ്രോട്ടസ്റ്റൻറുകാക്കു വിരോധമായി പാത്രിയർക്കീസിൻെറ പക്കൽ ഹർജി ബോധിപ്പിക്കയും പാത്രിയർക്കീസിൽനിന്നു സഹായം പ്രാപിക്കയും ചെയ്തിട്ടുണ്ട്: എങ്കിലും ഇന്നു പാത്രിയർക്കീസിനു ബാവാമെത്രാൻ കക്ഷികളുടെ മേൽ ഉണ്ടെന്നു് ഇരുകൂട്ടരും സമ്മതിക്കുന്ന തരത്തിലുള്ള അധികാരം പാത്രിയർക്കീസും അന്നു് മലങ്കരസഭമേൽ പ്രവൎത്തിച്ചിട്ടില്ല.

---

## ൧൩-ാം അദ്ധ്യായം.

### കേരളത്തിൽ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ്.

അന്ത്യോക്യാ യാക്കോബായപാത്രിയർക്കീസ് കേരളത്തിൽ മുറപ്രകാരമുള്ള അധികാരം പ്രയോഗിച്ചുതുടങ്ങിയതു് എന്നു മുതലെന്നും എങ്ങിനെയാണെന്നുമാണ് ഇനിയും പറയുവാനുള്ളതു്. മാർ ദിവന്നാസിയോസു നാലാമനും ജനങ്ങളും പ്രോട്ടസ്റ്റൻറുബന്ധം നിശേഷം വിട്ടുപേക്ഷിച്ചതായി കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. യാക്കോബായക്കാരിൽത്തന്നെ ചിലക്കു് ചില മതസംസ്കരണങ്ങൾ ഏപ്പെടുത്തണമെന്നായി. മാർ ദിവന്നാസിയോസു നാലാമൻ അതിനു പ്രതികൂലിച്ചതിനാൽ, അവർ പാലക്കുന്നത്തു മാത്തൻ ശമ്മാശ്ശനെ സസന്തോഷം സ്വീകരിച്ച് 'കശീശാ'പ്പട്ടവും മാർ മാത്യു അത്തനാസീസ് എന്ന നാമത്തിൽ മെത്രാൻ പട്ടവും നൽകി. യാക്കോബായ പാത്രിയർക്കീസിന് മലങ്കര യാക്കോബായ സഭമേൽ ഇങ്ങനെയാണ് മുറപ്രകാരമുള്ള അധികാരം സിദ്ധിച്ചതു്. താൻ എന്താണ് ചെയ്യുന്നതെന്നോ, തൻെറ മതോപദേശപ്രകാരം വ്യാപരിക്കുന്ന ഒരാളെയാണോ മെത്രാൻ സ്ഥാനത്തുയത്തുന്നതെന്നോ, ഒന്നും ഓക്കാതെയാണ് മാത്തൻ മെത്രാനിൽ പാത്രിയർക്കീസ് മലങ്കരബന്ധം ഉറപ്പിച്ചതെന്നു് പിന്നീടുണ്ടായ സംഭവങ്ങൾ വെളിപ്പെടുത്തുന്നു.

1843-ൽ മാത്തൻ മെത്രാൻ തിരിച്ചെത്തി മലങ്കര മെത്രാപ്പോലിത്താ താനാണെന്നു പ്രഖ്യാപനം ചെയ്തുകൊണ്ടും പാത്രിയർക്കീസിൽനിന്നു ലഭിച്ച രേഖകൾ കാണിച്ചുകൊണ്ടും മാത്തൻ മെത്രാൻ അധികാരം പ്രവൎത്തിച്ചുതുടങ്ങി. മാർ ദിവന്നാസിയോസും കക്ഷിയും എതിൎത്തുനിന്നു. മാത്തൻമെത്രാന്നു് റസിഡൻറിൻെറ സഹായവുമുണ്ടായിരുന്നു. മാത്തൻ മെത്രാൻ പാത്രിയർക്കീസിനെ വഞ്ചിച്ചെന്നും യാക്കോബായ മതോ

പദേശങ്ങൾക്ക പ്രതികൂലമായി വ്യാപരിക്കുന്നെന്നും മാർ ദിവന്നാസിയോസ് പാത്രിയക്കീസിനെ ബോധിപ്പിച്ചു.

ദിവന്നാസിയോസിൻെറ ശ്രമം വിഫലമായില്ല. തൻെറ നാമത്തിൽ കല്പനകൾ അയക്കുന്നതിന് ഒപ്പുവച്ച കുറെ പത്രികകൾ സഹിതം പാത്രിയക്കീസ് കുറിലോസ് എന്ന ഒരു മെത്രാനെ മാർ ദിവന്നാസിയോസിൻെറ സഹായത്തിനയച്ചു. 1846—ൽ കുറിലോസ് മലങ്കര വന്ന് മാത്തൻ മെത്രാനെ സ്ഥാനഭ്രംശം ചെയ്യുവാനുള്ള ശ്രമങ്ങൾ തുടങ്ങി. കുറിലോസിനെ കേരളത്തിലേക്കയച്ച പാത്രിയക്കീസിൻെറ പിൻഗാമിയും മാത്തൻ മെത്രാനെ ബഹിഷ്കരിക്കുന്ന വിഷയത്തിൽ ഉൽസുകനായിരുന്നു. നിർദ്ദിഷ്ടകാര്യം ഏതുവിധമെങ്കിലും സാധിക്കണമെന്നുള്ള ലാക്കോടെ മാർ ദിവന്നാസിയോസ് തൻെറ അധികാരം മുഴുവനും 1847... മാർ കുറിലോസിനു വിട്ടുകൊടുത്തു. പാത്രിയക്കീസു ഒപ്പുവച്ചിരുന്ന പത്രികകളിൽ, താനാണ് മലങ്കര മെത്രാപ്പോലീത്തായെന്നു കുറിലോസ് പരസ്യം ചെയ്തു. ഏതുഭാഗത്താണ് സത്യമെന്നറിവാൻ തിരുവിതാംകൂർ സർക്കാർ ഒരു കമ്മട്ടി ഏല്പെടുത്തി. മാത്തൻമെത്രാനാണ് സാക്ഷാൽ മലങ്കര മെത്രാപ്പോലീത്തായെന്നും മാർ ദിവന്നാസിയോസ് വ്യാജനിർമ്മിതിയിൽ ഭാഗഭാക്കാണെന്നുമായിരുന്നു 'കമ്മട്ടി' വിധി പ്രസ്താവിച്ചതു്. വിധിപ്രകാരം മാത്തൻ മെത്രാനെ സാക്ഷാത്തായ മലങ്കരമെത്രാപ്പോലിത്തായായി സർക്കാർ സ്വീകരിച്ചു. വട്ടിപ്പണാവകാശവും അദ്ദേഹത്തിലായി. ദിവന്നാസിയോസിൻെറ കക്ഷി ഇതോടെ ക്ഷയോൻമുഖമായിതീർന്നു. അദ്ദേഹം 1853-ലോ 55—ലോ മരണംപ്രാപിച്ചു. തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽനിന്ന് കുറിലോസ് മാറി പൊയ്ക്കൊള്ളണമെന്ന് റസിഡൻറ് കല്പിക്കകയാൽ, അദ്ദേഹം പള്ളികൾതോറും ചുററിനടന്നിരുന്നു.

## പാത്രിയക്കീസിൻെറ കക്ഷി തലയുയർത്തുന്നു.

മേൽപറഞ്ഞ കമ്മട്ടി, കൊല്ലത്തുകൂടിയിരിക്കെ, മാർ കുറിലോസിനെ സഹായിക്കുവാൻ 1849—ൽ മാർ എസ്ത്തപ്പാനോസെന്ന ഒരു മെത്രാനെ പാത്രിയക്കീസ് കേരളത്തിലേക്കയച്ചിട്ടുണ്ടായിരുന്നു. എന്നാൽ മലങ്കരസഭാഭരണത്തിൽ എസ്ത്തപ്പാനോസ് പ്രവേശിക്കേണ്ടതല്ലെന്നു്, റസിഡൻറ് തീരുമാനിച്ചതിനാൽ അദ്ദേഹം കാര്യങ്ങൾ ലണ്ടനിൽ ബോധിപ്പിച്ചു റസിഡൻറിൻെറ തീരുമാനം പിൻവലിപ്പിച്ചു. റസിഡൻറ് സുറിയാനിക്കാരുടെ കാര്യത്തിൽ പ്രവേശിക്കരുതെന്നുകൂടി ലണ്ടനിൽനിന്നു കല്പനയുണ്ടായതിനാൽ കുറിലോസ് വെളിക്കുവന്നു. അപ്പോളുണ്ടായ കക്ഷിവഴക്ക് ഒരു തിരുവെഴുത്തു വിളംബരത്തിനു കാരണമായി. പള്ളികളെല്ലാം മാത്തൻ മെത്രാന് ഉള്ളവയാണെന്നും മാർ കുറിലോസിനോടു ചേരുന്നവരെ വിരോധിക്കുന്നില്ലെങ്കിലും അവർ പുത്തനായി പള്ളികൾ പണിയിച്ചു കൊള്ളണമെന്നുമായിരുന്നു വിളംബരം.

## പാത്രിയക്കീസിൻെറ കക്ഷി പരാജിതരാകുന്നു.

വിളംബരം പുറപ്പെട്ടതോടെ കാൎയ്യങ്ങളെല്ലാം കോർട്ടുവിധിപ്രകാരം നിൎണ്ണയിക്കണമെന്നു മാർ ക്രൂറിലോസു നിശ്ചയിച്ചു. അദ്ദേഹത്തിൻെറപേക്ക് വ്യവഹാരം നടത്തിയതു് പുലിക്കോട്ടു യൌസേപ്പു കത്തനാരായിരുന്നു. പക്ഷേ വിധി ക്രൂറിലോസിൻെറ കക്ഷിക്കനുകൂലമല്ലായിരുന്നു. അതോടെ അവർ യൌസേപ്പുകത്തനാരെ 1865-ൽ പാത്രിയക്കീസിൻെറ പക്കൽ അയക്കുകയും അദ്ദേഹം 1866-ൽ ദിവന്നാസിയോസ് അഞ്ചാമൻ എന്ന നാമത്തിൽ മലങ്കരമെത്രാനായി തിരിച്ചെത്തുകയും ചെയ്തു. മാർ ക്രൂറിലോസ് 1874-ൽ മരിച്ചു.

## പാത്രിയക്കീസിൻെറ കക്ഷി ജയിക്കുന്നു.

പുലിക്കോട്ടു മാർ ദിവന്നാസിയോസ് അഞ്ചാമൻ തന്നെ മലങ്കര മെത്രാപ്പോലീത്തായായി അംഗീകരിക്കണമെന്ന് തിരുവിതാംകൂർ സൎക്കാരിൽ അവശ്യപ്പെട്ടു. സ്വാധീനശക്തി മാത്തൻമെത്രാനായിരുന്നതിനാൽ വ്യവഹാരം മൂലം തൎക്കങ്ങൾ തീൎത്തുകൊള്ളണമെന്നായിരുന്നു സൎക്കാർ പറഞ്ഞ സമാധാനം. മാത്തൻമെത്രാനാകട്ടെ തദവസരത്തിൽ (1868) അനന്തിരവനെ പിൻഗാമിയാക്കികൊണ്ടു് സ്ഥാനമുറപ്പിക്കയത്രെ ചെയ്തതു്. മദ്രാസ് ഗവമ്മേണ്ടുവഴി കാൎയ്യം നടത്തുവാൻ മാർ ദിവന്നാസിയോസ് ശ്രമിച്ചപ്പോൾ ഗവമ്മേണ്ടു ഒഴിഞ്ഞുകളഞ്ഞു. കിട്ടിയ അവസരം നഷ്ടമാക്കാതെ മാത്തൻമെത്രാൻ 1870-ൽ പട്ടക്കാരുടെയും ജനങ്ങളുടെയും യോഗം കോട്ടയത്തു വിളിച്ചുകൂട്ടി പള്ളിഭരണത്തിൽ സഹായകന്മാരായി 12 പട്ടക്കാരെ നിശ്ചയിച്ചു.

മലയാളത്തിൽ നടന്നുകൊണ്ടിരുന്ന സംഭവങ്ങളെല്ലാം അറിഞ്ഞിരുന്ന 33-ാം അഗ്നാത്തിസ് അഥവാ പത്രോസ് പാത്രിയക്കീസു മലയാളം സ്വാധികാരത്തിൽനിന്നു പൊയ്പ്പോയേക്കുമെന്നു വളരെ ഭയപ്പെട്ടിരുന്നു. മാത്തൻ മെത്രാനുണ്ടായിരുന്ന പ്രോട്ടസ്റ്റൻറു സഹായം ദുർബലമാക്കുവാൻ പാത്രിയക്കീസ് ലണ്ടൻവരെ പോയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ആകയാൽ 1875-ൽ അദ്ദേഹം കേരളത്തിൽ വന്നെത്തി. യാക്കോബായ മതാദ്ധ്യക്ഷനായ പാത്രിയക്കീസ്, മാത്തൻ വിരോധിയാണെന്നറിഞ്ഞയുടനെ പള്ളികളെല്ലാം മാത്തൻ മെത്രാനോട്ട് ചേൎന്നുനിന്നുകൊള്ളണമെന്നുണ്ടായിരുന്ന തിരുവെഴുത്തുവിളംബരം റദ്ദ് ചെയ്യപ്പെട്ടു. അതോടെ മാത്തൻ മെത്രാൻെറ കക്ഷി ക്ഷയിച്ചു.

1876-ൽ പാത്രിയക്കീസ്, മുളന്തുരുത്തിൽ ഒരു സുനഹദോസുകൂട്ടി മാത്തൻമെത്രാനെ മുടക്കുകയും ശപിക്കുകയും ചെയ്തു. അനന്തരം മലങ്കര സഭാഭരണം നിൎവ്വഹിക്കുവാൻ ഒരു "അസോസ്സിയേഷ്യൻ" ഏൎപ്പെടുത്തി (Jacobite Syrian Christian Association). പാത്രിയക്കീസ് രക്ഷാധികാരിയും മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനുമായ ഈ അസ്സോസ്സ്യേഷൻെറ സമ്മതത്തോടുകൂടി ചെയ്യുന്ന പ്രവ

ത്തികൾ മാത്രമേ മലങ്കരസഭയെ ബാധിക്കുകയുള്ളു എന്നും ഒരു നിയമമുണ്ടായി. 1876–ന്റെ അവസാനത്തിൽ പാത്രിയർക്കീസ് മടങ്ങിപ്പോയി. മടക്കത്തിനുമുമ്പ് പുലിക്കോട്ടു മാർ ദിവന്നാസിയോസ് അഞ്ചാമനെ കൂടാതെ വേറെ ആറു മെത്രാന്മാരെക്കൂടി അഭിഷേചിച്ച് ഏഴു പേരുടെമേൽ മലങ്കര സഭാഭരണം സ്ഥാപിച്ചു. ഇവരുടെ പേരുകളും ഇടവകകളും താഴെച്ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. പുലിക്കോട്ടുമെത്രാൻ | | അഥവാ 5–ാം ദിവന്നാസി | | കൊല്ലം ഇടവക |
| 2. കടവിൽ | ,, | ,, | പൌലോസ് അത്തനാസ്യോ.(†1907) | കോട്ടയം. |
| 3. കോനാട്ടു | ,, | ,, | യൂലിയോസ് | തുമ്പമൺ. |
| 4. അമ്പാട്ടു | ,, | ,, | കൂറിലോസ് | അങ്കമാലി. |
| 5. ചാത്തുരുത്തി | ,, | ,, | ഗ്രിഗോരിസ് | നിരണം. |
| 6. മുറിമററത്തു | ,, | ,, | ഈവാനിയോസ് | കണ്ടനാട്.. |
| 7. ...... | ,, | ,, | ശെമഓൻ ദിവന്നാസിയോസ് | കൊച്ചി. |

പുലിക്കോട്ടു മാർ ദിവന്നാസിയോസിനു് പാത്രിയർക്കീസ് വിശേഷസ്ഥാനമൊന്നും നൽകിയില്ല. എന്നാൽ സ്വാധീനബലം സാമർത്ഥ്യം ഇത്യാദികളാൽ അദ്ദേഹം മെത്രാപ്പോലീത്താ എന്ന നിലയിൽ വർത്തിച്ചിരുന്നു. 'അസ്സോസേഷ്യന്റെ' അദ്ധ്യക്ഷനും അദ്ദേഹംതന്നെയായിരുന്നു. പൊതുവസ്തുക്കൾ അന്വേഷിക്കുന്നതിനും വട്ടിപ്പണം വാങ്ങുന്നതിനും "അസ്സോസേഷ്യനി"ൽനിന്നു മൂന്നു നാലു "ട്രസ്റ്റിക"ളും തദവസരത്തിൽ നിയമിതന്മാരായി. മററു മെത്രാന്മാരിൽ ചിലർക്ക് ഇതൊന്നും രസിച്ചിരുന്നില്ല.

മാത്തൻ മെത്രാനും ജനങ്ങളും അന്ത്യോക്യാബന്ധം അശേഷം ഉപേക്ഷിച്ച്, ഒരു നവീന സ്വതന്ത്രകക്ഷിയായിത്തീർന്നു. ഇങ്ങനെ പിരിഞ്ഞവർ (പഴയ) മെത്രാൻകക്ഷിയെന്നും, മാർത്തോമ്മാക്കാരെന്നും, നവീകരണക്കാരെന്നും അറിയപ്പെടുന്നു. മാത്തൻ മെത്രാന്റെ പിൻഗാമികൾ അവരെ ഇപ്പോൾ ഭരിക്കുന്നു. പാത്രിയർക്കീസിനോടു ചേർന്നു നിന്നവർ (പഴയ) ബാവാക്കക്ഷി എന്നു് അറിയപ്പെടുന്നു. (1)

1665 മുതൽ പാത്രിയർക്കീസിന്റെ പക്കൽനിന്നു് 1846–ൽ മലങ്കരെ വന്ന മാർ കൂറില്ലോസിന്റെ കാലത്തിനു കുറെ മുമ്പുവരെ മലങ്കര യാക്കോബായക്കാരും കത്തോലിക്കരും കൽദായ സുറിയാനി ക്രമം (പൌരസ്ത്യ സുറിയാനിക്രമം) ഉപയോഗിച്ചിരുന്നു. കത്തോലിക്കർ ഇപ്പോഴും അതുതന്നെയാണു് ഉപയോഗിക്കുന്നതു്. എന്നാൽ യാക്കോബായക്കാർ ക്രമേണ പാശ്ചാത്യ സുറിയാനി റീത്തു സ്വീകരിക്കുന്നതിനിടയായി. ഇങ്ങനെ കൂനൻകുരിശുസത്യത്തിന്റെ ഫലമായി വിഭിന്നകക്ഷിക്കു് പൂർവ്വന്മാരുടെ വിശ്വാസവും ആരാധനക്രമവും നഷ്ടപ്പെട്ടു. (2)

---

(1) മാർ തോമ്മാ ക്രി. പു. ച.; Christianity in Travancore.
(2) മാർ തോമ്മാ ക്രിസ്ത്യാ. പു. ച.

## പഴയ ബാവാമെത്രാൻകക്ഷികൾ തമ്മിൽ നടന്ന വ്യവഹാരങ്ങൾ.

മുളന്തുരുത്തി സുനഹദോസു നിശ്ചയപ്രകാരം നവീകരണക്കാരുടെ മെത്രാനെ ഒഴിച്ചുകൊടുക്കണമെന്ന് ദിവന്നാസിയോസ് അഞ്ചാമൻ തിരുവിതാംകൂർ സർക്കാരിൽ ആവശ്യപ്പെട്ടു. സർക്കാർ പുത്തൻകൂററു സുറിയാനിക്കാരുടെ കാര്യത്തിൽ ഏർപ്പെടുകയില്ലെന്നു പറഞ്ഞതിനാൽ അദ്ദേഹം ൧൦൪൯-ൽ കോട്ടയം പഴയസെമിനാരിയും മററു വസ്തുക്കളും തനിക്കു കിട്ടേണ്ടതാണെന്നു വാദിച്ച് മാത്തൻ മെത്രാന്റെ പിൻഗാമിയായിരുന്ന മാർതോമ്മാ അത്തനാസിസിന് വിരോധമായി വ്യവഹാരമാരംഭിച്ചു. ഇതാണ് സുപ്രസിദ്ധമായ 'സെമിനാരി കേസ്' ൧൦൬൧-ൽ ബാവാകക്ഷിക്കു ജയം സിദ്ധിച്ചു.

൧൦൮൫-ൽ അന്നത്തേ മെത്രാൻ, മലങ്കരയാക്കോബായസഭ പാത്രിയർക്കീസിന്റെ കീഴിലാണെന്നു റസിഡൻറിനോടു പറഞ്ഞെന്നും, ൧൦൪൧ ൽ പ്രോട്ടസ്റ്റൻറുകാരുമായുണ്ടായ കലഹത്തിൽ മലങ്കരസഭയുടെ മേലദ്ധ്യക്ഷൻ യാക്കോബായ പത്രിയർക്കീസാണെന്നു മാർ ദിവന്നാസിയോസു നാലാമൻ പ്രസ്താവിച്ചെന്നും, മാത്തൻമെത്രാന് മലങ്കരെ അധികാരം കിട്ടിയതു് പത്രിയർക്കീസിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച രേഖകൾ മൂലമാണെന്നും (പഴയ) ബാവാകക്ഷി വാദിച്ചു. എന്നാൽ എതാദൃശപ്രസ്താവനകൾ നടത്തിയ മെത്രാന്മാർ പാത്രിയർക്കീസിന്റെ അധികാര പ്രവർത്തനത്തെ തടയുവാൻ സന്നദ്ധന്മാരായിരുന്നെന്നും, പാത്രിയർക്കീസ്, മാത്തൻ മെത്രാനെ മുടക്കുകയും ശപിക്കുകയും ചെയ്തശേഷവും അദ്ദേഹം മലങ്കരമെത്രാനായി കരുതപ്പെട്ടിരുന്നെന്നും മലങ്കരമെത്രാന്മാർ പാത്രിയർക്കീസിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ചെങ്കിലും പിൻഗാമികളെ വാഴിക്കുവാൻ അർഹതയുണ്ടായിരുന്ന മെത്രാന്മാരുടെ കീഴിലാണ് മലങ്കരസഭസ്ഥിതി ചെയ്തിരുന്നതെന്നുമായിരുന്നു (പഴയ) മെത്രാൻ കക്ഷിയുടെ വാദങ്ങൾ— 'റോയൽ അപ്പീലി'ലും മെത്രാൻ കക്ഷിക്കു ഗുണമായില്ല.

യാക്കോബായ സഭയിൽ പിറന്നു വളൎന്നു പഠിച്ചു ഗുരുപ്പട്ടം സ്വീകരിച്ചശേഷം കത്തോലിക്കാസഭയിൽ ചേൎന്ന് ഭാഗ്യമരണം പ്രാപിച്ച പുലയങ്കാട്ടിൽ ബ. യോഹന്നാൻ കത്തനാരുടെ വാക്യങ്ങൾ താഴെ പകൎത്തുന്നു:

"പണ്ടത്തെ സെമിനാരിക്കേസിൽ ബാവാകക്ഷിഭാഗത്തുനിന്നും "യാക്കോബായ സഭയുടെ കാനോൻ" എന്നുപറഞ്ഞു ഒരു കാനോൻ പുസ്തകം ഹാജരാക്കുകയുണ്ടായി. അതു് ആ കേസിലെ വാദമുഖങ്ങൾക്കനുസരണമായി അന്നത്തെ ബാവാകക്ഷിനേതാക്കന്മാർ നിൎമ്മിച്ചുണ്ടാക്കിയ ഒരു കാനോൻ പുസ്തകമായിരുന്നുവെന്ന് സെമ്മിനാരിക്കേസിലെ വ്യവഹാര കാൎയ്യസ്ഥനായിരുന്ന പരേതനായ ഇടവഴിക്കൽ പീലിപ്പോസ് അവർകൾതന്നെ എന്റെ പേൎക്കെഴുതിയ ഒരെഴുത്തിൽ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. മി. പീലിപ്പോസിന്റെ എഴുത്ത് ഇപ്പോഴും ഞാൻ സൂക്ഷി

ച്ചിട്ടുണ്ട്. ഇങ്ങനെ വ്യാജനിർമ്മിതമായിരുന്ന കാനോനെ ആധാരമാക്കിയാണ് അന്നു ബാവാകക്ഷികൾക്ക അനുകൂലമായി വിധി കിട്ടിയതു്" (3) പല പള്ളികളും സംബന്ധിച്ച് ഇരുകക്ഷിയും തമ്മിൽ നടന്ന വ്യവഹാരങ്ങളുടെ ഫലമായി ചില പള്ളികളിൽ പൂർണ്ണാവകാശവും മററു ചിലതുകളിൽ സമാവകാശവും ഇരുക്കൂട്ടക്കും സിദ്ധിച്ചു.

## പുതിയ ബാവാ മെത്രാൻ കക്ഷികൾ.

1876-ൽ പത്രോസു പാത്രിയക്കീസു വാഴിച്ച ആറു മെത്രാന്മാരുൾപ്പെടെ (പഴയ) ബാവാകക്ഷിയിലുണ്ടായിരുന്ന ഏഴു മെത്രാന്മാരിൽ ചിലർ മരിക്കുകയും വേറെ ചിലർ പ്രായാധിക്യത്താൽ ജോലി നടത്തുവാൻ വശമില്ലാത്തവരാകുകയും ചെയ്തപ്പോൾ പൊതു നിശ്ചയപ്രകാരം മാർ ക്രൂറ്ലോസ്, മാർ ഗീവറുഗീസു ദിവന്നാസിയോസ് (വട്ടശ്ശേരി) എന്ന രണ്ടുപേർ മെത്രാൻപട്ടം സ്വീകരിക്കുവാൻ പാത്രിയക്കീസിൻെറ പക്കൽ എത്തി. അബ്ദല്ലാ ആയിരുന്നു പാത്രിയക്കീസ്. (അബ്ദൽ മിശിഹായുടെ 'ഫെർമാൻ' തുക്കിസുൽത്താൻ പിൻവലിച്ച അവസരത്തിലാണ് അബ്ദല്ലാ പാത്രിയക്കീസായതു്. അതിനുമുമ്പ് അബ്ദൽമിശിഹായോടുണ്ടായിരുന്ന വിരോധംകൊണ്ടോ എന്തോ അബ്ദല്ലാ കത്തോലിക്കാമതം സ്വീകരിക്കയുണ്ടായി. 13-ാം ലെഓൻ, 10-ാം പീയൂസ് എന്ന മാർപ്പാപ്പാമാരുടെ കാലത്തു് അബ്ദുല്ലാ രണ്ടുപ്രാവശ്യം റോമ്മാ സന്ദർശിച്ചിട്ടുണ്ട്. അബ്ദൽമിശിഹായും ജനങ്ങളും തമ്മിൽ രസക്ഷയമുണ്ടായപ്പോൾ തുക്കിസുൽത്താൻ അബ്ദൽമിശിഹായെ സ്ഥാനഭ്രംശം ചെയ്തു് തൽസ്ഥാനത്തു് അബ്ദല്ലായെ നിയമിച്ചു. ഇങ്ങനെ പത്തുകൊല്ലം കത്തോലിക്കനായിരുന്നശേഷം അബ്ദുല്ലാ വീണ്ടും യാക്കോബായമതം സ്വീകരിച്ചു പാത്രിയക്കീസായി.) (4)

ഇടവക നിശ്ചയിച്ചു കൊടുക്കാതെ തിബെൽ മെത്രാന്മാർ (ܛܒܝܠ പൊതു)എന്നപേരിലാണ് മേൽപ്രസ്താവച്ചിവക്കു അബ്ദുല്ലാ മെത്രാൻപട്ടം കൊടുത്തതെന്നു പറയുന്നുണ്ട്. പലകാര്യങ്ങളും ക്രമപ്പെടുത്തുവാൻ താൻതന്നെ കേരളത്തിലേക്കു പുറപ്പെടുന്നതാണെന്നും അബ്ദല്ലാ തദവസരത്തിൽ പറകയുണ്ടായത്രെ. 1908-ൽ പുതിയ മെത്രാന്മാർ മലങ്കരെ വന്നെത്തി. അപ്പോൾ പുലിക്കോട്ടു മാർ ദിവന്നാസിയോസു അഞ്ചാമനും മാർ ഈവാനിയോസു അഥവാ മുറിമററത്തു മെത്രാനും ജീവിച്ചിരുപ്പുണ്ടായിരുന്നു.

30-ൽ പരം കൊല്ലങ്ങളായി ഇവിടെ താമസിച്ചിരുന്ന വിദേശയാക്കോബായക്കാരനായ സ്ലീബാ ശമ്മാശ് പാത്രിയക്കീസിൻെറ പക്കൽ

---

(3) ചിന്താവിഷയം ൨. ൧൧-൧൨. (കർമ്മെല കുസുമ ഗ്രന്ഥാവലി, മാന്നാനം.)

(4) A Fortescue Lesser E. Churches.

ചെന്ന് മെത്രാൻപട്ടം സ്വീകരിച്ചതിനുശേഷം മാർ ഒസ്താത്തിസ് എന്ന നാമത്തിൽ പാത്രിയർക്കീസിന്റെ പ്രതിപുരുഷനായി ഈ സന്ദർഭത്തിൽ തിരിച്ചെത്തുകയും ചെയ്തു.

പുലിക്കോട്ടു മാർ ദിവന്നാസിയോസു 1909-ൽ കോട്ടയത്തുവച്ചു മരിച്ചു. അബ്ദുല്ലാ പാത്രിയർക്കീസു 1909-ൽതന്നെ മലങ്കരെ വന്നുചേൎന്നു. തെക്കുംഭാഗക്കാൎക്കു മാർ സെബേത്ര്യൂസിനെയും, വടക്കുംഭാഗക്കാൎക്കു മാർ പൌലോസു അത്തനാസിയൂസിനെയും മെത്രാന്മാരായി അദ്ദേഹം വാഴിച്ചു. പള്ളിവസ്തുക്കളുടെമേൽ തനിക്കധികാരമുണ്ടെന്നു പാത്രിയർക്കീസ് പ്രസ്താവിച്ചപ്പോൾ ആത്മീയാധികാരം (മലങ്കരസഭക്കു മെത്രാനെ വാഴിക്കുവാനുള്ള അധികാരം) മാത്രമെ പാത്രിയർക്കീസിനുള്ളു എന്നു ഗിവറുഗീസു ദിവന്നാസിയോസു വാദിച്ചു. മാർ കൂറിലോസും, മാർ പൌലോസു അത്തനാസിയൂസും, സെബേത്ര്യൂസും പാത്രിയർക്കീസിനെ അനുകൂലിച്ചതിനാൽ അവൎക്കു (പുതിയ) ബാവാകക്ഷി എന്നു പേരുണ്ടായി. അവർ മൂന്നുപേരും ഒരു പുതിയ റജിസ്റ്റർ ഉടമ്പടി എഴുതിക്കൊടുക്കുകയും ചെയ്തു. പാത്രിയർക്കീസിന്റെ പ്രതിപുരുഷനായ മാർ ഒസ്താത്തിസും ഈ കക്ഷിയാണ്. മാർ ഗീവറുഗീസു ദിവന്നാസിയോസും അന്നു ജീവിച്ചിരുന്ന ഈവാനിയോസ് അഥവാ മുറിമറ്റത്തു മെത്രാനും പാത്രിയർക്കീസിനെ വിരോധിച്ചതിനാൽ അവരുടെ കക്ഷി (പുതിയ) മെത്രാൻ കക്ഷിയെന്നറിയപ്പെടുന്നു.

ഉഭയകക്ഷിയും ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തി. മനോരമക്കാർ പ്രധാനികളായി നിന്നുകൊണ്ട് മാർ ദിവന്നാസിയോസിനെ അനുകൂലിച്ചു പാത്രിയർക്കീസിന്റെ പ്രവൃത്തികളെ ആക്ഷേപിക്കുന്ന ലഘുലേഖകളും പുറത്തുവന്നു. പാത്രിയർക്കീസ് അക്രമിയാണെന്നും ജീവിതത്തിൽതന്നെയും ദ്രവ്യസംബന്ധമായി പല അന്യായപ്രവൃത്തികൾ ചെയ്തെന്നുംമറ്റും ലഘുലേഖകൾ പ്രസ്താവിക്കുന്നു. മെത്രാൻകക്ഷിയുടെ പ്രസിദ്ധീകരണങ്ങൾ ഗൌരവമേറിയവയായിരുന്നു. പാത്രിയർക്കീസും അസ്സോസ്സേഷ്യൻ ട്രസ്റ്റികളും കൂടിച്ചേൎന്നു സമുദായസ്വത്തുക്കൾ കരസ്ഥമാക്കുവാൻ ചെയ്ത ശ്രമങ്ങളുടെയിടയിൽ പാത്രിയർക്കീസും, മാർ ഒസ്തേത്തിയോസും മാർ കൂറിലോസു, പൌലോസു അത്തനാസിയൂസെന്ന മെത്രാപ്പോലീത്തമാരും ശീമക്കാരായ രണ്ടു റമ്പാന്മാരും, യവാക്കീം, ഔഗിൻ എന്ന നാട്ടുറമ്പാന്മാരും, കോനാട്ടു മല്പാനും, പ്രത്യേകം അയക്കപ്പെട്ട എഴുത്തുകുത്തുകളുടെ ഫലമായി കോട്ടയം പഴയസെമിനാരിയിൽ താമസമുറപ്പിച്ചു. മാർ ദിവന്നാസിയൂസും മട്ടക്കൽ മല്പാനച്ചനും ശെമ്മാശന്മാരും അവിടെതന്നെയുണ്ടായിരുന്നു.

കോനാട്ടു മല്പാനും മി. സി. ജെ. കുര്യനുമായിരുന്നു 'അസ്സോസ്സേഷ്യൻ ട്രസ്റ്റികൾ.' അവരുടെ സമ്മതംകൂടാതെ മാർ ഗിവറുഗീസു ദിവന്നാസിയോസു ട്രസ്റ്റ് വസ്തുക്കൾ ചിലൎക്കെഴുതിക്കൊടുത്തു എന്നും മറ്റുമായി ചില കാരണങ്ങൾ കാണിച്ചുകൊണ്ട് പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. (പാത്രിയർക്കീസു മുടക്കുന്ന ഒരു മെത്രാനോ പട്ടക്കാരനോ വെറും അൽമായക്കാരനായിത്തീരുന്നു എന്നൊരു വിശ്വാസം യാക്കോബായ സഹോദരങ്ങളുടെയിടയിൽ കടന്നുകൂടിയിട്ടുണ്ട്. 1846-ൽ വന്ന മാർ കൂറിലോ-

സു ഈ വിശ്വാസത്തിനനുരൂപമായ വിധത്തിൽ വ്യാപരിച്ചിരുന്നതായും രേഖകളുണ്ട്. ക്രൂദാശകൾ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനമില്ലാത്തതാണ്, ഈ വിശ്വാസത്തിനു കാരണമായിരിക്കുന്നതെന്നു മാത്രമെ ഇവിടെ പറയുന്നൊള്ളു.) കോട്ടയം സെമിനാരിയും വസ്തുക്കളും സംബന്ധിച്ചു മുടക്കിനു മുമ്പുതന്നെ ആരംഭിച്ചിരുന്ന "സമരി"ക്കേസിൽ വിധി മെത്രാൻകക്ഷിക്കനുകൂലമായിരുന്നു. അപ്പീലിൽ ബാവാകക്ഷിയിൽ നിന്നിരുന്ന കോനാട്ടു മല്പനും, മി. സി. ജെ. കുര്യനും സെമിനാരിയുടെയും വസ്തുക്കളുടെയും ട്രസ്റ്റികളാണെന്നു വിധിയുണ്ടായി. ഇതൊഴിച്ചു മററു സംഗതികൾ മെത്രാൻകക്ഷിക്കു ഗുണകരമായിരുന്നതിനാൽ മാർ ഗീവറുഗീസു ദിവന്നാസിയോസു സെമിനാരിയിൽ താമസമുറപ്പിച്ചു.

മാർ ദിവന്നാസിയൂസിനെ മുടക്കിയശേഷം പാത്രിയർക്കീസു മാർ ക്രുറിലോസിനെ മലങ്കര മെത്രാപ്പോലീത്തയായി നിയമിക്കുകയും ശീമക്കു മടങ്ങുകയും ചെയ്തു.

## തുർക്കിസുൽത്താൻ സ്ഥാനഭ്രംശംചെയ്ത അബ്ദൽമിശിഹാ.

മാർ ഗീവറുഗീസു ദിവന്നാസിയോസും കൂട്ടരും തുർക്കിസുൽത്താൻ സ്ഥാനഭ്രംശംചെയ്ത അബ്ദൽ മിശിഹാപാത്രിയർക്കീസിനെ ഇവിടേക്കു ക്ഷണിച്ചിരുന്നു. അദ്ദേഹം 1912-ൽ ഇവിടെവന്ന് മാർ ഗ്രീഗോരിയൂസ്, മാർ ഫിലോക്സേനോസ് മാർ ഇവാനിയോസ് എന്ന മൂന്നു മെത്രാന്മാരെ മെത്രാൻ കക്ഷിക്കായി അഭിഷേകം ചെയ്തുകൊടുത്തു. കൂടാതെയും പിന്നിട്ടു മെത്രാന്മാരെ വാഴിക്കുവാൻ മുറിമററത്തു മെത്രാനെ ബസേലീസ് നാമത്തിൽ മപ്രിയാൻ (കാസോലിക്കാ) സ്ഥാനത്തുയർത്തി. അബ്ദൽ മിശിഹാ മലയാളംവിട്ട് ഓർശ്ലേമിലെത്തുപോകുകയും അവിടെവച്ച് കത്തോലിക്കനാകുകയും ചെയ്തു. (5) മനോരമക്കാരുപോലും ഇതനുസരിച്ചു പറഞ്ഞിട്ടുണ്ട്.

അബ്ദൽമിശിഹാ വെറും അൽമായക്കാരനാണെന്നും, മുടക്കേററവനാണെന്നും അധികാരമില്ലാത്തവനാണെന്നും യാക്കോബായസഭയിൽ വളരെ കുഴപ്പങ്ങളുണ്ടാക്കിയതിനാൽ കുററക്കാരനായി വിധിക്കപ്പെട്ടവനാണെന്നും മററും വിവരിക്കുന്ന ഒരു ലഘുലേഖ 1912-ൽ ബാവാകക്ഷി പ്രസിദ്ധപ്പെടുത്തി. അബ്ദല്ലായേയും അദ്ദേഹത്തിൻെറ പ്രവൃത്തികളേയും ആക്ഷേപിച്ച് 1911-ൽ മെത്രാൻകക്ഷി പുറപ്പെടുത്തിയ ലഘുലേഖക്കു മറുമരുന്നായിരുന്നു ഇതു്.

'മൂന്നുമെത്രാന്മാരും മപ്രിയാനായും അഭിഷേകം ചെയ്യപ്പെട്ടപ്പോൾ അബ്ദല്ലാ ഒരു പരസ്യം അയച്ചു. അതിൽ, വാഴിച്ചവനും വാഴ്ച ഏററവരും സാക്ഷാൽ മേൽപ്പെട്ടസ്ഥാനമുള്ളവരല്ലെന്നും അവർ വെറും അൽമായക്കാരാണെന്നും അവക്കു താൻ ശാപം ചൊല്ലിയിരിക്കു

(5) Morning Star. Cf. ന. ദീപിക. April 10. 1920.

ന്നെന്നും അവർ ശപിക്കപ്പെട്ടവരാണെന്നും പറയുന്നു. സത്യനാദമാലിയായ 1913-ലെ പല പത്രങ്ങളിൽ ഈ പരസ്യം കാണാവുന്നതാണ്.

മൂവാററുപുഴനിന്നു പുറപ്പെട്ടിരുന്ന 'കേരളദിപിക'യിൽ (1913- ആഗസ്റ്റ് 1) അബ്ദല്ലാ പാത്രിയക്കിസിൻെറ ഒരു പരസ്യം ചേർത്തിട്ടുണ്ട്. അതിൽ അബ്ദൽ മ്ശിഹാ കത്തോലിക്കനായെന്നും അദ്ദേഹത്തിൻെറ ബുദ്ധിക്ക് സ്ഥിരതയില്ലെന്നും കാണുന്നു. (കത്തോലിക്കനാകുക ബുദ്ധിക്ക് സ്ഥിരതയില്ലെന്നുള്ള അടയാളമാണെങ്കിൽ, അബ്ദുല്ലായുടെ ബുദ്ധിക്കും സ്ഥിരതയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ യാക്കോബായ മതം ഉപേക്ഷിച്ച് പത്തു കൊല്ലത്തോളം കത്തോലിക്കനായിരുന്ന ഒരാളാണ് അബ്ദുല്ലാ). ഇതിനിടക്ക് അബ്ദുല്ലായുടെ സ്ഥാനം പോയെന്നും "മജലിസു' കമ്മട്ടിയാൽ തിരിഞ്ഞെടുക്കപ്പെട്ട രണ്ടു മെത്രാന്മാർ കാര്യംനടത്തുന്നുഎന്നുംമനോരമ പ്രസ്താവിക്കയുണ്ടായി. കേരളദീപികയുടെ മുഖപ്രസാഗം ഇതിനു എതിരു പറയുകയാണ്ചെയ്യുന്നതു്. ഇങ്ങനെ അന്ത്യോക്യാ ബന്ധത്തിൻെറ ഫലം എല്ലാവക്കും സ്വല്പം രുചിച്ചറിയാററായി. മല്പ്രിയാൻ സ്ഥാനത്തുയർത്തപ്പെട്ട മുറിമററത്തു മെത്രാൻ 1913-ൽ മരണംപ്രാപിച്ചു.

## വട്ടിപ്പണം.

കോനാട്ടു മല്പാനേയും,, മി. സി. ജെ, കുര്യനേയും ട്രസ്റ്റിസ്ഥാനത്തുനിന്നും നീക്കിയ ശേഷം മെത്രാൻ കക്ഷിക്കാർ പാലപ്പള്ളിലച്ചനേയും ചിറക്കടവിൽ അബ്രാഹത്തേയും സാക്ഷാൽ അസ്സോസ്സേഷ്യൻ ട്രസ്റ്റികളായും മാർ ഗീവറുഗീസു ദിവന്നാസിയോസിനെ സാക്ഷാൽ മലങ്കര മെത്രാപ്പോലീത്തായായും പ്രഖ്യാപനം ചെയ്തു് വട്ടിപ്പണത്തിനുള്ള അവകാശം ഏതുകക്ഷിക്കാണെന്നുള്ള വ്യവഹാരം ആരംഭിച്ചു. വ്യവഹാരം നടന്നുകൊണ്ടിരിക്കയിൽ ബാവാകക്ഷിയുടെ മെത്രാപ്പോലീത്താ മാർ ക്രൂറിലോസ് മരിക്കുകയാൽ മാർ പൌലോസ് അത്തനാസീസ് തൽസ്ഥാനത്തു നിയമിതനായി. 1919-ലുണ്ടായ വിധിതീർപ്പ് മെത്രാൻ കക്ഷിക്കു് അനുകൂലമായിരുന്നു. അതിൻെറ ചുരുക്കം ഇവിടെ ചേക്കുന്നു.

പാത്രിയക്കീസ് മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനാണെങ്കിലും ആ സഭയുടെ സ്വത്തുക്കളിന്മേൽ അദ്ദേഹത്തിനു യാതൊരധികാരവും മേൽക്കോയ്മയുമില്ല. ആത്മിയവിഷയങ്ങളിൽ പാത്രിയക്കീസിനു് മേൽനോട്ടത്തിനു് അധികാരവും അവകാശവും ഉണ്ട്. എന്നാൽ ഉൾഭരണത്തിൽ പ്രവേശിക്കുവാൻ അധികാരമില്ല. ശരിയായ ഹൂദായ (൨൩൯൦൭ ഭരണം) കാനോൻ മാർ ദിവന്നാസിയോസിൻെറ ഭാഗത്തുനിന്നു് ഹാജരാക്കിയതാണ്. കോനാട്ടുമല്പാൻ ഹാജരാക്കിയതു ക്രിത്രിമമാണ്. കാനോൻ ചട്ടപ്രകാരം ഒരു മെത്രാനെ മുടക്കുവാൻ പാത്രിയക്കീസിനു് തനിച്ചധികാരമില്ല. പാത്രിയക്കീസുൾപ്പെട്ട സൂനഹദോസ് വേണ്ട വിചാരണ നടത്തിയശേഷം കുററക്കാരനാണെന്ന് തീർച്ചപ്പെട്ട

ന്നപക്ഷം മുടക്കാം. അബ്ദൽമിശിഹാ പാത്രിയക്കീസിന് സുൽത്താനിൽനിന്ന കിട്ടിയ വിളംബരം പിൻവലിക്കപ്പെട്ടുകയാൽ അദ്ദേഹത്തിനു തുക്കിരാജ്യത്തു് അധികാരം നടത്തുവാൻ പ്രതിബന്ധമുണ്ടായെങ്കിലും കാനോനികമായി സ്ഥാനഭ്രംശം ചെയ്യപ്പെട്ട ഒരാളല്ല അദ്ദേഹം. അതിനാൽ അദ്ദേഹത്തെ പാത്രിയക്കീസായി സ്വീകരിച്ചവരെ 'സിസ്മ'ക്കാരായി ഗണിച്ചുകൂടാ. അബ്ദല്ലാ പാത്രിയക്കീസ് മലങ്കര സ്വത്തുക്കളിന്മേൽ സവ്വാധികാരം കാംക്ഷിക്കുകയും അതു സാധിക്കുവാൻ ചില മെത്രാന്മാരെക്കൊണ്ടും പള്ളിക്കാരെക്കൊണ്ടും ഉടമ്പടി എഴുതി വാങ്ങിക്കയുമുണ്ടായി. മാർ ദിവന്നാസിയോസ് പാത്രിയക്കീസിൻെറ അഗ്രഹത്തിനു വഴിപ്പെടാതിരുന്നതിനാൽ പാത്രിയക്കീസ് അദ്ദേഹത്തെ മുടക്കി. പ്രസ്തുത മെത്രാപ്പോലിത്തായുടെ മേൽ ആരോപിക്കപ്പെട്ട കുററങ്ങൾ വാസ്തവികങ്ങളോ കാനോൻപ്രകാരം കുററങ്ങളോ അല്ല. മുടക്കുതന്നെ സൂനഹദോസിൻെറ സമ്മതം കൂടാതെയും വേണ്ട വിചാരണ നടത്താതെയും ആയിരുന്നതിനാൽ അതു കാനോൻപ്രകാരവും സ്വഭാവ ന്യായപ്രകാരവും അസാധുവാണ്. മി. സി. ജെ. കുര്യനെയും കോനാട്ടു മല്പാനെയും 'ട്രസ്റ്റി' സ്ഥാനത്തുനിന്ന നീക്കുവാൻ മലങ്കരസമുദായത്തിനധികാരമുണ്ട്. സമുദായം അവരെ നീക്കിയിട്ടുമുണ്ട്. നീക്കുവാൻ മതിയായ കാരണവുമുണ്ട്. പാലപ്പിള്ളിലച്ചൻ, ചിറക്കടവിൽ അബ്രാഹം എന്നിവരെ സമുദായം ന്യായമായ വിധത്തിൽ 'ട്രസ്റ്റി'കളായി നിശ്ചയിച്ചു.

എന്നാൽ 1923—ലുണ്ടായ അപ്പീൽവിധി നേരെ വിപരീതമായിരുന്നു.

1054 (1889)—ൽ സെമിനാരിക്കേസിൽ ആലപ്പുഴ ജില്ലാക്കോടതിയിലും, പിന്നീടുണ്ടായ ആത്താററു പള്ളിക്കേസിൽ കൊച്ചിയിലെ കോടതികളിലും ഹാജരാക്കിയതും ഈ വട്ടിപ്പണക്കേസിൽ 18 അക്കമായി ഹാജരാക്കിയതുമായ കാനോൻ ആണ് മലങ്കര അംഗീകരിച്ചിട്ടുള്ള കാനോൻ. ഈ കാനോൻപ്രകാരം പാത്രിയക്കീസിനു സൂനഹദോസിൻെറയൊ, അസ്സോസ്സേഷ്യൻെറയോ യാതൊരാലോചനയും അനുവാദവും കൂടാതെ സ്വന്തം നിലയിൽത്തന്നെ മെത്രാനെ വാഴിക്കുവാനും മുടക്കുവാനും അധികാരമുണ്ട്. മാർ ദിവന്നാസിയോസിൻെറ മേൽ പാത്രിയക്കീസ് കല്പിച്ച മുടക്ക് കാനോൻപ്രകാരവും സ്വഭാവന്യായപ്രകാരവും സാധുതന്നെ. ഈ മുടക്കിൽ പാത്രിയക്കീസിനു യാതൊരു ദുരുദ്ദേശ്യവുമില്ലായിരുന്നു. പാത്രിയക്കീസിനു മലങ്കര സഭമേലുള്ള അധികാരം ആത്മികമാണെങ്കിലും ലൌകിക കാര്യങ്ങളിൽ (പള്ളികൾ, പള്ളിവക വസ്തുക്കൾ മുതലായവയിൽ) അഴിമതി കാണിക്കുന്ന ഒരു കൈക്കാരനെയൊ, മെത്രാനെയോ ശിക്ഷിക്കുവാനുള്ള അധികാരവും അദ്ദേഹത്തിനുണ്ട്. ബാവാകക്ഷിക്കു വന്നിട്ടുള്ള ചെലവ് മെത്രാൻകക്ഷി വഹിക്കണം. സെമിനാരിയും മററു വസ്തുക്കളും ബാവാകക്ഷിക്ക് ഏല്പിച്ചുകൊടുക്കണം.

പുലയങ്കാട്ടിൽ ബ. യോഹന്നാൻ കത്തനാർ വീണ്ടും പറയുന്നു.—

"ഇപ്പോഴത്തെ വട്ടിപ്പണക്കേസിൽ ബാവാകക്ഷികൾ ഹാജരാക്കിയ 18 അക്കം കാനോൻ യാക്കോബായ സഭ അംഗീകരിക്കുന്നതും, സഭാംഗങ്ങളുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നതുമായ കാനോൻ അല്ലെന്ന് ധൈര്യസമേതം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ലോകത്തിൽ എവിടെയുമുള്ള യാക്കോബായക്കാരുടെ ഇടയിൽ അന്വേഷിച്ചാലും പതിനെട്ടക്കംപോലെയുള്ള ഒരു കാനോൻ പുസ്തകം കണികാണ്മാൻ കിട്ടുന്നതല്ല. ഇന്നത്തെ വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷികൾ ഹാജരാക്കിയ പോലെയുള്ള ഒരു കാനോൻ ആയിരുന്നു സെമിനാരിക്കേസിൽ പഴയ മെത്രാൻകക്ഷികൾ ഹാജരാക്കിയത്. ഇന്ന് ആ കാനോൻതന്നെ മെത്രാൻകക്ഷികൾ ഹാജരാക്കി. അതു യാക്കോബായസഭയുടെ കാനോൻ പുസ്തകമല്ലെന്ന് ബാവാകക്ഷികൾ എതിർക്കുകയും അവർ 18 അക്കം കാനോൻ ഹാജരാക്കുകയും ചെയ്തു. ഈ 18 അക്കത്തെ സ്ഥിരപ്പെടുത്തിയാണ് ബ. ഹൈക്കോടതി ബാവാകക്ഷികൾക്ക് അനുകൂലമായി വിധി കല്പിച്ചിരിക്കുന്നത്." (6) പല സ്ഥലങ്ങളിൽനിന്ന് പല തരത്തിലുള്ള അറിവു കിട്ടിയിട്ടുണ്ടെങ്കിലും എഴുത്തുകാരനെപ്പോലെയുള്ളവർ ഈ വിഷയം സംബന്ധിച്ച് ഈ സന്ദർഭത്തിൽ വിമർശിക്കുക വിഹിതമായിരിക്കുകയില്ലല്ലൊ. വട്ടിപ്പണക്കേസു സംബന്ധിച്ച് പുനർ ഹർജി സ്വീകരിക്കുവാൻ പാടുണ്ടെന്നു 1926-ൽ തീരുമാനമുണ്ടായി. 1928-ൽ തിരുവിതാംകൂർ ഹൈക്കോടതിമുമ്പാകെ, പാത്രിയർക്കീസിൻെറ മുടക്ക് സ്വഭാവനീതിപ്രകാരം സാധുവാണോ എന്നു നിശ്ചയിക്കുവാൻ വിസ്താരവും നടന്നു.

കണ്ടാലും, യാക്കോബായ പാത്രിയർക്കീസിൻെറ അധികാരസ്വഭാവം ക്ലിപ്തപ്പെടുത്തുന്നത് വല്ല രാമസ്വാമിയും, കൃഷ്ണപിള്ളയുമാണ്. ഇതിൽ വിസ്മയത്തിനു വഴികാണുന്നില്ല. കാരണം മുകളിൽ കാണിച്ചിട്ടുണ്ടല്ലൊ. റോമ്മാ ഐക്യത്തിൽനിന്നു വേർപിരിഞ്ഞുപോയ അന്ത്യോക്യാ അത്താദുക്ക്സാ പാത്രിയർക്കീസിൻെറ സ്ഥിതിയും ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. സർക്കാർ അധികാരമില്ലെങ്കിൽ അവിടെയും ഒന്നും നടക്കുകയില്ലെന്നായി. ആവശ്യമില്ലെന്നു കരുതി വിവരിക്കുന്നില്ല.

## മാർ ഗീവറുഗീസ് ദിവന്നാസിയോസ്.

അപ്പീൽ വിധിയുടെശേഷം യാക്കോബായ സഹോദരങ്ങളുടെ ഇടയിലുണ്ടായ കുഴപ്പങ്ങൾ എല്ലാവർക്കും അറിയാമല്ലൊ. കേസിൽ തോററുടനെ മാർ ഗീവറുഗീസു ദിവന്നാസിയോസ് പാത്രിയർക്കീസിനെ കാണുവാൻ മർദ്ദീനിലേക്കുപോയി. അദ്ദേഹത്തിൻെറ ഒരുമിച്ച് പാത്രിയർക്കീസിൻെറ പ്രതിപുരുഷനായി മാർ യൂലിയോസ് ഏലിയാ എന്ന ഒരു വിദേശീയ യാക്കോബായ മെത്രാൻ മലങ്കരെ വന്നെത്തി. മാർ ദി

---

(6) Ibidem. p. 12.

വന്നാസിയോസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ, യൂലിയോസിൻെറ ഒരു പരസ്യകല്പനയിൽ നിന്നെടുത്ത് താഴെച്ചേർക്കുന്നു. (7)

മുടക്ക തീർത്തുകിട്ടണമെന്ന് മാർ ദിവന്നാസിയോസ് പാത്രിയക്കീസിനെ അറിയിച്ചു. കാര്യങ്ങളൊന്നും നിശ്ചയമില്ലാതിരുന്ന പാത്രിയസ് "നീ എവിടെ വീണുവോ അവിടെ എഴുന്നേല്ക്കും" എന്നു പറഞ്ഞു. അബ്ദുൽമിശിഹായിൽനിന്നു മെത്രാൻപട്ടം സ്വീകരിച്ച മൂന്നു പേരെക്കൂടെയും സ്വീകരിക്കണമെന്നു ദിവന്നാസിയോസ് അപേക്ഷിച്ചു. പാത്രിയക്കീസിൻെറ ഇഷ്ടംപോലെ അവരെക്കൊണ്ടു ഉടമ്പടി എഴുതിക്കാമെന്നും മി. സി. ജെ. കുര്യൻ ചെലവിട്ട പണം കൊടുക്കാമെന്നും അദ്ദേഹം സമ്മതിക്കുകയുണ്ടായി. കാര്യം ആലോചിച്ചു തീർച്ചയാക്കാമെന്നായിരുന്നു മറുപടി. വർഷമുട്ടത്തിരുന്നതിനാൽ യാത്ര നീട്ടിവയ്ക്കുവാൻ സൌകര്യമില്ലെന്നു ദിവന്നാസിയോസ് പറഞ്ഞു. അപ്പോൾ ദിവന്നാസിൻെറ ഒരുമിച്ച് യൂലിയോസിനെ പാത്രിയക്കീസ് മലയാളത്തേക്കയച്ചു. എറണാകുളംവരെ രണ്ടുപേരും ഒരുമിച്ചു യാത്രചെയ്തു. ദിവന്നാസിയോസിൻെറ ആവശ്യപ്രകാരം 1923 ധനു 13—ാംനു- കോട്ടയത്തുവച്ചു രണ്ടുപേരും കൂട്ടിമുട്ടി. സ്ഥാനമുപേക്ഷിച്ച് വെറും സന്യാസിയായിരുന്നുകൊള്ളാമോ എന്ന് യൂലിയോസ് ചോദിച്ചതിന് പള്ളി പ്രതിപുരുഷന്മാരുടെ യോഗം കൂടണമെന്നും അതിൽവച്ച് സ്ഥാനമുപേക്ഷിച്ചുകൊള്ളാമെന്നും തൻെറ പിൻഗാമിയായി ഒരാളെ കാണാതെ അങ്ങിനെ ചെയ്യുകയില്ലെന്നും ദിവന്നാസിയോസ് ഉത്തരം പറഞ്ഞു. യൂലിയോസിനു ഇതൊട്ടും ഇഷ്ടമായില്ല. അബ്ദുൽമിശിഹായിൽനിന്നു പട്ടമേററ മൂന്നുപേർ ഉടമ്പടി കൊടുക്കണമെങ്കിൽ മാർ പൌലോസ് അത്തനാസിസും മാർ സെബേത്രൂസുംകൂടി ഉടമ്പടി കൊടുക്കണമെന്ന് ദിവന്നാസിയൂസ് ആവശ്യപ്പെട്ടു. അവർ ഉടമ്പടി കൊടുത്തിട്ടുണ്ടെന്നു യൂലിയോസുത്തരിച്ചപ്പോൾ അവർ മല്പ്രയാനെ വാഴിക്കയില്ലെന്ന് ഉടമ്പടി കൊടുക്കണമെന്നു ദിവന്നാസിയോസു നിർബന്ധിച്ചു. അബ്ദുൽമിശിഹായിൽനിന്നു പ്രാപിച്ച അധികാരവും സ്ഥാനവും അസാധുവാണെന്നും കോർട്ടുവിധി അതു സ്ഥിരപ്പെടുത്തിയതിനാൽ ഇനി ഒന്നും ആലോചിച്ചിട്ടാവശ്യമില്ലെന്നും, മാർ അത്തനാസീസും സെബേത്രൂസും അതു സത്യംചെയ്തുറപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞുകൊണ്ട്, അത്തനാസീസും സെബേത്രൂസും ചെയ്യുന്നപ്രകാരം മററു മൂന്നുപേരും ചെയ്യുമോ എന്നു യൂലിയോസ് ചോദിച്ചു. അപ്രകാരം അവർ ചെയ്യുകയില്ല, അവരുടെ തലയിൽ കൈവച്ചതു് അബ്ദുൽമിശിഹായാണ് എന്ന് ദിവന്നാസിയോസ് ഉത്തരിച്ചു. മി. സി. ജെ. കുര്യൻെറ ചെലവു സംബന്ധിച്ചുണ്ടായ ചോദ്യത്തിൽ, തൻെറ കയ്യിൽ പണമില്ലെന്നു ദിവന്നാസിയോസു പറഞ്ഞു. ഇങ്ങനെ രണ്ടുപേരും തമ്മിൽ ചേരാതെ കുഴപ്പത്തിൻെറമേൽ കുഴപ്പമായി. മാർ ദിവന്നാസിയൂസും പാത്രിയക്കീസും തമ്മിൽ രമ്യമായതാ

(7) യൂലിയോസിൻെറ പരസ്യ കല്പന. നസ്രാണി ദീപിക. 1924 ജനു. 2.

ണെങ്കിലും ബാവാക്കക്ഷിയിൽപെട്ടവരുടെ ചരട്ടുവലി നിമിത്തം യൂലിയൂസിൻെറ ഭാവം പകന്നതാണെന്നു് പറയുന്നുണ്ടു്.

ഇതോടെ മെത്രാൻകക്ഷി മപ്രിയാനെ വാഴിക്കാനുള്ള ആലോചനയായി. "മപ്രിയാനാ ഉണ്ടായാൽ വിശ്വാസസംബന്ധമായ സംഗതികളിൽമാത്രം പാത്രിയക്കീസും മപ്രിയാനായും തമ്മിൽ യോജിച്ചു പ്രവത്തിക്കേണ്ടതും ഭരണസംബന്ധമായി എല്ലാ സംഗതികളിലും അതതുസ്ഥലത്തുള്ളവർതന്നെ നടത്താവുന്നതും ആകുന്നു. ഇങ്ങിനെയായാൽ ഇപ്പോഴത്തെ വഴക്കു് അവസാനിക്കും" എന്നു് മനോരമ അഭിപ്രായപ്പെട്ടു. (8) 1924 മീനത്തിൽ മിസ്റ്റർ സി. ജെ. കുര്യൻ മരണം പ്രാപിച്ചു.

## മെത്രാൻകക്ഷി മപ്രിയാനെ അഥവാ കാതോലിക്കായെ വാഴിക്കുന്നു.

അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിനെപ്പററിയുള്ള അദ്ധ്യായത്തിൽ മപ്രിയാനാ ആരാണെന്നും അദ്ദേഹത്തിൻെറ അധികാരം എങ്ങിനെയുള്ളതെന്നും വിവരിച്ചിട്ടുണ്ടല്ലൊ. മെത്രാന്മാരെ അഭിഷേകം ചെയ്യുക, മൂറോൻ ആശീർവ്വദിക്കുക ഇവയാണു് മപ്രിയാനായ്ക്കുള്ള അധികാരങ്ങളിൽ പ്രാധാന്യമേറിയവ. അവ രണ്ടും സാധിച്ചുകിട്ടിയാൽ പാത്രിയക്കീസിനെ ആശ്രയിച്ചിട്ടാവശ്യമില്ലെന്നു കരുതിയാണു് മുറിമററത്തു മെത്രാൻ മപ്രിയാനാ സ്ഥാനത്തുയത്തപ്പെട്ടുവാൻ സമ്മതിച്ചതു്. പാത്രിയക്കീസിൻെറ ഐക്യത്തിൽ ഇരിക്കണം, എന്നാൽ ഒന്നിലും അദ്ദേഹത്തെ തൊടീക്കരുതു് എന്നാണല്ലൊ മെത്രാൻകക്ഷിയുടെ നയം. അതു സാധിക്കുവാൻ 1925 മിഥുനമാസത്തിൽ അവർ നിരണത്തുവച്ചു് അബ്ദൽമിശിഹാ വാഴിച്ച മാർ ഫിലൊക്സേനോസിനെ മപ്രിയാൻസ്ഥാനത്തുയത്തി. പുതിയ മപ്രിയാൻ ബസേലീസ് എന്ന നാമം സ്വീകരിച്ചു. ഇതോടുകൂടിത്തന്നെ ആബോ ഗീവറുഗീസിനെ (പി. ററി. ഗീവറുഗീസ് എം. എ.) ബെഥനി മെത്രാനായി (മാർ ഈവാനിയോസ്) വാഴിക്കുകയും ചെയ്തു. പാത്രിയക്കീസിൻെറ സമ്മതംകൂടാതെയാണു മപ്രിയാനെ വാഴിച്ചതെങ്കിലും പാത്രിയക്കീസ് തങ്ങളുടെ മപ്രിയാനെ സ്വീകരിച്ചു് തങ്ങളെ ഐക്യത്തിൽ സ്വീകരിക്കണമെന്നാണു് മെത്രാൻകക്ഷി ആവശ്യപ്പെടുന്നതു്. മപ്രിയാനെ വാഴിക്കുവാനും പാത്രിയക്കീസിൻെറ സമ്മതംകൂടാതെ അങ്ങിനെ ചെയ്യുവാനും പാടുണ്ടെന്നുള്ളതിനു് മെത്രാൻകക്ഷി പറയുന്ന പ്രധാന ന്യായങ്ങൾ താഴെ ചേക്കുന്നു.

"മപ്രിയാന പാത്രിയക്കീസിൻെറ കീഴിലാകയാൽ മലങ്കരസഭ പാത്രിയക്കീസിൻെറ അധികാരത്തിൽനിന്നുമാറിയിട്ടില്ല. അബ്ദൽമിശിഹായുടെ അധികാരം തുക്കിരാജ്യത്തെ നഷ്ടീഭവിച്ചിട്ടുള്ളു. നഷ്ടീഭവിക്കുന്നതിനു മുമ്പുതന്നെ പൌരസ്ത്യ മപ്രിയാനാ (അഥവാ കാതോലിക്കാ) പദം മലങ്കരെ സ്ഥാപിക്കാമെന്നു് അദ്ദേഹം സമ്മതിച്ചിട്ടുണ്ടായിരുന്നു. അതിൻപ്രകാ

(8) ന. ദീപിക. മേയ് 20. 1924.

രം അദ്ദേഹം മുറിമററത്തു മെത്രാനെ ഒന്നാം മപ്രിയാനായി സ്ഥാപിച്ചു. വീണ്ടും മപ്രിയാനെ വാഴിക്കുവാൻ അദ്ദേഹം മലങ്കര മെത്രാന്മാൎക്ക് അധികാരപത്രം കൊടുത്തിട്ടുണ്ടായിരുന്നു. മപ്രിയാൻപദം സ്വാതന്ത്ര്യമായ ഒന്നാകയാൽ സ്ഥാനികളെ വാഴിക്കുവാൻ അതിനു സ്വാതന്ത്ര്യമുണ്ട്. ൯–ാം ശതാബ്ദത്തിൽ യോഹന്നാൻ ഈവാനിയോസ് എന്ന യാക്കോബായ പാത്രിയൎക്കീസ് പരസ്പര മത്സരവും തൎക്കവും തീൎത്ത് പാത്രിയൎക്കീസിന്റെ അധികാരം സ്ഥിരപ്പെടുത്തുകയുണ്ടായി. പാത്രിയൎക്കീസിന്റെയും മപ്രിയാനായുടെയും കക്ഷിയിലുള്ള മെത്രാന്മാർ ൮൬൯–ൽ നടത്തിയ സൂന്നഹദോസിന്റെ നിശ്ചയങ്ങൾ ഇങ്ങനെയാണ്:– പാത്രിയൎക്കീസ് മപ്രിയാന്റെയും മപ്രിയാനാ പാത്രിയൎക്കീസിന്റെയും ഇടവകയിലും മേല്പട്ടക്കാരെ വാഴിക്കരുത് – രണ്ടുപേരും കൂടുന്നിടത്ത് മപ്രിയാനാ രണ്ടാം സ്ഥാനത്ത് പാത്രിയൎക്കീസിന്റെ വലത്തുഭാഗത്തിരിക്കണം– പാത്രിയൎക്കീസിന്റെ പേരു കഴിഞ്ഞാൽ ഉടനെ മപ്രിയാനായുടെയും എഴുതണം.– പാത്രിയൎക്കീസിനെ വാഴിക്കുന്നത് മപ്രിയാന്റെ അറിവോടും സഹകരണത്തോടും കൂടി വേണം, അതുപോലെതന്നെ മപ്രിയാന്റെ കാൎയ്യത്തിലും ചെയ്യണം–കാൎയ്യങ്ങൾ നടത്തുന്നത് ഇവർ നേരിട്ടോ പ്രതിനിധികൾ മൂലമോ ആയിരിക്കണം– പാത്രിയൎക്കീസിനെ വാഴിക്കുന്ന കാൎയ്യം മപ്രിയാനെ അറിയിച്ചില്ലെങ്കിൽ മപ്രിയാന്റെ കാൎയ്യത്തിലും അങ്ങിനെതന്നെ ചെയ്യാം.

അബ്ദല്ലായുടെ മരണശേഷം നടന്ന പാത്രിയൎക്കാഭിഷേകത്തെപ്പററി മലങ്കരസഭയിൽ അറിവു കിട്ടിയിട്ടില്ല. ആകയാൽ പാത്രിയൎക്കീസിന്റെ സമ്മതംകൂടാതെ മപ്രിയാനെ വാഴിക്കാം. പാത്രിയൎക്കീസു മരിച്ചാൽ അനന്തരഗാമിയെ വാഴിക്കുന്നത് യാതൊരു പാത്രിയൎക്കീസിന്റെയും അനുവാദത്തോടെയല്ലല്ലൊ. അതിനാൽ 'വാഴിക്കുവാൻ' പാത്രിയൎക്കീസിന്റെ അനുവാദം വേണ്ടാ." (9)

ലൌകികങ്ങളിൽ മെത്രാൻകക്ഷിയുടെ തലവൻ മലങ്കര മെത്രാപ്പോലീത്തായും ആത്മിയങ്ങളിൽ കാതോലിക്കായുമാകുന്നു. പാത്രിയൎക്കീസിനു റീശ്ശ് (തല) സ്ഥാനവും ഇല്ലാതില്ല.

## അനന്തര സംഭവങ്ങൾ.

൧൯൨൫ മിഥുനം ൬. മെത്രാൻകക്ഷിയിലെ മാർ ഈവാനിയോസു മരിച്ചു.

൧൯൨൬ മകരം ൧൬. സെമിനാരി മാർ ദിവന്നാസിയോസിനു വിട്ടുകൊടുക്കണമെന്നു 'സമരിക്കേസു' വിധി.

൧൯൨൬ പാത്രിയൎക്കീസിന്റെ പ്രതിപുരുഷനായിവന്ന യൂലിയോസുമടങ്ങിപ്പോയി. ആഞ്ഞിലിമൂട്ടിൽ മിഖായേൽ കത്തനാരും, തെക്കുംഭാഗം

(9) മ. മനോരമ മേയ്. 9. 1925. The Trav. Law Journ. July 8, 1928 pp. 116–120.

സമുദായത്തിൽപെട്ട ഒററത്തൈക്കൽ തോമ്മാ കത്തനാരും, അദ്ദേഹത്തിന്റെ ഒരുമിച്ചു പോയിരുന്നു. രണ്ടുപേരും മിഖായേൽ ദിവന്നാസിയോസും, ദിയസ്ക്കോറോസുമായി പാത്രിയക്കീസിനാൽ അഭിഷേകം ചെയ്യപ്പെട്ടു.

൧൧൦൧ പുതിയ മെത്രാന്മാർ തിരിച്ചെത്തി. മിഖായേൽ ദിവന്നാസിയോസ് കായങ്കുളം പള്ളിയിലും പള്ളിമേടയിലും പ്രവേശിക്കരുതെന്ന് സക്കാർ കല്പിച്ചു. ലഹള ഭയന്നാണ് ഇങ്ങനെ സക്കാർ പ്രവത്തിച്ചതു്. ഇദ്ദേഹമാണ് ബാവാകക്ഷിയുടെ ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലിത്താ. (?)

വടകരെനിന്നു എവുഗിൻ റമ്പാൻ മെത്രാൻപ്പട്ടത്തിനു പുറപ്പെട്ടു രണ്ടുകക്ഷിയും തമ്മിൽ യോജിക്കുവാൻ ആലുവായിൽ ഒരു സംഘംക്രുടി. കോനാട്ടു മല്പാനായിരുന്നു അദ്ധ്യക്ഷൻ. മിഥുനമാസത്തിൽ യൂലിയോസ് തിരിച്ചെത്തി. അദ്ദേഹത്തിന്റെ ഒരുമിച്ച് എവുഗിൻ റമ്പാനും വന്നുചേൻ്നു. റമ്പാൻ തീമാത്തെഓസ് നാമത്തിൽ മെത്രാഭിഷിക്തനായാണ് വന്നതു്. കക്കടകമാസത്തിൽ മാർ സെബേത്രുസ് മരിച്ചു.

1928. പാത്രിയക്കീസു് കല്പിച്ച മുടക്ക് സ്വഭാവനീതിപ്രകാരം സാധുവാണോ അല്ലയോ എന്ന് നിശ്ചയിക്കുവാൻ താരുവിതാംക്രൂർ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസ് എച്ച്. എസ്. ചാററ്ഫീൽഡ്, ജസ്റ്റിസ് തളിയത്ത്, ജസ്റ്റിസ് കെ. പരമേശ്വരൻപിള്ള എന്നിവരുടെ ബഞ്ചിൽ വിസ്താരം നടന്നു. ജൂലായ് രണ്ടാം തിയതി വിധി പ്രസ്താവിച്ചു. മുടക്കു സ്വഭാവനീതിക്കു വിരോധമാകയാൽ അസാധുവാണെന്നും, തൻമൂലം മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിക്കു മുറപ്രകാരം വട്ടിപ്പണം വാങ്ങാമെന്നും, അദ്ദേഹത്തിന്റെ കോർട്ടുചെലവു് എതിർകക്ഷികൾ കൊടുക്കണമെന്നുമാണ് വിധിയുടെ സാരം. പാത്രിയക്കീസിന്റെ അധികാരത്തെയോ തക്കവിഷയമായ കാനോനായുടെ സാധുതയേയോപററി ഈ വിധിയിൽ ഒന്നും തിരുമാനിച്ചിട്ടില്ല. വിധി പ്രസ്താവനയുടെശേഷം ഇരുകക്ഷികളും തമ്മിൽ വിഫലമായ ചില സമാധാനാലോചനകൾ നടക്കുകയുണ്ടായി. പാത്രിയക്കീസു മുറപ്രകാരംതന്നെ മെത്രാപ്പോലീത്തായെ മുടക്കുന്നതിന് ഒരുങ്ങിവരുന്നു എന്ന് പാത്രിയക്കീസിന്റെ പ്രതിനിധിയായ മാർ യൂലിയോസു മെത്രാപ്പോലീത്താ മാർ ദിവന്നാസിയോസിനു അയച്ച ഒരു റജിസ്റ്റർ നോട്ടീസിൽ നിന്നനുമാനിക്കാം. ഹൈക്കോടതിവിധി അനുസരിച്ച് അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി അംഗീകരിക്കുന്നു എന്നും എന്നാൽ വൃശ്ചികം അവസാനംവരെ മെത്രാപ്പോലീത്തായിക്കടുത്ത യാതൊരു പ്രവൃത്തിയും ചെയ്യരുതെന്നുമാണത്രെ നോട്ടിസിൽ വിവരിച്ചിട്ടുള്ളതു്.

വട്ടിപ്പണം വാങ്ങിക്കുന്നതിനു ഹൈക്കോടതിവിധിമൂലമുണ്ടായ അവകാശം തടയുന്നതിനു ഒരു നിരോധന ഉത്തരവു കൊടുക്കണമെന്നു കാണിച്ച് ബാവാകക്ഷികൾ കോട്ടയം ഡിസ്ട്രിക്ക്കോർട്ടിൽ അഗസ്റ്റ് ൨൨-ാംനു- ഒരു ഹർജി ബോധിപ്പിച്ചു. ഈ ഹർജിയിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായും സഹമെത്രാന്മാരും മററും വേദ

വിപരീതികളും ശീശ്മക്കാരുമാണെന്നും അവർ യാക്കോബായസഭയുടെ അംഗങ്ങളല്ലെന്നും പ്രസ്താവിച്ചിരുന്നു. ഹർജിയോടുകൂടി പാത്രിയക്കീസിൻെറ പ്രതിനിധിയുടെ ഒരു സത്യവാങ്ങ്മൂലംഹാജരാക്കീട്ടുണ്ട്. (1)

ആഗസ്റ്റ് ൨൩-ാംനു വിധി പ്രസ്താവിച്ചു. നിരോധന ഉത്തരവ് അനുവദിച്ചില്ല. മുറപ്രകാരം വിസ്തരിച്ച് കേസ് തീരുമാനിക്കുന്നതാണെന്ന് വിധി പ്രസ്താവിച്ചു. ഈ വിധിയിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു. (2) മാർ ദിവന്നാസിയൂസിനേയും മാർ യൂലിയൂസിനേയും വിസ്തരിച്ച ശേഷം കേസു തള്ളപ്പെട്ടു.

൧൯൨൮ ഡിസംബർ. മെത്രാൻ കക്ഷിയുടെ മാർ ബസേലിസ് കാസോലിക്കാ കാലം ചെയ്തു.

൧൯൨൯. ഫെബ്രുവരി ൧൩. മെത്രാൻകക്ഷിയിലെ മാർ ഗ്രീഗോറിസ് (അബ്ദൽ മ്ശിഹാ വാഴിച്ചവരിൽ ഒരാൾ) ബസേലിസുനാമത്തിൽ കോട്ടയത്തുവച്ചു കാസോലിക്കാസ്ഥാനത്തുയർത്തപ്പെട്ടു. മാർ ദിവന്നാസിയോസു കർമ്മങ്ങൾ നടത്തി.

൧൯൨൯ ഫെബ്രുവരി ൧൮. പുതിയ കാസോലിക്കാ പാമ്പാടി റമ്പാനെ മാർ ഗ്രീഗോരീസായും ബെഥനി റമ്പാനെ ബെഥനിയുടെ മാർ തിയൊഫീലൂസായും വാഴിച്ചു. ബെഥനിയുടെ മാർ ഇവാനീസ്, മെത്രാപ്പോലിത്താ ആയി.

൧൯൩൦ മാർച്ച്. മാർ ഒസ്താത്തിയോസ് മരിച്ചു. മെത്രാൻ കക്ഷിയിലെ പ്രഥമഗണനിയന്മാരിൽ ഒരാളായ ഫാദർ പി. റ്റി. ഗീവറുഗീസ് എം. എ. (ബെഥനി മാർ ഈവാനീസ്) അവർകളുടെ പരിശ്രമഫലമായി ഉണ്ടായിട്ടുള്ളവയാണല്ലൊ ബെഥനി ആശ്രമവും മഠവും സ്വത്തുക്കളും. ബെഥനിക്കാർ ഒരു പ്രത്യേകകക്ഷിയായി തിരിഞ്ഞതിനാൽ മെത്രാൻകക്ഷിയിലെ കാസോലിക്കായുടെയും മററു മെത്രാന്മാരുടെയും ജനങ്ങളുടെയും അതൃപ്തിക്ക് അവർ വിഷയീഭവിച്ചു. ഈ വേർതിരിവ് ബഥനിയുടെ കത്തോലിക്കാസഭാപ്രവേശനത്തിനുള്ള പ്രാരംഭമായിരുന്നു. ൧൯൩൦ സെപ്റ്റംബർ ൨൦-ൽ ബെഥനിക്കാർ കത്തോലിക്കരായി. റോമ്മായിൽനിന്ന് ബഥനിക്കാക്ക് റീത്തും ഭരണവും അനുവദിച്ചുകൊടുത്തിട്ടുണ്ട്. യാക്കോബായ മതഗ്രന്ഥങ്ങളിൽ സ്പഷ്ടമായി കിടക്കുന്ന തത്വോപദേശങ്ങളാണ് ബഥനിക്കാരെ കത്തോലിക്കരാക്കിയത്. റീത്തു പാത്രിയക്കീസെന്ന സംജ്ഞയും തദനുരൂപമായി റോമ്മാമാർപ്പാപ്പായിക്കു യാക്കോബായപുസ്തകങ്ങൾ കല്പിക്കുന്ന അധികാരവും പ്രവൃത്തിയിൽ അനുസരിച്ച്, യാക്കോബായ വിശ്വാസത്തിലുണ്ടായിരുന്ന ചില പിശകുകൾ നീക്കി ബഥനിക്കാർ കത്തോലിക്കരായിരിക്കുന്നു. മെത്രാൻകക്ഷികൾ താമസിയാതെതന്നെ പുത്തൻകാവു റമ്പാനെ മാർ പിലൊക്സെനോസായി അഭിഷേകം ചെയ്തു. ബാവാമെത്രാൻ ക

(1) ന. ദീപിക. 1928 ആഗസ്റ്റ് 20.
(2) ന. ദീപിക 1928 ആഗസ്റ്റ് 24.

ക്ഷികൾ തമ്മിൽ സമാധാനമുണ്ടാക്കുവാൻ ഇൻഡ്യാവൈസ്രോയിയോടു അവശ്യപ്പെടുകയും ചെയ്തു.

ഫൻതഫ വൈസ്രോയിയുടെ ശ്രമം വിഫലീഭവിച്ചു. പാത്രിയക്കിസു ബാവാ ആലുവായിൽ വച്ച് മാർ ദിവന്നാസിയ്യൂസുമായി പല പ്രാവശ്യം കൂടിക്കാഴ്ച നടത്തി. പാത്രിയക്കീസു, മെത്രാപ്പോലിത്തായുടെ മുടക്കു തീർത്തെങ്കിലും അതിനെത്തുടൎന്നു നടക്കുന്ന സന്ധിയാലോചന നിഷ്പലമായി പോകാനാണ് എളുപ്പം. കാതോലിക്കായെ അംഗികരിക്കുക എന്നതാണു വാദവിഷയം.

## ഉപസംഹാരം.

അന്ത്യോക്യാ ബന്ധത്തിൻെറ ഫലങ്ങൾ കണ്ടാലും. കൂനൻകുരിശു സത്യത്തിൻെറ ശേഷം മലങ്കര യാക്കോബായാസഭയിൽ കുഴപ്പങ്ങളും കക്ഷിവിഭാഗങ്ങളും ഉപയ്യുപരി വൎദ്ധിച്ചുവരുന്നതല്ലാതെ സമാധാനത്തിനു യാതൊരു മാൎഗ്ഗവും കാണുന്നില്ല. സമാധാനമുണ്ടാകുക അസ്സാദ്ധ്യമെന്നു നിസ്സംശയം പറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ അടി ഇളകിയാണ് കിടക്കുന്നതു്. പത്രോസ് എന്ന കല്ലിന്മേൽ പണുതിരിക്കുന്ന മിശിഹായുടെ ഏക സഭ യാക്കോബായസഭയല്ല. കല്ലിന്മേലല്ലാത്ത സഭ കാററും മഴയും ഉണ്ടാകുമ്പോൾ താനെ ഉരുണ്ടു വീഴും. നരകവാതില്ലുകൾ അതിനെ ജയിക്കുകയും ചെയ്യും.

കൂനൻകുരിശു സത്യത്തിൽ ചേരാതെ നിന്ന നസ്രാണികളുടെ സ്ഥിതി എന്തെന്നു ആലോചിച്ചാലും. സത്യംചെയ്യുവർ ഏതിനായി പ്രത്യേകം ശ്രമിച്ചുവൊ ആ കൽദായ സുറിയാനിക്രമം അവൎക്കു നഷ്ടപ്പെട്ടു. ഏതു വിശ്വാസത്തിൽ സ്ഥിരമായി നിന്നുകൊണ്ടു് സുറിയാനി മെത്രാനെ കിട്ടുവാൻ അവർ ശ്രമിച്ചുവോ ആ കത്തോലിക്കാ വിശ്വാസം അവൎക്കു നഷ്ടപ്പെട്ടു.അവർ പുതുതായി ഒരു "ബന്ധുത" സ്വീകരിച്ചു. അതിൻെറ ഫലം വഴക്കും "തമ്മിത്തല്ലു"മാണു്. കൂനൻകുരിശു സത്യത്തിൽ ചേരാതിരുന്നവർ സുറിയാനിമെത്രാനെ കൂടാതെ വളരെനാൾ കഴിച്ചുകൂട്ടി എന്നതു ശരിതന്നെ. എന്നാൽ അവരുടെ ക്ഷമയ്ക്കും വിശ്വാസ സ്ഥിരതക്കും സമ്മാനമായി സുറിയാനി മെത്രാന്മാരേയും മെത്രാപ്പോലീത്തായേയും ദൈവം അവൎക്കുകൊടുത്തിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പാടുള്ള സ്വാതന്ത്ര്യങ്ങൾ എല്ലാം പ്രാപിച്ചിരിക്കുന്നു. പുരാതന അന്ത്യോക്യാസഭക്കു റോമ്മായുടെ കിഴിൽ എന്തു സ്വാതന്ത്ര്യമുണ്ടായിരുന്നോ ആ സ്വാതന്ത്ര്യംതന്നെ ഏറെക്കുറെ ഇപ്പോൾ മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്കും (കൽദായ) ലഭിച്ചിരിക്കുന്നു. പേർഷ്യായുടെയും ബാബേലിൻെറയും കിഴിലാണു് മലങ്കരസഭ മുമ്പു സ്ഥിതിചെയ്തിരുന്നതു്. ഇപ്പോഴാകട്ടെ മലങ്കരസുറിയാനിസഭക്ക് കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യവും സ്വഭരണവും പുരാതന അന്ത്യോക്യാസഭയ്ക്കും മററു പൌരസ്ത്യസഭകൾക്കും ന്യായമായവിധത്തിൽ മുമ്പുണ്ടായിരുന്നവയും ഇപ്പോൾ ഉള്ളവയും തന്നെ ആണു്. കത്തോലിക്കരുടെ (കൽദായാ)സുറി

യാനിക്രമത്തിൽ ചില കുറവുകളുണ്ടെന്നു വല്ലവരും പറഞ്ഞേക്കാം. നമ്മുടെ പൂർവ്വന്മാരുടെ സമ്മതംകൂടാതെയും റോമ്മാ മാർപ്പാപ്പായുടെ അറിവുകൂടാതെയും സുറിയാനി ആരാധനക്രമത്തിൽ പറങ്കികൾ വരുത്തിക്കൂട്ടിയ അംഗഭംഗങ്ങൾ ഇന്നും അതിൽ കാണപ്പെടുന്നുണ്ട്. എന്നാൽ, ആരാധനക്രമത്തിൽ ഇങ്ങനെയുള്ള അംഗഭംഗങ്ങൾ വന്നുഭവിച്ചിട്ടും നസ്രാണികൾ ക്ഷമയോടും ന്യായമായ വിധത്തിലും അവസ്ഥ പ്രതിവിധി അന്വേഷിച്ചെന്നും, സുറിയാനിക്രമത്തിന്റെ പരിപൂർണ്ണതയെക്കാൾ മാർ തോമ്മാശ്ലീഹാ പഠിപ്പിച്ച വിശ്വാസത്തെ അവർ കൂടുതലായി മതിച്ചെന്നും, ആ വിശ്വാസത്തിൽ സധൈര്യം സ്ഥിരതയോടെ നിന്നെന്നും ഉള്ള പ്രശംസാർഹങ്ങളായ സംഭവങ്ങൾക്ക് പ്രസ്തുത അംഗഭംഗങ്ങൾ ഉത്തമലക്ഷ്യങ്ങളാണ്. പൂർവ്വനസ്രാണികളുടെ ക്ഷമയുടേയും വിശ്വാസസ്ഥിരതയുടേയും നിത്യസ്മാരകചിഹ്നങ്ങളാണ് പ്രസ്തുത അംഗഭംഗങ്ങൾ എന്നു കരുതിക്കൊണ്ടു അവയിൽ കത്തോലിക്കാ സുറിയാനിക്കാർ സർവ്വാത്മനാ പ്രശംസിക്കുകതന്നെ ചെയ്യും. ബഥനിപ്രസ്ഥാനത്തോടെ മലങ്കരെ സുസ്ഥാപിതമായിരിക്കുന്ന അന്ത്യോക്യാ സുറിയാനി റീത്തു മൂലം, പുതുതായി കത്തോലിക്കരാകുന്നവർക്കു സിദ്ധിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ഇവിടെ വിസ്തരിച്ചു പറയുന്നില്ല.

അന്ത്യോക്യാ എന്നുകേട്ടു ആരും തട്ടിക്കപ്പെട്ടുപോകേണ്ട. പുരാതന അന്ത്യോക്യാ, റോമ്മായുടെ കീഴിലായിരുന്നു. ആ സ്ഥിതിനിൽ തന്നെയാണ് മലങ്കരസുറിയാനി കത്തോലിക്കാസഭ (പഴയതും പുതിയതും) ഇപ്പോൾ എത്തിയിരിക്കുന്നതു്.

മിശിഹാ ഒരു പള്ളിമാത്രമെ സ്ഥാപിച്ചൊള്ളു. അതു് പത്രോസിന്റെ മേലുമാണ് അവിടുന്നു സ്ഥാപിച്ചതു്. പത്രോസാണ് ശ്ലീഹന്മാരുടെ തലവൻ. യാക്കോബായ മെത്രാന്മാർ വാഴ്ച ഏല്ക്കുമ്പോൾ ചെയ്യുന്ന വിശ്വാസസത്യത്തിൽ "...നമ്മുടെ കർത്താവിന്റെ ശ്ലീഹന്മാരുടെ തലവനായ ശുദ്ധമുള്ള മാർ പത്രോസിന്റെ..." (10) എന്ന ഒരു വാചകം കാണുന്നതിൽനിന്ന് പത്രോസിന്റെ പരമാധികാരം യാക്കോബായക്കാരു സ്വീകരിക്കുന്നു എന്ന് ഒരിക്കൽക്കൂടി വിശദമാക്കുകയാണ് ചെയ്യുന്നതു്. പത്രോസിന്റെ പിൻഗാമിയായി പരമാധികാരമുള്ള ഒരു വൈദികശ്രേഷ്ഠൻ ലോകാവസാനംവരെ ഉണ്ടായിരിക്കണമെന്നും അദ്ദേഹം ഏതുപള്ളിയെ ഭരിക്കുന്നുവോ ആ പള്ളിയെ കേൾക്കാത്തവർ രക്ഷപ്രാപിക്കുകയില്ലെന്നും മുകളിൽ തെളിയിച്ചിട്ടുണ്ട്. പത്രോസിന്റെ പരമാധികാരം റോമ്മാമാർപ്പാപ്പാമാരിൽ സ്ഥിതിചെയ്യുന്നു എന്നും പുരാതന അന്ത്യോക്യാസഭ റോമ്മായുടെ കീഴിൽ സ്ഥിതിചെയ്തിരുന്നു എന്നും ഉള്ളതിന് ധാരാളം തെളിവുകൾ മുകളിൽ കൊടുത്തിട്ടുണ്ട്. അന്ത്യോക്യാ പാത്രിയർക്കീസിന് പരമാധികാരമില്ലാ എന്നും അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് സാക്ഷാൽ അന്ത്യോക്യാ പാത്രിയർക്കീസല്ലാ എന്നും നാം കണ്ടുകഴിഞ്ഞു. "റോം പാത്രിയർക്കീസു റിശ്,

---

(10) സുറിയാനിസഭയുടെ സ്വരൂപം. പ. 44. 45.

പാത്രിയക്കീസാ"ണെന്നു യാക്കോബായ കാനോനാകൾ തന്നെ വിളിച്ചറിയിക്കുന്നു. റീശ് അഥവാ തല എന്ന പദം വെറും ബഹുമാനത്തെ മാത്രമല്ല സൂചിപ്പിക്കുന്നതെന്നു മുകളിൽ സകാരണം തെളിയിച്ചിട്ടുണ്ട്. "റിശ്രൂ", അധികാരത്തെ സൂചിപ്പിക്കുന്ന ഒരു പദമാണ്. ബഹുമാനം അധികാരത്തോടു അനുബന്ധപ്പെട്ടും നില്ക്കുന്നു.

ഒരുകാലത്ത് മലങ്കരസഭ അന്ത്യോക്യാ പാത്രിയക്കീസിൻെറ കീഴിലായിരുന്നു. എന്നാൽ അത് യാക്കോബായ പാത്രിയക്കീസല്ലായിരുന്നു. ബാബേൽ, പാഷണ്ഡതയിൽ വീണശേഷവും കത്തോലിക്കരായ അന്ത്യോക്യാ യവുനായ പാത്രിയക്കീസുമാരുമായി മലങ്കരസഭയ്ക്കു ബന്ധമുണ്ടായിരുന്നു. മല്ക്കായ പാത്രിയക്കീസുമാർ സത്യവിശ്വാസം ഉപേക്ഷിച്ചപ്പോൾ മലങ്കരസഭയും അന്ത്യോക്യാബന്ധം പാടെ ഉപേക്ഷിച്ചു. അതിൻെറ ശേഷം ബാബേൽ പാത്രിയക്കീസുമാരുമായി വീണ്ടും ബന്ധമുണ്ടായി. മലങ്കരസഭയോടു ബന്ധമുണ്ടായിരുന്നവരായി നാം അറിയുന്ന ബാബേൽ പാത്രിയക്കീസുമാർ കത്തോലിക്കരായിരുന്നെന്നു പരോക്ഷങ്ങളും ചിലരുടെ കാര്യത്തിൽ പ്രത്യക്ഷങ്ങളും ആയ തെളിവുകൾ ഉണ്ട്. ഉദയമ്പേരൂർ സൂനഹദോസിനു മുമ്പും പറങ്കികളുടെ ആഗമനകാലത്തും മലങ്കരസഭ പുരാതന കത്തോലിക്കാവിശ്വാസം ത്യജിച്ചിട്ടില്ല. കൂനൻകുരിശു സത്യംവരെ മലങ്കരസഭയിൽ കത്തോലിക്കാവിശ്വാസം മാത്രമെ ഉണ്ടായിരുന്നൊള്ളൂ. അതിൻെറ ശേഷം നസ്രാണികളിൽ ഒരുഭാഗം നിർഭാഗ്യവശാൽ യാക്കോബായ വിശ്വാസം സ്വീകരിച്ചുപോയി. അതിനുള്ള കാരണം കത്തോലിക്കാവിശ്വാസത്തോടൊ റോമ്മാ മാർപ്പാപ്പായോടൊ ഉള്ള വിരോധമല്ലായിരുന്നു. പുതിയ വിശ്വാസം സ്വീകരിച്ചശേഷം അവരിൽ ഉണ്ടായ കുഴപ്പങ്ങൾ എത്ര എത്ര!

കത്തോലിക്കരും യാക്കോബായക്കാരും പുനരൈക്യത്തിനായി പല അവസരങ്ങളിലും ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. പുനരൈക്യത്തിനായി ശ്രമിച്ച മലങ്കര യാക്കോബായ മെത്രാന്മാരിൽ പ്രഥമഗണനീയന്മാരാണ് മാർ തോമ്മാ നാലാമനും മാർതോമ്മാ അഞ്ചാമനും മാർതോമ്മാ ആറാമൻ അഥവാ ഒന്നാം ദിവന്നാസിയോസും. 29 പള്ളിക്കാരുടെയും പ്രധാനന്മാരായ 12 പട്ടക്കാരുടെയും കയ്യൊപ്പോടുകൂടെ നാലാം മാർതോമ്മാ ഇടപ്പള്ളിൽ നിന്നു ൲൭൦൪-ൽ പുനരൈക്യസാദ്ധ്യത്തിനായി റോമ്മായിലേക്കപേക്ഷ അയക്കുകയുണ്ടായി. (11) ൲൭൪൮-ൽ മാർതോമ്മാ അഞ്ചാമൻ വേറൊരപേക്ഷ റോമ്മായ്ക്കയച്ചു. (12) "എൻെറ ജീവൻ ആപത്തിലായാലും നിങ്ങൾക്കുവേണ്ടി ഞാൻ ഒരിക്കൽക്കൂടി റോമ്മായ്ക്കു പോകാം" എന്ന് മാർ ദിവന്നാസിയോസു ഒന്നാമനോടു ഉറപ്പു പറഞ്ഞശേഷം, അദ്ദേഹത്തിൻെറ ആഗ്രഹപ്രകാരം അദ്ദേഹത്തെ റോമ്മാ ഐക്യത്തിൽ ചേർക്കുന്നതിനായി സുദീർഘവും

(11) Paulinus p. 447. മാർ തോ. ക്രി. പു. 2.
(12) Travancore State manual Vol. III. p. 1207.

ആപൽക്കരവുമായ യാത്ര ചെയ്തു് റോമ്മായിൽ ചെന്നു് ആവശ്യമായ അനുവാദം വാങ്ങിക്കൊണ്ടു് മെത്രാപ്പോലീത്താ ആയി തിരിച്ചുവരികയിൽ വഴിക്കുവെച്ചു മരണം പ്രാപിച്ച കരിയാററിൽ മാർ യൌസേപ്പു മെത്രാപ്പോലീത്തായെ മറന്നു കളയേണ്ടതല്ല. ഇരുകക്ഷിക്കും പൊതുവായി ഒരു 'കോള്ളജ്ജ്'ണ്ടായാൽ പുനരൈക്യത്തിനു് അതൊരു വഴിയായി തീരുമെന്നു കരുതി മതിമാനായ നിധീരിക്കൽ മാണിക്കത്തനാർ ഇപ്പോൾ 'മനോരമ' ഇരിക്കുന്ന സ്ഥലവും മന്ദിരവും വാങ്ങിക്കുകയുണ്ടായി. അതിന്റെ വലിയ ഭാഗം വില കത്തോലിക്കാ സുറിയാനിക്കാരാണു് കൊടുത്തതു്. കാൎയ്യസാദ്ധ്യത്തിനായി പുലിക്കോട്ടു മാർ ദിവന്നാസിയോസ്സ് അഞ്ചാമനു് സ്ഥലഉടമസ്ഥനായിരുന്ന ഡാറാ സായ്വ് കത്തോലിക്കരുടെ പ്രേരണയാൽ 20000–ത്തിൽപരം രൂപാ ദാനമായി കൊടുത്തു എന്നും അറിഞ്ഞിരിക്കട്ടെ. പുനരൈക്യാലോചനക്കായി പ്രസ്തുത മാർ ദിവന്നാസിയോസ്സ് അഞ്ചാമൻ തന്നെ നിധീരക്കൽ മാണിക്കത്തനാരുടെ ഒരുമിച്ച് ഉട്ടക്കമണ്ടിൽ ചെന്നു് മാൎപ്പാപ്പായുടെ പ്രതിപുരുഷനെ കണ്ടു സംസാരിച്ചു എന്നതു ഇനി രഹസ്യമായി വച്ചുകൊണ്ടിരുന്നിട്ടാവശ്യമില്ല.

യാക്കോബായജനങ്ങളും, മെത്രാന്മാരും പാത്രിയൎക്കീസന്മാരും ഓരോ കാലങ്ങളിൽ കത്തോലിക്കാസഭയിലേക്കു തിരിച്ചുവന്നിട്ടുണ്ടു്. അവരിൽ ഒരു ഭാഗമാണു് ഇന്നത്തെ അന്ത്യോക്യാ സുറിയാനിക്കാർ. മാംസത്തിലും രക്തത്തിലും ഒന്നായിരിക്കുന്ന നസ്രാണികൾ എല്ലാവരും വിശ്വാസത്തിലും ഒന്നാകേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ "ഒരു കൎത്താവും, ഒരു വിശ്വാസവും, ഒരു മാമ്മോദീസായും" എന്നു് വി. പൌലോസ്സ് പഠിപ്പിക്കുന്നു. (13) പിതാവു മിശിഹായിലും, മിശിഹാ പിതാവിലും എന്നപോലെ നാമെല്ലാവരും ഒന്നാകുവാൻ മ്ശിഹാ നമുക്കുവേണ്ടി പ്രാൎത്ഥിച്ചിട്ടുണ്ടു്. (14) ഏകവും, പരിശുദ്ധവും, സാൎവ്വത്രികവും, ശ്ലൈഹികവുമായ മിശിഹായുടെ പള്ളി റോമ്മാപള്ളിമാത്രമാണു്. അതിനുപുറമെ രക്ഷയില്ല. അതിനെ കേൾക്കാത്തവർ പുറജാതികളേയും ചുങ്കക്കാരെയുംപോലെ കരുതപ്പെടേണ്ടതാണു്. പുറജാതികൾ വിശ്വസിക്കാത്തവരാണല്ലൊ. വിശ്വസിക്കാത്തവൻ വിധിക്കപ്പെട്ടും നിത്യനാശത്തിൽ ഉൾപ്പെട്ടും. ലോകം മുഴുവനും കൈവശത്തിലാക്കിയാലും ആത്മാവു് നശിച്ചാൽ ഫലമെന്തു്? ബഥനിയുടെ മാതൃക എല്ലാവരേയും സത്യത്തിലേക്കു് അനയിക്കട്ടെ.

---

(13) Ephes 4 5.    (14) Joh. 17 21.

# അനുബന്ധം.

## ബഥനിപ്രസ്ഥാനം.

ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും ഉപമെത്രാൻ മാർ തിയോഫിലോസു തിരുമനസ്സുകൊണ്ടും 1930 സെപ്തംബർ 20–ാംനു- ശനിയാഴ്ച കൊല്ലത്തുള്ള ഓലിക്കര മെത്രാസന ചാപ്പലിൽവച്ച് കൊല്ലം മെത്രാനച്ചൻ തിരുമനസ്സിലെ മുമ്പാകെയും ചങ്ങനാശേരി, കോട്ടാർ മെത്രാന്മാരുടെ സാന്നിദ്ധ്യത്തിലും വിശ്വാസ സത്യംചെയ്തു കത്തോലിക്കാ തിരുസഭയുടെ അംഗങ്ങളായി തിരുകയുണ്ടായി.

ഈ പ്രസ്ഥാനത്തിനു കാരണഭൂതനും ബഥനി നേതാവുമായ മാർ ഈവാനിയൂസ് ആരാണെന്നും അദ്ദേഹത്തിൻെറ ഏതാവൽപര്യന്തമുള്ള ജീവിതമെങ്ങിനെയുള്ളതെന്നും എല്ലാവരും ഏറെക്കുറെ അറിഞ്ഞിരിക്കേണ്ടതാണ്.

മലങ്കര യാക്കോബായസഭയുടെ അഭിമാനസ്തംഭം, സമുദായപ്രമാണി, പൊതുജനസമ്മതൻ, ത്യാഗപ്രിയൻ, സമുദായത്തിൽ സമാധാനം പാലിക്കുവാൻ അതിയായി ശ്രമിച്ചിട്ടുള്ള ഒരു ധീരപുരുഷൻ, അബ്ദുള്ളാ അബ്ദേദമ്ശിഹാ എന്ന പാത്രിയർക്കീസുമാരോടും, ഒസ്താത്തിയൂസ്, യൂലിയസ് എന്ന ശീമബാവാമാരോടും ഉള്ള അടുത്ത പരിചയത്തിൻെറ ഫലമായി യാക്കോബായ സഭയുടെ 'അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ളേച്ഛതകളെ കാണുവാനും' അറിയുവാനും ഇടവന്നിട്ടുള്ള ഒരു വന്ദ്യദേഹം, വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിയുടെ വലംകൈ, എം. ഏ. ശെമ്മാശൻ, പണിക്കരച്ചൻ, മനോരമ ഹൈസ്ക്കൂൾ പ്രിൻസിപ്പൽ, ആബോ പി. ററി. ഗീവറുഗീസ്, സെറാമ്പൂർ പ്രൊഫസർ, സുറിയാനിഭാഷയിൽ ഒരു തികഞ്ഞ പണ്ഡിതൻ, സർവ്വകലാശാലയിലെ സുറിയാനി പരീക്ഷകൻ, ബഥനി ആശ്രമത്തിൻെറയും ബാലികാമഠത്തിൻെറയും അനാഥമന്ദിരത്തിൻെറയും സംസ്ഥാപകൻ, പരോപകാരതല്പരൻ, സുപ്രസിദ്ധവാഗ്മി, ഉദാരശീലൻ, മഹാമനസ്കൻ, യക്കോബായസഭയുടെ ചരിത്രം, വിശ്വാസം, ഭരണഘടന ഇതുകളിൽ വേണ്ട പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരാൾ, സമുദായസേവനത്തിൻെറ ഫലമായി നിരവധി കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുള്ള ഒരു സത്യാഗ്രഹി– എന്നിങ്ങനെ പല വിധത്തിൽ മലയാളികൾക്ക് തന്നെയല്ല, ബങ്കാളം, റഷ്യാ, ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്കാ മുതലായ രാജ്യങ്ങളിലുള്ള പല പണ്ഡിതന്മാർക്കുകൂടെയും സുപരിചിതനായ ഒരാളാണ് മാർ ഈവാനിയൂസ് മെത്രാപ്പോലീത്താ അവർകൾ.

യാക്കോബായസഭയിലെ നിരന്തരമായ കുഴപ്പങ്ങളും അസമാധാനപരമായ ഭരണരീതിയും വിശ്വാസവിഷയകമായും മററുമുള്ള പിശകു

കളും നല്ലവണ്ണം കണ്ടുഗ്രഹിച്ച് സമാധാന പ്രാപ്തിക്കായി അദ്ദേഹം മനംചുട്ടു കരഞ്ഞിരുന്നു. സമുദായ സേവനാർത്ഥം നാടുവിട്ടു സെറാമ്പൂർ വാസം കഴിക്കുമ്പോൾ സഭയിൽ സമാധാനം കൈവരുത്തണമെന്ന ഉദ്ദേശ്യത്തോടെ സ്വയം ത്യാഗജീവിതത്തിനു പ്രതിഷ്ഠിക്കയും അന്യരെ അതിനു പരിശീലിപ്പിക്കയും ചെയ്തുതുടങ്ങി. അതിൻെറ ഫലമായി ബഥനി ആശ്രമവും ബാലികാമഠവും സ്ഥാപിതങ്ങളായി. വട്ടശ്ശേരി മെത്രാനച്ചൻെറ നിർബന്ധപൂർവ്വമായ അപേക്ഷ നിമിത്തം മെത്രാൻപട്ടം സ്വീകരിച്ച് ബഥനി ആബട്ടായി കാലം കഴിക്കയിൽ സഭയിൽ സമാധാനം പാലിക്കണമെന്നുണ്ടായിരുന്ന അഭിവാഞ്ഛ അദ്ദേഹത്തിൽ പൂർവ്വാധികം ശക്തിപ്പെട്ടു, യാക്കോബായക്കാർ "ചെവിയുണ്ടെങ്കിലും കേൾക്കാതെയും കണ്ണുണ്ടെങ്കിലും കാണാതെയും" കിടന്ന പല സത്യങ്ങളും സഭാചരിത്ര പഠനത്താൽ മാർ ഈവാനിയൂസ് അവയുടെ യഥാർത്ഥത്തിൽ ഗ്രഹിച്ചു. യാക്കോബായ സഭയുടെ ഉപദേശങ്ങൾ പരസ്പരവിരുദ്ധങ്ങളാണെന്നു അദ്ദേഹത്തിനു മനസ്സിലായി. ഭിന്നിച്ചു നിൽക്കുന്ന സഭകളെ തമ്മിൽ പുനരൈക്യപ്പെടുത്തുവാൻ ശ്രമിക്കണമെന്നു അദ്ദേഹം തിരുമാനിച്ചു ഓരോന്നു പ്രവർത്തിച്ചുതുടങ്ങി. തൻെറ അനുയായികളായ ആശ്രമസ്ഥർ ഈ ഉദ്യമത്തിൽ തനിക്കു സഹപ്രവർത്തകന്മാരാകണമെന്ന ഉദ്ദേശ്യത്തോടെ അവരെ ആ വിധത്തിൽ പരിശീലിപ്പിക്കയും കത്തോലിക്കാസഭയുടെ അന്യാദൃശമായ അലങ്കാരത്തേയും സത്യാവകാശവാദത്തേയും ശക്തിക്കൊത്തവണ്ണം അവരെ ധരിപ്പിക്കയുംചെയ്തു. അതിൻെറ ഫലമായി പലരും പല അവസരങ്ങളിലായി കത്തോലിക്കാമതം സ്വീകരിക്കയുണ്ടായിട്ടുണ്ട്. മാർ ഈവാനിയൂസിൻെറ വികാരിജനറാളായിരുന്നു ഏവരുടെയും പ്രീതി സമ്പാദിച്ചിട്ടുള്ള ആളായ ബ. ഗീവറുഗീസച്ചൻ അവർകൾ ഇങ്ങനെ കത്തോലിക്കരായവരിൽ ഒരാളാകുന്നു. ഇദ്ദേഹം ബഥനിപ്രസ്ഥാനത്തിനു ഒരു കൊല്ലംമുമ്പ കത്തോലിക്കനായി.

"യാക്കോബായസഭയെ കത്തോലിക്കാ സഭയിൽനിന്നു വ്യത്യാസപ്പെടുത്തുന്ന ഉപദേശങ്ങൾ ഏവയെന്ന് മാർ ഈവാനിയൂസ് ഗാഢമായി പര്യാലോചിക്കുവാൻ തുടങ്ങി. മിശിഹായിക്കു ഏകസ്വഭാവമെന്നും റൂഹാദ്കുദ്ശാ പിതാവിൽനിന്നു മാത്രം പുറപ്പെടുന്നു എന്നും യാക്കോബായക്കാർ പറയുന്നുണ്ടെങ്കിലും അങ്ങിനെയുള്ള വിശ്വാസം അക്ഷരത്തിലല്ലാതെ അന്തരത്തിൽ യാക്കോബായ ഗ്രന്ഥങ്ങളിലും വേദവ്യാഖ്യാനങ്ങളിലും കാണപ്പെടുന്നില്ലെന്ന് മാർ ഈവാനിയോസു പഠിച്ചു മനസ്സിലാക്കി. മിശിഹായുടെ മനുഷ്യത്വവും ദൈവത്വവും സ്വീകരിക്കുന്നവരും റൂഹാ പുത്രനിൽനിന്നു എടുക്കുന്നു എന്നു പഠിപ്പിക്കുന്നവരും ആയ യാക്കോബായക്കാർ മിശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്നും റൂഹാ പുത്രനിൽനിന്നും പുറപ്പെടുന്നു എന്നും വിശ്വസിച്ചേ മതിയാവു എന്നു അദ്ദേഹത്തിന്നു ബോദ്ധ്യമായി. മറിച്ചു വല്ലവരും പറയുന്നെങ്കിൽ അതു വാശികൊണ്ടും അനുസരണക്കേടുകൊണ്ടും അജ്ഞതകൊണ്ടും മാത്രമാണെന്നും അദ്ദേഹം ഗ്രഹിച്ചു.

മേൽ പ്രസ്താവിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾ പറഞ്ഞുതീക്കുവാനും "അക്ഷരത്തിലുള്ള" അബദ്ധം പരിഹരിക്കുവാനും വലിയ വിഷമമില്ലെന്നു മാർ ഈവാനിയൂസിനു അറിയാമായിരുന്നു. എന്നാൽ സർവ്വപ്രധാനവും ക്രൈസ്തവമതത്തിന്റെ മൂലക്കല്ലുമായ ഒരു കാര്യം ശരിപ്പെടുത്തുന്നതിലാണു വൈഷമ്യമുണ്ടായിരുന്നതു്. റോമ്മാ മാർപ്പാപ്പായിക്കു പൂർണ്ണമായി കീഴ്പെടുക എന്നതാണ് ആ കാര്യം. സ്ഥലം, കാലം, റീത്തു് ഇത്യാദി വ്യത്യാസങ്ങൾ ഉള്ളവരെങ്കിലും ക്രിസ്ത്യാനികളെല്ലാവരും ഏക വിശ്വാസത്തിൽ ഏക നായകന്റെ കീഴായിരിക്കേണ്ടതാണെന്നും, ഇപ്രകാരമല്ലാതെ ലോകമൊട്ടുക്കും ക്രൈസ്തവസഭയ്ക്കും പൊതുവായും, മലങ്കരസഭയ്ക്കു പ്രത്യേകമായും സമാധാനമുണ്ടാകയില്ലെന്നും ഉള്ള സത്യങ്ങൾ മാർ ഈവാനിയൂസ് പ്രഭൃതികളുടെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ടു. വേദപുസ്തകവും ആദിമ സഭാചരിത്രവും ഈ സത്യങ്ങളുടെ ആവർത്തനങ്ങൾ മാത്രമാണ്. ഏകദൃശ്യനായകനിൽനിന്നുള്ള അകൽച്ചയാൽ നിത്യരക്ഷയുടെ വഴി അടയ്ക്കപ്പെട്ടുപോകുന്നു എന്നു ബഥനിക്കാക്ക് ദൈവം മനസ്സിലാക്കിക്കൊടുത്തു.

ആരാണ് ഈ ദൃശ്യനായകൻ? റോമ്മാ മാർപ്പാപ്പായല്ലാതെ ക്രൈസ്തവ സഭയ്ക്കു വേറെ ദൃശ്യപരമാധികാരി ഇല്ലെന്നും അദ്ദേഹത്താൽ ഭരിക്കപ്പെടുന്ന സഭ മാത്രമാണ് മിശിഹായുടെ ഏക സത്യസഭയെയെന്നും, മററുള്ള സഭകൾ സാക്ഷാൽ സഭകളല്ലെന്നും, അവ രക്ഷയ്ക്കുള്ള വഴികളല്ലെന്നും (insufficient and inefficent to save souls) ഉള്ള സത്യങ്ങളാണ് സഭാചരിത്രത്തിലും പിതാക്കന്മാരുടെ കൃതികളിലും സൂനഹദോസുകളുടെ നിയമങ്ങളിലും തെളിഞ്ഞുകാണപ്പെടുന്ന ചിന്താവിഷയങ്ങൾ. സുറിയാനിസഭകളും മററു പൗരസ്ത്യ സഭകളും ആരംഭം മുതൽ വളരെനാളത്തേക്കു പ്രസ്തുത സത്യങ്ങൾ സ്വീകരിച്ചു പ്രവത്തിച്ചിരുന്നു. എങ്കിലും ഇടക്കാലത്തുണ്ടായ ശീശ്മകളും പാഷണ്ഡതകളും ഹേതുവാൽ അകത്തോലിക്കർ പ്രായോഗികമായി അവ നിഷേധിച്ചിരിക്കുന്നെന്നു ചരിത്രാന്വേഷികൾക്കു നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും. "നിക്യാ കാനോനാ"കളിലും പ്രാത്ഥനപ്പുസ്തകങ്ങളിലും യാക്കോബായ സഭയും റോമ്മായുടെ പരമാധികാരം അംഗികരിക്കുന്നതായി മാർ ഈവാനിയൂസിന്റെ പര്യന്വേഷണബുദ്ധി അദ്ദേഹത്തെ വേണ്ടവണ്ണം ധരിപ്പിച്ചു. "ഗ്രന്ഥത്തിലെ പശു"വായി മാത്രം യാക്കോബായക്കാർ സ്വീകരിച്ചിരുന്ന റോമ്മാമാർപ്പാപ്പായുടെ പരമാധികാരം– റീശുപാത്രിയക്കീസ് സ്ഥാനം റോമ്മാ മാർപ്പാപ്പായോടുള്ള പരിപൂർണ്ണമായ കീഴ്പ്പെടൽമൂലം സാക്ഷാൽ ജീവനുള്ള 'പശു'വായി തീരേണ്ടതാണെന്നും തദ്വാരാ വിശ്വാസ സംബന്ധമായി റോമ്മാസഭയുടെ ഉപദേശത്തോടു യോജിക്കാത്ത ഉപദേശങ്ങൾ "അക്ഷരത്തിലും" അവശ്യമുള്ളേടത്തു് അന്തരത്തിലും ശരിപ്പെടേണ്ടതാണെന്നും ഇങ്ങനെ മലങ്കരയുള്ള ഭിന്നത അവസാനിച്ച് "കൂനൻകുരിശുകൽ" വച്ചു സംഭവിച്ച മുറിവു കരിക്കുവാൻ ഒരു വഴി തുറക്കണമെന്നും ആയിരുന്നു മാർ ഈവാനിയൂസിന്റെ സദുദ്ദേശ്യങ്ങൾ.

മലങ്കരയിലെ ഭിന്നത വാശി നിമിത്തവും മെത്രാനെ കടലിൽ കെട്ടിത്താഴ്ത്തി എന്നുള്ള അടിസ്ഥാനരഹിതമായ ശ്രുതിയെ അടിസ്ഥാനപ്പെട്ടും ഉണ്ടായതാണെന്ന് ചരിത്രപാരായണത്താൽ മാർ ഈവാനിയൂസു ഗ്രഹിച്ചു. ഏകസ്വഭാവവാദം നൂതനോപദേശമാണെന്നും കല്ക്കദോനിയാ സൂനഹദോസ് എല്ലാവരും സ്വീകരിക്കേണ്ടതാണെന്നും യാക്കോബായ സംജ്ഞതന്നെ വിലയും നിലയുമില്ലാത്തതാണെന്നും അദ്ദേഹം പരസ്യമായിതന്നെ പ്രസ്താവിച്ചുതുടങ്ങി. ഈ കഴിഞ്ഞ നൂററാണ്ടുകളിൽ പല വിദേശിയ യാക്കോബായ മെത്രാന്മാർ ഈ തത്വങ്ങൾ സ്വീകരിച്ചു തദനുസരണം പ്രവത്തിച്ചതായി മാർ ഈവാനിയൂസു അറിഞ്ഞിരുന്നു. ഫ്ളോരൻസു സൂനഹദോസിൽവെച്ചാണ് (1442) വിദേശിയ യാക്കോബായക്കാരുടെ പുനരൈക്യശ്രമം ആദ്യമായി വെളിപ്പെട്ടത്. പിന്നീടും സുറിയായിലെ യാക്കോബായക്കാർ പല അവസരങ്ങളിലും പുനരൈക്യത്തിനായി ശ്രമിച്ചു. അതിൻെറ ഫലമായി കഴിഞ്ഞ അഞ്ചു നൂററാണ്ടുകൾക്കിടയിൽ, പലപ്പോഴായി അനേകായിരം യാക്കോബായക്കാർ കത്തോലിക്കാ ഐക്യത്തിൽ പ്രവേശിച്ചിട്ടുണ്ട്. ഈ പുനരൈക്യ പ്രസ്ഥാനങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് പതിനെട്ടാം നൂററാണ്ടിൽ സംഭവിച്ചതാണ്. ഇഗ്നാത്തിയോസു ജിയാർവ് എന്ന യാക്കോബായ പാത്രിയക്കിസും അനേകം യാക്കോബായ മെത്രാന്മാരും പട്ടക്കാരും അനേകായിരം ജനങ്ങളും 1781-ൽ മാപ്പാപ്പായുടെ ഐക്യത്തിൽ പ്രവേശിച്ചു. ഈ ഐക്യം ഇന്നും നില്ക്കുന്നുണ്ട്. വിശ്വാസ സംബന്ധമായ ഉപദേശങ്ങൾ ശരിപ്പെടുത്തിയല്ലാതെ റീത്തും റീത്തുഭാഷയും പാരമ്പര്യ ചട്ടങ്ങളും ഉപേക്ഷിക്കേണ്ടയാവശ്യം അവക്കു നേരിട്ടില്ല. അവർ ഇന്നും ഉപയോഗിക്കുന്ന റീത്തു പഴയ യാക്കോബായ സുറിയാനി റീത്തുതന്നെയാണ്. അതിൽ വിശ്വാസ സംബന്ധമായി വേണ്ട ചുരുക്കം ചില തിരുത്തലുകൾ ചെയ്തിട്ടുണ്ടെന്നുള്ള ഒരു വ്യത്യാസം മാത്രമേയുള്ളു.

ഈ പാശ്ചാത്യ സുറിയാനി റീത്തു മലങ്കരയിൽ കയറിപ്പററിയതു ഇടക്കാലത്തു മാത്രമാണെന്നിരുന്നാലും നിത്യോപയോഗം നിമിത്തം മലങ്കര യാക്കോബായക്കാക്കു ഇതു ഹൃദ്യമായിത്തീന്നു. ഈ റീത്തും റീത്തുഭാഷയും മലങ്കര യാക്കോബായക്കാരുടെ പുനരൈക്യശ്രമത്തിനു പ്രതിബാധകമല്ലെന്നു മാർ ഈവാനിയൂസു അറിഞ്ഞിരുന്നു. അതിനാൽ അതുപേക്ഷിക്കാതെ തന്നെ പുനരൈക്യം സാദ്ധ്യമാകുമെന്നും അതിനായി പരിശ്രമിക്കണമെന്നും അദ്ദേഹം തീർച്ചപ്പെടുത്തി. കാലം ചെയ്ത കാതോലിക്കാ ബാവായുടേയും വട്ടശ്ശേരി മാർ ദിവന്ന്യാസോസ് മെത്രാപ്പോലീത്തയുടെയും ഇപ്പോഴത്തെ കാതോലിക്കാ ബാവായുടേയും അറിവോടും സമ്മതത്തോടുംകൂടി റോമ്മായുമായി അദ്ദേഹം എഴുത്തുകുത്തുകൾ തുടങ്ങി. സംഗതിയെല്ലാം ശരിപ്പെടുമ്പോൾ ബാവാകക്ഷി മെത്രാന്മാരേയും വിവരം അറിയിച്ചുകൊള്ളാമെന്നും അദ്ദേഹം തീരുമാനിച്ചു. ഈ അവസരത്തിലാണ് മാർ തീഓഫിലോസ് മാർ ഈവാനിയൂസിൻെറ സഹമെത്രാനായി അഭിഷേകം സ്വീകരിച്ചത്. പുലിക്കോട്ടു റമ്പാൻ,

ചേപ്പാട്ടു റമ്പാൻ എന്നിവരുടെയും മററു പലരുടെയും സഹകരണം മാർ ഈവാനിയൂസിനുണ്ടായിരുന്നു. കന്യാസ്ത്രീകൾ എല്ലാവരും സന്യാസികളിൽ ഭൂരിപക്ഷവും മാർ ഈവാനിയൂസിൻെറ ആദർശത്തേ മുറുകിപ്പിടിച്ചുകൊണ്ടു അദ്ദേഹത്തിൻെറ സുഖദുഃഖങ്ങളിൽ ഭാഗഭാക്കുകളാകാൻ തീർച്ചപ്പെടുത്തി. കേരളത്തിലെ പല ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന യാക്കോബായ അൽമേനികളേയും ഇടവക അച്ചന്മാരേയും ഈ ആദർശം ഗ്രഹിപ്പിക്കുവാൻ അങ്ങുമിങ്ങും ബഥനിപ്പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിതങ്ങളായി. ഇപ്പോഴിതാ കാര്യം സാധിച്ചിരിക്കുന്നു. മാർ ഈവാനിയൂസ് പ്രഭൃതികൾ റീത്തിനു ഭംഗം വരുത്താതെ റിശ്ശപാത്രിയർക്കീസിൻെറ പരമാധികാരത്തിനു പരിപൂർണ്ണമായി കീഴ്പ്പെട്ടു ഗ്രന്ഥത്തിലെ പശ്ശുവിനു് ജീവൻകൊടുത്തു വിശ്വാസവിഷയത്തിൽ വേണ്ട മാററങ്ങൾ വരുത്തി ഏകവും വിശുദ്ധവും ശ്ലൈഹികവും ആയ കത്തോലിക്കാ സഭാമാതാവിൻെറ മക്കളായി തീർന്നിരിക്കുന്നു. സമാധാനത്തിൻെറ മക്കൾക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യസമാധാനത്തിനു അവർ തങ്ങളെത്തന്നെ ഇതാ യോഗ്യരാക്കിയിരിക്കുന്നു. പുനരൈക്യത്തിനുള്ള ഏററം സുകരമായ വഴി ഇതാ തുറന്നിരിക്കുന്നു. അകത്തോലിക്കർ സത്യമാഗ്രഹിച്ചുകൊണ്ട് നിർമ്മത്സരബുദ്ധിയോടെ സത്യാന്വേഷണം നടത്തുകയാണെങ്കിൽ ദൈവകൃപയാൽ മാർ ഈവാനിയൂസു പ്രഭൃതികളെപ്പോലെ അവർ കത്തോലിക്കാ സഭയിൽ പ്രവേശിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

പറങ്കികളോടുണ്ടായ ദ്വേഷം നിമിത്തം 1653-ൽ ക്രൂനൻകുരിശിങ്കൽവച്ചു നടന്ന ആ അനിഷ്ട സംഭവത്തിൻെറ ഫലമായി മലങ്കരെ ഇറക്കുമതിചെയ്യപ്പെട്ട പരദേശച്ചരക്കുകളാണ് യാക്കോബായവിശ്വാസവും യാക്കോബായപാത്രിയർക്കീസിൻെറ ആത്മിയാധികാരവും ലൌകികാധികാരമുണ്ടെങ്കിൽ അതും. സ്വദേശ്യരോടുണ്ടായ ബന്ധത്താൽ മെനേസീസു മെത്രാപ്പോലീത്താ കൈവച്ചതെങ്കിലും പുരാതനമായുണ്ടായിരുന്ന ആ കൽദായറീത്തു തിരസ്കരിക്കപ്പെടുകയും തൽസ്ഥാനത്തു വേറൊരു റീത്തു പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഈ റീത്തിന് അതിൻെറ ജന്മസ്ഥലത്ത് ശ്ലൈഹിക പുരാതനത്വജന്യമായ ആഭിജാത്യമുള്ളതിനാൽ, ഇടക്കാലത്തു അതിൽ കടന്നുകൂടിയിട്ടുള്ള അബദ്ധങ്ങൾ മാററിയ ശേഷം മലങ്കരെ അതുപയോഗിക്കുന്നതിൽ യാതൊരു അഭിമാനക്കുറവുമില്ല. മാർ ഈവാനിയൂസ് പ്രഭൃതികൾക്കു അതിനുള്ള അനുവാദം റോമ്മായിൽ നിന്നു ലഭിച്ചിട്ടുണ്ട്.

ഈ റീത്താകട്ടെ, പലരും തെററിദ്ധരിച്ചിരിക്കുന്നതായിക്കാണുന്നതുപോലെ, 'മാറോനീത്താ റീത്തു' അല്ല. പിന്നയോ, അന്തിയോക്യായിലെ "ശുദ്ധ സുറിയാനി റീത്ത്" ("Pure Syriau" rite) എന്നറിയപ്പെടുന്നതാണ്. മേല്പറഞ്ഞ റീത്തുകൾ രണ്ടും വ്യത്യാസപ്പെട്ടവയാണ്. രണ്ടിനും വ്യത്യാസപ്പെട്ട പ്രത്യേക പാത്രിയർക്കീസന്മാരും ഉണ്ടായിരിക്കുന്നു.

മലങ്കരയെ സംബന്ധിച്ചെടത്തോളം യാക്കോബായ സഭയുടെ പുത്തൻമണം ഇന്നും നിങ്ങിയിട്ടില്ല. മാർ ഈവാനിയ്യൂസ് ഇപ്പോൾ, ഇതാ 'പഴയ'തിലേക്ക തിരിച്ചുവന്നിരിക്കുന്നു. കൂനൻകുരിശു സത്യത്തിൻെറ ശേഷം പുത്തൻകൂററു പഴയകൂററു സംയോജനക്കായി നടന്നിട്ടുള്ള ശ്രമങ്ങളിൽ മാർ ഈവാനിയ്യൂസിൻെറ ശ്രമത്തിനാണ് എല്ലാംകൊണ്ടും കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടത്. 1704, 1748, 1778 എന്ന കൊല്ലങ്ങളിൽ മലങ്കരെ ഭരണം നടത്തിയിരുന്ന നാലും അഞ്ചും ആറും മാർ തോമ്മാമാർ ഇങ്ങനെ ഒരു ഐക്യത്തിനു ശ്രമിക്കുകയുണ്ടായി. ആറാം മാർ തോമ്മാ അഥവാ ഒന്നാം മാർ ദിവന്നാസിയ്യൂസ്, കരിയാററിൽ മാർ യൌസേപ്പു മെത്രാപ്പോലീത്താ വഴിക്ക നടത്തിയ പുനരൈക്യശ്രമം ഏററം സ്തുത്യർഹമാണെങ്കിലും അന്നു "പുത്തനും" "പഴയതും" തമ്മിലുണ്ടായിരുന്ന സ്നേഹബന്ധം നിമിത്തം ബഥനി പ്രസ്ഥാനത്തേക്കാൾ മാററു കുറഞ്ഞതായിട്ടാണ് അതു് ഇന്നു നമ്മുടെ ദൃഷ്ടിയിൽ കാണപ്പെടുന്നതു്. മാത്തുത്തരകൻെറ ശ്രമഫലമായി ആറുമാസക്കാലത്തോളം ഒന്നാം മാർ ദിവന്നാസിയ്യൂസും ജനങ്ങളും 'പഴയ'തിൽ കൂടി നടന്നെങ്കിലും ചില അനിഷ്ടസംഭവങ്ങൾ നിമിത്തം ആ ഐക്യം നിലനില്ക്കാതെ പോയതു് മലങ്കരയുടെ നിർഭാഗ്യമെന്നല്ലാതെ എന്തു പറയട്ടെ.

പുനരൈക്യത്തിനുള്ള അഭിവാഞ്ഛ നിമിത്തം പുലിക്കോട്ടു മാർ ദിവന്നാസിയ്യൂസ് ഊട്ടക്കമണ്ടിൽ പോയി മാർപ്പാപ്പായുടെ പ്രതിനിധിയെ കണ്ടു രഹസ്യമായി കാര്യം ബോധിപ്പിക്കുകയുണ്ടായിട്ടുണ്ട്. മലയാള മനോരമ സ്ഥാപനംതന്നെ അന്നു നടന്ന പുനരൈക്യശ്രമത്തിൻെറ പ്രത്യക്ഷലക്ഷ്യമായി എന്നും പരിലസിക്കുന്നതാണ്. സ്ഥലത്തിൻെറ വലിയ ഭാഗം വില കത്തോലിക്കാ സുറിയാനിക്കാരാണ് കൊടുത്തു തീർത്തതു്. ഇരുകൂട്ടക്കും പൊതുവായ ഒരു കോളജു അവിടെ സ്ഥാപിച്ചു അതുവഴി പുനരൈക്യം കൈവരുത്തണമെന്നുണ്ടായിരുന്ന ആലോചനകൾ നിഷ്ഫലങ്ങളാകയാൽ സ്ഥലം യാക്കോബായ കൈവശത്തിലായി തീൎന്നു.

ഇങ്ങനെ ഇതിനു മുമ്പുണ്ടായിട്ടുള്ള ഇച്ഛാഭംഗങ്ങളെ എല്ലാം പരിഹരിക്കത്തക്ക ഒരു സംഭവമാണ് ബഥനി പ്രസ്ഥാനത്താൽ മലങ്കര സഭാചരിത്രത്തിൽ തുറക്കപ്പെട്ടിരിക്കുന്ന പുതിയ അദ്ധ്യായം. കത്തോലിക്കരാകുന്നതിനു ബഥനിക്കാരെ പ്രേരിപ്പിച്ചതു് ദ്രവ്യാശയോ സ്ഥാനമാന ലാഭത്തിലുള്ള അഭിവാഞ്ഛയോ അല്ല. പ്രസ്തുത സത്യാഗ്രഹം ഒന്നു മാത്രമാണ്. ആശ്രമം വകയായുണ്ടായിരുന്ന വസ്തുക്കളെല്ലാം ഇട്ടെറിഞ്ഞുകൊണ്ടു ഏകദേശം ഒരു മാസം മുമ്പ് വെണ്ണിക്കുളത്തു് ഒരു വീടു വാടകക്കെടുത്തു് അതിൽ ദാരിദ്ര്യക്ലേശമനുഭവിച്ചുകൊണ്ടു താമസിക്കുവാൻ ബഥനിക്കാരെ പ്രേരിപ്പിച്ചതു ദ്രവ്യാഗ്രഹമാണോ? സ്വകാര്യ വസ്തുവെന്ന നിലയിൽ മി. ഇ. ജെ. ജോൺ വക്കീലിൽ നിന്നു ദാനമായി ലഭിച്ച ഒരു നൂറു ഏക്കർ സ്ഥലത്തിൻെറ ആധാരം I must go out naked (എനിക്കു നഗ്നനായി ഇറങ്ങിപ്പോകണം) എന്നു പറഞ്ഞുകൊണ്ടു് തിരിച്ചു കൊടുക്കുവാൻ

മാർ ഈവാനിയൂസിനു മനഃകരുത്തുണ്ടായത് എന്തുകൊണ്ടായിരിക്കും? അശ്രുധാര ഒഴുക്കിക്കൊണ്ട് മാർ ദിവന്നാസിയൂസുമായുണ്ടായ 'യാത്രപറച്ചിൽ' മാർ ഈവാനിയൂസിൻെറ മനസ്സിനെ എത്രമാത്രം ഇളക്കിയിട്ടുണ്ടായിരിക്കണം. ഇപ്രകാരമുള്ള നിരവധി അവസരങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള സ്ഥൈര്യവും ധൈര്യവും സത്യാഗ്രഹംകൊണ്ടല്ലാതെ വേറൊന്നുകൊണ്ടും ആകുവാൻ തരമില്ല. മാർ ഈവാനിയൂസിനെ അടുത്തു പരിചയം ഉള്ളവർക്ക് ഇതെല്ലാം നല്ലപോലെ അറിയാം. പലരും അദ്ദേഹത്തെ വഞ്ചകനെന്നും ചതിയനെന്നും ഇപ്പോൾ വിളിക്കുന്നുണ്ട്. എന്നാൽ വ്യക്തിപരമായ ദ്വേഷമല്ല പ്രത്യുത സമുദായത്തിൻെറ അഭിമാനസ്തംഭം നഷ്ടപ്പെടുന്നല്ലോ എന്നുള്ള അർത്ഥശൂന്യമായ മനോവേദനയാണ് പ്രസ്തുത സാഹസ പ്രവൃത്തിക്കു അവരെ ഉദ്യമിപ്പിക്കുന്നത് എന്ന് എല്ലാവർക്കും മനസ്സിലായിട്ടുണ്ട്. ദൈവത്തിൻെറ ഇഷ്ടം മുൻനിറുത്തിക്കൊണ്ടുള്ള മാർ ഈവാനിയൂസിൻെറ ധീരപ്രവൃത്തി ഒന്നുകൊണ്ടു മാത്രമേ സമുദായത്തിൽ സമാധാനം കൈവരുത്തുവാൻ സാധിക്കുകയുള്ളൂ എന്ന് എല്ലാവരും അറിഞ്ഞു പ്രവർത്തിക്കണമെന്നേ സഹൃദയന്മാർക്കപേക്ഷയുള്ളൂ.

Excerptum ex Keraleea Catholica Vidiyarthi,
Oct. 1930.

മാർ ഈവാനിയൂസിൻെറ പ്രസ്ഥാനം ഫലം പുറപ്പെടുവിച്ചുകൊണ്ടു മുന്നോട്ടു പോകുന്നതിന് ദയാനിധിയും സമാധാനദാതാവുമായ സർവ്വശക്തൻ ഇടവരുത്തട്ടെ.

ശുഭം.

Printed and Published for the Proprietor by P. K. Joseph
at the St. Joseph's Press, Mannanam. 1931.

*REIMPRIMATUR.*

† JAMES KALACHERRY,

Ep. Changanacherry.

*25th July, 1930.*

0.54
09